



സമഗ്ര വികസനരേഖ '96

കല്ലിയൂർ ഗ്രാമ പഞ്ചായത്ത്

കല്ലിയൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്

നമ്പർ. 1243 (സ്ഥാപിതം 1926)

കല്ലിയൂർ പി. ഒ. തിരുവനന്തപുരം - 42 ഫോൺ 400259.



ഈ ബാങ്കിന്റെ പ്രത്യേകതകൾ:

കോടികളുടെ ആസ്തിയുള്ള ഈ ബാങ്കിലെ നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ; സർക്കാർ ഗാരന്റി. 61 മാസംകൊണ്ട് നിക്ഷേപം ഇരട്ടിക്കുന്നു.

കുറഞ്ഞ പലിശനിരക്കിൽ സ്വർണ്ണപണയം ഉൾപ്പെടെ വിവിധ ഇനം വായ്പകൾ.

വിവിധ സ്കീമുകളിൽ പ്രതിമാസ ലേലച്ചിട്ടികൾ. വാഹനങ്ങൾക്കും ഗൃഹോപകരണങ്ങൾക്കും ഹയർ പർച്ചെയ്സ് വായ്പ.

സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം.

കർഷകർക്ക് വളങ്ങളും കീടനാശിനികളും ലഭ്യമാക്കുന്നു.

1989, 1990, 1994 വർഷങ്ങളിൽ മാതൃകാപരമായ പ്രവർത്തനത്തിന് ഗവൺമെന്റിൽ നിന്നും അവാർഡ് ലഭിച്ച ജില്ലയിലെ പ്രമുഖ സഹകരണ ബാങ്ക്. നിങ്ങളുടെ ബാങ്കിംഗ് ഇടപാടുകൾക്ക് ഞങ്ങളെ സമീപിക്കുക.

എ. പ്രസന്നകുമാരൻ നായർ (പ്രസിഡന്റ്) സി. വിദ്യാധരൻ (സെക്രട്ടറി)

ഡയറക്ടർബോർഡ്

കെ. ബാലകൃഷ്ണൻനായർ
എം.സി. ബാലകൃഷ്ണൻനായർ
സി. ചെല്ലപ്പൻ
പി. കൃഷ്ണൻകുട്ടിപണിക്കർ
എൻ. പ്രഭാകരൻ
എൻ. രവീന്ദ്രപണിക്കർ
റ്റി. രാധമ്മ
ഇ. വർഗ്ഗീസ്

4 - 7

സമഗ്ര വികസനരേഖ '96

കല്ലിയൂർ ഗ്രാമ പഞ്ചായത്ത്



ഏല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിൽ ഉണ്ട്.
എന്നാൽ ആരുടെയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും. !

മഹാത്മാഗാന്ധി

ജനകീയ മുന്നേറ്റം
ഒൻപതാം പദ്ധതി
ജനകീയപദ്ധതി

സമഗ്ര വികസനരേഖ '96

കല്ലിയൂർ ഗ്രാമ പഞ്ചായത്ത്


ചെയർ പേഴ്സൺ
B.L. ഹേമ
കൺവീനർ
K. ബാലകൃഷ്ണൻ നായർ
ചീഫ് എഡിറ്റർ
R. ഗോപാലകൃഷ്ണൻ

എഡിറ്റോറിയൽ ബോർഡ്
N. സുഗതൻ
Dr. ജയകുമാർ (DRP)
പ്രദീപ് കുമാർ (DRP)
കൃഷ്ണൻകുട്ടി നായർ (DRP)
K. ചെല്ലയ്യൻ (DRP)
C.K. സുരേഷ്കുമാർ (DRP)
K.K. രാജശേഖരൻ (DRP)
K. മോഹനൻ
വിജു. S.
R. സത്യശീലൻ
തുളസീധരൻ
ഗോപിനാഥൻ നായർ
വിവേകാനന്ദൻ
രവീന്ദ്രപണിക്കർ
അനിചന്ദ്രൻ
ജിനീഷ്
S. വേണുഗോപാൽ

ടൈപ്പ് സെറ്റിംഗ്
ടോപ്ലൈൻ & അക്ഷര
പ്രിന്റിംഗ്
അക്ഷരപൂജ, പള്ളിച്ചൽ
കവർ ഡിസൈനിംഗ് & ലേ ഔട്ട്
കല്ലിയൂർ ബിനുലാൽ

വിഷയവിവരം


1. മുഖക്കുറിപ്പ്
2. പഞ്ചായത്ത് പൊതുവിവരണം (ഭരണചരിത്രം)
3. സാമൂഹിക സാംസ്കാരിക ചരിത്രം (കല്ലിയൂർ ഗ്രാമപഞ്ചായത്ത്) ഇന്നലെ, ഇന്ന്
4. ഭൂപ്രകൃതിയും വിഭവങ്ങളും (വാർഡ് തലത്തിൽ)
5. കൃഷിയും, ജലസേചനവും
6. മൃഗസംരക്ഷണവും, മത്സ്യബന്ധനവും
7. വിദ്യാഭ്യാസം
8. കുടിവെള്ളവും പൊതുജനാരോഗ്യവും
9. വ്യവസായം
10. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
11. പാർപ്പിടവും, സാമൂഹ്യക്ഷേമവും
12. സംസ്കാരം
13. വനിത
14. സഹകരണ മേഖല
15. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
16. വിഭവസമാഹരണം
17. ടൂറിസം
18. വനവൽക്കരണം
19. ഉപസംഹാരം



സി.എ. ജയന്തി
വൈസ് പ്രസിഡന്റ്




ബി.എൽ. ഹേമ
പ്രസിഡന്റ്




റ്റി. ബിനു
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)




ബേബി തങ്കം



ആർ.കെ. പങ്കജാക്ഷൻ




ആർ. മാധവൻ നാടാർ



ആർ. ജയചന്ദ്രൻ



ഗീതാകുമാരി



എൻ. പ്രഭാകരൻ



ആർ. പത്മിനി




പി. ചന്ദ്രമതി അമ്മ

മുൻ പ്രസിഡന്റുമാർ




ശ്രീ ഭാസ്കരപിള്ള



ശ്രീ ആർ. കുട്ടൻ നാടാർ




ശ്രീ കെ. ശശിധരൻ



ശ്രീ കെ. ശ്രീധരൻ



ശ്രീമതി എസ്. ബിന്ദു
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ.



ശ്രീ കെ. ശ്രീധരൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



അനുസ്മരണം

എസ്. തങ്കൻ

കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ 10-ാം വാർഡ് മെമ്പറായിരിക്കെ പെട്ടന്നുണ്ടായ അസുഖത്താൽ ദിവംഗതനായ ശ്രീ എസ്. തങ്കനെ അനുസ്മരിക്കുന്നു.

മുഖക്കുറിപ്പ്

ഇതുവരെ നടന്ന എട്ട് പഞ്ചവത്സരപദ്ധതികളുടെയും ആസൂത്രണം 'ദേശീയ ആസൂതണ പ്രക്രിയയിലൂടെയായിരുന്നു. അതായതു ഗ്രാമങ്ങളുടെ ചൂരും ചൂടുമറിയാത്തവർ എവിടെയോയിരുന്ന്. പദ്ധതികൾ ആസൂത്രണം ചെയ്ത് താഴേക്കിറക്കിക്കൊണ്ടുവരുന്ന രീതി. പദ്ധതികളങ്ങനെ ആസൂത്രണം ചെയ്തു താഴേക്കിറക്കിറക്കിക്കൊണ്ടു വരുന്നതിനിടയിൽത്തന്നെ വിഹിതം മുക്കാലും 'ചോർന്നുപോയിരിക്കും. ഇതിൽ നിന്നും വ്യത്യസ്തമായി ആസൂത്രണത്തിന് ഒരു പുതിയ മുഖം നല്കുകയാണ് ''അധികാരം ജനങ്ങളിലേക്ക്'' എന്ന പരമലക്ഷ്യത്തോടെ നടപ്പാക്കുന്ന 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി'' എന്ന പരിപാടിയിലൂടെ കേരള സർക്കാർ ഈ ജനകീയ പദ്ധതിയിൽ തങ്ങളുടെ പ്രാധാന്യം എന്തു വികസനമാണ് ആവശ്യമായിഎന്ന്. അവിടെയുള്ള ബഹുജനങ്ങൾ കൂടി; ചർച്ച ചെയ്തു തീരുമാനിക്കുക എന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. അതുപോലെത്തന്നെ പദ്ധതി വിഹിതത്തിന്റെ 35-40% വരെ ചിലവിടുന്നതിന് പഞ്ചായത്തു സമിതികൾക്ക് അധികാരം നല്കയും ചെയ്യുന്നു.

വികസന സെമിനാറിൽ ചർച്ചചെയ്യുന്നതിനു വേണ്ടി ഈ റിപ്പോർട്ട് അവതരിപ്പിക്കുമ്പോൾ, 9-ാം പദ്ധതിയുടെ ജനകീയാസൂത്രണ പ്രക്രിയയുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ നാളിതുവരെ നടന്ന പ്രവർത്തനങ്ങളുടെ ഒരു ലഘുവിവരണം ഉചിതമായിരിക്കുമല്ലോ.

കോവളം യൂത്ത് ക്ലബിൽ വച്ച് ബ്ലോക്ക്തലത്തിൽ നടത്തിയ ഒന്നാം ഘട്ടപരിശീലന ക്യാമ്പിൽ ഈ പഞ്ചായത്തിൽ നിന്നും പ്രതിനിധികളായി 8 പേർ പങ്കെടുത്തു. തുടർന്ന് പുന്നമൂട് ഹൈസ്കൂളിൽ വച്ച് പഞ്ചായത്തുതല പരിശീലനക്യാമ്പ് സംഘടിപ്പിച്ചു. ഈ ക്യാമ്പിൽ വിശേഷാൽ ഗ്രാമസഭ വി

വാർഡു നമ്പർ	ഗ്രാമസഭ കൂടിയ തീയതി	പങ്കെടുത്തവർ ആകെ	അതിൽ ആൺ	അതിൽ സ്ത്രീകൾ	കൂടിയ സ്ഥലം
1	2-10-96	117	54	63	പാലപ്പൂരു ഗ്രന്ഥശാല
11	29-9-96	195	127	68	LPS പൂങ്കുളം
111	29-9-96	90	75	15	SALPS കാക്കാമൂല
IV	22-9-96	68	58	10	NSS കരയോഗം
V	29-9-96	252	196	56	SNDP ഹാൾ
VI	2-10-96	224	154	70	HS പുന്നമൂട്
VII	22-9-96	214	159	55	H.S. പുന്നമൂട്
VIII	29-9-96	203	141	62	HS പുന്നമൂട്
IX	29-9-96	149	89	60	വടകരയോഗം
X	2-10-96	147	120	27	NSSകരയോഗം
XI	2-10-96	93	83	10	SNDP ഹാൾ
XII	2-10-96	124	62	62	മാർഗ്രിഗോറിയോസ് സ്കൂൾ

ളച്ചു കൂട്ടതനുള്ള രൂപരേഖയും തീരുമാനിച്ചു.

പഞ്ചായത്തു മേഖലയിലെ വിവിധ ഓഫീസുകളിലെ ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം 30.10.96 ന് വിളിച്ചുകൂട്ടി. ദ്വിതീയ വിവരശേഖരണത്തിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫോമുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചു. രണ്ടാംഘട്ട ഏര്യാതല പരിശീലനക്യാമ്പ് '96 നവംബർ 11,12,13 തീയതികളിലായി പാപ്പനംകോട് ദർശന ആഡിറ്റോറിയത്തിൽ നടന്നു. കല്ലിയൂർ പഞ്ചായത്തിൽ നിന്നും പത്തുപേർ പങ്കെടുത്തു. രണ്ടാംഘട്ട പഞ്ചായത്തുതല പരിശീലനക്യാമ്പ് 18.11.96 ന് പുന്നമൂട് ഗവ:ഹൈസ്കൂളിൽ നടന്നു. 122 പേർ പങ്കെടുത്തു. ക്യാമ്പിന്റെ അവസാനഭാഗമായി, വികസന സെമിനാർ നടത്തുന്നതുവരെയുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു. വിവിധ വിഷയങ്ങളെ ആധാരമാക്കി ഗ്രാമസഭകളിൽ നിന്നും വന്ന റിപ്പോർട്ടുകളെ 16.11.1996 ന് കല്ലിയൂർ ക്ഷീരോല്പാദക സഹകരണ സംഘം ഹാളിൽ ഒത്തുകൂടിയ ബന്ധപ്പെട്ടവരുടെ യോഗം വീഷയക്രമത്തൽ ക്രോഡീകരിച്ചു.

26.11.1996 ന് പഞ്ചായത്തിനുള്ളിലെ ഓഫീസുകളിലെ ബന്ധപ്പെട്ട ജീവനക്കാരെ വിളിച്ചു കൂട്ടി 8-ാം പദ്ധതിക്കാലത്തു പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ സ്കീമുകളുടെ അവലോകനം നടത്തി. ഭാവിയൽ നടത്താൻ കഴിയുന്ന കാര്യങ്ങളെ സംബന്ധിച്ച വിലയേറിയ ചില നിർദ്ദേശങ്ങൾ പ്രസ്തുത യോഗത്തിലുണ്ടായി.

ദ്വിതീയ വിവരശേഖരത്തിനും അതിന്റെ അവലോകനത്തിനും, ശേഖരിക്കുന്ന വിവരങ്ങളെ ആധാരമാക്കി ചാർട്ടുകളും കുറിപ്പുകളും തയ്യാറാക്കുന്നതിനും ഒരു ഗ്രൂപ്പിനെ 2-ാം ഘട്ട പരിശീലനം നടത്തിയ ക്യാമ്പിൽ വച്ചുതന്നെ നിശ്ചയിച്ചിരുന്നു. വിവിധ വിഷയങ്ങളുടെ അവലോകനത്തിനു പൊതുവേ കഴിയും എന്നു ധാരയുണ്ടായിരുന്ന വരെ ലഭ്യതക്കും സാദ്ധ്യതക്കും അനുസരിച്ച് ഈ ഗ്രൂപ്പിൽ ഉടലെടുത്തിരുന്നു. ഓഫീസുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്ന പണി വളരെ വിഷമം പിടിച്ച ഒന്നായിരുന്നു.

ഭൂപ്രകൃതി പഠന പര്യടനത്തിന് 25 പേർ പങ്കെടുത്ത ഒരു ടീം രണ്ടു ദിവസമായി പര്യടനം പൂർത്തിയാക്കി. 20.11.96 ന് I,II,III,IV,V,VI എന്നീ വാർഡുകളിലും 22.11.96 ന് ബാക്കിയുള്ള വാർഡുകളിലും പര്യടനം നടത്തി. രാവിലെ മുതൽ വൈകുംവരെയായിരുന്നു യാത്ര. ചാർട്ടുകളും കുറിപ്പുകളും തയ്യാറാക്കി തയ്യാറാക്കിക്കൊണ്ടുള്ള പഠനപര്യടനം വളരെയേറെ രസകരവും വിജ്ഞാന പ്രദവുമായിരുന്നു. പര്യടനത്തിനു ശേഷം കുറിപ്പുകളും ചാർട്ടുകളും ക്രോഡീകരിച്ചു. അത് പഠനപര്യടനത്തിലുണ്ടായിരുന്നവരിൽ നിന്നും നിശ്ചയിക്കപ്പെട്ട ഒരു സബ് ഗ്രൂപ്പാണ് നിർവ്വഹിച്ചത്.

പ്രാദേശിക ചരിത്ര പഠനത്തിനായി രൂപീകരിക്കപ്പെട്ട ഗ്രൂപ്പ് പ്രധാനമായും കാരണവന്മാരുമായിട്ടുള്ള ചർച്ചകളിലൂടെയും ക്ഷേത്രങ്ങളും സ്കൂളുകളും വായനശാലകളുമായ ബന്ധപ്പെട്ടു കിട്ടിയ ചല രേഖകളുടെ പഠനങ്ങളിലൂടെയുമാണ് തങ്ങളുടെ ദൗത്യം നിർവ്വഹിച്ചത്. പരിമിതമായ സമയത്തിനുള്ളിൽ പരിമിതമായ സൗകര്യങ്ങളുപയോഗിച്ചു നടത്തിയ പഠനങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ ഒരു ലഘുചിത്രം മാത്രമേ അനാവരണം ചെയ്യുന്നുള്ളൂ. അറിഞ്ഞതു കുറവാണെങ്കിലും അറിയാനേറെക്കിടക്കുന്നു എന്ന ബോധം ഒന്നിപ്പിച്ചു എന്നതാണു പ്രധാന കാര്യം.

റിപ്പോർട്ടു തയ്യാറാക്കലായിരുന്നു അടുത്ത ഘട്ടം. ഓരോ വിഷയങ്ങളെക്കുറിച്ചും എഴുതാൻ നിയോഗക്കപ്പെട്ടവരുമായി R.P. മാർ സംസാരിച്ചു. അങ്ങനെ എഴുതിയുണ്ടാക്കിയ കരടുരൂപങ്ങൾ പിന്നെ തിരുത്തിയും കുറവുകൾ കഴിയുന്നത്ര പരിഹരിച്ചുമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള രൂപത്തലെത്തിച്ചത്. 94 നവംബർ 10 ന് നടക്കുന്ന വികസന സെമിനാർ വിജയിപ്പിക്കുന്നതിനുള്ള, ബന്ധപ്പെട്ട സ്വാഗത സംഘത്തിന്റെ പ്രവർത്തനങ്ങളും തകൃതിയായി നടക്കുന്നുണ്ട് എന്നുകൂടിപ്പറഞ്ഞുകൊണ്ട് ഈ ആമുഖക്കുറിപ്പ് അവസാനിപ്പിച്ചുകൊള്ളുന്നു.

2

പഞ്ചായത്ത് പൊതുവിവരണം (ഭരണചരിത്രം)



കല്ലിയൂർ പഞ്ചായത്ത് പൊതുവിവരങ്ങൾ

ഭരണചരിത്രം

പഞ്ചായത്തിന്റെ പേര്	:	കല്ലിയൂർ ഗ്രാമപഞ്ചായത്ത്
ഗ്രേഡ്	:	സ്പെഷ്യൽ ഗ്രേഡ്
ഉൾപ്പെടുന്ന വില്ലേജ്	:	കല്ലിയൂർ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത്	:	നേമം
താലൂക്ക്	:	തിരുവനന്തപുരം
ജില്ല	:	തിരുവനന്തപുരം
അസംബ്ളി മണ്ഡലം	:	കോവളം
വിസ്തീർണ്ണം	:	1728 ഹെക്ടർ
ജനസംഖ്യ	:	31579 (1991 ലെ സെൻസസ്)
വാർഡുകളുടെ എണ്ണം	:	12
ഇപ്പോഴത്തെ പ്രസിഡൻറ്	:	B.L ഹേമ
വൈ: പ്രസിഡൻറ്	:	C A. ജയന്തി
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ	:	ബിനു . റ്റി
വിലാസം	:	കല്ലിയൂർ പഞ്ചായത്താഫീസ്, കല്ലിയൂർ ഏ.« (വഴി) നേമം, തിരുവനന്തപുരം 695020

അതിരുകൾ

വടക്ക്	-	നേമം, പള്ളിച്ചൽ പഞ്ചായത്തുകൾ
കിഴക്ക്	-	പള്ളിച്ചൽ, വെങ്ങാനൂർ പഞ്ചായത്തുകൾ
തെക്ക്	-	തിരുവല്ലം, വെങ്ങാനൂർ പഞ്ചായത്തുകൾ
പടിഞ്ഞാറ്	-	തിരുവല്ലം പഞ്ചായത്ത്

1960 ൽ നേമം പഞ്ചായത്തിന്റെ 6 വാർഡുകൾ വേർതിരിച്ചാണ് കല്ലിയൂർ പഞ്ചായത്തിനു രൂപം നല്കിയത്. എന്നാലും 1964 വരെ കല്ലിയൂർ പഞ്ചായത്തിന്റെ ഭരണവും നേമം പഞ്ചായത്തു ഭരണസമിതി തന്നെ നടത്തി. 1964 മുതൽ പ്രത്യേക ഭരണസമിതി കല്ലിയൂർ പഞ്ചായത്തിന്റെ ഭരണം നടത്തിത്തുടങ്ങി. ഈ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡൻറ് പരേതനായ ശ്രീ. ജി. ഭാസ്കരൻ നായരായിരുന്നു. തുടർന്ന് 22.6.1967 മുതൽ 14.8.79 വരെ ശ്രീ ആർ. കുട്ടൻ നാടാർ പ്രസിഡൻറായുള്ള കമ്മറ്റിയും അതിനുശേഷം 1987 വരെ ശ്രീ കെ. ശശിധരൻ പ്രസിഡൻറായുള്ള കമ്മറ്റിയും ഭരണം നടത്തി. 8.2.88 മുതൽ 95 വരെ ശ്രീ കെ. ശ്രീധരൻ പ്രസിഡൻറായുള്ള കമ്മറ്റിയായിരുന്നു ഭരണം നടത്തിയത്. ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീമതി ബി. എൽ. ഹേമയാണ് ഈ പഞ്ചായത്തു രൂപീകരിച്ച ശേഷം അധികാരത്തിൽ വരുന്ന ആദ്യത്തെ വനിതാ പ്രസിഡൻറ്.

ഇപ്പോഴത്തെ ഭരണസമിതി

വാർഡ്	- പേര്
I	- ശ്രീമതി ബേബി തങ്കം
II	- ആർ.കെ. പങ്കജാക്ഷൻ
III	- ആർ. മാധവൻ നാടാർ
IV	- സി. എ. ജയന്തി (വൈസ്പ്രസിഡൻറ്)
V	- ബിനു റ്റി. (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
VI	- ആർ. ജയചന്ദ്രൻ
VII	- എസ്. ആർ. ഗീതാകുമാരിഞ
VIII	- ബി. എൽ. ഹേമ (പ്രസിഡൻറ്)
IX	- എൻ. പ്രഭാകരൻ
X	- ശ്രീ. എസ്. തങ്കൻ (മെമ്പറായിരിക്കേമരണപ്പെട്ടു പോയി)
XI	- ആർ. പത്മിനി
XI	- പി. ചന്ദ്രമതി അമ്മ

ഈ പഞ്ചായത്ത് ആദ്യമായി രൂപംകാള്ളുമ്പോൾ 6 വാർഡുകളാണുണ്ടായിരുന്നത്. പിന്നീട് 10 ആയും 11 ആയും ഇപ്പോൾ 12 ആയും ഉയർന്നിരിക്കുന്നു.

സ്വന്തമായ കെട്ടിടമില്ലാതിരുന്നതു കാരണം ഇപ്പോൾ കല്ലിയൂർ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തു മുമ്പുണ്ടായിരുന്ന കല്ലിയൂർ സാംസ്കാരിക കേന്ദ്രത്തിന്റെ പഴയ കെട്ടിടത്തിലാണ് പഞ്ചായത്താഫീസ് ആദ്യം പ്രവർത്തിച്ചത്. തുടർന്നു കുറേക്കാലം കല്ലിയൂർ ജംഗ്ഷനിലുള്ള 'ക്രിസ്ത്യൻ കോട്ടേജിലും പ്രവർത്തിച്ചു.

കല്ലിയൂർ ക്ഷീര വ്യവസായ സഹകരണസംഘം സംഭാവന ചെയ്ത സ്ഥലത്ത് സ്വന്തമായ നിർമ്മിച്ച നിരത്തിൽ 25.4.1970 മുതലും പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്തിലെ 9-ാം വാർഡ് മെമ്പർ ശ്രീ എൻ. പ്രഭാകരൻ കഴിഞ്ഞ മുപ്പത് വർഷമായി സ്ഥിരമായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ്.

ഈ പഞ്ചായത്തു രൂപീകൃതമായ ശേഷം വാർഡുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും അതിന്റെ അതിരുകളിൽ മാറ്റമൊന്നും ഉണ്ടായിട്ടില്ല.

ഈ പഞ്ചായത്തു മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ സ്ഥാപനങ്ങൾ

1. വെള്ളായണി കാർഷിക കോളേജ്
2. കല്ലിയൂർ വില്ലേജാഫീസ്
3. കൃഷിഭവൻ
4. മൃഗാശുപത്രി
5. 2 P.H. സെൻററുകൾ
6. 9 സ്കൂളുകൾ
7. ~~L.V.O~~ VEO - ഓഫീസ്
8. L.V.E.O- - ഓഫീസ്
9. MI Office പള്ളിച്ചൽ
10. 4 പോസ്റ്റ് ഓഫീസുകൾ
11. KSEB സബ് ഇഞ്ചിനീയർ ഓഫീസ്
12. ചാനൽ ഇറിഗേഷൻ AE- Offiice

3 സാമൂഹിക സാംസ്കാരിക ചരിത്രം

(കല്ലിയൂർ ഗ്രാമപഞ്ചായത്ത്)

ഇന്നലെ, ഇന്ന്



കല്ലിയൂർ ഗ്രാമപഞ്ചായത്ത്

ഇന്നലെ, ഇന്ന്

സാമൂഹിക സാംസ്കാരിക ചരിത്രം

'കല്ലു' കളുടെ 'ഊരാ'ണത്രേ കല്ലീയൂർ. കല്ലുകളെന്നാലോ സംശയിക്കണ്ട തനിവൈഡൂര്യക്കല്ലുകൾ തന്നെ. വൈഡൂര്യം കുഴിച്ച 'കുട്ട'ങ്ങൾ ഈ നാ മനിഷ്പത്തിക്കു ചരിത്ര സാധ്യത നല്കുമ്പോൾ, കല്ലുവെട്ടുകാരുടെ കൊതിക്കണ്ണുകൾ ഈ മണ്ണിന്റെ 'അടിവരുക്കു'കളിലൂടെ അതിഗൂഢമായി ഇന്നും പരതി നടക്കുന്നത് അതിനു സമകാലിക സാധുതയുമേകുന്നു.

പണ്ടെങ്ങോ പൂത്തുലഞ്ഞ പാലപ്പൂവിന്റെ പരിമളം പഴമനസ്സിൽപ്പേറുന്ന പാലപ്പൂരി' ൽ തുടങ്ങി, കാക്കൾ ചേക്കേറാനെത്തിയ സായന്തനങ്ങളുടെ തപ്തസ്മൃതികൾ ചിറകിട്ടടിക്കുന്ന കാക്കാമൂലയിലൂടെ തെറ്റിവിളയും പെരിങ്ങമ്മലയും പുന്നമൂടും കുടുംബനൂരും ഊക്കോടും പിന്നിട്ട് വെള്ളത്തിൽ അയനം ചെയ്യുന്ന വെള്ളായണിയിലെത്തുമ്പോൾ കല്ലിയൂരിന്റെ 'തട്ടക'മായി.

കല്ലിയൂരിന്റെ ചരിത്രവും സംസ്കാരവും സഹസ്രാബ്ദങ്ങൾക്കപ്പുറത്തേക്ക് വേരുകളാഴ്ത്തിയതാണോ എന്ന് ഒട്ടൊരു കൊതിയോടെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. ഈയടുത്ത കാലത്ത് ഊക്കോടു ഭാഗത്തുനിന്നും പുരാവസ്തു ഗവേഷകർ കണ്ടെത്തിയ കിണറും പാത്രങ്ങളും പ്രതിമകളും മറ്റും. ഈ പുരാവസ്തുക്കൾക്കു പിന്നിൽ നിഗൂഢിതമായിരിക്കുന്ന യാഥാർത്ഥ്യങ്ങൾ പുറത്തുകൊണ്ടുവരിക എന്നത് പുരാവസ്തുഗവേഷകർക്കു നേരേ ഉയർന്നിരിക്കുന്ന ഒരു പുത്തൻ വെല്ലുവിളിയാണ്. ഈ വെല്ലുവിളിയിൽ പ്രചോദിതമായ മസ്തിഷ്കവുമായി ഉറച്ചകാൽ വയ്പുകളോടെ വന്നെത്തുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്ന ആ മഹാഗവേഷണപ്രതിഭ എന്നാണാവോ ഇങ്ങു വന്നെത്തുക.

'ഡിസംബർ 6' ന്റെ തലേ രാത്രിയുടെ പേടിപ്പിക്കുന്ന നിശ്ശബ്ദതയിലിരുന്ന്, കൈയിൽ കിട്ടിയ കൊച്ചറിവുകളുടെ കുഴൽക്കണ്ണാടിയിലൂടെ കല്ലിയൂർ ഗ്രാമം പിച്ചവച്ചു നടന്നു വന്ന പഴയ വഴികളിലേക്കു നോക്കുമ്പോൾ ആദ്യം മുന്നിലെത്തുന്നത് നൂറ്റാണ്ടുകളുടെ പ്രാർത്ഥനകളേറ്റുവാങ്ങി അനുഗ്രഹം ചൊരിഞ്ഞു നില്ക്കുന്ന മഹാക്ഷേത്രങ്ങളും ക്രിസ്തീയ - മുസ്ലീം ദേവാലയങ്ങളുമാണ്.

ഏഴുനൂറ്റാണ്ടിന്റെ 'ഐതിഹ്യപ്പഴമയുള്ള വെള്ളായണി ദേവീക്ഷേത്രം ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലൊന്നാണ്. വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട 'കേളൻ കുലശേഖരൻ' എന്ന ഒരു 'വാത്തി' യാണ് ഈ ക്ഷേത്രത്തിന്റെ സ്ഥാപകൻ എന്നാണു വിശ്വാസം. ഇന്നും പ്രധാന പൂജാരി 'മൂത്ത വാത്തി' തന്നെ. ഇവിടത്തെ സവർണ്ണ സമുദായമായ 'നായർ'വിഭാഗത്തിലെ എട്ടു കുടുംബക്കാർ ചേർന്ന് ക്ഷേത്രം നിർമ്മിച്ചു ഭരണം നടത്തി വന്നിരുന്നെങ്കിലും അവർണ്ണ സമുദായക്കാരായ 'വാത്തി'മാരുടെ പൂജയും പൂജാസമയത്തു 'തണ്ടാർ' സമുദായക്കാരുടെ 'ചെണ്ട കൊട്ടും'. പാണ - സമുദായക്കാരുടെ 'കറടി'യും ക്ഷേത്രപ്രവേശന വിളംബരത്തിനും മുമ്പേ തന്നെ ജാതിചിന്തയുടെ പാഴ്മുൾക്കൊട്ടിച്ച പുണ്യക്ഷേത്രമാണിതെന്നു തെളിയിക്കുന്നു. ഇവിടത്തെ കാളിയൂട്ടു മഹോത്സവം ഈ ഗ്രാമപഞ്ചായത്തിന്റെ ഒരു ദേശീയോത്സവം തന്നെയാണ്.

ആയിരം വർഷത്തെ പഴക്കമുണ്ടെന്നു പറയപ്പെടുന്ന തൃക്കുളങ്ങര ശ്രീ മഹാവിഷ്ണു ക്ഷേത്രം റീജൻറു മഹാറാണിയാണ് പുതുക്കിപ്പണിത് ഇന്നത്തെ രൂപത്തിലാക്കിയത്.

പാലപ്പൂരു ഭഗവതിക്ഷേത്രം, വേവിള മഹാവിഷ്ണു ക്ഷേത്രം, കല്ലിയൂർ അരങ്ങൻ കണ്ഠൻ ശാസ്താക്ഷേത്രം, ചെറുബാലമന്ദം ശിവക്ഷേത്രം, കാണിശിവൻ കോവിൽ- പഴക്കവും പ്രതാപവുമുള്ള ക്ഷേത്രങ്ങളുടെ നിര അങ്ങനെ നീളുകയാണ്.

നൂറ്റണ്ടുകളുടെ പഴക്കമുള്ള പെരിങ്ങമ്മല ശ്രീ മഹാവിഷ്ണു ക്ഷേത്രവും പെരങ്ങമ്മല -SNDP ശാഖയും SNV ലൈബ്രറിയും കൂടി പെരിങ്ങമ്മല പ്രദേശത്തിനു നല്കിയ സവശേഷമായ ഒരു സംസ്കാരിക മുന്നേറ്റം ശ്രദ്ധേയമാണ്.

'ചാത്തൻ ചടയ'ന് പട്ടയം കിട്ടിയ വസ്തുവിൽ പത്മനാഭസ്വാമിക്ഷേത്തിലെ പരികർമ്മിയായിരുന്നു ഹരിപ്പാട്ടുകാരൻ കൃഷ്ണനുണ്ണി സ്ഥാനനിർണ്ണയം നടത്തിയാണ് എഴുന്നൂറു വർഷത്തോളം പഴക്കമുണ്ടെന്നു പറയപ്പെടുന്ന കേളേശ്വരം ശ്രീ രക്തേശ്വരി ക്ഷേത്രം.

ഇവിടത്തെ ക്ഷേത്രപ്പഴമകളിലൂടെ ഒരോട്ട

പ്രദക്ഷിണം നടത്തി വന്നെത്തുമ്പോൾ നമ്മുടെ മനസ്സുകളിൽ നുരയുന്ന സുഗന്ധം ഇവിടെ പൂത്തുലഞ്ഞ ജാത്യതീതസംസ്കാരത്തിൻറേതാണ്. എല്ലാ വെല്ലുവിളികൾക്കുമപ്പുറത്ത് ഈ ഗ്രാമപഞ്ചായത്തിലെ ജനത കാത്തു സൂക്ഷിക്കുന്ന ജാതി സൗഹാർദ്ദത്തിനുർജ്ജം ലഭിക്കുന്ന ഒരു കൈവഴി ഈ സുഗന്ധ സുരഭിലമായ ക്ഷേത്രസംസ്കാരത്തിൽ നിന്നു തന്നെയാണ്.

നായരും നാടാരും ഈഴവരും പുലയരും പറയരും കാണികളും പാറാണിമാരും മുസ്ലീംങ്ങളുമൊക്കെ ഇടകലർന്നധിവസിക്കുന്ന ഒരു പ്രദേശമാണിത്. ജാതികൾ തമ്മിലുള്ള സൗഹൃദം ഇന്നത്തെ നിലയിൽ വിളക്കിച്ചേർക്കുന്നതിന് ക്ഷേത്രങ്ങളോടൊപ്പമോ ഒരു പടി കൂടുതലോ സംഭാവന നല്കിയിട്ടുണ്ട് ക്രിസ്തീയ ആരാധനാലയങ്ങളും പുരോഗമനാശയങ്ങളും പുരോഗമന ചിന്താഗതിക്കാരുടെ പ്രവർത്തനങ്ങളും. ജാതിപ്പിശാചിനെതിരേയും മറ്റും പോരാടി കേരളനാട്ടിനൊരു പുതുയുഗപ്പിറവി സമ്മാനിച്ച ശ്രീ നാരായണ ഗുരുദേവൻറെ ദിവ്യസന്ദേശങ്ങളും, പുലയൻറെ സഞ്ചാര സ്വാതന്ത്ര്യത്തിനും പുലക്കുടികളുടെ വിദ്യാഭ്യാസത്തിനും വേണ്ടി മഹാനായ ശ്രീ അയ്യൻ കാളി ഉയർത്തിയ ലോകാലോകങ്ങളോളം ചെന്നലയ്ക്കുന്ന സിംഹഗർജ്ജനങ്ങളും ഈ നാട്ടിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ശ്രീനാരായണ ഗുരു ദേവൻ തൻറെ അശാന്തമായ ദേശസഞ്ചാരങ്ങൾക്കിടയിൽ എത്രയോ വട്ടം ഇതു വഴിപോയിട്ടുണ്ട്. ശ്രീ അയ്യൻ കാളി ജനിച്ചതാകട്ടേ, തൊട്ടടുത്ത വെങ്ങാനൂർ പഞ്ചായത്തിലും

ഏതാണ്ട് 1940-45 കാലം വരെ ഇവിടത്തെ ചായക്കടകളിൽ പുലയർ തുടങ്ങിയ കീഴ്ജാതിക്കാർക്ക് മറ്റുള്ളവരോടൊപ്പം ഇരുന്നു ചായ കുടിക്കാൻ കഴിഞ്ഞിരുന്നില്ല. അവർക്കു പ്രത്യേകം മുറിയും ചായകൊടുക്കാൻ 'ചിരട്ടക'കളും. പിന്നോക്കക്കാരിലെയും മുന്നോക്കക്കാരിലേയും പുരോഗമന ചിന്താഗതിക്കാർ ഒത്തുകൂടി ഈ അനീതിക്കെതിരേ കലാപമുയർത്തി. കാക്കാമൂല, തെറ്റിവള, പുന്നമൂട് തുടങ്ങിയ പ്രദേശങ്ങളിലെ ചായക്കടകളിൽ ഈ കലാപം ആഞ്ഞു വീശി. കലാപക്കാരുടെ ആവശ്യം അംഗീകരിക്കും വരെ ബഹളം നീണ്ടു നിന്നു. ആവശ്യം അംഗീകരിക്കാൻ മനസ്സില്ലാത്തവർക്ക് തങ്ങളുടെ കടകൾ എന്നെന്നേക്കുമായി പൂട്ടിപ്പോകേണ്ടിവന്നു. ഈ കലാപം 'ചായക്കട സമരം' എന്നറിയപ്പെടുന്നു

താഴ്ന്നജാതിക്കാർ കൂടുതലായി താമസിച്ചിരുന്ന പ്രദേശങ്ങളിലായിരുന്നു ക്രിസ്ത്യൻ മിഷണറിമാർ പള്ളികൾ സ്ഥാപിച്ച് മതപ്രചാരണം നടത്തിയത്. അവർണ്ണ വിഭാഗങ്ങളെ ക്രിസ്തുമതത്തിലേക്ക് കൂടുതലായി ആകർഷിച്ചതും ജാതിചിന്തയ്ക്കെതിരേ മിഷണിറിമാർ കൈക്കൊണ്ട പുരോഗമനാപരമായ നിലപാടായിരുന്നു.

കുടുംബന്നൂരിലെ CSI ചർച്ച് 1856 പാർക്കർ സായിപ്പു സ്ഥാപിച്ചതാണ്. 1904ലാണ് ഇന്നു കാണുന്ന പള്ളിക്കെട്ടിടം പണിതത്. പള്ളിക്കെട്ടിടം പണികഴിഞ്ഞതോടേ അതിൽത്തന്നെ സ്കൂളുമാരംഭിച്ചു. ഇന്നു നാലാം സ്റ്റാൻഡേർഡു വരെയുള്ള പ്രസ്തുത സ്കൂളിൽ വളരെക്കാലം 2-ാം ക്ലാസ്സുവരെ മാത്രമാണ് ഉണ്ടായിരുന്നത്.

കാക്കാമൂലയിൽ സാൽവേഷൻ ആർമിക്കാർ സ്ഥാപിച്ച പള്ളിക്ക് 1912 ൽ ചില വിശ്വാസികൾ സൗജന്യമായി നല്കിയ വസ്തുവിൽ അവർ ഇന്നു കാണുന്ന പള്ളിപണിയുകയും അതിൽത്തന്നെ സ്കൂളാരംഭിക്കുകയും ചെയ്തു. കുടംബന്നൂർ LMS LPS ഉം കാക്കാമൂല SALPS ഉം സ്ഥാപിച്ചത്. പ്രധാനയും തദ്ദേശീയരും അവർണ്ണരുമായ വിശ്വാസികളുടെ സന്താനങ്ങൾക്കു വേണ്ടിത്തന്നെയായിരുന്നു.

പെരിങ്ങമ്മല, കാക്കാമൂല, പാലപ്പൂർ, RC ചർച്ചുകൾ നേരത്തേ സ്ഥാപിക്കപ്പെട്ടെങ്കിലും ഇന്നു കാണുന്ന വലിയ പള്ളീകൾ സ്ഥാപിച്ചത്. 1919 നും 1921 നും ഇടയ്ക്കാണ്. പുന്നമൂട്ടിലെ വിശുദ്ധ സെബസ്ത്യാനോസ് ദേവാലയം സ്ഥാപിച്ചിട്ടും നൂറിലേറെ വർഷമായെങ്കിലും ഇന്നു കാണുന്ന പള്ളി പണിതിട്ട് 14 വർഷമേ ആയിട്ടുള്ളൂ. ലൂഥർമിഷൻ, SAD മിഷൻ, പെന്തക്കോസ്തു മിഷൻ ഈ വിഭാഗങ്ങളുടെ പള്ളികളും പ്രവർത്തിക്കുന്നു. കല്ലിയൂർ, കാക്കാമൂല, പാലപ്പൂരു തുടങ്ങിയ ഭാഗങ്ങളിലെ CSI ചർച്ചുകളും ശ്രദ്ധേയമാണ്.

1851 ൽ സ്ഥാപിച്ച കുറവാണി പള്ളി മാത്രമാണ് ഈ പഞ്ചായത്തു മേഖലയിലുള്ള ഒരേയൊരു മുസ്ലീം ദേവാലയം.

വിദ്യാഭ്യാസ വിഷയത്തിലും കുറഞ്ഞത് ഒരു നൂറ്റാണ്ടിൻറെയെങ്കിലും പാരമ്പര്യം ഈപഞ്ചായത്തു പ്രദേശത്തിനുണ്ട്. നേമത്ത് ഊരാത്തല കളിയലിൽ പ്രവർത്തിച്ചിരുന്ന ഒരു കുടിപ്പള്ളിക്കൂടം 1884ൽ വിശാഖം തിരുനാളിൻറെ കാലത്ത് ഒരു ഹയൽ ഗ്രേഡ് എലിമെൻററി സ്കൂളാക്കി മാറ്റി സ്ഥാപിച്ചതാണ് ഇന്നത്തെ

നേമം UPS.

ഊക്കോടിനടുത്ത് പറക്കോട്ടു വിളയിൽ വീട്ടിൽ കൃഷ്ണപിള്ളയാശാൻ നൂറോളം വർഷംമുമ്പ് നടത്തിയിരുന്ന കുടിപ്പള്ളിക്കൂടം, പിന്നീട് സ്വന്തമായി സ്ഥലവും കെട്ടിടവുമായപ്പോൾ സ്വകാര്യഗ്രാൻറു സ്കൂളാവുകയും, ഗ്രാൻറുതുക കൊണ്ട് സ്കൂൾ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായപ്പോൾ MSL മാനേജ്മെൻറിന് വിറ്റതുമായ ചരിത്രമാണ് വെള്ളായണി MSLPS നേറത്. വെള്ളായണി കുഞ്ഞുവീട്ടിലെ കളിയലിൽ നായർ തറവാട്ടുകളിലെ കുട്ടികൾക്കുവേണ്ടി ഒരു കുടിപ്പള്ളിക്കൂടം ഉണ്ടായിരുന്നു. പിന്നീട് ഈ പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറ് പരേതനായ ശ്രീ ഭാസ്കര പിള്ളയുടെ അച്ഛൻ ഗോവിന്ദപ്പിള്ളയുടെയും കുഴിവിളാകത്തു വീട്ടിൽ കൊച്ചുമ്മിണിപ്പിള്ളയുടേയും നേതൃത്വത്തിൽ ഒരു സ്കൂളുണ്ടാക്കി സർക്കാരിനെ ഏല്പിച്ചതാണ് ഇന്നത്തെ വെള്ളായണി MNLPS

പെരിങ്ങമ്മല RC ചർച്ചിനടുത്ത് ശ്രീ മാസിലാണിസാർ ഒരു കുടിപ്പള്ളിക്കൂടം നടത്തിയിരുന്നു. പിന്നീടതു ഇന്നത്തെ RC ചർച്ചിരിക്കുന്നിടത്തേക്കു മാറ്റി. സ്വന്തമായി കെട്ടിടവും സ്ഥലവുമായപ്പോൾ അതും സ്വകാര്യ ഗ്രാൻറ് സ്കൂളായി മാറി. എന്നാൽ പില്ക്കാലത്ത് മാസിലാ മണി സാറിൻെറ മരണശേഷം അദ്ദേഹത്തിൻെറ മകൻ ജസ്റ്റസ് സാറിന് ഗ്രാൻറ് തുക കൊണ്ട് സ്കൂൾ നടത്താൻ കഴിയാതെ വരുകയും കടത്തിൽ മുങ്ങിയ അദ്ദേഹം തൻെറ സ്കൂളിനെ R.C. മാനേജ്മെൻറിനെ ഏല്പിക്കുകയും ചെയ്തു. കല്ലിയിൽ RCLPS ൻെറ ചരിത്രം ഇതാണ്.

ഈ പഞ്ചായത്തിലുള്ള ഒരേയൊരു ഹൈസ്കൂളാണ് ഗവ: ഹൈസ്കൂൾ പുന്നമൂട്. ചാണിയിൽ നിന്നും കല്ലിയൂരു വന്നു വിവാഹം കഴിച്ച താമസിച്ചിരുന്ന ശ്രീ എലിശാവാദ്ധ്യാർ കല്ലിയൂർ പ്രദേശത്തു സ്കൂളുകളൊന്നും ഇല്ലാത്തതിൽ ദു:ഖിതനായി സ്വന്തം വീട്ടിൽത്തന്ന ഒരു സ്കൂളു തുടങ്ങി. കുട്ടികളും അദ്ധ്യാപകനും കൂടിയപ്പോൾ അദ്ദേഹം 'ഒറ്റി' വാങ്ങിയ വസ്തുവിൽ ഒരു കെട്ടിടം പണിത് സ്കൂൾ അങ്ങോട്ടു മാറ്റി. ഒറ്റത്തറയിൽ നടത്തിയ സ്കൂളിന് വേറെ അവകാശവാദങ്ങളുയർന്നപ്പോൾ വാദ്ധ്യാർ തൻെറ സ്കൂളിനെ സൗജന്യമായി സർക്കാരിനു നല്കി. ആ സ്കൂൾ 1961 ൽ UPS ഉം 1974 ൽ HS ഉം ആയി ഉയർന്നു.

തൻെറ സ്കൂളിനെ സർക്കാരിനു കൈമാറിയ ശേഷം എലശാ വാദ്ധ്യാർ സ്വന്തം വസ്തുവിൽ വീണ്ടും ഒരു പെൺപള്ളിക്കൂടം തുടങ്ങി. പിന്നീടാ സ്കൂൾ MSL മാനേജ്മെൻറിൻെറ കൈകളിൽ വന്നുചേർന്നു. എന്നാൽ കൃത്യമായി അറ്റകുറ്റപ്പണി ചെയ്യാതെ (മുണ്ടശ്ശേരയുടെ കാലത്ത്) ഒരു മഴക്കാലത്ത് കെട്ടിടം വീണുപോവുകയും അതോടെ സ്കൂളില്ലാതാവുകയും ചെയ്തു.

നേമം ഗോരസ വ്യവസായ സംഘത്തിൻെറ കീഴിൽ 1951 തുടങ്ങിയതാണ് ശാന്തിവിള UPS. പാലപ്പൂർ ഹോളിക്രോസ് LPS RC മാനേജ് മെൻറിൻെറ മറ്റൊരു സ്കൂളാണ്.

പഞ്ചായത്തു പ്രദേശത്തിൻെറ വിവിധ സ്ഥലങ്ങളിലായി ഏതാണ്ട് 80-8 5 കൊല്ലം മുമ്പു തന്നെ പരക്കേ സ്കൂളുകളുണ്ടായിരുന്നു. ഈ നാടിൻെറ വിദ്യാഭ്യാസ - സാംസ്കാരിക മേഖലകളിൽ ഈ സ്കൂളുകൾചെലുത്തിയ സ്വാധീനം ദൂരവ്യാപകമായിരുന്നു.

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളാണ് ഈ നാടിൻെറ മുഖച്ഛായയെ ആധുനികമാക്കി മാറ്റിയ ഏറ്റവും പ്രധാന ഘടകം. ദേശീയ പ്രസ്ഥാനമാണ് അനൗപചാരിക വിദ്യാഭ്യാസത്തിൻെറ കൊടികൂറ ഉയരത്തിൽ പാറിച്ചത്. ഈ നാടിൻെറ വ്യത്യസ്ത മേഖലകളിലായി ഇക്കാലത്ത് ഒട്ടേറെ വായനശാലകൾ ഉണ്ടായി. അവയിൽ പലതും പിന്നീട് എണ്ണപ്പെട്ട ഗ്രന്ഥശാലകളായി വളരുകയും ചെയ്തു. വായനശാലകളോടും ഗ്രന്ഥശാലകളോടും അനുബന്ധിച്ച് ആർട്സ് ക്ലബ്ബുകളും സ്പോർട്സ് ക്ലബ്ബുകളും ഉണ്ടായി. ഗ്രന്ഥശാലകളെയും കലാസംഘടനകളെയും കേന്ദ്രീകരിച്ച് ചെറുപ്പക്കാർ ഒത്തുകൂടുകയും നാടഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി ഗൗരവമായി കൂട്ടായി ചിന്തിക്കുകയും വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്തു. അങ്ങനെ തകരമായ പരിവർത്തനങ്ങളാണ് ഈ സാംസ്കാരിക പ്രക്രിയകൾ സമൂഹത്തിൽ വരുത്തിവച്ചത്.

ഇതോടെ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇവിടെ വേരോടിക്കാൻ തുടങ്ങി. ചരിത്ര പ്രാധാന്യമുള്ള രാഷ്ട്രീയ സംഭവങ്ങളൊന്നും ഇവിടെ രേഖപ്പെടുത്താനില്ല.

എങ്കിലും 'കോൺഗ്രസ്സ്'നാൽ രാജ്യദ്രോഹമാണെന്ന യാഥാസ്ഥിതിക ചിന്താഗതിക്കെതിരേ കടവരാന്തകളിലും കവലകളിലും വച്ചാണെങ്കിലും വാക്കുകൾ കൊണ്ടെങ്കിലും പ്രതികരിക്കാൻ യുവതലമുറ

ശക്തി നേടി. കുറേക്കൂടിക്കഴിയുമ്പോൾ കമ്മ്യൂണിസ്റ്റു ചിന്താഗതികളും വേരോടിത്തുടങ്ങി. ഇതിനിടെ പടിപടിയായി വന്ന ഭൂപരിഷ്കരണങ്ങൾ വൻകിടജന്മിമാരുടെയും കുടുംബങ്ങളുടെയും കൈയിൽ നിന്നും കൃഷിഭൂമിയെ കർഷകരിലേക്കും കുടികിടപ്പുകാരിലേക്കും വിമോചിപ്പിച്ചു.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതത്തെ സ്വാധീനിക്കുന്നതും ഈ പഞ്ചായത്തിലേക്കു ലോകശ്രദ്ധ ആകർഷിക്കുന്നതുമായ രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, പ്രകൃതി കനിഞ്ഞനുഗ്രഹിച്ച വെള്ളായണി ശുദ്ധജലതടാകം. രണ്ട്: വെള്ളായണി കാർഷിക കോളേജ്. കാർഷികകോളേജിനോടനുബന്ധിച്ചുള്ള ഫാമിലും മറ്റുമായി ഇവിടത്തെ ഒട്ടേറെ ആളുകൾ ജോലി ചെയ്യുന്നുണ്ട്. ശമ്പള ഇനത്തിലുള്ള അവരുടെ വരുമാനം ഈ പഞ്ചായത്തിന്റെ ജീവിതനിലവാരത്തെ സ്വാധീനിക്കുന്നുണ്ട്. കല്ലിയൂർ പഞ്ചായത്തിന്റെ മാത്രമല്ല കേരളത്തിന്റെ തന്നെ അമൂല്യമായ ജലസമ്പത്താണ് വെള്ളായണിക്കായലിലെ ശുദ്ധജലം. ഐതിഹ്യപ്രകാരം ചിരഞ്ജീവിയായ അശ്വത്ഥാമാവ് ഒഴുക്കിക്കൊണ്ടുവന്ന ഗംഗയാണിത്. ഐതിഹ്യം ചെന്നത്തുന്നത് ഈ കായൽ ജലത്തിന്റെ പവിത്രതയിലും ശുദ്ധിയിലുമാണെന്ന് ബുദ്ധിക്കു കുരുടു ബാധിക്കാത്ത ആർക്കും മനസ്സിലാകും. ആണ്ടുതോറും ലക്ഷക്കണക്കിനു രൂപ നാട്ടിൻ പുറങ്ങളിലേക്കു വാഹനങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനു ചിലവഴിക്കുന്ന നാടാണു നമ്മുടേത്. അതുകൊണ്ട് വളരെ ശ്രദ്ധാപൂർവ്വം സംരക്ഷിക്കേണ്ട ഒരമൂല്യ കുടിവെള്ള ഖനിയാണീ പരിപാവനമായ കായൽ. എന്നാൽ അമൂല്യമായ ഈ നിധിയെ മണ്ണിട്ടുമൂടി മണിമാളികകൾ പണിത് സ്വാർഥതയുടെ കീശ വീർപ്പിക്കാനാണ് ചിലരുടെ സംഘടിത നീക്കം. ഈ നീക്കത്തെ സംഘടിതമായിത്തന്നെ ചെറുത്തു തോല്പിക്കാൻ പ്രകൃതിയെയും നാടിനേയും മനുഷ്യരാശിയേയും സ്നേഹിക്കുന്നവർ അണിനിരക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വെള്ളായണിക്കായലിനെ മണ്ണിട്ടു മൂടരുത് എന്നു മാത്രമല്ല, പവിത്ര ജലസമ്പത്തിലേക്ക് ചുറ്റുപാടു നിന്നും ആഴുക്കുകൾ ഒലിച്ചിറങ്ങാതെയും, ചുറ്റുപാടുമുള്ള കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും ഇതിനെ വിഷമയമാക്കാതെയും നാം ശ്രദ്ധിച്ചേ തീരൂ. അതുപോലെ തന്നെ, പുഞ്ചക്കൃഷിയുടെ പേരിൽ ചുറ്റുപാടുമുള്ള പ്രദേശങ്ങൾവേനൽ വറുതിയിൽ നട്ടംതിരിയുന്ന സമയത്ത്, ലക്ഷങ്ങൾ നഷ്ടപ്പെടുത്തി ഈ കായലിന്റെ വിശുദ്ധിയെ രാസവള- കീടനാശനികളുടെ വിഷയങ്ങളിൽ മുക്കിക്കൊല്ലാനുള്ള അനധികൃത നീക്കൾക്കെതിരേയും നാം ജാഗരൂകരായിരിക്കണം. ഈ കായൽ നമുക്കു പ്രകൃതി കനിഞ്ഞു തന്ന നിധിയാണ്. പ്രകൃതയെ വെല്ലുവിളിച്ചധിക്രമിച്ചാൽ അവൾ പകരം വീട്ടുമെന്നതു തീർച്ചയാണ്. വരാനിരിക്കുന്ന പ്രകൃതിയുടെ മഹാകോപാഗ്നിയിൽ നിന്നും നമ്മളും വരും തലമുറകളും ഒഴിഞ്ഞു പോകണമെന്നുണ്ടെങ്കിൽ, അവൾ തന്ന സമ്പത്തുകളേയും അവളുടെ നിയമങ്ങളേയും പരിപാലിക്കാൻ നാം ബാദ്ധ്യതപ്പെട്ടിരിക്കുന്നു

പൊൻമുട്ടയിടുന്ന ഈ താറാവിന്റെ വയറു കീറാൻ കത്തികളുമായി പതിയിരിക്കുന്ന ദുർമോഹികളായ സ്വാർത്ഥന്മാരെ ജാഗ്രതയോടെ കരുതിയിരിക്കുക!

കല്ലിയൂർ പഞ്ചായത്തിന്റെ ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക മണ്ഡലങ്ങൾ ഒട്ടേറെ നീറുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്. എടുത്തു പറയത്തക്ക ഒരു വ്യവസായ സ്ഥാപനം പോലുമില്ലാത്ത ഈ പഞ്ചായത്തിൽ ആകെയുള്ളത് നെയ്തുപോലുള്ള ചില്ലറ കുടിൽ വ്യവസായങ്ങളാണ്. അതും തകർച്ചയിലാണ്. പാവം നെയ്തുകാരന്റെ ജീവിതം നൂലുപോലെ മെലിയുന്നു. കൃഷിയിടങ്ങളിൽ ജീവിതം വിളയിയ്ക്കാനാകാതെ, കൃഷിയെ ഒരു സൈഡ് ബിസിനസ്സ്' മാത്രമാക്കി മറ്റേതെങ്കിലും മെയ്ൻ ബിസ്സിനസ്സിലേക്കു നീങ്ങുകയാണ് പുതിയ തലമുറ. ഉല്പാദന മേഖലകൾ ഇങ്ങനെ പേടിപ്പിക്കുന്ന സ്തംഭനത്തിലേക്കു നീങ്ങിയാൽ ഇട്ടുണ്ണുന്ന ഇല മുതൽ അവസാന മൊഴിക്കുന്ന മോരുവരെ എവിടെ നിന്നൊക്കെയോ വരുത്തിക്കൊണ്ടിരിക്കുന്ന നമ്മുടെ ഗതി യെന്താണ് ഒരു വലിയ സംഘം തൊഴിലില്ലാപ്പട 'നാടുതെണ്ടി' നടക്കുന്നതിനിടയിലാണ് ഈ സ്തംഭനവു മെന്നതാണ് അതിലേറെ വേദനാജനകം. ഇവിടെ എന്തൊക്കെയോ 'പുഴുങ്ങിക്കുത്തേണ്ടിയിരക്കുന്നു എന്നു മാത്രം തല്ക്കാലം പറയട്ടേ.

ജാതികൾക്കിടയിൽ നിലനിന്നിരുന്ന ബാഹ്യമായ അനാചാരങ്ങൾ - തൊട്ടുകൂടായ്മ, തീണ്ടകൂടായ്മ - ഒക്കേ പോയി മറഞ്ഞു. മനയ്ക്കു പുറത്തു നിന്ന കർഷകത്തൊഴിലാളി ഇന്നു മനയ്ക്കത്തു കടക്കുന്നു ഇതിനിടെ മനകൾ പലതും കുറേശ്ശെ ഇടിഞ്ഞിട്ടുണ്ട് എന്നതും സത്യം. കല്യാണത്തിനും ഉത്സവത്തിനും തൊട്ടിരുന്നുണ്ണുന്നുണ്ട്. ചില തൽക്കു രോഗങ്ങൾക്കു

മരുന്നു കഴിച്ചാൽ, രോഗം പുറത്തുനിന്നു മാറി അകത്തേക്കു കടക്കും എന്നു ചില ചികിത്സാ സങ്കേതങ്ങൾ പറയുന്നു. അതുപോലെ, ജാതി വിവേചനത്തിലെ ബാഹ്യ അനാചാരങ്ങൾ നമ്മുടെ അകത്തിരിപ്പുണ്ടോ? ഓരോരുത്തരും അവനവന്റെ ഉള്ളിലേക്കു നോക്കി മറുപടി പറയേണ്ട ഒരു ചോദ്യമാണിത്.


ഇന്നു സമൂഹത്തെ മുന്നോട്ടു നയിക്കാനുള്ള ബാദ്ധ്യത പൂർണ്ണമായും രാഷ്ട്രീയപ്പാർട്ടികളും സാംസ്കാരിക സംഘടനകളും ഏറ്റെടുത്തിരിക്കുകയാണല്ലോ. എന്താണ് നമ്മുടെ രാഷ്ട്രീയക്കാരുടേയും സാംസ്കാരിക നായകരുടേയും അതേ, ഈ പഞ്ചായത്തിനകത്തുള്ളവരുടെ തന്നെ) ഇന്നത്തെ അവസ്ഥ. (ഈ പഞ്ചായത്ത് അതിന്റെ രൂപീകരണം മുതൽ ഒരു നീണ്ടകാലം കോൺഗ്രസ് ഭരിച്ചു. പിന്നീടിപ്പോൾ കുറേ നീണ്ട കാലമായി ഇടതു മുന്നണി ഭരിക്കുന്നു.

ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളും മറ്റും നടത്തിക്കൊണ്ടിരിക്കുന്ന വെട്ടും കുത്തുമേറ്റ് നമ്മുടെ തനതു കലകളും സംസ്കാരവും മരണവെപ്രാളത്തിൽ കാലും തലയുമടിച്ചു നിലവിളിച്ചിട്ടും നമ്മുടെ സാംസ്കാരിക പ്രവർത്തകരെ ആരെയും കാണുന്നില്ല. മരിക്കാൻനേരത്ത് ഇറ്റു വെള്ളമെങ്കിലും ഇറ്റിക്കാൻ!

നമ്മുടെ സാംസ്കാരിക രാഷ്ട്രീയ സംഘടനാരൂപങ്ങളിലാകെത്തന്നെ ഈ ശിഥിലീകരണപ്രവണത അടുത്ത കാലത്തു കടന്നുകൂടിയിട്ടുണ്ട് എന്നത് ആർക്കും നിഷേധിക്കാനാവുമെന്നു തോന്നുന്നില്ല. ഇതു കള്ളനാണയങ്ങൾ കടന്നുകയറി നല്ലനാണയങ്ങളെ പെട്ടകത്തിനു പുറത്താക്കിയതു കൊണ്ടാവുമോ അതോ ആദർശങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടതു കൊണ്ടാവുമോ?

ഇതു കുറേ ചോദ്യങ്ങളും വ്യാകുലതകളും മാത്രമാണ്. പക്ഷേ, ഈ ചോദ്യങ്ങളും വ്യാകുലതകളും ഇനിയും നമ്മെ അലട്ടാൻ തുടങ്ങിയില്ലെങ്കിൽ, ഇനിയും നമ്മളിങ്ങനെ എല്ലാം കണ്ടിട്ടും ഒന്നും കാണാത്തവനെപ്പോലെ നിസ്സംഗനായി നടന്നു പോവുകയാണെങ്കിൽ, എന്തായീരിക്കും സംഭവിപ്പിക്കുക?

അതും ഒരു ചോദ്യത്തിൽത്തന്നെ നില്ക്കട്ടെ.




4

ഭൂപ്രകൃതിയും വിഭവങ്ങളും


(വാർഡ് തലത്തിൽ)

ഭൂപ്രകൃതി പഠന റിപ്പോർട്ട്

ഒന്നാംവാർഡിന്റെ വടക്കേ അതിർത്തിയായ വണ്ടിത്തടം (കോവിൽവിള) മുതൽ പാപ്പാംചാണി വരെയുള്ള പ്രദേശം ഉറച്ച പാറുമണ്ണുനിറഞ്ഞതും ഏകദേശം 200 അടി താഴ്ചയിൽ ചരിവുള്ളതുമാണ്. വാസയോഗ്യമായ സ്ഥലമാണെങ്കിലും മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. പാപ്പാംചാണി ഭാഗത്ത് കായലോടു ചേർന്നുകിടക്കുന്ന ഏകദേശം 30 ഏക്കറോളം വരുന്ന പ്രദേശം ചതുപ്പുനിലമാണ്. വണ്ടിത്തടം ജംഗ്ഷൻ തുടങ്ങി പാലപ്പൂര് ജംഗ്ഷൻവരെ എത്തുന്ന റോഡിന്റെ വലതുവശം സമതല പ്രദേശവും ഇടതുവശം ചരിഞ്ഞ പ്രദേശവുമാണ്. വാർഡിന്റെ മദ്ധ്യത്തുകൂടെ കടന്നു പോകുന്ന irrigation project ന്റെ ചാനലിനു കിഴക്കുവശം കായൽ വരെ കിഴക്കോട്ടു ചരിഞ്ഞ പ്രദേശമാണ്. ഇവിടെ ആവശ്യത്തിനു ജല സ്രോതസുണ്ട്. പാലപ്പൂരിന് കിഴക്കുവശം കായൽവരെ സമതലമാണ്.




വാർഡ് - II




പൂങ്കുളം-വണ്ടിത്തടം റോഡ് മുതൽ തുടങ്ങി വെള്ളായണിക്കായലിൽ അവസാനിക്കുന്ന രണ്ടാം വാർഡിൽ കാർഷികകോളേജ് അതിർത്തിവരെ കിഴക്കോട്ടു ചരിഞ്ഞ പ്രദേശമാണ്. പാമ്പാടി ദേവീ ക്ഷേത്രറോഡ് അവസാനിക്കുന്ന ഭാഗത്ത് 12' x 12' ചതുരത്തിൽ 8' ആഴത്തിൽ കമുകിൻ കുഴി നീരുറവയും ആനക്കുഴി നീരുറവയും ഉണ്ട്. പ്രദേശം മുഴുവനും കൃഷിക്കനുയോജ്യമായ ചെമ്മണ്ണാണ്. കാർഷിക സർവ്വകലാശാലയുടെ സമതലവുമാണ്. (മുഴുവൻ കൃഷി പഠന ഗവേഷണ പ്രദേശങ്ങൾ) വെള്ളായാണി ശുദ്ധജലതടാകത്തിലെ ഏകദേശം പകുതിയോളം കാർഷിക സർവ്വകലാശാലയുടെ അതിർത്തിയോടു ചേർന്നാണ് കിടക്കുന്നത്.

വാർഡ് - III

വെള്ളായണി കായലിന്റെ കിഴക്കു തെക്കു കരതുടങ്ങി നെടിഞ്ഞൽ തോടിന്റെ ഉത്ഭവ സ്ഥലംവരെയും, കാക്കാമൂല പെരിങ്ങമല റോഡിന്റെ തെക്കുവശം മുഴുവനും ഉൾപ്പെടുന്നതാണ് മൂന്നാംവാർഡ് പൊതുവേ ചെമ്മണ്ണ് കലർന്നതും കൃഷിക്കനുയോജ്യമായതും വെള്ളം കെട്ടി നിൽക്കാത്തതുമായ ചരിഞ്ഞ പ്രദേശമാണ് ഈ വാർഡ്. നെടിഞ്ഞൽ തോടുതുടങ്ങി കായൽ വരെയുള്ള പ്രദേശങ്ങൾ കരിമണ്ണുകലർന്ന ഫലഭൂയിഷ്ടമായ സമതലപ്രദേശമാണ്. വാർഡിന്റെ ഭൂരിഭാഗം പ്രദേശത്തും ധാരാളം ജല സ്രോതസ്സുണ്ട്. കൂടാതെ നെടിഞ്ഞൽ ഏലായുടെ വടക്കേ കരയിലാണ് "നെടിഞ്ഞൽ ശുദ്ധജല വിതരണ പദ്ധതിയുടെ പമ്പ്ഹൗസ് സ്ഥിതിചെയ്യുന്നത്" ജലസ്രോതസ്സായിരുന്ന, ഏകദേശം 3 1/2 ഏക്കർ വരുന്ന ചിറക്കുളം പുറംപോക്ക് ഭൂമി ഇപ്പോൾ സ്വകാര്യ വ്യക്തികൾ കൈയ്യടക്കി കൃഷി ചെയ്തുവരുന്നു.




വാർഡ് - IV



കായലിന്റെ കിഴക്കു വടക്കു വശത്തായി കുളങ്ങര ദേവീ ക്ഷേത്രം മുതൽ കാക്കാമൂല പെരിങ്ങമ്മല റോഡിന്റെ വടക്കുഭാഗം തെറ്റിവിള വരെയുള്ള ഭാഗമാണ് 4-ാം വാർഡ്. കാക്കാമൂല ജംഗ്ഷനിൽ തുടങ്ങി കല്ലിയൂർ ജംഗ്ഷനിൽ ചേരുന്ന റോഡ് ഈ വാർഡിന് കുറുകെ കടന്നു പോകുന്നു. കാക്കാമൂല ജംഗ്ഷൻ മുതൽ കായൽ വരെയുള്ള പ്രദേശം ചെമ്മൺ കലർന്ന ചരിഞ്ഞ പ്രദേശമാണ്. കായലിന് കിഴക്കുവശം കുളങ്ങര ക്ഷേത്രത്തിന്റെ തെക്കുവശത്തായി ഏകദേശം 300 മീറ്റർ നീളത്തിലും 75' ഉയരത്തിലും ശുദ്ധമായ Clay കലർന്ന മണ്ണാണ്. പരീക്ഷണത്തിനു വിധേയമാക്കി വ്യവസായത്തിന് ഉപയോഗിക്കാൻ തക്ക ഗുണനിലവാരം ഉള്ള മണ്ണാണ്. ക്ഷേത്രത്തിന് മുകളിൽ തുടങ്ങി കാക്കാമൂല ജംഗഷൻ വരെയുള്ള പ്രദേശങ്ങൾ കൃഷിക്കനുയോജ്യമായ മണ്ണുള്ള സമതലപ്രദേശമാണ്. കാക്കാമൂല ജംഗ്ഷൻ മുതൽ NSS കരയോഗ മന്ദിരത്തിനടുത്തുള്ള ഭാഗം വരെയുള്ള പ്രദേശം വടക്കോട്ടു ചരിഞ്ഞു കായലിന്റെ ഒരു ഭാഗത്ത് അവസാനിക്കുന്നു. കട്ടിയുള്ള പാര് മണ്ണാണ് ഈ പ്രദേശം മുഴുവൻ. കാക്കാമൂല ജംഗ്ഷൻ മുതൽ തെറ്റിവിളയുള്ള ഭാഗം പകുതി സമതലവും ബാക്കി ഭാഗം വടക്കോട്ടു ചരിഞ്ഞതുമാണ്.


വാർഡ് - V



കേളേശ്വരം ശ്രീരക്തേശ്വരി ക്ഷേത്രത്തിന് വടക്കുവശത്തുള്ള മഠത്തുവിള ഇടവഴി മുതൽ പാറയിൽ തോടുവരെയും തെക്കുപടിഞ്ഞാറുവശത്തോട്ട് കരിയറത്തല ഇടവഴി മുതൽ പെരിങ്ങമ്മല കാക്കാമൂല റോഡിൽ തെറ്റിവിള വരെയും അവിടെനിന്നും കിഴക്കോട്ടു പെരിങ്ങമ്മല ജംഗ്ഷൻ വരെയും അവിടെനിന്നും വടക്കോട്ടു മഠത്തുവിള ഇടവഴിയിൽ അവസാനിക്കുന്ന ഭാഗമാണ് V-ാം വാർഡ് പെരിങ്ങമ്മല ജംഗ്ഷൻ മുതൽ കേളേശ്വരം മഠത്തുവിള ഇടവഴി വരെയുള്ള ഭൂപ്രദേശം പടിഞ്ഞാറോട്ടു ചരിഞ്ഞ് കല്ലിയൂർ ഏലായിൽ ചേരുന്നു. ചെമ്മണ്ണും മണലും കലർന്ന കൃഷിക്കനുയോജ്യമായ ഫലഭൂയിഷ്ടമായ മണ്ണാണ് ഈ ഭാഗം മുഴുവൻ. പെരിങ്ങമ്മല ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് കരിയറത്തല ഇടവഴി വരെയുള്ള ഭാഗങ്ങൾ വടക്കോട്ട് ചരിഞ്ഞ പ്രദേശമാണ്. പെരിങ്ങമ്മല തെങ്ങും പള്ളിക്കോണം കുളത്തിന്റെ തെക്കുഭാഗത്തും വടക്കുഭാഗത്തും കൂടി രണ്ടു തോടുകൾ ഉത്ഭവിച്ച് കല്ലിയൂർ ഏലായുടെ രണ്ടുകരചേർന്നു ഒഴികി വെള്ളായണി കായലിൽ ചേരുന്നു. പെരിങ്ങമ്മല SNDP ഹാളിന് പടിഞ്ഞാറു വശത്തുള്ള ചരിഞ്ഞ പ്രദേശത്തും ധാരാളം ജല സ്രോതസ്സുള്ള ഭാഗമാണ്. കരിയറത്തല ഇടവഴി തുടക്കം മുതൽ അവസാനിക്കുന്ന കല്ലിയൂർ ഏലായുടെ തുടക്കം വരെ ചെമ്മണ്ണും ക്ലെയും കലർന്ന ഉറച്ച പാറുമണ്ണ് പ്രദേശമാണ്. പൊതുവേ ജനബാഹുല്യം കൂടിയ പ്രദേശമായതിനാൽ കൃഷിപ്രധാനമായും തെങ്ങാണ്. പഞ്ചായത്തിലെ ഏറ്റവും കൂടുതൽ നെയ്തുതൊഴിലാളികൾ താമസിക്കുന്ന ഭാഗമാണ് V-ാം വാർഡ്.


വാർഡ് - VI


വള്ളകോട് മുത്തുകുഴി ആലറത്തല റോഡുമുതൽ വെള്ളായണി കല്ലിയൂർ റോഡിന്റെ തെക്കു വശം കിഴക്കു കുന്നംപുറം തോടുമുതൽ കല്ലിയൂർ വടക്കേതോടു ഭാഗം ശാസ്താം കോവിലിന്റെ കിഴക്കു കരവരെയുള്ള ഭാഗമാണ് 6-ാം വാർഡ്. കല്ലിയൂർ ഗ്രാമപഞ്ചായത്ത് ആഫീസ്, കൃഷിഭവൻ, കല്ലിയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വില്ലേജ് ആഫീസ് എന്നിവ ഈ വാർഡിൽ സ്ഥിതിചെയ്യുന്നു. മാത്തൂർകോണം ലക്ഷം വീട് കോളനി, ചുട്ടകണ്ടാംവിള നാലുസെന്റ് കോളനി പൊറ്റവിള, കുളക്കോട്ടുകോണം ഹരിജൻ സെറ്റിൽമെന്റ് കോളനി എന്നിവ ഈ വാർഡിൽ സ്ഥിതിചെയ്യുന്നു. കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ പൊതു സ്മശാനം ചുടുകണ്ടാം വിള കോളനി ക്കടുത്ത് സ്ഥിതിചെയ്യുന്നു. പുളിക്കാകുളം, കുളക്കോട്ടുകോണം കുളം, കുന്നംപുറം കുളം, ഏലാത്തറ കുളം എന്നിവ പ്രധാന ജലശ്രോതസ്സുകളാണ്. പുലിപ്പറക്കോണം, ഇരയൻകോട്, എള്ളുക്കോട്ട് എന്നീ ഏലാകളിൽ നെല്ല്, പച്ചക്കറികൾ, വാഴ, മരിച്ചീനി എന്നിവ കൃഷിചെയ്യുന്നു. നെയ്യാർ മൈനർ ഇറിഗേഷൻ പ്രോജക്ടിന്റെ സബ് ചാനൽ ഏകദേശം 200 മീറ്റർ ദൂരത്തിൽ വാർഡിന് കുറുകെ കടന്നുപോകുന്നു. ജല ശ്രോതസ്സുകൾ ഏലായെക്കാളും താഴ്ന്ന ഭാഗത്തും സ്ഥിതി ചെയ്യുന്നതുകൊണ്ട് കാർഷിക ആവശ്യത്തിന് ഉപകരിക്കുന്നവയല്ല. ആലറത്തല, പൊറ്റവിള, പാപ്പറത്തേരി കുഴിവിള, വട്ടവിള എന്നീ ഭാഗങ്ങൾ ചരിഞ്ഞ പ്രദേശവും കട്ടിയായ പാർ മണ്ണ് കലർന്നവയുമാണ്. പൊതുവേ ഉറച്ചമണ്ണാണ് വാർഡ് മുഴുവനും, പഞ്ചായത്ത് സ്റ്റേഡിയം ഈ വാർഡിലെ പൊറ്റവിള ഭാഗത്താണ്.



പുന്നമൂട് ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് കല്ലിയൂർ ജംഗ്ഷനടുത്തുള്ള ഇറിഗേഷൻ പ്രോജക്ട് കിഴക്കുകരവരെയും തെക്കോട്ട് കേളേശ്വരം ശ്രീരക്തേശ്വരി ക്ഷേത്രത്തിന് വടക്കുവശത്തുള്ള മഠത്തുവിള ഇടവഴി മുതൽ പാറയിൽ തോടിനു വടക്കുവശത്തിന്റെ വടക്കു ഭാഗംവരെ വടക്കുപടിഞ്ഞാറോട്ടും പള്ളിച്ചൽ വഴിഞ്ഞം റോഡിനു കുറുകെയുള്ള ചാനൽ വരെയും ഉള്ള പ്രദേശമാണ് 7-ാം വാർഡ്. പുന്നമൂടു മുതൽ കല്ലിയൂർ ഏലാവരെ പടിഞ്ഞാറോട്ടുചരിഞ്ഞതും പുന്നമൂട് ഹൈസ്കൂൾ മുതൽ കുരുവിക്കാട്ടുവിള വരെയുള്ള പ്രദേശങ്ങൾ കിഴക്കോട്ടു ചരിഞ്ഞവയും ചെമ്മൺ നിറഞ്ഞ കൃഷിയോഗ്യമായ ഭൂമിയുമാണ്. കുരുവിക്കാട്ടുവിള മുതൽ പാറയിൽ തോട്ടുവരെയുള്ള ഭാഗങ്ങൾ തെക്കോട്ടു ചരിഞ്ഞവയാണ്. പുന്നമൂട് ജംഗ്ഷൻ മുതൽ കുഴിയംവിള ചാനൽ കരവരെയുള്ള പ്രദേശങ്ങൾ പടിഞ്ഞാറു ചരിഞ്ഞ ചെമ്മൺ പ്രദേശമാണ്. കൃഷിക്കനുയോജ്യമായ പ്രദേശമാണെങ്കിലും ജനബാഹുല്യം നിമിത്തം പ്രധാനമായും തെങ്ങു കൃഷിയാണുള്ളത്. പുന്നമൂടും കുരിശ്ശടിക്കു പടിഞ്ഞാറുഭാഗം ധാരാളം ജലശ്രോതസ്സുള്ള പ്രദേശമാണ്. ഇവിടെ നിന്നാണ് കല്ലിയൂർ ഏലാ തുടങ്ങുന്നത്. ചതുപ്പു പ്രദേശമായിരുന്നെങ്കിലും വ്യക്തികൾ മൺതിട്ടയുണ്ടാക്കി തെങ്ങുകൃഷി ഫലപ്രദമായി നടത്തുന്നുണ്ട്. പുന്നമൂട് കുരിശ്ശടിക്കു പടിഞ്ഞാറു ഭാഗത്തുള്ള ഏകദേശം 23 സെന്റ് സ്ഥലം വരുന്ന മിണ്ണംകോട്ടുകോണം കുളത്തിൽ നിന്നും തുടങ്ങുന്ന തോട് വെള്ളായണി കായലിൽ ചേരുന്നു. നെയ്യാർ മൈനർ ഇറിഗേഷൻ പ്രോജക്ടിലെ ഒരു സബ് ചാനലായും ഈ തോട് കർഷകർക്ക് ഉപയോഗപ്രദമായി നിലനിൽക്കുന്നു. പുന്നമൂട് ജംഗ്ഷൻ മുതൽ കല്ലിയൂർ ജംഗ്ഷൻ വരെയുള്ള റോഡിന്റെ പടിഞ്ഞാറുഭാഗം ചെമ്മൺ നിറഞ്ഞ സമതലങ്ങളാണ്. കല്ലിയൂർ പഞ്ചായത്തിലെ ഒരേ ഒരു ഗവഃ ഹൈസ്കൂൾ ഈ വാർഡിന്റെ ഏകദേശം മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്നു.

വാർഡ് - VII






വാർഡ് - VIII

കല്ലിയൂർ ജംഗ്ഷന് കിഴക്കുവശത്തുള്ള നെയ്യാർ മൈനർ ഇറിഗേഷൻ പ്രോജക്ടിന്റെ ചാനൽ ക്രോസ് മുതൽ വടക്കോട്ട് പള്ളിച്ചൽ വിഴിഞ്ഞം റോഡ് ക്രോസ് ചെയ്യുന്ന ഭാഗം വരെയും അവിടുന്ന് പടിഞ്ഞാറോട്ട് നാഷണൽ ഹൈവേയിൽ ക്രോസ് ചെയ്യുന്ന പള്ളിച്ചൽ തോടിന് തെക്കുവശം മുതൽ മുതുവക്കോട്ടുകോണം ഏല, നിലമ ഏലവരെയും, അവിടുന്ന് കിഴക്കോട്ട് കല്ലിയൂർ വെള്ളായണി റോഡിൽ നിലമവരെയുമാണ് 8-ാം വാർഡ്. കല്ലിയൂർ ജംഗ്ഷൻ മുതൽ കുഴിയാവിള ചാനൽ കരവരെയുള്ള ഭാഗങ്ങൾ പടിഞ്ഞാറോട്ടു ചരിഞ്ഞ് പകലൂർ ഏലായിൽ അവസാനിക്കുന്നു. കുഴിയാംവിളക്കു വടക്കവശം മുതൽ പള്ളിച്ചൽ ജംഗ്ഷൻ വരെയുള്ള ഭാഗങ്ങൾ തെക്കോട്ടു ചരിഞ്ഞ് പകലൂർ ഏലായിൽ അവസാനിക്കുന്നു. കല്ലിയൂർ തുടങ്ങി പള്ളിച്ചൽ തോടിൽ അവസാനിക്കുന്ന മാറവത്തല റോഡിന്റെ ഏകദേശം മദ്ധ്യഭാഗം വരെയുള്ള പ്രദേശങ്ങൾ സമതലവും അതിനു ശേഷം വടക്കോട്ട് ചരിഞ്ഞ് പള്ളിച്ചൽ ഏലായിൽ അവസാനിക്കുന്നു. മാവറത്തല റോഡിൽനിന്നും പടിഞ്ഞാറുവശം. പടിഞ്ഞാറോട്ടു ചിരിവുള്ള പ്രദേശമാണ്. ഇത് മുതുവക്കോട്ടുകോണം ഏലായിൽ അവസാനിക്കുന്നു. നിലമ ജംഗ്ഷൻ മുതൽ കിഴക്കോട്ടു ചരിഞ്ഞ ഭൂമിയാണ്. ഇത് നിലമ ഏലായിൽ അവസാനിക്കുന്നു. വാർഡിൽ പള്ളിച്ചൽ ജംഗ്ഷനിൽ നെയ്യാർ മൈനർ ഇറിഗേഷൻ പ്രോജക്ടിന്റെ ആഫീസ് പ്രവർത്തിക്കുന്നു. ജനങ്ങളിൽ ഭൂരിഭാഗം പേരും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു. ആവശ്യത്തിന് ജല ശ്രോതസ് ഉള്ള ഭാഗങ്ങളാണ് പകലൂർ ഏല, നിലമ ഏല, മുതുവക്കോട്ടുകോണം ഏല എന്നിവ നെല്ല്, പച്ചക്കറികൾ, വാഴ, തെങ്ങ് മറ്റു ഇടവിളകൃഷികൾ എന്നിവ സമൃദ്ധമായി കൃഷിചെയ്യുന്നു.




കല്ലിയൂർ വെള്ളായണി റോഡിന്റെ കിഴക്കു ഭാഗത്ത് ഉപനിയൂർ ഏലവരെയും പടിഞ്ഞാറോട്ട് ശാന്തിവിള ചന്തവരെയും ഉള്ള പ്രദേശമാണ് 9-ാം വർഡ്. വാർഡിന്റെ മദ്ധ്യത്തായി സ്ഥിതിചെയ്യുന്ന വെള്ളായണി ദേവീ ക്ഷേത്രത്തിന്റെ വടക്കുകിഴക്കു ഭാഗംവരെയുള്ള പ്രദേശങ്ങൾ വടക്കോട്ടു ചരിഞ്ഞവയാണ്. ഉപനീയൂർ ഏല അവസാനിക്കുന്ന വെള്ളായണി തോട് വരെയുള്ള ഭാഗങ്ങളിൽ മാതൃകാ നെൽകൃഷി ത്തോട്ടം വിപുലമായി നടപ്പാക്കി വരുന്നു. ചരിഞ്ഞ പ്രദേശങ്ങളിൽ പ്രധാനമായും തെങ്ങ്, വാഴ, മരിച്ചീനി മറ്റു പച്ചക്കറികൾ എന്നിവ കൃഷിചെയ്യുന്നു. ഊക്കോട് ലോവർ പ്രൈമറി സ്കൂൾ ഈ വാർഡിൽ സ്ഥിതിചെയ്യുന്നു. കൃഷിക്കാവശ്യമായ ജല ശ്രോതസ് പള്ളിച്ചൽ വെള്ളായണി തോടാണ് ശാന്തിവിളക്കു സമീപം പൊതുമാർക്കറ്റുണ്ട്. മത്സ്യം പച്ചക്കറികൾ ഉൾപ്പെടുയുള്ള നിത്യോപയോഗ സാധനങ്ങൾ ഇവിടെ ക്രയവിക്രയം ചെയ്യപ്പെടുന്നു. ഏകദേശം ഒന്നരലക്ഷം ലിറ്റർ ജലം സംഭരിക്കുവാൻ കഴിവുള്ള ഒരു വാട്ടർ ടാങ്ക് സ്ഥിതിചെയ്യുന്നു. ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചുകഴിയുന്നു. താരതമ്യേന ജനസാന്ദ്രത കൂടിയ പ്രദേശമായതുകൊണ്ട് ചരിഞ്ഞ പ്രദേശങ്ങളിൽ പ്രധാനമായും തെങ്ങുകൃഷിയാണുള്ളത്.

വാർഡ് - IX




വെള്ളായണി ദേവീക്ഷേത്രത്തിനു കിഴക്കു വശം മുതൽ വള്ളംകോടു മുത്തുക്കുഴി ആലറ ത്തല വരെ കായലിനോടു ചേർന്നു കിടക്കുന്ന പ്രദേശമാണ് പത്താംവാർഡ്. കായലിനോട് ചേർന്ന ഭാഗങ്ങൾ ചതുപ്പുനിലങ്ങളാണെങ്കിലും ഭൂരിഭാഗവും മൺ തിട്ടയുണ്ടാക്കി തെങ്ങുകൃഷി ചെയ്തുവരുന്നു. ആവശ്യത്തിന് ജല ശ്രോതസ്സു ള്ളതുകൊണ്ട് പച്ചക്കറികൾ, വാഴ, മരിച്ചീനി എന്നിവ കൃഷിചെയ്യുന്നു. മുകുളൂർ മൂല ഗ്രാമവി കസന സമിതിയുടെ കീഴിൽ മാതൃകാ റസിഡൻഷ്യൽ അസ്സോസിയേഷൻ പ്രവർത്തി ക്കുന്നു.

വാർഡ് - X




വാർഡ് - XI



ശാന്തിവിളയ്ക്ക് തെക്കു പടിഞ്ഞാറുഭാഗം മുതൽ വെള്ളായണി കായലിന്റെ തെക്കു പടിഞ്ഞാറു കരവരെയും കിഴക്കോട്ടു വെള്ളായണി ദേവിക്ഷേത്രത്തിന് കിഴക്കുവശം വരെയുള്ള ഭാഗം. മണൽ കലർന്ന മൃദുവായ മണ്ണാണ് വാർഡിന്റെ മുക്കാൽ ഭാഗവും. പ്രധാന നെൽകൃഷികേന്ദ്രങ്ങളായ മാങ്കിളിലിക്കരി കാഞ്ഞിരം തടി, പണ്ടാരക്കരി എന്നിവ ഈ വാർഡിലാണ്. കാഞ്ഞിരം തടി മുതൽ ഒന്നാം വാർഡിലെ പാലപ്പൂര് വരെ കായലിന് കുറുകെ ഒരു ബണ്ട് നിർമ്മിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ വെള്ളായണി കായലിലെ ജലം പമ്പുചെയ്ത് കൃഷിക്കനുയോജ്യമാക്കാൻ പമ്പുസെറ്റു സ്ഥാപിച്ചിട്ടുള്ളത് ഈ ബണ്ടിലാണ്. പ്രകൃതി രമണീയമായ ഈ തീരത്തുനിന്നാൽ കരുമം തോടും മധുപാലവും കാണാവുന്നതാണ്. മാങ്കിളിക്കരി മുതൽ കായലിന്റെ അതിർത്തി മുഴുവൻ ചതുപ്പുനിലമാണെങ്കിലും മൺതിട്ടയുണ്ടാക്കി തെങ്ങുകൃഷിചെയ്തുവരുന്നു. ഈ തെങ്ങിൻതോപ്പിലെ ചാലുകളിൽ മത്സ്യകൃഷി ചെയ്യാവുന്നതാണ്. ചരിത്ര പ്രസിദ്ധമായ വെള്ളായണി ദേവീക്ഷേത്രം ഈ വാർഡിന്റെ തിലകക്കുറിയായി നിലകൊള്ളുന്നു. കൂടാതെ വെള്ളായണി MNLPS ഈ വാർഡിൽ സ്ഥിതിചെയ്യുന്നു. നല്ല ഫലപുഷ്ടിയും ജലശ്രോതസ്സും ഉള്ള പ്രദേശമായതിനാൽ ഏതിനം കൃഷിക്കും അനുയോജ്യമാണ് വാർഡ് മുഴുവൻ. കൂടാതെ കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ ഏറ്റവും കൂടുതൽ വെള്ളായണി കായലിനെ ചുറ്റിക്കിടക്കുന്ന വാർഡ് ആയതിനാൽ ഏറ്റവും പ്രകൃതി രമണീയവും, വിനോദ സഞ്ചാര വികസന സാദ്ധ്യത ഉള്ളതുമാണ്.

നേമം ഗവഃ ഹൈസ്കൂളിന് എതിർവശത്തുള്ള തടംമുതൽ തെക്കോട്ട് ഉപനിയൂർ ഏലാവരെയും കിഴക്കോട്ട് വരെയുള്ള പ്രദേശമാണ് പന്ത്രണ്ടാം വാർഡ്. മണൽകലർന്ന ചരിഞ്ഞ പ്രദേശം, ചെമ്മണ്ണും ചരലും കലർന്ന സമതലം എന്നിവിടങ്ങളിൽ മരിച്ചീനി, തെങ്ങ്, വാഴ എന്നിവ കൃഷിചെയ്യുന്നു. ജല ശ്രോതസ്സുകളിൽ പാലൂർക്കോണം കൊടിക്കുളം ഉൾപ്പെടുന്നു. കൊടിക്കുളത്തിൽ തുടങ്ങി വെള്ളായണി തോടിൽ അവസാനിക്കുന്ന തോട് ഇപ്പോൾ ജല ദൗർലഭ്യം നേരിടുന്നു. ഏകദേശം 75 അടി നീളവും 50 അടി വീതിയുമുള്ള കൊടിക്കുളം ശുചീകരിച്ചാൽ ഈ പ്രദേശത്തെ പച്ചക്കറി കൃഷി വിപുലീകരിക്കാൻ കഴിയും. വാർഡിന്റെ സമതല പ്രദേശമായ ഉപനിയൂരിൽ മാർഗ്രിഗോറിയസ് ഇംഗ്ലീഷ് മീഡിയം സ്വകാര്യസ്കൂൾ പ്രവർത്തിക്കുന്നു. പൊതുവേ ജന സാന്ദ്രത കൂടിയ പ്രദേശമായതിനാൽ ഇടവിളകൾക്ക് അനുയോജ്യമായ സാഹചര്യം ഇല്ല.


വാർഡ് - XII



5



കൃഷിയും, ജലസേചനവും



കാർഷിക ചരിത്രം: കല്ലിയൂർ വില്ലേജ് മുഴുവൻ ഉൾപ്പെട്ട പ്രദേശമാണ് കല്ലിയൂർ ഗ്രാമപഞ്ചായത്ത്. വെള്ളായണി കായലിന് ചുറ്റുമായി ഈ പ്രദേശം സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 1728 ഹെക്ടറാണ്. ഇതിന്റെ 70% പുരയിടവും, 18% നിലവും ചേർന്ന് കൃഷിസ്ഥലമാണ്.

പട്ടിക I

ഭൂമിയെ സംബന്ധിച്ച സ്ഥിതിവിവരക്കണക്ക്

ക്രമനമ്പർ	ഭൂമിയുടെ സ്വഭാവം	വിസ്തീർണ്ണം (ഹെക്ടർ)
1	പുരയിടം	1204.35.87
2.	നിലം	308.00.02
3	പുറമ്പോക്ക്	215.85.28
	ആകെ	1728.21.17

(അവലംബം : സെറ്റിൽമെന്റ് രജിസ്റ്റർ വില്ലേജ് ഓഫീസ്, കല്ലിയൂർ)

ഭൂവിഭാഗങ്ങളിൽ ഏറിയ പങ്കും ചില ജന്മിമാരുടെ (മഠം വക, ദേവസ്വം വക) കൈവശമായിരുന്നു. 1920 കളിൽ തിരുവിതാംകൂർ പ്രദേശത്ത് നായർ റഗുലേഷൻ (ആളോഹരി ഭാഗം) നിലവിൽ വന്നു. അതിനോടനുബന്ധിച്ച് ഭൂമി തുണ്ടുതുണ്ടുകളായി വിഭജിക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ മേൽക്കങ്ങാണം, എറയിലി, കണ്ട് കൃഷി മുതലായ സ്വഭാവത്തോടുകൂടിയ കൃഷി ഭൂമികൾ കർഷകന്റെ കൈവശമുണ്ടായിരുന്നു. ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതോടുകൂടി ടി കൃഷിഭൂമികളും നമ്പൂതിരിമാരുടെ വക, പാട്ട വ്യവസ്ഥയിൽ മറ്റു കൃഷിക്കാർ കൈവശം വച്ചിരുന്ന കൃഷികളും കൈവശക്കാർക്ക് പതിച്ചുകൊടുത്തു. അങ്ങനെ കൃഷിക്കാർ ഭൂഉടമകളായി മാറുകയും അവരുടെ കൃഷിയിടങ്ങളിൽ ഇഷ്ടമുള്ള കൃഷി ചെയ്യുന്നതിന് സ്വാതന്ത്ര്യമുണ്ടാവുകയും ചെയ്തു.

ഭൂവുടമകൾ കായൽ പ്രദേശത്ത് സ്വന്തമായി ബണ്ടുകൾ നിർമ്മിച്ച് ചക്രങ്ങൾ ഉപയോഗിച്ച് വെള്ളം വറ്റിച്ച് ലാഭകരമായി പുഞ്ചകൃഷി ചെയ്തുവന്നിരുന്നു. അക്കാലത്ത് തേക്കുപാട്ടും, ചക്രം ചവിട്ട് പാട്ടും, ഞാറ്റ് പാട്ടും, കൊയ്ത്തു പാട്ടും കൊണ്ട് മുഖരിതമായിരുന്നു പുഞ്ചപ്പാടങ്ങൾ (ഇന്നാകട്ടേ, കൃഷി നഷ്ടം കാരണം കാർഷിക കോളേജ് അധികൃതർ വെള്ളം വറ്റിക്കുന്നില്ല്. മാത്രവുമല്ല വണ്ടിത്തടം വാട്ടർ സപ്ലൈ സ്കീമിന് ആവശ്യമായ ജലം പമ്പ് ചെയ്യുന്നത് ഈ കായലിൽ നിന്നാണ്. ഈ കായൽ ജലം കീടനാശിനി പ്രയോഗത്താൽ മലിനപ്പെടുകയും ചെയ്യുന്നു. ഇക്കാരണത്താൽ പുഞ്ചക്കൃഷി കർഷകർ പൂർണ്ണമായും ഉപേക്ഷിക്കുകയുണ്ടായി.

വെള്ളായണി ദേവീ ക്ഷേത്രത്തിന് മുൻവശം, വെള്ളായണി, ഉപനിയൂർ, നിലമ ഈ പ്രദേശങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ നെൽകൃഷി നടത്തിവരുന്നു. കല്ലിയൂർ, പകലൂർ, നെടിഞ്ഞൽ ഏലാകളിൽ ഭാഗികമായി മാത്രമേ നെൽക്കൃഷി ഉള്ളൂ. ബാക്കി ഭാഗങ്ങളിൽ പ്രധാനമായും പച്ചക്കറികൾ, വാഴ തുടങ്ങിയവയാണ് കൃഷി ചെയ്യുന്നത്. നിലംനികത്തി തെങ്ങിൻ തോപ്പുകളാക്കുന്ന പ്രവണ ഏതാണ്ട് എല്ലാ ഏലാകളിലും രൂക്ഷമായിക്കാണുന്നുണ്ട്. നെൽക്കൃഷി നഷ്ടമാണ് എന്നതാണ് ഇതിനുള്ള കാരണമായി പറയുന്നത്. ഇക്കാര്യം സമഗ്രമായി പരിശോധിച്ച് ഈ പ്രവണതയെ പ്രതിരോധിച്ചില്ലെങ്കിൽ ഭാവിയിൽ അതുണ്ടാക്കാവുന്ന പ്രതികരണം വിവരണാതീതമായിരിക്കും.

പുഞ്ചപ്പാടങ്ങളിൽ കാഞ്ഞിരംതടിയിലും, പണ്ടാരക്കരിയിലും, മാങ്കിളിക്കരിയുടെ കുറച്ചുഭാഗത്തും നെൽക്കൃഷി ചെയ്യുന്നു. ബാക്കി പുഞ്ചപ്പാടങ്ങൾ, കുളങ്ങര പാടശേഖരം, കീഴൂർ തുടങ്ങിയവ വളരെക്കാലമായി കൃഷി ചെയ്യാതെ വെള്ളം കയറിക്കിടക്കുന്നു. 165 ഹെക്ടർ ചുറ്റളവുള്ള വെള്ളായണി കായൽ ഇപ്പോൾ പൂർണ്ണമായും വെള്ളായണി കാർഷിക കോളേജിൽ ചേർത്തിട്ടുണ്ട്. മുൻകാലങ്ങളിൽ കായൽ വറ്റിച്ച് പുഞ്ചയിറക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കുറേ വർഷങ്ങളായി പുഞ്ചക്കൃഷി നിർത്തിവച്ചിരിക്കുകയാണ്. കൃഷിയിനത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന ഭീമമായ നഷ്ടമാണ്, നിർത്തിവയ്ക്കാൻ ബന്ധപ്പെട്ട അധികൃതരെ പ്രേരിപ്പിച്ച പ്രധാന ഘടകം. കായൽ നിലങ്ങൾ നികത്തിയെടുത്ത് തെങ്ങിൻ തോപ്പുകളാക്കുക, കെട്ടിടങ്ങൾ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്നു വ്യാപകമായി നടക്കുന്നു. ഈ നശീകരണ പ്രക്രിയകൾക്കെതിരെ പ്രതിഷേധങ്ങളും രൂപപ്പെട്ടുവരുന്നുണ്ട്. പ്രകൃതിക്കുമാത്രം നൽകാൻ കഴിയുന്ന മഹാനുഗ്രഹങ്ങളിൽ ഒന്നാണ് കായൽ നിലങ്ങൾ. അവയെ നശിപ്പിച്ച് പരിസ്ഥിതിയേയും കാർഷികഘടനയേയും അട്ടിമറിക്കുന്ന ശിഥിലീകരണ വാസനകളെ ചെറുത്തു തോൽപിച്ചേ തീരൂ. മുൻകാലങ്ങളിൽ നെൽകൃഷിക്കിടയ്ക്കുള്ള ഇടവിളകളായി വയലുകളിലും, ഓണക്കൃഷി, ക്രിസ്തുമസ് കൃഷി എന്നിങ്ങനെ ഉത്സവ

കാലകൃഷികളായി കരപ്രദേശങ്ങളിലുമാണ് പ്രധാനമായും പച്ചക്കറി കൃഷികൾ ചെയ്തിരുന്നത്. എന്നാൽ ഇന്നാകട്ടേ, കർഷകത്തൊഴിലാളികളടക്കം താഴ്ന്നതരം കൃഷിക്കാരുടെ ഒരു പ്രധാന ഉപജീവനമാർഗ്ഗമായി ത്തീർന്നിരിക്കുന്നു പച്ചക്കറിക്കൃഷി. സ്വന്തമായി ഉള്ള തുണ്ടുനിലങ്ങളിലോ, വാക്കാൽ പാട്ടത്തിനു വാങ്ങുന്ന നിലങ്ങളിലോ, മാറ്റിമാറ്റി വിവിധ വിളകൾ ഇവർ നിരന്തരമായി കൃഷിചെയ്തുകൊണ്ടിരിക്കുന്നു. ചീര, പാവക്ക, പയർ, പടവലങ്ങ, വെള്ളരിക്ക, വെണ്ടക്ക, വാഴ തുടങ്ങിയവയാണ് പ്രധാന കൃഷികൾ. കല്ലിയൂർ ഏല, നെടിഞ്ഞൽ ഏല, പാലപ്പൂരു ഭാഗത്തെ നിലങ്ങൾ എന്നിവ പച്ചക്കറിക്കൃഷി കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നു.

കല്ലിയൂർ പഞ്ചായത്തിലെ ജനജീവിതത്തെ പൊതുവിലും വ്യാപകമായും സ്വാധീനിക്കുന്ന പ്രധാന കാർഷിക വിഭവം തേങ്ങതന്നെയാണ്. തേങ്ങയുടെ ഉല്പാദനത്തിലേയും, വിലയിലേയും ഏറ്റക്കുറഞ്ഞിലുകൾ, ജനങ്ങളുടെ ജീവിത നിലവാരത്തിലെ തന്നെ ഏറ്റക്കുറച്ചിലുകളായി മാറുന്നുണ്ടെന്നു നിസ്സംശയം പറയാം. പഞ്ചായത്തിന്റെ കര പ്രദേശങ്ങൾ പൊതുവേ തെങ്ങിൻ തോപ്പുകൾ തന്നെയാണ്. അവയ്ക്കിടയിലാണ് മറ്റൊരു പ്രധാന കൃഷിയായ മരച്ചീനിയും വളരുന്നത്. തെങ്ങിൻ തോപ്പുകളിൽ തന്നെയാണ് പ്ലാവും മാവും കശുമാവുമൊക്കെ വളരുന്നത്. നാമമാത്രമായ കുരുമുളകു കൃഷിയും ഇതിനിടയിൽ തന്നെ നടക്കുന്നു.

കാക്കാമൂല, പപ്പാംചാണി, നെടിഞ്ഞൽ, കല്ലിയൂർ ഭാഗങ്ങളിൽ ഒരു കാലത്ത് വ്യാപകമായിരുന്ന വെറ്റിലക്കൃഷിയും ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. ഒരു കാലത്ത് ആറാലുംമൂട്ടിൽ ചന്തകളുള്ള ദിവസങ്ങളിൽ വെളുപ്പിന് വെറ്റക്കെട്ടുകളും തലയിലേറ്റി രസകരമായ നാട്ടുവർത്തനമാനങ്ങളും പറഞ്ഞുനടന്നു നീങ്ങുന്ന ഒരു വലിയ വിഭാഗത്തെ നമ്മുടെ റോഡുകളിൽ കാണാമായിരുന്നു. ഇന്ന് ആ കൃഷിക്ക് കുറവുവന്നിരിക്കുന്നു.

ഭൂവിനിയോഗത്തേയും ഉല്പാദനക്ഷമതയേയും സംബന്ധിച്ച സ്ഥിതിവിരക്കണക്ക്

ക്രമനമ്പർ	വിള	വിസ്തീർണ്ണം ഹെക്ടർ	ഉല്പാദനക്ഷമത
1	നെല്ല്		
	ഒന്നാംവിള	100	3200Kg/H
	രണ്ടാംവിള	60	4100 Kg/H
	മൂന്നാംവിള	80	3950 Kg/H
2	പച്ചക്കറികൾ	100	15 tone/H
3	വാഴ	39	25 T/H
4	തെങ്ങ്	1058	34 nuts/tree/year
5	മരച്ചീനി	513	20T/H
6	കുരുമുളക്	5	200gm/tree
7	പ്ലാവ്	2	
8	കശുമാവ്	2	
9	മാവ്	1	
10	റബ്ബർ	0.2	
11	വെറ്റില	0.5	

(അവലംബം – കല്ലിയൂർ കൃഷിഭവൻ രേഖകൾ)

നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അവശേഷിച്ചിരിക്കുന്ന കൃഷിരീതി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് യോജിച്ചതല്ല.

ആധുനിക കൃഷിസമ്പ്രദായങ്ങളേയും, കാർഷികയന്ത്രങ്ങളുടെ ഉപയോഗത്തേയും സംബന്ധിച്ച ബോധവൽക്കരണത്തിലെ കുറവ്, ഉല്പാദനക്ഷമതകൂടിയ വിത്തിനങ്ങളുടെ അഭാവം ഇവ ഉല്പാദന ക്ഷമതയെ ബാധിക്കുന്ന ഘടകങ്ങളാണ്. പഞ്ചായത്തിലെ പ്രധാന വിളയായ തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കാനുള്ള മുന്നിട്ടുള്ള പ്രവർത്തനങ്ങളും കൃഷിഭവൻ മുഖാന്തിരം ഉണ്ടാകണം. വളപ്രയോഗത്തിലെ അസന്തുലിതയും, രോഗകീടബാധകളും പ്രധാന വിളയായ തെങ്ങിന്റെ ഉല്പാദന ക്ഷമത കുറച്ചിട്ടുണ്ട്. 'ചില്ലീടു'കൾക്ക് തടയിട്ട് എന്നും 'നല്ലീടു'ണ്ടാകണമെങ്കിൽ തെങ്ങുകളുടെ രോഗ പ്രതിരോധത്തിലും പോഷണത്തിലും കാര്യമായ ശ്രദ്ധപതിപ്പിച്ചേ തീരു.

പഞ്ചായത്തിന്റെ ജലസേചന സൗകര്യം അപര്യാപ്തമാണ്. നെയ്യാർ ഇറിഗേഷന്റെ ഭാഗമായി പഞ്ചായത്തിൽ ഉൾപ്പെട്ട ചാനലുകളിൽ ഏറിയ പങ്കും കൃഷിയ്ക്ക് ആവശ്യമായ ജലം ലഭിക്കുന്നില്ല. ഈ പഞ്ചായത്തിലെ പാലപ്പൂർ, പുങ്കുളം എന്നീ പ്രദേശങ്ങളിൽ കൂടി കടന്ന് പോകുന്ന വെള്ളായണി പടിഞ്ഞാറേക്കര ചാനലിൽ, ചാനൽ നിർമ്മിച്ചതിനുശേഷം ഇതുവരെ വെള്ളം എത്തിയിട്ടില്ല. ഈ പ്രദേശത്തെ ചാനലിൽ പാലങ്ങൾ സ്ലൂസുകൾ, സൂപ്പർപാസുകൾ ഇവ നിർമ്മിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ മയിന്റനൻസ് നടത്തിയിട്ടുള്ളതുമാണ്. ഇങ്ങനെ അനാവശ്യമായി ചെലവാക്കിയ ഭീമമായ തുക ദേശീയ നഷ്ടമാണ്.

പഞ്ചായത്തു രേഖ പ്രകാരം ഒരു കായലും 19 കുളങ്ങളും, 33 തോടുകളുമാണുള്ളത്. ഇതിൽ കുളങ്ങളിൽ ഭൂരിഭാഗവും ജലസംഭരണശേഷിയില്ലാത്ത അവസ്ഥയിലാണ്. ഇതിന്റെ പ്രധാന കാരണങ്ങൾ മണ്ണ് കുളങ്ങളിലേയ്ക്ക് ഒലിച്ചിറങ്ങുന്നതും ബണ്ടുകൾ പൊട്ടിക്കിടക്കുന്നതുമാണ്. സമീപ പ്രദേശങ്ങളിലെ വസ്തു ഉടമസ്ഥർ കൈയേറി കുളങ്ങളിൽ പലതും നശിച്ചുകൊണ്ടിരിക്കുന്നുമുണ്ട്.

ഏലാത്തറകുളം, കൊന്നയ്ക്കാട്ട് കുളം, കുളക്കോട്ടുകോണം കുളം, തെങ്ങും പള്ളിക്കോണം കുളം, മിണ്ണംകോട്ടുകുളം, പാലൂർക്കോണത്തുകുളം മേപ്പലിയൂർ കോണം കുളം, കുഴിയംവിളകുളം,

തെങ്ങ് കൃഷി സംബന്ധിച്ച് വിവരങ്ങൾ

വാർഡ് നമ്പർ	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	വിവിധരോഗങ്ങൾ ബാധിച്ച തെങ്ങുകൾ
I	2392	23473	25865	769
II	3657	18839	22396	641
III	2274	14640	16914	542
IV	5506	14180	19686	268
V	5881	13992	19873	610
VI	5881	18516	24397	439
VII	3773	16801	20574	473
VIII	6057	19381	25438	475
IX	5795	15841	21636	512
X	5197	15112	20309	644
XI	4525	8343	12868	590
XII	3123	4940	8063	632

ചെറുകിട ജലസേചനതോടുകൾ സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	തോടിന്റെ പേര്	ആകെ നീളം മീറ്റർ	ശരാശരി വീതി മീറ്റർ
1	2	3	4
1.	പള്ളിച്ചൽ തോട്	2 Km	3 Mts
2	നെടിത്തൻ തോട്	2 Km	3 Mts
3	കല്ലിയൂർതെക്കേത്തോട്	2 Km	2.5 Mts.
4	കല്ലിയൂർ വടക്കേത്തോട്	1 Km	70 cms
5	പുലിപ്പറക്കോണം തോട്	500 Mts	1 Mts
6	കുളങ്ങരതോട്	2 Km	2.5 Mts
7	തെങ്ങുപള്ളീക്കോണം തെക്കേതോട്	1 Km	1 Mts
8	തെങ്ങും പള്ളീക്കോണം വടക്കേതോട്	1 Km	1Mts
9	പറയ്ക്കോട് തോട്	1Km	1 Mts
10	മാംഗ്ലീയൂർ കരിതോട്	1 Km	1 Mts
11	കാവുംകോട്ട്കോണം തോട്	500 Mts	1 Mts
12	ചിറ്റകത്തകരിത്തോട്	1 Km	1 Mts
13	പാലപ്പൂർ തോട്	500 Mts	1 Mts
14	പാപ്പാംചാണിതോട്	1.5 Km	1Mts
15	കുഴിതാലച്ചൽകോണം തോട്	500Mts	1Mts
16.	മംഗലത്തുകോണം തോട്	750 Mts.	1 Mts
17	കുളക്കോട്ട്കോണം തോട്	750 Mts.	1 Mts
18	കോട്ടുക്കോണം തോട്	1Km	1 Mts
19	പാലൂർകോണം തോട്	500 Mts	1.5 Mts
20	പകലൂർകിഴക്കേ തോട്	500 Mts	1.5 Mts
21	പകലൂർ ഏലാ പടിഞ്ഞാറേ തോട്	500 Mts	1 Mts
22	കീഴൂർതോട്	500 Mts	1 Mts
23	മുതുവാക്കോട്കോണം തോട്	750 Mts	1 Mts
24	കക്കാകുഴി നെടിഞ്ഞൽ തോട്	750 Mts	1 Mts
25	കീഴ്പാട് തോട്	750 Mts	1 Mts
26	എള്ളുകോട് കോണം തോട്	500 mts.	1 Mts
27	മിണ്ണംകോട്ട്കോണം തോട്	500 Mts	1Mts
28	കാഞ്ഞിരത്തടി തോട്	500 Mts	1 Mts
29	മുകളൂർമൂലകരത്തോട്	250 Mts	1 Mts
30	കുന്തലംപാട്ട് തോട്	250 Mts	1Mts
31	വള്ളംകോട്കോണം തോട്	250 Mts	1Mts
32	ആലുനിന്നവിളതോട്	750 Mts	1 Mts
33	ആളോടിവിളാകം തോട്	500 Mts	1 Mts

അവലംബം : പഞ്ചായത്തുരേഖകൾ

കൊന്നയ്ക്കാട്ടുകുളം തുടങ്ങിയ കുളങ്ങൾ ഏലായേക്കാൾ താണു കിടക്കുന്നതു കൊണ്ട് കുളങ്ങളിലെ ജലം കൃഷിക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല.

കുഴിതാലച്ചൽ കോണത്തുകുളവും, മഗലത്തുകോണത്തു കുളവും അടുത്ത കാലത്ത് പുനരുദ്ധരിച്ചതാണെങ്കിലും ബണ്ട് ചോർച്ചമൂലം ഉപയോഗശൂന്യമായി കിടക്കുകയാണ്. നടത്തിപ്പിലുണ്ടായ ന്യൂനതയണ് ഇതിനു കാരണം. തോടുകളിൽ ഭൂരിഭാഗവും ഏലായെക്കാൾ താഴ്ന്ന് കൃഷിയ്ക്ക് അനുയോജ്യമല്ലാത്ത രീതിയിൽ ആയിരിക്കുന്നു. ഇതിന് പ്രധാന കാരണം മണലൂറ്റ് ആണ്. പള്ളിച്ചൽ തോട്, കല്ലിയൂർ തോടുകൾ ഇവ ഭീക്ഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

ക്രമനമ്പർ	ഇനം	എണ്ണം
1	കായൽ	1
2	കുളങ്ങൾ	1.9
3	തോടുകൾ	33

അവലംബം : പഞ്ചായത്ത് രേഖകൾ

നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം വർദ്ധിച്ചുവരുന്ന കാർഷിക ചിലവുകൾക്കനുസരണമായ വില നെല്ലിന് കിട്ടുന്നില്ല. അങ്ങനെ കൃഷിച്ചിലവിലുണ്ടായ വർദ്ധനവ് നെൽക്കൃഷിയിൽ നിന്നും കർഷകരെ അകറ്റുന്നു. അതുകൊണ്ടാണ് വയലുകളിൽ തെങ്ങു വയ്ക്കുന്നതിനും, വയലുകൾ പച്ചക്കറി കൃഷിക്കു വിട്ടുകൊടുക്കുന്നതിനും കർഷകർ നിർബന്ധിതരാകുന്നത്.

പച്ചക്കറി വിഭവങ്ങളിൽ ഒരു ചെറിയ പങ്ക് ഈ പഞ്ചായത്തിൽ തന്നെയുള്ള ഒരു പഞ്ചായത്തുവുക ചന്തയിലും രണ്ടു സ്വകാര്യ ചന്തകളിലും കൊണ്ടു പോയി വിൽക്കുന്നു. പച്ചക്കറി കൃഷിക്കാർ പ്രധാനമായും ചാലക്കമ്പോളത്തെയാണ് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ആശ്രയിക്കുന്നത്. അതുപോലെ ചില ഇടനിലക്കാർ വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിനുവേണ്ടി ഇവിടെവന്ന് കർഷകരിൽ നിന്നും ഉൽപന്നങ്ങൾ നേരിട്ടുവാങ്ങുന്നുണ്ട്.

കമ്പോളങ്ങളെ നിയന്ത്രിക്കുന്ന ഇടനിലക്കാർ പാവപ്പെട്ട് കൃഷിക്കാരെ ധാരാളമായി ചൂഷണം ചെയ്യുന്നുണ്ട്. എന്നത് പകൽ പോലെ സത്യമാണ്. പൊതുവിതരണശൃംഖലയുമായി ബന്ധപ്പെടുത്തി കാർഷിക വിഭവങ്ങൾ പൂർണ്ണമായി വാങ്ങുന്നതിനു

കൈവശഭൂമിവിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്രകർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1–2 ഹെക്ടർ)	വൻകിടകർഷകർ (2 ഹെക്ടറിനു മുകളിൽ)
I	342	2	1
II	317	3	1
III	308	4	1
IV	293	3	-
V	315	7	-
VI	310	2	1
VII	312	5	1
VIII	322	5	1
IX	302	2	-
X	297	1	-
XI	272	2	-
XII	295	3	-

സംവിധാനമുണ്ടായാലേ കർഷകരെ ഈ ചൂഷണത്തിൽ നിന്നു മോചിപ്പിക്കാനാവൂ.

നമ്മുടെ പഞ്ചായത്തിൽ മാർജിനൽ, ഇടത്തരം കൃഷിക്കാരാണ് അധികവും ഉള്ളത്. വൻകിടകൃഷിക്കാരുടെ എണ്ണം താരതമ്യേന കുറവാണ്. മാർജിനൽ ഇടത്തരം കൃഷിക്കാർ നേരിട്ടും, കർഷകത്തൊഴിലാളികളെ ഉപയോഗിച്ചും കൃഷിചെയ്തുവരുന്നു. വൻകിട കൃഷിക്കാർ കർഷകത്തൊഴിലാളികളെ മാത്രം ആശ്രയിച്ചാണ് കൃഷിചെയ്യുന്നത്. കർഷകത്തൊഴിലാളികളുടെ ലഭ്യത കുറവാണെങ്കിലും ഭൂവുടമകളും കർഷകതൊഴിലാളികളുമായി സാമാന്യം നല്ല ബന്ധമാണ് നിലവിലുള്ളത്.

വിവിധ കൃഷിപ്പണികൾക്ക് അല്പം ചില വ്യത്യാസത്തോടുകൂടിയ കൂലി നിരക്കാണെങ്കിലും പൊതുവേ, തൊഴിലാളികൾക്ക് പുരുഷനായാലും സ്ത്രീയായാലും 100 രൂപ വീതം ഇപ്പോൾ കൂലി ലഭിക്കുന്നുണ്ട്. പരിചയ സമ്പന്നരായ തൊഴിലികളുടെ അഭാവം കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ട്. പരമ്പരാഗതമായി നെൽ ക്യഷി പണി മാത്രം ചെയ്തിരുന്ന തൊഴിലാളികൾ മിക്കവാറും എല്ലാപേരും തന്നെ ഈ പണികൾ ഉപേക്ഷിച്ച് മറ്റു പല ജോലികളിലും ഏർപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഈ പണികൾ ചെയ്യുവാൻ യുവാക്കളേയും സ്ത്രീതൊഴിലാളികളേയും ഈ രംഗത്തേയ്ക്ക് ആകർഷിക്കണമെന്നുണ്ടെങ്കിൽ അവർക്ക് മതിയായ സംരക്ഷണവും മാന്യതയും ഈ തൊഴിലിൽ ഉറപ്പു വരുത്തണം. മാത്രവുമല്ല ഈ തൊഴിൽ ചെയ്യാനുള്ള പരിശീലനവും അവർക്ക് കൊടുക്കണം. എങ്കിൽ മാത്രമേ നെൽക്കൃഷി ചെയ്യുവന്ന കർഷകർ ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് ശാശ്വതമായ പരിഹാരം കാണാൻ കഴിയുകയുള്ളു.

കർഷക തൊഴിലാളി പെൻഷൻ, കർഷകതൊഴിലാളിക്ഷേമനിധി, ഇവയുടെ ആനുകൂല്യങ്ങൾ അർഹരായവർക്ക് കൃത്യമായി ലഭിക്കുന്നതിനു നടപടി വേണം.

തൊഴിൽ പങ്കാളിത്തം : കാർഷിക മേഖല

ക്രമ നമ്പർ	വിഭാഗം	പുരുഷൻമാർ	സ്ത്രീകൾ
1	കർഷകർ	1189	168
2	കർഷകത്തൊഴിലാളികൾ	2661	488

ജൈവവളങ്ങളുടെ ലഭ്യതക്കുറവും, അധിക ചെലവും കാരണം രാസവളപ്രയോഗം ക്രമാതീതമായി കൂടിവരുന്നതായിട്ടാണ് കാണുന്നത്. രാസവള സബ്സിഡി നിർത്തിയത് കാരണം ഫാക്ടം ഫോസിന് അമിതമായി വിലവർദ്ധിച്ചിരിക്കുന്നു. എന്നാൽ നൈട്രേറ്റ് വളങ്ങൾക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. ഈ നടപടി കേരളത്തിലെ കർഷകരെ ശ്വാസം മുട്ടിക്കുന്നതും ഉത്തരേന്ത്യൻ കർഷകരെ സഹായിക്കുന്നതുമാണ്. ഈ നടപടി ഉടൻ പിൻവലിക്കുകയും സബ്സിഡി ഏർപ്പെടുത്തുകയും വേണം.

കീടനാശിനികളുടെ ഉപയോഗത്തിൽ കർശനമായ നിയന്ത്രണങ്ങളും വ്യക്തമായ നിർദ്ദേശങ്ങളും ഉണ്ടാകണം. സമീപകാലത്തായി അമിത രാസവള കീടനാശിനി പ്രയോഗങ്ങൾ ഉയർത്തിയിരിക്കുന്ന പ്രകൃതി പ്രശ്നങ്ങൾ നാം ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ശുദ്ധജല തടാകങ്ങളിലൊന്നായ വെള്ളായണിക്കായൽ ഈ പ്രദേശത്താണെന്ന് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ കായൽ വറ്റിച്ച് കൃഷിയിറക്കുകയാണെങ്കിൽ അവിടെ പ്രയോഗിക്കുന്ന രാസവള, കീടനാശിനികൾ ഭാവിയിൽ ഉയർത്താവുന്ന പ്രശ്നങ്ങൾ ആലോചിക്കണം. പ്രത്യേകിച്ച് കുടിവെള്ള പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്.

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ.

1. പഞ്ചായത്തിലെ മുഴുവൻ നെൽപ്പാടങ്ങിലും ഗ്രൂപ്പ് ഫാമിംഗ് നടപ്പിലായിട്ടില്ല.

2. പാലപ്പൂർ, പാപ്പാഞ്ഞാണി, ആനക്കുഴി, കരിയറത്തല, ശാസ്താം കോവിൽനട, പെരിങ്ങമ്മല, ആർ, സി. ചർച്ചിന് താഴെ, പാപപ്പറത്തേരി, കുളക്കോട്ട്കോണം,ചുടു കണ്ടാംവിള, എള്ളുക്കോട്ടുകോണം, വേവിള, കുണ്ടറത്തേരി, വെയിലൂർകോണം, പൊറ്റവിള എന്നീ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് അധികം അനുഭവപ്പെടുന്നു.

3 ഉപനിയൂർ പാടശേഖരത്തിൽ പള്ളിച്ചൽ തോട്ടിൽ നിന്നും വയലിലേക്ക് വെള്ളംകൊണ്ടു പോകുന്നതിന് കഴിയുന്നില്ല.

4. ഒന്നും, രണ്ടും വാർഡുകൾ, 4-ാം വാർഡിലെ കുളങ്ങര, കാക്കാമൂല പ്രദേശം, മിണ്ണംകോട്, കല്ലിയൂർ, പൊറ്റവിള, കുളക്കോട്ടുകോണം, കുപ്പയ്ക്കൽ, കുറുവാണി. പ്ലാവൂർകോണം, പൊറ്റ

വിള എന്നീസ്ഥലങ്ങളിൽ ജലസേചന സൗകര്യം ഇല്ല.

5. നെൽപ്പാടങ്ങൾ, പുഞ്ചപ്പാടങ്ങൾ, കായൽ നിലങ്ങൾ എന്നിവ വ്യാപകമായി നികത്തി തെങ്ങു കൃഷിയും മറ്റും നടത്തുന്നു.

6. എലികൾ കൃഷിയെ വ്യാപകമായി നശിപ്പിക്കുന്നു. കൂടാതെ തെങ്ങിനെ മാരമായി ബാധിക്കുന്ന കോറിക് ബഗ്ഗിന്റെ ആക്രമണം അതിരൂക്ഷമായിക്കൊണ്ടിരിക്കുന്നു. പച്ചക്കറിക്കൃഷിയേയും കീടനങ്ങൾ ദോഷകരമായി ബാധിക്കുന്നു. വാഴക്കൃഷിയിൽ തടതുരപ്പൻ പുഴുവിന്റെ ആക്രമണം വളരെ കൂടുതലാണ്.

7. ഫാം റോഡുകൾ, ഫാം ഹൗസുകൾ, ഫാം യാർഡുകൾ എന്നിവയുടെ അഭാവം യന്ത്രവൽക്കരണത്തിന് തടസമാകുന്നു.

8. അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, നല്ലയിനം നടീൽവസ്തുക്കൾ എന്നിവയുടെ അഭാവം അനുഭവപ്പെടുന്നു.

9. ജലനിർഗ്ഗമന സൗകര്യം കുറവായതിനാൽ താഴ്ന്ന പ്രദേശങ്ങളിൽ നെൽക്കൃഷി ഉൾപ്പെടെ മറ്റു കൃഷികളും അസാധ്യമായിതീരുന്നു.

10. കൂലിയും മറ്റു കൃഷി ചെലവുകളും വർദ്ധിക്കുന്നത് കാർഷികവൃത്തിയെ നഷ്ടമാക്കുന്നു.

11. പരിചയസമ്പന്നരായ കർഷകത്തൊഴിലാളികളുടെ അഭാവം

12. ഉല്പന്നങ്ങൾക്ക് ന്യായവില കിട്ടുന്നില്ല.

13. കൃഷിക്കാരന് സമൂഹത്തിൽ മാന്യത ലഭിക്കുന്നില്ല.

14. ശരിയായ വിധത്തിലുള്ള വായ്പ സൗകര്യം ലഭ്യമല്ല.

15. ജലസേചന സൗകര്യങ്ങൾ ശരിയായ വിധത്തിൽ നടത്തുകയോ ദുർവിനിയോഗം ചെയ്യുന്നത് തടയുകയോ ചെയ്യുന്നില്ല.

16. കാഡ പദ്ധതി വ്യാപകമായിട്ടില്ല.

17. അർഹരായ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഉചിതമായ അവാർഡുകളോ, മറ്റു സംവിധാനങ്ങളോ ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല.

18. കരയിൽ നെൽകൃഷി ചെയ്യുന്നതിനു വേണ്ട സംവിധാനം ഇതുവരെ ഉണ്ടായിട്ടില്ല.

19. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് അർഹമായ ആനുകൂല്യം നൽകുന്നില്ല.

20. രാസവളം, കാർഷികോപകരണങ്ങൾ കീടനാശിനികൾ എന്നിവയ്ക്ക് അമിതമായ വില ഈടാക്കുന്നു.

21. തോടുകളിൽ മണലൂറ്റ് വ്യാപകമായി നടക്കുന്നതിനാൽ തോടുകൾ ഏലായെക്കാൾ താഴുകയും കൃഷിക്ക് ജലം ഉപയോഗിക്കാൻ കഴിയാതെ വരുകയും ചെയ്യുന്നു.

22. ആധുനിക രീതിയിലുള്ള ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചുള്ള ബോധവൽക്കരണം കൃഷിക്കാരിൽ എത്തുന്നില്ല.

23. മണ്ണുപരിശോധനയ്ക്കുള്ള സംവിധാനം ഇല്ലത്തതിനാൽ അനുയോജ്യമായ കൃഷിയെക്കുറിച്ചും വളപ്രയോഗത്തെക്കുറിച്ചും കർഷകർ അജ്ഞാതരാണ്.

24. കീഴൂർ ഏലായിൽ നിന്നും ആരംഭിക്കുന്ന തോട് പുതുക്കിപണിയണം.

ഗ്രാമസഭാതലത്തിലും മറ്റും ഉയർന്നുവന്ന പരിഹാരനിർദ്ദേശങ്ങൾ

1. ഉപനിയൂർ പാടശേഖരത്തിൽ മാത്രമേ ഇപ്പോൾ ഗ്രൂപ്പ് ഫാമിംഗ് ഫലപ്രദമായി നടക്കുന്നുള്ളു. പഞ്ചായത്തിലെ മുഴുവൻ ഏലാകളിലും ഗ്രൂപ്പ് ഫാമിംഗ് നടത്തിയാൽ നെൽക്കൃഷി വ്യാപകമാക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയും.

2. പിറച്ചൽ നടയിൽ പള്ളിച്ചൽ തോടിൽ നിലവിലുള്ള ഷട്ടർ അറ്റകുറ്റ പണികൾ നടത്തി തോടിന് വടക്കു വശത്തുള്ള ഏലായിൽ വെള്ളം കടത്തിവിടുക. അതിനുശേഷം ഏലായിലെ എല്ലാ നിലങ്ങളിലും വെള്ളം ലഭ്യമാകത്തക്കവിധം കാഡ മോഡൽ ചാലുകൾ നിർമ്മിച്ച് സൗകര്യപ്രദമാക്കുക

3. ചരിവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി രാമച്ചം, ഗിനിപ്പുല്ല് തുടങ്ങിയ പുല്ലുകൾ വച്ചുപിടിപ്പിക്കുക, കല്ല് അടുക്കുക തുടങ്ങിയ രീതികൾ അടിയന്തിരമായി നടപ്പിലാക്കുക.

4. ഒന്നും രണ്ടും വാർഡുകളിലും കാക്കാമൂല കുളങ്ങര പ്രദേശങ്ങളിലും ചാനൽ വെള്ളം ലഭ്യമാക്കുക.,

5. പൊറ്റവിള, കുളക്കോട്ടുകോണം, ചുടുകണ്ടാം വിള ഈപ്രദേശങ്ങളിലേക്ക് വെള്ളമെത്തി

ക്കാൻ കുളക്കോട്ടുകോണം കുളം, ഏലാത്തറക്കുളം ഇവയുടെ ആഴം വർദ്ധിപ്പിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക. ഈ പദ്ധതി മൂലം 50 ഏക്കറോളം വരുന്ന പ്രദേശത്ത് കരകൃഷി വർദ്ധിപ്പിക്കാൻ കഴിയും. ഇതിലൂടെ വയലുകളിൽ ഇന്നു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പച്ചക്കറിക്കൃഷി പരിപോഷിപ്പിക്കുന്നതിനും കഴിയും.

6. വെയിലൂർകോണം കുളം ആഴം വർദ്ധിപ്പിച്ച് വെള്ളം സംഭരിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടത്തിയാൽ കുണ്ടറത്തേരി പകലൂർ പ്രദേശത്ത് ഏകദേശം 25 ഏക്കർ സ്ഥലത്ത് ജലസേചന സൗകര്യം ഉണ്ടാക്കാൻ കഴിയും.

7. തെങ്ങും പള്ളിക്കോണം കുളം ആഴം വർദ്ധിപ്പിച്ച് സൈഡ് കെട്ടി വെള്ളം സംഭരിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടത്തിയാൽ ആർ.സി. ചർച്ച് കാറ്റാടി പൊറ്റ, പെരിങ്ങമ്മല തുടങ്ങിയ 30 ഏക്കറോളം പ്രദേശത്ത് നെല്ല്, പച്ചക്കറി കൃഷികൾ വ്യാപിപ്പിക്കാൻ കഴിയും.

8 1-ാം വാർഡിൽ വെള്ളായണി കായലിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ നടത്തിയാൽ ഉയർന്ന് പ്രദേശങ്ങളായ പാലപ്പൂർ, തെറ്റിവിള, കാക്കാമൂല തുടങ്ങിയ സ്ഥലങ്ങളിൽ കൃഷി പരിപോഷിപ്പിക്കാൻ സാധിക്കും.

9. മിണ്ണംകോട് കുളത്തിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻനടത്തിയാൽ പുന്നമൂട്, കല്ലിയൂർ, കേരളേശ്വരം പ്രദേശങ്ങളിൽ കൃഷി നടത്താൻ കഴിയും.

10. പ്ലാവോട് കുളം, പാലൂർകോണം കുളം തുടങ്ങിയ കുളങ്ങളിൽ നിന്ന് ലിഫ്റ്റ് ഇറിഗേഷൻ നടത്തിയാൽ ജലസേചന സൗകര്യം ഏറ്റവും കുറഞ്ഞ പൊറ്റവിള, ചന്തനട, തുടങ്ങിയ സ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് കഴിയും.

11. നെൽപ്പാടങ്ങൾ നികത്തി തെങ്ങ് നടുന്നത് ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. പുഞ്ചപ്പാടങ്ങളും, കായൽ നലങ്ങളും നികത്തി തെങ്ങ് നടുന്നത് രൂക്ഷമായ പരിസ്ഥിതി പ്രശ്നത്തിനും അതുവഴി വെള്ളത്തിന്റെ അളവ് കുറയുന്നതിനും കാരണമാകുന്നു. കായൽ ഇന്നുള്ള നിലയിൽ സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

12. എലി നശീകരണത്തിന് വളരെ പ്രാധാന്യം നൽകണം. എലിനശീകരണത്തിനുള്ള പരിശീലനം നൽകിയും സിങ്ക് ഫോസ്ഫൈറ്റ് പോലുള്ള വിഷവസ് തുക്കൾ നൽകിയും ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കണം.

13. കോറിക് ബഗ്ഗിന്റെ ആക്രമണം തടയുന്നതിന് വേണ്ടി കേരവികസന സമിതിയുടെയും കൃഷി വകുപ്പിന്റേയും സഹായത്തോടെ വിപുലമായ പദ്ധതികൾ ആ വിഷ്കരിക്കണം.

14. കീടനാശിനികൾ ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനം ഊർജ്ജിതമാക്കണം.

15. കൃഷിച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി യന്ത്രസാമഗ്രികൾ പാടത്ത് എത്തിക്കുന്നിതും ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി താഴെ പറയുന്ന റോ ഡുകൾ അറ്റകുറ്റപണി ചെയ്ത് ഗതാഗതയോഗ്യമാക്കുക.

1. പാലപ്പൂർ കോവിൽ വിളറോഡ്
2 കാക്കാമൂല നെടിഞ്ഞൽ റോഡ്
3 നെടിഞ്ഞൽ വാട്ടർ സപ്ലൈ റോഡ്
4 കീഴ്പ്പാട് കണ്ണൻ കുഴി റോഡ്
5 തെറ്റിവിള കുഴിതാലച്ചൽ
6 തെറ്റിവിള കരിയറത്തല കുളക്കോട്ടുകോണം റോഡ്
7 പെരിങ്ങമ്മല തെങ്ങുംപള്ളിക്കോണം റോഡ്
8 പാറയിൽ ആർ.സി. ചർച്ച് റോഡ്
9 അഞ്ചുതമ്പുരാൻ റോഡ്
10 വള്ളംകോട് പുതുവൽ റോഡ്
11 കല്ലിയൂർ പകലൂർ റോഡ്
12 വള്ളംകോട് നിലമ റോഡ്
13 വള്ളംകോട്, പുളിക്കാക്കുളം, ശാസ്താംകോവിൽ റോഡ്
14 ചിലനാട് കുടുംബന്നൂർ റോഡ്
15 പൊറ്റവിള, വെള്ളായണി റോഡ്
16 അപ്പുക്കുട്ടൻ നായർ റോഡ്
17 ശിവൻകോവിൽ പണ്ടാരക്കരി റോഡ്
18 കുടുംബന്നൂർ നിലമ റോഡ്

16 ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുന്ന സ്ഥലങ്ങളിൽ എല്ലാം ഫാം ഹൗസും ഫാം യാർഡും സ്ഥാപി

ക്കണം.

17 അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യണം നല്ലയിനം തൈകൾ കിട്ടുന്നതിനുവേണ്ടി നഴ്സറികൾ സ്ഥാപിക്കണം.

18 താഴ്ന്ന പ്രദേശങ്ങളിൽ തോട് നിർമ്മിച്ച് വെള്ളം വാർന്നുപോകുന്നതിന് സാഹചര്യം ഉണ്ടാക്കണം.

19. നാളികേരം, നെല്ല് എന്നിവയ്ക്ക് താങ്ങ് വില നൽകുക. മറ്റ് കാർഷികഉല്പനങ്ങൾക്ക് ന്യായ വില ഉറപ്പുവരുത്തുന്ന തരത്തിൽ ഉൽപ്പനങ്ങൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിച്ച് വിതരണം നടത്തുന്നിതനുവേണ്ട സം വിധാനം ഉണ്ടാക്കണം.

20. ആധുനിക സമ്പ്രദായങ്ങൾ പരിശീലിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് സന്നദ്ധരാക്കേണ്ടതാണ്.

21. കർഷകന് മാന്യത ലഭിക്കുന്നതിനുവേണ്ട ബോധവൽക്കരണം സർക്കാർ തലത്തിൽ നടത്തണം.

22. കാർഷിക വായ്പ യഥാർത്ഥ കർഷകന് ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുകയും വായ്പാ സൗകര്യം ലഘൂകരിക്കുകയും വേണം.

23. പാടശേഖര കമ്മിറ്റികൾ ഉണ്ടായികഴിഞ്ഞാൽ ശരിയായ ജലസേചന സൗകര്യങ്ങൾ ഉണ്ടാവുകയും ജലം ദുർവിനിയോഗം ചെയ്യുന്നത് തടയാനും കഴിയും.

24. നിലവിലുള്ള കാഡ പദ്ധതി അറ്റകുറ്റപ്പണി നടത്തുകയും ഈ പദ്ധതി എത്തിയിട്ടില്ലാത്ത ജലസേചന സൗകര്യം തീരെ കുറഞ്ഞ മറ്റ് സ്ഥലങ്ങളിൽ കൂടി വ്യാപിപ്പിക്കുകയും ചെയ്യണം.

25. ഉല്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിലും കൃഷിഫലപ്രദമായും വിജയകരമായും നടത്തുന്ന കർഷകരെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുക വഴി മറ്റുള്ള കർഷകരിലും മത്സരബുദ്ധി ഉണ്ടാക്കുവാൻ കഴിയും അതുകൊണ്ട് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ ക്യാഷ് അവാർഡുകലും മറ്റു പ്രോത്സാഹനസമ്മാനങ്ങളും അടിയന്തിരമായി സംഘടിപ്പിക്കണം.

26. കരയിൽ നെൽകൃഷി ചെയ്യുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ജലസേചനത്തിന് ലിഫ്റ്റ് ഇറിഗേഷൻ, കാഡ, തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

27. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന മുഴുവൻ കർഷകർക്കും ആനുകൂല്യം ലഭിക്കുന്ന രീതിയിൽ നിലവിലുള്ള ആനുകൂല്യം വർദ്ധിപ്പിക്കുകയും വിള ഇൻഷ്വറൻസ് പഞ്ചായത്ത് തലത്തിൽ വ്യാപകമായി നടപ്പിലാക്കുകയും ചെയ്യണം.

28 കാർഷിക ഉപകരണങ്ങൾ രാസവളങ്ങൾ, കീടനാശിനികൾ എന്നിവയ്ക്ക് സർക്കാർ തലത്തിൽ സബ് സിഡി ഏർപ്പെടുത്തുന്നതു വഴിമാത്രമേ ടി. സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് കർഷകന് ലഭിക്കുകയുള്ളു.

29. തോടുകളിലേയും കുളങ്ങളിലേയും മണ്ണ് കർശനമായി തടയുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

30. തോടുകളിൽ ആവശ്യം വേണ്ട സ്ഥലത്ത് ചീർപ്പുകൾ കെട്ടി തോട് സംരക്ഷിക്കുയും ഒരു പ്രത്യേക സ്ഥലത്ത് മണൽ (തോട് അവസാനിക്കുന്ന ഭാഗത്ത് നിന്നും) ശേഖരിക്കാനും ലൈസൻസ് ഏർപ്പെടുത്തുന്നതും ഫലപ്രദമായ നടപടിയാണ്. പള്ളിച്ചൽതോട് കല്ലിയൂർ തോട്, നെടിഞ്ഞൽ തോട്, തെങ്ങുംപള്ളിക്കോണം തെക്കേതോട്, വടക്കേ തോട് എന്നിവ ഇതിനുദാഹരണമാണ്.

31 സന്നദ്ധ സംഘടനകളുടെ സേവനവും കൃഷിഭവനിലെ ഉദ്യോഗസ്ഥരുടെ സേവനവും പരമാവധി പ്രയോജനപ്പെടുത്തക്കവിധം പദ്ധതികൾ ആവിഷ്കരിക്കുക.

32. മണ്ണ് പരിശോധനായൂണിറ്റുകൾ കൃഷിഭവനിൽ സ്ഥാപിക്കുക വഴി പഞ്ചായത്തിലെ മുഴുവൻ സ്ഥലത്തുമുള്ള മണ്ണിന്റെ തരവും ഗുണവും മനസ്സിലാക്കുകയും അതുവഴി അനുയോജ്യമായ കൃഷിയെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കാനും കഴിയും.

33 പൂങ്കുളം തോടും, കീഴൂർ തോടും ജലസേചനത്തിന് സൗകര്യപ്പെടത്തക്കവിധം പുതുക്കിപ്പണിയണം.

34 വളരെവേഗം ഫലംലഭിക്കുന്നതും താരതമ്യേന ചിലവു കുറഞ്ഞതുമായ കുൺ കൃഷി കാർഷിക സർവ്വകലാശേയുടെയും കൃഷിഭവന്റേയും ആഭിമുഖ്യത്തിൽ കർഷകരെ പരിശീലിപ്പിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യാപകമാക്കുന്ന

തിനുള്ള സത്വര നടപടികൾ സ്വീകരിക്കണം. കല്ലിയൂർ പഞ്ചായത്തിൽ 7-ാം വാർഡ് പുന്നമൂട് ഭാഗത്ത് വിജയകരമായി ഈ കൃഷി നടന്നുവരുന്നു.

35 പുഷ്പ അലങ്കാര ചെടികൾ നടുന്നതിനുള്ള സ്ഥലം കണ്ടുപിടിക്കുകയും, വ്യക്തികൾക്കും സംഘടനകൾക്കും അർഹമായ പ്രോത്സാഹനം നൽകി ടി കൃഷിയെ പ്രോതാസാഹിപ്പിക്കുകുയം വേണം.

36 കാർഷിക ലോണുകൾ പണമായി തിരിച്ചടയ്ക്കുന്നതിനുപകരം സഹകരണ സംഘങ്ങൾ വഴി കാർഷികോൽപ്പന്നങ്ങൾ സ്വീകരിച്ച് ലോൺ തിരിച്ച് പിടിയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

37 കല്ലിയൂർ പഞ്ചായത്തിനെ പച്ചക്കറി ഗ്രാമമായി പ്രഖ്യാപിക്കുന്നതിന് സർക്കാർ തലത്തിൽ വേണ്ട നടപടി സ്വീകരിക്കണം.

38 പാടശേഖര കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ കാർഷികോപകരണങ്ങൾ കുറഞ്ഞ വാടക നിരക്കിൽ ലഭിക്കത്തക്ക രീതി അവലംബിക്കണം.

39. സുഗന്ധവിളകളായ ഏലം, ഗ്രാമ്പൂ, കുരുമുളക്, ഇഞ്ചി, ജാതി മുതലായവ കൃഷിചെയ്യുന്നതിന് ആവശ്യമായ നല്ലയിനം വിത്തുതൈകളും കൃഷിആഫീസ് മുഖേന ലഭ്യമാക്കുകയും ആവശ്യമായ ആനുകൂല്യങ്ങൾ നൽ കി ഈ കൃഷിയെ പ്രോത്സാഹിപ്പിക്കുകയും വേണം.

40 കാർഷിക ആവശ്യത്തിന് വൈദ്യുതി നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കുകയും വൈദ്യുത നിരക്കിൽ ഗണ്യമായ കുറവ് വരുത്തുകയും ചെയ്യണം.


41. ചെലനാട് നടയിൽ പള്ളിച്ചൽ തോടിന് ഷട്ടർ ഇടുകയും ജലസേചന സൗകര്യം ഉണ്ടാക്കുന്നതിന് പ്രാധാന്യം നൽകുകയും ചെയ്യണം.

42 പഴയ കിണറുകൾ പുതുക്കുന്നതിനുള്ള സബ് സിഡി ആവശ്യമാണ്.

43 പമ്പ് സെറ്റ്, കിണറ് എന്നിവയ്ക്ക് (സമഗ്രനാളികേര പദ്ധതിയിൽ) സബ്സിഡി നൽകുന്നതിന് ലോൺ നിർബന്ധിതമാക്കാതിരിക്കുക.

44 രോഗബാധിത തെങ്ങുകൾ മാറ്റി പുതിയ തെങ്ങുകൾ വച്ച് പിടിപ്പിക്കുന്നതിന് സബ്സിഡിയും, തൈകൾ സൗജന്യമായും നൽകുക.

6



മൃഗസംരക്ഷണവും, മത്സ്യബന്ധനവും

കല്ലിയൂർ പഞ്ചായത്തിൽ കാർഷികവൃത്തിക്കു തുല്യമായ പ്രാധാന്യം നേടിയിരുന്ന ഒരു മേഖലയായിരുന്നു മൃഗസംരക്ഷണം. പാൽ, മാംസം, ചാണകം എന്നിവയുടെ ലഭ്യതയ്ക്കു പുറമേ, ഉഴവ് മരമടി തുടങ്ങിയ കാർഷികാവശ്യങ്ങൾക്കും വണ്ടി വലിക്കുന്നതിനുമായിരുന്നു കന്നുകാലികളെ വളർത്തിയിരുന്നത്. ഏതാണ്ട് 30 വർഷങ്ങൾക്കു മുമ്പുവരെ ഈ പ്രദേശത്തുകാർ യാത്ര ചെയ്യുന്നതിനു വേണ്ടി 'വില്ലുവണ്ടിയും സാധനങ്ങൾകൊണ്ടുപോകുന്നതിനു'ഭാരവണ്ടി'യും ഉപയോഗിച്ചിരുന്നു. വില്ലുവണ്ടിയും ഭാരവണ്ടിയും വലിച്ചിരുന്നത്, കഴുത്തിൽ കുടമണിയും കൊമ്പിൽ തിളങ്ങുന്ന ''കുപ്പി''കളും ധരിച്ച കരുത്തും ചന്തവുമുള്ള 'കാളന്മാരാ'യിരുന്നു. ചെമ്മൺ പാതകളിൽ പൊടിപാറിച്ച് കുടമണികിലുക്കി കടകടാരവത്തോടെ വന്നുപൊയ്ക്കൊണ്ടിരുന്ന 'കാളവണ്ടി'കൾ, ആധുനിക വാഹനങ്ങൾക്കായി ഏതാണ്ടു പൂർണ്ണമായിത്തന്നെ വഴിയൊഴിഞ്ഞ് എങ്ങോ പോയ് മറഞ്ഞിരിക്കുന്നു. അതുപോലെ ഉഴവു മാടുകളും നമ്മുടെ വയലുകളെ ആധുനിക കൃഷിസങ്കേതങ്ങൾക്കു കൈമാറി തങ്ങളുടെ കലപ്പയും കോലുമായി കാലത്തിന്റെ കാണാക്കളങ്ങളിലേക്ക് യാത്രയാവുകയാണ്.

കൂട്ടുകുടുംബവ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് തരിശുഭൂമി ധാരാളമായുണ്ടായിരുന്നു. അങ്ങിനെയുള്ള തരിശുശൂഭൂമികളിൽ, ഓരോ കുടുംബവും തങ്ങളുടെ കാലികളെ രാത്രി സംരക്ഷിക്കുന്നതിനു വേണ്ടി പ്രത്യേകം വളച്ചു കെട്ടി തയ്യാറാക്കിയ'കറ്റൂടി'കൾ നിർമ്മിച്ചിരുന്നു. ഈ മൃഗങ്ങൾക്കു പ്രത്യേക പരിരക്ഷകളോ പ്രത്യുല്പാദന സൗകര്യങ്ങളോ ചെയ്തുകൊടുത്തിരുന്നില്ല. എങ്കിലും പ്രകൃതിക്കനുസരിച്ചു ജീവിച്ച ഇവയുടെ എണ്ണം കുറഞ്ഞിരുന്നില്ല. ഏതാണ്ട് രണ്ടു പതിറ്റാണ്ടു മുമ്പുവരെ പെണ്ണുരുക്കളെ 'മേയൽ' കൊടുക്കുന്ന സമ്പ്രാദയമുണ്ടായിരുന്നു. ആദ്യത്തെ കുട്ടിയെ മേയ്ക്കുന്നയാൾ എടുത്തിട്ട് രണ്ടാമതു പ്രസവിക്കുമ്പോൾ ആ കുട്ടിയെയും പശുവിനേയും കൂടി ഉടമയ്ക്കു തിരിച്ചേല്പിക്കണം. ഇതാണു 'മേയൽ' സമ്പ്രദായം. ആദ്യകാലത്ത് ഒരു പ്രത്യേക വർഗ്ഗം എന്നു പറയാൻ കഴിയാത്ത 'നാടൻ' കന്നുകാലികളാണ് ഉണ്ടായിരുന്നത്. തുടർന്ന് വെച്ചൂർ, നെല്ലൂർ, കറാച്ചി എന്നീ ഇനം കന്നുകാലികൾ ഇവിടെ പ്രചാരത്തിൽ വരികയുണ്ടായി.

പട്ടിക (വളർത്തു മൃഗസംഖ്യ 1996)

കാള		പശു					
നാടൻ	സങ്കരം	നാടൻ	സങ്കരം	എരുമ	പോത്ത്	ആട്	പട്ടി
41	142	273	1974	891	125	2919	3011

അവലംബം: മൃഗാശുപത്രിരേഖകൾ

പരമ്പരാഗത കാലികൾക്കു പകരം അത്യുല്പാദന ശേഷിയുള്ള പുതിയ സങ്കര ഇനം കന്നുകാലികളുടെ വരവോടെ കാലിവളർത്തൽ മേഖലയിൽ ഒരു പുതിയ യുഗം പിറക്കുകയായി. 1950 കളിൽത്തന്നെ കല്ലിയൂർ ക്ഷീര വ്യവസായ സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിൽ കൃത്രിമ ബീജസങ്കലന പരിപാടി ഈ പ്രദേശത്തും നടപ്പിലാക്കിത്തുടങ്ങി. അങ്ങനെ ഈ പഞ്ചായത്തിലും അത്യുല്പാദന ശേഷിയുള്ള 'ജേഴ്സി' വർഗ്ഗത്തിൽപ്പെടുന്ന പശുക്കൾ ധാരാളമുണ്ടായി. തുടർന്ന് ബ്രൗൺ സ്വിസ്, ഹോൾസ്റ്റീൻ, ഡാനിഷ് റെഡ്, സുനന്ദിനി, ആഷെയർ തുടങ്ങിയ സങ്കര ഇനങ്ങളിൽപ്പെട്ട പശുക്കളും വ്യാപകമായി പ്രചരിച്ചു.

പട്ടിക
കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	2247	825	340
എരുമ	891	33	14

അവലംബം: മൃഗാശുപത്രിരേഖകൾ

സൂറ്റ്, മുറ, നീലി, റാബി എന്നീ ഇനങ്ങളിലുള്ള എരുമകളും ജമുന, പാരി, മലബാറി, സാനൻ എന്നീ ഇനങ്ങളിലുള്ള ആടുകളും പ്രചാരത്തിൽ വന്നു. നാടൻ ഇനങ്ങളെ അപേക്ഷിച്ച് അത്യുല്പാദനശേഷിയുള്ള പുതിയ സങ്കരവർഗ്ഗകാലികൾ കർഷകന് വളരെയേറെ ആദായകരമായിത്തീർന്നു. അതുകൊണ്ടുതന്നെ സങ്കരഇനങ്ങൾക്കുവേണ്ടി നാടൻ വർഗ്ഗങ്ങൾ തൊഴുത്തൊഴിഞ്ഞു കൊണ്ടിരിക്കുന്നു.

കച്ചിയിലും കാടിയിലും കണ്ടങ്ങളിലെ പുല്ലുമേച്ചിലിലും നിന്ന് അടിമുടി മാറിക്കഴിഞ്ഞിരിക്കുന്നു ഇന്നത്തെ മൃഗപരിപാലനരീതികൾ. നല്ലയിനം തീറ്റപ്പുല്ലുകൾ നട്ടുവളർത്തി കാലികളെ തീറ്റുന്നു. പോഷ

കസമൃദ്ധമായ മറ്റാഹാരങ്ങൾ നല്കുന്നു. യഥാസമയം രോഗപ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നു വിദഗ്ധ പരിശീലനം ലഭിച്ചവരുടെയും മൃഗസംരക്ഷണ സ്ഥാപനങ്ങളുടെയും സേവനം ഈ മേഖലയുടെ വളർച്ചയെ ഒട്ടേറെ സഹായിച്ചു.

പഴയകാലത്ത് വിപണന സൗകര്യം വളരെ കുറവായിരുന്നു. പാൽ ഉല്പന്നങ്ങളായ വെണ്ണ, തൈര്, മോര് തുടങ്ങിയവ വീടുകളിൽത്തന്നെ തയ്യാറാക്കി ദൂര സ്ഥലങ്ങളിൽ കൊണ്ടുപോയി വില്ക്കുകയായിരുന്നു പതിവ്. 1950 കളിൽ രൂപംകൊണ്ട സഹകരണ സംഘങ്ങൾ വിപണന സാദ്ധ്യതകൾ വർദ്ധിപ്പിച്ചു. ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം, ചില കുടുംബങ്ങൾ പാലുല്പന്നങ്ങളുണ്ടാക്കി വിപണനം ചെയ്തിരുന്നതിനുപുറമേ 'പാലുകച്ചവടക്കാർ' കാലികർഷകരിൽനിന്നും പാലുവാങ്ങി തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങളി ലും കൊണ്ടു പോയി വില്ക്കുമായിരുന്നു. എന്നാൽ കല്ലിയൂർ ക്ഷീരവ്യവസായ സഹകരണസംഘം രൂപകൊണ്ടതോടു കൂടിവിപണന സൗകര്യം വളരെയേറെ മുന്നോട്ടുപോയി.

1996 ലാണ് കല്ലിയൂരിൽ ഒരു മൃഗാശുപത്രി സ്ഥാപിച്ചത്. ഇതുവരെ സമീപപഞ്ചായത്തുകളിലെ മൃഗാശുപത്രികളെയാണ് ഈ പ്രദേശത്തുള്ളവർ ആശ്രയിച്ചിരുന്നത്. ICDP സെൻററിൻെറ പ്രവർത്തനവും സർക്കാർ മൃഗാശുപത്രിയുടെ പ്രവർത്തനവും തൃപ്തികരമായിത്തന്നെ നടക്കുന്നുണ്ട്.

അത്യുല്പാദന ശേഷിയുള്ള കാലികൾക്ക് രോഗം വരാൻ സാദ്ധ്യത കൂടുതലാണ്. ഇതിൽ കുളമ്പുരോഗം, അകിട്വീക്കം, അടപ്പൻ തുടങ്ങിയ മാരകരോഗങ്ങൾ കാലികർഷകർക്ക് ഭീഷണിയായി മാറികൊണ്ടിരിക്കുകയാണ്.

ക്ഷീരവികസനം

ക്ഷീരസമ്പത്തു കൂടുതലുള്ള ഒരു പ്രദേശമാണ് കല്ലിയൂർ പഞ്ചായത്ത്. കൂടുതൽ പാലും പശുക്കളിൽ നിന്നാണു സംഭരിക്കുന്നത്. എന്നാൽ കാക്കാമൂല, വെള്ളായണി തുടങ്ങിയ സ്ഥലങ്ങളിൽ എരുമകളും ധാരാളമുണ്ട്. ആടുവളർത്തലിന് മാടുവളർത്തലിനോളം പ്രാധാന്യം നല്കിക്കാണുന്നില്ല.

കുറഞ്ഞ ചിലവിൽ ഉപജീവനമാർഗ്ഗം കണ്ടെത്താവുന്നതും ലാഭമുണ്ടാക്കാവുന്നതുമായ ഒരു തൊഴിലാണു കാലിവളർത്തൽ. പാലുല്പാദനം ഇന്നത്തേതിൻെറ ഇരട്ടിയാക്കാൻ വേണ്ടി സർക്കാർ പല ആനുകൂല്യങ്ങളും ഈ മേഖലയ്ക്ക് നല്കിവരുന്നു. ഇപ്പോൾ കേരളത്തിൻെറ ശരാശരി പാൽ ഉപഭോഗത്തിനെക്കാൾ മുകളിലാണ് ഈ പഞ്ചായത്തിലെ ഉപഭോഗം. എന്നാൽ അതിനനുസരിച്ച് ക്ഷീരകർഷകരുടെ എണ്ണം വർദ്ധിക്കുന്നില്ല.

കല്ലിയൂർ പഞ്ചായത്തിൽ രണ്ടു ക്ഷീരവ്യവസായ സഹകരണസംഘങ്ങളാണു പ്രവർത്തിക്കുന്നത്.

1. കല്ലിയൂർ ക്ഷീരവ്യവസായ സഹകരണ സംഘം
2. പാലുപ്പൂർ ക്ഷീരവ്യവസായ സഹകരണ സംഘം

1960 കൾ മുതൽ സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന സംഘമാണ് കല്ലിയൂർ ക്ഷീരവ്യവസായ സഹകരണസംഘം. 600 ഓളം മെമ്പർമാരുള്ളതിൽ 150 ഓളം പേർ ഇപ്പോൾ സംഘത്തിനു പാലു നല്കുന്നുണ്ട്. ദിനംപ്രതി 1200 ഓളം ലിറ്റർ പാൽ സംഭരിച്ച് വിപണനം നടത്തിവരുന്നു. ഇതിൽ മുഖ്യപങ്കും 'മിൽമ' വഴിയാണ് വിപണനം നടക്കുന്നത്.

പാലപ്പൂർ ക്ഷീരവ്യവസായ സഹകരണസംഘം കുറേക്കാലമായി പ്രവർത്തനരഹിതമായിരുന്നു. അടുത്ത കാലത്തായി പ്രവർത്തനം തുടങ്ങിയെങ്കിലും ക്ഷീരസംഭരണം നാമമാത്രമാണ്.

ക്ഷീരവികസന വകുപ്പിൽ നിന്നും കർഷകർക്ക് നല്കിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ

1. കല്ലിയൂർ ക്ഷീരവ്യവസായ സഹകരണസംഘത്തിലൂടെ, അഞ്ചുവർഷക്കാലത്തേക്ക്, അർഹരായ കർഷകർക്ക് കന്നുകുട്ടികളെ വളർത്താൻ പകുതി വിലക്ക് കാലത്തീറ്റ വിതരണം ചെയ്യുന്ന ''കന്നുകുട്ടി പരിപാലന പദ്ധതി'' വിജയകരമായി നടന്നുവരുന്നു.
2. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട കർഷകർക്ക് കറവപ്പശു കാലിത്തീറ്റ തുടങ്ങിയവ സബ്സിഡി നിരക്കിലും സൗജന്യമായും നല്കിവരുന്നു.
3. പുൽക്കൃഷിക്കുവേണ്ടി വിത്തും വളവും സൗജന്യമായി നല്കിവരുന്നു.
4. ഒരു ഹെക്ടർ സ്ഥലത്ത് പുൽക്കൃഷി പ്രദർശനത്തോട്ടം നടത്തുന്ന കർഷകർക്ക് 15000 രൂപ സബ്സിഡി നല്കുന്നു.

കല്ലിയൂർ പഞ്ചായത്തിൽ ഏഴോളം ബ്രോയിലർ ഫോമുകൾപ്രവർത്തിക്കുന്നു. സമീപപ്രദേശങ്ങളിലെ ഹോട്ടലുകളിലേക്കാണ് ഇവിടെ നിന്നും കോഴിമാംസം പ്രധാനമായും പോകുന്നത്. മുട്ടക്കോഴി വ്യാപകമായി ഫോമുകളിൽ വളർത്തുന്നില്ല.

തൊഴിൽ രഹിതരായ വീട്ടമ്മമാർ ചെറുവരുമാനമാർഗ്ഗമെന്ന നിലയിൽ തങ്ങളുടെ വീടുകളിൽ പത്തോ പതിനഞ്ചോ കോഴികളെ വീതം വളർത്തുന്നു.

വിശാലമായ വെള്ളായണിക്കായലും ഏലാകളുമുള്ള ഈ പഞ്ചായത്തു പ്രദേശം സമൃദ്ധമായ താറാവു കൃഷിക്കു വേണ്ടത്ര വളക്കൂറുള്ളതാണ്. എന്നാൽ താറാവുകളുടെയും താറാവു കർഷകരുടെയും എണ്ണം വളരെ പരിമിതമാണ്. താറാവു കൃഷിയിൽ ഈ പഞ്ചായത്തിലെ സമ്പന്നമായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

പട്ടിക
വളർത്തു പക്ഷികളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്ക്

പൂവൻ കോഴി	പിടക്കോഴി	താറാവ്
6932	29500	370

അവലംബം: മൃഗാശുപത്രിരേഖകൾ

തീരെ വരുമാനം കുറഞ്ഞവരും ഇടത്തരം വരുമാനക്കാരുമാണ് ഇവിടെ പ്രധാനമായും കാലിവളർത്തലിലും മറ്റനുബന്ധ തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നത്. വർധിച്ചുവരുന്ന തീറ്റവിലയ്ക്കും ചികിത്സാചെലവുകൾക്കും അനുയോജ്യമായ രീതിയിൽ ഉല്പന്നങ്ങൾക്കു വിലകിട്ടാത്തതുകാരണം ഈ രംഗത്തു കനത്ത പിന്നോട്ടടി നടക്കുന്നുണ്ട്. പുതുതായി ഈ രംഗത്തേക്കു കടന്നുവരാൻ ആളുകൾ മടിക്കുന്നതോടൊപ്പം തന്നെ ഇപ്പോഴുള്ളവർ കുറേശ്ശെ പിന്മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പാലും മാംസവും കുറയുന്നത് മനുഷ്യസമൂഹത്തിന്റെ ആരോഗ്യഹാനിയിലേക്കും ചാണകം കുറയുന്നത് കാർഷിക വിളകളുടെ ക്ഷയത്തിലേക്കും പോകും. അതുകൊണ്ട് മനുഷ്യന്റെ നിലനില്പുമായിത്തന്നെ ബന്ധപ്പെട്ടുകിടക്കുന്ന വളർത്തുമൃഗ-വളർത്തുപക്ഷിക്കൃഷികളെ തകർച്ചയിൽനിന്നും മോചിപ്പിച്ച് പരമാവധി പോഷിപ്പിച്ചേ തീരൂ.

അലഞ്ഞുതിരിയുന്ന നായ്ക്കൾ ധാരാളമുണ്ട് ഈ പ്രദേശത്ത്. പട്ടിവളർത്തൽ ശാസ്ത്രീയമാക്കാൻ ജനങ്ങളെ ബോധവല്ക്കരിക്കണം. പേവിഷബാധ ഒരു ഭീഷണിതന്നെ. പേവിഷബാധയ്ക്കെതിരായ പ്രതിരോധ കുത്തിവയ്പുകൾ കൃത്യസമയങ്ങളിൽ നടത്തിയേതീരൂ.

ഈ രംഗത്തു പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റക്ക് അമിതമായി വിലവർധിക്കുന്നു. പാൽവില അതനുസരിച്ച് വർദ്ധിക്കുന്നില്ല.
2. കന്നുക്കുട്ടി പരിപാലന പദ്ധതികളുടെ ആനുകൂല്യം എല്ലാ കർഷകർക്കും ലഭിക്കുന്നില്ല.
3. കന്നുക്കുട്ടികളെ ബാധിക്കുന്ന വിരശല്യത്തിനെതിരേയുള്ള മരുന്നിന്റെ വർദ്ധിച്ച വിലയും ദൗർലഭ്യവും
4. കോഴിവളർത്തലിന് അർഹമായ പ്രാധാന്യം നല്കുന്നില്ല.
5. താറാവു വളർത്തലിന് സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ താറാവുകൃഷിക്ക് പ്രാധാന്യം ലഭിക്കുന്നില്ല.
6. ആടുവളർത്തൽ കുറവാണ്. നല്ലയിനം ആട്ടിൻകുട്ടികളെ ലഭിക്കുന്നില്ല.
7. പന്നിവളർത്തലിന് സാദ്ധ്യതയുണ്ടെങ്കിലും നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
8. മുയൽ വളർത്തൽ ഇല്ല.
9. ഇൻസുമനേഷൻ നടത്തുമ്പോൾ നല്കേണ്ട അധികവില നിർത്തലാക്കണം.
10. പകർച്ചവ്യാധികൾ തടയുന്നതിനുള്ള മരുന്നുകളുടെ ദൗർലഭ്യവും കർഷകർക്കിടയിലെ ബോധവല്ക്കരണക്കുറവും പരിഹരിക്കണം.
11. പേവിഷത്തിനെതിരേയുള്ള ബോധവല്ക്കരണവും പട്ടികൾക്കുള്ള പ്രതിരോധകുത്തിവയ്പും നടക്കുന്നില്ല.
12. ICDP സൗകര്യം എല്ലാ വർഡുകളിലും ലഭ്യമല്ല. മൃഗാശുപത്രിയിൽ ഈ സൗകര്യം ഇല്ല.
13. തീറ്റപ്പുല്ല് ആവശ്യത്തിനു ലഭിക്കുന്നില്ല. ICDP സെൻററിലും മൃഗാശുപത്രിയിലും 9 മണിമുതൽ 2 മണിവരെ മാത്രമേ ഡോക്ടറുടെയും ICDP ഇൻസ്ട്രക്ടറുടെയും സേവനം ലഭിക്കുന്നുള്ളൂ.
15. ഡയറി യൂണിറ്റുകളുടെ കുറവുണ്ട്.

16. കാലിത്തീറ്റ ഫാക്ടറി ഈ പഞ്ചായത്തിൽ ഇല്ല.

17. ഉല്പാദനക്ഷമത കുറഞ്ഞ കാലികളെ പോറ്റുന്നത് കർഷകർക്ക് നഷ്ടം ഉണ്ടാക്കുന്നു.

18. എല്ലാത്തരം കാലികൾക്കും ഇൻഷ്വറൻസ് സംവിധാനം ഇല്ല.

19. കറവയന്ത്രം ഉപയോഗിക്കുന്നതിന് കർഷകരെ ബോധവല്ക്കരിക്കുകയും അതു വ്യാപകമായി ഉപയോഗിക്കുന്നതിനു സാഹചര്യമുണ്ടാക്കുകയും ചെയ്യുക.

പരിഹാരനിർദ്ദേശങ്ങൾ

1. കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തുകയും പഞ്ചായത്തു കേന്ദ്രമാക്കി ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുകയും ചെയ്താൽ കുറഞ്ഞ വില്യ്ക്ക് കർഷകന് തീറ്റ എത്തിക്കാൻ കഴിയും.

2. പഞ്ചായത്തു തലത്തിൽ ഓരോ വാർഡിലും ലഭിക്കത്തക്കവിധം പുൽക്കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുകയും മറ്റു കൃഷിക്കാർക്ക് വിത്തും വളവും സൗജന്യമായി നല്കുകയും ചെയ്യുക.

3. എല്ലാ കർഷകർക്കും കന്നുക്കുട്ടി പരിപാലന പദ്ധതി പ്രകാരമുള്ള കാലിത്തീറ്റ സബ്സിഡി അനുവദിക്കുക.

4. മൃഗാശുപത്രിയിലും ICDP സെൻററുകളിലും വിരശല്യത്തിനെതിരായ പ്രാഥമിക ചികിത്സക്കുള്ള മരുന്നുകൾ സൗജന്യമായിലഭ്യമാക്കുക.

5. മുട്ടക്കോഴി, ഇറച്ചിക്കോഴി – ഇവ വളർത്തുന്നവരെ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.

6. വെള്ളായണിക്കായലിനു ചുറ്റുമുള്ള സ്ഥലങ്ങളിലും മറ്റു സാദ്ധ്യതയുള്ള സ്ഥലങ്ങളിലും താറാവു കൃഷി പ്രോത്സാഹിപ്പിക്കുക. നല്ലയിനം താറാവു കുഞ്ഞുങ്ങളും അവയ്ക്കുള്ള തീറ്റയും സൗജന്യമായി നല്കുക.

7. ആടുവളർത്തലിന് വളരെ സാദ്ധ്യതയുള്ള ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. സങ്കരയിനം മികച്ച ആട്ടിൻകുട്ടികളേയും അവയെ പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങളും കർഷകരിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8. സങ്കരയിനത്തിൽപ്പെട്ട പന്നികളെ വിതരണം ചെയ്തു പന്നിവളർത്തൽ വ്യാപകമാക്കണം.

9. മുയൽ വളർത്തൽ വളരെ ആദായകരവും താരതമ്യേന ചെലവു കുറഞ്ഞതുമാണ്. അതു പ്രോത്സാഹിപ്പിക്കുക.

10. കർഷകരുടെ വീടുകളിൽ ചെന്ന് കാലികളെ ഇൻസുമിനേറ്റ് ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പു വരുത്തുക.

11. അത്യുല്പാദനശേഷിയുള്ള കാലികളിൽ സാധാരണയായീ കണ്ടുവരുന്ന പകർച്ചവ്യാധികളെക്കുറിച്ച് ബോധവല്ക്കരണം നടത്തുകയും അതിനാവശ്യമായ മരുന്നുകളും ചികിത്സാസൗകര്യങ്ങളും സൗജന്യമായി ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്യുക.

12. അലഞ്ഞുതിരിഞ്ഞ് നടക്കുന്ന പട്ടികളെ കണ്ടെത്തി അവയെ കാലാകാലങ്ങളിൽ നശിപ്പിക്കുന്നതിനും പേവിഷബാധയ്ക്കെതിരായ പ്രതിരോധകുത്തിവയ്പുകൾ യഥാസമയം ഫലപ്രദമായി നടത്തുന്നതിനും വേണ്ട നടപടകൾ സ്വീകരിക്കുക.

13. സർക്കാർ മൃഗാശുപത്രിയിൽ ICDP സൗകര്യം ഏർപ്പെടുത്തണം.

14. ICDP ഇൻസ്ട്രക്ടറുടെയും മൃഗാശുപത്രി ഡോക്ടറുടെയും സേവനസമയം 9 മണി മുതൽ 5 മണി വരെ ആക്കുക. ഡോക്ടർമാർ പഞ്ചായത്തിനകത്തു തന്നെ താമസിച്ച് കർഷകരുടെ ആവശ്യങ്ങൾ പരിഹരിക്കാനുള്ള നടപടിയും വേണം.

15. കല്ലിയൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ എല്ലാ വാർഡുകളിലും ഡയറി യൂണിറ്റുകൾ ഏർപ്പെടുത്തുക.

16. ഉല്പാദനക്ഷമത കുറവുള്ള കാലികളെ സർക്കാർ ഏറ്റെടുത്ത് പകരം നല്ലയിനം കാലികളെ കർഷകർക്കു ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കണം.

17. എല്ലാ കാലികൾക്കും ഇൻഷ്വറൻസ് ആനുകൂല്യം ഉറപ്പുവരുത്തണം.

18. വെള്ളായണി കാർഷിക കോളേജിൽ ഒരു വെറ്ററിനറി കോളേജ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണം.

19. ക്ഷീരോല്പന്നയൂണിറ്റുകൾ എല്ലാ വാർഡിലും അനുവദിക്കുക.

20. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഭ്രൂണ മാറ്റവും പ്രോത്സാഹിപ്പിക്കണം.

മത്സ്യബന്ധനം

കടൽത്തീരവുമായി ബന്ധമില്ലാത്ത പ്രദേശമാണ് കല്ലിയൂർ ഗ്രാമപഞ്ചായത്ത്. എന്നാൽ വെള്ളായണി കായലിൽ സ്ഥിരമായ മത്സ്യബന്ധനം നടത്തുന്ന പതിവുണ്ട്. കായൽ ജലം വറ്റിക്കാൻ തുടങ്ങിയ കാലത്തിനുമുമ്പ് മത്സ്യബന്ധനം സ്ഥിരതൊഴിലാക്കിയിരുന്ന ആളുകൾ ധാരാളമുണ്ടായിരുന്നു. വിവിധ ഇനത്തിലുള്ള മത്സ്യസമ്പത്ത് ധാരാളമുള്ള ജലാശയമാണ് വെള്ളായണികായൽ. ഇപ്പോൾ ജലം വളരെക്കാലമായി വറ്റിക്കാത്തതുകൊണ്ട് വീണ്ടും സജീവമായി മത്സ്യബന്ധനം നടക്കുന്നു.

താഴെപ്പറയുന്ന മത്സ്യ ഇനങ്ങളാണ് വെള്ളായണി കായലിൽ സുലഭമായി ലഭിക്കുന്നത്.

കരിമീൻ, ചേറുമീൻ, വാള, കാരി, പാര, സിലോപ്പിയ, കൊഞ്ച് തുടങ്ങിയ പരമ്പരാഗതമായ മത്സ്യങ്ങളും ഫിഷറീഷ് വകുപ്പിൽ നിന്നും ലഭിക്കുന്ന വിവിധയിനം വളർത്തു മത്സ്യങ്ങളും. കൂടാതെ ഔഷധഗുണമുള്ളതും അപൂർവ്വമായി ലഭിക്കുന്നതുമായ നത്ത, കയറ്റുമതി സാദ്ധ്യതയുള്ള തവള എന്നിവ വെള്ളായണി ശുദ്ധജലതടാകത്തിൽ സുലഭമായി ലഭിക്കുന്നു. കായലിനു ചുറ്റുമായി താമസിക്കുന്ന ഏകദേശം ഇരുപതോളം പേർക്ക് മത്സ്യബന്ധന ലൈസൻസ് നിലവിലുണ്ട്. അവർ സ്വന്തമായി വള്ളവും മത്സ്യബന്ധന ഉപകരണങ്ങളും ഉള്ളവരും മത്സ്യബന്ധനം പ്രധാന തൊഴിലാക്കി ഉപജീവനം നടത്തുന്നവരുമാണ്. കൂടാതെ മത്സ്യബന്ധനംകൊണ്ട് ഉപജീവനം നടത്തുന്ന ധാരാളം ആളുകൾ കായലിനു ചുറ്റും ഉണ്ട്. ഉൾനാടൻ മത്സ്യത്തിന് തിരുവനന്തപുരത്ത് വൻ ഡിമാൻറുള്ളതിനാൽ മത്സ്യബന്ധന രംഗത്തേക്ക് കൂടുതൽ ആളുകൾ ആകർഷിക്കപ്പെട്ടുവരുന്നു. അതുകൊണ്ട് വെള്ളായണി കായലിൽ മത്സ്യബന്ധനസൗകര്യം വർധിപ്പക്കേണ്ടത് അനിവാര്യമാണ്.

ഇവകൂടാതെ പഞ്ചായത്തിനകത്ത് വലുതും ചെറുതുമായ 19 കുളങ്ങൾ ഉണ്ട്. ഇവയെല്ലാംതന്നെ മത്സ്യകൃഷിക്കനുയോജ്യമാണ്. ഇതിൽ തെന്നൂർകുളം, പ്ലാവൂർക്കോണം, മുതുവക്കോട്ടുകുളം, ഏലാത്തറകുളം, കുളക്കോട്ടുകോണം കുളം, കുന്നുംപുറത്തുകുളം തുടങ്ങിയ വലിയ കുളങ്ങൾ സാദ്ധ്യത കൂടിയവയാണ്.

ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന, ഒഴിവാക്കാൻ കഴിയാത്ത ഒരു പോഷകാഹാരമാണ് മത്സ്യം. എന്നാൽ വീടുകളിൽ മത്സ്യം എത്തിക്കുന്നതിനുള്ള സാഹചര്യം വളരെ കുറവാണ്. ആകെയുള്ളത് ശാന്തിവള പൊതുമാർക്ക് ഉൾപ്പെടെ 5 ചന്തകളാണ്. മത്സ്യവിപണനരംഗത്ത് പ്രവർത്തിക്കുന്ന ആളുകൾ സംഘടിത മേഖലയിലല്ല പ്രവർത്തിക്കുന്നതും. അതിന്റെ ഫലമായി ആനുകൂല്യങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ല. വൻ കയറ്റുമതി സാദ്ധ്യതയുള്ള **ചെമ്മീൻ പോലുള്ള** മത്സ്യം ശാസ്ത്രീയ രീതിയിൽ **കൃഷിചെയ്യാൻ** സാദ്ധ്യതയുള്ള പ്രദേശങ്ങൾ ധാരാളമുണ്ടെങ്കിലും കൃഷിചെയ്യുന്നതിന് പ്രോത്സാഹനം ഒന്നും തന്നെ നിലവിലില്ല.

പ്രശ്നങ്ങൾ

1. വെള്ളായണി ശുദ്ധജല തടാകത്തിൽ ശാസ്ത്രീയമായ രീതിയിൽ മത്സ്യക്കൃഷി നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നില്ല.
2. കായൽ തീരങ്ങളിലുള്ള പുഞ്ചപ്പാടങ്ങൾ സ്വകാര്യവ്യക്തികൾ മണ്ണിട്ടു നികത്തുന്നതും പ്രകൃതിദത്തമായ മത്സ്യസമ്പത്തിന് ഭീഷണിയാണ്.
3. ഓരു നിലങ്ങളിൽ ചെമ്മീൻ കൃഷിചെയ്യുന്നതിനുള്ള സൗകര്യം ലഭിക്കുന്നില്ല.
4. ആധുനിക രീതിയിലുള്ള അലങ്കാര മത്സ്യങ്ങൾ വളർത്തുന്നതിന് പ്രത്യേകം സൗകര്യങ്ങൾ ഇല്ല.
5. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങൾ ലഭിക്കുന്നില്ല.
6. മത്സ്യകൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണവും, പഠനക്ലാസ്സുകളും നടത്തുന്നില്ല.
7. അപകടകാരികളും ഉപയോഗശൂന്യമായ മത്സ്യങ്ങളും ചില ജലജീവികളും മത്സ്യകൃഷിക്ക് ഭീഷണിയായി ഭവിക്കുന്നു.
8. മത്സ്യതീറ്റയെക്കുറിച്ച് ശരിയായ അറിവ് മത്സ്യക്കൃഷിക്കാർക്ക് ലഭിക്കുന്നില്ല.
9. മത്സ്യക്കൃഷി നടത്താവുന്ന കുളങ്ങൾ എല്ലാം തന്നെ ഉപയോഗശൂന്യമായി കിടക്കുന്നു.
10. മത്സ്യവിപണന സംഘങ്ങൾ ഇല്ല.

11. മത്സ്യതൊഴിലാളികളെ ക്ഷേമനിധി വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നില്ല.

12. മത്സ്യ സംസ്കരണ യൂണിറ്റുകളുടെ അഭാവം.

13. വിപണനത്തിനുള്ള മാർക്കറ്റിന്റെ കുറവുണ്ട്.

14. മത്സ്യബന്ധനക്കാരും, വിപണനക്കാരും തമ്മിലുള്ള സഹകരണക്കുറവ്.

പരിഹാരമാർഗ്ഗങ്ങൾ

1. കായലിന്റെ ആഴം വർധിപ്പിക്കുകയും ആധുനിക രീതിയിൽ മത്സ്യബന്ധനം നടത്തുന്നതിന് സൗകര്യമുണ്ടാക്കുകയും ചെയ്യുക.

2. വള്ളവും വലയും സ്വന്തമായി വാങ്ങുന്നതിന് പലിശ കുറഞ്ഞ ദീർഘകാല വായ്പകൾ ലഭ്യമാക്കുന്നതിന് സൗകര്യം ഉണ്ടാക്കുക.

3. പുഞ്ചപ്പാടങ്ങൾ മണ്ണിട്ടു നികത്തുന്നത് നിയമം മൂലം തടയുക

4. ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

   ചതുപ്പ് നിലങ്ങളിലെ നെൽപ്പാടങ്ങളിൽ നെൽക്കൃഷിയോടൊപ്പം മത്സ്യക്കൃഷിയും നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

6. അലങ്കാര മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിചെയ്യുന്നതിന് താല്പര്യമുള്ള അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് പരിശീലനം നല്കുക. നല്ല ഇനത്തിലുള്ളതും കൂടുതൽ വില കിട്ടുന്നതുമായ വിവിധയിനം മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. അലങ്കാര മത്സ്യകൃഷി നടത്തുന്നതിന് ലോൺ സൗകര്യം ഏർപ്പെടുത്തുക.

7. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന ആളുകൾക്ക് നല്ലയിനം മത്സ്യകുഞ്ഞുങ്ങൾ വിതരണം ചെയ്യുക.

8. മത്സ്യകൃഷി ആദാകരമാക്കുന്നതിനെക്കുറിച്ച് ബോധവൽക്കരണവും പഠനക്ലാസുകളും നടത്തുക.

9. പഞ്ചായത്തിനകത്തുള്ള എല്ലാ കുളങ്ങളും മത്സ്യം വളർത്തുന്നതിന് അനുയോജ്യമാക്കിയതിനു ശേഷം വാടക വ്യവസ്ഥയിൽ മത്സ്യകൃഷിക്ക് കൊടുക്കുക.

10. ഈ കുളങ്ങളിൽ മത്സ്യകൃഷിക്ക് അപകടമുണ്ടാക്കുന്ന മറ്റ് മത്സ്യങ്ങളും ജലജീവികളും ഉണ്ടെങ്കിൽ അവയെ നശിപ്പിക്കുക. മത്സ്യങ്ങൾക്ക് കൊടുക്കാവുന്ന തീറ്റയെക്കുറിച്ച് കൃഷിക്കാരെ ബോധവാന്മാരാക്കുക.

11. മത്സ്യതൊഴിലാളി സംഘടനകൾ ഉണ്ടാക്കുകയും ക്ഷേമനിധി ഉണ്ടാക്കുകയും ചെയ്യുക.

12. മത്സ്യവിപണന സംഘങ്ങൾ ഉണ്ടാക്കുക.

13. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഐസ്പ്ലാന്റും മത്സ്യസംസ്കരണയൂണിറ്റും ഉണ്ടാക്കുക.

14. എല്ലാ വാർഡുകളിലും മത്സ്യവിപണനത്തിനുള്ള മാർക്കറ്റ് സ്ഥാപിക്കുക.

15. മത്സ്യബന്ധനക്കാരും വിപണനക്കാരും ഉപഭോക്താക്കളും തമ്മിൽ സഹകരണമനോഭാവം വളർത്തുക. ●

7.

വിദ്യാഭ്യാസം



പൊതു വിദ്യാഭ്യാസ രംഗത്ത് കേരളം പൊതുവേ കടന്നുവന്ന വഴികളിലൂടെത്തന്നെയാണ് ഈ പഞ്ചായത്തു പ്രദേശവും ഈന്നത്ത അവസ്ഥയിലെത്തിച്ചേർന്നത്. പഞ്ചായത്തു പ്രദേശത്തിന്റെ വിവിധ മേഖലകളിലായി കൃഷ്ണപിള്ളയാശാനും മാർസിലാമണി സാറും എലീശാ ഭാസ്ക്കര സാറുമൊക്കെആരംഭിച്ച കുടിപ്പള്ളിക്കൂടങ്ങളിൽ നിന്നു തന്നെയാണ് ഇവിടത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ, കണ്ടെത്താൻ കഴിഞ്ഞ ചരിത്രവും ആരംഭിക്കുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങൾ സജീവമായ കാലത്ത് കുടിപ്പള്ളിക്കൂടങ്ങൾ മിക്കതും 'സ്കൂളു'കളായി രൂപപ്പെട്ടു. പിന്നീട്, സർക്കാർ ഗ്രാൻറായി നല്കിയിരുന്ന തുക കൊണ്ട് സ്കൂളുകൾ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥ വന്നുചേരുകയും സ്കൂളുടമകളിൽപ്പലരും കടക്കാരായി മാറുകയും ചെയ്ത സാഹചര്യത്തിൽ ഈ സ്കൂളുകളൊക്കെ സർക്കാരിനും വിവിധ വിദ്യാഭ്യാസ ഏജൻസികൾക്കുമായി കൈമാറ്റം ചെയ്യപ്പെട്ടു. വെള്ളായണി MSC LPS ന്റെയും കല്ലിയിൽ RC LPS-ന്റെയും പുന്നമൂടു ഗവ: ഹൈസ്കൂളിന്റെയുമൊക്കെ വേരുകൾ ഇങ്ങനെ ഒരു നൂറ്റാണ്ടിനപ്പുറത്തേക്കു നീണ്ടുകിടക്കുന്നു.

ഇപ്പോൾ കല്ലിയൂർ പഞ്ചായത്തു മേഖലയിൽ ആറു ലോവർ പ്രൈമറി സ്കൂളുകളും രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും ഒരു ഹൈസ്കൂളും പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തു പ്രദേശത്തുള്ള കുറേയേറെ കുട്ടികൾ വെങ്ങാനൂർ, തിരുവല്ലം, നേമം പഞ്ചായത്തുകളിലെ സ്കൂളുകളിൽ പഠിക്കുന്നുണ്ട്. അതുപോലെ നേമം, പള്ളിച്ചൽ പഞ്ചായത്തുകളിൽ നിന്നും കുട്ടികൾ ഇവിടത്തെ സ്കൂളുകളിലും പഠിക്കുന്നുണ്ട്. കുറേ കുട്ടികൾ നഗരത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും പോയി പഠിക്കുന്നു. യാത്രാസൗകര്യം വർദ്ധിച്ചുവരുന്നതനുസരിച്ച് സ്കൂൾ വിദ്യാഭ്യാസത്തിനു നഗരത്തിലേക്കു നീങ്ങുന്നവരുടെ എണ്ണവും വർദ്ധിച്ചുവരുന്നുണ്ട്.

ഈ പഞ്ചായത്തു പ്രദേശത്തുള്ള ഏക ഹൈസ്കൂളും രണ്ട് യു. പി. സ്കൂളുകളിൽ ഒരെണ്ണവും ആറ് എൽ. പി. സ്കൂളുകളിൽ ഒരെണ്ണവും സർക്കാർ സ്ഥാപനങ്ങളും ബാക്കിയുള്ളവ എയിഡഡ് സ്ഥാപനങ്ങളുമാണ്. കഴിഞ്ഞ പത്തോ ഇരുപതോ വർഷങ്ങൾക്കിപ്പുറത്ത് സർക്കാർ - എയിഡഡ് സ്കൂളുകളൊന്നും തന്നെ പുതുതായി ഇവിടെ അനുവദിച്ചിട്ടില്ല. അതു മാത്രമല്ല, ഉള്ള സ്കൂളുകളിൽ കുട്ടികളുടെ കുറവു മൂലം ഡിവിഷനുകൾ കുറഞ്ഞുവരുകയും ചെയ്യുന്നു. ഇതിന് ഒരു വലിയ പരിധിവരെ കാരണമായിരിക്കുന്നത് ഇക്കാലത്ത് ഈ പഞ്ചായത്തു പ്രദേശത്തെന്നപോലെ, ഇതിനോടു ചേർന്നുകിടക്കുന്ന തൊട്ടടുത്ത പഞ്ചായത്ത് പ്രദേശങ്ങളിലും രൂപംകൊണ്ട് വികസിച്ചുകൊണ്ടിരിക്കുന്ന അംഗീകാരമുള്ളതും ഇല്ലാത്തതുമായ അൺ-എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണെന്നു കാണാം. ഈ പഞ്ചായത്തിൽ യു. പി. ക്ലാസ്സുകൾ വരെയുള്ള മൂന്ന് അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നു. സാമ്പത്തികമായി മുന്നോക്കം നില്ക്കുന്ന കുടുംബങ്ങൾ തങ്ങളുടെ കുട്ടികൾക്കു വേണ്ടി അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളെ പരിഗണിക്കുന്ന പ്രവണതയും പടിപടിയായി കൂടി വരുന്നുണ്ട്.

പട്ടിക A & B നോക്കുക

സ്കൂൾ ക്ലാസ്സുകൾക്കുവേണ്ടി ട്യൂഷനും പ്രീ ഡിഗ്രി - ഡിഗ്രി കോഴ്സുകൾ പാരലലായും നടത്തുന്ന ഏഴു 'പാരലൽ കോളേജു'കൾ ഇവിടെ പ്രവർത്തിക്കുന്നു.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 11 അംഗൻവാടികളും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു 'ശിശു മന്ദിര'വും സ്വകാര്യമേഖലയിൽ നടക്കുന്ന ഏഴു നഴ്സറി സ്കൂളുകളുമാണ് ശിശു വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ. സ്വന്തമായി കെട്ടിടവും ആവശ്യത്തിനു പഠനോപകരണങ്ങളുമില്ലാത്ത അംഗൻവാടികളുടെ സ്ഥിതി പരിതാപകരമാണ്. ഇവിടെയുള്ള അംഗൻവാടികളിൽ ഒരെണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശിശുമന്ദിരവും ഇതുവരെ ബാലാരിഷ്ടതകളുടെ കടമ്പ കടന്നിട്ടില്ല. സ്വന്തം വ്യക്തിത്വത്തിലേക്ക് കൊച്ചടിവച്ചു നീങ്ങുന്ന ശിശുമനസ്സുകളിൽ കറുപ്പും കീറലുമൊന്നും വീഴാതെ വലിയ ആഹ്ലാദങ്ങളിലൂടെയും കൊച്ചറിവുകളിലൂടെയും അവരെ സമർത്ഥമായി മുന്നോട്ടു നയിക്കുന്നതിന് ശിശുപരിചരണത്തിലും ശിശു വിദ്യാഭ്യാസത്തിലുമുള്ള അടിസ്ഥാന യോഗ്യതകൾ ഈ രംഗ

ത്തു പ്രവർത്തിക്കുന്നവരിൽ ഉറപ്പു വരുത്തേണ്ടതുണ്ട്.

സർക്കാർ - എയിഡഡ് സ്കൂളുകളിൽ വിദ്യാർത്ഥിനികളും അദ്ധ്യാപികമാരുമാണ് കൂടുതൽ. പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ സ്ത്രീകൾക്കുള്ള മേൽക്കൈക്കു തുല്യ അനുപാതമാണ് സ്കൂളിൽ പെൺകുട്ടികൾക്കുള്ളത്. എന്നാൽ അദ്ധ്യാപകരംഗത്ത് ഈ സ്ത്രീ-പുരുഷ അന്തരം വളരെ രൂക്ഷമാണ്. പൊതുവിൽ അദ്ധ്യാപകരംഗത്തെ സ്ത്രീ പ്രാതിനിധ്യം ഏതാണ്ട് എഴുപത്തഞ്ചു ശതമാനത്തിനും അപ്പുറത്തേക്കു നീളുമ്പോൾ, ഒരു സ്കൂളിലെങ്കിലും പുരുഷന്മാരേയില്ല എന്ന അവസ്ഥയിലും എത്തിയിരിക്കുന്നു. കാക്കാമൂല SALPS ലും, ശാന്തിവിള MNLPS ലും ആകെയുള്ള അദ്ധ്യാപകർ സ്ത്രീകളാണ്.

ഫർണിച്ചറുകളുടെയും പഠനോപകരണങ്ങളുടെയും കുറവ് ഏതാണ്ട് എല്ലാ സ്കൂളുകളെയും ഒരുപോലെ അലട്ടുന്നുണ്ട്. കക്കൂസും മൂത്രപ്പുരയും ഉള്ളതു ഉപയോഗയോഗ്യമല്ലാതായിപ്പോയ സ്കൂളുകളുമുണ്ട്. വളരെ പഴക്കമുള്ള നേമം യു. പി. എസ്സിനു ഭേദപ്പെട്ട കെട്ടിടമുണ്ടെങ്കിലും വൈദ്യുതിയും കുടിവെള്ളവും കക്കൂസും ഇല്ല. മിക്ക സ്കൂളുകളിലും ജലവിതരണത്തിനു കിണറുകളാണുള്ളത്. കുട്ടികളെക്കൊണ്ട് ആഴമുള്ള കിണറുകളിൽ നിന്നും വെള്ളം കോരിക്കുന്ന അവസ്ഥ ഒഴിവാക്കണമെങ്കിൽ അവിടങ്ങളിൽ പമ്പു സെറ്റുകൾ വാങ്ങിവയ്ക്കണം. ചുറ്റുമതിലില്ലാത്ത സ്കൂളുകളും ഉണ്ട്.

എല്ലാ സ്കൂളുകളിലും PTA പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സ്കൂളിന്റെ ശ്രേയസ്സിനു വേണ്ടി അതിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെട്ട് സജീവമായി നില്ക്കുന്ന PTA കൾ തുലോം കുറവാണ്. പുന്നമൂട് ഗവ: ഹൈസ്കൂളിലേതും പെരിങ്ങമ്മല RCLPS ലേതും സാമാന്യം നന്നായി പ്രവർത്തിക്കുന്ന PTA യാണ്. 94-95 വർഷത്തിൽ, പമ്പും പൈപ്പുമൊക്കെ വാങ്ങി ഈ സ്കൂളിലെ 'ജലവിതരണ പദ്ധതി' നടപ്പിലാക്കിയത് അപ്പോഴത്തെ PTA ആയിരുന്നു. മിക്കവാറും എല്ലാ സ്കൂളുകളിലും MTA കളും പ്രവർത്തിക്കുന്നു. മാതൃ PTA കളുടെ പ്രവർത്തന മേഖലകളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ ഇനിയും ഉരുത്തിരിഞ്ഞു വരേണ്ടതായിട്ടാണിരിക്കുന്നത്.

പട്ടിക II നോക്കുക

പുന്നമൂട് ഗവ: ഹൈസ്കൂളിലെ കഴിഞ്ഞ നാലു വർഷത്തെ SSLC വിജയശതമാനം പഠനവിധേയമാക്കി. 50% ത്തിൽ പ്പോലും വിജയനിരക്ക് എത്തുന്നില്ല. ഈ വിജയിക്കുന്ന 40-45% ത്തിൽ തന്നെ ഭേദപ്പെട്ട മാർക്കോടെ ജയിക്കുന്നവർ വളരെ കുറവാണ്. പത്താം ക്ലാസ്സിലെത്തിയിട്ടും തെറ്റുകൂടാതെ മലയാള അക്ഷരങ്ങളെഴുതാൻ കഴിയാത്തവരും ഉണ്ട്. ആവശ്യത്തിനു കെട്ടിടമില്ലാത്തതു കാരണം ഈ സ്കൂൾ സെക്ഷണൽ സമ്പ്രദായം ആയാണ് പ്രവർത്തിക്കുന്നത്. സർക്കാർ സ്കൂളുകളിൽ സ്കൂൾ തുറക്കുന്ന ദിവസം മുതൽ അദ്ധ്യയന വർഷാവസാനം വരെ സർവ്വ വിഷയങ്ങൾക്കും അദ്ധ്യാപകരുണ്ടെന്നും, ഉള്ളവരെ ഇടക്കുവച്ചു മാറ്റില്ലെന്നും ഉറപ്പാക്കേണ്ടിയിരിക്കുന്നു. അക്ഷരങ്ങളും അക്കങ്ങളും പറഞ്ഞും എഴുതിച്ചും ബാലമനസ്സുകളിൽ ശക്തിയായി പതിപ്പിക്കുന്നതിന് LP സെക്ഷനിലെ ക്ലാസ്സുകളിൽ വിദ്യാർത്ഥി അദ്ധ്യാപക അനുപാതം ശാസ്ത്രീയമായി പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ക്ലാസ്സുമുറിയിലെ, സിലബസ്സിനപ്പുറത്തുള്ള അറിവുകളിലേക്കും കലാകായിക മേഖലകളിലേക്കും വിദ്യാർത്ഥികളെ ശക്തമായി ആകർഷിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ മിക്ക സ്കൂളുകളിലും ഇല്ല. സബ്ജില്ലാ - ജില്ലാ കലാകായിക മത്സരകാലമാകുമ്പോൾ കുട്ടികളെക്കൊണ്ട് എന്തെങ്കിലുമൊക്കെ തട്ടിക്കൂട്ടിക്കുന്നതിനപ്പുറത്തക്ക് ഇത്തരം പ്രവർത്തനങ്ങൾ ഉയരുന്നില്ല. ഈ വിഷയത്തിൽ അനുയോജ്യമായ സ്ഥിരം സംവിധാനങ്ങൾ ഉണ്ടായേ തീരൂ.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നു വന്ന സാംസ്ക്കാരിക പ്രവർത്തനങ്ങളും അതിന്റെ ഫലമായി രൂപംകൊണ്ട വായനശാലകളും ഗ്രന്ഥശാലകളും കലാകായിക സമിതികളും ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കും സാംസ്ക്കാരിക ഉയർച്ചയ്ക്കും ഒട്ടേറെ സംഭാവന ചെയ്തിട്ടുണ്ട്. ടി.വി, സിനിമ തുടങ്ങിയ മാധ്യമങ്ങളുടെ ആകർഷണവലയം മുറിച്ചുകടന്ന് അറിവുകളുടെ അനന്തവിഹായസ്സുകളിലേക്ക് പറന്നുയരാൻ ശക്തമായ ചിറകുകൾ നേടുന്നതിന്, വിദ്യാർത്ഥി യുവജന വിഭാഗങ്ങളെ ഇത്തരം സാംസ്ക്കാരിക സ്ഥാപനങ്ങളുമായി ശക്തമായി ബന്ധിപ്പിച്ചേ തീരൂ. കല്ലിയൂർ പഞ്ചായത്തിൽ 7 ഗ്രന്ഥശാലകൾ സമാന്യം നന്നായിത്തന്നെ പ്രവർത്തിക്കുന്നുണ്ട്.

ഔപചാരിക വിദ്യാഭ്യാസം കിട്ടാത്തവരും, ഇടയ്ക്കുവച്ചു പഠിത്തം നിർത്തിപ്പോകുന്നവരുമായ ഒരു വിഭാഗവും ഈ പഞ്ചായത്തിലുണ്ട്. അവരെ അക്ഷരങ്ങളുടെയും അറിവിന്റെയും പുതിയ ലോകങ്ങളിലേക്കു നയിക്കാനുള്ള പല സംഘടിത പ്രവർത്തനങ്ങളും ഇവിടെ നടന്നിട്ടുണ്ട്. സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഈ പഞ്ചായത്തിൽ മാത്രമായി നടപ്പിലാക്കിയ ഒരു പരിപാടിയുണ്ട് അക്കൂട്ടത്തിൽ. ദേശീയ വിദ്യാഭ്യാസ ഗവേഷണ സമിതി (NCERT) യുടെ ആഭിമുഖ്യത്തിൽ 1979 ൽ നടത്തിയ പൂർണ്ണ സർവ്വേയെത്തുടർന്ന് ആരംഭിച്ച "Experimental Project - Non formal education for dropouts (6-16 yrs)" ആണത്. അനൗപചാരിക വിദ്യാഭ്യാസ പരിപാടി പത്തു വാർഡുകളിലായി സ്കൂൾ സമയം കഴിഞ്ഞ് നടത്തുകയുണ്ടായി. 1984 ൽ ആ പരിപാടി സമാപിച്ചു.

കേരളത്തെ ലോകശ്രദ്ധയിലേക്കുയർത്തിയ 'സമ്പൂർണ്ണ സാക്ഷരതാ' പരിപാടിയുടെ ഒന്നാം ഘട്ടം പ്രവർത്തനങ്ങൾ വളരെ സജീവമായി ഈ പഞ്ചായത്തിൽ നടന്നു. എന്നാൽ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ അർത്ഥപൂർണ്ണമാണ് എന്നു പറഞ്ഞുകൂടാ. കേളേശ്വരം KPMS ബിൽഡിംഗ്, കല്ലിയർ പഞ്ചായത്തു ലൈബ്രറി, ശാന്തിവിള പട്ടം സ്മാരക ഗ്രന്ഥശാല, പാലപ്പൂർ ശ്രീമാധവ സ്മാരക ഗ്രന്ഥശാല, പെരിങ്ങമ്മല SNV ലൈബ്രറി എന്നിവിടങ്ങളിൽ അഞ്ച് ജനവിദ്യാകേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം, പ്രവർത്തകരുടെ പങ്കാളിത്തത്തിലുള്ള കുറവുമൂലം ഫലപ്രദമായി നടക്കുന്നില്ല.

വെള്ളായണി കാർഷിക കോളേജ്

ഈ പഞ്ചായത്തിനുള്ളിലേക്ക് എല്ലാ അതിരുകൾക്കും അപ്പുറത്തുനിന്ന് നോട്ടവും ശ്രദ്ധയും നീണ്ടുവരുന്നത് രണ്ടു കാരണങ്ങളാലാണ്. ശുദ്ധജല തടാകമായ വെള്ളായണി കായലും വെള്ളായണി കാർഷിക കോളേജുമാണവ.

ഈ പഞ്ചായത്തിന് പ്രകൃതി കനിഞ്ഞരുളിയ മഹാനുഗ്രഹമായ വെള്ളായണിക്കായലിന്റെ തീരത്താണ് 1955 ൽ സ്ഥാപിതമായ വെള്ളായണി കാർഷിക കോളേജ് നിലകൊള്ളുന്നത്. 165 ഹെക്ടർ കായലുള്ള 243 ഹെക്ടർ വിസ്തൃതിയുള്ള അതിവിശാലമായ കോമ്പൗണ്ടാണ് ഈ കോളേജിനുള്ളത്. 'അഗ്രോണമി' മുതൽ 'ഫിസിക്കൽ എഡ്യൂക്കേഷൻ' വരെയുള്ള 12 ഡിപ്പാർട്ടുമെന്റുകൾ ഇവിടെയുണ്ട്. BSc (Ag), MSc (Ag), Ph. D (both in selected departments), MSc (in Rural Home Science) എന്നീ കോഴ്സുകളാണ് ഇവിടെ നടക്കുന്നത്. ഇൻഡ്യയുടെയെന്നല്ല ലോകത്തിന്റെ തന്നെ വിവിധ കോണുകളിൽ നിന്നുള്ളവർ ഈ കോളേജിൽ പഠിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ കാർഷികമേഖലയെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഈ പഞ്ചായത്തിലെ തന്നെ സ്ഥാപനമെന്ന നിലയ്ക്ക് കാർഷിക കോളേജിന്റെ സഹായം തേടാവുന്നതാണ്.

വിദ്യാഭ്യാസ വിഷയത്തെ അധികരിച്ച് ഗ്രാമ സഭയിലും മറ്റും ഉയർന്നുവന്ന പ്രശ്നങ്ങൾ

1. പുന്നമൂട് ഗവ: ഹൈസ്കൂളിൽ ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് ഷിഫ്ട് സെക്ഷൺ സമ്പ്രദായങ്ങൾ അടിയന്തിരമായി അവസാനിപ്പിക്കണം.
2. പുന്നമൂട് ഗവ: ഹൈസ്കൂളിലെ LP വിഭാഗം പ്രത്യേകം സ്കൂളാക്കി മാറ്റണം. അതിനു വേണ്ടി, ഇപ്പോൾ പൊളിച്ചുകളഞ്ഞ LPS കെട്ടിടം ഇരുന്ന സ്ഥലത്ത് ഒരു ബഹുനില മന്ദിരം പണിയുക.
3. പുന്നമൂട് ഗവ: ഹൈസ്കൂളിനെ വൊക്കേഷണൽ ഹൈയർ സെക്കൻററി സ്കൂളാക്കി മാറ്റണം. ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ കൂടി ആരംഭിക്കണം. ഇവിടെ Pre-primary School ഉം ആരംഭിക്കണം.
4. പഞ്ചായത്തിലെ സ്കൂളുകളിൽ ആവശ്യത്തിനു കെട്ടിടവും ഫർണിച്ചറും പഠനോപകരണങ്ങളും ഉറപ്പു വരുത്തണം.
5. പ്രൈമറി സ്കൂളുകളോടു ചേർന്ന് Pre-primary സ്കൂളുകൾ തുടങ്ങണം.
6. എല്ലാ സ്കൂളുകളിലും മൂത്രപ്പുര, കക്കൂസ്, പാചകപ്പുര, സ്റ്റാഫ് റൂം, കുടിവെള്ള സൗകര്യം - ഇവ ഉറപ്പുവരുത്തുക.
7. LPS കൾ അപ്ഗ്രേഡു ചെയ്യണം.
8. കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടവും പഠനോപകരണങ്ങളും ഉറപ്പുവരുത്തണം.
9. പുന്നമൂട് HS ൽ കമ്പ്യൂട്ടർ, കോമേഴ്സ് കോ

ഴ്സുകൾ, മറ്റു തൊഴിലധിഷ്ഠിത കോഴ്സുകൾ - ഇവ തുടങ്ങുക.

10. നേമം UPS ൽ ആവശ്യമായ കെട്ടിടങ്ങൾ പ്രധാന കെട്ടിടത്തോടൊപ്പം നിർമ്മിച്ച് വിദ്യാർത്ഥികൾക്ക് റോഡ് ക്രോസ് ചെയ്യേണ്ട സാഹചര്യം ഒഴിവാക്കുക.

11. ഉള്ള ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. പുതിയ ജനവിദ്യാകേന്ദ്രങ്ങൾ തുടങ്ങുക.

12. സ്കൂൾ കുട്ടികളുടെ 'ഉച്ചഭക്ഷണ'ത്തിന്റെ ഗുണനിലവാരം ഉയർത്തണം. ഇപ്പോൾ അനുവദിക്കുന്ന പാചകകൂലിയും വീറകുവിലയും മറ്റും തീരെ കുറവാണ്.

13. നിലവാരം കുറഞ്ഞ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്കു സ്പെഷ്യൽ ക്ലാസ്സുകൾ ഏർപ്പെടുത്തി നിലവാരം മെച്ചപ്പെടുത്തണം.

14. തുടർ വിദ്യാഭ്യാസ പദ്ധതി പ്രോത്സാഹിപ്പിക്കണം.

15. TTI തുടങ്ങണം.

16. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുട്ടികൾക്കു സഹായം നല്കണം.

17. പഞ്ചായത്തു ശിശുമന്ദിരത്തിന്റെ പരിമിതികൾ പരിഹരിക്കുക. അവിടെ ഇംഗ്ലീഷ് മീഡിയം നഴ്സറി തുടങ്ങുക.

18. പുന്നമൂട് HS ൽ +2 വേണം.

19. വിദ്യാർത്ഥികളെ കലാകായിക രംഗത്തു പ്രോത്സാഹിപ്പിക്കാൻ പരിപാടി വേണം.

20. സ്കൂൾ കോമ്പൗണ്ടിനുള്ളിൽ പുറത്തുനിന്നു വരുന്നവർക്കു നിയന്ത്രണം വേണം.

21. പഞ്ചായത്തു തലത്തിൽ ഒരു കലാകായിക കേന്ദ്രം സ്ഥാപിക്കുക. അതിന്റെ സേവനം സ്കൂളുകളിലേക്കു വ്യാപിപ്പിക്കുക.

22. അദ്ധ്യാപകർ വനിതകൾ മാത്രവും കൂടുതലുമാകുന്നത് അച്ചടക്കത്തെ ബാധിക്കുന്നുണ്ട്.

24. PDC കോളേജുകളിൽ നിന്നും വേർപെടുത്തുമ്പോൾ, പുന്നമൂട്, ഗവ: ഹൈസ്കൂളിലും അനുവദിക്കുക.

25. പെരിങ്ങമ്മല കേന്ദ്രമായി ഒരു കോളേജ് ആരംഭിക്കുക.

26. V-ാം വാർഡിൽ ഒരു I. T. I. സ്ഥാപിക്കുക.

പരിഹാര നിർദ്ദേശങ്ങൾ

(1) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്, സ്കൂൾ തലത്തിലും പഞ്ചായത്തു തലത്തിലും ജനകീയ വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കുക.

(2) ജനകീയ വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തനം ഊർജിതപ്പെടുത്തി രക്ഷകർത്താക്കളുടെയും നാട്ടുകാരുടെയും സഹായത്തോടെ ഓരോ സ്കൂളിലേയും അടിയന്തിര അടിസ്ഥാനാവശ്യങ്ങൾ പരിഹരിക്കാവുന്നതാണ്.

പട്ടിക II


പുന്നമൂട് ഗവ: ഹൈസ്കൂളിലെ SSLC വിജയനിലവാരം

മാസം/ വർഷം	ആകെ എഴുതിയവർ	ആകെ ജയിച്ചവർ	%
93 മാർച്ച്	275	117	42.54
94 മാർച്ച്	279	112	40.14
95 മാർച്ച്	231	108	46.75
96 മാർച്ച്	249	105	42.16

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികളുടെ എണ്ണം | | |

വിദ്യാലയങ്ങൾ – 1996 – 97 – ചാർട്ട് B

ക്രമനമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	ടൂളിയുണ്ടോ ?	കെട്ടിടങ്ങൾ				ചുറ്റുമതിൽ ഉണ്ടോ ?	കളിസ്ഥലം ഉണ്ടോ ?	ലബോറട്ടറി ഉണ്ടോ ?	ലൈബ്രറി ഉണ്ടോ ?	ഫർണിച്ചർ മതിയോ ?	സ്റ്റാഫ് റൂം ഉണ്ടോ ?	ടോയ്ലറ്റ് ഉണ്ടോ ?	ഇലക്ട്രിക് കണക്ഷൻ ഉണ്ടോ ?	നേരിടുന്ന പ്രശ്നങ്ങൾ
				സ്ഥിരം	താൽക്കാലികം	ഷെഡ്	ആകെ									
1.	ഗവ: ഹൈസ്കൂൾ, പുന്നമൂട്	സർക്കാർ	ഉണ്ട്	2	–	–	6	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഫർണിച്ചർ, കൂടുതൽ മൂത്രപ്പുരകൾ, കക്കൂസുകൾ, സ്ഥിരം കെട്ടിടങ്ങൾ – ഇവ ആവശ്യമുണ്ട്
2.	SALPS, കാക്കാമൂല	എയിഡഡ്	ഉണ്ട്	2	–	–	2	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	പൈപ്പു കണക്ഷൻ വേണം (Water Supply)
3.	ശാന്തിവിള ന്യൂ UPS	എയിഡഡ്	ഉണ്ട്	1	–	–	3	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഫർണിച്ചർ വേണം. കക്കൂസും, മൂത്രപ്പുരയും ഉപയോഗ്യമാക്കണം പൈപ്പ് കണക്ഷൻ വേണം
4.	ഹോളിക്രോസ് LPS, പാലപ്പൂര്	എയിഡഡ്	ഉണ്ട്	2	–	–	2	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഫർണിച്ചർ കുറവാണ്.
5.	ഗവ: UPS, നേമം	സർക്കാർ	ഉണ്ട്	1	–	–	3	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഫർണിച്ചർ കുറവ്
6.	MNLPS വെള്ളായണി	സർക്കാർ	ഉണ്ട്	2	–	–	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഫർണിച്ചർ കുറവ്
7.	R:CLPS കല്ലിയൂർ	എയിഡഡ്	ഉണ്ട്	2	–	–	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഫർണിച്ചർ കുറവ്
8.	MSCLPS വെള്ളായണി	എയിഡഡ്	ഉണ്ട്	1	–	–	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഫർണിച്ചർ കുറവ്
9.	LMSLPS കുടുംബനൂർ	എയിഡഡ്	ഉണ്ട്	2	–	–	2	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഫർണിച്ചർ കുറവ്



8. കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യമേഖലയെ വിലയിരുത്താനുപയോഗിക്കുന്ന സൂചികകൾ പരിശോധിക്കുമ്പോൾ പഞ്ചായത്തിന്റെ ആരോഗ്യ നിലവാരം സംസ്ഥാന ശരാശരിയേക്കാൻ മെച്ചമാണെങ്കിലും ഈ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന നിരവധി ആരോഗ്യ പ്രശ്നങ്ങൾ നിലവിലുണ്ട്.

കഴിഞ്ഞ വർഷത്തെ പഞ്ചായത്തിന്റെ പൊതു മരണനിരക്ക് 2.15 ആണ്. ഇത് സംസ്ഥാന നിരക്കിനേക്കാൾ വളരെ കുറവാണ്. കഴിഞ്ഞ വർഷം (95-96) മാതൃമരണങ്ങളും ശിശുമരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഈ രംഗങ്ങളിൽ കാണുന്ന മാറ്റം ജനനനിരക്കിന്റെ കാര്യത്തിലും കാണാം. സംസ്ഥാന ശരാശരിയേക്കാൾ അല്പം താഴെയാണ് പഞ്ചായത്തിന്റെ ജനനനിരക്ക്. 12.7 ആണ് കഴിഞ്ഞ വർഷത്തെ ജനനനിരക്ക്. ദാമ്പതിമാരിൽ. ഒരു കുട്ടി ഉള്ളവരിൽ, 57% ഏതെങ്കിലും താത്കാലിക കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. 2 കുട്ടികളുള്ളവരിൽ 95% പേരും 2ൽ കൂടുതൽ കുട്ടികളുള്ളവരിൽ 99% പേരും സ്ഥിരമോ താത്കാലികമോ ആയ ഏതെങ്കിലും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളവരാണ്.

ദമ്പതിമാർ പ്രായാടിസ്ഥാനത്തിൽ (95-96)

(സ്ത്രീയുടെ പ്രായക്രമം)

15-19	20-24	25-29	30-34	35-39	40-44
107	588	740	857	885	307

കുട്ടികളുടെ എണ്ണം പ്രായാടിസ്ഥാനത്തിൽ

1 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ	1-2 വയസ്സു വരെ പ്രായമുള്ള കുട്ടികൾ	2-3 വയസ്സു വരെ പ്രായമുള്ള കുട്ടികൾ	3-5 വയസ്സു വരെ പ്രായമുള്ള കുട്ടികൾ
414	550	575	875

കുട്ടികൾ 96%നും പ്രതിരോധ കുത്തിവയ്പുകൾ ലഭ്യമാകുന്നുണ്ട്. കുട്ടികളിൽ 25% ലഘുവായതോ ഗരുതരമായതോ ആയ പോഷണ വൈകല്യങ്ങൾ നേരിടുന്നവരാണ്. പഞ്ചായത്തിൽ നിലവിലുള്ള 11 അംഗൻവാടികളിലും സ്ക്കൂളുകളിലും ഉച്ച ഭക്ഷണ പരിപാടി നടപ്പിലാക്കുന്നുണ്ടെങ്കിലും അത് നിർദ്ധനരായ കുഞ്ഞുങ്ങളുടെ പോഷണ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമല്ല.

പലപ്പോഴും ഈ വിതരണം പല കാരണങ്ങൾ കൊണ്ടും നിലച്ചു പോകാറുണ്ട്. കൂടാതെ നിർദ്ധനരായ ഗർഭിണികൾക്കും, അംഗൻവാടികളിൽ എത്തുന്നതിനു മുമ്പുള്ള കാലയളവിൽ ശിശുക്കൾക്കും പോഷകാഹാരവിതരണം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഇന്നു നിലവിലില്ല. കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള സബ് സെന്ററുകളിലൂടേയും അംഗൻവാടികേന്ദ്രങ്ങളിലൂടേയും ഗർഭിണികളുടേയും ശിശുക്കളുടേയും വളർച്ചക്കെതിരേ ഇരുമ്പ്, ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യപ്പെടുന്നുണ്ടെങ്കിലും, ശരിയായ ഗുണഭോക്താക്കൾക്ക് ശരിയായ രീതിയിൽ ലഭ്യമാക്കി പോഷണ വൈകല്യം പരിഹരിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ രോഗാതുരത കൂടുതലാണ്. വായുവിലൂടെ പകരുന്ന ചിക്കൻപോക്സ്, അഞ്ചാംപനി തുടങ്ങിയവയും ജലത്തിലൂടെ പകരുന്ന വയറിളക്ക രോഗങ്ങളും ഈ പഞ്ചായത്തിൽ സാധാരണമാണ്. കൂടാതെ സംസ്ഥാനത്തിന് പുറത്തു നിന്നും വരുന്ന ആളുകളിൽ മലമ്പനിരോഗവും കണ്ടു വരാറുണ്ട്. പ്രാഥമികാ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഇത്തരം പകർച്ചവ്യാധികളുടെ വ്യാപനത്തെ നിയന്ത്രിച്ചു നിർത്തുന്നതിന് ഒരു പരിധിവരെ സഹായകരമാണ്. പാലപ്പൂർ, കാർഷികകോളേജ് ഭാഗങ്ങളിലാണ് വയറിളക്കരോഗങ്ങൾ കൂടുതലായി കണ്ടു വരുന്നത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനി പ്രദേശങ്ങളിൽ വയറിളക്കം പോലുള്ള പകർച്ചവ്യാധികൾ സാധാരണയായി കണ്ടു വരുന്നു. പരിസരശുചിത്വമില്ലായ്മയാണ് ഇവിടെ ഇതിനുള്ള പ്രധാന കാരണം.

പഞ്ചായത്ത് ജനസംഖ്യയുടെ 5% രക്തസമ്മർദ്ദത്തിനും 6% പ്രമേഹരോഗത്തിനും വിധേയമാണ്. 6/1000 പേർ ക്ഷയരോഗികളായും 3/1000 പേർ ഹൃദ്രോഗികളായും ഈ പഞ്ചായത്തിൽ ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. കൂടാതെ കുഷ്ഠരോഗത്തിന് ചികിത്സിക്കുന്നവരും ഈ പഞ്ചായത്തിൽ ഉണ്ട്. ശ്വാസകോശ സംബന്ധമായ അസുഖങ്ങളുമായി കൂടുതൽ പേർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒ.പി. വിഭാഗത്തിൽ എത്തുന്നു. മുതിർന്നവരെ അലട്ടുന്ന പ്രധാനപ്രശ്നം കാഴ്ച വൈകല്യമാണ്. ഇതിനുള്ള പ്രധാന കാരണമായി കണ്ടു വരുന്നത് തിമിരമാണ്.

ഈ പഞ്ചായത്തിന്റെ ആരോഗ്യപ്രവർത്തനങ്ങൾ കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലൂടെ

യാണ് പ്രധാനമായും നടന്നു വരുന്നത്. കൂടാതെ I.P, O.P വിഭാഗങ്ങൾ മാത്രമായി പ്രവർത്തിക്കുന്ന വെള്ളായണി പ്രാഥമികാരോഗ്യ കേന്ദ്രവും ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. വെള്ളായണി കാർഷിക കോളേജ് കോമ്പോണ്ടിൽ സ്ഥിതി ചെയ്യുന്ന ഈ ആശുപത്രിയുടെ സേവനം പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള പാലപ്പൂർ, പൂങ്കുളം കാർഷികകോളേജ് നിവാസികളാണ് കൂടുതലായി ഉപയോഗപ്പെടുത്തുന്നത്. ഈ കേന്ദ്രത്തിന്റെ കെട്ടിടവും സ്ഥലവും കാർഷിക കോളേജിൽ നിന്നും പഞ്ചായത്തിന് കൈമാറി ഉടൻ അറ്റകുറ്റപ്പണികൾ നടത്തണം കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രം പഞ്ചായത്തിന്റെ തെക്ക് കിഴക്ക് ഭാഗത്ത് തെറ്റിവിളയിലാണ് സ്ഥിതി ചെയ്യുന്നത്. കാക്കാമൂല, തെറ്റിവിള, പെരിങ്ങാമ്മല നിവാസികളാണ് ഈ കേന്ദ്രത്തിലെ ഒ.പി. വിഭാഗത്തിലൂടെയുള്ള ചികിത്സ പ്രയോജനപ്പെടുത്തുന്നത്. കൂടാതെ സമീപ പഞ്ചായത്തുകളായ വെങ്ങാനൂർ, പള്ളിച്ചൽ പഞ്ചായത്തു നിവാസികളും ഈ കേന്ദ്രത്തിന്റെ പ്രയോജനം ഉപയോഗപ്പെടുത്തുന്നുണ്ട്. കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിനു കീഴിൽ 5 സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവക്കൊന്നും തന്നെ സ്വന്തമായ കെട്ടിടമോ മറ്റ് സൗകര്യങ്ങളോ ഇല്ല. കഴിഞ്ഞ വർഷം ഫെബ്രുവരി മുതലാണ് കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രം ഇന്നു പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതായ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നത്. I.P. വിഭാഗം പ്രവർത്തിക്കുന്നതിനുദ്ദേശിച്ച പണിത ഈ കേന്ദ്രത്തിൽ ഇന്നും I.P. വിഭാഗം പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.

I.P. വിഭാഗം പ്രവർത്തിപ്പിക്കുന്നതിന് കൂടുതലായി ബഡ്ഡും ഒരു മെഡിക്കൽ ഓഫീസറും, സ്റ്റാഫ് നഴ്സും നഴ്സിങ് അസിസ്റ്റന്റും, അറ്റൻഡറും, ആരോഗ്യ ഡിപ്പാർട്ട്മെന്റ് അനുവദിച്ച് നൽകേണ്ടതായിട്ടുണ്ട്.

ഈ പഞ്ചായത്ത് അതിർത്തിക്കപ്പുറത്ത് സ്ഥിതി ചെയ്യുന്ന ശാന്തിവിള സർക്കാർ ആശുപത്രി പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ള ശാന്തിവിള, വെള്ളായണി, ഊക്കോട്, കല്ലിയൂർ നിവാസികൾ പ്രയോജനപ്പെടുത്തുന്നു. ഇവിടെ O.P, I.P. വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ നിർധനരായ സ്ത്രീകൾ പ്രസവം ഉൾപ്പെടെയുള്ള ചികിത്സകൾക്ക് ഈ ആശുപത്രിയെയാണ് കൂടുതലായി ഉപയോഗപ്പെടുത്തുന്നത്. എന്നാൽ ഇന്ന് ഇവിടെ ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങൾ ആശാവഹമല്ല.

മറ്റ് ചികിത്സാ രീതികളായ ആയുർവ്വേദ ഹോമിയോ ചികിത്സകൾക്കൊന്നും സർക്കാർ തലത്തിൽ സംവിധാനങ്ങളൊന്നും ഇല്ല. എന്നാൽ ഹോമിയോ ചികിത്സക്കായി ചില സ്വകാര്യ ക്ലിനിക്കുകൾ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ചില നാട്ടു ചികിത്സകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ചില സ്വാകാര്യ വ്യക്തികളുടേതായിട്ടുണ്ട്. വിഷചികിത്സ, അസ്ഥി വൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള മർമ്മ ചികിത്സ, ചെറിയ തോതിലുള്ള ആയുർവ്വേദ ചികിത്സകൾ എന്നിവയാണ് സ്വകാര്യവ്യക്തികളുടേതായ നാട്ടു ചികിത്സകൾ. കല്ലിയൂർ പ്രദേശം കേന്ദ്രീകരിച്ച് ഓരോ ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികൾ സർക്കാർ തലത്തിൽ ഉണ്ടാകുക എന്നുള്ളത് ഈ പഞ്ചായത്തിലെ ജനങ്ങളുടെ ചിരകാല അഭിലാഷവും ആവശ്യവുമാണ്.

സ്ക്കൂൾ ആരോഗ്യ പരിപാടികൾ പഞ്ചായത്തിൽ കൂടുതൽ ഊർജ്ജിതമായി നടക്കേണ്ടതുണ്ട്. വാഹന സൗകര്യത്തിന്റെ അപര്യാപ്തതയാണ് ഇതിന് പ്രധാന കാരണം. ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും വാഹനം കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ലഭ്യമാക്കുകയാണെങ്കിൽ ഇന്ന് ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിനു കീഴിലുള്ള സബ്സെന്ററുകളിലൂടെ നൽകുന്ന പ്രതിരോധ കുത്തിവയ്പുകൾ കൂടുതൽ ഊർജ്ജിതമായ രീതിയിൽ നടത്താൻ സാധിക്കും.

കൊതുക് ശല്യം ഈ പഞ്ചാത്തിനെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്. കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കേണ്ടതാണ് എന്നാൽ ഇന്ന് കൊതുക് നശീകരണത്തിനാവശ്യമായ പമ്പുകളോ, രാസവസ്തുക്കളോ, തൊഴിലാളികളോ P.W.C. തലത്തിൽ ഇല്ല. ഇതിന് ഫോഗിംഗ് യന്ത്രം ഉൾപ്പെടെയുള്ളവ ലഭ്യമാക്കി പരിഹാരം കാണേണ്ടതുണ്ട്. ഇന്ന് പഞ്ചായത്തിലെ ഹോട്ടലുകളുടേയും മറ്റ് ഭക്ഷണശാലകളുടേയും സാനിട്ടറി നിലവാരം മെച്ചമല്ല. ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസുകൾ കർശനമാക്കുകയും ആരോഗ്യപ്രവർത്തകരുടെ പരിശോധനയും നിർദ്ദേശങ്ങളും നിർബ്ബന്ധമാക്കി അവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിൽ നിരവധി അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവക്ക് ലൈസൻസുകളോ സാനിട്ടറി നിലവാരമോ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. വേണ്ട നിർദ്ദേശങ്ങൾ നൽകി അവയുടെ സാനിട്ടറി നിലവാരം മെച്ചപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ 16% വീടുകൾക്കും ഏകദേശം 1500 ഓളം) സ്വന്തമായി കക്കൂസ് ഇല്ലാന്നുള്ളത് ഈ പഞ്ചായത്തിനെ അലട്ടുന്ന മറ്റൊരു ആരോഗ്യപ്രശ്നമാണ്. കക്കൂസ് ഉള്ളവയിൽ കൂടുതലും സാനിട്ടറി കക്കൂസുകളാണ്. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കുന്നതിനുള്ള പ്രധാന തടസ്സം അവരുടെ മോശമായ സാമ്പത്തികനിലയാണ്. കക്കൂസുകളുടെ ഉപയോഗം സാർവ്വത്രീകമാക്കി തുറസ്സായ സ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനം നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. തുറസ്സായ സ്ഥലങ്ങളക്കലെ മലമൂത്രവിസർജ്ജനം ജലാശയങ്ങളിലെ മലിനീകരണത്തിനു വരെ കാരണമാകുന്നുണ്ട്. ഏകദേശം 18% വീടുകൾ സ്വന്തമായി കമ്പോസ്റ്റ് കുഴികളുള്ളു. ഉള്ളവയിൽ പലതും ശരിയായ രീതിയിൽ അല്ല ഉപയോഗിക്കപ്പെടുന്നത്. കമ്പോസ്റ്റ് കുഴികളുടെ അഭാവവും കൂടാതെ അവയുടെ അശാസ്ത്രീയമായ ഉപയോഗവും പരിസരമലിനീകരണത്തിന് പ്രത്യേകിച്ച് ഈച്ച, കൊതുക് എന്നീവയുടെ ശല്യത്തിന് കാരണമാകുന്നുണ്ട്.

പഞ്ചായത്തിലെ ഗുരുതരമായ മറ്റൊരു ആരോഗ്യപ്രശ്നം AIDS പോലുള്ള പ്രതിവിധി ഇല്ലാത്ത അസുഖങ്ങളെക്കുറിച്ച് സമൂഹത്തിനിടയിൽ നിലനിൽക്കുന്ന അജ്ഞതയാണ്. അഭ്യസ്ത വിദ്യരുടെ ഇടയിൽ പോലും ഈ അജ്ഞത നിലനിൽക്കുന്നു. പഞ്ചായത്തിലെ സാമൂഹ്യസന്നദ്ധസംഘടനകളുടെ സഹായത്തോടെ ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ ആരോഗ്യപ്രവർത്തകർ സമൂഹത്തിന് നൽകി ബോധവൽക്കരിക്കേണ്ടതുണ്ട്.

കുടിവെള്ളം : ഒരു പ്രദേശത്തിന്റെ ആരോഗ്യ നിലവാരം ഒരു പരിധി വരെ ആ പ്രദേശത്ത് ലഭ്യമാക്കുന്ന ശുദ്ധമായ കുടിവെള്ള ലഭ്യതയെ ആശ്രയിച്ചാണല്ലോ. കല്ലിയൂർ പഞ്ചായത്തിൽ 70% വീടുകൾക്കും സ്വന്തമായി കിണറുകളുണ്ട്. പഞ്ചായത്തിന്റെ വകയായി 30 കിണറുകളും 12 കുഴൽ കിണറുകളും ഉണ്ട്. കുഴൽ കിണറുകളിൽ പലതും ഇന്ന് ഉപയോഗശൂന്യമായി കിടക്കുകയാണ്. പൊതുകുളങ്ങൾ 19 എണ്ണം ഉണ്ട്. പഞ്ചായത്തിന്റെ പ്രധാന ജലസ്രോതസ്സ് വെള്ളായണി, വെങ്ങാനൂർ, കല്ലിയൂർ, തിരുവല്ലം പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന വെള്ളായണികായലാണ്. ഈ ശുദ്ധജലതടാകത്തിന്റെ സിംഹഭാഗവും കല്ലിയൂർ പഞ്ചായത്തിലാണ്. പാചകത്തിന് നേരിട്ട് കായൽജലം ഉപയോഗിക്കുന്ന നിരവധി വീട്ടുകാർ ഈ പഞ്ചായത്തിലുണ്ട്. കുടിവെള്ളത്തിന്റെ കാര്യത്തിൽ വെള്ളായണി കായൽ കല്ലിയൂർ പഞ്ചായത്തിന് ഒരു വരദാനം തന്നെയാണ്. ഈ കായലിനെ ആശ്രയിച്ച് അടുത്തകാലത്തായി പഞ്ചായത്തിൽ നെടിഞ്ഞൽ ശുദ്ധജലവിതരണപദ്ധതിക്ക് തുടക്കമിട്ടു. ഇപ്പോൾ 200 ഓളം പൊതുടാപ്പുകൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നും 500 ഓളം ഹൗസ് കണക്ഷനുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നൽകിയിട്ടുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഏലാക്കരകളിൽ നിരവധി ഊറ്റുകുഴികളെ (നീരുറവകൾ) ജനങ്ങൾ കുടിവെള്ളത്തിനായി ഉപയോഗിക്കുന്നുണ്ട്. ഇവയെ ശാസ്ത്രീയമായി സംരക്ഷിച്ച് ആ ഭാഗങ്ങളിലുള്ള ജനങ്ങളുടെ ശുദ്ധജല ലഭ്യതയുടെ സാധ്യതകൾ നിലനിർത്തേണ്ടതാണ്.

വേനൽക്കാലങ്ങളിൽ പഞ്ചായത്തിന്റെ പന്ത്രണ്ട് വാർഡുകളിലും വരൾച്ച അനുഭവപ്പെടുന്നുണ്ട്. ഈ സമയങ്ങളിൽ ജലനിരപ്പ് താഴ്ന്ന് പല കിണറുകളും വറ്റിപ്പോകാറുണ്ട്. ഇതിന് പ്രതിവിധിയായി ജനങ്ങൾ ഇന്ന് കാണുന്നത് നെടിഞ്ഞൽ ശുദ്ധജലവിതരണ പദ്ധതിയാണ്. കഴിഞ്ഞ സ്പെഷ്യൽ ഗ്രാമസഭകളിൽ 12 വാർഡുകളിൽ നിന്നും ഉയർന്നു വന്ന് ഒരു പ്രധാന ആവശ്യം നിലവിലുള്ള പൈപ്പുലൈനുകളുടെ നീളം വർദ്ധിപ്പിച്ച് പൊതു ടാപ്പുകൾക്കും ഹൗസ് കണക്ഷനുമുള്ള സാധ്യത വർദ്ധിപ്പിക്കുക എന്നുള്ളതാണ്. വെള്ളായണി കായലിന്റെ സാന്നിദ്ധ്യം സമീപ പ്രദേശങ്ങളിലെ കിണറുകളിലെ ജലനിരപ്പിനെ ശക്തിയായി സ്വാധിനിക്കുന്നുണ്ട്. ആയതിനാൽ കഴിഞ്ഞ പത്തു വർഷക്കാലത്തിലേറെയായി കായൽ വറ്റിച്ച് കൃഷി ചെയ്യുന്നത് നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ അടുത്തകാലത്തായി തീരപ്രദേശത്തോട് ചേർന്ന കായൽ ഭാഗങ്ങൾ മണ്ണിട്ട് നികത്തി ഈ ശുദ്ധജല തടാകത്തിന് ഭീഷണി സൃഷ്ടിക്കുകയാണ്. നമ്മുടെ ജില്ലയുടെ തന്നെ കുടിവെള്ള ലഭ്യതയ്ക്ക് പ്രത്യാശ പകരുന്ന ഈ കായൽ സംരക്ഷിക്കേണ്ടത് ഒരു അടിയന്തര കടമയാണ്. കായൽ, കൃഷിക്കായി ഉപയോഗിക്കുകയാണെങ്കിൽ ജലം മലിനപ്പെടാനുള്ള സാധ്യതയുണ്ട്.

പഞ്ചായത്തിൽ ഇന്ന് ഉപയോഗിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പലപ്പോഴും ജലമലിനീകരണത്തിന്റെ ഫലമായി മഞ്ഞപ്പിത്തം, വയറിളക്കം തുടങ്ങിയവ പോലുള്ള ജലജന്യരോഗങ്ങൾ

പഞ്ചായത്തിന് ഭീഷണി ഉയർത്തുന്നുണ്ട്. ഇതിനെതിരെ ക്ളോറിനേഷൻ പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതുണ്ട്. എന്നാൽ ഇതിനാവശ്യമായ ബ്ലീച്ചിംഗ് പൗഡർ ഇന്ന് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലഭ്യമല്ല. ഇത് അടിയിന്തരമായി ലഭ്യമാക്കി. പൊതുകിണറുകൾ ഉൾപ്പെടെയുള്ള കിണറുകൾ ക്ലോറിനേറ്റ് ചെയ്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കണം. കൂടാതെ കിണറുകളും മറ്റ് നീരുറവകളും മലിനപ്പെടാതിരിക്കാനുള്ള നിയമങ്ങൾ പ്രാഥമികാരോഗ്യകേന്ദ്രം വഴി ശക്തമായി നടപ്പിലാക്കേണ്ടതുണ്ട്. പബ്ളിക് ടാപ്പുകൾ വഴി കുടിവെള്ളം ദുരുപയോഗം ചെയ്യുന്നതിന് പരിഹാരം കാണേണ്ടതുണ്ട്.


ഗ്രാമസഭകളിൽ നിന്നും ഉയർന്ന വന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും

1. കല്ലിയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന I.P. യൂണിറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കുക.
2. സന്നദ്ധസംഘടനകളുടെ സഹായത്തോടുകൂടി സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
3. ശാന്തിവിള സർക്കാർ ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത യൂണിറ്റ് പ്രവർത്തിപ്പിക്കണം.
4. കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുക.
5. ഓരോ ഹോമിയോ, ആയൂർവ്വേദ ആശുപത്രികൾ പഞ്ചായത്തു തലത്തിൽ ആരംഭിക്കുക.
6. നിർദ്ധനരായ കുടുംബക്കാർക്ക് കക്കൂസുകൾ സൗജന്യമായി നിർമ്മിച്ചു കൊടുക്കുക.
7. ക്ലോറിനേഷൻ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കണം.
8. ഭക്ഷണമലിനീകരണത്തിനും മായം ചേർക്കലിനുമെതിരെ നടപടികൾ സ്വീകരിക്കണം.
9. മാസത്തിലൊരിക്കൽ മദേഴ്സ് മീറ്റിംഗ് സംഘടിപ്പിക്കുകയും ബഹുജന ആരോഗ്യക്ലാസ്സുകൾ നടത്തുകയും വേണം.
10. പേപ്പട്ടി ശല്യം ഒഴിവാക്കുന്നതിനായി അലഞ്ഞു തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.
11. പഞ്ചായത്തിൽ ഒരു ഇലക്ട്രിക് ശ്മാശാനം ഉണ്ടാക്കുക.
12. പഞ്ചായത്തിന്റെ 12 വാർഡുകളിലും നിലവിലുള്ള പൈപ്പു ലൈനുകളുടെ നീളം വർദ്ധിക്കുകയും പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിക്കുകയും വേണം.
13. പൊതുകുളങ്ങൾ ശുദ്ധീകരിക്കുകയും പൊതുകിണറുകൾ കാലാകാലങ്ങളിൽ ക്ലോറിനേറ്റ് ചെയ്യുകയും വേണം.
14. V-ാം വാർഡിൽ കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന 4 ഊറ്റുകുഴികളുണ്ട് ഇവ സംരക്ഷിച്ച് കുടിവെള്ള സാദ്ധ്യത വർദ്ധിപ്പിക്കണം.

കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പൈപ്പ് ലൈനുകളും, കിണറുകളും ഏറെക്കുറെ ഉണ്ടെങ്കിലും പല അംഗീകൃത ഹരിജൻ കോളനികളിലും കോളനികളായി അംഗീകരിക്കേണ്ട സ്ഥലങ്ങളിലും കൂടാതെ പഞ്ചായത്തിന്റെ 12 വാർഡുകളിലുമായി ഏകദേശം 60 KM നീളത്തിൽ പൈപ്പ് ലൈനുകൾ എക്സ്റ്റൻഷനായും, പുതിയതായും സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള നടപടികൾ ബന്ധപ്പെട്ട ഓഫീസുകളിലും തിരുവനന്തപുരം ജില്ലാ കളക്ടറുടേയും പരിഗണനയിലാണ്. ഈ നടപടികൾ അടിയന്തിരമായി ത്വരിതപ്പെടുത്തിയാൽ കല്ലിയൂർ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ നിന്നും ഒരു പബ്ളിക് ടാപ്പിന് വാട്ടർ ചാർജ്ജും മെയിന്റനൻസ് ചാർജ്ജുമായി ഏകദേശം 900 രൂപ പ്രതിവർഷം അടയ്ക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ടാപ്പുകളിലും പൈപ്പ് ലൈനിലുമുണ്ടാകുന്ന കേടുപാടുകൾ യഥാസമയം വാട്ടർ അതോറിട്ടിയിൽ അറിയിച്ചാൽ മെയിന്റനൻസ് നടത്തുന്നതിന് കാലതാമസം വരുത്തുന്നതിനാൽ ശുദ്ധജലം ധാരാളം പാഴായി പോകുന്ന അവസ്ഥ സംജാതമാകുന്നു. ഇത് പരിഹരിക്കുന്നതിന് വേണ്ട സത്വരനടപടികൾ സ്വീകരിക്കണം.

9.



വ്യവസായം

വരമ്പരാഗത കൈത്തൊഴിലുകളിൽ മാത്രം വളർച്ച ചെന്നെത്തി നിൽക്കുന്ന കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ വ്യവസായ മേഖലയ്ക്കുമുണ്ട്. ചരിത്രത്തിന്റെ വിരൽപ്പാടു വീണ കഥകൾ പറയാൻ ഏറെ. വിനോബാഭാവയുടെ ഭൂദാന പ്രസ്ഥാനത്തിന്റെ ആവേശമുൾക്കൊണ്ട് ഉപനിയൂർ പ്രദേശത്ത് ദാനമായിക്കിട്ടിയ അര ഏക്കറോളം വരുന്ന ഭൂമിയിൽ 'സർവ്വോദയം' എന്ന പേരിൽ ഒരു ഖാദി യൂണിറ്റ് ജയപ്രകാശ് നാരായണന്റെ സജീവ താല്പര്യത്തോടെ തുറന്നു പ്രവർത്തിപ്പിച്ചത് ഈ നാടിന്റെ വികസന പ്രക്രിയയിലെ ഒരു നാഴികകല്ലായിരുന്നു. നൂൽനൂൽപ്പ് രംഗത്ത് അന്നത്തെ നൂതന സങ്കേതമായ 'അംബർ ചർക്ക' ഈ ഗ്രാമത്തിന്റെ പ്രത്യേകതയായിരുന്നു. ഊക്കോട് പ്രദേശത്ത് ഒരു തുകൽ സംസ്ക്കരണ ശാല, ഒരു എല്ലുപൊടി നിർമ്മാണ ശാല, ഒരു എണ്ണയാട്ടു വ്യവസായശാല എന്നിവ അന്ന് ഈ ഗ്രാമത്തിന്റെ വ്യവസായ മേഖലയെ ജീവൻ നൽകി നിലനിർത്തി വന്നവയായിരുന്നു. വൻപിച്ച കടഭാരം കൊണ്ട് മേൽപ്പറഞ്ഞ 'സർവ്വോദയ' പ്രസ്ഥാനം തകർന്നു. പൊളിഞ്ഞുപോയ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ മാത്രം പോയകാലസ്മരണകളുണർത്തി മൂകമായി ഇന്നും അവശേഷിക്കുന്നു.

ഇന്ന് കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്നത് കൈത്തറി വ്യവസായമാണ്. സഹകാര്യ മേഖലയിലും സഹകരണ അടിസ്ഥാനത്തിലും വരുന്ന വിവിധ കൈത്തറിവ്യവസായശാലകളിൽ ഏതാണ്ട് രണ്ടായിരത്തോളം വരുന്ന തൊഴിലാളികൾ പണിയെടുത്തു വരുന്നുണ്ട്. ഈ ഗ്രാമ പഞ്ചായത്തിലെ അഞ്ച്, എട്ട് വാർഡുകളിൽ പ്പെടുന്ന പെരിങ്ങമ്മല, വള്ളംകോട് എന്നീ പ്രദേശങ്ങളിലാണ് കൈത്തറി വ്യവസായം പ്രതിസന്ധികളെ തരണം ചെയ്യിട്ടാണെങ്കിലും സജീവമായി പ്രവർത്തിച്ചു വരുന്നത്. ഈ മേഖലയിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്.

ഈ ഗ്രാമ പഞ്ചായത്തിലെ പ്രമുഖ വ്യവസായമായ കൈത്തറി മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. വിദ്യാഭ്യാസ രംഗത്ത് ഏറെക്കുറെ മെച്ചമായ അവസ്ഥ കൈവരിച്ചിട്ടുള്ള ഈ ഗ്രാമപ്രദേശത്തെ പുതിയ തലമുറയിലെ ചെറുപ്പക്കാർ കൈത്തറി രംഗത്തേയ്ക്ക് കടന്നു വരുന്നതിൽ വിമുഖത പ്രകടിപ്പിക്കുകയാണ്. വൻപിച്ച തൊഴിൽ സാദ്ധ്യതയുണ്ടെങ്കിലും ഈ രംഗത്തേയ്ക്ക് കടന്നു വരാൻ ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമായ പരിശീലനം നൽകാനുള്ള സംവിധാനമില്ലാത്തതാണ് കൈത്തറി വ്യവസായ രംഗത്തെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നതിനുള്ള പ്രധാന കാരണം. നൂല്, പാവ് തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളുടെ വിലക്കയറ്റവും ലഭ്യതയിലുള്ള കുറവും ഈ രംഗത്തെ തൊഴിൽ ദിനങ്ങളുടെ എണ്ണം കുറച്ചു വരികയാണ്. ജീവിതത്തിന്റെ ഊടും പാവും നെയ്യാനുള്ള പരിശ്രമത്തിൽ കൈത്തറി തൊഴിലാളികൾ തങ്ങൾക്ക് ആഗ്രഹമില്ലെങ്കിൽ പോലും മറ്റ് ജോലികൾ ചെയ്ത് ഉപജീവനം നിർവ്വഹിക്കാൻ നിർബന്ധിതരാകുന്നത് വിധിയുടെ വിരോധാഭാസമായി മാത്രമേ കാണാൻ കഴിയുന്നുള്ളൂ. മാത്രമല്ല, ഇതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലി നിരക്ക് കാലാകാലങ്ങളിൽ പരിഷ്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, വർദ്ധിച്ചു വരുന്ന ജീവിതാവശ്യങ്ങൾക്ക് മുന്നിൽ അവർക്ക് ഇന്നു ലഭിക്കുന്ന കൂലി തികച്ചും കുറവു തന്നെയാണ്. മാനത്തു മഴക്കാർ കാണുമ്പോൾ, ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടി മുട്ടിയ്ക്കാൻ പാടുപെടുന്ന കൈത്തറിത്തൊഴിലാളികൾക്ക് നെഞ്ചകം പിളരുന്ന വിഭ്രാന്തിയാണ്. സാമ്പാദിക്കാൻ കഴിഞ്ഞില്ലെങ്കിലും അന്നത്തെ ജോലി മുടങ്ങിയാൽ കൂലി മുടങ്ങുന്നത് അവന്റെ മുന്നിൽ ഭീകരസത്യമായി നിലകൊള്ളുന്നു.

എങ്കിലും, കൈത്തറിത്തൊഴിലാളികൾക്ക് താരതമ്യേന ജീവിത സന്ധാരണത്തിനാവശ്യമായ സഹായം നൽകുന്നതിൽ ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിൽ പ്രവർത്തിച്ചു വരുന്ന 5 കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ പ്രവർത്തനം സ്മരണീയമാണ്. പ്രസ്തുത സഹകരണ സംഘങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടികയായി അന്യത്ര ചേർത്തിരിക്കുന്നു.

പട്ടിക - I

കൈത്തറി സഹകരണ സംഘങ്ങളുടെ വിവരങ്ങൾ - 1996

Sl. No.	പേര് എണ്ണം	മെമ്പർമാരുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം	മൊത്തം വിറ്റു	ലാഭനഷ്ടം
1.	വള്ളംകോട് ഹാന്റ്ലൂം വിവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി Ltd No. HT - 312	139	68	44,58,000	ലാഭം
2.	ജവഹർ മെമ്മോറിയൽ ഹാന്റ്ലൂം വിവേഴ്സ് സംഘംHT - 387	67	44	79,102	ലാഭം
3.	H.W.C.S കല്ലിയൂർ Ltd No. - 3392	423	179	23,52,000	ലാഭം
4.	ശ്രീ വെള്ളായണി H.W.C.S. Ltd (T) - 378	541	341	2,42,00,000	ലാഭം
5.	പൂന്നമൂട് H.W.C.S. Ltd (H) - 179	477	453	1,73,46,607	ലാഭം

പരമ്പരാഗത വ്യവസായ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികുടുംബങ്ങൾ എണ്ണത്തിൽ കുറവാണെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടപ്പുണ്ട്. പനമ്പു കൊണ്ടുള്ള പായ്, കുട്ട, വട്ടി തുടങ്ങിയവ നിർമ്മിക്കുന്നതിൽ അസാധാരണ വൈദഗ്ധ്യം നേടിയവരുടേതായി അൻപതോളം കുടുംബങ്ങൾ അഞ്ചാം വാർഡിലെ തെങ്ങും പള്ളിക്കോണം പ്രദേശത്തുണ്ട്. പ്രതിസന്ധികൾ ഏറെയുണ്ടെങ്കിലും തങ്ങളുടെ പാരമ്പര്യത്തിന്റെ പാതയിലൂടെ അവർ ഇന്നും മുന്നോട്ടു തന്നെയാണ്.

കാർഷിക ആവശ്യങ്ങൾക്കുള്ള പണിയായുധങ്ങളും നെയ്ത്തുപകരണങ്ങളും പരമ്പരാഗതമായി നിർമ്മിച്ചു വരുന്ന ചില കുടുംബങ്ങളും ഈ ഗ്രാമ പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്. പാരമ്പര്യം നിലനിർത്താൻ പാടുപെടുന്ന ഇവരുടെ പ്രശ്നങ്ങൾ പലപ്പോഴും അവഗണയുടെ ബധിര കർണ്ണങ്ങളിലാണ് പതിക്കുന്നത്.

ജീവൻ തുടിച്ചു നിൽക്കുന്ന പ്രതിമകളും, കണ്ണിനിമ്പമേകുന്ന സൗന്ദര്യ ശില്പങ്ങളും ചാരുതയാർന്ന മറ്റുല്പന്നങ്ങളും നിർമ്മിക്കുന്ന കരകൗശല വ്യവസായ മേഖല മുരടിപ്പിന്റെ മുൾമുനകളിൽ പെട്ടുഴലുകയാണ്. വിദേശരാജ്യങ്ങളിൽപ്പോലും കയറ്റുമതി നടത്തി ഈ ഗ്രാമപഞ്ചായത്തിന്റെ വ്യവസായ മേഖലയുടെ മുഖശ്രീയാകാൻ ഈ വ്യവസായത്തിന് കഴിയും. എന്നാൽ, ഈ രംഗത്ത് ഇന്ന് നിലയുറപ്പിച്ചിട്ടുള്ളവരുടെ എണ്ണം തുലോം പരിമിതമാണ്. തങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി ലഭിക്കാത്തതും ന്യായമായ വില കിട്ടാത്തതും അർഹമായ പ്രോത്സാഹനം ലഭിക്കാത്തതും കാരണം കരകൗശല രംഗത്തെ വിദഗ്ധഹസ്തങ്ങൾ മറ്റുതൊഴിലുകൾ ചെയ്യുന്നതിനു നിർബന്ധിതമാവുകയാണ്.

ഈ ഗ്രാമ പഞ്ചായത്തിലും റാട്ടിന്റെ സംഗീതം കേട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. വെള്ളായണിക്കായലിന്റെ ഓളങ്ങൾക്കു പോലും ഓർമ്മയുണ്ടാകുന്ന സംഗീതം. കായൽപ്പരപ്പ് സ്വകാര്യവ്യക്തികൾ മണ്ണിട്ടു മൂടിയപ്പോൾ കയർ ഉല്പന്ന മേഖലയിൽ പത്തു വർഷം മുൻപുവരെ പണിയെടുത്തിരുന്ന തൊഴിലാളികളുടെ സ്വപ്നങ്ങളും മണ്ണിനടിയിലാവുകയായിരുന്നു. ഏതാണ്ട് നൂറോളം തൊഴിലാളികൾ അന്ന്

അവിടെ പണിയെടുത്തിരുന്നു. ഇനിയും അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള എല്ലാവിധ സാഹചര്യങ്ങളും ഈ പ്രദേശത്ത് നിലവിലുണ്ട്.

മേശ, കസേര മുതലായ ഫർണീച്ചർ സാധനങ്ങൾ തടികൊണ്ട് നിർമ്മിക്കുന്ന നിരവധി വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്. ഏറെക്കുറെ ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത യൂണിറ്റുകളിൽ ഏതാണ്ട് മൂന്നൂറോളം തൊഴിലാളികൾക്ക് തൊഴിൽ ലഭിച്ചു വരുന്നുണ്ട്. ഇഷ്ടിക നിർമ്മാണ കളങ്ങളിൽ പതിനഞ്ചു വർഷങ്ങൾക്കു മുൻപുവരെ തൊഴിലെടുക്കുന്നവരുടെ അദ്ധ്വാന ശബ്ദം കേൾക്കാനുണ്ടായിരുന്നു. എന്നാൽ, ഇന്ന് അഞ്ച് ഇഷ്ടികനിർമ്മാണ ചൂളയാണ് ഈ ഗ്രാമ പഞ്ചായത്തിലുള്ളത്. തമിഴ്നാട്ടിലെ ഇഷ്ടികയ്ക്കാണ് ഏറെ പ്രിയം. പതിനായിരക്കണക്കിനു രൂപയാണ് പ്രതിദിനം ഈ ഇനത്തിൽ അയൽ സംസ്ഥാനത്തേയ്ക്ക് ഒഴുകിപ്പോകുന്നത്. ഈ രംഗത്ത് കാലോചിതമായ പരിഷ്കാരങ്ങളോടെ പുതിയ ഇഷ്ടിക നിർമ്മാണചൂളകൾ ആരംഭിക്കുന്നത് നന്നായിരിക്കും. ആവശ്യമായ മണ്ണ്, ഇന്ധനസൗകര്യം എന്നിവ ലഭ്യമല്ലാത്തതും, പാരിസ്ഥിതിക പ്രശ്നങ്ങളുമാണ് ഈ വ്യവസായത്തെ തകർച്ചയിലേയ്ക്ക് നയിച്ചത്. കൂടാതെ രണ്ട് ഹോളോബ്രിക്സ് നിർമ്മാണശാലകളും പ്രവർത്തിച്ചുവരുന്നു.

അഞ്ച് ഗാർമെന്റ് നിർമ്മാണയൂണറ്റുകൾ, ഒരു തീപ്പെട്ടി നിർമ്മാണ യൂണിറ്റ്, ഒരു സാമ്പ്രാണിത്തിരി നിർമ്മാണയൂണിറ്റ് എന്നിവയും ഈ ഗ്രാ പഞ്ചായത്തിലെ വ്യവസായ മേഖലയിൽ ഉൾപ്പെടുന്നവയാണ്. മാത്രമല്ല, ഓട്ടോമൊബൈൽ വർക്ഷോപ്പുകൾ, എഞ്ചിനീയറിംഗ് വർക്ഷോപ്പുകൾ, അപ്ഹോൾസറി കേന്ദ്രങ്ങൾ, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, തയ്യൽ പരിശീലന കേന്ദ്രങ്ങൾ എന്നിങ്ങനെ നിരവധി ചെറിയ വ്യവസായ യൂണിറ്റുകൾ ഈ ഗ്രാപഞ്ചായത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ആയവയുടെ ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് പ്രതിവർഷം 2320 രൂപാ വരുമാനമായി ലഭിച്ചു വരുന്നുണ്ട്. ആയവ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ പട്ടിക 2-ൽ ചേർത്തിരിക്കുന്നു.

പട്ടിക -II
ഗ്രാമ പഞ്ചായത്തിലെ വിവിധ വ്യവസായ യൂണിറ്റുകൾ സംബന്ധിച്ച വിവരം
തൊഴിൽ നികുതി രജിസ്റ്റർ

Sl No.	യൂണിറ്റിന്റെ പേര്	എണ്ണം	തൊഴിലെടുക്കുന്നവരുടെ എണ്ണം
1.	ഓട്ടോ മൊബൈൽ വർക്ഷോപ്പ്	10	30
2.	എഞ്ചിനീയറിംഗ് വർക്ഷോപ്പ്	9	28
3.	അപ്ഹോൾസറി വർക്ഷോപ്പ്	7	15
4.	ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	15	15
5.	ഇഷ്ടിക നിർമ്മാണശാല	5	130
6.	ഹോളോബ്രിക്സ് നിർമ്മാണം	2	10
7.	ധാന്യം പൊടിക്കുന്ന മിൽ	10	10
8.	എണ്ണ ആട്ട് മിൽ	5	5
9.	തടി വ്യാപാര സ്ഥാപനം	2	14
10.	സൈക്കിൾ വർക്ഷോപ്പ്	7	7
11.	തയ്യൽ പരിശീലനകേന്ദ്രം	3	—
12.	ക്ലിനിക്കൽ ലബോറട്ടറി	2	4
13.	സ്വർണ്ണപണയ വായ്പാ സ്ഥാപനം	5	—
14.	മെഡിക്കൽ സ്റ്റോർ	9	18
15.	റേഡിയോ, ടി.വി, വാച്ച്റിപ്പയറിംഗ്	10	10
16.	കല്യാണണ്ഡപങ്ങൾ (ദേവസ്വം ബോർഡ് വക ഉൾപ്പെടെ)	4	16
17.	ഫർണ്ണിച്ചർ മാർട്ട്	5	25
18.	ചെറുകിട വ്യാപാരസ്ഥാപനം	95	95
19.	ലഘുഷേണ ശാലകളും ഹോട്ടലും	37	148
20.	STD ബൂത്ത്	2	2
21.	സ്റ്റേഷനറി	11	11
22.	ബേക്കറി	11	11
23.	വസ്ത്രവ്യാപാരശാലകൾ	11	11
24.	മാർബിൾ കൊത്തുപണിശാല	1	7
25.	കോൺക്രീറ്റ് ജാളി നിർമ്മാണശാല	1	4
26.	ചെരുപ്പ് നിർമ്മാണയൂണിറ്റ്	3	6
27.	ആഭരണനിർമ്മാണ കേന്ദ്രങ്ങൾ	4	8
28.	ദേശസാൽകൃത ബാങ്ക്	2	—
29.	തയ്യൽ തൊഴിലാളികൾ	14	40
30.	കേബിൾ TV	5	10
31.	സിനിമാ ശാലകൾ	1	5
32.	പ്രിന്റിംഗ്	5	10

വൻകിട വ്യവസായങ്ങളോ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളോ ഈ ഗ്രാമ പഞ്ചായത്തിൽ നിലവിലില്ല. എന്നാൽ ഏതൊരു വ്യവസായത്തിനും അഭിവൃദ്ധി പ്രാപിക്കാനുള്ള സാദ്ധ്യത ധാരാളമുള്ള ഈ പഞ്ചായത്തിൽ അവഗണനയുടെ കയ്പേറിയ അനുഭവങ്ങൾ മാത്രമാണുള്ളത്. ദേശസാൽ ക്കരിക്കപ്പെട്ടിട്ടുള്ള ബാങ്കിന്റെ രണ്ടു ശാഖകൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നെങ്കിലും, വ്യവസായ രംഗത്ത് പുതിയതായി കടന്നു വരുന്നവർക്ക് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ ഈ ബാങ്കുകൾ താല്പര്യം കാട്ടാറില്ല. സർക്കാറിന്റെ ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടിയിലൂടെ ഏതാണ്ട് മുപ്പത്തിയഞ്ചാളം ആളുകൾക്കു മാത്രമേ പ്രയോജനം ലഭിച്ചിട്ടുള്ളൂ എന്നത് ഖേദകരമായ വസ്തുതയാണ്. ആയത് സംബന്ധിക്കുന്ന വിശദമായ വിവരം വാർഡ് തിരിച്ച് പട്ടിക മൂന്നിൽ ചേർത്തിരിക്കുന്നു.

പട്ടിക -III

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

വാർഡ്	ഗ്രാമീണ കൈത്തൊഴിലാളികൾ	സഹായം കിട്ടിയത്	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
7	32	7	25
8	26	—	26
9	39	8	31
10	26	2	24
11	33	1	32
1	25	2	23
6	30	7	23
IV	22	3	19
V	27	5	22
II	32	—	32
	292	35	257
III	21	2	32
	313	37	276

കെട്ടിട നിർമ്മാണ രംഗത്ത് വൈദഗ്ധ്യം ലഭിച്ചിട്ടുള്ള തൊഴിലാളികൾ ഏറെ അധിവസിക്കുന്ന പ്രദേശമാണ് കല്ലിയൂർ ഗ്രാമ പഞ്ചായത്ത്. ഇവരിൽ ഭൂരിഭാഗം പേരും നഗരങ്ങളിലെ മണി സൗധങ്ങൾ പടുത്തുയർത്തുന്നതിന് വിയർപ്പൊഴുക്കുന്നവരാണ്. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന വിവിധ വർഗ്ഗം ആളുകളാണ് പ്രസ്തുത കെട്ടിട നിർമ്മാണ വിദഗ്ദ്ധരുടെ കൈവേലക്കാരായി ജോലി ചെയ്യാൻ നിർബന്ധിതരാകുന്നത്. പരമ്പരാഗത തൊഴിലിൽ നിന്നും നിത്യ വൃത്തിയ്ക്കുള്ള വരുമാനം ലഭിക്കാതെ വരുന്നതിനാൽ, താരതമ്യേന ആകർഷകമായ കൂലി നിരക്ക് നിലവിലുള്ള കെട്ടിട നിർമ്മാണ തൊഴിൽ രംഗത്തേയ്ക്ക് കൈവേലക്കാരായി അവർ ആകർഷിക്കപ്പെടുന്നത് തികച്ചും സാധാരണമാണ്. മാന്യമായ ജീവിതത്തിനാവശ്യമായ കൂലി നിരക്ക് ലഭിക്കുകയാണെങ്കിൽ ഈ പരമ്പരാഗത വ്യവസായ മേഖലയിൽ ഇന്നുണ്ടായി ക്കൊണ്ടിരിക്കുന്ന തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഏറെക്കുറെ പരിഹരിക്കാവുന്നതാണ്.

സർക്കാരിന്റെ ഭൈസം തൊഴിൽ പരിശീല പരിപാടിയിലൂടെ സഹായം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം പരിമിതമാണ്. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പാ സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണെങ്കിലും, പ്രസ്തുത വായ്പാ ലഭിച്ചിട്ടുള്ള ആട്ടോറിക്ഷാ തൊഴിലാളികൾ, നെയ്ത്തുതൊഴിലാളികൾ, ചെറുകിട വ്യാപാരികൾ, തയ്യൽ തൊഴിലാളികൾ തുടങ്ങിയവരുടെ എണ്ണവും അധികമൊന്നുമല്ല. പട്ടിക 4-ൽ വിശദ വിവരങ്ങൾ ചേർക്കുന്നു.

പട്ടിക IV

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

Sl. No.	വിഷയം : പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ എണ്ണം	ഇതര തൊഴിലുകൾ	റിമാർക്സ്
1.	പായ് നെയ്ത്ത്	1	—	1	—
2.	ബുക്ക് ബയന്റിംഗ്	1	—	1	—
3.	നെയ്ത്ത്	20	—	20	—
4.	എംബ്രോയിഡറി	6	2	4	—
5.	മോട്ടോർ മെക്കാനിസം	1	1	—	—
6.	ടൈപ്പ് റൈറ്റിംഗ് മെക്കാനിസം	2	1	—	ട്രെയിനിംഗ് പൂർത്തിയായിട്ടില്ല
7.	അപ്ഹോൾസറി	1	1	—	—
8.	വെൽഡിംഗ്	1	—	—	ട്രെയിനിംഗ് തുടരുന്നു.

തലസ്ഥാന നഗരിയിൽ നിന്നും ഏതാണ്ട് എട്ടു കിലോമീറ്റർ മാത്രം അകലെ സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്തിൽ പുതിയ വ്യവസായശാലകൾ സർക്കാർതലത്തിൽ തന്നെ ആരംഭിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്. എങ്കിലും, അത്തരത്തിലൊരു നീക്കം നാളിതുവരെ ഉണ്ടായിട്ടില്ല എന്നത് നിർഭാഗ്യകരമാണ്. വിനോദ സഞ്ചാരികളുടെ പറുദീസയായ ലോക പ്രസിദ്ധമായ കോവളം കടൽ ത്തീരത്തോടുരുമ്മി നിൽക്കുന്ന ഈ ഗ്രാമ പഞ്ചായത്തിന്റെ അഴകിനു നിറച്ചാർത്തു നൽകുന്ന വെള്ളായണി കായൽപ്പരപ്പ് വിദേശ നാണയം നേടിത്തരുന്ന ടൂറിസം വ്യവസായത്തിനു അനുയോജ്യമാണ് ഓണക്കാലത്തോടനുബന്ധിച്ച്, വെള്ളായണി കായലിൽ സ്ഥിരമായി വള്ളംകളി മത്സരം സംഘടിപ്പിക്കാറുണ്ട്. എന്നാൽ, മാവേലി മന്നന് വരവേല്പ് പാകുന്ന ഈ ഉത്സവമേളം മാലോകരറിയാത്ത ചടങ്ങായിത്തീർന്നിരിക്കുകയാണ്. നിരവധി ടൂറിസ്റ്റുകളെ ആകർഷിക്കാൻ പര്യാപ്തമായ തരത്തിൽ പ്രസ്തുത ഉത്സവം നവീകരിക്കുന്നതിനു സർക്കാർ തലത്തിൽ ശ്രദ്ധിക്കുകയാണെങ്കിൽ, കേരളത്തിലെ തന്നെ ഏറ്റവും പ്രസിദ്ധമായ വള്ളംകളി മത്സരങ്ങളിലൊന്നായി ഇതു സംഘടിപ്പിക്കാൻ കഴിയും. കേരളത്തിലെ ശുദ്ധജല തടാകങ്ങളിലൊന്നായ വെള്ളായണികായൽ, ചെമ്മീൻ വ്യവസായത്തിനും ഉപയോഗിക്കാവുന്നതാണ്. വിദേശ നാണയം നേടിത്തരുമെന്നു മാത്രമല്ല, ഈ ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും ചെമ്മീൻ കൃഷി സഹായകരമാകുമെന്നുള്ളത് നിസ്തർക്കമാണ്. പട്ടുനൂൽ വ്യവസായത്തിനാവശ്യമായ എല്ലാ വിധ സാഹചര്യങ്ങളും, പ്രകൃതി കനിഞ്ഞു നൽകിയ ഒരു പ്രദേശമെന്ന നിലയിൽ, പ്രസ്തുത വ്യവസായസംരഭത്തിൽ ഏർപ്പെടുന്നതിനു സ്വകാര്യവ്യക്തികളെ പ്രോത്സാഹിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

പ്രശ്നങ്ങൾ ഏറെയെങ്കിലും പരിഹാരം അകലെയല്ല. ചക്രവാളത്തിന്റെ മതിൽക്കെട്ടിൽ കൈകുത്തി നിന്ന് പ്രപഞ്ച ഭ്രമണം നിയന്ത്രിക്കുന്ന മനുഷ്യന്റെ മഹാശക്തിയ്ക്കു മുന്നിൽ കീഴടങ്ങാത്തതായി ഒന്നുമില്ല. ശുഭ പ്രതീക്ഷയുടെ ദീപനാളങ്ങൾ ഇല്ലായ്മയുടെ കൂരിരുളിൽ പ്രകാരം വിതറുകതന്നെ ചെയ്യും. ഈ യുഗത്തിന്റെ വിരൽ തുമ്പുകൊണ്ട് നാളെയുടെ ചിത്രം രചിക്കുന്ന ജനശക്തി ഒരു മഹാപ്രവാഹമായി വികസനത്തിന്റെ ശ്യാമള ഭൂമിയിലേയ്ക്ക് സമ്പൽസമൃദ്ധിയുടെ പ്രതീകമായി ഒഴുകിയെത്തും. മോഹന സ്വപ്നങ്ങൾ നെഞ്ചിലേറ്റി ഓമനിയ്ക്കുന്ന ജനങ്ങൾ പ്രതീക്ഷയോടെ വിവിധ ഗ്രാമസഭകളിൽ അവതരിപ്പിച്ച നിർദ്ദേശങ്ങൾ ഈ ഗ്രാമ പഞ്ചായത്തിന്റെ വ്യവസായ രംഗത്തെ വിപുലമാക്കാനും പുഷ്ടിപ്പെടുത്താനും വരും തലമുറയുടെ ഇളം പാദങ്ങൾക്ക് കരുത്തേകാനും ഉപകരിക്കുമെന്നുള്ളത് തീർച്ചയാണ്.

നിർദ്ദേശങ്ങൾ

1 VIII-ാം വാർഡിലെ വള്ളംകോട് കേന്ദ്രീകരിച്ച് ആധുനിക രീതിയിൽ യന്ത്രത്തറികൾ പ്രവർത്തിപ്പിക്കുന്നതിന് ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. യന്ത്രത്തറികൾ സ്ഥാപിക്കുന്നതിനാവശ്യമായ തുക പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

2 കൈത്തറി നെയ്ത്തു തൊഴിലാളികൾക്ക് പ്രയോജനപ്രദമായ "കൈത്തറി ഗ്രമ സംഘം"-അഞ്ചാം വാർഡിലെ പെരിങ്ങമ്മല സ്ഥാപിക്കേണ്ടതാണ്

3 5-ാം വാർഡിൽ തന്നെ ഒരു സഹകരണ സ്പിന്നിംഗ് മില്ലും, നൂല് മറ്റ് അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുന്ന ഒരു ഡിപ്പോ ആരംഭിക്കേണ്ടതാണ്.

4 സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു 'മിൽ പാവ്' നിർമ്മാണശാല സ്ഥാപിക്കുക.

5 ആധുനിക രീതിയിൽ കൈത്തറി വസ്ത്ര നിർമ്മാണശാല സ്ഥാപിക്കുക (കയറ്റുമതിക്ക് ഉതകുന്ന തരത്തിൽ)

6 തെങ്ങും പള്ളിക്കോണം കേന്ദ്രീകരിച്ച് ഒരു പനമ്പുല്പന്ന വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

7 പാലുല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് ആവശ്യമാണ്.

8 കരകൗശല പരിശീലന യൂണിറ്റ് 7-ാം വാർഡിൽ സ്ഥാപിക്കാവുന്നതാണ്.

9 നാളീകേര ഉല്പന്നയൂണിറ്റ് വാർഡ് കേന്ദ്രീകരിച്ച് സ്ഥാപിക്കേണ്ടതാണ്.

10 വൻകിട സ്ഥാന സോപ്പു നിർമ്മാണ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ കല്ലിയൂർ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

11 ചെറുകിട മേഖലയിൽ, മെഴുകുതിരി, അഗർബത്തി, കറിപൗഡർ, അച്ചാറുകൾ, കളിപ്പാട്ടങ്ങൾ, ഗാർമെന്റ് എന്നിവയുടെ നിർമ്മാണത്തിനായി IX-ാം വാർഡിൽ ഓരോ യൂണിറ്റ് സ്ഥാപിക്കുക.

12 തുകൽ ഉപയോഗിച്ചുള്ള വിവിധ സാധനങ്ങളും കുടയും നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് 7-ാം വാർഡിൽ സ്ഥാപിക്കുക.

13 വിവിധ ഫർണിച്ചർ സാധനങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് XII-ാം വാർഡിൽ സ്ഥാപിക്കാവുന്നതാണ്.

14 മൂന്നാം വാർഡ് കേന്ദ്രീകരിച്ച് ഒരു Distilled Water നിർമ്മാണശാല സ്ഥാപിക്കുക.

15 വെള്ളായണി പ്രദേശം കേന്ദ്രീകരിച്ച് കാലിത്തീറ്റ നിർമ്മാണ ഫാക്ടറി നിർമ്മിക്കുക.

16 പഴം, പച്ചക്കറി സംസ്ക്കരണ യൂണിറ്റ് പാലപ്പൂര് കേന്ദ്രീകരിച്ച് ആരംഭിക്കാവുന്നതാണ്.

17 ചുടുകണ്ടാം വിളയിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

18 ചിരട്ട, വാഴപ്പിണ്ടി, കൈതനാര് എന്നിവ കൊണ്ടുള്ള കൗതുക വസ്തുക്കൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് 4-ാം വാർഡിൽ സ്ഥാപിക്കാവുന്നതാണ്.

19 സഹകരണാടിസ്ഥാനത്തിൽ കരിങ്കൽ ചല്ലി നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് പാലപ്പൂര്, ഉപനിയൂർ എന്നിവിടങ്ങളിൽ ആരംഭിക്കുക.

20 VIII- ാം വാർഡിൽ ഒരു വനിതാ ഇൻഡസ്ട്രിയൽ പരിശീലന കേന്ദ്രം തുടങ്ങുക.

21 വള്ളംകോട് വനിതാ സൊസൈറ്റി പുനരുജ്ജീവിപ്പിക്കുക.

22 VI, IV എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് കളിമണ്ണുപയോഗിച്ചുള്ള സാധനങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുക.

23 ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു തുകൽ വ്യവസായ പരിശീലനകേന്ദ്രം ഏറ്റെടുത്തു നടത്തുക.

24 ഫോട്ടോസ്റ്റാറ്റ്. /STD ബൂത്തുകൾ എന്നിവ പ്രധാനസ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് വ്യക്തികൾക്ക് ധനസഹായം നൽകുക.

25 പ്ലാസ്റ്റിക് വയർ, ചൂരൽ ഇവ ഉപയോഗിച്ച് കുട്ട, അലങ്കാര വസ്തുക്കൾ കസേര എന്നിവയുടെ നിർമ്മാണത്തിനായി വ്യക്തികൾക്ക് ധനസഹായം നൽകുക.

26 സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു അച്ചടിശാല സ്ഥാപിക്കാവുന്നതാണ്.

27 സഹകരണാടിസ്ഥാനത്തിൽ ഒരു Food Processing Unit സ്ഥാപിക്കാവുന്നതാണ്.

28 കല്ലിയൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് വ്യാവസായിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് പഞ്ചായത്തിന് ധനസഹായം ലഭ്യമാക്കുക.

29 ഇഷ്ടിക നിർമ്മാണം, ഹോളോബ്രിക്സ്, കോൺക്രീറ്റ് കട്ടിളകൾ, ജനാലകൾ, ജാളികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കാൻ ധനസഹായം ലഭ്യമാക്കുക.

30 സഹകരണാടിസ്ഥാനത്തിൽ പുന്നമൂട് കേന്ദ്രീകരിച്ച് ഒരു മെഡിക്കൽ സ്റ്റോർ സ്ഥാപിക്കാവുന്നതാണ്.

31 സ്വയം തൊഴിൽ വായ്പാ നിബന്ധനകൾ ലളിതമാക്കുന്നതിനും ആയതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനും ദേശസാൽകൃത ബാങ്കുകളുടെ നയം ഉദാരമാക്കുക.

32 സർക്കാർ തലത്തിൽ വരുന്ന പുതിയ വൻകിട വ്യവസായ സംരംഭങ്ങളിൽ ഏതെങ്കിലും ഒരെണ്ണം, തലസ്ഥാന നഗരിയോടു ചേർന്നുള്ള ഗ്രാമപ്രദേശം എന്ന പരിഗണനയിൽ കല്ലിയൂർ പഞ്ചായത്തിൽ ആരംഭിക്കുന്നതിനു പദ്ധതി വിഹിതത്തിൽ തുക നീക്കി വയ്ക്കേണ്ടതാണ്.

33 ടൂറിസം വ്യവസായത്തിനു വൻ സാധ്യതകളുള്ള പ്രകൃതി വിഭവങ്ങൾ ധാരാളമുള്ള ഈ ഗ്രാമ പഞ്ചായത്തിൽ ടൂറിസ്റ്റ് വികസനത്തിനു ആവശ്യമായ പരിഗണന നൽകേണ്ടതാണ്.

34 വെള്ളായണീകായലിൽ, സർക്കാർ തലത്തിലോ സഹകരണാടിസ്ഥാനത്തിലോ വൻതോതിൽ ചെമ്മീൻ കൃഷി നടത്തുന്നതിനു സാമ്പത്തിക സഹായം നൽകേണ്ടതാണ്.

35 പട്ടുനൂൽ വ്യവസായം ആരംഭിക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ സ്വകാര്യ വ്യക്തികൾക്ക് സഹായം നൽകുക.

പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ ഭാവനാ പൂർണ്ണമെങ്കിലും പ്രശ്നങ്ങൾ നിരവധിയാണ്. വൻകിട വ്യവസായ യൂണിറ്റുകൾ നിർദ്ദേശങ്ങളിൽപ്പെടുന്നവയാണ്. എന്നാൽ ആയവയ്ക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നത് എത്രത്തോളമായിരിക്കുമെന്ന് ഉറപ്പിക്കാൻ വയ്യ. മാത്രമല്ല നിലവിൽ ഒരു പുതിയ വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനുപോലും

വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് സൗകര്യം കുറവാണ്. SSI യൂണിറ്റുകൾക്കെന്ന പോലെ ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കും ലൈസൻസ് സമ്പ്രദായം ഉദാരമാക്കേണ്ടതാണ്. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത വലിയൊരു പ്രശ്നമായി തീരുന്നില്ലെങ്കിലും പരമ്പരാഗത കൈത്തൊഴിലുകളിൽ നിന്നും അകന്നുപോയവരെ തിരിച്ചു കൊണ്ടു വരിക എന്നത് ഒരു പ്രശ്നം തന്നെയാണ്.

സാധ്യതകൾ

1. ആധുനിക രീതിയിൽ യന്ത്രത്തറി പ്രവർത്തന പരിശീലനം നൽകുകയാണെങ്കിൽ ഈ ഗ്രാമ പഞ്ചായത്തിലെ മാത്രമല്ല, സമീപ ഗ്രാമപഞ്ചായത്തുകളിലെയും രണ്ടായിരത്തിലധികം വരുന്ന തൊഴിലാളികൾക്ക് പരിശീലനം നൽകാൻ സാധിക്കും. വള്ളംകോട് പ്രദേശത്ത് ഇത്തരമൊരു പ്രവർത്തന പരിശീലനശാല സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാണ്.

2 അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് മിൽപാവ് നിലവിൽ ശേഖരിച്ചു വരുന്നത്. ആയതു കാരണം, മറ്റ് സംസ്ഥാനങ്ങളിലേയ്ക്കാണ് പണം പൊയ്ക്കൊണ്ടിരിക്കുന്നത്. പെരിങ്ങമ്മല പ്രദേശം നെയ്ത്തു തൊഴിലാളികൾ അധിവസിക്കുന്ന സ്ഥലം എന്നു മാത്രമല്ല നെയ്ത്തു സംബന്ധമായ എല്ലാവിധ പ്രവർത്തനങ്ങൾക്കും അനുയോജ്യമാണ്.

3 കൈത്തറി വസ്ത്രനിർമ്മാണ യൂണിറ്റ് ആധുനിക രീതിയിൽ സ്ഥാപിക്കുന്നതിലൂടെ കയറ്റുമതി സാധ്യത വർദ്ധിക്കുന്നുണ്ട്. ആയതിനാവശ്യമായ മനുഷ്യ വിഭവ ശേഷിയും അസംസ്കൃത സാധനങ്ങളും എളുപ്പത്തിൽ ലഭ്യമാണ്.

4 തെങ്ങും പള്ളിക്കോണത്ത് പനമ്പു നെയ്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ എളുപ്പത്തിൽ ലഭ്യമാണ്. ആയതിനാൽ വൈദഗ്ധ്യം നേടിയ അൻപതോളം കുടുംബങ്ങൾ പ്രസ്തുത പ്രദേശത്തുണ്ട്.

5 ക്ഷീര കർഷകരുടെ എണ്ണം താരതമ്യേന കൂടുതലുള്ളതും ക്ഷീരോത്പാദനം കാര്യക്ഷമമായി നടക്കുന്നതുമായ ഈ ഗ്രാമപഞ്ചായത്തിൽ, ക്ഷീരോല്പന്ന യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിപ്പിക്കാവുന്നതാണ്. ആയവയ്ക്കാവശ്യമായ വിപണന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള മറ്റ് ഭൗതീക സാഹചര്യങ്ങളും നിലവിലുണ്ട്.

6 അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കരകൗശല ഉല്പന്നങ്ങൾക്ക് കയറ്റുമതി സാദ്ധ്യതയുണ്ട്. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയുണ്ട്. മാത്രമല്ല പരിശീലനം ലഭിച്ചിട്ടുള്ളവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

7 നാളീകേര ഉല്പാദനം വളരെ കാര്യമായ തോതിൽ നടക്കുന്ന ഒരു പ്രദേശമാണിത്. കേര കർഷകർക്ക് ന്യായമായ വില നൽകി നാളീകേരം വാങ്ങാവുന്നതും, കാലിവളർത്തലിന് ആവശ്യമായ തീറ്റപ്പുണ്ണാക്ക് ന്യായമായ വിലയ്ക്ക് വിതരണം നടത്താനും കഴിയും. സോപ്പു നിർമ്മാണം വൻകിട തോതിൽ നടത്തുമ്പോൾ ആയതിനാവശ്യമായ വെളിച്ചെണ്ണ നൽകുന്നതിന് നാളീകേര സംസ്കരണ ശാലയിലൂടെ സാധിക്കുന്നതാണ്. നാളീകേര സാധനങ്ങളുടെ വിപണന സൗകര്യം വളരെയധികം ഉണ്ടാകുന്നതാണ്.

8 മെഴുകുതിരി, അച്ചാർ നിർമ്മാണം, അഗർബത്തി, കളിപ്പാട്ട നിർമ്മാണം, Garment Making Unit, എന്നിവയ്ക്ക് വിപണന സാധ്യത ഏറെയാണ്. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയും തൃപ്തികരമാണ്. തുകൽ ഉപയോഗിച്ചുള്ള വിവിധ സാധനങ്ങളുടെ നിർമ്മാണത്തിന് അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത എളുപ്പമല്ലെങ്കിലും ടി രംഗത്ത് പ്രവർത്തി പരിചയം ലഭിച്ച തൊഴിലാളികളുടെ സേവനം തൃപ്തികരമായി നേടാൻ കഴിയും.

9 തടികൊണ്ടുള്ള വിവിധ ഫർണിച്ചർ നിർമ്മിക്കുന്നതിനാവശ്യമായ തടി എളുപ്പത്തിൽ ലഭിക്കുന്നതാണ്. ആയതിൽ പരിശീലനം

നേടിയ തൊഴിലാളികളും ഏറെയുണ്ട്. ടി ഫർണിച്ചർ സാധനങ്ങളുടെ വിപണന സൗകര്യം വളരെ നല്ലതാണ്.

10 C.S. 2982 -ാം നമ്പർ ക്ഷീര വ്യവസായ സഹകരണസംഘത്തിന്റെ കീഴിലുള്ള ഒരേക്കറോളം വരുന്ന ഭൂമി ശാന്തിവിള റോഡിനു സമീപമായുണ്ട്. ടി പ്രദേശത്ത്, സംഘത്തിന്റെ മാനേജുമെന്റിന്റെ കീഴിൽ കാലിത്തീറ്റ നിർമ്മാണ ഫാക്ടറി ആരംഭിക്കാവുന്നതാണ്. ആയതിനുള്ള വിപണന സൗകര്യം ഈ ഗ്രാമ പഞ്ചായത്തിൽ തന്നെ ഏറെയുണ്ട്.

11 പാലപ്പൂര് - കാർഷിക കോളേജ് മേഖലയിലാണ് ഈ ഗ്രാമ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കാർഷിക പ്രവർത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ ഉള്ളത്. പ്രസ്തുത പ്രദേശത്ത് പഴം, പച്ചക്കറിസംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നത് അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയ്ക്ക് സഹായകരമാകും. മനുഷ്യ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്താവുന്നതാണ്. ഇവയുടെ വിപണനശേഷി വളരെ വലുതാണ്.

12 ചുടുകണ്ടാം വിളയിൽ ശ്മശാനം നടത്തുന്നതിനായി ഏറ്റെടുത്തിട്ടുള്ള ഭൂമി പാരിസ്ഥിതിക പ്രശ്നങ്ങളാൽ ഉപയോഗിക്കപ്പെടാതെ കിടക്കുകയാണ്. ആ സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

13 കാക്കാമൂല-വെള്ളായണി-കല്ലിയൂർ ഭാഗത്ത് ധാരാളം കളിമണ്ണ് ലഭ്യമാണ്. ടി സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കളിമൺ സാധനങ്ങളുടെ നിർമ്മാണയൂണിറ്റ് ലാഭകരമായി നടത്താവുന്നതാണ്.

14 ചകിരി, വാഴപ്പിണ്ടി, ചിരട്ട, കൈതനാര് എന്നിവ യഥേഷ്ടം ലഭിക്കുന്ന പ്രദേശമാണ് ഈ ഗ്രാമപഞ്ചായത്ത്. ആയവ ഉപയോഗിച്ചുള്ള വിവിധ കൗതുകവസ്തുക്കൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും വൻപിച്ച സാധ്യതകളാണുള്ളത്.

15 കരിങ്കൽ, ചല്ലി നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ പാലപ്പൂര് പ്രദേശത്ത് ഏറെയാണ്. ആയതിനാവശ്യമായ കരിങ്കല്ലിന്റെ ലഭ്യതയും ആ സ്ഥലത്ത് ഉണ്ട്. വിപണന സൗകര്യം അതീവ മെച്ചമാണ്. ഉപനിയൂർ വാർഡിലും മേല്പറഞ്ഞ സാധ്യകൾ ഉണ്ട്.

16 തൊഴിൽ പരിശീനം വനിതകൾക്കു നൽകുന്നതിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് സ്ത്രീകളെ ആകർഷിക്കേണ്ടത് അത്യാവശ്യമാണ്. ആയതിലേക്ക് വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്കു കഴിയും. മാത്രമല്ല വള്ളംകോട് പ്രദേശത്ത് നിലവിൽ നിർജീവമായിരിക്കുന്ന വനിതാ സൊസൈറ്റി പുനരുജ്ജീവിപ്പിക്കുന്നതിലൂടെ വനിതകളുടെ തൊഴിൽ സാധ്യത വർദ്ധിക്കുന്നതാണ്. തയ്യൽ പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിന് വളരെ യധികം മുതൽ മുടക്ക് ആവശ്യമില്ലാത്തതാണ്. എന്നാൽ ആയതിലൂടെ നിരവധി വനിതകൾക്ക് സ്വയം തൊഴിൽ ലഭിക്കുന്നതിനുള്ള അവസരം ലഭ്യമാകുന്നുണ്ട്. അതുപോലെ STD ബൂത്തുകൾ/ ഫോട്ടോസ്റ്റാറ്റ് കേന്ദ്രങ്ങൾ എന്നിവ പ്രധാനപ്പെട്ട ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് നടത്തുന്നത് ലാഭകരമായിരിക്കും. പ്ലാസ്റ്റിക് വയർ, ചൂരൽ എന്നിവ ഉപയോഗിച്ചുള്ള സാധനങ്ങൾ നിർമ്മിക്കുന്നതിലൂടെ തുച്ഛമായ മുതൽ മുടക്കിൽ നല്ലൊരു വിഭാഗം വനിതകൾക്ക് തൊഴിൽ സാധ്യത ലഭ്യമാക്കാൻ കഴിഞ്ഞേക്കും.

17 Printing Press - സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിലൂടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

18 തടിയുടെ വില വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കോൺക്രീറ്റ് ഉപയോഗിച്ചുള്ള കട്ടിളകൾ, ജനാലകൾ എന്നിവയുടെ വിപണനത്തിന് വൻപിച്ച സാധ്യതയുണ്ട് കൂടാതെ ഹോളോബ്രിക്സിന്റെ നിർമ്മാണവും വളരെയധികം വിപണന സാധ്യതയുള്ളതാണ്.

19 സഹകരണാടിസ്ഥാനത്തിൽ മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കുന്നത്, വിവിധ ഔഷധങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാകുന്നുവെന്നു മാത്രമല്ല, വളരെയധികം ലാഭകരമായി നടത്തിക്കൊണ്ടു പോകാനും സാധിക്കുന്നതാണ്

20 തലസ്ഥാന നഗരത്തോട് ചേർന്നുകിടക്കുന്ന പ്രദേശമെന്ന നിലയിൽ, വൻകിട വ്യവസായങ്ങൾ കൂടെ സർക്കാർതലത്തിൽ ആരംഭിക്കുകയാണെങ്കിൽ ആയത് വിജയ പ്രദമാകുന്നതാണ്. വിഴിഞ്ഞം ഷിപ്പ്യാർഡ്, കോവളം കടൽത്തീരം, നാഷണൽ ഹൈവേ എന്നിവ ഈ ഗ്രാമപഞ്ചായത്തിലെ വ്യവസായ സംരംഭങ്ങൾക്ക് സഹായകര മാണ്. മാത്രമല്ല, റെയിൽ ഗതാഗത സൗകര്യവും ഉപയോഗപ്പെടുത്താവുന്നതാണ്. പാലപ്പൂർ, പെരിങ്ങമ്മല തുടങ്ങിയ ഉയരം കൂടിയ സ്ഥലങ്ങളിൽ കാറ്റാടി യന്ത്രം സ്ഥാപിച്ച് വൈദ്യുതി ആവശ്യമായ തോതിൽ കണ്ടെത്താനും ഊർജലഭ്യത ഉറപ്പു വരുത്താനും കഴിയും.

21 ടൂറിസം വ്യവസായത്തിനു അനുയോജ്യമായ നിരവധി ഘടകങ്ങൾ ഈ ഗ്രാമ പഞ്ചായത്തിലുണ്ട്. 500 ഏക്കറോളം വിസ്തീർണം വരുന്ന വെള്ളായണി കായൽപ്പരപ്പ് നൂതനമായ ടൂറിസം സാധ്യതകൾ നിറഞ്ഞതാണ്. മാത്രമല്ല കോവളം കടൽത്തീരത്ത് വിശ്രമദിനങ്ങൾ ചെലവഴിക്കാനെത്തുന്ന വിദേശ സഞ്ചാരി കൾക്ക് കയ്യെത്തും ദൂരത്താണ് ഈ പ്രദേശം. കോവളം റോഡിൽ നിന്നും കഷ്ടിച്ച് രണ്ട് കിലോമീറ്റർ അകലെയാണ് ഈ കായൽ പ്രദേശമെന്നത് ടൂറിസ്റ്റുകൾക്ക് ഗതാഗത സൗകര്യം നൽകുമെന്നുള്ളത് ഉറപ്പാണ്. യന്ത്രവൽകൃതമല്ലാത്ത സൈക്കിൾ ബോട്ടുകൾ കോവളത്തു നിന്നും ആരംഭിച്ച് വെള്ളായണി കായൽപ്പരപ്പിൽ "ഉല്ലാസയാത്ര" - സംഘടിപ്പിക്കുകയും ടൂറിസ്റ്റുകളെ ആയതിലൂടെ ആകർഷിക്കുകയും ചെയ്യാവു ന്നതാണ്. യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിക്കുകയാണെങ്കിൽ ഓയിൽ കലർന്ന്, തടാകത്തിലെ ജലം മലിനപ്പെടു കയും വ്യാപകമായ പരിസ്ഥിതി പ്രശ്നങ്ങൾക്കിടയാകുകയും ചെയ്യുമെന്നുള്ള തിനാലാണ് സൈക്കിൾ ബോട്ടുകൾ ഉപയോഗിക്കേണ്ടി വരുന്നത്.

22 കായലിനെ സമാന്തരമായി വിഭജിക്കുന്ന കാക്കാമൂല റോഡിന്റെ വടക്കുഭാഗത്തു വരുന്ന സ്ഥലത്ത് ചെമ്മീൻ കൃഷി ലാഭകരമായ തോതിൽ വൻകിട വ്യവസായമായി നടത്താവുന്നതാണ്. വൻപിച്ച വിദേശ നാണയ ശേഖരം നേടിത്തരുന്നതും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതുമായ ഈ സംരംഭം ഗൗരവമായി കണക്കിലെടുത്ത് പ്രാവർത്തിക മാക്കുകയാണെങ്കിൽ ആയത് ഈ ഗ്രാമ പഞ്ചായത്തിന്റെ മാത്രമല്ല ഈ സംസ്ഥാനത്തിന്റെ തന്നെ സാമ്പത്തിക വളർച്ചയ്ക്ക് വേഗത വർദ്ധിപ്പിക്കുന്നതിനും സഹായകരമാകും.

23 കല്ലിയൂർ ഗ്രാമ പഞ്ചായത്തിലെ പകലൂർ, കാക്കാമൂല, കല്ലിയൂർ, വെള്ളായണി എന്നീ പ്രദേശങ്ങളിൽ പട്ടുനൂൽപ്പുഴു വളർത്തുന്നതിന് ആവശ്യമായ സൗകര്യ ങ്ങൾ നിലവിൽ ലഭ്യമാണ്. ആയത് ഈ വ്യവസായത്തിനുവേണ്ടി പൂർണ്ണമായും ഉപയോഗപ്പെടുത്താവുന്നതാണ്.

ഒരു രാജ്യത്തിന്റെ ഭൗതിക സാഹചര്യ ങ്ങളുടെ വളർച്ചയിൽ കാര്യമായ സംഭാവനയാണ് വ്യവസായങ്ങൾ നൽകുന്നത്. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ നിലവിലില്ലെങ്കിലും, ഈ ഗ്രാമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും, വികാസത്തിനും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പ്രയോജന പ്പെടുമെന്നാണ് കരുതുന്നത്. ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയെന്നത് ഒരിക്കലും അവസാനി ക്കാത്ത പ്രക്രിയയാണ്. നിരന്തരം മാറ്റത്തിലേയ്ക്ക്, വേഗതയാർന്ന മാറ്റത്തിലേയ്ക്ക്, സഞ്ചരിച്ചു കൊണ്ടിരിക്കുന്ന സമൂഹത്തിന് ശാസ്ത്രത്തിന്റെയും, മനുഷ്യ വിഭവ ശേഷിയുടെയും സഹായം എല്ലായെപ്പോഴും അനുപേക്ഷണീയമാണ്. "മാറ്റം" അതാണ് സമൂഹത്തിന്റെ നവീകരണ ത്തിന്റെ അടിസ്ഥാനം. ഈ മാറ്റത്തിലേ യ്ക്കുള്ള പ്രയാണം ത്വരിതപ്പെടുത്തുന്നതിനും അതിലൂടെ സമൂഹത്തിന്റെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ഓരോ വ്യക്തിയ്ക്കു മുള്ള കടമ വിസ്മരിക്കാ വുന്നതല്ല. നൂതന സാങ്കേതിക വിദ്യകളും ഏതു ജോലിയും ആത്മാർത്ഥമായി ചെയ്യാനുള്ള സന്നദ്ധതയുമാണ് പ്രധാനമായും ആവശ്യമായ ഘടകങ്ങൾ. ഈ മാറ്റത്തിലേക്കുള്ള പ്രയാണത്തിന്റെ ആദ്യ ചുവടു വയ്ക്കട്ടെ വ്യവസായ മേഖലയെ സംബന്ധിച്ച ഈ ഗ്രാമ സഭാനിർദ്ദേശങ്ങൾ.


I		II		III		IV		V		VI	
ആകെ തൊഴിലാളികൾ		കൃഷിക്കാർ		കാർഷിക തൊഴിലാളികൾ		മൃഗപരിപാലനം, മത്സ്യബന്ധനം തോട്ടവിളകൾ തൊഴിലാളികൾ		കരിങ്കൽ പാറ തൊഴിലാളികൾ		ഉല്പാദന രംഗം ഗാർഹിക സാധന റിപ്പയറിംഗ്	
പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
7,696	1,670	1,109	168	2,661	408	101	10	5	—	208	194


കല്ലിയൂർ ഗ്രാമ പഞ്ചായത്ത് സ്ഥിതി വിവര കണക്ക്

(അവലംബം -1991- ലെ സെൻസസ് റിപ്പോർട്ട്)

VII		VIII		IX		X		XI		XII		XIII	
ഉല്പാദനരംഗം ഗാർഹിക റിപ്പയറിംഗ് ഒഴികെ		കെട്ടിട നിർമ്മാണം		കച്ചവടവും വ്യാപാരവും		ഗതാഗതരംഗത്തെ തൊഴിലാളികൾ		മറ്റ് സേവനതുറകൾ		നാമമാത്ര തൊഴിലാളികൾ		തൊഴിൽ ഇല്ലാത്തവർ	
പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
555	184	390	16	697	114	527	23	1,443	553	118	11(	7,908	14,077

10.





ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഏകദേശം അരനൂറ്റാണ്ടിന് മുമ്പാണ് കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ യന്ത്രവൽകൃത വാഹനങ്ങൾ ഗതാഗതത്തിന് ഉപയോഗിച്ചു തുടങ്ങിയത്. അതിന് മുമ്പ് പ്രാചീന രീതിയിലുള്ള വില്ലുവണ്ടികളാണ് അപൂർവ്വമായി ഉപയോഗിച്ചിരുന്നത്. നാമമാത്രമായി സൈക്കിളും ഉപയോഗിച്ചിരുന്നു. ചരക്കു ഗതാഗതത്തിന് പ്രധാനമായും കാളവണ്ടികളെയാണ് ആശ്രയിച്ചിരുന്നത്. ഗതാഗത സൗകര്യം കണക്കിലെടുത്ത് ധാരാളം ചെറിയ റോഡുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ ബന്ധിപ്പിക്കുന്ന തരത്തിൽ നാട്ടുകാരുടെ സഹായത്തോടെ നിർമ്മിച്ചിട്ടുണ്ട്. 60കൾ മുതൽ പ്രധാന നിരത്തുകളിൽ ട്രാൻസ്പോർട്ട് ബസ്സ് സൗകര്യം നിലവിൽവന്നു. ഇതിനുപുറമേ സമാന്തര സർവ്വീസുകൾ നടത്തുന്ന ട്രക്കർ, ടെമ്പോ ഓട്ടോറിക്ഷാ, ടാക്സി എന്നിവയും ഗതാഗതത്തിന് ഉപയോഗിക്കുന്നു. ഏകദേശം അഞ്ചു ശതമാനത്തോളം ആളുകൾ സ്വകാര്യ വാഹനങ്ങളായ സൈക്കിൾ, സ്കൂട്ടർ, മോട്ടോർ ബൈക്ക്, കാർ എന്നിവ ഗതാഗതത്തിനായി ഉപയോഗിച്ചിരുന്നു. അടുത്തകാലം വരെ ജലഗതാഗതത്തിന് യാത്രാവള്ളങ്ങളും ഉപയോഗിക്കുന്നു. റോഡുകൾ ഗതാഗത യോഗ്യമാണെങ്കിലും പൊതുവെ വീതികുറഞ്ഞവയാണ്. യാത്രക്കാരുടെ സൗകര്യാർത്ഥം ചില സന്നദ്ധസംഘടനകൾ വെയ്റ്റിംഗ് ഷെഡുകൾ ചില കേന്ദ്രങ്ങളിൽ നിർമ്മിച്ചിട്ടുണ്ടെങ്കിലും മാതൃകാപരമായി കല്ലിയൂർ ജംഗ്ഷനിൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് കെട്ടിടത്തിനോട് ചേർന്ന് ഒരു ഷെഡ് നിർമ്മിച്ചിട്ടുണ്ട്.

ഗതാഗത യോഗ്യമായ റോഡുകളിൽ പലതിലും ഓടകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ അത് പൂർണ്ണമല്ല. താരതമ്യേന ജനസാന്ദ്രതകൂടിയ പ്രദേശങ്ങളായ പുന്നമൂട് പെരിങ്ങമ്മല എന്നീ ഭാഗങ്ങളിൽ ഓടയുടെ അഭാവം ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പ്രധാനമായും ചരിഞ്ഞ പ്രദേശമായ കല്ലിയൂർ ജംഗ്ഷൻ മുതൽ കാക്കാമൂല ജംഗ്ഷൻവരെയുള്ള PWD റോഡിന്റെ അനുബന്ധമായി ഓട അനിവാര്യമാണ്. കൂടാതെ കല്ലിയൂർ ഗ്രാമ പഞ്ചായത്തിലൂടെ കടന്നു പോകുന്ന ഏകദേശം 21 കിലോമീറ്ററോളം PWD റോഡുകൾക്ക് ഓട

അത്യന്താപേക്ഷിതമാണ്. റോഡുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ വളരെയധികം ബുദ്ധിമുട്ട് യാത്രക്കാർക്കും സ്വകാര്യ വാഹനങ്ങൾക്കും ഉണ്ടാകുന്നുണ്ട്.

റോഡുകളുടെ സ്വഭാവവും നീളവും

കച്ച റോഡ്	: 21 കി.മീ.
പക്ക റോഡ്	: 46 കി.മീ
മെറ്റൽ റോഡ്	: ഇല്ല
പഞ്ചായത്ത് റോഡ്	: 12.5 കി.മീ
PWD റോഡ്	: 20 കി.മീ
നാഷണൽ ഹൈവേ	: 1 കി.മീ.

താരതമ്യേന ഗതാഗതസൗകര്യം ഉണ്ടെങ്കിലും വർദ്ധിച്ചുവരുന്ന ജന ബാഹുല്യം കണക്കിലെടുത്ത് പുതുതായി പല റോഡുകൾ നിർമ്മിക്കേണ്ടതായും ഉള്ള റോഡുകൾ കൂടുതൽ ഗതാഗതയോഗ്യമാക്കേണ്ടതായും ഉണ്ട്.

PWD റോഡുകളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പല റോഡുകളും ഇനിയും നിർമ്മിക്കേണ്ടതായുണ്ട്. അത്തരം റോഡുകളുടെ വിവരം താഴെ ചേർക്കുന്നു.

1. കണ്ണംകുഴി കീഴ്പ്പാട്ട്കുളങ്ങര റോഡ് കാക്കാമൂല ജംഗ്ഷനും ഊക്കോടുമായി ബന്ധിപ്പിക്കേണ്ടതാണ്. Ward IV - X
2. പകലൂർ കൊന്നക്കാട്ടുവിള റോഡിനെ കല്ലിയൂർ ജംഗ്ഷനും പളളിച്ചൽ NH 47 റോഡുമായി ബന്ധിപ്പിക്കേണ്ടതാണ്. Ward VIII
3. തെറ്റിവിള കരിയാത്തല റോഡ് കുളക്കോട്ടുകോണം റോഡുമായി ബന്ധിപ്പിച്ച് കല്ലിയൂർ കാക്കാമൂല റോഡും, തെറ്റിവിള കാക്കാമൂല റോഡുമായി ബന്ധിപ്പിക്കുക. Ward III, IV, V, VI
4. വളളംകോട് ജംഗ്ഷൻ മുതൽ ശാസ്താംകോവിൽ വരെയുളള ഫാം റോഡിനെ വെളളായണി കല്ലിയൂർ റോഡിലും കല്ലിയൂർ കാക്കാമൂല റോഡുമായി ബന്ധിപ്പിക്കുക. Ward IV, VI, VIII
5. കാക്കാമൂല നെടിഞ്ഞൽ റോഡിനെ വെങ്ങാനൂർ പഞ്ചായത്തിലെ നെല്ലിവിള വവ്വാമൂല റോഡുമായി ബന്ധിപ്പിക്കണം. Ward IV, III, V(VP)
6. ഊക്കോട് ചിലനാട് റോഡ് പാലംപണി ചെയ്തും പ്രാവച്ചമ്പലം കുടുമ്പന്നൂർ റോഡുമായി ബന്ധിപ്പിച്ച് വെളളായണി കല്ലിയൂർ റോഡ് NH 47 നുമായി ബന്ധിപ്പിക്കണം. Ward X, IX, XII
7. വളളംകോട് നിലമ റോഡ് പാലം പണി ചെയ്ത് കുടുംബന്നൂർ റോഡുമായി ബന്ധിപ്പിച്ച് വെളളായണി കല്ലിയൂർ റോഡും NH 47നുമായി ബന്ധിപ്പിക്കണം. Ward VI, VIII, XII
8. വെളളായണി ദേവീക്ഷേത്രത്തിനു മുൻവശത്തുളള റോഡും പ്രാവച്ചമ്പലം കോൺവെന്റ് റോഡുമായി ബന്ധിപ്പിക്കുക. Ward XI, IX, XII
9. വെളളായണി കുരുമി ഓയിൽ മിൽ റോഡിനെ വീതി വർദ്ധിപ്പിച്ച് നേമം പഞ്ചായത്തിലെ കരുമം വഴി തിരുവനന്തപുരത്തേക്കും, വെളളായണി കല്ലിയൂർ റോഡിനെ വികസിപ്പിച്ച് പളളിച്ചൽ പഞ്ചായത്തിലെ വെടിവച്ചാൻ കോവിൽ NH 47 നുമായി യോജിപ്പിച്ചാൽ ഒരു സമാന്തര റോഡായി വികസിപ്പിക്കാവുന്നതും NH 47ലെ തിരക്ക് ഒഴിവാക്കാവുന്നതാണ്. Ward XI
10. പൂന്നമൂട് ഗവ: ഹൈസ്കൂളിനു മുൻവശത്തുളള പാറയിൽ റോഡിനെ പെരിങ്ങമ്മല R.C.ചർച്ച് വഴി ചാനൽ പാലം നിർമ്മിച്ച് പളളിച്ചൽ വിഴിഞ്ഞം റോഡുമായി ബന്ധിപ്പിക്കുക. Ward VII, V
11. ജലഗതാഗതത്തിനും ടൂറിസത്തിനും അനുയോജ്യമായ രീതിയിൽ കാക്കാമൂല കാർഷികകോളേജ് കായൽഭാഗത്ത് റോഡിൽ ഫ്ലൈ ഓവർ നിർമ്മിക്കണം. Ward III, IV & II
12. പാലപ്പൂര് L.P.S. റോഡ് പാലപ്പൂര് കാർഷിക കോളേജ് റോഡുമായി ബന്ധിപ്പിക്കണം. Ward I, II
13. പ്രാവച്ചമ്പലം കോൺവെന്റ് റോഡിനെ ശാന്തിവിള അപ്പുക്കുട്ടൻ നായർ റോഡുമായി ബന്ധിപ്പിയ്ക്കണം. Ward XIII, XI

ഭരണസിരാകേന്ദ്രമായ തിരുവനന്തപുരം പട്ടണത്തോടു ചേർന്നുകിടക്കുന്ന ഈ ഗ്രാമപഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന ആളുകളും ഗതാഗതത്തിന് ആശ്രയിക്കുന്നത് പൊതു ഗതാഗത

സർവ്വീസായ കേരള സംസ്ഥാന ട്രാൻസ്പോർട്ടു കോർപറേഷൻ വക വാഹനങ്ങളെയാണ്. വിഴിഞ്ഞം, നെയ്യാറ്റിൻകര, പാപ്പനംകോട് തിരുവനന്തപുരം എന്നീ ബസ് സ്റ്റേഷനുകൾ അടുത്തുണ്ടെങ്കിലും ഗതാഗതത്തിനനുയോജ്യമായ രീതിയിൽ സർവ്വീസ് നടത്തുന്നില്ല. മേൽപ്പറഞ്ഞ നാലു ബസ് ഡിപ്പോകളുടെയും ഏകദേശം മദ്ധ്യത്തായി വരുന്ന ഭാഗമാണ് കല്ലിയൂർ ഗ്രാമപഞ്ചായത്ത്. വർദ്ധിച്ചു വരുന്ന യാത്രാക്ലേശം കണക്കിലെടുത്ത് KSRTC യുടെ ഒരു ഓപ്പറേറ്റിംഗ് സബ് ഡിപ്പോ കല്ലിയൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് തുടങ്ങുന്നത് വളരെ ഗുണകരമായിരിക്കും.

കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ആകെ 97.5 കിലോമീറ്റർ ദൂരത്തിൽ റോഡുണ്ടെങ്കിലും 32.5 കിലോമീറ്റർ മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. ബാക്കി വരുന്ന 65 കിലോമീറ്റർ പഞ്ചായത്ത് റോഡും അടിയന്തിരമായി ടാർ ചെയ്തും ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്. ഈ റോഡുകൾ എല്ലാം തന്നെ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താതിരിക്കുന്നതുമൂലം സ്വകാര്യ വ്യക്തികൾ പല ഭാഗങ്ങളിലും കൈയ്യേറ്റം ചെയ്തിട്ടുമുണ്ട്. റോഡുകൾ ഭൂരിഭാഗവും ഇടുങ്ങിയവയാണ്. അനധികൃതമായ കെട്ടിട നിർമ്മാണം റോഡിന്റെ വികസനത്തിന് തടസ്സമായ പ്രധാന കാരണങ്ങളിൽ ഒന്നാണ്. നെയ്യാർ മൈനർ ഇറിഗേഷൻ പ്രോജക്ടിന്റെ ചാനലിലും, ഏലായുടെ അരികിലൂടെ ഒഴുകുന്ന തോടുകളിലും നടപ്പാലങ്ങളുടെ അഭാവം വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ചാനൽ ബണ്ടുകളും തോടിന്റെ ബണ്ടുകളും സ്വകാര്യ വ്യക്തികൾ കൈയ്യേറ്റം ചെയ്തതിന്റെ ഭാഗമായി ജനസഞ്ചാരത്തിന് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നു. ടാർ ചെയ്ത റോഡുകൾ മുറിച്ച് പൈപ്പ് ലൈൻ എടുക്കുന്ന ഭാഗം റീ ടാർ ചെയ്യാത്തതുമൂലം വാഹനങ്ങളും യാത്രക്കാരും അപകട ഭീഷണി നേരിടുന്നുണ്ട്. ടാർ ചെയ്ഭാഗങ്ങൾ മുറിക്കുമ്പോൾ ആ ഭാഗം റീ ടാർ ചെയ്യുന്നതിനുവേണ്ടി പ്രത്യേകം ചാർജ് മുൻകൂറായി അടയ്ക്കുന്നു. എന്നാൽ PWD മെയിന്റനൻസ് കൃത്യമായി നടത്തുന്നതിന് കൂട്ടാക്കുന്നില്ല.

വാഹന ഗതാഗതയോഗ്യമായ റോഡുകളിൽ ട്രാഫിക് സിഗ്നൽ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. സ്കൂളുകളുടെയും പ്രധാന സ്ഥാപനങ്ങളുടെയും സൂചന നല്കുന്ന ബോർഡുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കേണ്ടതുണ്ട്. പ്രധാന കേന്ദ്രങ്ങളിൽ ചൂണ്ടുപലകകൾ സ്ഥാപിച്ചിട്ടില്ല.

ഗതാഗത പ്രശ്നപരിഹാര മാർഗ്ഗനിർദ്ദേശങ്ങൾ

1. KSRTC പാപ്പനംകോട് ഡിപ്പോയിൽ നിന്നു സർവ്വീസ് നടത്തുന്ന ബസ്സുകളുടെ ഷെഡ്യൂളുകൾ പുനരേകീകരിച്ച് ഓരോ 20 മിനിറ്റിലും സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുക. വിഴിഞ്ഞം, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നീ ഡിപ്പോകളിൽ നിന്നും കല്ലിയൂർ പഞ്ചായത്തിനകത്തുകൂടിയുള്ള സർവ്വീസുകൾ വർദ്ധിപ്പിക്കുക. റൂട്ടുകൾ: വിഴിഞ്ഞം, പെരിങ്ങമ്മല, കല്ലിയൂർ, വെളളായണി വഴി തിരുവനന്തപുരത്തേക്കും, തിരിച്ചും സർവ്വീസ് ആരംഭിക്കുക നെയ്യാറ്റിൻകര, പൂന്മൂട്, കല്ലിയൂർ, വെളളായണി വഴി തിരുവനന്തപുരത്തേക്കും, തിരിച്ചും സർവ്വീസ് ആരംഭിക്കുക.

2. 65 കിലോമീറ്റർ പഞ്ചായത്ത് റോഡ് ആവശ്യാനുസരണം വീതി വർദ്ധിപ്പിച്ച് റീ ടേണിംഗ് വാൾ കെട്ടി, ടാർ ചെയ്തു PWD റോഡുകളുമായി ബന്ധിപ്പിച്ച് കൂടുതൽ ഗതാഗതയോഗ്യമാക്കുക.

3. റോഡുകളുടെ അനധികൃത കൈയ്യേറ്റം കർശനമായി നിരോധിക്കുന്നതിനു പുറമേ അനധികൃത കെട്ടിട നിർമ്മാണവും നിയന്ത്രിക്കുക.

4. ചാനലുകളുടെയും തോടുകളുടെയും കുറുകെ ആവശ്യമായ സ്ഥലങ്ങളിൽ നടപ്പാലങ്ങൾ നിർമ്മിക്കുക.

5. ഗ്രാമപഞ്ചായത്തിനകത്തുള്ള ചാനൽ ബണ്ടുകൾ ഭൂരിഭാഗവും വീതി കൂടിയവയാണ്. അനധികൃത കൈയ്യേറ്റം മൂലം പലയിടങ്ങളിലും ഇപ്പോൾ വേണ്ടത്ര വീതിയില്ല. ആയതിനാൽ ഇത്തരം ബണ്ടുകളെ അനധികൃത കൈയ്യേറ്റം തടഞ്ഞ് ബലപ്പെടുത്തിയാൽ റോഡുകളാക്കി മാറ്റാവുന്നതാണ്. തോടു പുറമ്പോക്കുകളുടെ കൈയ്യേറ്റം തടഞ്ഞുകൊണ്ട് പാടങ്ങളെചുറ്റിയുള്ള ഫാം റോഡുകളുടെ നിർമ്മാണം നടത്താവുന്നതാണ്.

6. ഏതെങ്കിലും കാരണവശാൽ ടാർചെയ്യ റോഡ്

മുറിച്ച് പൈപ്പ് ലൈൻ എടുക്കുകയോ, കേബിളിംഗ് ജോലി ചെയ്യേണ്ടിവരുകയാണെങ്കിൽ പണികഴിഞ്ഞാലുടൻ തന്നെ റീടാർ ചെയ്യാൽ വലിയ അപകടങ്ങൾ ഒഴിവാക്കാവുന്നതാണ്.

7. പഞ്ചായത്തിലെ എല്ലാ റോഡുകളിലും ട്രാഫിക് സിഗ്നൽ ബോർഡുകളും പ്രധാന ഓഫീസുകളുടെ സൂചന നല്കുന്ന ബോർഡുകൾ, വിദ്യാലയങ്ങളാണേന്ന് സൂചിപ്പിക്കുന്ന ബോർഡുകൾ എന്നിവ സ്ഥാപിക്കുക.

അടിയന്തിര പ്രാധാന്യത്തോടെ മേൽവിവരിച്ച കാര്യങ്ങൾ നടപ്പിലാക്കിയാൽ ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്താൻ കഴിയും.

കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ 12 ഗ്രാമ സഭകളിൽ നിന്നും വന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഗതാഗത യോഗ്യമാക്കേണ്ട റോഡുകളുടെ പേരുവിവരം

നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടത് വാർഡ് 1

1. വണ്ടിത്തടം : പാലപ്പൂർ റോഡ് റീ ടാർ ചെയ്യണം
2. പൊറ്റവിള : പാപ്പാംചാണി റോഡ് ടാർ ചെയ്യണം
3. വണ്ടിത്തടം : കോവിൽവിള റോഡ് വികസിപ്പിച്ച് ടാർ ചെയ്യണം.
4. പാലപ്പൂർ കുന്നിൽവിള റോഡ് ഗതാഗതയോഗ്യമാക്കണം.

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

1. പാലപ്പൂർ മുതൽ പാപംചാണി വരെ
2. പാപ്പാംചാണി മുതൽ കാർഷിക കോളേജു വരെ ഒരു ഫാം റോഡ് നിർമ്മിക്കുക.
3. വാർഡിലെ ചാനൽബണ്ട് വികസിപ്പിച്ച് റോഡ് നിർമ്മിക്കുക.
4. പാലപ്പൂർ L.P.S. റോഡ് കോളേജ് റോഡുമായി ബന്ധിപ്പിയ്ക്കണം.
5. പൊറ്റവിള മുതൽ സിനിമാശാല വരെ
6. പാലപ്പൂർ ഏലാ മുതൽ പാമ്പാടിവരെ.

ഒന്നാം വാർഡിലെ പാലപ്പൂർ മുതൽ കാർഷിക കോളേജുവരെ ബസ് റൂട്ട് ആരംഭിക്കുക.

വാർഡ് II
ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ

1. ആനക്കുഴി ചാനൽക്കര റോഡ് $1^1/_2$ കി.മി
2. കാർഷിക കോളേജ് കോളിയൂർ ചാനൽക്കര റോഡ് : 750 മീ.
3. പാലപ്പൂർ ഭഗവതി ക്ഷേത്രം റോഡ് : 300മീ.
4. വട്ടവിളറോഡ് : 500 മീ.
5. എസ്. ആർ. ചെല്ലപ്പൻ നാടാർ റോഡ് : 750മീ
6. മഹാത്മാഗാന്ധി റോഡ് : 500മീ
7. പാമ്പാടി ക്ഷേത്രം റോഡ് : 300മീ
8. കാരോട്ട്കോണം ഊറ്റുകുഴി റോഡ് : 300മീ
9. വണ്ടിത്തടം പാലപ്പൂർ LPS ൽ നിന്നും തെക്കേ റോഡ് : 500മീ

വാർഡ് III
നിലവിലുള്ള ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ

1. കാക്കമൂല കൊച്ചുതോപ്പ്, കാരിക്കുഴി റോഡ്
2. കാരിക്കുഴി മുതൽ കടവിൻ മൂലവരെയുള്ള റോഡ്
3. പെരിങ്ങമ്മല ചിട്ടിഫണ്ട് മുതൽ കോവിൽവിളവരെ
4. കിഴക്കേ തെറ്റിവിള കക്കാക്കുഴി റോഡ്
5. നെടിഞ്ഞൽ വിരാലിവിള റോഡ്
6. നെടിഞ്ഞൽ വാട്ടർ സപ്ലൈ റോഡ്
7. തെറ്റവിള നെല്ലിവിള നെടിഞ്ഞൽ റോഡ്
8. കൊച്ചുതോപ്പ് പളളത്തു കാൽക്കൽ റോഡ്
9. കൊച്ചുതോപ്പ് ഇലവൻ വിള റോഡ്
10. കളത്തിൽ പളളത്തുകാൽക്കൽ റോഡ്
11. കാക്കാമൂല ലൂഥറൻ ചർച്ച് പളളത്തു കാൽക്കൽ റോഡ്.

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

1. കാരിക്കുഴി റോഡിൽനിന്നും നാരകം തട്ട് വഴി നെടിഞ്ഞൽ വാട്ടർ സപ്ലൈ റോഡുമായി ബന്ധിപ്പിയ്ക്കണം.
2. പടിഞ്ഞാറെ തെറ്റിവിള ചാനൽകരയുടെ പടിഞ്ഞാറുവശത്തു കൂടെ നെടിഞ്ഞൽ ചിറക്കുളം വഴി നെല്ലിവിള വരെ ഒരു റോഡ് നിർമ്മിക്കണം.

   മൂന്നാം വാർഡിൽ തെറ്റിവിള എം.എൽ.എ. റോഡിൽ തെറ്റിവിള മുതൽ പനങ്ങോട് വരെ ബസ്റൂട്ട് ആരംഭിക്കണം.

വാർഡ് IV

നിലവിൽ ഉള്ള ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ

1. **ലൂഥറൻ ചർച്ച് തൊങ്ങൻവിള കായൽകര റോഡ്**
2. **മണ്ണാംവിള പറങ്കിമാംവിള റോഡ്**
3. കണ്ണൻകുഴി റോഡ് (ഹരിജൻ കോളനി)
4. മണ്ണക്കൽ റോഡ്
5. മണഗലത്തുകോണം കാക്കാമൂല റോഡ്
6. പറങ്കിമാംവിള ശാസ്താം കോവിൽനട റോഡ്
7. ഐരാൽ റോഡ്
8. കല്ലുവിള കുഴി താലച്ചൽ റോഡ്
9. കുഴിതാലച്ചൽ :മാവുവിള റോഡ്
10. S. AL ശാസ്താംകോവിൽ റോഡ്
11. മണ്ണാംവിള റോഡ്
12. പറങ്കിമാംവിള കോളനിറോഡ്
13. കണ്ണങ്കുഴി കുളങ്ങര റോഡ്
14. നാലാം വാർഡിൽ കാക്കാമൂല ജംഗ്ഷൻ മുതൽ തൃക്കുളങ്ങര ക്ഷേത്രം വഴി കാക്കാമൂല കായൽക്കര വരെ ബസ് സർവീസ് ആരംഭിക്കണം

വാർഡ് V

നിലവിൽ ഉള്ള ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ

1. പെരിങ്ങമ്മല ശിശു മന്ദിരം, തെങ്ങുംപള്ളിക്കോണം തെറ്റിവിള റോഡ്, ഇതിൽ ചാനൽപാലം ആവശ്യമാണ്. (ഈ റോഡ് ഹരിജൻ കോളനി ടച്ചു ചെയ്യുന്നതാണ്)
2. കേളേശ്വരം ആലുവിള പനങ്ങോട്ടു വിളാകം ചാനൽപാലം നിർമ്മിച്ച് ഗതാഗതയോഗ്യമാകണം.
3. R.C.L.P.S. കോളനി റോഡ്
4. പാറയിൽ അഞ്ചുതമ്പുരാൻ ക്ഷേത്രം റോഡ്
5. കല്ലുവിള അനശ്വര റോഡ്
6. കല്ലുവിള പുതിയറോഡ്

പുതിയതായി നിർമ്മിക്കേണ്ടതും വികസിപ്പിക്കേണ്ടതുമായ റോഡുകൾ

1. തെറ്റിവിള മുതൽ കല്ലിയൂർ വരെയുള്ള ചാനൽ ബണ്ട് വികസിപ്പിച്ച് ഗതാഗത യോഗ്യമാക്കണം.
2. കല്ലുവിള റോഡ് R.C. ചർച്ച് റോഡുമായി ബന്ധിപ്പിക്കുക.
3. കേളേശ്വരം മഠത്തുവിള ഇടവഴി വികസിപ്പിച്ച് പുന്നമൂട് ഹൈസ്കൂൾ നടറോഡുമായി ബന്ധിപ്പിക്കുക.
4. കാവുവിള R.C. ചർച്ച് ഇടവഴി വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക

V-ാം വാർഡിൽ നിർമ്മിക്കേണ്ട പാലങ്ങൾ

1. R.C ചർച്ചിന് പുറകു വശത്ത് ഗതാഗത യോഗ്യമായ രീതിയിൽ ചാനലിന് കുറുകെ ഒരു പാലം പണിയണം.
2. പെരിങ്ങമ്മല ശിശുമന്ദിരത്തിന് സമീപം ചാനലിനുകുറുകെ ഒരു പാലം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കേണ്ടതാണ്.
3. കേളേശ്വരം ആലുവിള പനങ്ങോട് വിളാകം റോഡിൽ ചാനലിനു കുറുകെ ഗതാഗതയോഗ്യമായ ഒരു പാലം നിർമ്മിക്കണം.
4. പെരിങ്ങമ്മല തെങ്ങുംപള്ളിക്കോണം റോഡിൽ തെറ്റിവിള താഴെ ചാനലിനു കുറുകെ ഒരു ഗതാഗതയോഗ്യമായ പാലം നിർമ്മിക്കണം.

   ഈ നാലു റോഡും പാലം നിർമ്മിച്ചാൽ പള്ളിച്ചൽ വിഴിഞ്ഞം ജില്ലാമെയിൻ റോഡുമായി ബന്ധിപ്പിക്കാൻ കഴിയും.

വാർഡ് VI

നിലവിൽ ഉള്ള ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ

1. മുത്തുകുഴി : അലത്തറ റോഡ് : 500 മീറ്റർ
2. വളളംകോട് : വാറുവിളാകം റോഡ് : 400 മീറ്റർ
3. വളളംകോട് : ചാനൽകര റോഡ് : 600 മീറ്റർ
4. പനവിള പുളിയ്ക്കകം റോഡ് : 400 മീറ്റർ
5. പുളിയ്ക്കകം റോഡ് : കുഴിവിള റോഡ് : 500 മീറ്റർ
6. പൊറ്റവിള : ഹരിജൻകോളനി റോഡ് : 300 മീറ്റർ
7. " കുഴിവിള റോഡ് : 300 മീറ്റർ
8. "' വട്ടവിള റോഡ് : 250 മീറ്റർ

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

1. കുഴിവിള മുതൽ ശാസ്താംകോവിൽ വരെ
2. അലത്തറ മുതൽ ശാസ്താകോവിൽ വരെ
3. മാത്തൂർകോണം : പുളിയക്കാകുളം പഴയരാജ പാതയെ വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.
4. മാത്തൂർകോണം : ലക്ഷംവീട് കോളനി റോഡ് നിലവിൽ ഉളളത് ഗതാഗതയോഗ്യമാക്കണം : 200 മീറ്റർ
5. വരിയ്ക്കമാംവിള : പുളിയ്ക്കവിള ഇടവഴി നിലവിൽ ഉളളത് വികസിപ്പിയ്ക്കുക.
6. കുന്താലംവിള : ഇടവഴി വികസിപ്പിക്കണം

പാലങ്ങൾ

1. വളളംകോട് തോടിൽ ആലത്തല ഭാഗത്ത് ഒരു നടപ്പാലം
2. വളളംകോട് തോട്ടിൽ തേമാനത്ത് ഭാഗത്ത് ഒരു നടപ്പാലം.
3. കല്ലിയൂർ വടക്കേ തോട്ടിൽ പറമ്പിൽ ഒരു നടപ്പാലം (വാർഡ് 4,6,10)
4. കല്ലിയൂർ വടക്കേ തോട്ടിൽ ശാസ്താംകോവിൽ ഭാഗത്ത് ഒരു നടപ്പാലം പണിയണം.
5. കല്ലിയൂർ വടക്കേ തോട്ടിൽ പൊറ്റവിള ഹരിജൻ കോളനി റോഡ് അവസാനിക്കുന്ന ഭാഗത്തും, മഞ്ഞവിളാകംഭാഗത്തും ഓരോ നടപ്പാലം നിർമ്മിക്കണം.
6. കുളക്കോട്ട് കോണം റോഡിന്റെ അവസാനഭാഗത്തായ കല്ലിയൂർ വടക്കേ തോട്ടിലും തെറ്റിവിള കരിയംത്തല റോഡിന്റെ അവസാനഭാഗത്ത് കല്ലിയൂർ തെക്കേതോട്ടിലും ഗതാഗതയോഗ്യമായ വലിയ രണ്ട് പാലങ്ങൾ ഉണ്ടാക്കണം. (ഇത് ഒരു ലിങ്ക് റോഡായതിനാൽ ഈ പാലങ്ങൾക്ക് മുൻഗണന നല്കണം)

വാർഡ് VII

നിലവിൽ ഉള്ള ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ

1. മെയ്ദിനം റോഡ് : പാലം നിർമ്മിച്ച് പാറയിൽ റോഡുമായി ബന്ധിപ്പിക്കണം.
2. A.K.G. റോഡ് കല്ലിയൂർ ജംഗ്ഷനുമായി ബന്ധിപ്പിക്കണം.
3. പളളിച്ചൽ പുന്നമൂട് PWD റോഡ് ടി ടാറിങ്ങ് (പളളിച്ചൽ പഞ്ചായത്ത് ബോർഡർ)

പുതിയതായി നിർമ്മിക്കേണ്ടതും വികസിപ്പിക്കേണ്ടതുമായ റോഡുകൾ

1. കല്ലിയൂർ ജംഗ്ഷനിൽനിന്നും പളളിച്ചൽ പഞ്ചായത്തിലേക്ക് പോകുന്ന ചാനൽ ബണ്ടിനെ വികസിപ്പിച്ച് കല്ലിയൂർ ജംഗ്ഷനും പളളിച്ചൽ വിഴിഞ്ഞം റോഡുമായി ബന്ധിപ്പിക്കേണ്ടതുമാണ്.
2. നടപ്പാലം

   പുന്നമൂട് ചാനൽക്കരഭാഗത്ത് ഒരു നടപ്പാലം പണിയണം.

വാർഡ് VIII

നിലവിൽ ഉള്ള ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ

1. മാത്തൂർക്കോണം ഇടവഴി
2. വെയിലൂർക്കോണം റോഡ്
3. കുണ്ടാത്തേരി റോഡ്

4. നിലമ മുതുവക്കോട് റോഡ്
5. കുപ്പയ്ക്കൽ ഇടവഴി
6. പുതുവൽ റോഡ്

പുതിയതായി നിർമ്മിക്കേണ്ട റോഡ്

1. വളളം കോട് മാത്തൂർക്കോണം ചാനൽബണ്ട് റോഡ്

ബസ് സർവ്വീസ്

VIII വാർഡിൽ പ്രാവച്ചമ്പലം പകലൂർ കല്ലിയൂർ റോഡിൽ നിലവിൽ ഓടിക്കൊണ്ടിരുന്ന 12 ട്രിപ്പുകളും, സമയങ്ങളിൽ ഉണ്ടായിട്ടുളള അപാകതകൾ പരിഹരിച്ച് സർവ്വീസ് നടത്തേണ്ടതാണ്.

VIII-ാം വാർഡിൽ നിർമ്മിക്കേണ്ടപാലങ്ങൾ.

1 പകലൂർ കൊന്നക്കാട്ടുവിള റോഡിൽ മൂന്ന് പാലങ്ങൾ പണിയണം.
2. വളളംകോട് നിലമ കുടുംബന്നൂർ ലിങ്ക്റോഡിൽ ഗതാഗതയോഗ്യമായ രീതിയിൽ ഒരുപാലം നിർമ്മിക്കണം.
3. വളളംകോട് നിലമ റോഡിൽ വളളംകോട് ചാനൽ പാലം ഗതാഗതയോഗ്യമായരീതിയിൽ പുനർനിർമ്മിക്കണം.

വാർഡ് IX

സഞ്ചാരയോഗ്യമാക്കേണ്ടതും പുതിയതായി നിർമ്മിക്കേണ്ടതുമായ റോഡുകൾ

1. ഊക്കോട് എൻ.എസ്സ്.എസ്സ് ഹാളിന് സമീപമുളള ചാനൽബണ്ട് വാഴവിള വരെ വികസിപ്പിക്കണം
2. വെളളാക്കൽ ഇടവഴി അവസാനിക്കുന്നിടത്തു നിന്നും പഞ്ചായത്ത് കുളത്തിന്റെ കരയിൽ ഒരു റോഡ് നിർമ്മിച്ച് ഗതാഗത യോഗ്യമാക്കണം.
3. ചെലനാട് റോഡിൽ നിന്നും കണ്ടിയറമേലെ വീടിനടുത്ത് പാലം നിർമ്മിച്ച് പൂവപ്പളളിതോടു വരെയുളള ഇടവഴി വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.
4. ചിലനാട് റോഡിൽ നിന്നും മേനിക്കര ഇടവഴി വികസിപ്പിച്ച് പാലം പണിത് സഞ്ചാരയോഗ്യമാക്കണം.
5. കാണിവിളാകം വെളളായണി റോഡ് ടാർ ചെയ്യണം.
6. വിത്തറത്താൻവിള ഇടവഴി വികസിപ്പിക്കണം
7. ഊക്കോട് ലക്ഷംവീട് കോളനി റോഡും പിറച്ചൽ റോഡും വികസിപ്പിച്ച് പളളിത്തരയുമായി ബന്ധിപ്പിക്കണം.
8. വായനശാലയ്ക്ക് സമീപം ഉളള ഇടവഴിയും കമ്പിനിയ്ക്ക് സമീപമുളള റോഡ്, കരിയം ഇടവഴിയും, പിറച്ചിൽ റോഡുമായി ബന്ധിപ്പിക്കണം.
9. ഉദിയമ്പ്ര ഇടവഴി വികസിപ്പിച്ചു ടാർ ചെയ്യണം.
10. പനയിൽ ഇടവഴി വികസിപ്പിച്ച് ഉദിയമ്പ്ര റോഡുമായി ബന്ധിപ്പിക്കണം.

പാലങ്ങൾ

1. പുല്ലരിപ്പുറം തോട്ടിൽ ഒരു പാലം പണിയണം
2. ചെറുബാലമന്ദം ശിവക്ഷേത്രത്തിന്റെ നടയിൽ തോട്ടിൽ ഒരു പാലം പണിയണം.

വാർഡ് X

ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ

1. വേവിള കീഴ്പ്പാട് കായൽതീരം റോഡ്
2. വേവിള പറയ്ക്കോട് റോഡ്
3. പുളിനിന്നവിള : പിറച്ച കടവ് റോഡ്
4. മണ്ണക്കല്ലിൽ : കുഴിവിള റോഡ്
5. മൂവാണ്ടൻവിള : പറയ്ക്കോട് റോഡ്


പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

1. ഊക്കോട് നിന്നും ചാനൽബണ്ട് വികസിപ്പിച്ച് ചെങ്കോട്വരെ റോഡു നിർമ്മിക്കുക.
2. കീഴ്പ്പാട് മണ്ണക്കല്ലിൽ റോഡ്
3. ചെങ്കോട്നിന്നും : പളളിനടവരെയുളള റോഡ്
4. ചെങ്കോട് റോഡ് : വേവിള റോഡുമായി ബന്ധിപ്പിക്കണം
5. വാഴവിള : പറയ്ക്കോട് ഇടവഴി

വാർഡ് XI

നിലവിൽ ഉള്ളതും ഗതാഗതയോഗ്യമാക്കേണ്ടതുമായ റോഡുകൾ

1. തെന്നൂർ മുളവിളാകം റോഡ്
2. വലിയവിളാകം റോഡ്
3. പുത്തൻവിള റോഡ്
4. തകിടി ഇടവഴി വികസിപ്പിക്കണം
5. അക്കരവിളാകം റോഡ്
6. കല്ലാംപൊറ്റ റോഡ്
7. ശാസ്താം കോവിൽ റോഡ് വികസിപ്പിക്കണം
8. കോട്ടയംമൂല ഇടവഴി വികസിപ്പിക്കണം
9. ആല്നിന്ന വിള റോഡ്



വാർഡ് XII

ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ

1. കോൺവെന്റ് റോഡിന് സമാന്തരമായി പ്ലാവൂർകോണം കുളം വഴി നിർമ്മിച്ചിട്ടുള്ള റോഡ്
2. കോൺവെന്റ് സ്കൂളിന്റെ പടിഞ്ഞാറുവശത്തുള്ള ഇടവഴി
3. കുറുവാണി : അയണിയംറോഡ്
4. ലൂഥറൻ ചർച്ച് : പുളിയറത്തലറോഡ്
5. ശാന്തിവിള : കോട്ടുകോണം റോഡ്
6. സർവ്വോദയം :ചിറയിൽ റോഡിന്റെ അവസാന ഭാഗം
7. സർവ്വോദയം : പുളിയറത്തല റോഡിന്റെ അവസാനഭാഗം
8. തുമരിച്ചൽ : ഇടവഴി ടാർ ചെയ്യണം
9. പേരയിൽ ഇടവഴി
10. പ്രാവച്ചമ്പലം പാലൂർകോണം റോഡ് ടാർ ചെയ്യണം

വികസിപ്പിക്കേണ്ട റോഡുകൾ

1. ശാന്തിവിള മൂങ്ങോട്ടുകോണം റോഡ് വികസിപ്പിക്കണം

2. പൊറ്റവിള സെറ്റിൽമെന്റ് കോളനിക്ക് സമീപത്തുള്ള റോഡ് വികസിപ്പിക്കണം

3. കരിമ്പുവിള അയ്യർമഠം റോഡ് വികസിപ്പിക്കണം.

കൂടാതെ കല്ലിയൂർ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന PWD റോഡായ പൂങ്കുളം കല്ലിയൂർ പന്നമൂട് റോഡിനെ വികസിപ്പിച്ച് NH 47 കണക്ട് ചെയ്യാൽ കന്യാകുമാരി ഗതാഗതം സുഗമമാക്കാൻ വളരെയധികം സഹായിക്കും

ജലഗതാഗതം

നാളിതുവരെയായി ജലഗതാഗതം നാമമാത്രമായിരുന്ന് ഈ പഞ്ചായത്തിൽ വെള്ളായണി കായലിനെ ഒരു ടൂറിസ്റ്റ് വികസന കേന്ദ്രമായി വികസിപ്പിക്കുന്നതോടൊപ്പം വെങ്ങാനൂർ, ജംഗ്ഷനിൽ നിന്നും പാപ്പനംകോടിനടുത്ത് കരുമം വരെയുള്ള ഭാഗങ്ങളിൽ ജലഗതാഗത സംവിധാനം നടപ്പിലാക്കുവാൻ കഴിയും, ഇത് സമയലാഭത്തിനും, യാത്രാക്ലേശം പരിഹരിക്കുന്നതിനും ഉപകരിക്കും.

കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസ്സ് വൈദ്യുതിയാണ്. ഗാർഹിക ആവശ്യത്തിനു പുറമേ, ചെറുകിട വ്യവസായങ്ങൾക്കും, വഴിവിളക്കുകൾ തെളിക്കുന്നതിനും വൈദ്യുതിയെ മാത്രം ആശ്രയിച്ചു പോരുന്നു. പാചക ആവശ്യത്തിനായി വിറക് വ്യാപകമായി ഉപയോഗിക്കുന്നു. അനർട്ടിന്റെ പുകയില്ലാത്ത അടുപ്പുകൾക്ക് വേണ്ടത്ര പ്രചാരം പഞ്ചായത്ത് പ്രദേശങ്ങളിൽ ലഭിച്ചിട്ടില്ല. വളരെ അപൂർവ്വമായി മാത്രമേ ബയോഗ്യാസ് ഉപയോഗിക്കുന്നുള്ളു. പഞ്ചായത്തിലെ ഹോട്ടലുകൾ ആഹാര സാധനങ്ങൾ പാകം ചെയ്യുവാൻ പ്രധാനമായും ഉപയോഗിക്കുന്നത് വിറക്, മണ്ണെണ്ണ എന്നിവയാണ്. പഞ്ചായത്തിലെ പത്തോളം എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകളിൽ ഉപയോഗിക്കുന്ന ഊർജ്ജം വൈദ്യുതി തന്നെയാണ്. നിലവിലുള്ള വൈദ്യുതി വിതരണത്തിൽത്തന്നെ ആവശ്യത്തിന് വോൾട്ടേജ് ലഭിക്കാത്ത അവസ്ഥയാണ് ഭൂരിഭാഗം പ്രദേശത്തുമുള്ളത്. വർദ്ധിച്ചുവരുന്ന ജനബാഹുല്യം കണക്കിലെടുക്കുമ്പോൾ നിലവിലുള്ള വൈദ്യുതി വിതരണം വളരെ കുറവാണ്. ഇത് ജനജീവിതത്തെ വളരെയധികം ബുദ്ധിമുട്ടിലേക്കു നയിക്കുന്നു.

വൻകിട വ്യവസായ ശൃംഗലകൾ ഇല്ലാത്തതിനാൽ ബഹുഭൂരിപക്ഷം ആളുകളും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. അതുകൊണ്ട് തന്നെ കാർഷിക ആവശ്യത്തിനായി വളരെയധികം വൈദ്യുതി ഉപയോഗിക്കേണ്ടി വരുന്നു. എന്നാൽ നിലവിലുള്ള വൈദ്യുതി വിതരണ സമ്പ്രദായത്തിൽ കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി വളരെ കുറഞ്ഞ അളവിൻ മാത്രമേ ലഭിക്കുന്നുള്ളൂ. തന്മൂലം കർഷകർ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നു.

XII-വാർഡിൽ പാലൂർകോണം പോലുള്ള മിക്ക ഭാഗങ്ങളിലും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ നിലവിലുണ്ട്. പ്രസ്തുത ഭാഗത്ത് വൈദ്യുതി എത്തിക്കേണ്ടതാണ്.

ഊർജ്ജരംഗത്ത് പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ

1. നിലവിലുള്ള വൈദ്യുതി വിതരണ സ
ദായത്തിൽ പഞ്ചായത്തുടനീളം രൂക്ഷമ
വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
2. പാചക ആവശ്യത്തിന് വേണ്ടത്ര വാതക വ
രണ ശൃംഗലയോ, വിറകോ, മറ്റ് ഇന്ധനം
ലഭ്യമല്ല.
3. ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമായിട്ടില്ല
4. അനർട്ട് മുഖേന നടപ്പാക്കി വരുന്ന സൗ
ന്തൽ, അടുപ്പുകൾ ഇലക്ട്രോണിക് ചോ
കൾ തുടങ്ങിയ ഉപകരണങ്ങളുടെ പ്രച
പഞ്ചായത്തിൽ വേണ്ടത്ര ലഭിച്ചിട്ടില്ല.
5. വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനു വേ
പദ്ധതികൾ ഒന്നുംതന്നെ ഈ പഞ്ചായത്ത
നിലവിലില്ല.
6. നിലവിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറു
കാര്യക്ഷമത കുറഞ്ഞവയും പഴക്കം ചെന്
മാണ്.
7. ഉപഭോക്താക്കളുടെ അംഗസംഖ്യ കൂടുന്നത
സരിച്ച് വൈദ്യുതി വിതരണ സമ്പ്രദായം വ
വിലില്ല.
8. കായൽപ്രദേശത്തുടനീളം ഇടമുറിയാതെ
ക്കുന്ന സമൃദ്ധമായ കാറ്റിൽ നിന്നും വൈദ്യ
ഉല്പാദിപ്പിക്കുവാനുള്ള കാറ്റാടി യന്ത്രങ്ങ
ഒന്നുംതന്നെ സ്ഥാപിക്കാത്തതുമൂലം വളരെ
ധികം ഊർജ്ജത്തിനുള്ള സാദ്ധ്യത ദിനം പ്ര
നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു
6. പല സ്ഥലങ്ങളിലും വഴി വിളക്കുകൾ കത്
ന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. കാര്യക്ഷമത കൂടിയതും ആധുനിക രീതി
ലുള്ള ട്രാൻസ്ഫോർമറുകൾ ആവശ്യാനു
രണം പഞ്ചായത്തിലുടനീളം സ്ഥാപിക്കുക.
2. പാചക വാതകവിതരണ ശൃംഖല ജനസാന്ദ്ര
കൂടിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ആരംഭിക്ക

3. ബയോഗ്യാസ് പ്ലാന്റുകളെക്കുറിച്ച് ബോധവൽക്കരണം നടത്തി വ്യാപകമാക്കുക.

4. അനർട്ടിന്റെ ഉപകരണങ്ങൾ പഞ്ചായത്ത് വഴി കുറഞ്ഞ ചിലവിൽ വിതരണം ചെയ്യുക.

5. കായലോരങ്ങളിലും, ഉയർന്ന പ്രദേശങ്ങളിലും കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ച് അതാതു പ്രദേശങ്ങളിലെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുക.

6. സെറ്റിൽമെന്റ് കോളണികളിലും, സ്ക്കൂൾ, ആഫീസ് തുടങ്ങിയ പൊതു സ്ഥാപനങ്ങളിലും സൂര്യറാന്തൽ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുക.

അടിയന്തിരമായി മേൽപറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിയാൽ ഗ്രാമസഭയിൽ ഉന്നയിച്ച പ്രശ്നങ്ങൾക്ക് മുഴുവൻ പരിഹാരം കണ്ടെത്താൻ കഴിയും.

7. പ്രതിമാസം 6742 രൂപ കല്ലിയൂർ ഗ്രാമപഞ്ചായത്ത് ഇലക്ട്രിസിറ്റി ആഫീസിൽ അടയുന്നുണ്ട്. പല റോഡുകളിലും വഴിവിളക്കുകൾ സ്ഥിരമായി കത്താറില്ല. മെറ്റീരിയൽസിന്റേയും ബൾബിന്റേയും, അഭാവമാണ് ഇതിന് കാരണമായി ഉദ്യോഗസ്ഥന്മാർ പറയുന്നത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണം. (സർക്കാർ പോളിസിയായ (ബൾബും റ്റ്യൂബും) പഞ്ചായത്തിനെക്കൊണ്ട് വാങ്ങി മാറ്റുന്നതിനുള്ള സംവിധാനം ചെയ്താൽ നന്നായിരിക്കും.

വൈദ്യുതി വിതരണത്തെ സംബന്ധിച്ച് ലഭ്യമായ കണക്കുകൾ

നിലവിലുള്ള ഉപഭോക്താക്കൾ 6690
(ഗാർഹികം)

വ്യാപാരം	663
വ്യവസായികം	53
കാർഷികം	171
കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള ഉപഭോക്താക്കൾ	
1. Ordinary	489
2. OTP	33
OYEC	52

അവസാനം നല്കിയ അപേക്ഷകന്റെ അപേക്ഷാതീയതി 9/1996

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

ബൾബ്	25 W, 40W, 60W, 100 W എണ്ണം	416
റ്റ്യൂബ്	"	76
മെർക്കുറി വേപ്പർ	"	7
സോഡിയം വേപ്പർ		ഇല്ല

കല്ലിയൂർ ഗ്രാമപഞ്ചായത്ത് വൈദ്യുതി വിതരണം നടത്തുന്ന LT ട്രാൻസ്ഫോർമറുകളുടെ നമ്പർ

1. മാവറത്തല
2. പള്ളിച്ചൽ
3. കല്ലിയൂർ I
4. കല്ലിയൂർ II
5. കാക്കാമൂല
6. പുന്നമൂട്
7. കേളേശ്വരം
8. ശാസ്താംകോവിൽ
9. കുടുമ്പന്നൂർ
10. ശാന്തിവിള
11. കുളങ്ങര
12. റിസർവോയർ
13. നെടിഞ്ഞൽ
14. തെറ്റിവിള
15. പെരിങ്ങമല

തിരുവല്ലം, കഴിഞ്ഞം, നേമം, ബാലരാമപുരം എന്നീ ഇലക്ട്രിസിറ്റി മേജർ സെക്ഷനിൽനിന്നുമാണ് കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്നത്

കല്ലിയൂർ കേന്ദ്രമായി ഇപ്പോൾ പ്രവർത്തിക്കുന്ന ഇലക്ട്രിസിറ്റി ഓവർസിയർ ഓഫീസ് എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു എ.ഇ. ഓഫീസായി അപ്ഗ്രേഡ് ചെയ്യേണ്ടതും ഒരു അത്യാവശ്യമായി തീർന്നിരിക്കുകയാണ്.

പഞ്ചായത്തിൽ നിന്ന് ദുർബല വിഭാഗങ്ങൾക്ക് വീടു

സൗജന്യമായി വയറിംഗ് ചെയ്ത് സി.ടി. അടച്ച നിര വധി കണക്ഷനുകൾ ഇനിയും ലഭിക്കേണ്ടതായുണ്ട്. ആയതിൽ കോളനി നിവാസികൾ ഉൾപ്പെടെ ഉണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം.

പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. പഞ്ചായത്ത് ആഫീസ് നട
2. ചെങ്കോട്
3. കല്ലുവിള ജംഗ്ക്ഷൻ
4. ആർ.സി. ചർച്ച് ജംഗ്ക്ഷൻ
5. ശിശുമന്ദിരം ജംഗ്ക്ഷൻ
6. പ്രാവച്ചമ്പലം കോൺവന്റ് ജഗ്ക്ഷൻ
7. പുന്നമൂട് പള്ളിച്ചൽ ചാനൽക്കരയ്ക്ക് സമീപം
8. കുപ്പയ്ക്കൽ നട
9. പകലൂർ ഭാഗം
10. മാവുവിള (വാർഡ് 4)
11. കുളക്കുടിയൂർക്കോണം (വാർഡ് 12)
12. മണ്ണറ നട

പഞ്ചായത്തു റോഡുകൾ വികസിപ്പിച്ചതിന്റെ ഭാഗമായി പല റോഡുകളിലും ഇലക്ട്രിക് പോസ്റ്റുകൾ റോഡിന്റെ മധ്യത്തായി നില്ക്കുന്ന അവസ്ഥയുണ്ട്. ഇത് മാറ്റി സ്ഥാപിക്കുന്നതിനും ഇലക്ട്രിസിറ്റി ആഫീസിൽ രൂപ അടയ്ക്കണമെന്നും അടയ്ക്കണ്ടാ എന്നും രണ്ടഭിപ്രായങ്ങൾ നിലനിൽക്കുന്നു. ആയത് പരിഹരിക്കുകയും അത്തരം പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷ അയച്ചാൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

റോഡ് വക്കിൽനില്ക്കുന്ന ചില ഇലക്ട്രിക് പോസ്റ്റുകൾ ദ്രവിച്ച് ചരിഞ്ഞ് അപകടനിലയിലാണ്. ആയതു മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

ഒരാളിന് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് മറ്റൊരാളെ കൺസന്റിനായി സമീപിക്കേണ്ടി വരികയും എന്നാൽ കൺസന്റ് കൊടുക്കുന്ന ആളിന് മറ്റു ദോഷങ്ങൾ ഇല്ലായെങ്കിലും കൺസന്റ് കൊടുക്കാത്ത അവസ്ഥ ഇന്ന് ധാരാളമുണ്ട്. ആയതു പരിഹരിക്കുന്നതിന് ഒരു നിയമ നിർമാണം നടത്തേണ്ടതാണ്.

പഞ്ചായത്തിൽ വൈദ്യുതി ലഭിക്കേണ്ട റോഡുകൾ (സ്ട്രീറ്റ് ലൈറ്റുകൾ)

വാർഡ് I

1. വണ്ടിത്തടം കോവിൽവിളറോഡ്
2. പാലപ്പൂര് കുന്നിൽവിള റോഡ്
3. പാലപ്പൂര് എലാമുതൽ പാമ്പാടിവരെ
4. പാലപ്പൂര് L.P. സ്കൂൾ

വാർഡ് II

സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കേണ്ട റോഡുകൾ

1. ആനക്കുഴി ചാനൽക്കരറോഡ് 1½ കി.മീ
2. കാർഷികകോളേജ് കോളിയൂർ ചാനൽക്കര. 750
3. പാലപ്പൂര് ഭഗവതിക്ഷേത്രറോഡ് 300മീ
4. വട്ടവിളറോഡ് 500മീ
5. S.R ചെല്ലപ്പൻനാടാർ റോഡ് 750മീ
6. മഹാത്മഗാന്ധിറോഡ് 500മീ
7. പാമ്പാടിക്ഷേത്രറോഡ് 300മീ
8. കാരോട്ടുകോണം ഊറ്റുകഴി റോഡ് 300മീ
9. ശാന്തി നഗർ റോഡ് -
10. വണ്ടിത്തടം പാലപ്പൂര് L.P.S. ൽ നിന്നും തെക്കെ റോഡ് 500മീ

വാർഡ് III

1. പെരിങ്ങമ്മല കോവിൽവിള കക്കാകുഴി റോഡ്
2. തെറ്റിവിള നെടിഞ്ഞൽറോഡ്
3. തെറ്റിവിള ന്യൂറോഡിൽനിന്നും MLA റോഡ്
4. കൊച്ചുതോപ്പ് ഇലവൻ വിള ഇടവഴി
5. കാക്കാമൂല ലൂഥറിൻ ചർച്ച് : പള്ളത്തുകോക്കൽ റോഡ്

വാർഡ് IV

1. മണ്ണാംവിള റോഡ്
2. ലൂഥറിൻ സ്ട്രീറ്റ് റോഡ്
3. പറങ്കിമാംവിള കോളനിറോഡ്
4. കുളങ്ങരറോഡ്

5. S.N. റോഡ്
6. കണ്ണൻകുഴിറോഡ്
7. കുഴിതാലച്ചൽ റോഡ്
8. മംഗലത്തുകോണം റോഡ്
9. തെറ്റിവിള കരിയറത്തലറോഡ്
10. SALPS ശാസ്താംകോവിൽ റോഡ്

വാർഡ് V

അംബികാഗിരി ആശ്രമറോഡ്
മഠത്തുവിള ഇടവഴി റോഡ്
കേരളേശ്വരം ആലുവിള ഭാഗം
പെരിങ്ങമല ചരുവിള ഭാഗം : ഹൗസ് കണക്ഷനും സ്ട്രീറ്റ് ലൈറ്റിനും
പെരിങ്ങമ്മ തെങ്ങുംപള്ളിക്കോണം റോഡ് : സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ വേണ്ട ലൈൻ
R.C.ചർച്ച് റോഡിന്റെ സ്ട്രീറ്റ് ലൈറ്റില്ലാത്ത ബാക്കി ഭാഗം : സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ
കല്ലുവിള റോഡ് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.
തെറ്റിവിള കരിയറത്തലറോഡ് : സ്ട്രീറ്റ് ലൈറ്റ്

വാർഡ് VI

1. കുളക്കോട്ടുകോണം : ഹരിജൻ കോളനി റോഡ്
2. മുത്തുക്കുഴി : ആലറത്തലറോഡ്
3. വളളംകോട്: ചാനൽകര റോഡ്
4. മാത്തൂർകോണം : ലക്ഷംവീട് കോളനിറോഡ്
5. വളളംകോട് : വാറുവിളാകം റോഡ്
6. പനവിള പുളിയ്ക്കക്കുളം റോഡ്
7. പുളിയ്ക്കകുളം : കുഴിവിള റോഡ്
8. ചുടുക്കണ്ടാംവിള : കാവുങ്ങൽ ഇടവഴി

വാർഡ് VII

1. മെയ്ദിന റോഡ്
2. കല്ലിയൂർ കുരുവിക്കാട് ചാനൽ ബണ്ട്
3. കല്ലിയൂർ : പളളിച്ചൽ ചാനൽ ബണ്ട്
4. A.K.G. റോഡ്
5. കുഴിയം വിള ഇടവഴി
6. വട്ടവിള ഇടവഴി
7. മിൽക്ക് സൊസൈറ്റി ഇടവഴി
8. മിണ്ണംകോട് ഇടവഴി

വാർഡ് VIII

1. മാത്തൂർക്കോണം ഇടവഴി
2. വെയിലൂർക്കോണം റോഡ്
3. കുണ്ടറത്തേരി റോഡ്
4. നിലമ മുതുവക്കോട് റോഡ്
5. പുതുവൽ റോഡ്
6. കല്ലിയൂർ കൊന്നക്കാട്ടുവിള പകലൂർ റോഡ്

വാർഡ് IX

1. ഉദിയന്ത്രവിളാകം റോഡ്
2. കെ.സി. റോഡ്
3. കൂത്തലംചാട് കിഴക്കേറോഡ്
4. കരുവൽനട വെളളാക്കൽ റോഡ്
5. കുപ്പക്കൽ റോഡ്
6. ഊക്കോട് ലക്ഷം വീട് കോളനി റോഡ്

വാർഡ് X

1. വേവിള കീഴ്പാട് കായൽതീരം റോഡ്
2. വേവിള പറക്കോട് റോഡ്
3. പുളിനിന്ന വിള പിറച്ചക്കടവ് റോഡ്
4. മണ്ണക്കല്ലിൽ കുഴിവിള റോഡ്
5. മൂവാണ്ടംവിള പറക്കോട് റോഡ്

വാർഡ് XI

സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കേണ്ട റോഡുകൾ

1. വലിയവിള റോഡ്
2. തകിടി ഇടവഴി
3. പുത്തൻ വിള റോഡ്
4. കുരുമി ഓയിൽ മിൽ റോഡ്
5. അക്കരവിള ഇടവഴി
6. തെന്നൂർ മുളവിളാകം റോഡ്

7. തൈവിളാകം റോഡ്

വാർഡ് XII

1. പ്ലാവൂർക്കോണം കുറിഞ്ചര റോഡ്
2. പാലൂർക്കോണം റോഡ്
3. പ്രാവച്ചമ്പലം തെക്കേക്കര ഇടവഴി
4. ശാന്തിവിള അയണിഅറ റോഡ്
5. മൂങ്ങോട്ടു കോണം റോഡ്
6. കുമരിച്ചൽ റോഡ്
7. ലൂഥറൻ ചർച്ച് ഇടവഴി


കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ അംഗീകൃത ഹരിജൻ കോളനികളായ ശിവപുരം കോവിൽ വിള കോളനി, തെങ്ങുംപിള്ളി കോണം കോളനി, പൊറ്റ വിള ഹരിജൻ കോളനി റോഡുകളായ കുഴിവിള റോഡ്, വട്ടവിള റോഡ്, പൊറ്റവിള ഹരിജൻ കോളനി റോഡ്

ചെങ്കോട് IHDP കോളനി, പൂവത്തുംവിള കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് പഞ്ചായത്തിന്റെ നടപടികൾ ഒക്കെ പൂർത്തിയായിട്ടുണ്ട്. ആയത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വോൾട്ടേജിന്റെ അളവ് പരിശോധിച്ച് വോൾട്ടേജ് കൂടുതലുള്ള ലൈനിൽനിന്നും കുറവുള്ള ലൈനുകളിൽ ലിങ്ക് ചെയ്ത് എല്ലാ ലൈനിലും തുല്യ വോൾട്ടേജാക്കി ഏകീകരിക്കുക.

പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ലൈനിൽ തട്ടിനില്ക്കുന്ന വൃക്ഷച്ചില്ലകൾ മുറിച്ച് മാറ്റുന്നത് കാര്യക്ഷമമാക്കുക.

പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പ്രധാന കേന്ദ്രങ്ങളിലും ട്യൂബ്‌ലൈറ്റുകളും M.V ലാംബുകളും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.



മാർക്കറ്റ്

കല്ലിയൂർ പഞ്ചായത്തിൽ വളളംകോട് ഊക്കോട് ജംഗ്ഷനും ഇടയിലായി ഒരു പൊ മാർക്കറ്റ് സ്ഥാപിക്കേണ്ടതാണ്.

കൂടാതെ പഞ്ചായത്തടിസ്ഥാനത്തിൽ പച്ച റികൾ സംഭരിക്കുന്നതിനും, വിതരണം ചെയ്യുന നും വേണ്ടി ഒരു പച്ചക്കറി സംഭരണ വിതരണ ന്ദ്രം സ്ഥാപിക്കേണ്ടതാണ്. ഇതിലൂടെ കാർഷ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതി ഗുണഭോക്താക്കൾക്ക് അവ നേരിട്ടുവാങ്ങുന നും, കാർഷിക ഉല്പന്നങ്ങൾ, ദൂരസ്ഥലങ്ങളിലെ മാർക്കറ്റിൽ കൊണ്ടുപോകുന്ന ട്രാൻസ്പോർട്ട് ചാർജ് ലാഭിക്കുന്നതിനും പഞ്ചായത്തിനെ വ സായികമായി മുന്നോട്ടുനയിക്കുന്നതിനും സാധ ന്നതാണ്.

11.

പാർപ്പിടവും, സാമൂഹ്യക്ഷേമവും

മണ്ണിൽ നിന്നു മഴയിൽ നിന്നു-
വെയിലിൽ നിന്നു മോചനം
നല്കിടുന്ന വൃത്തിയുള്ള വീടുകൾ ചമയ്ക്കുക
നല്ല വഴി, നല്ല തൊഴിൽ, നല്ല ജീവിതത്തിനായ്
നല്ലപോലെ മെയ്യനങ്ങി നല്ലനാളു തീർക്കുക

മുല്ലനേഴി

പാർപ്പിടം :- കല്ലിയൂർ പഞ്ചായത്തിലെ പാർപ്പിട രംഗത്ത് ഭവനരഹിതരുടെ പ്രശ്നം നിലനിൽക്കുന്നെങ്കിലും ഒരു പുത്തൻ കോൺക്രീറ്റ് സംസ്കാരം അടുത്ത കാലത്തായി കണ്ടുവരുന്നുണ്ട്. നല്ലൊരു ശതമാനം കുടുംബങ്ങളും അവരുടെ വരുമാനത്തിന്റെ ഭൂരിഭാഗവും ഭവനനിർമ്മാണ രംഗത്ത് ചെലവഴിക്കുന്ന ആർഭാടകരമായ സമീപനം കണ്ടുവരുന്നുണ്ട്. കല്ലിയൂർ പഞ്ചായത്തിലെ 43% ഭവനങ്ങളും ഓലമേഞ്ഞ കെട്ടിടങ്ങളാണ്. 30% വീടുകൾ ഓടുപാകിയതാണ്. 20% വീടുകൾ കോൺക്രീറ്റ് മേൽപ്പുരയുള്ളതാണ്. 5% കുടിലുകളുള്ള ഈ പഞ്ചായത്തിൽ 1.25% ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളാണ്. ഇന്ന് 700 ഓളം കുടുംബങ്ങൾ ഈ പഞ്ചയാത്തിൽ ഭവനരഹിതരായി ഉണ്ട് എന്നുള്ള ദു:ഖസത്യം പാർപ്പിട രംഗത്ത് നാം നേരിടുന്ന വെല്ലുവിളിയാണ്. കഴിഞ്ഞ പദ്ധതി കാലയളവിൽ IRDP സർവ്വേ പ്രകാരം 250 ഓളം കുടുംബങ്ങൾക്ക് വിവിധ ക്ഷേമ പരിപാടിക

പട്ടിക I

ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരെ സംബന്ധിച്ച വിവരം
(8-ാം പദ്ധതി കാലത്തു കണക്ക്)

IRDP പ്രകാരം കണ്ടെത്തിയ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ	ഇതുവരെ സാമ്പത്തിക സഹായംലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്കു (സഹായം കിട്ടിയവർ ഉൾപ്പെടെ)
3072	619	900	440	2730

പട്ടിക II

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്ക്

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവധിച്ചതിൽ ഇനി പൂർത്തിയാക്കേണ്ട വീടുകൾ	ഇനിയും അനുവദിക്കേണ്ട വീടുകൾ
1	2	3	4	5	6
I	80	42	34	8	38
II	62	23	19	2	39
III	72	28	23	5	44
IV	65	15	13	2	50
V	80	24	20	4	56
VI	73	40	29	11	33
VII	85	12	12	-	73
VIII	104	16	15	1	88
IX	122	25	22	3	97
X	108	16	15	1	92
XI	112	25	23	2	87

അവലംബം: VEO യുടെ ഓഫീസിലെ രേഖകൾ

ളിലായി ഭവനങ്ങൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്.

ഭവന നിർമ്മാണ രംഗത്ത് ചെലവ് കുറഞ്ഞ രിതീയിലുള്ള നിർമ്മാണ ശൈലിക്ക് നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. നിർധനരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള സഹായങ്ങൾ സാമ്പത്തികമായി നൽകുന്നതോടൊപ്പം ചെലവുകുറഞ്ഞ നിർമ്മാണത്തിനുള്ള സാങ്കേതിക സഹായങ്ങൾ നൽകുന്നതിനുള്ള സംവിധാനങ്ങളും ഉയർന്നുവരേണ്ടതുണ്ട്. ഭവനനിർമ്മാണ സാമഗ്രികൾ പലതും തമിഴ്നാട്ടിൽ നിന്നോ മറ്റ് പ്രദേശങ്ങളിൽ നിന്നോ ആണ് കൊണ്ടുവരുന്നത്. എന്നാൽ കെട്ടിട നിർമ്മാണ തൊഴിലാളികൾ ഈ പഞ്ചായത്തിന് ഒരു മുതൽകൂട്ടാണ്. ഈ പഞ്ചായത്തിന്റെ ഫ്രൊഴിൽ മേഖലയിലെ നല്ലൊരു ഭാഗം തൊഴിലാളികളും കെട്ടിട നിർമ്മാണരംഗത്താണ് ജോലി ചെയ്യുന്നത്. അ തിൽ ഭൂരിഭാഗവും കാക്കാമൂല നിവാസികളാണ്. തിരുവനന്തപുരം ജില്ലയുടെ വിവിധഭാഗങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് വൈദഗ്ദ്ധ്യം ഉപയോഗിക്കുന്നുണ്ട്. കൂടാതെ ഗൾഫ് നാടുകളിലും ഇത്തരം തൊഴിലാളികൾ ഈ രംഗത്ത് ജോലി ചെയ്യുന്നുണ്ട്. ചെറിയൊരു ശതമാനം സ്ത്രീകളും കെട്ടിട നിർമ്മാണരംഗത്ത് ജോലി എടുക്കുന്നുണ്ട്. എന്നാൽ കൂലിനിരക്കിൽ സ്ത്രീപുരുഷ അന്തരം ചെറിയ തോതിൽ കാണാം. കാർപ്പെന്ററി, മൊസൈക്ക് വർക്ക്, ഇലക്ട്രിക് വയറിംഗ് തുടങ്ങിയ മറ്റ് വൈദഗ്ദ്ധ്യമേഖലകളിലും പണിയെടുക്കുന്നതിനായി അസംഖ്യം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മേൽപ്പറഞ്ഞ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലാളികളിലും ചെലവ് കുറഞ്ഞ ഭവനനിർമ്മാണ രീതിയിലും അവബോധമുണ്ടാക്കാൻ ആവശ്യമായ ഹ്രസ്വകാല പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടതുണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 ഭവന നിർമ്മാണത്തിന് നിർധനർക്ക് നൽകുന്ന ഗ്രാന്റ് ചെലവിലുള്ള വർദ്ധനവുമായി ബന്ധപ്പെടുത്തി വർദ്ധിപ്പിക്കുക.

2. പാർപ്പിടത്തിന് സ്വന്തമായി ഭൂമി ഇല്ലാത്ത് നിർധനർക്ക് 2 സെന്റ് ഭൂമിയോ, ഭൂമി വാങ്ങുന്നതിനുള്ള ധനസഹായമോ ജാതി നോക്കാതെ നൽകുക

3 കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും മെയിന്റനൻസ് നടത്തുകയും ചെയ്യുക.

4. മൈത്രീ ഭവനനിർമ്മാണ പദ്ധതിയിലൂടെ ലഭ്യമാകുന്ന വായ്പകൾക്കുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

സാമൂഹിക ക്ഷേമം

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ കേന്ദ്രസംസ്ഥാനസർക്കാരുകൾ നടപ്പിലാക്കുന്നുവെങ്കിലും ഈ പദ്ധതികളെക്കുറിച്ച് അർഹരായ ഗുണഭോക്താക്കളുടെ ഇടയിൽ നിലനിൽക്കുന്ന അജ്ഞത ഈ രംഗത്ത് പഞ്ചായത്ത് നേരിടുന്ന ഒരു വലിയ പ്രശ്നമാണ്. ക്ഷേമനിധികൾ പോലുള്ള തൊഴിലാളി ക്ഷേമ പദ്ധതികളിൽ അംഗങ്ങളാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടെങ്കിലും നിരവധി തൊഴിലാളികൾ ഇന്നും ഇത്തരം ക്ഷേമപരിപാടികൾ ഉപയോഗപ്പെടുത്തുന്നില്ല. പലരും. ട്രേഡ് യൂണിയനുകളുടെ സഹായത്തോടെയാണ് ഇത്തരം പദ്ധതികളിൽ പങ്കാളികളാകുന്നത്. സ്ത്രീകലുടെ പങ്കാളിത്തം മറ്റുമേഖലകളിലെന്പോലെ ക്ഷേമപരിപാടികൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിലും വളരെ പിന്നോക്കമാണ്.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം ലക്ഷ്യമാക്കി നിരവധി സാമ്പത്തിക സഹായപദ്ധതികൾ നിലവിലുണ്ടെങ്കിലും പദ്ധതികളെ ക്കുറിച്ചുള്ള അറിവില്ലായ്മ കാരണം പലതും ഈ വിഭാഗത്തിലുള്ള അർഹതപ്പെട്ടവർ പ്രയോജനപ്പെടുത്തുന്നില്ല. ഇതിന് പരിഹാരമായി പദ്ധതികളെ ക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും, പദ്ധതികളുടെ വിശദവിവരങ്ങൾ നോട്ടീസായി ഓഫീസുകളിലും മറ്റ് സ്ഥാപനങ്ങളിലും പതിപ്പിക്കുന്നതിനും ഉള്ള സംവിധാനങ്ങൾ രൂപപ്പെടുത്തുകയും വേണം.

ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസിനു കീഴിൽ പഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന 2 VEO സർക്കിളുകൾ വഴിയാണ് പ്രധാനമായും പഞ്ചായത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നത്. IRDP സർവ്വേ പ്രകാരം 3072 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയായി കണ്ടെത്തിയത്. ഇതിൽ 20% പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. ദാരിദ്ര്യരേഖക്ക് താഴെ കണ്ടെത്തിയവരിൽ 29% പേർക്ക് വിവിധ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കി എങ്കിലും സർവ്വേയിൽ കണ്ടെത്തിയ 89% പേരും ഇന്നും ദാരിദ്ര്യരേഖയ്ക്കു താഴെയാണ്.

പട്ടിക I

സ്ത്രീകളുടെയും കുട്ടികലുടെയും ഉന്നമനത്തിനായി നടപ്പിലാക്കിയ DWCRA പോലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തി സ്ത്രീകളുടെ

പട്ടിക II

ട്രൈസം തൊഴിൽ പരിശീലന ലഭ്യതാ പട്ടിക

പരിശീലനം നേടിയവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	മറ്റു തൊഴിൽ ഏർപ്പെട്ടിക്കുന്നവരുടെ എണ്ണം	അവരേപ്പിക്കുന്നവരുടെ എണ്ണം
47	7	11	29

കുടുംബ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. യുവതീയുവാക്കൾക്ക് സ്വയം തൊഴിൽപരിശീലനം നൽകുന്ന പദ്ധതിയായ ട്രൈസം ഉപയോഗപ്പെടുത്തിയവുരെട ആകെ എണ്ണം 47 ആണ്. എന്നാൽ ഈ പരിശീലനം നേടിയവരിൽ 18 പേരാണ് സ്വയം തൊഴിൽ കണ്ടെത്തുകയോ മറ്റു തൊഴിലുകളിൽ ഏർപ്പെടുത്തുയോ ചെയ്തിട്ടുള്ളു.

നെയ്ത്ത്, ടൈപ്പ്റൈറ്റിംഗ് മെക്കാനിസം, എംബ്രോയിഡറി, വെൽഡിംഗ്, തയ്യൽ തുടങ്ങിയ വിവിധ മേഖലകളിലായാണ് പരിശീലനം നൽകിയത്. ഇങ്ങനെ പരിശീലനം ലഭ്യമാക്കിയവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പകൾ ലഭ്യമാക്കാനുള്ള തുടർ പരിപാടികൾ സമഗ്രമായി നടപ്പിലാക്കുന്നതോടൊപ്പം കൂടുതൽ പേരെ ഈ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തി തൊഴിലില്ലായ്മക്ക് പരിഹാരം കണേണ്ടതാണ്.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP) അനുസരിച്ച് 43 പേർക്ക് സഹായം ലഭ്യമാക്കി. IRDP സർവ്വേ പ്രകാരം 311 പേർ ഈ പഞ്ചായത്തിൽ ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ വിഭാഗത്തിലുള്ളവർ ദാരിദ്ര്യരേഖയ്ക്ക് താവെയുള്ള വരായതിനാൽ അവശേഷിക്കുന്നവർക്കും ഈ പദ്ധതിയിൽപ്പെടുത്തി സഹായം നൽകി അവരുടെ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസു നിർമ്മിക്കാൻ ധനസഹായം നൽകുന്നതിന്റെ ഭാഗമായി 1992 നുശേഷം 77 കക്കൂസുകൾ നിർമ്മിച്ചു

പട്ടിക III

IRDP സർവ്വേ പ്രാകാരം ഗ്രാമീണ കൈത്തൊഴിലുകാലുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
311	43	268

നൽകി. എന്നാൽ 1500 ഓളം കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കേണ്ടതായിടുണ്ട്. ഇത് പഞ്ചായത്തിലെ ഒരു ആരോഗ്യപ്രശ്നമായി നിലനിൽക്കുകയാണ്.

വില്ലേജ് ആഫീസ് വഴി അവശവിഭാഗങ്ങൾക്കായി ചില പെൻഷനുകൾ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ഇന്ന് ഇത് അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാകുന്നില്ല. അനുവദിച്ച് കിട്ടിയ പലർക്കും കൃത്യമായി കിട്ടുന്നില്ല. ഇതിനെ സംബന്ധിച്ച ഗ്രാമവാസികളിൽ ഉയർന്നുവന്ന ഒരു പ്രധാന നിർദ്ദേശം എല്ലാ പെൻഷനുകളും ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യണം എന്നുള്ള

താണ്. കൂടാതെ വിധവകൾക്ക് മക്കളുടെ വിവാഹത്തിനായി ഇന്നു നൽകുന്ന ധനസഹായം വർദ്ധിപ്പിക്കേണ്ടതുമാണ്. വിധവാപെൻഷൻ, വികലാംഗ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം മുതലായവയാണ് പഞ്ചായത്തിലെ അവശ വിഭാഗങ്ങൾക്കായി ലഭ്യമാകുന്ന നേരിയ സാമ്പത്തിക സഹായങ്ങൾ.

സാമൂഹ്യക്ഷേമരംഗത്ത് അതിപ്രധാന പങ്കുവഹിക്കുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികൾ. പഞ്ചായത്തിൽ 11 അംഗൻ വാടികൾ ഉള്ളതിൽ 10 എണ്ണത്തിനും സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. കൂടാതെ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങളും വളരെ പരിമിതമാണ്. കൂടുതൽ പോഷകാഹാരം നൽകിയും കളിപ്പാട്ടങ്ങൾ ലഭ്യമാക്കിയും കുട്ടികളുടെ ശാരീരകവും മാനസികവുമായി വളർച്ച ത്വരിതപ്പെടുത്തേണ്ടതുണ്ട്. അംഗൻവാടിതലത്തിൽ മഹാളാ സമാജങ്ങൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സ്ത്രീക്ഷേമ പരിപാടികളും ആസൂത്രണം ചെയ്യാവുന്നതാണ്. കൂടാതെ ഇത്തരം ഒത്തുചേരലിൽ ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നൽകേണ്ടതാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 പെൻഷനുകൾ ഗ്രാമപഞ്ചായത്തു ആപ്പീസ് വഴി ലഭ്യമാക്കുകയും, ഇത് ലഭ്യമാകുന്നതിനുള്ള നൂലാമാലകൾ ഒഴിവാക്കുകയും വേണം.

2 അഗതിമന്ദിരം സ്ഥാപിക്കണം

3 അംഗൻവാടികളുടെ സൗകര്യം മെച്ചപ്പെടുത്തണം

4 മഹിളാ സമാജങ്ങൾ രൂപീകരണം


5 പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കണം.

6. വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം നൽകി വരുന്ന തുക വർദ്ധിപ്പിക്കുക.

7. വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം നൽകണം.



12.



സംസ്ക്കാരം

ചോരതുടിക്കും ചെറുകൈയ്യുകളേ
പേറുക വന്നീ പന്തങ്ങൾ

ഏറിയ തലമുറയേന്തിയ പാരിൻ
വാരൊളി മംഗള കന്ദങ്ങൾ

വൈലോപ്പിള്ളി

മനുഷ്യസമൂഹത്തിന്റെ ആത്മാവ് എന്നു പറയുന്നത് അതിൽ അന്തർലീനമായിരിക്കുന്ന സാംസ്കാരിക ധാര തന്നെയാണ്. ഭൗതികമായി എത്രതന്നെ ഉയരങ്ങളിൽ ചെന്നെത്തിയാലും സംസ്കാരത്തിന്റെ ഉറപ്പുള്ള അടിക്കല്ലുകളിലല്ല പടുത്തുയർത്തിയിട്ടുള്ളതെങ്കിൽ ഒരു സമൂഹം ശിഥിലമാകാൻ നിസ്സാരമായ ഒരു ചെറുകാറ്റു മതിയാകും. അതുകൊണ്ടുതന്നെ ഇന്നലെയുടെ കൈകളിൽ നിന്നും നമുക്കു പകർന്നുകിട്ടിയ സാംസ്കാരികധാരയെ ഇന്നിന്റേതായ സംഭാവനകളോടുകൂടി നാളെയുടെ ഉറപ്പുള്ള കരങ്ങളിലേക്കു പകർന്നു കൊടുക്കാൻ നമുക്കു ബാദ്ധ്യതയുണ്ട്.

വിഭിന്നജാതി മത വിഭാഗങ്ങൾ ഇടകലർന്നധിവസിക്കുന്ന ഒരു പ്രദേശമാണ് കല്ലിയൂർ പഞ്ചായത്ത്. കുറേയേറെ പരിമിതികളോടെയാണെങ്കിലും ഓരോ മനുഷ്യനും അവന്റെ സ്വർത്ഥതയുടെയും ജാതിയുടെയും മതത്തിന്റെയും നിറത്തിന്റെയും രാഷ്ട്രീയത്തിന്റെയുമൊക്കെ വേലിയ്ക്കപ്പുറത്തേക്ക്, അവന്റെ ചുറ്റുമുള്ള സമൂഹത്തിലേക്ക് പ്രസരിപ്പിക്കുന്ന സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും പ്രകാശകിരണങ്ങളാണ് ഇവിടത്തെ പ്രധാന സാംസ്കാരികസമ്പത്ത്. ജാതിയുടെയും മതത്തിന്റെയുമൊക്കെ ഇനിയും ശേഷിക്കുന്ന വേലിക്കെട്ടുകൾ പൊളിച്ചെറിഞ്ഞ്, അവയുടെ ഉൽബോധനങ്ങളിലെ നന്മയുടെയും മേന്മയുടെയും സ്വാതന്ത്ര്യങ്ങളിലേക്ക് സമൂഹത്തെ നയിക്കേണ്ടിയിരിക്കുന്നു. മറ്റുള്ളവരുടെ ഉള്ളിൽ തുടിക്കുന്നതും എന്റെ പ്രാണൻ തന്നെയാണ്. മറ്റുള്ളവരുടെ സിരകളിലോടുന്നതും എന്റെ രക്തം തന്നെയാണ് എന്ന അറിവിന്റെ അനുഭൂതിയിലേക്ക് ഓരോ മനുഷ്യനെയും ഉയർത്തണം- ഈ പരമലക്ഷ്യങ്ങളിലൂന്നിയാവണം ഇവിടത്തെ സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടപ്പിക്കേണ്ടത്.

പ്രധാനമായും ഹിന്ദു-ക്രിസ്ത്യൻ മുസ്ലീം മതവിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാണ് ഇവിടത്തെ ജനത. ഈ പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട ഹിന്ദു ആരാധനാലയം വെള്ളായണി ദേവിക്ഷേത്രമാണ്. ശ്രീഭദ്രകാളിയാണ് ഇവിടത്തെ ആരാധനാമൂർത്തി. ഐതിഹ്യപ്രകാരം ഏഴുനൂറ്റാണ്ടോളം പഴക്കമുള്ളതാണ് ഈ ക്ഷേത്രം. മൂന്നുവർഷത്തിലൊരിക്കൽ നാല്പത്തിഒന്നു ദിവസം നീളുന്ന 'കാളിയൂട്ട്'. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു ദേശീയോത്സവമായി മാറാറുണ്ട്. ഈ ക്ഷേത്രത്തിലെ പൂജാകർമ്മങ്ങളിൽ തണ്ടാൻ, പാണൻ തുടങ്ങിയ താഴ്ന്ന ജാതിക്കാർക്കു നല്കിവരുന്ന പങ്കാളിത്തം ഏറെ ശ്രദ്ധേയമാണ്.

എട്ടു പ്രമുഖ നായർത്തറവാട്ടുകാർ ഭരണം നടത്തിവന്നിരുന്ന ഈ ക്ഷേത്രം, ക്ഷേത്രപ്രവേശനവിളംബരത്തിനുമുമ്പേ തന്നെ ജാതിചിന്തകൾക്കതീതമായ ഒരു ആരാധനാലയമായിരുന്നു എന്നു മനസ്സിലാക്കാം. കേളേശ്വരം, ശ്രീ രക്തേശ്വരീക്ഷേത്രം 700 വർഷത്തെ പഴക്കം അവകാശപ്പെടുന്നു. 'ചടയൻ ചാത്ത'ന് പട്ടയം കിട്ടിയ വസ്തുവിൽ പത്മനാഭസ്വാമിക്ഷേത്രത്തിലെ പരികർമ്മിയായിരുന്ന ഹരിപ്പാട്ടുകാരൻ കൃഷ്ണനുണ്ണി 700 വർഷം മുമ്പ് സ്ഥാനനിർണ്ണയം നടത്തയതാണത്രേ ഈ ക്ഷേത്രം. വെള്ളായണി കായലിന്റെ തീരത്തു സ്ഥിതിചെയ്യുന്ന തൃക്കുളങ്ങര ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിനും 1000 വർഷത്തെ പഴക്കമുണ്ടെന്നു പറയപ്പെടുന്നു. കല്ലിയൂർ ശ്രീ അരങ്ങൻ കണ്ഠൻ ശാസ്ത്രാക്ഷേത്രം, കാണിശിവൻ കോവിൽ, വണ്ടിത്തടം ശിവക്ഷേത്രം, പാലപ്പൂരു ഭഗവതിക്ഷേത്രം, ചെറുബാലമന്ദം ശിവക്ഷേത്രം, വേവിള മഹാവിഷ്ണുക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളും ശ്രദ്ധേയമാണ്. കൊടുങ്ങല്ലൂർ കൈവല്യമഠത്തിൽ നിന്നും ഒരു കുടുംബം 500 വർഷംമുമ്പ് വന്നു താമസിച്ചിരുന്ന സ്ഥലത്തു പണിത ക്ഷേത്രമാണെന്നുള്ളതാണ് പെരിങ്ങമ്മല ശ്രീമഹാവിഷ്ണുക്ഷേത്രത്തെക്കുറിച്ചുള്ള ഐതിഹ്യം. ഈ ക്ഷേത്രങ്ങളിലൊക്കെത്തന്നെ ആണ്ടുതോറും ഗംഭീരമായ ഉത്സവങ്ങൾ നടത്താറുണ്ട്. ഉത്സവങ്ങൾ വിജയിപ്പിക്കുന്നതിന് ജാതിമതചിന്തകൾക്കതീതമായി ഇവിടത്തെ സകല ജനവിഭാഗങ്ങളും തങ്ങളുടെ സംഭാവനകൾ നല്കുന്നുണ്ട്.

RC, CSI, സാൽവേഷൻ ആർമി, SDA മിഷൻ, ലൂഥർമിഷൻ, പെന്തക്കോസ്തു മിഷൻ - തുടങ്ങിയ ക്രിസ്തീയ മതവിഭാഗങ്ങളുടെ കീഴിലുള്ള പള്ളികൾ ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നു. 1856 ൽ 'സർ പാർക്കർ' സ്ഥാപിച്ചതാണ്. കുടുംബന്നൂർ CSI ചർച്ച്. കാക്കാമൂലയലെ R.C. ചർച്ച് 1917- 21 കാലത്തു പണിതതായിക്കാണുന്നു. 1930 ൽ സ്ഥാപിച്ച കാക്കാമൂല പാർക്കർപുരം CSI ചർച്ച്,

1936 ൽ സ്ഥാപിച്ച ശാന്തിവിള കാൽവരി ലൂഥറൻ ചർച്ച്, നൂറിലേറെ വർഷത്തെ പഴക്കം അവകാശപ്പെടുന്ന പുന്നമൂട് വിശുദ്ധ സെബസ്ത്യാനോസ് ദേവാലയം, കാക്കാമൂലയിലെ സാൽവേഷൻ ആർമിചർച്ച്, പാലപ്പൂരിലെ RC, CSI ചർച്ചുകൾ, കല്ലിയൂർ CSI ചർച്ച്. പിന്നെ അടുത്ത കാലങ്ങളിൽ രൂപംകൊണ്ട ഒട്ടേറെ ചർച്ചുകൾ - തുടങ്ങിയവയും ദൈവമെന്ന പിതാവിന്റെ മക്കളെന്ന നിലയിൽ സകലമനുഷ്യരും സഹോദരങ്ങളാണെന്നും, ഓരോ മനുഷ്യനും അവന്റെ സഹോദരന്റെ കാവല്കാരനാകണമെന്നും പഠിപ്പിച്ച ക്രിസ്തുവിന്റെ ആരാധനാലയങ്ങളായി ഈ പഞ്ചായത്തിലുണ്ട്.

ശാന്തിവിളയിലെ കുറുവാണി മുസ്ലീം പള്ളി മാത്രമാണ് ഈ പഞ്ചായത്തുമേഖലയിലെ ഒരേയൊരു ഇസ്ലാം ആരാധനാലയം. 1851 ലാണ് ഈ പള്ളി സ്ഥാപിച്ചത്.

ക്രിസ്ത്യൻ പള്ളികൾ കൂട്ടായും വെവ്വേറെയും സംഘടിപ്പിക്കാറുള്ള ക്രിസ്തുമസ്സ്, പെരുന്നാൾ ആഘോഷങ്ങളിലും ഈ പഞ്ചായത്തിലെ സകലജാതി മതവിഭാഗങ്ങളും പങ്കെടുക്കാറുണ്ട്.

മത മൗലിക വാദവും വിഘടന വാദവും ഭീഷണിയുയർത്തുന്ന ഒരു ലോകസാഹചര്യമാണിന്നുള്ളത്. അത്തരം ദുഷിച്ച ആശയഗതികളെയും അതിന്റെ വക്താക്കളായ ശിഥിലീകരണ ശക്തികളുടെ പ്രവർത്തനങ്ങളെയും ചെറുത്തുതോല്പിച്ച്, ഇവിടെ ഇന്നു പുലരുന്ന മതപരവും, സാമുദായികവുമായ സൗഹാർദ്ദം ശാശ്വതമാക്കാനുള്ള പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളും നടത്തിയേ തീരൂ. ഇന്ത്യാ മഹാരാജ്യത്തിന്റെ ചില ഭാഗങ്ങളിൽ വർഗ്ഗീയതയുടെ ചില കറുത്ത ശക്തികൾ ഫണം വിടർത്തിയാടിയ ചില സന്ദർഭങ്ങളിൽ, അതിന്റെ അലകൾ ഈ പഞ്ചായത്തിനുള്ളിൽ പ്രതിധ്വനിക്കാതിരിക്കാൻ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടു അത്തരം പ്രവർത്തനങ്ങൾ കണ്ണിമുറിയാതെ മുന്നോട്ടു കൊണ്ടുപോകുന്നതിനും അതിൽ പഞ്ചായത്തു മേഖലയിലെ മുഴുവൻ ജനതയെയും ഭാഗഭാക്കാക്കുന്നതിനും വേണ്ട പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

ഓണവും ക്രിസ്തുമസ്സുമൊക്കെ മുഴുവൻ ജനതയുടെ ആഘോഷമായി മാറിക്കൊണ്ടിരിക്കുന്നത് ശുഭകരമായ ഒരു കാര്യമാണ്.

നായർ, പട്ടികജാതിക്കാർ, ഈഴവർ, നാടാർ - തുടങ്ങിയവയാണ് ഇവിടത്തെ പ്രധാന ജാതിവിഭാഗങ്ങൾ. കരയോഗങ്ങളുടെയും, SNDP ശാഖകളുടെയും നായർ ഈഴവ സമുദായങ്ങളുടെ സാംസ്കാരിക പുരോഗതിയിൽ പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ KPMS, KNMS പോലുള്ള സംഘടനകൾക്ക് നാടാർ, പട്ടികജാതി വിഭാഗങ്ങളിൽ കാര്യമായ സാംസ്കാരിക പുരോഗതി കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടില്ല. പെരിങ്ങമ്മല SNDP ശാഖയും SNV വിവേകപ്രദായിനി ഗ്രന്ഥശാലയും പെരിങ്ങമ്മല ഭാഗത്തെ ജനങ്ങളുടെ പുരോഗതിയിൽ വഹിച്ച പങ്ക് വളരെ വലുതാണ്.

സാമ്പത്തികമായി പിന്നോക്കത്തിൽ നില്ക്കുന്നവരും ഇടത്തരക്കാരുമാണ് ഇവിടത്തെ ബഹുഭൂരിപക്ഷം ആളുകളും. വ്യാവസായികമായി തീരെ വളർന്നിട്ടില്ലാത്ത ഇവിടത്തെ പ്രധാന തൊഴിൽ കൃഷി തന്നെ. കർഷക- കർഷക തൊഴിലാളി വിഭാഗങ്ങളിലുൾപ്പെടുന്ന ഭൂരിപക്ഷവും. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും, എന്തിന് തൊട്ടടുത്ത തമിഴ് നാട്ടിൽപ്പോലും തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള ഉടമ - അടിമ മനോഭാവം കേരളത്തിൽ ഈ പഞ്ചായത്തു മേഖലയിൽ തീരെയില്ല. കർഷകത്തൊഴിലാളിയും നിർമ്മാണത്തൊഴിലാളിയും ചുമട്ടു തൊഴിലാളിയുമൊക്കെ അവകാശബോധവും സ്വാതന്ത്ര്യബോധവുമുള്ള വിഭാഗങ്ങളായി ഉയർന്നിരിക്കുന്നു. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ചോരയും വിയർപ്പും ഈ നേട്ടങ്ങൾക്കുവേണ്ടി ഏറെ ഒഴുകിയിട്ടുണ്ട് എന്നത് ആർക്കും നിഷേധിക്കാനാവില്ല.

ദേശീയ പ്രസ്ഥാന കാലത്ത് കേരളത്തിന്റെ കലാസാംസ്കാരിക രംഗങ്ങളിൽ ഒരു പുതുയുഗം പിറന്നുവല്ലോ. ഈ പഞ്ചായത്തു മേഖലയിലും വിപുലമായ ഒരു 'വായന'യുടെ സംസ്കാരം അക്കാലത്തു രൂപപ്പെടുന്നുണ്ട്. ആ വായനയുടെ സംസ്കാരം പല സ്ഥലങ്ങളിലും വായനശാലകളുടെ രൂപീകരണത്തിനു വഴിതെളിച്ചു. പിന്നീട് മിക്ക വായനശാലകളും ഗ്രന്ഥശാലകളായി ഉയർന്നു. 7 ഗ്രന്ഥശാലകളാണ് ഈ പഞ്ചായത്തു മേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. അവയെല്ലാം തന്നെ വായനശാലകളായും പ്രവർത്തിക്കുന്നുണ്ട്. തെറ്റിവിളയിൽ സ്വന്തം മന്ദിരത്തിൽ പ്രവർത്തിക്കുന്ന വായനശാല മാത്രമാണ് ഗ്രന്ഥശാലയില്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഏക സ്ഥാപനം.

1945 നും 1962 നും ഇടയിലാണ് ഈ ഗ്രന്ഥശാലകൾ സ്ഥാപിച്ചത്. മുഴുവൻ ഗ്രന്ഥശാലകളും കേരള ഗ്രന്ഥശാലസംഘവുമായി അഫിലിയേറ്റു ചെയ്യപ്പെട്ടി

ട്ടുണ്ട്. പുന്നമൂട് ദേശസേവന ഗ്രന്ഥശാലയെ കല്ലിയൂർ പഞ്ചായത്ത് അതിന്റെ സാംസ്കാരിക സ്ഥാപനമായി ദത്തെടുക്കുകയും ഇപ്പോൾ ആ നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

1240 അംഗങ്ങളുള്ള ഊക്കോടു നേതാജി ഗ്രന്ഥശാലയിലാണ് ഏറ്റവും കൂടുതൽ അംഗങ്ങൾ. 400 അംഗങ്ങളുള്ള വെള്ളായണി പ്രതിഭാഗ്രന്ഥശാലയിലാണ് ഏറ്റവും കുറച്ചു അംഗങ്ങളുള്ളത്. പുസ്തകങ്ങളുടെ എണ്ണത്തിൽ ഏറ്റവും മുന്നിൽ 9053 പുസ്തകങ്ങളുള്ള പെരിങ്ങമ്മല SNV വിവേകപ്രദായിനി ഗ്രന്ഥശാലയും ഏറ്റവും പിന്നിൽ 1400 പുസ്തകങ്ങളുള്ള പാലപ്പൂരു മാധവസ്മാരകഗ്രന്ഥശാലയും നില്ക്കുന്നു. വായനക്കാരുടെ എണ്ണത്തെ സംബന്ധിച്ച് നടത്തിയ സർവ്വേ വളരെ നിരാശാജനകമാണ്. ആയിരക്കണക്കിനു ആളുകളുടെ പ്രാതിനിധ്യമുള്ള പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഗ്രന്ഥശാലകളിൽ പുസ്തകമെടുക്കാൻ വരുന്നവർ ശരാശരി പ്രതിദിനം 5 നും 8 നും ഇടക്ക് ആളുകൾ മാത്രമാണ്. പത്രമാസികകൾ വായിക്കാൻ പതിവായി വരുന്നവരുടെ എണ്ണവും അതുതന്നെ. പുസ്തകം വായിക്കാൻ സമയം കിട്ടുന്നില്ലെന്നതാണ് പുസ്തകവായനയിൽ നിന്നും പിന്നോട്ടു പോകുന്നതിനുള്ള കാരണമായി പലരും പറയുന്നത്. ജോലിസ്ഥലത്തു നിന്നും മടങ്ങിവന്നാൽ വീട്ടിലെ അത്യാവശ്യകാര്യങ്ങൾ നോക്കണം. അതു കഴിഞ്ഞു TV യിലെ പ്രധാന പരിപാടികൾ കാണണം. അപ്പോഴേക്കും പലർക്കും ദിനപ്പത്രങ്ങൾ ഒന്നോടിച്ചു നോക്കാൻ പോലും കഴിയുന്നില്ലത്രേ.

പത്രമാസികകൾ വായിക്കാൻ സ്ത്രീകൾ തീരെ വരുന്നില്ല എന്നുതന്നെ പറയാം. വളരെ കുറച്ചുപേർ, ശരാശരി പ്രതിദിനം 2-3 മാത്രമാണ് പുസ്തകമെടുക്കാൻ വരുന്നവർ. (പട്ടിക I നോക്കുക)

TV യുടെയും, അലസതയുടെയും മുള്ളുകളിൽ ക്കുടുങ്ങി ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്ന വായനക്കാരനെ പുസ്തകങ്ങളിലെ ലോകത്തിലേക്കു പ്രത്യാനയിക്കാൻ ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ചുള്ള കർമ്മപരിപാടികൾക്ക് അടിയന്തിരമായ രൂപം നല്കേണ്ടിയിരിക്കുന്നു.

വായനക്കാരുടെ അഭിരുചിയനുസരിച്ചുള്ള പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനും, അവയെ അവരുടെ വീടുകളിലെത്തിച്ചെങ്കിലും അവരെക്കൊണ്ടു വായിപ്പിക്കുന്നതിനും, വായിച്ച പുസ്തകങ്ങളെക്കുറിച്ച് കൂട്ടായ ചർച്ച ചെയ്യുന്നതിനുവേണ്ട വേദിയൊരുക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികളെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

കേരളത്തിന് എന്നെന്നും അഭിമാനിക്കാൻ വകതരുന്ന തരത്തിൽ വമ്പിച്ച ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി ലോകശ്രദ്ധ പിടിച്ചെടുത്ത ഒന്നാം ഘട്ട സാക്ഷരതാപരിപാടി മുഴുവൻ യുവജന - രാഷ്ട്രീയ സംഘടനകളെയും അണിനിരത്തി വമ്പിച്ച ആവേശത്തോടെയാണ് ഈ പഞ്ചായത്തിലും വിജയിപ്പിച്ചെടുത്തത്. എന്നാൽ അതിന്റെ രണ്ടാംഘട്ട പ്രവർത്തനം പങ്കാളിത്തക്കുറവുമൂലം ഒന്നാംഘട്ടത്തിലേതുപോലെ ഉയർന്ന നിലവാരത്തിലല്ല മുന്നോട്ടു പോകുന്നത്.

കേളേശ്വരം KPMS ബിൽഡിംഗ്, കല്ലിയൂർ, പഞ്ചായത്തു ലൈബ്രറി, വായനശാല, ശാന്തിവിള പട്ടം സ്മാരക ഗ്രന്ഥശാല, പാലപ്പൂരു ശ്രീ മാധവസ്മാരക ഗ്രന്ഥശാല പെരിങ്ങമല SNV ലൈബ്രറി എന്നിവിടങ്ങളിൽ അഞ്ച് ജനവിദ്യാ കേന്ദ്രങ്ങളാണ് ഈയിനത്തിൽ ഇപ്പോൾ മങ്ങിമങ്ങി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

കേരള കൗമുദി, മലയാള മനോരമ, മാതൃഭൂമി ദേശാഭിമാനി തുടങ്ങിയ പത്രങ്ങളാണ് ഈ പഞ്ചായത്തു മേഖലയിൽ ഏറെ പ്രചാരമുള്ളവ. മംഗളം, മനോരമ തുടങ്ങിയ വാരികകൾക്കും ഏറെ പ്രചാരമുണ്ട്. കലാകൗമുദി, ചിന്ത, ദേശാഭിമാനി, മാതൃഭൂമി, ഇന്ത്യാടുഡെ വാരികകളും പ്രചാരത്തിലുണ്ട്.

ഓരോ ജംഗ്ഷനും കേന്ദ്രീകരിച്ച് ചെറുപ്പക്കാർ കാലാകാലങ്ങളിൽ ഓരോ കലാസംഘടനകൾക്കു രൂപം നല്കും. ഓണക്കാലത്തോ ക്രിസ്തുമസ്സ് കാലത്തോ ഒരു നാടകം കളിക്കും. അതോടെ സമിതി പൂട്ടും. ഇതാണ് പഞ്ചായത്തു മേഖലയിലെ കലാസമിതികളുടെ പൊതുചിത്രം. സ്ഥിരമായി സമിതി പ്രവർത്തിപ്പിക്കാൻ സ്ഥലസൗകര്യമില്ലാതെ വരിക, സാമ്പത്തികമില്ലാതെ വരുക, പ്രവർത്തകർ പിന്തിരിഞ്ഞു പോകുക- ഇതാക്കെയാണ് കാരണങ്ങൾ. ഗ്രന്ഥശാലകളും വായനശാലകളും കേന്ദ്രീകരിച്ചെങ്കിലും ഓരോ കലാസമിതികൾ സംഘടിപ്പിച്ച് സ്ഥിരമായും സജീവമായും പ്രവർത്തിപ്പിക്കുന്നതിനു നടപടിയെടുക്കേണ്ടതാണ്. പത്തു പതിനഞ്ചു വർഷം മുമ്പ് 'കല്ലിയൂർ സാംസ്കാരിക കേന്ദ്രം' വളരെ നന്നായി പ്രവർത്തിച്ചിരുന്ന ഒരു സംഘടനയായിരുന്നു. കുറേ ടൂർ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനും ശ്രദ്ധേയമായ ചില നാടകാവതരണങ്ങൾ നടത്തുന്നതിനും ആ സംഘടനയ്ക്കു കഴിഞ്ഞു.

ശ്രീ മടവൂർ തങ്കപ്പൻ നായരുടെ നേതൃത്വത്തിൽ അവതരിപ്പിച്ച ''സാകേതം'' ''ലങ്കാലക്ഷ്മി'' തുടങ്ങിയവ കല്ലിയൂർ പഞ്ചായത്തു മേഖല സാക്ഷ്യം വഹിച്ച ഏറ്റവും നല്ല നാടകാവതരണങ്ങളായിരുന്നു.

വെള്ളായണി ദേവീക്ഷേത്രത്തിലെയും രക്തേശ്വരീ ക്ഷേത്രത്തിലെയും ഉത്സവത്തോടനുബന്ധിച്ച് നാടകമത്സരം നടത്താറുണ്ട്. കേരളോത്സവത്തോടനുബന്ധിച്ചുള്ള നാടകമത്സരത്തിലും ക്ലബ്ബുകളും മറ്റും നടത്തുന്ന ഏകാങ്കനാടകമത്സങ്ങളിലും ഈ പ്രദേശത്തെ ചില ചെറിയ നാടകസമിതികൾപങ്കെടുത്ത് മികവു തെളിയിക്കുന്നുണ്ട്. അത്തരം സമതികളിലെ അർഹരായ കലാകാരന്മാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടതാണ്. കലാസമിതികളിലെ പ്രവർത്തനങ്ങളിൽ സ്ത്രീകളെ കൂടി പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുകയും വേണം.

ഇവിടെ ഉണ്ടായിരുന്ന നാടൻ കലാരൂപങ്ങളായ കമ്പടിക്കളി, തിരുവാതിരക്കളി, കോൽക്കളി തുടങ്ങിയവും ആയോധനകലയായ കളരിപ്പയറ്റും ഏതാണ്ടു പൂർണ്ണമായും നശിച്ചിരിക്കുന്നു. കുറേക്കാലം മുമ്പുവരെ ഗ്രാന്റേറാടെ പ്രവർത്തിച്ചിരുന്നതാണ് കാക്കാമൂലയിലെ KKN കളരി സംഘം.

TV സ്വന്തമായില്ലാത്ത വീട്ടുകാരും TV ഉള്ള വീടുകളിൽ പോയി കാണുന്നു. അതുകൊണ്ടു തന്നെ കല്ലിയൂർ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും അതിന്റെ സ്വാധീനത്തിലാണ്. മനുഷ്യന്റെ ചിന്താശക്തിയെ മരവിപ്പിച്ച്, TV അടക്കമുള്ള മാദ്ധ്യമങ്ങൾ അവയുടെ താല്പര്യങ്ങൾക്കനുസരിച്ച് അവനെ രൂപപ്പെടുത്തിയെടുക്കുന്നു. TV യും പത്രമാദ്ധ്യമങ്ങളും മധുരത്തിൽ പൊതിഞ്ഞു കൊടുക്കുന്ന അർദ്ധസത്യങ്ങളും അസത്യങ്ങളും തിന്നുതിന്ന് മനുഷ്യന്റെ സത്യം കാണാനുള്ള കണ്ണിന് കുരുട് ബാധിക്കുന്നു. ബൗദ്ധികമായ അന്ധത സമൂഹത്തെ മാരകമായി കീഴടക്കിക്കൊണ്ടിരിക്കുകയാണ്. ഈ സത്യം ഇനിയും അവനെ ബോദ്ധ്യപ്പെടുത്തി നേർവഴിക്കു നയിക്കാനായില്ലെങ്കിൽ ഇവിടത്തെ സാംസ്കാരികമായ ഈടുവയ്പുകളെല്ലാം അവനിൽ നിന്നന്യമാവുകയും ആത്മാവു നഷ്ടപ്പെട്ട അവന്റെ സമൂഹം ജീർണ്ണിച്ചു ശിഥിലമാകുയും ചെയ്യും. നമ്മുടെ നാട്ടിൻ പുറങ്ങളിലെ കുട്ടികൾ അവന്റെ സ്വന്തമായ കുറ്റിപ്പന്തും, കിളിത്തട്ടും,. ഗോലികളിയുമൊക്കെ ഉപേക്ഷിച്ച് മറ്റാരുടെയോ കായിക വിനോദമായ ക്രിക്കറ്റ് ബോളും ബാറ്റും കൈയ്യിലെടുത്തിരിക്കുന്നു. എങ്ങോ നടക്കുന്ന ക്രിക്കറ്റുകളിയുടെ ജയപജയങ്ങൾ ചിന്തിച്ച് ദിവസങ്ങളോളം അവൻ TV എന്ന വിഡ്ഡിപ്പെട്ടിയുടെ മുന്നിൽ സ്വയം നഷ്ടപ്പെട്ടിരിക്കുന്നു.

മനുഷ്യൻ എന്തു തിന്നണം, എന്തുടുക്കണം, എന്ത് പഠിക്കണം, എന്തു കളിക്കണം എന്നെല്ലാം തീരുമാനിക്കുന്നത് മാദ്ധ്യമങ്ങളുടെ നിയന്ത്രണം കൈയിലുള്ള വൻശക്തികൾ ഏറ്റെടുത്തിരിക്കുന്നു. സാംസ്കാരികമായ ഈ അടിച്ചമർത്തലും കീഴടക്കലും കോളനിവല്ക്കരണവും എങ്ങനെ പ്രതിരോധിക്കാം എന്നത് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ്. ഓരോ അണ്ണാറക്കണ്ണനും തന്നാലായതുപോലെ ഈ വെല്ലുവിളി ഏറ്റെടുത്തേ തീരൂ. കാലം നമുക്കു തന്നതെല്ലാം കാണാക്കയങ്ങളിലേക്കു വലിച്ചെറിഞ്ഞിട്ട് ആരോ നീട്ടിക്കാണിക്കുന്ന പച്ചിലകൾക്കു നേരേ കൊതിയൂറുന്ന നാവും നീട്ടിയുള്ള നമ്മുടെ ഈ യാത്ര, അറവുശാലയിലേക്കാണു നമ്മെ നയിക്കുന്നതെന്ന യാഥാർത്ഥ്യം നാം ഇനിയും തിരിച്ചറിഞ്ഞില്ലെങ്കിൽ പിന്നീട് ആർക്കും നമ്മെ രക്ഷിക്കാനാവില്ല.

ഇവിടത്തെ തനതു കലാരൂപങ്ങൾ കണ്ടെത്തി അതിനെ വികസിപ്പിക്കുന്നതിന് അടിയന്തിരമായ കർമ്മ പരിപാടികൾക്കു രൂപം നല്കണം.

പ്രകൃതി കല്ലിയൂർ പഞ്ചായത്തിനു നല്കിയ ഏറ്റവും വലിയ സമ്പത്താണു വെള്ളായണിക്കായൽ. ഓണക്കാലത്ത് ഒരു 'വള്ളം കളി' നടത്തുന്നതിനപ്പുറം നമ്മുടെ കായികസംസ്കാരത്തിന്റെ ഭാഗമാക്കി വെള്ളായണി കായലിനെ മാറ്റാൻ കഴിയണം. ''അയ്യൻകാളി'' ട്രോഫിക്കുവേണ്ടി നടത്തുന്ന ജലോത്സവം കുറേക്കൂടി മികവുറ്റതാക്കണം. ജലോത്സവത്തിന്റെ സംഘാടകരുമായി ബന്ധപ്പെട്ട് അതിനുള്ള സാദ്ധ്യത ആരായേണ്ടിയിരിക്കുന്നു.

ദേശീയ കായിക മത്സരങ്ങൾ വരെ നടത്തുന്ന സ്റ്റേഡിയമാണ് കാർഷിക കോളേജിലുള്ളത്. പഞ്ചായത്തിന്റെ ഉടമയുമായിട്ടുള്ള പൊറ്റവിള സ്റ്റേഡിയം, സ്കൂളുകളിലെ കളിക്കളങ്ങൾ - ഈ കളിക്കളങ്ങളെ പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ പഞ്ചായത്തിലെ സ്ത്രീകളുൾപ്പെടെ മുഴുവൻ ആളുകൾക്കും പങ്കാളിത്തം വരത്തക്കവിധമുള്ള കായിക സംരംഭങ്ങൾ നിരന്തരമായി സംഘടിപ്പിച്ച് കായിക ശേഷയുള്ള ഒരു സമൂഹമായി ഈ പ്രദേശത്തെ ജനങ്ങളെ പരിവർത്തിപ്പിക്കാനുള്ള പരിപാടികൾ തയ്യാറാക്കണം. അങ്ങനെ ഒരു കായികസംസ്കാരമുണ്ടായാലേ കുപ്പക്കുള്ളിലെ യഥാർത്ഥമാണിക്യങ്ങൾ പുറത്തു വരികയുമുള്ളൂ.

സാംസ്കാരിക രംഗത്തു പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ

1. പഞ്ചായത്തു ഗ്രന്ഥശാല റഫറൻസിനും പഴയപുസ്തകൾക്കും പ്രത്യേക സംവിധാനം വേണം. ഇംഗ്ലീഷ് പുസ്തകങ്ങൾ കൂടുതൽ വേണം. സ്ഥലസൗകര്യം വർദ്ധിപ്പിക്കണം. പ്രവർത്തനസമയം 9 AM മുതൽ 7 PM വരെയാക്കണം.

2. ജനങ്ങളിൽ വായനാശീലം വർധിപ്പിക്കുന്നതിന് നിലവിലുള്ള ഗ്രന്ഥശാലകളോടനുബന്ധിച്ച് സാംസ്കാരിക കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിപ്പിക്കുക.

3. UP തലം മുതൽ വിദ്യാർത്ഥികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനു കർമ്മ പരിപാടികൾ ഉണ്ടാകണം.

4. TV കേബിൾ TV നെറ്റ് വർക്ക് എന്നിവയുടെ അതിപ്രസരം ജനങ്ങളുടെ വായനാശീലത്തെയും സാംസ്കാരിക നിലവാരത്തെയും തകർക്കുന്നു. കേബിൾ TV യിലൂടെ ഇൻഡ്യയിൽ സെൻസർ ചെയ്യാത്ത വിവിധ രാജ്യങ്ങളിലെ സിനിമകൾ കർശനമായും നിരോധിക്കുകയും ഫലപ്രദമായ പരിപാടികൾ സംപ്രേക്ഷണം ചെയ്യുകയും വേണം.

   വിദേശമദ്യത്തിന്റെയും മയക്കുമരുന്നുകളുടേയും മേഖലകൾ കണ്ടെത്തി നിയമപരമായ കർശന നടപടികളിലൂടെ അവ നിരോധിക്കണം. അസാന്മാർഗിക പ്രവർത്തനങ്ങളിൽ നിന്നും ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ആരോഗ്യകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സിനിമാ പ്രദർശനങ്ങളും മറ്റുപാധികളും (AIDS Cell) തുടങ്ങിയവ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിലാക്കണം.

5. വിവാഹാദിചടങ്ങുകളുടെ വർദ്ധിച്ചുവരുന്ന ആർഭാടം തടയണം.

6. വെള്ളായണികായൽ ശുദ്ധജലതടാകമായി നിലനിർത്തക്കൊണ്ട് ടൂറിസം വികസനം നടപ്പിലാക്കണം.

7. സ്ഥിരമായ അമച്വർ നാടകസമിതികേരള സംഗീത നാടക അക്കാദമിയുടെ രജിസ്ട്രേഷനോടുകൂടി സ്ഥാപിക്കണം. VI -ാം വാർഡിൽ മാത്തൂർക്കോണം ലക്ഷംവീട് കോളനിയുടെ മുൻവശത്ത് തരിശായികിടക്കുന്ന ഭൂമിയിൽ ഒരു കമ്യൂണിറ്റിഹാളും അതിനോടനുബന്ധമായി വായനശാലയും TV കിയോസ്കും സ്ഥാപിക്കണം.

8. തനതുകലകളായ കളരി, നാടോടിപ്പാട്ട്, നാടൻ പന്തുകളി കോൽകളി, തുടങ്ങിയ നാടൻ കലാരൂപങ്ങൾ പഞ്ചായത്ത് തലത്തിൽ പ്രോത്സാഹനം കൊടുത്ത് പരിപോഷിപ്പിച്ച് നിലനിർത്തണം.

9. സ്ത്രീകളോടുള്ള സാംസ്കാരിക സമീപനത്തിലെ അധ:പതനത്തെക്കുറിച്ച് പഠിച്ച് സത്വര നടപടികൾ സ്വീകരിക്കണം.

   കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു വാർഷിക കലണ്ടർ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം. കലാകായിക സാഹിത്യ പ്രതിഭകളെ കണ്ടെടുത്ത് പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രതിമാസ മത്സരങ്ങൾ സംഘടിപ്പിക്കണം.

10. ആരാധനാലയങ്ങളുടെ ഉത്സവങ്ങളോടനുബന്ധിച്ച് മതസൗഹാർദ്ദ സമ്മേളനങ്ങളും നാടൻ കലകൾക്ക് പ്രാധാന്യം കൊടുക്കുന്ന പരിപാടികളും നിർബന്ധമാക്കണം.

11. കോളനികളിൽ പത്രമാസികൾ വായിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുക.

12. വെള്ളായണി കായലിൽ നീന്തൽ പരിശീലനത്തിനും വള്ളം തുഴയൽ പരിശീലനത്തിനും സംവിധാനമേർപ്പെടുത്തുക.

13. നല്ല സിനിമകൾ കാണാനുള്ള അവസരമുണ്ടാക്കുക.

14. പഞ്ചായത്തുതലത്തിൽ കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുക. അതു വെറും ചടങ്ങിനുവേണ്ടി എന്ന ഇന്നത്തെ സമീപനം മാറ്റി മുഴുവനാളുകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന സാംസ്കാരികോത്സവമാക്കി മാറ്റുക.

15. നാടൻ കലകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

16. പ്രകൃതിയേയും കൃഷിയേയുമൊക്കെ ബന്ധപ്പെടുത്തിയുള്ള കായിക കലാമത്സരങ്ങൾ സംഘടിപ്പിക്കുക. ഉദാ: തെങ്ങുകയറ്റമത്സരം, മരമടി മത്സരം.

17. കലാകായിക രംഗത്ത് പുരുഷനു തുല്യമായ പങ്കാളിത്തം സ്ത്രീക്കും ഉറപ്പു വരുത്തുക.

18. ഫിലിം സൊസൈറ്റികൾ, വീഡിയോ ക്ലബ്ബുകൾ- തുടങ്ങിയവ പ്രോത്സാഹപ്പിക്കുക.

19. കല്ലിയൂർ പഞ്ചായത്തിലെ സകല കലാസാംസ്കാരിക പ്രവർത്തനങ്ങളെയും ഏകീകരിച്ച് പരിപോ

ഷിപ്പിക്കുന്നതിനും നേതൃത്വം കൊടുക്കുന്നതിനും ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.

20. കല്ലുവിള കേന്ദ്രമായി ഒരു TV കിയോസ്ക് നിർമ്മിച്ച് ഒരു T.V. സെറ്റ് വയ്ക്കുക.

21. കായിക പരിശീലനത്തിന് V-ാം വാർഡിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുക.

22. നീന്തൽ പരിശീലനത്തിന് തെങ്ങും പള്ളിക്കോണം കുളം വികസിപ്പിച്ച് പഞ്ചായത്തിന്റെ ഒരു നീന്തൽ പരിശീലനകേന്ദ്രം തുടങ്ങാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

23. കുഴിതാലച്ചൽ ഭാഗത്ത് ഒരു ഗ്രന്ഥശാല സ്ഥാപിക്കുക.


24. പകലൂർ കേന്ദ്രമാക്കി ഒരു ഗ്രന്ഥശാല നിർമ്മിക്കുക.

25. പെരിങ്ങമല SNV - ലെ ലൈബ്രറിക്ക് ഒരു T.V. സെറ്റ് അനുവദിക്കുക.

26. വള്ളംകോട് ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക.


27. VI ാം വാർഡിലെ പൊറ്റവിള ഹരിജൻ കോളനി, ചുടുകണ്ടാംവിള 4 സെന്റ് കോളനി കുളക്കോട്ട് കോണം കോളനി വള്ളംകോട് ചരുവിള എന്നിവിടങ്ങളിൽ ഓരോ T.V. ക്യോസ്ക്കുകളും അതിനോടനുബന്ധിച്ച് ഓരോ റീഡിങ്ങ് റൂമും സ്ഥാപിക്കേണ്ടതാണ്.

28. പഞ്ചായത്ത് മിനിസ്റ്റേഡിയം എല്ലാവിധ കായിക മത്സരങ്ങളും പരിശീലനം നടത്തുന്നതിനാവശ്യമായ രീതിയിൽ ചുറ്റുമതിൽ നിർമ്മിക്കുകയും സ്പോർട്ട്സ് ഉപകരണങ്ങൾ പഞ്ചായത്തിൽ നിന്നും വാങ്ങി നൽകേണ്ടതുമാണ്.



പട്ടിക I
ഗ്രന്ഥശാലകൾ

ക്രമനമ്പർ	ഗ്രന്ഥശാലയുടെ പേര്	സ്ഥാപിച്ച വർഷം	കേരള ഗ്രന്ഥശാലാ സംഘവുമായി അഫിലിയേഷൻ ഉണ്ടോ ?	ഗ്രേഡ്	സ്വന്തമായി കെട്ടിടം ഉണ്ടോ ?	അംഗങ്ങളുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	ആനുകാലികങ്ങൾ			റേഡിയോ ഉണ്ടോ ?	T.V. ഉണ്ടോ ?	അനുബന്ധ പ്രവർത്തനങ്ങൾ	നേരിടുന്ന പ്രശ്നങ്ങൾ
								പത്രം	വാരിക	മാസിക				
1.	ശ്രീമാധവസ്മാരക ഗ്രന്ഥശാല, പാലപ്പൂർ	1962	ഉണ്ട്	C	ഉണ്ട്	256	1400	3	3	1	ഇല്ല	ഇല്ല	ജനവിദ്യകേന്ദ്രം Immunication Centre കർഷക സമിതി	കെട്ടിടം തകർന്നു വീഴുന്ന അവസ്ഥ. റീഡിംഗ് ടേബിൾ, അലമാര, സ്റ്റാൻഡ് ഇല്ല
2.	കലാനിലയം ഗ്രന്ഥശാല, കാക്കാമൂല	1957	ഉണ്ട്	B	ഉണ്ട്	785	3885	1	1	1	ഇല്ല	ഇല്ല	കലാനിലയം സാംസ്ക്കാരിക വേദി	കെട്ടിടം പണി പൂർത്തിയായില്ല. ഫർണിച്ചർ കുറവ്
3.	S.N.V. വിവേകപ്രദായിനി വായനശാല & ഗാന്ധി സ്മാരക ഗ്രന്ഥശാല, പെരിങ്ങംമ്മല	1945	ഉണ്ട്	A	ഉണ്ട്	715	9053	5	8	10	ഉണ്ട്	ഇല്ല	ജനവിദ്യാകേന്ദ്രം. സാക്ഷരത, വിജ്ഞാന വികസന കേന്ദ്രം, കിസ്	
4.	ദേശസേവിനി ഗ്രന്ഥശാല, പുന്നമൂട്	1951	ഉണ്ട്	A	ഉണ്ട്	674	8392	8	15	4	ഇല്ല	ഇല്ല	ജനവിദ്യാ കേന്ദ്രം	ഫർണിച്ചർ കുറവ്. വൈദ്യുതി ഇല്ല.
5.	നേതാജി ഗ്രന്ഥശാല, ഊക്കോട്	1959	ഉണ്ട്	C	ഉണ്ട്	1240	5647	4	4	4	ഉണ്ട്	ഉണ്ട്		വായനക്കാരുടെ കുറവ്
6.	പ്രതിഭാ ഗ്രന്ഥശാല, വെള്ളായണി	1968	ഉണ്ട്		വസ്തു	400	2500	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	അദ്വൈത ആർട്ട്സ് & സ്പോർട്ടസ് ക്ലബ്ബ്	വസ്തു ഉണ്ട്, കെട്ടിടമായില്ല ഫർണിച്ചർ കുറവ്, പുസ്തകം കുറവ്
7.	ശ്രീ പട്ട സ്മാരക ഗ്രന്ഥശാല, ശാന്തിവിള	1946	ഉണ്ട്	A	ഉണ്ട്		5100						ജനവിദ്യാ കേന്ദ്രം	



13.

വനിത

കേരളത്തിലെ ജനസംഖ്യയിൽ പകുതിയിൽ കൂടുതലുള്ള വനിതകളുടെ സജീവപങ്കാളിത്തം കൂടി ഉറപ്പുവരുത്തി കൊണ്ടല്ലാതെ സാമൂഹ്യ വികസന പ്രക്രിയകൾ വിജയിപ്പിച്ചെടുക്കുക അസാദ്ധ്യമാണ്. ഇതാണു യാഥാർത്ഥ്യമെങ്കിലും, പുരുഷന്റെ സംരക്ഷണയിൽ അവന്റെ ആടുമാടുകളെപ്പോലെ അടങ്ങിക്കഴിയേണ്ടവളാണ് സ്ത്രീയെന്നു വിശ്വസിച്ച് "ന സ്ത്രീ സ്വാതന്ത്ര്യമർഹതി എന്നു നിയമംവരെ ഉണ്ടാക്കി വച്ച നാടാണു നമ്മുടേത്. പുരുഷന്റെ ഉപഭോഗ സാമഗ്രികളിലൊന്നു മാത്രമാണു സ്ത്രീയെന്നു പറഞ്ഞുവച്ച ആ നീച സംസ്കാരത്തിനെതിരെ പോരാടി "മറക്കുടയ്ക്കുളളിലെ മഹാനരക"ത്തിൽ നിന്നും "അടുക്കളയിൽനിന്നും അരങ്ങത്തേക്ക്" അവളെ മോചിപ്പിച്ചെടുത്ത ഉപ്പലപതിഷ്ണുക്കളായ ആചാര്യന്മാരും സംഘടനകളും കേരളത്തിന്റെ ഗതകാലസമരപഥങ്ങളിലെ വഴിവിളക്കുകളും വഴികാട്ടികളുമാണ്. ആ വഴിവിളക്കുകൾ പകർന്ന ചൂടും വെളിച്ചവും തന്നെയാണ് ഇന്ന് വളർന്ന് പന്തലിച്ചുകാണുന്ന വനിതാ വിമോചന പ്രസ്ഥാനങ്ങളുടെയെല്ലാം ശക്തിസ്രോതസ്സ്.

സാമൂഹ്യ പുരോഗതിയിൽ സ്ത്രീയ്ക്കു വഹിക്കാനുള്ള വലിയ പങ്ക് തിരിച്ചറിഞ്ഞ് വ്യത്യസ്ത ഭരണതലങ്ങളിൽ അവളുടെ പങ്കാളിത്തം ആനുപാതികമായി ഉയർത്തുന്നതിനും ഉറപ്പാക്കുന്നതിനും അവകാശവാദങ്ങളും ചർച്ചകളും നടപടികളുംകൊണ്ട് പ്രതീക്ഷാനിർഭരമായ ഒരു കാലഘട്ടത്തിലാണു നാം ഇന്നു ജീവിക്കുന്നത്. ഈ ഗുണപരമായ മാറ്റത്തിലൂടെ മുന്നോട്ടു നീങ്ങുകയാണു കല്ലിയൂർ പഞ്ചായത്തും. ഈ പഞ്ചായത്തിന്റെ ഇപ്പോഴത്തെ ഭരണസമിതിയിൽ 12 പേരിൽ 6 പേരും വനിതകളാണ്. കല്ലിയൂർ പഞ്ചായത്തിന്റെ രൂപീകരണത്തിനുശേഷം ഇതാദ്യമായാണ് ഇത്രയേറെ പങ്കാളിത്തം വനിതകളുടെ കൈകളിൽ വന്നുചേർന്നത്. അതുപോലെ പ്രസിഡന്റ്, വൈസ്പ്രസിഡന്റ് സ്ഥാനങ്ങളും ഇതാദ്യമായാണ് വനിതകളുടെ കൈകളിൽ നിക്ഷിപ്തമായത്.

1991ലെ സെൻസസ് രേഖ പ്രകാരം ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 15722 പുരുഷന്മാരും 15857 സ്ത്രീകളും ഉൾപ്പെടെ 31579 ആണ്. പുരുഷന്മാരെക്കാൾ 139 സ്ത്രീകൾ കൂടുതലുണ്ട്. എണ്ണത്തിൽ പകുതിക്കു മുകളിൽ നില്ക്കുന്ന ഈ വിഭാഗത്തെ ക്കൂടി ഉല്പാദന മേഖലകളുമായി ബന്ധപ്പെടുത്തിയാലേ, അവരുടെ സ്വയം പര്യാപ്തതയും കുടുംബങ്ങളുടെ ക്ഷേമവും യാഥാർത്ഥ്യമാവുകയുള്ളൂ.

തൊഴിൽ പങ്കാളിത്തം

ക്രമ നമ്പർ	തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ
1.	കർഷകർ	1189	168
2.	കർഷകത്തൊഴിലാളി	2661	488
3.	മൃഗസംരക്ഷണം, മത്സ്യബന്ധനം	181	10
4.	ഖനനം	5	...
5.	കുടിൽ വ്യവസായം	288	194
6.	മറ്റു വ്യവസായങ്ങൾ	555	184
7.	കെട്ടിട നിർമ്മാണം	398	16
8.	വ്യാപാരം	697	114
9.	ഗതാഗതം, വാർത്താവിനിമയം	527	23
10.	മറ്റുതൊഴിലുകൾ	1443	553
11.	ആകെ	7944	1750

അവലംബം : സെൻസസ് 1991

കാർഷിക അനുബന്ധ മേഖലകളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വളരെക്കുറവാണ്. '91ലെ സെൻസസ് രേഖ പ്രകാരം കാർഷിക മൃഗസംരക്ഷണ മത്സ്യബന്ധന തുറകളിലായി 4031 പുരുഷന്മാർ തൊഴിൽ ചെയ്യുമ്പോൾ സ്ത്രീപങ്കാളിത്തം വെറും 666ൽ ഒതുങ്ങുന്നു. സ്ത്രീ പങ്കാളിത്തത്തിലുള്ള ഈ ന്യൂനത പരിഹരിക്കുന്നതിനുള്ള പോംവഴികൾ കൂട്ടായി കണ്ടെത്തേണ്ടതുണ്ട്. നെൽക്കൃഷിയിൽ വന്നിട്ടുള്ള കുറവ് കാർഷികത്തൊഴിലാളി സ്ത്രീകളുടെ തൊഴിലവസരങ്ങളിൽ വലിയ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പംതന്നെ സ്ത്രീകൾക്കു വെവ്വേറെയും കൂട്ടായും ചെയ്യാവുന്ന മറ്റു കൃഷികളെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്. കേരളത്തിലേക്കാവശ്യമായ പുഷ്പങ്ങൾ ഏതാണ്ട് പൂർണ്ണമായിത്തന്നെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുത്തുന്നതാണ്. പുഷ്പകൃഷിരംഗത്ത് സ്ത്രീകളുടെ അദ്ധ്വാനശേഷി

ഫലപ്രദമായി പ്രയോജനപ്പെടുത്തിയെടുക്കാനാകുന്ന പദ്ധതികൾ രൂപപ്പെടുത്താവുന്നതാണ്. വമ്പിച്ച വികസന സാധ്യതയുള്ള ഔഷധ സസ്യകൃഷി, കൂൺകൃഷി തുടങ്ങിയവയൊക്കെ ഇത്തരത്തിൽ പ്രയോഗിക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ വീട്ടമ്മമാരെ, അവരുടെ ഇടവേളകളിൽ പച്ചക്കറികൃഷി ചെയ്യുന്നതു പ്രോത്സാഹിപ്പിച്ചാൽ അതു കുടുംബങ്ങളുടെ ക്ഷേമത്തിനു കാരണമായിത്തീരും. അതുപോലെ ചെറിയരീതിയിൽ ആട്, പന്നി, കോഴി ഇവകൾ വളർത്താനും വീട്ടമ്മമാർക്കു ബുദ്ധിമുട്ടുണ്ടാവില്ല.

നെയ്ത്ത്, പനയോലകൊണ്ട് വട്ടിയും കുട്ടയുമൊക്കെ ഉണ്ടാക്കൽ തുടങ്ങിയ കുടിൽ വ്യവസായങ്ങളിൽ ഒരു ചെറിയ ശതമാനം സ്ത്രീകൾ ഇപ്പോൾ തൊഴിലെടുക്കുന്നുണ്ട്. സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ സ്ത്രീകളാണ് ഈ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നത്. ഇപ്പോഴുള്ള സ്ത്രീകളുടെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിൽ രഹിതരായ യുവതികൾക്കു തൊഴിൽ കണ്ടെത്തുന്നതിനും ഉതകത്തക്കരീതിയിൽ ഈ രംഗം സജ്ജമാക്കേണ്ടതുണ്ട്.

തീപ്പെട്ടി, മെഴുകുതിരി, കറിപൗഡർ ഇങ്ങനെയുള്ള വസ്തുക്കളുടെ ഉല്പാദന മേഖലയുമായി ബന്ധപ്പെടുത്തി യുവതികൾക്കു സ്വയം തൊഴിൽസൗകര്യങ്ങൾ സൃഷ്ടിക്കാവുന്നതാണ്. റെഡിമെയ്ഡ് ഗാർമെന്റ്സ്, തുന്നൽ തുടങ്ങിയ മേഖലകളിലും കൂടുതൽ സ്ത്രീ തൊഴിലാളികൾക്കു തൊഴിലവസരം നല്കുന്നതാണ്.

സ്കൂൾ തലത്തിൽ ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികളാണു പഠിച്ചുകൊണ്ടിരിക്കുന്നത്. മറ്റു സേവനത്തുറകളിൽ സ്ത്രീകളുടെ എണ്ണം പുരുഷന്റെ എണ്ണത്തേക്കാൾ കുറവാണെങ്കിലും അധ്യാപികമാരുടെ എണ്ണത്തിൽ ഇതു നേരെമറിച്ചാണം.

ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകളുടെ ആരോഗ്യപരിപാലനത്തിനും, ഗാർഹകാന്തരീക്ഷം ശുചിത്വമുള്ളതാക്കി നിലനിർത്താനും ആവശ്യമായ കർമ്മപരിപാടികൾ ഉണ്ടാകണം. ഈ പഞ്ചായത്തിലെ 11 അംഗൻവാടികളിലായി അനുപൂരക പോഷകാഹാരം ലഭിക്കുന്ന 23 ഗർഭിണികളും 37 മുലയൂട്ടുന്ന അമ്മമാരുമാണ് ഇപ്പോഴുള്ളത്. ഈ പഞ്ചായത്തിലുള്ള 11 അംഗൻവാടികളിൽ ഒരെണ്ണത്തിനുമാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. സൗകര്യപൂർണ്ണമായ സ്വന്തം കെട്ടിടങ്ങളില്ലാതെ, ആവശ്യമായ കളിക്കോപ്പുകളും പഠനോപകരണങ്ങളുമില്ലാതെ അംഗൻവാടികൾ അർത്ഥപൂർണ്ണമായി പ്രവർത്തിക്കാനാവുന്നില്ല. മറ്റുവൻ അംഗൻവാടികൾക്കും സ്വന്തം കെട്ടിടവും മറ്റു സൗകര്യങ്ങളും ഉറപ്പുവരുത്തേണ്ടതുണ്ട്.

കെട്ടിടനിർമ്മാണരംഗത്തും മറ്റുമുള്ള കഠിനമായ കായികാദ്ധ്വാനങ്ങളിൽ നിന്നും, കൃഷി, കുടിൽ വ്യവസായം തുടങ്ങിയ മേഖലകളിലേക്കു സ്ത്രീകളെ ആകർഷിക്കാനും, ആ മേഖലകളിൽ അവർക്കു തൊഴിലും വരുമാനവും ഉറപ്പുവരുത്താനും കഴിയണം.

സ്ത്രീ പുരുഷ തൊഴിലാളികളുടെ കൂലിയിത്തിൽ 5-10 രൂപകളുടെ അന്തരം ചില രംഗങ്ങളിൽ നിലനില്ക്കുന്നു. കാർഷികത്തൊഴിലാളി രംഗത്ത് പുരുഷനും 100 രൂപകിട്ടുമ്പോൾ സ്ത്രീക്ക് 90 രൂപയാണു കിട്ടുന്നത്. സ്ത്രീകൾ അലങ്കാരവസ്തുക്കളായി അധഃപതിക്കുന്നുണ്ടോ എന്ന്. സ്വയം പരിശോധിക്കേണ്ടതാണ്, സ്ത്രീകളിലെ അമിതമായ ആഭരണഭ്രമം എന്ന വിപത്തിനെതിരെ ശക്തമായ ബോധത്ക്കരണം നൽകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമായിരിക്കയാണ്.

എല്ലാ രാഷ്ട്രീയ സംഘടനകളിലും ബഹുജന സംഘടനകളിലും വനിതാ പങ്കാളിത്തം പരിമിതമാണ്. മുൻകാലങ്ങളിലെ ഫ്യൂഡൽ വ്യവസ്ഥിതിയുടെ സ്വാധീനവും, കുടുംബങ്ങളിലെ പുരുഷമേധാവിത്വവും, പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉൾക്കൊള്ളാനുള്ള സമൂഹത്തിന്റെ വിമുഖതയുമാണ് ഈ പരിമിതിക്ക് മുഖ്യകാരണങ്ങൾ.

ഇപ്പോഴുള്ള മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനം വ്യാപകമായിട്ടില്ലെങ്കിലും ചെറിയതോതിൽ നടക്കുന്നുണ്ട്. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന സിനിമാപോസ്റ്ററുകൾ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കാണാറുണ്ട്. സെൻസറിംഗ് കർശനമാക്കുക.

മദ്യപാനം മൂലം നഷ്ടപ്പെടുന്ന ധനം മദ്യപാനികൾ ശ്രദ്ധവെച്ചാൽ അവരുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകുവാനും നല്ല പാർപ്പിടം ഉണ്ടാക്കാനും ഉപയോഗിക്കാമെന്നുള്ള ബോധം അവരിൽ ഉണ്ടാക്കണം.

ഗ്രാമത്തിലെ യുവതീയുവാക്കളെ സംഘടിപ്പി

'സ്ത്രീധനം' വാങ്ങുകയില്ലായെന്ന് സ്വയം തീരുമാനിക്കുകയും അതിനെതിരെ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. സ്ത്രീധനത്തിന്റെ പേരിൽ പീഡനം തുടങ്ങുന്നത്. സ്വന്തമായി വിടിന്റെ പ്രശ്നം ഉദിക്കുമ്പോഴാണ്. അതുകൊണ്ട് പഞ്ചായത്ത് തലത്തിൽ വീടില്ലാത്ത ആളുകളുടെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് വീടില്ലാത്തവർക്കും സ്വന്തമായി സ്ഥലമില്ലാത്തവർക്കും അതിനുളള സഹായം ചെയ്തുകൊടുക്കണം.

കല്ലിയൂർ പഞ്ചായത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം വീടുവീടാന്തരം കയറിയിറങ്ങി സാംക്രമിക രോഗങ്ങളെകുറിച്ചും ചികിൽസാരീതികളെക്കുറിച്ചും മുൻകരുതലുകളെക്കുറിച്ചും ബോധവത്ക്കരണം നടത്തുന്ന പതിനഞ്ചോളം സ്ത്രീകളുണ്ട്. (M.S.S. Unit) മൂന്നുവർഷത്തോളമായി ഇവരുടെ പ്രവർത്തനം തുടങ്ങിയിട്ട്. ഇതുമായി ബന്ധപ്പെട്ട കേന്ദ്രത്തിൽ നിന്നും ഇവർക്കുവേണ്ട ധനസഹായം കിട്ടുന്നതിനു ഏർപ്പാടുണ്ടാകണം.

ദാരിദ്ര്യനിർമ്മാർജ്ജനപരിപാടികളിൽ സ്ത്രീകളോട് അവഗണനയുണ്ട്. സ്ത്രീധനം നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ഇന്നും സ്ത്രീധനത്തിന്റെ പേരിലുളള പീഡനവും അതിനോടനുബന്ധിച്ചുളള കുടുംബപ്രശ്നങ്ങളും നിലനിൽക്കുന്നു. ബാലികവിവാഹം ഈ പഞ്ചായത്തിൽ ഇപ്പോഴും നിലവിലുണ്ടെന്ന ദുഃഖസത്യം നാം മറക്കരുത്. 18 വയസ്സാകുന്നതിന് മുൻപ്തന്നെ പെൺകുട്ടികളുടെ ചുമലിൽ ജീവിതഭാരം കെട്ടിവെയ്ക്കുന്ന പ്രവണതയ്ക്ക് അറുതി വരുത്തണം. മദ്യപിച്ച് വന്ന് സ്ത്രീകളെ പീഡിപ്പിക്കുന്ന കുടുംബനാഥൻമാരും ഈ പഞ്ചായത്തിൽ ഉണ്ട്. കല്ലിയൂർ പഞ്ചായത്തിൽ ഒരു സ്ഥലത്തും പൊതുവായ മൂത്രപുര, കക്കൂസ് ഇല്ല.

പ്രധാന പ്രശ്നങ്ങൾ

1. പഞ്ചായത്തടിസ്ഥാനത്തിൽ എല്ലാ വാർഡുകളിലും തയ്യൽ, നെയ്ത്ത്, കരകൗശല പരിശീലന കേന്ദ്രങ്ങൾ വനിതകൾക്കായി പ്രവർത്തനം ആരംഭിക്കണം. ഇപ്പോഴുളള തൊഴിൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പഠിച്ച് വിലയിരുത്തി പുരോഗമിപ്പിക്കണം
2. ഈ പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിൽ പൊതുവായ മൂത്രപ്പുര, കക്കൂസ്, മുതലായവ നിർമ്മിക്കണം.
3. സഹകരണസംഘങ്ങൾ രൂപീകരിച്ച് Food and Nutration Course ൽ മുൻപ് പരിശീലനം ലഭിച്ച വർക്ക് ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനും അതിന്റെ ശരിയായ വിപണനത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം.
4. കല്ലിയൂർ പഞ്ചായത്തിൽ കേളേശ്വരം പുന്നമൂട് ഊക്കോട് എന്നീ സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ രൂപീകരിക്കുക.
5. അഗതിമന്ദിരം പഞ്ചായത്തുതലത്തിൽ സ്ഥാപിക്കണം.
6. മാതൃശിശു സംരക്ഷണകേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുക.
7. വനിതകൾക്കായി പഞ്ചായത്തിലെ 12 വാർഡുകളിലും വനിതാസമാജങ്ങൾ രൂപീകരിക്കണം.
8. പഞ്ചായത്തിലെ അംഗൻവാടികളുടെ പ്രവർത്തനം വിപുലീകരിക്കുന്നതോടൊപ്പം കെട്ടിടങ്ങളില്ലാത്ത അംഗൻവാടികൾക്ക് സർക്കാർ ധനസഹായം നൽകി സ്വന്തമായി കെട്ടിടം നിർമ്മിച്ചുകൊടുക്കുക.
9. ജനസംഖ്യാനുപാതത്തിൽ അംഗൻവാടികളുടെ എണ്ണം കൂട്ടുക.
10. കല്ലിയൂർ പഞ്ചായത്ത് മുൻകയ്യെടുത്ത് സമ്പൂർണ്ണമദ്യനിരോധനം നടപ്പിലാക്കുക.
11. ദുർബലവിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾക്ക് 60 വയസ്സ് കഴിഞ്ഞാൽ പെൻഷൻ നൽകുവാനുളള സ്കീം ആവിഷ്കരിക്കുക.
12. മാർഗ്രിഗോറിയോസ് കോൺവെന്റിന് സമീപം ഒരു വനിതാ വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.
13. സ്ത്രീകൾക്കിടയിലെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പുഷ്പ ഔഷധസസ്യകൃഷികളും ചെറുകിട വ്യവസായ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക.
14. കുടുംബങ്ങളുടെ സ്വയം പര്യാപ്തതയും ക്ഷേമവും ലക്ഷ്യമാക്കി വീട്ടമ്മമാരുടെ ഇടവേളകൾ പച്ചക്കറികൃഷി, ആടു-കോഴി-പന്നി വളർത്തൽ തുടങ്ങിയ മേഖലകളിലേക്കു തിരിച്ചു വിടുക.
16. വനിതാ സഹകരണ സംഘങ്ങൾ ആവശ്യമായ മേഖലകൾ കണ്ടെത്തി രൂപീകരിക്കുക.

ചിലസാദ്ധ്യതകൾ

1983ൽ സ്ഥാപിതമായ സേവ (Self employed womens association) യുടെ പ്രവർത്തനം തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ നടക്കുന്നുണ്ട്. സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് തൊഴിൽ സാധ്യതകൾ ലഭ്യമാക്കുന്നതിനുമാണ് സേവ പ്രധാനമായും ഊന്നൽ നൽകുന്നത്. കല്ലിയൂർ പഞ്ചായത്തിൽ നിലനിൽക്കുന്ന മഹിളാ സമാജങ്ങൾക്ക് പരിശീലനത്തിന് അർഹരായ വനിതകളെ തിരഞ്ഞെടുത്ത്, ഹോം നേഴ്സിംഗ്, കാറ്ററിംഗ്, ശുചീകരണ പ്രവർത്തനങ്ങൾ, പച്ചക്കറി കൃഷി, മുയൽ വളർത്തൽ, ഹാൻമെയ്ഡ് പേപ്പർ നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകാവുന്നതാണ്.

സ്വാന്തമായൊരു തൊഴിൽ കണ്ടെത്താനും സ്വന്തം കാലിൽ നിൽക്കാനും വനിതകളെ സഹായിക്കുന്ന സേവയുടെ പ്രവർത്തനം കല്ലിയൂർ പഞ്ചായത്തിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.

Community Development Society

20-40 കുടുംബങ്ങളിലെ ഓരോ വനിത ഉൾപ്പെടുന്ന അയൽകൂട്ടങ്ങളും അയൽകൂട്ട പ്രതിനിധികൾ ഉൾപ്പെടുന്ന ഏരിയ ഡവലപ്മെന്റ് സൊസൈറ്റികളും സ്ഥാപിക്കുക. സ്ത്രീകൾക്കിടയിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുകയും അവരെ സാമൂഹ്യ ഉത്പാദനമേഖലകളിൽ പങ്കാളികളാക്കുകയും ചെയ്യണം. അനൗപചാരികബാങ്കിംഗ് സൗകര്യത്തിലൂടെ സ്വയം തൊഴിലിനാവശ്യമായ വായ്പകൾ കണ്ടെത്താനും വാർഡ് തലത്തിലുള്ള തൊഴിൽ സംരംഭങ്ങൾക്ക് മൂലധനം കണ്ടെത്താനും ഈ സംവിധാനം സഹായിക്കും. (ആവശ്യം യാഥാർത്ഥ്യമാണെന്നും വായ്പ തിരിച്ചടയ്ക്കാൻ കഴിയുമെന്നും അങ്ങനെ ചെയ്യുമെന്നുമുള്ള ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ ജാമ്യമില്ലാതെതന്നെ വായ്പ അനുവദിക്കുന്ന രീതിയാണ് അനൗപചാരിക ബാങ്കിംഗ്).



14.

സഹകരണ മേഖല



"പരസ്പര
സഹായത്തിൽകൂടിയുള്ള സ്വാശ്രയത്വം"

റോബർട്ട് ഓവൻ

(ആധുനിക സഹകരണ പ്രസ്ഥാനത്തിന്റെ പിതാവ്)

മാനവസംസ്കാരത്തോളം പഴക്കമുള്ള ഒരു സാമൂഹിക സാമ്പത്തിക പ്രമാണമാണ് സഹകരണം. ഒരു കൂട്ടം ആളുകൾ ഒരു പൊതുവായ ലക്ഷ്യത്തിനുവേണ്ടി ലാഭേഛകൂടാതെ കൂട്ടായി പ്രവർത്തിക്കുന്ന രീതിയാണ് സഹകരണം.

18-ാം നൂറ്റാണ്ടിന്റെ മദ്ധ്യ ദശകങ്ങളിൽ കണ്ടുപിടിക്കപ്പെട്ട യന്ത്രങ്ങൾ മനുഷ്യ പ്രയത്നത്തിനുപരിയായി ഉല്പാദന രംഗത്തു ആധിപത്യം സ്ഥാപിക്കാൻ തുടങ്ങിയപ്പോൾ ചെറിയ കൃഷി സ്ഥലങ്ങൾ വലിയ കൃഷിത്തോട്ടങ്ങൾക്കും, ചെറിയ കൈത്തൊഴിൽ ശാലകൾ വലിയ വ്യാവസായ ശാലകൾക്കും വഴിമാറിക്കൊടുത്ത കാർഷിക, വ്യവസായിക വിപ്ലവകാലഘട്ടത്തിൽ ഉല്പാദന മേഖലയിൽ യന്ത്രവൽക്കരണംമൂലം ഉണ്ടായ തൊഴിൽ നഷ്ടം സാധാരണക്കാരായ തൊഴിലാളികളെ കൂടുതൽ അലട്ടുവാൻതുടങ്ങി. കൂട്ടായ പ്രവർത്തനങ്ങളുടെ ചരിത്രപരമായ ആവശ്യകത തൊഴിലാളികൾക്ക് ബോദ്ധ്യമാവുകയും പൊതുവായ താൽപര്യങ്ങൾക്ക് വേണ്ടി സഹകരണത്തിൽ അധിഷ്ഠിതമായ ഒരു പ്രവർത്തന ശൈലിക്ക് രൂപം നൽകുകയും ചെയ്തു. അങ്ങനെ 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളിൽ സഹകരണത്തിന്റേതായി ഒരു യുഗത്തിന് നാന്ദികുറിച്ചു.

വിദേശ രാജ്യമായ ഇംഗ്ലണ്ടിൽ ഉപഭോകതൃ സഹകരണ പ്രസ്ഥാനമായിട്ടാണ് ആരംഭിക്കുന്നത്. ആദ്യം സഹകാരികളും, സംഘങ്ങളും, പിന്നെ നിയമവും രൂപം കൊണ്ടു. എന്നാൽ ഇന്ത്യയിൽ 1904-ൽ കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റീസ് ആക്റ്റ് നിലവിൽ വന്നു. നാട്ടുരാജ്യങ്ങൾ ഒഴികെ ഇന്ത്യ മുഴുവൻ ഇത് ബാധകമായി. ഈ ആക്ടിന്റെ പീഠിക അനുസരിച്ച്, കർഷകർ, കാർഷിക തൊഴിലാളികൾ, ക്ലിപ്തവരുമാനക്കാർ, എന്നിവരിൽ മിതവ്യയം, സ്വാശ്രയത്വം, സഹകരണ മനോഭാവം എന്നിവ പ്രോത്സാഹിപ്പിക്കുന്നതായിരുന്നു ഉദ്ദേശങ്ങൾ. സമൂഹത്തിലെ താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞീലവിൽ വായ്പ ലഭ്യമാക്കുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യം. അങ്ങനെ ആദ്യം നിയമം സംഘങ്ങൾ പിന്നെ സഹകാരികളും ആയിട്ടാണ് ഇന്ത്യയിലെ സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. 1904 -ലെ സഹകരണ സംഘ നിയമം നിലവിൽ വന്നതോടുകൂടിയാണ് ഇന്ത്യൻ സഹകരണ പ്രസ്ഥാനത്തിന്റെ ഒന്നാംഘട്ടം ആരംഭിക്കുന്നത്. സാമ്പത്തിക സാമൂഹിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിച്ച ഈ നിയമത്തെ ദാരിദ്ര്യത്തിൽ നിന്നും സമൃദ്ധിയിലേക്കുള്ള പാത എന്നു വിശേഷിപ്പിക്കാം.

വിദേശ ആധിപത്യത്തിൽ വായ്പ. മേഖലയിൽ തുടക്കം കുറിച്ച ഇന്ത്യൻ സഹകരണപ്രസ്ഥാനം മറ്റു മേഖലകളിലും പുരോഗതി കൈവരിച്ച സമയത്താണ് ഇന്ത്യ സ്വതന്ത്രമായത്.

അപ്പോഴേക്കും രാജ്യത്തിന്റെ സമ്പത്ത്ഘടനയിൽ പ്രധാന പങ്ക് വഹിക്കുന്നതിന് പ്രസ്ഥാനം ശക്തിപ്രാപിച്ചുകഴിഞ്ഞിരുന്നു. ജനാധിപത്യ വ്യവസ്ഥിതിയിൽ ശക്തമായ സാമൂഹ്യ വികസനത്തിന് സഹകരണതത്വങ്ങൾ അടിസ്ഥാന പ്രമാണങ്ങളാണ്. മാത്രവുമല്ല ആസൂത്രിതമായ സാമ്പത്തിക പുരോഗതിക്ക് സഹകരണം ഒഴിവാക്കാനാവാത്ത ഒരു ഉപകരണവുമാണ്. ഗ്രാമപഞ്ചായത്തുകളുടേയും സഹകരണ സ്ഥാപനങ്ങളുടേയും പ്രവർത്തങ്ങൾ ഏകോപിപ്പിച്ച് സാമൂഹിക വികസനം സഹകരണ അധിഷ്ഠിതമാക്കി എല്ലാ മേഖലകളിലും സംഘങ്ങൾ രൂപീകരിച്ച് ഒരു സഹകരണ രാഷ്ട്രം പടുത്തുയർത്താം

1954-ൽ ഇന്ത്യൻ സഹകരണ പ്രസ്ഥാനത്തിന്റെ നേട്ടങ്ങളെയും കോട്ടങ്ങളെയും വിലയിരുത്തികൊണ്ട്

"സഹകരണം പരാജയപ്പെട്ടു;

എന്നാൽ അത് വിജയിച്ചേ തീരൂ"

A.D. ഗോർവാലാ

1919 -ൽ സഹകരണം ഒരു സംസ്ഥാന വിഷയമായി രൂപപ്പെട്ടു. കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ ദിവംഗതനായ ശ്രീ. ചെല്ലപ്പൻ പിള്ള സാറിന്റെ നേതൃത്വത്തിൽ വ്യത്യസ്ഥ കുടുംബങ്ങളിൽപ്പെട്ട 30 അംഗങ്ങളുമായി കല്ലിയൂർ പരസ്പര സഹായ സഹകരണ സംഘം എന്ന പേരിൽ 1926 ഏപ്രിൽ 6-ാം തീയതി തുടങ്ങിയതോടുകൂടിയാണ് കല്ലിയൂരിന്റെ സഹഃചരിത്രം ആരംഭിക്കുന്നത്. 1962-ൽ സർവ്വീസ് സഹകരണ സംഘമായും, 1982-ൽ സർവ്വീസ് സഹകരണ ബാങ്കായും വളർന്ന സ്ഥാപനമാണ് ഇപ്പോൾ 11211 അംഗങ്ങളും കല്ലിയൂർ ജംഗ്ഷനിൽ കാണുന്ന മനോഹരമായ ബഹുനില കെട്ടിടവും ഉള്ള കല്ലിയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 1243. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെയാണ് തുടങ്ങിയതെങ്കിലും ഇന്ന് ഈ ബഹുനില കെട്ടിട വസ്തുവും കൂടാതെ, കല്ലിയൂർ മിൽക്ക് സൊസൈറ്റിയുടെ അടുത്ത് കാണുന്ന 50 സെന്റ് സ്ഥലവും, അതിൽ സ്ഥിതിചെയ്യുന്ന ഇരുനില കെട്ടിടവും ഉൾപ്പെടെയുള്ള വസ്തുവകകൾ ബാങ്കിന് സ്വന്തമായിട്ടുണ്ട്. 1970 വരെ ഈ സംഘത്തിന്റെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിന്റെ രണ്ട് മൂന്ന് വാർഡുകളിൽ മാത്രമായി കർഷകർക്ക് അത്യാവശ്യം ചെറിയ വായ്പകൾ നൽകിയും വളവും, കീടനാശിനിയും വിതരണം ചെയ്യുന്ന പ്രവർത്തനങ്ങളിലും ഒതുങ്ങിനിന്നു.

ഈ ബാങ്കിന്റെ മുൻകാല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മാന്യസഹകാരികളുടെ നിസ്വാർത്ഥ സേവനം ഇത്തരുണത്തിൽ സമരണീയമാണ്.

ഈ നാടിന്റേയും നാട്ടുകാരുടേയും കാലോചിതമായ വളർച്ചയ്ക്കും വികസനത്തിനും ഈ ബാങ്കിന് വളരെയധികം സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ ഇന്നു കാണുന്ന കുളക്കോട്ടുകോണം കുളം നിർമ്മിക്കുന്നതിന് ബാങ്കിൽ നിന്നും 20 രൂപ സംഭാവനചെയ്തതായി രേഖകളിൽ കാണുന്നു.

1971 മുതലാണ് ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് കാര്യമായ മാറ്റങ്ങൾ ഉണ്ടായത്. കെട്ടുതെങ്ങുപോലുള്ള പുതിയ പദ്ധതികൾ ഇവിടത്തെ കർഷകർക്ക് ആശ്വാസം പകരുന്നവയായിരുന്നു.

കാർഷിക വായ്പ, സാധാരണ വായ്പ, കച്ചവട വായ്പ സ്വർണ്ണ പണയവായ്പ, ഹയർ പർച്ചേഴ്സ് വായ്പ, വിദ്യാഭ്യാസ വായ്പ തുടങ്ങിയ വായ്പകൾ നൽകികൊണ്ട്, ഈ ഗ്രാമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനും സാമ്പത്തിക സാമൂഹിക പ്രക്രിയയിലും നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നതിന് ഈ ബാങ്ക് വളർന്നിട്ടുണ്ട്. 1991-ൽ നിക്ഷേപ സമാഹരണത്തിന് തിരുവനന്തപുരം താലൂക്കിൽ ഒന്നാംസ്ഥാനവും 1992 തിരുവനന്തപുരം ജില്ലയിൽ ഒന്നാംസ്ഥാനവും ഈ ബാങ്കിന് ലഭിച്ചിട്ടുണ്ട്. 1996 ലും തിരുവനന്തപുരം ജില്ലയിൽ ഒന്നാംസ്ഥാനത്തിന് അർഹമായി എന്ന വിവരം അഭിമാനപൂർവ്വം ഓർമ്മിപ്പിക്കട്ടെ. ശ്രീ. എ. പ്രസന്ന കുമാരൻ നായർ പ്രസിഡന്റായുള്ള 9 അംഗ ഭരണസമിതിയാണ് ഇപ്പോൾ കാര്യക്ഷമമായി ഭരണം നടത്തുന്നത്. ഇപ്പോൾ ഈ ബാങ്കിൽ 16 ജീവനക്കാരുണ്ട്.

കൂടാതെ രണ്ടുക്ഷീര വ്യവസായ സഹകരണ സംഘങ്ങളും 5 കൈത്തറി നെയ്ത്ത് വ്യാവസായ സഹകരണ സംഘങ്ങളും ഒരു ഹരിജൻ പ്രിന്റിംഗ് സഹകരണസംഘവും, ഒരു

വനിതാ സഹകരണ സംഘവും രണ്ടു ഹാന്റിക്രാഫ്റ്റ്സ് സഹകരണ സംഘങ്ങളും. ഉപനിയൂർ ഗ്രാമോദ്ധാരണ സഹകരണ സംഘവും വെള്ളായണി ഹരിജൻ സഹകരണ സംഘവും , വെള്ളായണി കാർഷിക കോളേജ് സഹകരണ സംഘവും നിലവിലുണ്ട്.

1. കല്ലിയൂർ ക്ഷീരവ്യവസായ സഹകരണ സംഘം.

1957 -ലാണ് സംഘം പ്രവർത്തനം ആരംഭിച്ചത്. സംഘത്തിന് 47.5 സെന്റ് വസ്തുവും ഓഫീസ് പ്രവർത്തിക്കുന്ന ഇരുനില കെട്ടിടവും ഖാദിബോർഡിന്റെ നൂൽനൂല്പു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന രണ്ടു കേന്ദ്രങ്ങൾകൂടെയുണ്ട്. ക്ഷീരോത്പാദകരുടെ നിസ്വാർത്ഥസഹകരണം ഈ സംഘത്തെ മുന്നോട്ടു നയിക്കുന്നു. പാലിന് ഡയറിയിൽ നിന്നും കിട്ടുന്നതനുസരിച്ചുള്ള ന്യായവില എല്ലാ മാസവും 6-ാം തീയതി വിതരണം ചെയ്യുന്നു. നേമം ബ്ലോക്കിൽ പ്രവർത്തിക്കുന്ന 24 ക്ഷീരവ്യവസായ സഹകരണസംഘങ്ങളിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒന്നാണ് കല്ലിയൂർ ക്ഷീര വ്യവസായ സഹകരണ സംഘം. ഏകദേശം 725 അംഗങ്ങൾ ഉള്ളതിൽ 130 പേർ സംഘത്തിൽ പാൽ നൽകുന്നു. പ്രതിദിനം 1200 ലിറ്ററോളം പാൽ സംഭരിച്ച് പ്രാദേശികമായും മിൽമയിലുമായി വിതരണം നടത്തുന്നു. ശ്രീ. എള്ളൂക്കോട് ബാല കൃഷ്ണൻ നായർ പ്രസിഡന്റായി ഏഴംഗ കമ്മിറ്റിയാണ് ഭരണം നടത്തുന്നത്. സംഘം നടത്തിയിട്ടുള്ള ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ

1. കല്ലിയൂർ ഗ്രാമപഞ്ചായത്ത് ആഫീസ് സ്ഥിതിചെയ്യുന്ന 37 സെന്റ് വസ്തു ഈ ക്ഷീര വ്യവസായ സഹകരണ സംഘം സൗജന്യമായി അനുവദിച്ചു കൊടുത്തതാണ്.

2. കല്ലിയൂർ ദേശസേവിനി ഗ്രന്ഥശാല സ്ഥിതിചെയ്യുന്ന 5 സെന്റ് സ്ഥലം കെട്ടിടം എന്നിവ സംഘം സൗജന്യമായി നൽകിയതാണ്.

3. ICDP യൂണിറ്റ് പ്രവർത്തിക്കുന്നതിന് മുറിയും മറ്റു സൗകര്യങ്ങളും സൗജന്യമായി ചെയ്തു കൊടുക്കുന്നു.

4. എല്ലാ സാമൂഹിക സാംസ്കാരിക പ്രവർത്തങ്ങൾക്കും ഉദാരമായ സംഭാവനകൾ ഇപ്പോഴും നൽകിവരുന്നു.

കൈത്തറി നെയ്ത് വ്യവസായ സഹകരണ സംഘങ്ങൾ

പഞ്ചായത്തിനുള്ളിലെ 5 കൈത്തറി നെയ്ത് വ്യവസായ സഹകരണ സംഘങ്ങളും സാമാന്യ നല്ലനിലയിൽ പ്രവർത്തിക്കുന്നതും നല്ല ആസ്തിയുള്ളതുമാണ്. ഈ സംഘങ്ങൾ എല്ലാം ലാഭത്തിലാണ് പ്രവർത്തിക്കുന്നത് എങ്കിലും തൊഴിലാളികൾ പൊതുവേ അസംതൃപ്തരാണ്. ഉത്പാദനത്തിനനുസരിച്ചുള്ള വിതരണ സൗകര്യങ്ങൾ ലഭ്യമല്ല. റിബേറ്റ് കാലത്തു ലഭിക്കുന്ന ലാഭവിഹിത അംഗങ്ങൾക്ക് യഥാസമയം ലഭിക്കുന്നില്ല.

പാലപ്പൂർ ക്ഷീരവ്യവസായ സഹകരണ സംഘം

കഴിഞ്ഞ കുറേക്കാലമായി സംഘം പ്രവർത്തരഹിതമായിരുന്നു. അടുത്ത കാലത്ത് പ്രവർത്തനം തുടങ്ങിയെങ്കിലും ക്ഷീര സംഭരണം നാമമാത്രമാണ്.

ഹരിജൻ പ്രിന്റിംഗ് ഇൻഡസ്ട്രിയൽ സഹകരണ സംഘം

പഞ്ചായത്തിലെ പിന്നോക്ക സമുദായക്കാരായ ഹരിജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഈ സഹകരണ സംഘം രൂക്ഷമായ പ്രതിസന്ധി നേരിടുന്നു. കൂടാതെ ഈ സംഘത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന

ഹരിജൻ വനിതാ ഗാർമെന്റ് മേക്കിംഗ് യൂണിറ്റും പൂർണ്ണമായും നിർജീവാവസ്ഥയിലാണ്. പഞ്ചായത്തിലെ 17% ത്തോളം വരുന്ന പട്ടികജാതി കുടംബങ്ങളിൽ നിന്നും കേവലം 54 അംഗങ്ങൾക്ക് മാത്രമേ അംഗത്വം ഉള്ളൂ എന്ന കാര്യം ദുഃഖകരമാണ്. അർഹരായ എല്ലാപേർക്കും അംഗത്വം കൊടുക്കുന്നതിന് ഭരണസമിതിയുടെ താൽപര്യക്കുറവ് മാറ്റിയെടുത്ത് കൊണ്ട്, ആയതു പരിഹരിച്ച് ഈ സംഘത്തെ വിപുലപ്പെടുത്തേണ്ടതാണ്.

പ്രശ്നങ്ങൾ

1. സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധി കല്ലിയൂർ ഗ്രാമപഞ്ചായത്തു മുഴുവനും ആയതിനാൽ പ്രവർത്തനങ്ങൾക്ക് അംഗങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

2. സാധാരണ കർഷകന് വായ്പ ലഭിക്കുന്നതിന് ജാമ്യവ്യവസ്ഥകൾ പ്രയാസമുണ്ടാക്കുന്നു.

3. ഈ ഗ്രാമപഞ്ചായത്തിൽ ഒരു സഹകരണ മാവേലിസ്റ്റോർ ഇല്ല.

4. പഞ്ചായത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഇല്ല .

5. മിൽപ്പാവിന്റെ അഭാവം

6. ഉല്പന്നങ്ങളുടെ ഈടിന്മേൽ വായ്പ ലഭിക്കുവാൻ സൗകര്യമില്ല.

7. ഹരിജൻ സൊസൈറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല.

8. വിദ്യാഭ്യാസ വായ്പ പരിമിതമാണ്.

9. ക്ഷീരോല്പന്ന യൂണിറ്റുകളുടെ അഭാവം

10. ക്ഷീര കർഷകന് പശുവാങ്ങുന്നതിന് ക്ഷീരസഹകരണ സംഘത്തിൽ നിന്നും വായ്പലഭ്യമല്ല.

11. മൃഗാശുപത്രിയിലെ ഡോക്ടർ ക്ഷീരസംഘവുമായി ബന്ധം സ്ഥാപിക്കുന്നില്ല.

12. പാലിന് ന്യായമായ വില ലഭിക്കുന്നില്ല.

13. സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ ലഭ്യമല്ല.

14. യന്ത്രത്തറികളുടെ അഭാവം

15. തെങ്ങു കയറ്റ യന്ത്രം, കറവ യന്ത്രം എന്നിവ സഹകരണാടിസ്ഥാനത്തിൽ ലഭ്യമല്ല.

16. മേന്മയേറിയ നല്ലയിനം പശുകുട്ടികളെ സംഘങ്ങൾ വിതരണം ചെയ്യുന്നില്ല.

17. പാലപ്പൂക്ക് ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.

18. ഉപനിയൂർ ഗ്രാമോദ്ധാരണ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

20. വെള്ളായണി ഹരിജൻ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

പ്രശ്നപരിഹാര മാർഗ്ഗനിർദ്ദേശങ്ങൾ

1. കല്ലിയൂർ സഹകരണ ബാങ്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് വേണ്ടി, വെള്ളായണി കാർഷിക കോളേജ്, പ്രാവച്ചമ്പലം എന്നിവിടങ്ങളിൽ ഓരോ പുതിയ ശാഖകൾ ആരംഭിക്കുക.

2. ബാങ്ക് നൽകുന്ന വായ്പകൾക്ക് ജാമ്യവ്യവസ്ഥകൾ ഉദാരമാക്കണം.

3. പഞ്ചായത്തിൽ ഒരു സഹകരണ മാവേലിസ്റ്റോർ 5-ാം വാർഡിൽ ആരംഭിക്കണം.

4. പഞ്ചായത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലിസ്റ്റോർ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

5. മിൽപ്പാവ് ഉല്പാദിപ്പിക്കുവാനുള്ള ഒരു യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

6. കാർഷിക ഉല്പന്നങ്ങളുടെ ഈടിന്മേൽ

പാവപ്പെട്ട കർഷകർക്ക് വായ്പകൾ ലഭ്യമാക്കുക.

7.ഹരിജൻ സംഘങ്ങൾക്ക് കൂടുതൽ വായ്പകൾ കൊടുത്ത് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു.

8. ക്ഷീരോല്പന്ന യൂണിറ്റുകൾ എല്ലാവാർഡിലും അനുവദിക്കുക.

9. കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ എല്ലാവാർഡുകളിലും ഓരോ പാൽവിതരണ കേന്ദ്രം വീതം സ്ഥാപിക്കണം.

10. മൃഗാശുപത്രിയിലെ ഡോക്ടർ ക്ഷീരസംഘങ്ങൾ സന്ദർശിക്കുക.

11. പാലിനു ന്യായമായ വില ഉറപ്പുവരുത്തുക

12. സഹകരണാടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.

13. യന്ത്രത്തറികൾ സഹകരണാടിസ്ഥാനത്തിൽ വ്യാപകമാക്കുക.

14. തെങ്ങുകയറ്റ യന്ത്രം, കറവയന്ത്രം എന്നിവ അതാതു സഹകരണ സംഘങ്ങൾ വഴിലഭ്യമാക്കുക.

15. ഒരേ സ്ഥലത്തു തന്നെ വിവിധഇനം കൃഷി നടത്തുമ്പോൾ (കടുംകൃഷിചെയ്യുമ്പോൾ) ഓരോ വിളക്കും പ്രത്യേകം ലോൺ ലഭ്യമാക്കുക.

16. മേന്മയേറിയ നല്ലയിനം പശുക്കുട്ടികളെ സംഘം വഴി വിതരണം ചെയ്യുക.

17. കർഷകർക്ക് ആവശ്യമായ എല്ലാത്തരം വളങ്ങളും കീടനാശിനികളും പഞ്ചായത്തു മുഴുവൻ എത്തിക്കുവാൻ കാർഷിക കോളേജ് ഭാഗത്തും (പൂങ്കുളം വെള്ളായണി ഭാഗത്തു രണ്ട് വളം ഡിപ്പോകൾ ആരംഭിക്കുക.

18. നല്ലയിനം, പശുക്കൾ വാങ്ങുന്നതിന് ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾ വായ്പ ഉദാരവ്യവസ്ഥയിൽ നടപ്പിലാക്കുക.

19. ഉപനിയൂർ ഗ്രാമോദ്ധാരണ സഹകരണ സംഘം സാമാന്യം ഭേദപ്പെട്ട പ്രവർത്തനമാണ് നടത്തുന്നത്. പൊതുവിതരണ സമ്പ്രദായത്തിന് വേണ്ടി 2 റേഷൻ ഷാപ്പുകൾ നടത്തുന്നുണ്ട്. എന്നാൽ ഇനിയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം എത്തിച്ചേരാത്ത നിരവധി മേഖലയിൽ ഇനിയും സംഘങ്ങൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. സഹകരണാടിസ്ഥാനത്തിൽ ആശുപത്രികൾ കൺസ്യൂമർ സ്റ്റോർ, മാവേലി സ്റ്റോർ, സഞ്ചരിക്കുന്ന മാവേലിസ്റ്റോർ, ടെക്സ്റ്റയിൽ വ്യാപാരം, കരിങ്കൽ തൊഴിലാളി സഹകരണ സംഘം, സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ പ്രിന്റിംഗ് പ്രസ്സുകൾ, സഹകരണ ട്രാൻസ് പോർട്ട് സംവിധാനം, മോട്ടോർ തൊഴിലാളി സഹകരണ സംഘം, ചെത്തു തൊഴിലാളി സഹകരണ സംഘം, എന്നീ മേഖലകളിൽ ഈ പ്രസ്ഥാനത്തെ പ്രയോജനപ്പെടുത്താവുന്നതാണ്.

വെള്ളായണി കാർഷിക കോളേജിലെ തൊഴിലാളികളുടെ സഹകരണ സംഘം നല്ലരീതിയിൽ പ്രവർത്തിക്കുന്നു.

പട്ടിക								
ക്രഡിറ്റ് സംഘങ്ങൾ	ഗ്രാമോദ്ധാരണ സഹ: സംഘങ്ങൾ	ഹരിജൻ സംഘങ്ങൾ	വനിത സംഘങ്ങൾ	പ്രിന്റിംഗ് സഹ: സംഘങ്ങൾ	കൈത്തറി സംഘങ്ങൾ	ക്ഷീര സംഘങ്ങൾ	ഹാന്റിക്രാഫ്റ്റ്	എംപ്ലോയിസ് സംഘങ്ങൾ
1	1	1	1	1	5	2	2	

15.

പട്ടികജാതി ക്ഷേമം

1991 ലെ സെൻസസ് പ്രകാരം കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ 5166 പട്ടികജാതിക്കാരും 30 പട്ടികവർഗ്ഗത്തിൽപെട്ടവരും അധിവസിക്കുന്നു. ഇത് പഞ്ചായത്തിൽ 17 ശതമാനം വരും. കല്ലിയൂർ പഞ്ചായത്തിൽ 12 അംഗീകൃത കോളനികൾ ഉണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിൽ ഈ വിഭാഗത്തിന്റെ പങ്കാളിത്തം പൊതുവിൽ നിലനിൽക്കുന്നുവെങ്കിലും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിക്കേണ്ട നിരവധി കുടുംബങ്ങൾ കല്ലിയൂർ പഞ്ചായത്തിൽ ഉണ്ട്. കുടുംബത്തിന്റെ സാമ്പത്തിക പരാധീനതകാരണം സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കാതെ ചെറുപ്രായത്തിൽ തന്നെ തൊഴിൽ തേടിപോകുന്നവരും ഈ വിഭാഗത്തിലുണ്ട്. മുഖ്യമായും കൃഷി, കെട്ടിട നിർമ്മാണ തൊഴിൽ, ആശാരിപണി, നെയ്ത്ത് തുടങ്ങിയ മേഖലകളിലാണ് തൊഴിലെടുക്കുന്നത്.

സ്വന്തമായി ഭവനങ്ങൾ ഇല്ലാത്ത നിരവധി കുടുംബങ്ങൾ ഈ ജനവിഭാഗത്തിലുണ്ട്. അതുപോലെതന്നെ സ്വന്തമായി ഭൂമിയില്ലാത്തവരും.

പട്ടിക I

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ സ്ഥിതിവിവരക്കണക്ക്

വാർഡുകൾ	സർവ്വേയിൽ കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	സാമ്പത്തിക സർവ്വേയിൽ ലിസ്റ്റ് ചെയ്ത കുടുംബങ്ങൾ	ഇതിൽ SC/ST	സാമ്പത്തിക സർവ്വേയിൽ ലിസ്റ്റ് ചെയ്തതിൽ നിന്നും ഒഴിവാക്കപ്പെട്ട കുടുംബങ്ങൾ	ഒഴിവാക്കപ്പെട്ടതിൽ SC/ST കുടുംബങ്ങൾ
I	341	78	123	63	35	306
II	210	43	119	60	32	178
III	298	41	123	62	39	259
IV	312	22	120	58	28	284
V	295	54	127	65	33	262
VI	396	100	125	62	41	355
VII	228	43	41	14	35	191
VIII	198	35	27	15	22	176
IX	363	111	36	24	30	333
X	269	28	31	17	27	242
XI	162	64	27	20	20	142

അവലംബം : 1992 ലെ ഐ. ആർ. ഡി. പി. സർവ്വേ രേഖകൾ

പല ബഹുജനസംഘടനകൾക്കും നേതൃത്വം കൊടുക്കുവാൻ ഈ വിഭാഗത്തിലെ നിരവധി വ്യക്തികൾക്ക് കഴിഞ്ഞിട്ടുണ്ട്. മുൻപ് ഈ പഞ്ചായത്തിന്റെ പ്രസിഡൻറ് ആയിരുന്ന ശ്രീ അഡ്വ. കെ. ശശിധരൻ ഈ വിഭാഗത്തിൽ നിന്നും വന്ന ആദരണീയ വ്യക്തിയാണ്.

1991 ലെ സെൻസസ് രേഖ പ്രകാരം ഈ പഞ്ചായത്തു മേഖലയിൽ 15 സ്ത്രീകളും 15 പുരുഷന്മാരും അടക്കം ആകെ 30 പേരാണ് പട്ടിക വിഭാഗത്തിലുള്ളത്.

പട്ടിക II

ഹരിജൻ കോളനികളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്ക്

ക്രമ നമ്പർ	വാർഡ്	പേര്	എത്ര വീടുകൾ
1.	II	കീഴൂർ	40
2.	IV	കണ്ണംകുഴി	29
3.	III	കാക്കാമൂല	20
4.	VII	കുരുവിക്കാട്	19
5.	VI	(കല്ലിയൂർ) പൊറ്റവിള	18
6.	V	തെങ്ങംചള്ളിക്കോണം	20
7.	XII	പൊറ്റവിള	33
8.	II	കീഴൂർ-വെള്ളായണി	22
9.	XII	ശിവപുരം കോവിൽവിള	6
10.	I	വണ്ടിത്തടം	14
11.	XII	പ്രാവച്ചമ്പലം-കുടുംബന്നൂർ	22
12.	X	വാറുവിള-ഊക്കോട്	21
13.	X	ചെങ്കോട് (I H D P) 93 94	30

അവലംബം : പഞ്ചായത്തു രേഖകൾ

ആകെ 13 പട്ടികജാതി കോളനികളാണ് ഇവിടെയുള്ളത്. ഇതിൽ 11 കുടുംബങ്ങൾ താമസിക്കുന്ന വരമ്പിൻതലയ്ക്കൽ കോളനിയും 8 കുടുംബങ്ങൾ താമസിക്കുന്ന കാർഷിക കോളേജ് കോളനിയും ഇതുവരെയും പതിയാത്ത കോളനികളാണ്. കുടിവെള്ളം, വൈദ്യുതി, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അവസ്ഥ മിക്ക കോളനികളിലും അങ്ങേയറ്റം പരിതാപകരമാണ്. ചില കോളനികൾ യാത്രാസൗകര്യത്തിന്റെ കാര്യത്തിലും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. കോളനികളിലെ കുട്ടികൾ വിദ്യാഭ്യാസ

കാര്യത്തിൽ വളരെയേറെ പിന്നോക്കാവസ്ഥയിലാണ്. സ്കൂളിൽ പോകാത്തവരും ഇടയ്ക്കു പഠിത്തം നിർത്തിയവരുമായ വളരെ കുട്ടികൾ ഉണ്ടെന്നു മാത്രമല്ല, സ്കൂളിൽ പോകുന്നവരിൽതന്നെ ബഹുഭൂരപക്ഷവും നിലവാരത്തിൽ വളരെയേറെ പിന്നോക്കം നില്ക്കുകയാണ്. കോളനികൾ കേന്ദ്രീകരിച്ച് വിദ്യാഭ്യാസ ബോധവല്ക്കരണത്തിനും, കോളനി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതനും ആവശ്യമായ കർമ്മ പരിപാടികൾക്ക് അടിയന്തിരമായി തുടക്കം കുറിക്കേണ്ടതുണ്ട്. കോളനി നിവാസികൾക്ക് പ്രത്യേകമായി പത്രമാസികകളും ഗ്രന്ഥശാലാപുസ്തകങ്ങളും വായിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തേണ്ടതുണ്ട്. മദ്യപാനം, പുകയില ഉപഭോഗം തുടങ്ങിയ ആനാരോഗ്യ പ്രവണതകൾ വർദ്ധിച്ചുവരുന്നതിനെതിരെയും ശുചിത്വപൂർണ്ണമായ അന്തരീക്ഷം നിലനിറുത്തുന്നതിനും ആവശ്യമായ ബോധവല്ക്കരണ പരപാടികളും ആവിഷ്ക്കരിക്കണം. ദാരിദ്ര്യരേഖയ്ക്കു താഴെ നില്ക്കുന്ന കോളനി നിവാസികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിന്, കോളനികൾ കേന്ദ്രീകരിച്ചുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കണം.

കാർഷിക-കെട്ടിട നിർമ്മാണ മേഖലകളിലാണ് ഈ വിഭാഗത്തിലെ ബഹുഭൂരിപക്ഷവും തൊഴിലെടുക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന്റെ ഭാഗമായിത്തന്നെ, ഇത്തരം തൊഴിലാളികൾക്കേർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധി പെൻഷൻ ആനുകൂല്യങ്ങൾ അർഹരായവർക്കു കൃത്യമായി കിട്ടുവാൻ വേണ്ട നടപടികളുണ്ടാകണം.

പുല്ലുപറിച്ചു വിറ്റും, ഉപയോഗശൂന്യമായ വസ്തുക്കൾ പെറുക്കി വിറ്റും, പനയോലകൊണ്ട് വട്ടിയും മറ്റും ഉണ്ടാക്കി വിറ്റും, വീടുമേയാനുള്ള ഓല മെടഞ്ഞും വളരെ പരിതാപകരമായി ജീവിക്കുന്നവരും ഈ വിഭാഗത്തിലുണ്ട്. കൂടാതെ കെട്ടിടനർമ്മാണത്തിനാവശ്യമായ ചല്ലിയുടച്ചു കിട്ടുന്ന ചെറിയ കൂലിയിൽ ജീവിതം തള്ളിനീക്കുന്നവരുമുണ്ട്. അസംഘടിതരായിക്കിടക്കുന്ന ഇത്തരക്കാർക്ക് അവരുടെ ജോലിക്കു നിരക്കുന്നകൂലി കിട്ടുന്നതിനു വേണ്ട പരിപാടികളും ആവിഷ്കരിക്കേണ്ടതുണ്ട്.

ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ജാതിവിരുദ്ധ പോരാട്ടങ്ങളുടെ ഫലമായി ജാതികൾക്കിടയിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങൾ മിക്കതും കുഴിച്ചു മൂടപ്പെട്ടു. എങ്കിലും സാമ്പത്തികവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥ ഈ വിഭാഗത്തിലെ ബഹുഭൂരപക്ഷത്തിനും തങ്ങൾ രണ്ടാംതരക്കാരാണെന്ന ബോധം നിലനിർത്തുന്നു. ഇതു പരിഹരിച്ചെടുക്കാനുള്ള പദ്ധതികൾക്കും രൂപം നല്കേണ്ടതുണ്ട്. ജാതീയതയുടെ അതിരുകൾ പൂർണ്ണമായും ഇല്ലാതാക്കുന്നതിന് വ്യത്യസ്ത ജാതികളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹത്തെ പ്രോത്സാഹിപ്പിക്കണം.

ഏതാണ്ട് ദേശീയ പ്രസ്ഥവുമായി ബന്ധപ്പെട്ട സാമൂഹ്യപരിഷ്ക്കരണ പ്രക്രിയകൾ ശക്തമാകുന്നതു വരെയുള്ള കാലംവരെ മനയ്ക്കു പുറത്തു മാത്രം നിർത്തിയിരുന്ന കീഴാളർ ഇന്ന് മനയ്ക്കകത്തു കടന്നതും ജാതീയമായ ഉച്ചനീചത്വങ്ങൾക്കപ്പുറത്ത് പരസ്പരം കുടുംബപരമായ ആഘോഷങ്ങളിലും മറ്റും തുല്യമായി പങ്കെടുക്കുകയും ഭക്ഷണം കഴിക്കുകയുമൊക്കെ ചെയ്യുന്നതും കഴിഞ്ഞ രണ്ടുമൂന്നു ദശാബ്ദക്കാലത്തിനിപ്പുറം ഉണ്ടായ വർധിച്ച പുരോഗതിയാണെന്നതും അംഗീകരിച്ചേ തീരൂ. ഈ സാഹചര്യവഴിക്കു പിന്നിൽ ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, ശ്രീ അയ്യൻകാളി എന്നിവരുടെ സന്ദേശങ്ങളും ഇവിടുത്തെ പുരോഗമന പ്രസ്ഥാനങ്ങൾ വഹിച്ച പങ്കും എന്നും അവിസ്മരണീയമായിരിക്കും.

1992 ലെ ഐ ആർ ഡി. പി സർവ്വേപ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 619 കുടുംബങ്ങളാണ് ഈ പഞ്ചായത്തിനുള്ളിലുള്ളത്. ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കു ഊന്നൽ നല്കിക്കൊണ്ടുള്ള കാർഷിക വ്യാവസായിക സംരംഭങ്ങൾ അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട്.

പട്ടികജാത-വർഗ്ഗ വിഭാഗങ്ങളിലെ [illegible]ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായങ്ങളും, തൊഴിൽ സാദ്ധ്യതയുള്ള രംഗങ്ങളിൽ പരിശീലനം ലഭിക്കുന്നതിനുള്ള സ്ഥാപനങ്ങളും ഉണ്ടാകണം. തീരെ ദരിദ്രരായ പട്ടികജാതി വിദ്യാർത്ഥികളുടെ പഠനത്തിനും അത്തരം കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനും സാമ്പത്തിക സഹായങ്ങൾ നല്കണം.

കല്ലിയൂർ പഞ്ചായത്തിൽ പട്ടികജാതി മേഖലയിൽ പ്രവർത്തിക്കുന്ന 4 സഹകരണ സംഘങ്ങളുണ്ട്. കല്ലിയൂർ ഹരിജൻ പ്രിൻറിംഗ് സൊസൈറ്റി, വെള്ളായണി ഹരിജൻ സർവ്വീസ് സൊസൈറ്റി, പെരിങ്ങമ്മല ഹരിജൻ മറ്റൻറ്റ്ലും സൊസൈറ്റി, കല്ലിയൂർ ഹരിജൻ വനിതാ സഹകരണ സംഘം - എന്നിവയാണവ. ഇതിൽ കല്ലിയൂർ ഹരിജൻ പ്രിൻറിംഗ് സൊസൈറ്റി

യും വെള്ളായണി ഹരിജൻ സൊസൈറ്റിയുമാണ് പ്രവർത്തനരംഗത്ത് സജീവമായിട്ടുള്ളത്. പെരിങ്ങമ്മലയിലെ ഹരിജൻ ഹാൻറ്ലൂം സൊസൈറ്റി പട്ടകവർഗ്ഗക്കാരുടെ നിയന്ത്രണത്തിൽ നിന്നും പിടിവിട്ടു പോയിരിക്കുന്നു. ഹരിജൻ വനിതാ സഹകരണ സംഘമാകട്ടെ പ്രവർത്തന രംഗത്തേക്കു വരുന്നതേയുള്ളൂ. പട്ടികജാതിക്കാരിൽ സഹകരണ ബോധം വളർത്തി കൂട്ടായ്മയുടെ നേട്ടങ്ങളിലേക്ക് അവരെ നയിക്കാനാവശ്യമായ കർമ്മപരിപാടികളും സംഘടപ്പിക്കണം.

പ്രശ്നങ്ങൾ

1. പട്ടികജാതി കുടുംബങ്ങൾ ഒന്നിച്ച് അതിവസിക്കുന്ന പ്രദേശങ്ങളെ അംഗീകൃത ഹരിജൻ കോളനികളായി പ്രഖ്യാപിക്കണം.
   a. കേളേശ്വരം ആലുവിള
   b. പെരിങ്ങമ്മല ചരുവിള
   c. കാക്കാമൂല മണമുക്ക് ഇലവിൻവിള
   d. വെള്ളായണി പള്ളിച്ചൽ തോടിന് പടിഞ്ഞാറ്വശം
   e. സർവ്വോദയം, ശാന്തിവിള
   f. കല്ലാംപൊറ്റ
   g. വെള്ളായണി തോട്ട്വരമ്പ്
   h. പുന്നമൂട് കുഴിയംവിള
   i. പുന്നമൂട് വാറുവിള എ. കെ. ജി. കോളനി
   j. തെറ്റിവിള തെക്കരികിൽ
   k. കാക്കാമൂല പറങ്കിമാംവിള
   l. പകലൂർ കൊന്നയ്ക്കാട്ടുവിള
   m. അറുപറത്തലയ്ക്കൽ പകലൂർ
   n. ചുടുകണ്ടാംവിള കല്ലിയൂർ
   o. മാത്തൂർകോണം ലക്ഷംവീട് കോളനി
   p. കുളക്കോട്ട്കോണം.
2. ശിവപുരം, കീഴൂർ കിഴക്ക്, കല്ലിയൂർ-പൊറ്റവിള, കുളകോട്ടുകോണം, കുരുവിക്കാട്, ചെങ്കോട് IHDP, വാറുവിള, കുടുംബന്നൂർ IHDP, പ്രാവച്ചമ്പലം പൊറ്റവിള എന്നീ കോളനികളിൽ എത്രയും പെട്ടെന്ന് കുടി വെള്ളവും വൈദ്യുതിയുമെത്തിക്കാനുള്ള നടപടകൾ സ്വീകരിക്കണം. ഈ കോളനികളിലേക്കുള്ള റോഡുകൾ ഗതാഗത യോഗ്യമല്ല. അടിയന്തിരമായി അവ ഗതാഗത യോഗ്യമാക്കണം. കൂടാതെ ഈ സെറ്റിൽമെൻറ് കോളനികളിൽ ടി. വി., റേഡിയോ ക്യോക്സുകൾ സ്ഥാപിക്കുകയും പത്രപാരായണത്തിനുള്ള സൗകര്യങ്ങൾ ഒരുക്കി ബോധന നിലവാരം മെച്ചപ്പെടുത്തുകയും വേണം. പട്ടികജാതി കോളനികൾക്കും പട്ടികജാതി കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകി അവരുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണണം.
3. പുറമ്പോക്കിൽ താമസിക്കുന്ന ഈ വിഭാഗത്തിലെ കുടുംബങ്ങൾക്ക് പട്ടയം നല്കുക.
4. കേളേശ്വരം ആലുവിള ഭാഗത്ത് പട്ടികജാതിക്കാർ താമസിക്കുന്ന സ്ഥലവും ആർ. സി. ചർച്ചുമായി ബന്ധിപ്പിക്കുന്ന ചാനൽ ബണ്ട് വീതി കൂട്ടുകയും അവിടെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യണം.
5. പട്ടികജാതിക്കാർ തിങ്ങിപാർക്കുന്ന കേളേശ്വരം ആലുവിള ഭാഗം മുഖ്യറോഡുമായി ബന്ധിപ്പിക്കുന്ന റോഡ് (കേളേശ്വരം ആലുവിള പനങ്ങോട്ടുവിളാകം റോഡ്) KADA സ്കീമിൽ ഉൾപ്പെടുത്തി ചാനൽ പാലം ഉൾപ്പെടെ നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുക.
6. കേളേശ്വരം K.P.M.S വക സ്ഥലത്ത് ഒരു കമ്മ്യൂണിറ്റിഹാൾ നിർമ്മിച്ച് പട്ടികജാതിക്കാരുടെ കലാസാംസ്ക്കാരികഉന്നമനത്തിന് പ്രയോജനപ്പെടുത്തുക.
7. ലക്ഷംവീടുകളുടെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുവാൻ പദ്ധതി വിഹിതം കണ്ടെത്തുക.
8. കോളനികൾക്കായി ഗവൺമെൻറ് തലത്തിൽ പല പദ്ധതികളും ഉണ്ട്. അവ പരമാവധി പ്രയോജനപ്പെടുത്തുക.
9. പഞ്ചായത്ത്തലത്തിലും ഗവൺമെൻറ് തലത്തിലും പട്ടികജാതി-വർഗ്ഗ വിഭാഗത്തിലെ വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്ക് വളരെ അധികം വികസന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഇവയുടെ ശരിയായ വിവരങ്ങൾ ശേഖരിച്ച് അർഹരായവർക്ക് അവ എത്തിക്കുവാൻ സത്വര നടപടി സ്വീകരിക്കുക.

10. ഈ വിഭാഗത്തിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം, പഠന ഉപകരണങ്ങൾ എന്നിവ നൽകുക. ഈ വിഭാഗത്തിലെ പഠിത്തത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രോത്സാഹനജനകമായ പദ്ധതികളും ഈ വിഭാഗത്തിലെ കലാകായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് അവസരങ്ങളും, പ്രോത്സാഹനവും, ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കുക.

11. സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണപരിപാടിയെ പോഷകാഹാര വിതരണ പരിപാടിയാക്കി മാറ്റുക.

12. പഞ്ചായത്തു തലത്തിൽ ആറുമാസത്തിലൊരിക്കലെങ്കിലും പട്ടികജാതിവിഭാഗങ്ങൾക്ക് ഗവൺമെൻറ് തലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ആരോഗ്യം, ശുചിത്വം, അസാന്മാർഗിക പ്രവർത്തനത്തിൻെറ ദോഷംഫലങ്ങൾ, വിദ്യാഭ്യാസത്തിൻെറ മൂല്യം, മുഖ്യധാരയിലേക്ക് ഈ വിഭാഗം എത്തിപ്പെടേണ്ടതിൻെറ ആവശ്യകത എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

13. കാക്കാമൂല മണമൂക്ക് ഇലവൻവിള റോഡിന് ഡോ. അംബദ്കർ റോഡ് എന്ന് നാമകരണം ചെയ്യണം. തെറ്റിവിളയിലുള്ള കോളനി വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക. എല്ലാ വാർഡുകളിലുമുള്ള പരമ്പരാഗത തൊഴിലുകളിലല്ലാതെ മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരക്കുന്ന തൊഴിലാളികൾക്ക് (ആശാരി, കെട്ടിട നിർമ്മാണം) പണിയായുധങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുക. എല്ലാ സ്ഥലത്തെയും സ്വന്തമായ പുരയടങ്ങൾ ഉള്ള പട്ടികജാതി വിഭാഗങ്ങൾക്ക് തെങ്ങിൻ തൈകൾ, തേക്കിൻ തൈകൾ മുതലായവ സൗജന്യമായി നൽകുക.

14. കോളനികളിലും അല്ലാതെയും ''ഗ്രീൻ കണക്ഷൻ'' അനുവദിച്ചിട്ടുള്ളവർക്ക് എത്രയും വേഗം വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

15. കല്ലിയൂർ ഹരിജൻ പ്രൻറിംഗ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും മെച്ചപ്പെടുത്തുകയും വേണം. കൂടാതെ കൂടുതൽ ചെറുകിട വ്യവസായ സഹകരണ സ്ഥാപനങ്ങൾ രൂപീകരിച്ച് ഈ വിഭാഗത്തിലെ ജനങ്ങൾക്ക് ചെറുകിട വ്യവസായ രംഗത്ത് കൂടുതൽ സാധ്യതയുണ്ടാക്കണം.

16. പരമ്പരാഗത തൊഴിലുകളായ നാടൻ കയർ ഉത്പാദനം, ചൂരൽ കൊണ്ടുള്ള ഉൽപന്ന നിർമ്മാണം, നെയ്ത്ത്, തയ്യൽ എന്നിവയ്ക്ക് പരിശീലനവും ധനസഹായവും നൽകണം.

17. കോഴി, മുയൽ, പന്നി, ആട്, കാലിവളർത്തൽ, പച്ചക്കറി കൃഷി, കൂൺ വളർത്തൽ എന്നിവയ്ക്ക് ആവശ്യമായ ധനസഹായം നൽകണം.

18. പട്ടികജാതി സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും നടപടികൾ കൈക്കൊള്ളണം.

19. കേളേശ്വരത്ത് കുളം നികത്തി വീടുവച്ച് കഴിഞ്ഞ 25 വർഷമായി താമസിക്കുന്ന 5 കുടുംബങ്ങളുണ്ട്. ഇതിൽ 4 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിലുള്ളവരുടേതാണ്. 5 കുടുംബങ്ങൾക്കും പട്ടയം നല്കണം.

20. ചെറുകിട - കുടിൽ വ്യവസായങ്ങൾ, കച്ചവട സംരംഭങ്ങൾ തുടങ്ങിയവയ്ക്ക് വേണ്ടി ഈ വിഭാഗക്കാർക്കു വായ്പ ലഭിക്കുന്നതിനുവേണ്ട നടപടിയുണ്ടാകണം.

21. അഖിലകേരളാടിസ്ഥാനത്തിൽ പട്ടികജാതി-വർഗ്ഗ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ലക്ഷ്യമാക്കി 1994 -ൽ പത്തനംതിട്ടയിലാരംഭിച്ച 'സുബല' പദ്ധതിയെക്കുറിച്ച് ബോധവത്ക്കരണം നടത്തി, ഇവിടെയുള്ള പട്ടികജാതിക്കാരെ അതിൻെറ ഗുണഭോക്താക്കളാക്കണം.

22. 18 നും 35 നും ഇടയ്ക്കു പ്രായമുള്ള പട്ടികജാതി-വർഗ്ഗക്കാർക്ക് TRYSM പദ്ധതി പ്രകാരം ഐ. ആർ. ഡി. പി. വായ്പ ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

23. 'മാർജിൻ മണി ഡെപ്പോസിറ്റ്' പദ്ധതിപ്രകാരം പട്ടികജാതി-വർഗ്ഗക്കാർക്കു ലഭിക്കുന്ന ആനുകൂല്യം ഇവിടെ അർഹരായവർക്കു ഉറപ്പു

വരുത്തുക. പ്രതിവർഷം 22000 രൂപയ്ക്കു താഴെ വരുമാനമുള്ളവർക്ക് പരമാവധി 50,000 രൂപയാണ് ഈ പദ്ധതിപ്രകാരം സഹായം ലഭിക്കുന്നത്. തയ്യൽ, പശുവളർത്തൽ, ഗ്രോസറി ബിസിനസ്സ്, ഫോട്ടോസ്റ്റുഡിയോ, ആയുർവ്വേദ മരുന്നുകട റേഷൻകട, പ്രിൻറിംഗ് പ്രസ് തുടങ്ങിയവ നടത്തുന്നതിനാണ് ഈ സഹായം ലഭിക്കുന്നത്.

24. അർഹരായ കോളനിവാസികൾക്കും പട്ടയം കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

25. സ്വന്തമായി വീടല്ലാത്ത മുഴുവൻ പട്ടികജാതി വർഗ്ഗ കുടുംബങ്ങൾക്കും വീടുവയ്ക്കാനുള്ള സഹായങ്ങൾ നല്കുക.

26. മാരകരോഗങ്ങൾ ബാധിച്ചും തൊഴിലു ചെയ്യുന്നതിനിടയിൽ അപകടങ്ങളിൽപെട്ടും ദുരിതം അനുഭവിക്കുന്ന പട്ടികജാതി-വർഗ്ഗക്കാരെ സഹായിക്കാൻ പരിപാടിക്കു രൂപം നൽകുക. ●



പട്ടിക III

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്ക്

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	1996-97 ലെ പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾ																												ആകെ		
		I			II			II			IV			V			VI			VII			VIII			IX			X				
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	MNLPS വെള്ളായണി	6	6	12	7	1	8	3	6	9	9	3	12	4	5	9																		
2	SALPS കാക്കാമൂല	9	2	11	6	3	9	5	7	12	8	3	11																					
3	ന്യൂ UPS ശാന്തിവിള	1	1	1	1	3	4	1	2	3	1	3	4	1	1	2	1	-	1	5	1	6												
4	ഹോളിക്രോസ് LPS പാലപ്പൂർ	7	11	18	9	8	16	8	5	13	15	8	23																					
5	ഗവ. HS പുന്നമൂട്	8	16	24	18	10	27	16	14	30	25	17	42	27	32	59	32	37	69	48	38	86	51	35	86	34	55	89	41	42	83			
6	നേമം UPS	12	7	19	9	5	14	19	7	26	11	9	20	19	20	39	25	22	47	21	18	39												
7	RCLPS കല്ലിയിൽ	3	3	6	5	6	11	3	3	6	3	4	7																					
8	MNLPS വെള്ളായണി	6	6	12	7	1	8	3	6	9	9	3	12	4	5	9																		
9	LMSLPS വെങ്ങാനൂർ	-	-	-	-	-	-	-	-																									

16

വിഭവസമാഹരണം



വികസനരംഗത്തെ ഏറ്റവും വലിയവിഭവം മനുഷ്യപ്രയത്നമാണ്. ഇത് പരമാവധി ചൂഷണം ചെയ്യുന്നതിലൂടെ വികസനത്തിന്റെ ഒരു ചുവട് സാദ്ധ്യമാകുന്നു.

നാം അറിയാതെ തന്നെ നമ്മുടെ പഞ്ചായത്തിൽ ഇന്നു കാണുന്ന ഗ്രാമീണറോഡുകളുടെയൊക്കെ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ മനുഷ്യപ്രയത്നത്തിലൂടെ ഉണ്ടായതാണ്. മാത്രവുമല്ല ഈ റോഡുകൾ പഞ്ചായത്ത് ഏറ്റെടുക്കുന്നതിന് മുൻപ് തന്നെ ആവശ്യം വേണ്ടുന്ന അറ്റകുറ്റപണികൾ ധന സമാഹരണമായി നടക്കുന്നുണ്ട് എന്നതാണ് വസ്തുത. ആയതിനാൽ ഇതിനെ സംബന്ധിച്ച് കണക്കുകൾ വ്യക്തമല്ല. ഇത് ഇനിയും കൂടുതൽ സന്നദ്ധ പ്രവർത്തനത്തിലൂടെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

നമ്മുടെ ഗ്രാമസഭകൾ വിഭവസമാഹരണം ചർച്ച ചെയ്തെങ്കിലും പുതിയ സാദ്ധ്യതകളൊന്നും എടുത്ത് കാണിയ്ക്കുകയുണ്ടായില്ല. നമ്മുടെ പ്രദേശത്ത് ധാരാളം ബഹുജനസംഘടനകളുണ്ട്. ഈ സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഓരോ വികസന സമിതികൾ വാർഡുതലത്തിൽ രൂപീകരിച്ചാൽ മൽസരബുദ്ധിയോടുകൂടി സേവനരംഗത്ത് കൊണ്ടുവരുവാനും, അതുവഴി ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിക്കുന്നതാണ്. ജാതി മത കക്ഷി ബന്ധങ്ങൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ കൂടി പങ്കാളിത്തം ഉറപ്പാക്കുക എന്നത് ഒരു മഹത്തായ ആശയമാണ്.

പഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ വായ്പ എടുക്കുന്നതിനുള്ള വ്യവസ്ഥ പഞ്ചായത്തുരാജ് നിയമത്തിലുണ്ട്. പഞ്ചായത്തുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾക്ക് ബാങ്കുകളെ ബാദ്ധ്യസ്ഥരാക്കുന്ന നിയമം ഈ രംഗത്ത് അനിവാര്യമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്ത് ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. വിവിധ ഇനങ്ങളിലായ് ഏകദേശം ഏഴുലക്ഷം രൂപ പ്രതിവർഷം വരുമാനമായി ലഭിക്കുന്നു. പ്രതിവർഷം നാലുലക്ഷത്തോളം രൂപ എസ്റ്റാബ്ലിഷ്മെന്റ് ചിലവ് കഴിച്ചാൽ ബാക്കി വരുന്ന മൂന്നു ലക്ഷം രൂപയും സർക്കാറിൽ നിന്നുള്ള ഗ്രാന്റുകളും കൊണ്ടാണ് ഇന്നുവരെ പഞ്ചായത്ത് പ്രവർത്തിച്ചുവരുന്നത്. വസ്തുകൈമാറ്റനികുതിയും വാഹനനികുതിയും പഞ്ചായത്തുകൾക്ക് നേരിട്ട് പിരിക്കുന്നതിനുള്ള അവസരമുണ്ടയാൽ സർക്കാറിനെ ആശ്രയിക്കുന്ന കാലതാമസം കുറെയേറെ ഒഴിവാക്കാവുന്നതാണ്.

പഞ്ചായത്ത് രാജ് നിയമത്തിൽ സൂചിപ്പിച്ചിട്ടുള്ള പുതിയതായി രജിസ്റ്റർ ചെയ്യേണ്ട സ്ഥാപനങ്ങളുടെയും പിരിച്ചെടുക്കേണ്ട നികുതികളെയും സംബന്ധിച്ച് നടപടി നടത്തുന്നതിന് ചട്ടങ്ങളുടെ അഭാവം കാല താമസം വരുത്തുന്നു. പൊതുവിൽ പഞ്ചായത്തിന്റെ തനതു വരുമാനം കൂടുന്നു. കെട്ടിട നികുതിയുടെ കാര്യത്തിൽ ഇപ്പോഴുള്ള റേറ്റ് 6% മാണ്. പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ കൊണ്ടും തൊഴിൽ നികുതിയിലുള്ള വർദ്ധനവും കൊണ്ടുമാത്രമാണ് വരുമാനത്തിൽ മാറ്റമുണ്ടാകുന്നത്. കെട്ടിട നികുതിയുടെ കാര്യത്തിൽ 1% വർദ്ധിപ്പിക്കാവുന്നതും, ഉള്ള നികുതികൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും കഴിയണം.

വരവിനങ്ങൾ-പുതിയ നിർദ്ദേശങ്ങൾ

a. പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് സ്കയർ മീറ്ററിന് 1, 3, 5 എന്ന ക്രമത്തിലാണ് ഫീസീടാക്കുന്നത്. ഈ റേറ്റ് 3, 6, 10 എന്ന ക്രമത്തിൽ മാറ്റം വരുത്താവുന്നതാണ്. റസിഡൻഷ്യൽ ഒഴികെ കൊമേഴ്സ്യൽ കെട്ടിടങ്ങൾക്ക് 5, 8, 10 എന്നത് 10% മായി ഉയർത്തുക.

b. പുറമ്പോക്കു സ്ഥലങ്ങൾ പഞ്ചായത്തിന് കൈമാറിയിരിക്കുന്ന സാഹചര്യത്തിൽ ഭൂമി ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്നവരിൽ നിന്നും നികുതി ചുമത്തി പിരിച്ചെടുക്കുക.

c. നികുതി കുടിശ്ശിക വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുക.

d. കർഷിക ഉല്പന്നങ്ങൾ പഞ്ചായത്ത് മുഖേന ശേഖരിച്ച് ഹോർട്ടികൾച്ചർ ഡിപ്പാർട്ടുമെന്റിന് കൈമാറ്റം നടത്തി ഈ സേവനത്തിന് നിശ്ചിത തുക കർഷകരിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്.

e. പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് റവന്യു വകുപ്പ് ചുമത്തുന്ന ഒറ്റത്തവണ

നികുതി 75% ഉം പഞ്ചായത്തിന് നൽകുക.

ഹിന്ദു വിവാഹ രജിസ്ട്രേഷൻ ഫീസ് 100 രൂപയായി ഉയർത്തുക.

f. പഞ്ചായത്തു പ്രദേശത്തുള്ള സ്ഥാപനങ്ങളിൽ നിന്നും സർക്കാർ പിരിച്ചെടുക്കുന്ന നികുതികളുടെ 50% പഞ്ചായത്തിനു നൽകുക.

g. ബ്രോയിലർ ഫോമുകൾക്ക് ഫീസ് ചുമത്തുക.

h. കുളങ്ങളിൽ മൽസ്യകൃഷി വ്യാപകമാക്കി ഫീസ് ഈടാക്കുക.

i. സ്വകാര്യ ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ L.P.S., U.P.S. ആശുപത്രികൾ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകൾ, എല്ലാവിധ കച്ചവട സ്ഥാപനങ്ങൾക്കും ഫീസ് ഈടാക്കുക.

j. പഞ്ചായത്ത് വാട്ടർ അതോറിട്ടിയ്ക്ക് അടച്ചുവരുന്ന മെയിന്റനൻസ് ചാർജ്ജ് ഒഴിവാക്കുക.

k. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുക.

l. ചെറുകിട ജലസേചന വകുപ്പ് പിരിച്ചെടുക്കുന്ന വെള്ളക്കരത്തിന്റെ 75% ഉം പഞ്ചായത്ത് നൽകുക.

m. സ്വകാര്യ പണിമിടപാടുകാരിൽനിന്നും ടേണോവറനുസരിച്ച് 5% നികുതി ചുമത്താവുന്നതാണ്.

n. കേബിൾ ടി.വി. ലൈസൻസ് ഫീസ് ഏർപ്പെടുത്തുക.

o. അംഗീകൃത ബൈലയ്ക്ക് പുറമേ പല ആവശ്യങ്ങൾക്കും പുതിയതായി ലൈസൻസ് ഫീസ് പിരിക്കാവുന്ന വ്യവസ്ഥ ചെയ്യേണ്ടതാണം.

ഉദാ : ഔഷധചെടി വളർത്തൽ

p. തോടുകളിൽ നിന്നും അനധികൃത മണലൂറ്റ് തടഞ്ഞുകൊണ്ട്. മണലൊരു നിശ്ചിതസ്ഥലത്ത് കേന്ദ്രീകരിപ്പിച്ച് ലൈസൻസ് ഫീസ് ഏർപ്പെടുത്താവുന്നതാണ്.

q. അനധികൃത കെട്ടിട നിർമ്മാണം തടഞ്ഞുകൊണ്ടും കെട്ടിടങ്ങളുടെ ശരിയായ അസസ്സ്മെന്റ് നടത്തികൊണ്ടും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

r. നിയമം ലംഘിക്കുന്നവരിൽ നിന്നും കർശനമായി പിഴ ഈടാക്കേണ്ടതാണ്.

S. തൊഴിലാളി യൂണിയനുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഈടാക്കാവുന്നതാണം.

t. ടാക്സി, ആട്ടോറിക്ഷ ഇവയ്ക്ക് പഞ്ചായത്ത്തലത്തിൽ സ്റ്റാന്റുകൾ അനുവദിച്ച് ലൈസൻസ് ഏർപ്പെടുത്താവുന്നതാണ്.

u. പഞ്ചായത്ത് പ്രൊപ്പോസ് ചെയ്തിട്ടുള്ള വെള്ളായണി കായലിലെ ടൂറിസം നടപ്പിലായാൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

v. ഒൻപതാം പദ്ധതികാലത്ത് സ്ഥാപിക്കാൻ പോകുന്ന മാർക്കറ്റുകൾ, വ്യവസായ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും വരുമാനം സ്വരൂപിക്കാവുന്നതാണ്.

w. അവശ്യ സന്ദർഭങ്ങളിൽ ജനപ്രതിനിധികളിലൂടെയും ജനങ്ങളിലൂടെയും ധനമായും സ്വരൂപിക്കാവുന്നതാണ്.

കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ വിഭവ ശേഷി നഷ്ടപ്പെടുത്തുന്നവിധത്തിൽ ഏകദേശം 2000 ത്തോളം തെങ്ങുകൾ കളളുചെത്താൻ സ്വകാര്യവ്യക്തികൾ ഉപയോഗിക്കുന്നു. ദിവസേന ശരാശരി രണ്ടുലിറ്റർ വച്ച് 4000 ലിറ്റർ കളള് ഉല്പാദിപ്പിക്കുകയും അന്യ ജില്ലകളിലേക്ക് കടത്തിക്കൊണ്ടുപോവുകയും ചെയ്യുന്നു. നാണ്യവിളകൾ നഷ്ടപ്പെടുന്നു എന്നതിനു യാതൊരുവിധ ലെവിയും പഞ്ചായത്തിന് ലഭിക്കുവാൻ വേണ്ട നടപടികൾ ഒന്നും നിലവിലില്ല. ലിറ്ററൊന്നിന് 50 പൈസ ക്രമത്തിൽ പഞ്ചായത്ത് ലെവി ഏർപ്പെടുത്തിയാൽ ഏകദേശം ഏഴുലക്ഷം രൂപയോളം വാർഷികവരുമാനത്തിൽ മുതൽ കൂട്ടാവുന്നതാണ്.

ചിലവ് ചുരുക്കൽ

പഞ്ചായത്തിലെ Establishment ചിലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനുളള കാരണങ്ങൾ വാർഷിക ഇൻക്രിമെന്റ് കാലാകാലങ്ങളിലുളള ഡി.എ. വർദ്ധനവ്, ശമ്പളപരിഷ്കരണം എന്നിവയാണ് പൊതുമരാമത്ത് ചിലവിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ തനതു വരുമാനം കുറയുന്നതായി കാണുന്നു. ഭരണപരമായ ചിലവ് വഹിക്കുവാൻ കഴിയുന്നില്ല. അങ്ങനെ വരുമ്പോൾ സർക്കാർ നല്കുന്ന ഇതര ഗ്രാന്റുകൾ പ്രസ്തുത ആവശ്യ

ങ്ങൾക്ക് വിനിയോഗിക്കുവാൻ പഞ്ചായത്ത് നിർബന്ധിതമാവുന്നു. നിലവിൽ പൊതുമരാമത്തു പണികൾ നടന്നു പോകുന്നത് സർക്കാർ നല്കുന്ന അൺടൈഡ്, JRY പ്രത്യേക ഗ്രാന്റുകൾ എന്നിവയെ മാത്രം ആശ്രയിച്ചാണ്.

പ്രത്യേക ഗ്രാന്റ് ഉപയോഗിച്ചുള്ള വർക്കുകൾ പഞ്ചായത്ത് ഡിവിഷന്റെ മേൽനോട്ടത്തിൽ കോൺട്രാക്റ്റ് വ്യവസ്ഥയിലും അൺ ടൈഡ് ഫണ്ട് ഉപയോഗിച്ചുള്ള ജോലികൾ പഞ്ചായത്ത് നേരിട്ടും JRY ഫണ്ട് ഉപയോഗിച്ചുള്ളത് ഗുണഭോക്താക്കളിൽ നിന്നും തെരഞ്ഞെടുക്കുന്ന ആളുകളെകൊണ്ട് ബ്ലോക്കിന്റെ മേൽ നേ ട്ടത്തിലും ചെയ്തുപോകുന്നു. പഞ്ചായത്ത് നേരിട്ടുചെയ്യുന്നതും കോൺട്രാക്ടർ മുഖാന്തിരം ചെയ്യുന്നതും താരതമ്യം ചെയ്യുമ്പോൾ നേരിട്ട് ചെയ്യുന്നതാണ് മെച്ചം. കാരണം എസ്റ്റിമേറ്റ് തുകക്കുതന്നെ പണിചെയ്യാൻ കഴിയും. ടെൻഡർ ജോലിയാകുമ്പോൾ എസ്റ്റിമേറ്റ് റേറ്റിൽ നിന്നും സാധാരണ 20% മുതൽ 50%വരെ കൂട്ടി സമർപ്പിക്കുന്ന ടെൻഡറുകളിൽ അധികതുക പഞ്ചായത്ത് കണ്ടെത്തേണ്ടതായി വരുന്നു. അതിനു കഴിഞ്ഞില്ലെങ്കിൽ ജോലി നടക്കുകയില്ല. പലപ്പോഴും പഞ്ചായത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിന്റെ അഭാവത്താൽ പഞ്ചായത്ത് ഉദ്ദേശിക്കുന്ന രീതിക്ക് പണി ചെയ്യാൻ കഴിഞ്ഞു എന്നു വരികയില്ല. തെരുവിളക്കുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ KSEB തയ്യാറാക്കി സമർപ്പിക്കുന്ന എസ്റ്റിമേറ്റ് റേറ്റ് വളരെ കൂടുതലാണ്. പ്രകാശിക്കാത്ത ലൈറ്റുകൾക്കും KSEB ചാർജ് ഈടാക്കിപ്പോരുന്നു. മേൽപ്പറഞ്ഞ പോരായ്മ പരിഹരിക്കുന്നതിന് കേടാവുന്ന ബൾബുകൾ യഥാസമയം മാറ്റി സ്ഥാപിക്കുകയും മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യണം. കുടിവെള്ളത്തിന്റെ കാര്യത്തിൽ പബ്ലിക് ടാപ്പുകൾ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിട്ടി സമർപ്പിക്കുന്ന തുക പഞ്ചായത്ത് അടയ്ക്കുക മാത്രമല്ല അവയുടെ സംരക്ഷണചിലവ് ടാപ്പൊന്നിന് 875 രൂപ എല്ലാവർഷവും അടക്കേണ്ടിവരുന്നു. House Connection ഉള്ളവരിൽ നിന്നും കരം വാട്ടർ അതോറിട്ടി പിരിച്ചെടുക്കുകയും ചെയ്യുന്നു. അശാസ്ത്രീയമായ രീതിയിലാണ് സംരക്ഷണചിലവ് പഞ്ചായത്തിൽ നിന്നും ഈടാക്കുന്നത്. ഈ ചിലവിൽ നിന്നും പഞ്ചായത്തിനെ ഒഴിവാക്കിയേതീരു. അല്ലാത്ത പക്ഷം പഞ്ചായത്തിൽ നടത്തുന്ന അറ്റകുറ്റപണികൾ പഞ്ചായത്തിനെ ബോദ്ധ്യപ്പെടുത്തുക.

പഞ്ചായത്ത് അധികാരങ്ങൾ വർദ്ധിക്കുകയും സേവന മേഖലയിലുണ്ടായിട്ടുള്ള വർദ്ധനയും കണക്കിലെടുത്താൽ നിലവിൽ അനുവദിച്ചിരിക്കുന്ന സാമ്പത്തിക സ്വാതന്ത്ര്യം പരിമിതമാണ്. ഈ സാഹചര്യത്തിൽ കൂടുതൽ ധനവിനിമയ അവകാശങ്ങൾ നല്കുന്നതോടൊപ്പം നഷ്ട ഉത്തരവാദിത്വ നിയമങ്ങൾ കർശനമാക്കുകയും വേണം.

പട്ടിക 1

വരവ് 1991 മുതൽ

വർഷം	കെട്ടിട നികുതി	തൊഴിൽ നികുതി	വിനോദ നികുതി	കെട്ടിട നിർമ്മാണം	ഉപാധിരഹിത ഫണ്ട്	ലൈസൻസ് ഫീസ്	ഗ്രാന്റുകൾ	വസ്തുകൈമാറ്റനികുതി	പലവക	ആകെ
1991-'92	241075.75	251176.00	8490.00	24826.50	115302.00	950.00 2855.10	156938.00	209267.00		11,73,899 - 50
92-93	166047.75	208920.00	7764.50	26762.00	253348.00	912.00 2900.00	246269.00	431798.00		1591789.75
93-94					197060.00		244692.00			1199512.05
94-95	245813.75	319255.00	23950.00	30041.00	275500	1987	402372.00	381714.00		1690762.00
95-96					289490		496933			1114108.50

പട്ടിക 3

ചെലവു സംബന്ധിച്ച കണക്ക് (91-92 മുതൽ)

വർഷം	ഭരണം	മരാമത്ത്	വിദ്യാഭ്യാസം	ജല വിതരണം	പൊതു ജനാരോഗ്യം	വിളക്ക് വയ്പ്പ്	സാമൂഹ്യ ക്ഷേമം	മൃഗ സംരക്ഷണം	കൃഷി	മറ്റുളവ
1991-'92	379786.60	778774.00	28688.50	--	74703.00	13815.00	40649.00	-	172909.85	2285
92-93	390487.00	138568.00	26062.75	47652.00	18824.00	223152.00	-	-	9758.00	2600.00
93-94										
94-95										
95-96										

പട്ടിക 2

വിവിധയിനം സർക്കാർ ഗ്രാന്റുകൾ സംബന്ധിച്ച വിവരങ്ങൾ

വർഷം	'91 - '92	'92 - '93	'93 - '94	'94 - '95	'95 - '96
Mi Grant	25000.00	25000.00	40000.00	40000.00	40000.00
Building Grant	20022.00	19489.00	20489.00	12923.00	12399.00
United Fund	115302.00	253348.00	197060.00	275500.00	289490.00
25% Duty	90000.00	175000.00	153524.00	255000.00	330000.00
VRM	19406.00	19489.00	23388.00	23413.00	23100.00
VK	2010.00	7291.00	7291.00	71036.00	91434.00

പട്ടിക 4


വരവ് ചെലവ് - സംക്ഷിപ്തം

വർഷം	വരവ്	ചെലവ്	
1991 - 92	1173899.50	1830863.95	(—)
92 - 93	1591789.75	1063968.75	(+)
93 - 94	1199512.05	1285885.50	(—)
94 - 95	1690762.00	1364454.00	(+)
95 - 96	1114108.50	1993237.00	(—)

പട്ടിക 5

1995 - 96 വിവിധ വകുപ്പ് 4/96 to 11/96

	കൃഷി	മൃഗ സംരക്ഷണം	ക്ഷീര വ്യവസായം	SC/ST	PHC	ആയുർവേദം	കൃഷി	ക്ഷീര വ്യവസായം	SC/ST	PHC	ആയുർവേദം
വരവ്	347097	3000	-	-	-	-	79310	6220	3500	154500	-
ചെലവ്	33370	-	-	-	-	-	171975	2500	-	12250	



ടൂറിസം

കല്ലിയൂർ പഞ്ചായത്തിന്റെ ടൂറിസം സാധ്യതകൾ വലുതാണ്. കേരളത്തിന്റെ പ്രധാനപ്പെട്ട രണ്ട് ശുദ്ധജല തടാകങ്ങളിൽ ശുദ്ധമായ വെള്ളായണികായലിനെ ആശ്രയിച്ചാണ് പഞ്ചായത്തിന്റെ ടൂറിസം സാധ്യത രൂപം കൊള്ളുന്നത്. അന്താരാഷ്ട്ര വിനോദ സഞ്ചാരകേന്ദ്രമായ കോവളത്തുനിന്നും വടക്കോട്ട് 6 കി.മീ. ഉം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും 10 കി.മീ. കിഴക്കോട്ടും മാറിയാണ് ഈ തടാകം സ്ഥിതിചെയ്യുന്നത്. തിരുവിതാംകൂർ രാജാക്കന്മാരുടെ വിശ്രമവേളകൾ കൂടുതലും ചെലവഴിച്ചിരുന്നത് ഈ തടാകത്തിലായിരുന്നു. ഈ തടാകത്തിന്റെ തീരത്ത് രാജാവ് പണിതീർത്ത രാജസൗധം ഇന്ന് രാജകീയ പ്രൗഢിയോടെ നിലനിൽക്കുന്നു. രാജകീയ സ്മരണകൾ ഉണർത്തി നിൽക്കുന്ന കൽമണ്ഡപവും കൊട്ടാരങ്ങളും ഇന്ന് വെള്ളായണി കാർഷിക കോളേജ് ആണ് ഉപയോഗപ്പെടുത്തുന്നത്. ഈ കോളേജ് കോമ്പൗണ്ടിലാണ് അന്തർമേഖലാ ക്രിക്കറ്റ് മത്സരങ്ങൾ നടത്താറുള്ള വെള്ളായണി കാർഷികകോളേജ് സ്റ്റേഡിയം സ്ഥിതിചെയ്യുന്നത്. സംസ്ഥാനത്തിനുള്ളിലും പുറത്തുനിന്നു നിരവധി ടൂറിസ്റ്റുകൾ കേളേജിലെ പൂന്തോട്ടങ്ങൾ സന്ദർശിക്കാറുണ്ട്.

വെള്ളായണികായൽ പ്രശ്നങ്ങളും സാധ്യതകളും

പ്രകൃതിരമണീയ മായ വെള്ളായണികായൽ, കേരളത്തിൽ അവശേഷിക്കുന്ന ശുദ്ധജല തടാകങ്ങളിൽ ഒന്നാണ്. കല്ലിയൂർ പഞ്ചായത്തിലെ അഞ്ചുവാർഡുകളിലായി കായലിന്റെ ഭൂരിഭാഗവും വ്യാപിച്ചു കിടക്കുകയാണ്. ഏഴു ദശാബ്ദങ്ങൾക്കു മുൻപ് കല്ലിയൂർ, വെങ്ങാനൂർ, തിരുവല്ലം, നേമം എന്നീ പഞ്ചായത്തുകളിലായി ഏകദേശം 1800 ഓളം ഏക്കറുകളിലായി വ്യാപിച്ചു കിടക്കുയായിരുന്നു. ഇന്ന് കഷ്ടിച്ച് 1200 ഏക്കറിന് താഴെ മാത്രമേ കായലായി അവശേഷിക്കുന്നുള്ളൂ. ഇതിൽ പലഭാഗങ്ങളും ഇന്ന് മണ്ണിട്ട് നികത്തി കയ്യേറി സ്വകാര്യ ഭൂമികളാക്കിമാറ്റിയിട്ടുണ്ട്.

കുന്നുകൾക്കുള്ളിലെ തെളിഞ്ഞ ജലാശയമാണ് വെള്ളായണികായൽ കുന്നിൻ ചരിവുകളിലെ നീരുറവകളിൽ നിന്നെത്തുന്ന തെളിനീരാൽ സമ്പന്നവുമാണ്. വെള്ളം മലിനപ്പെടുത്തുന്ന വ്യവസായ ശാലകൾ ഒന്നും സമീപത്തില്ലാത്തത് ഭാഗ്യം. വെള്ളായണി കായലിന്റെ പിറവിക്കു പിന്നിലും പുരാവൃത്തങ്ങളുടെ ദിവ്യ സ്പർശമുണ്ട്. അശ്വത്ഥാമാവ് എന്ന മഹർഷി കർഷകനോട് ശുദ്ധജലം ആവശ്യപ്പെട്ടുവെന്നും അപ്പോൾ ഗംഗാജലത്തിനുവേണ്ടി കർഷകൻ പ്രാർത്ഥിച്ചു. നിന്റെ ഗംഗ ഇവിടെതന്നെയാണ് എന്നുപറഞ്ഞുകൊണ്ട് ഒരു നെൽകൊടി വലിച്ചൂരി അപ്പോൾ അവിടെ ഗംഗാ ജലപ്രവാഹം ഉണ്ടായി അത് വെള്ളായണി കായലായി മാറിയെന്നുമാണ് ഐതീഹ്യം.

ഒരു കാലത്ത് ഈ കായൽ താമരപൂക്കൾ നിറഞ്ഞ ജലാശയമായിരുന്നു.

തിരുവനന്തപുരം നഗരത്തിനു സമീപത്തുള്ള വെള്ളായണി കായലിന്റെ പരിശുദ്ധി അപഹരിക്കാതിരിക്കാൻ പഞ്ചായത്ത് ഭരണ സമിതിയും പ്രകൃതി സ്നേഹികളും നിതാന്ത ജാഗ്രത പുലർത്തി വരുന്നുണ്ട്. ആധുനിക നാഗരികതയുടെയും ഫ്ളാറ്റ് സംസ്കാരത്തിന്റെയും മാലിന്യം വെള്ളായണി കായലിന്റെ അകാലമൃത്യുവിന് നിമിത്തമാകരുതെന്നാണ് നാട്ടുകാരുടെ പ്രാർത്ഥന.

തിരുവിതാംകൂർ രാജഭരണകാലത്ത് ഈ കായൽ വിനോദ സഞ്ചാര കേന്ദ്രമായിരുന്നു. അതിന്റെ ഗതകാല സ്മരണകൾ ഉണർത്തുന്ന കോയിക്കൽ കൊട്ടാരം ഒരു സ്മൃതി മണ്ഡപം പോലെ ഇന്ന് തലയുയർത്തി നിൽക്കുന്നു. 1953 മുതൽ ഈ കൊട്ടാരത്തിൽ അഗ്രികൾച്ചർ

കോളേജ് പ്രവർത്തിച്ചു വരുകയാണ്. 1950 കളിൽ സർക്കാറിന്റെ Grow-more food programme ഭാഗമായി വെള്ളായണി കായലിന്റെ പലഭാഗങ്ങളും നെൽകൃഷി ആരംഭിക്കുകയുണ്ടായി. ഇതിന്റെ ഫലമായി നെൽകൃഷിക്കുവേണ്ടി പാട്ടത്തിനുലഭിച്ച കായൽപ്രദേശം കാലാകാലങ്ങളിൽ വന്ന സർക്കാരുകളെ സ്വാധീനിച്ച് പട്ടയങ്ങൾ സമ്പാദിച്ച് സ്വകാര്യ ഭൂമികളാക്കി മാറ്റി. തുടർച്ചയായി കായൽ വറ്റിച്ച് കൃഷി ചെയ്തുവന്നിരുന്നതിന്റെ ഫലമായി സമീപപഞ്ചായത്തുകളിൽ വരൾച്ച അനുഭവപ്പെടുകയും ഭൂഗർഭജലവിതാനം താഴ്ന്നു പോയതായി ശാസ്ത്രീയ പഠനങ്ങൾ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുത്ത് സർക്കാർ വെള്ളായണി കായൽ വെള്ളം വറ്റിച്ച് കൃഷി ചെയ്യുന്നത് 8 വർഷങ്ങളായി നിരോധിച്ചിരിക്കുകയാണ്. സർക്കാർ കായൽ വറ്റിച്ച് കൃഷിഇറക്കി വന്നിരുന്ന കാലത്ത് ഭൂവുടമകൾ കായൽ നിലങ്ങൾ ഭൂരിഭാഗവും മണ്ണിട്ട് നികത്തി തെങ്ങിൻ തോപ്പുകളാക്കി മാറ്റി. ഇന്ന് ഈ പ്രദേശത്തെ കായൽ നിലങ്ങളിൽ വളരെചുരുക്കം കർഷകർ മാത്രമേ നെൽകൃഷിചെയ്യുന്നുള്ളൂ. മാങ്കിളിക്കരി, കാഞ്ഞിരത്തടി ഭാഗങ്ങളിൽ മാത്രമേ നെൽകൃഷി പരിമിതമായി ചെയ്തുവരുന്നുള്ളൂ. മുൻകാലങ്ങളിൽ വെള്ളം വറ്റിച്ച് നെൽകൃഷി ചെയ്തിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന വളവും കീടനാശിനികളും വെള്ളായണി കായലിന്റെ വെള്ളം മലിനപ്പെടുത്തി. ഇത് കാരണം കായലിലെ കൃഷി നിർത്തലാക്കുന്നതിന് മുഖ്യ ഘടകമായി തീർന്നു. കൃഷിയുമായി പുലബന്ധം പോലും ഇല്ലാത്ത ചില തല്പരകക്ഷികളാണ് വീണ്ടും കായൽ വറ്റിച്ച് കൃഷിയിറക്കുവാൻ മുറവിളി കൂട്ടുന്നത്. വെള്ളം വറ്റിക്കുന്ന പ്രദേശത്ത് മണ്ണിട്ട് നികത്താനുള്ള ദുഷ്ടലാക്കാണ് ഇതിന് പിന്നിൽ ഉള്ളത്.

കല്ലിയൂർ പഞ്ചായത്തിലെ നെടിഞ്ഞൽ ശുദ്ധജല വിതരണ പദ്ധതി വെള്ളായണി കായലിനെ ആശ്രയിച്ചാണ് നടത്തിവരുന്നത്. തിരുവല്ലം പഞ്ചായത്തിന് ആവശ്യമായ കുടിവെള്ളം പമ്പ്ചെയ്യുന്നത് വെള്ളായണി കായലിൽ നിന്നാണ്. വെങ്ങാന്നൂർ പഞ്ചായത്തിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് വെള്ളായണി കായലിനെ മാത്രമേ ആശ്രയിക്കാൻ കഴിയൂ. ഇതിന്റെ അടിസ്ഥാനത്തിൽ കല്ലിയൂർ, തിരുവല്ലം, വെങ്ങാന്നൂർ, വിഴിഞ്ഞം, നേമം, പള്ളിച്ചൽ, എന്നി പഞ്ചായത്തുകൾക്കും തിരുവനന്തപുരം നഗരത്തിന്റെ തെക്കൻ മേഖലകളിലേക്കും കൂടി ആവശ്യമായ കുടിവെള്ളം എത്തിക്കുവാൻ ഒരു ബൃഹത്തായ പദ്ധതി വെള്ളായണി കായലിനെ കേന്ദ്രമാക്കി രൂപം നല്കി വരുകയാണ്. ശുദ്ധജല വിതരണ പദ്ധതിയ്ക്ക് ആവശ്യമായ ജലം സംഭരിക്കുവാൻ 1200 ഓളം ഏക്കർ കായൽ പ്രദേശം ആവശ്യമാണ്. ഈ കായൽ പ്രദേശത്തിന്റെ 60, ഏക്കർ സ്വകാര്യ ഉടകളുടെ കൈവശത്താണ് കഴിഞ്ഞ 7-8 വർഷങ്ങളായി കൃഷിയ്ക്ക് ഉപയുക്തമല്ലാത്ത രീതിയിൽ വെള്ളം കയറികിടക്കുന്ന ഈ പ്രദേശങ്ങൾ മുഴുവൻ സർക്കാർ ഏറ്റെടുത്ത് കായലിന്റെ വിസ്തൃതിയും വ്യാപ്തിയും വർദ്ധിപ്പിച്ച് ടി പദ്ധതിയ്ക്ക് അനുയോജ്യമായ രീതിയിൽ കായലായി സംരക്ഷിക്കേണ്ടതാണ്.

സർക്കാർ 1200 ഏക്കർ വരുന്ന കായൽ ഏറ്റെടുത്ത് സംരക്ഷിക്കാൻ കഴിഞ്ഞാൽ, ഇതിൽ 800 ഏക്കർ ഭാഗത്ത് ശുദ്ധജല സംഭരണി നിർമ്മിക്കുന്നതിനും, ബാക്കി വരുന്ന 400 ഏക്കർ കായൽ വിനോദസഞ്ചാരത്തിന് യോഗ്യമായ രീതിയിൽ വികസിപ്പിച്ചെടുക്കാൻ കഴിയും.

ടൂറിസം – മുഖവുര

അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തിന് 5 കി.മീറ്ററിനുള്ളിലാണ് പ്രകൃതിരമണീയമായ വെള്ളായണി കായൽ സ്ഥിതിചെയ്യുന്നത്. ടൂറിസം വികസനത്തിന് വളരെയധികം സാധ്യത

യുള്ള മേഖലയാണിത്. ഇന്ന് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജല പദ്ധതിയ്ക്ക് യാതൊരു വിധ വിഘാതവും വരുത്താതെ വിനോദ സഞ്ചാരികളെ ആകർഷിക്കാവുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി ഇതിനെ വികസിപ്പിച്ചെടുക്കാവുന്നതാണ്.

തിരുവനന്തപുരം പട്ടണത്തിന് തൊട്ടടുത്തും, കോവളത്തുനിന്നും 5 കി.മീ. അകലെയുള്ള ഈ കായലിനെ ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറ്റിയാൽ വിദേശത്തുനിന്നും എത്തുന്നവർക്ക് കോവളം വെള്ളായണി കാർഷിക കോളേജിലെ, രാജ കൊട്ടാരങ്ങൾ, വെള്ളായണി കായൽ, കോളേജിലെ പൂന്തോട്ടങ്ങൾ എന്നിവ സന്ദർശിച്ച് അതുവഴി, വെടിവച്ചാൻ കോവിൽ N.H. 47 ൻ വഴി യാത്ര ചെയ്ത് കന്യാകുമാരിയിലേക്ക് പോകാവുന്നതാണ്.



നിർദ്ദേശങ്ങൾ

വെള്ളായണി കായലിന്റെ ശുദ്ധജല സംഭരണിയായ 800 ഏക്കർ കഴിച്ചാൽ ശേഷമുള്ള കായൽപ്രദേശം ഏകദേശം 400 ഏക്കർ ബോട്ട് യാത്രയ്ക്ക് അനുയോജ്യമായ തരത്തിൽ ബോട്ട് ചാൽ നിർമ്മിച്ച് വിനോദസഞ്ചാരിക്ക് ഏകദേശം 30 ഓളം കി.മീ. ചുറ്റളവിൽ ബോട്ട് യാത്ര ചെയ്യാൻ സൗകര്യപ്രദമാക്കാവുന്നതാണ്. കൂടാതെ കായലോര പ്രദേശങ്ങളെ ബന്ധപ്പെടുത്തി ഒരു റിംങ് റോഡ് കൂടി നിർമ്മിക്കേണ്ടതും, ഇതുമായി ചേർന്ന് പിക്നിക് പാർക്ക്, ചിൽഡ്രൻസ് പാർക്ക്, ഹണിമൂൺ കോട്ടേജ് തുടങ്ങിയ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

സ്പോർട്ട്സ്

സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഈ പ്രദേശത്ത് അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഒരു നീന്തൽക്കുളം നിർമ്മിച്ച് നീന്തൽ പരിശീലനം, വാട്ടർ പോളോ, തുടങ്ങിയ ജല കായിക അഭ്യാസങ്ങൾക്ക് പരിശീലനം കൊടുക്കുക.

ബോട്ട് റൈസ്, യാട്ടിങ്, നാടൻ വള്ളം തുഴയൽ തുടങ്ങിയവയ്ക്ക് പരിശീലനം നൽകുക.


വലിയവള്ളങ്ങളിൽ വീടുകളുണ്ടാക്കി (കുമരകം മോഡൽ) വിദേശികളെ ആകർഷിക്കാവുന്നതാണ്. കായലിൽ ആക്കുളം മോഡൽ റസ്റ്റാറന്റുകൾ ആരംഭിക്കാവുന്നതാണ്.

ശുദ്ധജലത്തിന് കേടുകൂടാതെ യാത്രാവള്ളങ്ങൾ ഉപയോഗിച്ച് ജലഗതാഗതവും നടത്താവുന്നതാണ്. ചിൽഡ്രൻസ് പാർക്കുമായി ബന്ധപ്പെടുത്തി ട്രെയിൻ സർവീസുകൾ, കുതിരസവാരി എന്നിവ ഏർപ്പെടുത്താവുന്നതാണ്.

ഈ വികസനം നടപ്പിലാക്കിയാൽ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് തുടക്കം കുറിക്കാവുന്നതാണ്.

18.

വനവൽക്കരണം



സർവ്വജീവജാലങ്ങളുടെയും നിലനിൽപിനും മൂല്യധാഷ്ഠിത പുരോഗതിക്കും ആവശ്യമായ സകലവിഭവങ്ങളും കൊണ്ടു സമ്പന്നമാണ് പ്രകൃതി. എന്നാൽ തന്റെ വിഭവങ്ങൾ തന്റെ തന്നെ സൃഷ്ടികളായ ജീവജാലങ്ങൾ എങ്ങനെ വിനിയോഗിക്കണം എന്നതിന് പ്രകൃതിക്ക് സ്വന്തമായ നിയമങ്ങളുമുണ്ട്. ഈ നിയമങ്ങളുടെ ഉല്ലംഘനം അവൾ പൊറുക്കില്ല. അവളതിന് ക്രൂരമായ ശിക്ഷ നല്കുകതന്നെ ചെയ്യും. ഈ സത്യത്തെ അവഗണിച്ച് മനുഷ്യൻ അവന്റെ അമിത സ്വാർത്ഥതയും ദുരയും തൃപ്തിപ്പെടുത്താൻ വേണ്ടി പ്രകൃതിക്കുമേൽ നടത്തിയ ക്രൂരമായ കടന്നാക്രമണമണങ്ങൾക്ക് അവളിന്ന് കനത്ത തിരിച്ചടികൾ നൽകികൊണ്ടിരിക്കുകയാണ്. പൊന്മുട്ടകളെല്ലാം ഒന്നിച്ചെടുക്കാൻ വേണ്ടി പാവം താറാവിനെ കൊലപ്പെടുത്തിയ ദുർമ്മോഹിയായ വിഡ്ഢിയെപ്പോലെ പകച്ചു നില്ക്കുകയാണ്അ ഇന്നു മനുഷ്യരാശി. ജീവന്റെ പച്ചപ്പുകളെ നക്കിത്തുടച്ച്, ഒരു ഭീമാകാരനായ അഗ്നിസർപ്പം കണക്കേ ഇഴഞ്ഞടുക്കുന്ന 'സഹാറ' കളെ നേരിടാൻ, മരമായ മരമൊക്കെ വെട്ടി നശിപ്പിച്ച മനുഷ്യൻ 'സാമൂഹ്യവനവൽക്കരണ'ത്തിന്റെ മറുമന്ത്രവുമായി അലഞ്ഞുനടക്കുന്ന കാഴ്ച പ്രകൃത്യംബ ഒരു ഗൂഢസ്മിതത്തോടെ നോക്കിക്കാണുകയാവാം.

സാമാന്യമായ അർത്ഥത്തിൽ നാം വിവക്ഷിക്കാറുള്ള വന പ്രദേശങ്ങളൊന്നും ഈ പഞ്ചായത്തു മേഖലയിലില്ല. വനഭംഗിയുടെ ആദിസ്മൃതികളുണർത്തി, ഈ പഞ്ചായത്തിന്റെ അന്തരീക്ഷത്തിൽ വിശുദ്ധിയുടെ 'അനുഗ്രഹം' ചൊരിഞ്ഞ ആയിരം കരങ്ങളുയർത്തി നിൽക്കുന്ന ആറുസർപ്പക്കാവുകളാണ് ഇവിടെ ആ കുറവു നികത്തുന്നത്.

ആറു കാവുകൾ ഇവയാണ്

1. പാലപ്പൂരുകാവ്
2. മണ്ണയ്ക്കല്ലിൽ കാവ്
3. പൂവണ്ണറത്തൽക്കാവ്
4. മാത്തുവിളക്കാവുകൾ (2)
5. മാത്തൂർക്കോണം കാവ്

റവന്യൂരേഖകൾ പ്രകാരം ഈ പഞ്ചായത്തിന്റെ വ്യത്യസ്ഥ മേഖലകളിലായി 6 ഹെക്ടറോളം ചുറ്റളവിലാണ് ഈ കാവുകൾ നിലകൊള്ളുന്നത് സർപ്പപ്പാട്ടിന്റെ തേൻകുടങ്ങൾ നുരയുന്ന ഒരു മഹാസംസ്മൃതിയുടെ സൗവർണ്ണസ്മൃതികൾ വലയം ചെയ്യുന്ന ഈ കാവുകൾ പലതും ക്രൂരമായ അവഗനയ്ക്കു വിധേയമായി നിലനിൽപിനു കേഴുകയാണ്. കാവുകളുടെ സംരക്ഷണത്തിനും ഉദ്ധാരണ പ്രവർത്തനങ്ങൾക്കും അടിയന്തിര കർമ്മപരിപാടികൾ ആവിഷ്കരിക്കേണ്ടതുമാണ്. അതുപോലെ തന്നെ കാവുകളുമായി ബന്ധപ്പെട്ട് ആചാരാനുഷ്ഠാനങ്ങളിൽ നിന്നും നമ്മുടെ തനതു കലാരൂപങ്ങളുടെയും സംസ്കാരത്തിന്റെ പുരോഗതിക്ക് ഏറെ ഊർജ്ജം ഉൾക്കൊള്ളാനുണ്ട്. അതിനു സഹായകമായി എന്തൊക്കെ ചെയ്യാൻ കഴിയും എന്നു പരിശോധിക്കണം.

കാവുകളുടെ വസ്തുവക ചുറ്റുമുള്ളവർ കൈയ്യേറിയിട്ടുണ്ടെങ്കിൽ അതു കണ്ടെത്തി നിർബന്ധമായും കാവുകളോട് കൂടിച്ചേർക്കുകയും ഭാവിയിൽ ആരും കൈയ്യേറാതിരിക്കാനുള്ള സ്ഥിരം ഏർപ്പാടുകൾ ചെയ്യുകയും വേണം.

അതിനു കാവുകൾക്കു ചുറ്റും, അതിന്റെ സംസ്കാരത്തിനും പ്രൗഡിക്കും ഇണങ്ങുന്ന തരത്തിൽ ചുറ്റുമതിലുകൾ നിർമ്മിക്കണം. സ്ഥലസൗകര്യമുള്ള കാവുകളിൽ ഗ്രാമീണർക്ക് സായാഹ്നങ്ങളിൽ ഒത്തുകൂടാൻ തക്കവണ്ണം ആകർഷകമായ പാർക്കുകൾ സംവിധാനം ചെയ്യാവുന്നതുമാണ്.

സാമൂഹ്യവനവൽക്കരണം

ഒരുകാലത്ത് വൻവൃക്ഷങ്ങൾ ധാരാളമുണ്ടായിരുന്ന ഈ പഞ്ചായത്തു മേഖലയിൽ എന്നാൽ ഗൃഹനിർമ്മാണത്തിനും മറ്റുമായി അവയൊക്കെ ഏതാണ്ടു പൂർണ്ണമായിത്തന്നെ വെട്ടിവീഴ്ത്തിക്കഴിഞ്ഞിരിക്കുന്നു. നാടൻ പ്ലാവ് നാടൻ കശുമാവ്, നാട്ടുമാവുകൾ, പുന്ന, പുളി തുടങ്ങിയ മരങ്ങളിൽ വമ്പിച്ച കുറവു വന്നിട്ടുണ്ട്. മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ പകരം മരങ്ങൾ വച്ചു പിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കണം.

തുണ്ടുഭൂമികൾ കൈവശം വച്ചിട്ടുള്ള ഇടത്തരം കർഷകരാണ് ഈ പഞ്ചായത്തിലെ മുഖ്യ ജനവിഭാഗം. ഇവിടെ വനവൽകരണ പരിപാടിക്ക് പരിഗണിക്കേണ്ടത് റോഡുവക്കുകളും സർക്കാരാഫീസുകളുടെയും സർക്കാർ സ്കൂളുകളുടെയും അങ്കണങ്ങളുമാണ്.

നമ്മുടെ നാട്ടിനിണങ്ങുന്ന രീതിയിൽ, ഇവിടങ്ങളിൽ അടിയന്തിരമായി തണൽ മരങ്ങൾ നട്ടുപിടിപ്പിക്കാൻ പദ്ധതി തയ്യാറാകണം. ആസ്ത്മ പോലുള്ള രോഗങ്ങളുണ്ടാക്കുമെന്നു തെളിഞ്ഞിട്ടു

ള്ളതും നമുക്കു അത്യാവശ്യമല്ലാത്തതുമായ അക്കേഷ്യാ പോലുള്ള മരങ്ങൾ ഒരു കാരണവശാലും ഇക്കാര്യത്തിൽ പരിഗണിക്കാൻ പാടില്ല. വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന കസ്തൂരി, കോട്ടുക്കോണം, കല്ലുവരിക്ക തുടങ്ങിയ നാട്ടുമാവുകളും, നാടൻ വരിക്ക – കൂഴപ്ലാവുകളുമൊക്കെ നട്ടു വളർത്തിയാൽ, അന്തരീക്ഷ ശുദ്ധീകരണത്തിനും തണലിനുമൊപ്പം അവ ധാരാളം ഫലം തരികയും ചെയ്യും. ഒപ്പം ആടുകൾക്കു തീറ്റയും കുറെയേറെ വിറകും കിട്ടുകയും ചെയ്യും. അതുകൊണ്ട് അത്തരം മരങ്ങൾ ആകർഷകമായി അണിനിരത്തി നടുന്നതിനായിരിക്കണം ഊന്നൽ നൽകേണ്ടത്.

റോഡുവക്കുകളിൽ നടുന്ന മേല്പറഞ്ഞ വൻ വൃക്ഷങ്ങളുടെ അകലം ക്രമീകരിച്ച് ഇടയ്ക്കിടെ വർണ്ണ ഭംഗിയുള്ള ചെടിമരങ്ങൾ വച്ചു പിടിപ്പിച്ച് റോഡുവക്കുകളെ ആകർഷകമാക്കാനും ശ്രദ്ധിക്കണം. അതുപോലെ വിദ്യാലയാങ്കണങ്ങളും ഓഫീസങ്കണങ്ങളും പൂന്തോട്ടങ്ങൾ നിർമ്മിച്ചും മോടികൂട്ടാൻ കഴിയണം.

മേൽപറഞ്ഞ സാമൂഹ്യവനവല്കരണ പരിപാടിയും കാവുകളുടെ സംരക്ഷണത്തിനും പരമാവധി ബഹുജന പങ്കാളിത്തം ഉറപ്പുവരുത്താനും മുൻകൂട്ടി ശ്രദ്ധിച്ചിരിക്കണം.

ഈ രംഗത്തു പരഗണിക്കേണ്ട പ്രധാന സംഗതികൾ

1. ഈ പഞ്ചായത്തിലെ കാവുകളുടെ വസ്തുക്കൾ കൈയ്യേറിയിട്ടുള്ളതു തിരിച്ച് പിടിച്ച് വ്യക്തമായ അതിരുകൾ നിർമ്മിക്കുക.

2 കാവുകളെ സംരക്ഷിക്കുക


3 കാവുകൾ കേന്ദ്രീകരിച്ച് ആകർഷകമായി ഗ്രാമീണ പാർക്കുകൾ നിർമ്മിക്കുക

4 റോഡുവക്കുകളിലും സർക്കാരാഫീസുകളുടെയും സ്കൂളുകളുടെയും അങ്കണങ്ങളിൽ തണൽ മരങ്ങൾ വച്ചുപിടിപ്പിക്കുക.

5 തണൽമരങ്ങൾക്കിടയിൽ ചെടിമരങ്ങളും പൂന്തോട്ടങ്ങളും നിർമ്മിച്ച് ആകർഷകമാക്കുക.

6 വൃക്ഷങ്ങളെ സ്നേഹിക്കേണ്ടതിന്റെയും സംരക്ഷിക്കേണ്ടതിന്റെയും അവ ധാരാളമായി വച്ചു പിടിപ്പിക്കേണ്ടതിന്റെയും ആവശ്യം ജനങ്ങളെ ബോധ്യപ്പെടുത്തുക.

7 കുളം പുറമ്പോക്കുകൾ, തോട്, പുറമ്പോക്കുകൾ ചാനൽ പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ മൺറോഡുകളിലും PWD റോഡുകളിലും സാദ്ധ്യതയുള്ള സ്ഥലങ്ങളിലും തണൽ മരങ്ങൾ (വിലിപിടിപ്പുള്ള വൃക്ഷതൈകളും) നട്ടുപിടിപ്പിക്കുന്നത് ഭാവിയിൽ ഒരു മുതൽക്കൂട്ടാവുകയും മണ്ണൊലിപ്പ് തടയുന്നതിന് ഫലപ്രദമായ നടപടിയായിരിക്കും.





കല്ലിയൂർ ഗ്രാമ പഞ്ചായത്ത് ജീവനക്കാർ


ശ്രീമതി സുധാമണി (സെക്രട്ടറി)
ശ്രീമതി ശാരദ (ഹെഡ് ക്ലാർക്ക്)
ശ്രീ കൃഷ്ണൻനായർ (യു.ഡി.സി)
ശ്രീമതി കൃഷ്ണകുമാരി (യു.ഡി.സി)
ശ്രീ രവികുമാരൻതമ്പി (ഓവർസീയർ)
ശ്രീ രഘുനാഥൻ (എൽ.ഡി.സി)
ശ്രീ സോമൻ (എൽ.ഡി.സി)
ശീമതി വിലാസിനി (എൽ.ഡി.സി)
ശ്രീമതി ലീല (പ്യൂൺ)
ശ്രീമതി സുഭദ്ര (പ്യൂൺ)
ശ്രീ കമലഹാസനൻ (നൈറ്റ് വാച്ച്മാൻ)

ഉപസംഹാരം


നിലവിലുള്ള വികസന സങ്കൽപ്പങ്ങളെ പൂർണ്ണമായും നിരാകരിച്ച്കൊണ്ടുള്ള ഈ നൂതന സംരംഭങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ ജനങ്ങളിൽ പുതിയൊരു വികസന സംസ്കാരം രൂപപ്പെടുത്താൻ കഴിയുന്നതാണ്. നൈരാശ്യത്തിന്റെ നീർകയങ്ങളിൽപ്പെട്ടുഴലുന്ന ജനങ്ങളുടെ നിസ്സഹായാവസ്ഥ മുതലെടുത്ത് ജാതിമതങ്ങളുടെ വേലികെട്ടിനുള്ളിൽ ജനത്തിന്റെ സത്വബോധം തളച്ചിടുന്ന ദേശദ്രോഹികളെ പരാജയപ്പെടുത്തുന്നതിന് പ്രസ്ഥാനത്തിന് കഴിയും. വികസനമെന്നത് കേവലം റോഡുകളും, പാലങ്ങളും നിർമ്മിയ്ക്കൽ മാത്രമല്ല മറിച്ച് വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹ്യ പ്രക്രിയയാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. കേന്ദ്രീകൃത ഭരണവ്യവസ്ഥ നിലവിലിരിയ്ക്കുന്നു. നമ്മുടെ സമൂഹത്തിൽ അഴിമതിയും ജനങ്ങളിൽ നിന്നുള്ള അന്യവത്ക്കരണവും സ്വഭാവികമായിതന്നെ ഉണ്ടാകുന്നു. ഭരണപ്രവർത്തനങ്ങ[illegible] താഴെതട്ടിലുള്ള ഗ്രാമീണ ജനങ്ങൾക്ക് യാതൊരു പ്രാതിനിധ്യവും ഇല്ലെന്നുമാത്രമല്ല, നടപ[illegible]ക്രമങ്ങളുടെയും കീഴ്വഴക്കങ്ങളുടേയും നൂലാമാലകളിൽപ്പെട്ട് സാധാരണക്കാരന്റെ ആവശ്യങ്ങളും ആവലാതികളും പരിഹരിക്കപ്പെടാതെ പോവുകയാണ്. മഹാത്മഗാന്ധിയുടെ "ഗ്രാമസ്വരാജ്" എന്ന സ്വപ്നം പൂവണിയുന്ന ഒരു മഹത്തായ പ്രവർത്തനത്തിലാണ് നാം പങ്കാളികളാവുന്നത്. വിസനമെന്നത് ഒരിയ്ക്കലും തീരാത്ത പ്രക്രിയാണ് അതിനാൽ ഇത് ഒരു അവസാന വാക്കല്ല. ഇനിയും മുന്നോട്ടുതന്നെ പതറാതെ തളരാതെ നമുക്ക് സഞ്ചരിക്കേണ്ടതുണ്ട്. ഒരുമിച്ച് നിൽക്കാം നമുക്ക്; ഒരു പാട് നേടാം നമുക്ക്.

സ്നേഹപൂർവ്വം

B.L. ഹോമ
പ്രസിഡന്റ്
കല്ലിയൂർ ഗ്രാമപഞ്ചായത്ത്


KALLIYOOR PANCHAYATH
N
S
Manalkunnu
Nemom Panchayath
Santhivila Jn:
R.C church
Thennur Sasthaan kovil
Thannur kulam
Kuruvani Jn:
Kuruvani Mosque
TVM
Nemom LPS
Palayankonathu Kulam
NH47
Panachamoodu Jn:
Mandhu Thodu
Sivodayam Temple
Vellayani Devi Temple
Cherukkadavandaram Temple
Pallichal Thodu
Pallichal Jn:
Vellayani Reservoir
MSCLPS Devikod
Thiruvallam Panchayath
Puraikkottu Kulam
Valiyarkonam Kulam.
Mullivilakkottu Kulam.
Konathu Kulam
Kannakkattu Kulam
Pallichal Panchayath
Palappoor Jn:
Chankattu Kulam
Vanitha Temple
Vellayani Lake
Mallaar-konam Kulam
Pulikka kulam
Govt: H.S. Punnamoodu.
Punnamoodu Jn:
Kennampara Kulam
Kulakottukonam Kulam
Alathara kulam
Himamkattu Kulam
Agriculture college Vellayani
Kolangara Temple
LMS Church
Mangalathu Konathu Kulam
Signal Station
LPS Palappoor
CSI Rakkiyapuram
Pentecost church
R.C.church Kakkamoola
Kamukinkarthi Kulam.
Kozhipalachal Kulam
ABC Jn:
SALPS
R.C.Church Peringammala
Thengampallikonam Kulam.
Punkulam Jn:
Venganoor Panchayath
Peringammala Jn:
RC LPS
Vizhinjam
Abstract:
Road (PWD)
chanel
Thodu
Panchayath Road
Kulam
School
Temple
Church
Mosque
Govt: Building
1 Cm = 100 Meters
1 CM , 100 Meters


ഒമ്പതാംപദ്ധതി
ജനകീയപദ്ധതി



കല്ലിയൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്

നമ്പർ. 1243 (സ്ഥാപിതം 1926)

കല്ലിയൂർ പി. ഒ. തിരുവനന്തപുരം - 12 ഫോൺ 400259.



ഈ ബാങ്കിന്റെ പ്രത്യേകതകൾ:

കോടികളുടെ ആസ്തിയുള്ള ഈ ബാങ്കിലെ നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ, സർക്കാർ ഗാരന്റി. 61 മാസംകൊണ്ട് നിക്ഷേപം ഇരട്ടിക്കുന്നു.

കുറഞ്ഞ പലിശനിരക്കിൽ സ്വർണ്ണപണയം ഉൾപ്പെടെ വിവിധ ഇനം വായ്പകൾ.

വിവിധ സമയങ്ങളിൽ പ്രതിമാസ ലേലച്ചിട്ടികൾ. വാഹനങ്ങൾക്കും ഗൃഹോപകരണങ്ങൾക്കും ഹയർ പർച്ചേയ്സ് വായ്പ.

സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം.

കർഷകർക്ക് വളങ്ങളും കീടനാശിനികളും ലഭ്യമാക്കുന്നു.

1988, 1990, 1994 വർഷങ്ങളിൽ മാതൃകാപരമായ പ്രവർത്തനത്തിന് ഗവൺമെന്റിൽ നിന്നും അവാർഡ് ലഭിച്ച ജില്ലയിലെ പ്രമുഖ സഹകരണ ബാങ്ക്. നിങ്ങളുടെ ബാങ്കിംഗ് ഇടപാടുകൾക്ക് ഞങ്ങളെ സമീപിക്കുക.

എ. പ്രസന്നകുമാരൻ നായർ (പ്രസിഡന്റ്) സി. വിദ്യാധരൻ (സെക്രട്ടറി)

ഡയറക്ടർബോർഡ്

കെ. ബാലകൃഷ്ണൻനായർ
എം.സി. ബാലകൃഷ്ണൻനായർ
സി. ചെല്ലപ്പൻ
പി. കൃഷ്ണൻകുട്ടിപണിക്കർ
എൻ. പ്രഭാകരൻ
എൻ. രവീന്ദ്രപണിക്കർ
റ്റി. രാധമ്മ
ഇ. വർഗ്ഗീസ്

സമർപ്പണം


നേമം ഗ്രാമ പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകളിൽ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്നനിർദ്ദേശങ്ങൾ,വിവിധവകുപ്പുകളിൽനിന്നുംലഭ്യമായസ്ഥിതി വിവരക്കണക്കുകൾ, പഠനപര്യടനത്തിലൂടെശേഖരിച്ചവിവരങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട്പഞ്ചായത്തുകമ്മറ്റിയും, പഞ്ചായത്തുതല ആസൂത്രണ സമിതി പ്രവർത്തകരുംചേർന്നു രൂപീകരിച്ച ഈ വികസന റിപ്പോർട്ട് ചർച്ചകളിലൂടെയുള്ള നിർദ്ദേശങ്ങളോടു കൂടി സമഗ്രമാക്കുന്നതിന് സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

ബി. പ്രഭാവതി
പ്രസിഡൻറ്

നേമം
25-11-1996

പാലൊളി മുഹമ്മദ്കുട്ടി
തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി



ഫോൺ { ഓഫീസ്: 67895
67796
വസതി: 67391
66449

തിരുവനന്തപുരം

തീയതി: 26/11/96

പ്രിയപ്പെട ശ്രീമതി പ്രഭാവതി

ജനകീയ ആസൂത്രണ പദ്ധതിയുടെ പ്രവർത്തനങ്ങൾ നേമം ഗ്രാമ പഞ്ചായത്തിൽ ഭംഗിയായി നടന്നുവരുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട് നമ്മുടെ സംസ്ഥാനത്ത് പുതിയൊരു വികസന സംസ്കാരം സൃഷ്ടിക്കുന്നതിന് ജനകീയ ആസൂത്രണത്തിന്റെ ഇതുവരെ നടന്ന പ്രവർത്തനംമൂലം കഴിഞ്ഞിട്ടുണ്ട്. ഭരണ നിർവഹണ-ത്തോടൊപ്പം വികസനത്തിനും പ്രാമുഖ്യം നല്കിയാൽ മാത്രമേ അധികാര വികേന്ദ്രീകരണം ഫലവത്താകുകയുള്ളു. നേമം ഗ്രാമ പഞ്ചായത്തിന്റെ വികസന സെമിനാർ ഈ ലക്ഷ്യം സാധൂകരിക്കുന്നതിന് സഹായകമാകട്ടെ എന്ന് ആശംസിക്കുകയും ഗ്രാമപഞ്ചായത്തിന്റെ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

ആശംസകളോടെ

26/11

ശ്രീമതി വി. പ്രഭാവതി
പ്രസിഡന്റ്
നേമം ഗ്രാമ പഞ്ചായത്ത്

A. K. APPOOTY
DIRECTOR OF PANCHAYATS
KERALA

THIRUVANANTHAPURAM
PHONE : Office : 63286
Resi : 418648


തീയതി: 22.11.96

സന്ദേശം

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കുന്നതിന്റെ ഭാഗമായി നേരം പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കി അച്ചടിക്കുന്നുവെന്നു അറിയുന്നതു സന്തോഷകരമാണ്. ഗ്രാമസഭകളിലൂടെ രൂപീകരിക്കുന്ന ഗ്രാമീണ ജനതയുടെ വികാരം തുടിച്ച് നില്ക്കുന്ന ഈ രേഖ പഞ്ചായത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളാകും പ്രതിപാദിക്കുന്നതു്. ഇതു കൂടാതെ പഞ്ചായത്തിനെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങളും വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തുമെന്നു കരുതുന്നു. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന ഈ അടിസ്ഥാന രേഖ പഞ്ചായത്തിന്റെ ഭാവി പ്രവർത്തനങ്ങൾക്കും പഞ്ചായത്തിനെ അടുത്തറിയുന്നതിനും ഏറെ സഹായിക്കും.

പഞ്ചായത്തിന്റെയും പൊതുജനങ്ങളുടെയും ഒത്തൊരുമയുടെ പ്രതീകമായ ഈ സംരംഭത്തിനു് എല്ലാവിധ വിജയാശംസകളും നേരുന്നു.


എ.കെ. അപ്പൂട്ടി,
പഞ്ചായത്ത് ഡയറക്ടർ.



NEMOM PANCHAYAT

ADMINISTRATIVE

0.25 0 1.25 2.50 3.75 5.00 6.25 Km



INDEX


- National highway
- Other Roads
- Railway
- Post office
- Police station
- Panchayat office

LOCATION MAP

KERALA



ശ്രീ. ഒ. ഷാഹുൽ ഹമീദ്
ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ്
(1953-1979)




ശ്രീ. പുള്ളൂർക്കുടി മാധവൻ നായർ
പ്രസിഡന്റ്
(1979-1984)



ശ്രീ. എസ്.എം. കാസിം
പ്രസിഡന്റ്
(1988-1995)



ശ്രീമതി. ബി. പ്രഭാവതി
പ്രസിഡന്റ്
(1995 മുതൽ)




ശ്രീ. നേമം വി. കൃഷ്ണൻ നായർ
വൈസ് പ്രസിഡന്റ്
(1995 മുതൽ)


നേമം ഗ്രാമപഞ്ചായത്ത്



ശ്രീമതി . എൽ. വസന്തകുമാരി
(I-ആഫീസ്)




ശ്രീ. എ. കമാലുദ്ദീൻ
(II-പൊന്നുമംഗലം)




ശ്രീ. ജി. ജയചന്ദ്രൻനായർ
സ്റ്റാൻഡിംഗ് കമ്മറ്റിയംഗം
(III- നടുവത്ത്)




ശ്രീമതി. സി. ആർ. തുളസീഭായി
സ്റ്റാൻഡിംഗ് കമ്മറ്റിയംഗം
(IV-മേലാംകോട്)



ശ്രീ. എസ്. ഗോപകുമാർ
(V - കരുമം)




ശ്രീ. വി. മോഹനകുമാരൻനായർ
(VI- ഇടഗ്രാമം)



ശ്രീ. ആർ. രാജേന്ദ്രൻ
സ്റ്റാൻഡിംഗ് കമ്മറ്റിയംഗം
(VII - കോളേജ്)




ശ്രീമതി. ബി. പ്രഭാവതി
പ്രസിഡന്റ്
(VIII - കൈമനം)



ശ്രീ. എം. കെ. അനിൽകുമാർ
സ്റ്റാൻഡിംഗ് കമ്മറ്റിചെയർമാൻ
(IX - ഗ്യാരേജ്)




ശ്രീ. പി. പങ്കജാക്ഷൻനായർ
(X- പാപ്പനംകോട്)



ശ്രീ. പാപ്പനംകോട് ഉണ്ണി
സ്റ്റാൻഡിംഗ് കമ്മറ്റിയംഗം
(XI- ഹൈസ്കൂൾ)




ശ്രീമതി. വി. റീന
(XII- കോലിയക്കോട്)



ശ്രീ. നേമം വി. കൃഷ്ണൻനായർ
വൈസ് പ്രസിഡന്റ്
(XIII - എസ്റ്റേറ്റ്)



ശ്രീമതി. മേബൽ ഗ്ലോറി
(XIV- പൂഴിക്കുന്ന്)



ശ്രീ. ആർ. രവീന്ദ്രൻനായർ
(XV - നേമം)

നേമം ഗ്രാമപഞ്ചായത്ത്



പാപ്പനംകോട് നിയോജകമണ്ഡലത്തിലെ വിശേഷാൽ ഗ്രാമസഭ
(സ്ഥലം:- എൻ.എസ്.എസ്. കരയോഗമന്ദിരം,പാപ്പനംകോട്)

നേമം ഗ്രാമപഞ്ചായത്ത്



കോളേജ് നിയോജകമണ്ഡലത്തിലെ വിശേഷാൽ ഗ്രാമസഭ
(സ്ഥലം:- അമൃതവർഷിണി കല്യാണമണ്ഡപം, നീറമൺകര)

ഉള്ളടക്കം

ആമുഖം

ചരിത്രപശ്ചാത്തലം

പൊതുവിവരങ്ങൾ

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം

മത്സ്യബന്ധനം

വിദ്യാഭ്യാസം

കുടിവെള്ളം

ആരോഗ്യം

വ്യവസായം

ഊർജ്ജം

പാർപ്പിടം

സംസ്ക്കാരം - കായികസംസ്ക്കാരം

വനിതാക്ഷേമം

സഹകരണസംഘങ്ങൾ

പൊതുവിതരണമേഖല

പട്ടികജാതി പട്ടികവർഗ്ഗവികസനം

വിഭവസമാഹരണം

ആമുഖം

ആസൂത്രണം എന്ന ആശയത്തിന് മനുഷ്യനോളം പഴക്കമുണ്ട്. പ്രശസ്ത ദാർശനികനായ പ്ലേറ്റോ "റിപ്പബ്ലിക്ക്' എന്ന് ഗ്രന്ഥത്തിൽ ആസൂത്രണം എന്ന ആശയം അവതരിപ്പിച്ചിട്ടുണ്ട്.

ഭാരത്തിൽ ഗാന്ധിയൻ തത്വചിന്തകളിൽ നിന്നാണ് ആസൂത്രണം എന്ന ആശയം ഉരുത്തിരിഞ്ഞിട്ടുള്ളത്. ഓരോ ഗ്രാമവും ആഭ്യന്തരകാര്യങ്ങളെ സംബന്ധിച്ചിടത്തോളം സ്വതന്ത്രപരമാധികാര റിപ്പബ്ലിക്കായിരിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. സ്വാശ്രയത്തിൽ അധിഷ്ഠിതമായ അഞ്ച്ലക്ഷം ഗ്രാമങ്ങൾ! ആ ഗ്രാമങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾ പരസ്പരം സ്നേഹിച്ചും സഹായിച്ചും സഹകരിച്ചും സാഹോദര്യത്തോടെ ജിവിയ്ക്കുന്ന ഒരു സ്ഥിതിവിശേഷം. അതായിരുന്നു ഇൻഡ്യയെക്കുറിച്ചുള്ള ഗാന്ധിജിയുടെ സങ്കൽപം.

ആസൂത്രണത്തിന്റെ ആത്യന്തികമായ ലക്ഷ്യം സാമ്പത്തിക അഭിവൃദ്ധിയും സാമൂഹിക നീതിയും ആണ്. ഓരോ പ്രദേശത്തിന്റേയും പ്രത്യേകതകൾ ഉൾക്കൊണ്ട്കൊണ്ട് അവിടെ ലഭ്യമായ വിഭവങ്ങളെ വിലയിരുത്തി തന്നാട്ടുകാരുടെ ആവശ്യങ്ങളെ മുൻഗണനാക്രമത്തിൽ പരിഗണിച്ചാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമസഭകളുടേയും വാർഡുകമ്മിറ്റികളുടേയും സന്നദ്ധ സംഘടനകളുടേയും സജീവപങ്കാളിത്തമുണ്ടാകുമ്പോൾ ആസൂത്രണം ജനകീയമായി മാറും. ഓരോ പ്രദേശത്തേയും പ്രകൃതി വിഭവങ്ങൾ മനുഷ്യസമ്പത്ത്, സാമ്പത്തിക നിലവാരം, പരമ്പരാഗത സാങ്കേതിക ജ്ഞാനം എന്നിവ കണക്കിലെടുത്ത് തയ്യാറാക്കുന്ന ആസൂത്രണത്തിന് മാത്രമേ ലക്ഷ്യം കൈവരിയ്ക്കാൻ സാധിക്കുകയുള്ളൂ. ഗ്രാമത്തിലെ മാനവ വിഭവശേഷിയും തൊഴിൽ വൈദഗ്ദ്ധ്യവും നേരാവണ്ണം വിനിയോഗിക്കപ്പെടണമെങ്കിൽ ഭരണചക്രം താഴേക്കിടയിൽ നിന്ന് തന്നെ തിരിയ്ക്കണം. ഉത്തരവാദിത്വം ജനങ്ങളിൽ അർപ്പിതമാകുമ്പോൾ പദ്ധതികളിൽ പങ്കാളികളാകാൻ ജനങ്ങൾക്ക് സ്വയമേവ താല്പര്യമുണ്ടാകും. വികേന്ദ്രീകരണ ആസൂത്രണത്തിന് ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്നുള്ളതിന് സംശയമില്ല. നാടിന്റെ ഭാഗ്യവിധാതാക്കളാകാൻ ലഭിക്കുന്ന അവസരം അവരെ കർമ്മോത്സുകരാക്കും.

ലോകബാങ്ക് 42 വികസ്വര രാജ്യങ്ങളിലെ പ്രോജക്റ്റുകളെക്കുറിച്ച് സമഗ്ര പഠനം നടത്തിയതിൽ കേന്ദ്രീകൃത ആസൂത്രണം പരാജയത്തിന്റെ പടുകുഴിയിലേയ്ക്ക് വഴുതിവീണ നിരവധി സന്ദർഭങ്ങളിൽ വികേന്ദ്രീകൃത ആസൂത്രണം വിജയത്തിന്റെ വെന്നിക്കൊടി പാറിച്ചിട്ടുള്ളതായി കാണാം. പൊതുനിരത്തുകളുടെ അറ്റകുറ്റപ്പണികളെ കേന്ദ്രീകരിച്ചാണ് പഠനം നടത്തിയത്. വികേന്ദ്രീകൃതമായ സമീപനം റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലും അറ്റകുറ്റപ്പണികൾ കുറ്റമറ്റതാക്കിതീർക്കുന്നതിലും പൂർണ്ണ വിജയമായിരുന്നതായും പ്രസ്തുത പഠനം പറയുന്നു. കുടിവെള്ളത്തിനുള്ള ചെലവാണ് ലോകബാങ്കിന്റെ പഠനത്തിന് വിധേയമായ മറ്റൊരു വിഷയം. പഴയ സംവിധാനത്തിൽ ഒരു യൂണിറ്റ് വെള്ളത്തിന് ചെലവായ തുകയുടെ നാലിലൊന്ന് മാത്രം ചെലവഴിച്ച് ഈ ഉദ്യമം വിജയിപ്പിക്കുവാൻ വികേന്ദ്രീകൃത സംവിധാനത്തിൽ സാധിച്ചുവെന്ന് പഠനം പറയുന്നു. ഇൻഡ്യയിൽ അഞ്ചാണ്ട് പദ്ധതികൾ 8 കഴിഞ്ഞിരിക്കുന്നു എങ്കിലും ഇന്നത്തെ സ്ഥിതി. മഹാഭൂരിപക്ഷം പേരും അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റാനാവാതെ നിരാശരും പരാജിതരുമായി കഴിയുന്നു.. ഈ സ്ഥിതിവിശേഷം മാറേണ്ടതല്ലേ? മാറ്റേണ്ടതല്ലേ? അതിന് വേണ്ടിയുള്ള ഒരു യജ്ഞമാണ് ജനകീയ ആസൂത്രണ പരിപാടി. മാതൃകയി

[illegible] നമ്മുടെ ഐക്യശക്തിയേയും കർമ്മോത്സുകതയേയും ആശ്രയിച്ചിരിക്കുന്നു. അതിനായി ഒരു പുതിയ കർമ്മകാണ്ഡം തന്നെ നമുക്ക് ആരചിക്കാം.

1994-ൽ ഇന്ത്യൻ ഭരണഘടനയിൽ 73, 74- ഭരണഘടനാ ഭേദഗതികൾ നിലവിൽ വന്നതോടുകൂടി ജനങ്ങളിൽ അധികാരം ലഭിയ്ക്കുകയും ഇന്നലെയുടെ വെല്ലുവിളികൾ മനസ്സിലാക്കിക്കൊണ്ട് മുന്നോട്ട് പോകുകയുമാണ്. സാമൂഹ്യ പരിവർത്തനത്തിന് മാർഗ്ഗ ദർശനം നൽകുന്ന തത്വശാസ്ത്രത്തിന്റെ ചെറുത്തുനില്പ് ഒരു പരിധിവരെയെങ്കിലും സമൂഹത്തെ പുരോഗതിയിലേക്ക് നയിച്ചിട്ടുണ്ട്. ചരിത്രത്തിന് ഭൗതീകവാദപരമായ ഒരു വിശദീകരണം നൽകുവാൻ കഴിഞ്ഞതാണ് വലിയ നേട്ടമായി നാം കാണേണ്ടത്. മനുഷ്യ സമ്പ്രദായത്തിന്റെ ചരിത്രം ശാസ്ത്രീയമായി മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോൾ ചിലകാര്യങ്ങൾ നാം പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ടതാണ്. ഒരു സാമൂഹ്യ വ്യവസ്ഥയിൽ നിന്ന് മറ്റൊരു സാമൂഹ്യവ്യവസ്ഥയിലേക്ക് പരിവർത്തനം നടക്കുമ്പോൾ മുൻ സാമൂഹ്യവ്യവസ്ഥയുടെ അവശിഷ്ടങ്ങൾ പുതിയ സാമൂഹ്യ വ്യവസ്ഥയിലും കാണാം. ഒരു സാമൂഹ്യ വ്യവസ്ഥയിൽ ആധിപത്യം വഹിക്കുന്നതും നിർണ്ണായകമായ ഉല്പാദന ബന്ധങ്ങൾ ഏതാണോ അതാണ് ആ സാമൂഹ്യ വ്യവസ്ഥയുടെ സ്വഭാവം തീരുമാനിക്കുന്നത്.

ചരിത്രം സൃഷ്ടിക്കുന്നത് ജനങ്ങളാണ്. ചരിത്രം സൃഷ്ടിക്കുന്ന ബഹുജനങ്ങൾ അവരുടെ നേതാക്കന്മാരേയും മഹാന്മാരേയും കൂടി സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

നേമം ഗ്രാമപഞ്ചായത്തിൽ 9-ാം പദ്ധതി നടപ്പിൽവരുന്നതോടുകൂടി പദ്ധതിയുടെ 35-40% തുക വിനിയോഗയ്ക്കുന്നതിന് ഒരു പുതിയ വികസന പാത വെട്ടിത്തുറക്കുവാൻ പോകുകയാണ്. 15 നിയോജക മണ്ഡലങ്ങളിലും ജനകീയ ആസൂത്രണ പദ്ധതികൾ അടിത്തട്ടിൽ നിന്നും രൂപം കൊടുക്കുവാനും പ്രശ്നങ്ങളും പരിഹാരങ്ങളും നിർദ്ദേശിക്കുവാനും വിശേഷാൽ ഗ്രാമസഭകളിൽ പങ്കെടുക്കുത്ത എല്ലാപേർക്കും കഴിഞ്ഞിട്ടുണ്ട്. ആ പ്രശ്നങ്ങൾ മുകൾത്തട്ടുവരെ എത്തിച്ച് പണവും മനുഷ്യവിഭവങ്ങളും കണ്ടെത്തി ഓരോ പദ്ധതികളായി രൂപപ്പെടുത്തി ബഹുജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുകയാണ്. ഇനി ശേഷിയ്ക്കുന്ന ജോലികൾ വികേന്ദ്രീകൃത ആസൂത്രണം ഇന്ത്യയ്ക്കു ആകെ മാതൃകയാക്കുക എന്ന ഒരു ലക്ഷ്യം കൂടെ നമുക്കുണ്ട്.

പന്ത്രണ്ട് വിശേഷാൽ ഗ്രാമസഭകളിൽ 200-നു താഴെയും, കോളേജ്, കരുമം, കൈമനം എന്നീ നിയോജകമണ്ഡലങ്ങളിൽ 300-നും 500-നും ഇടയ്ക്കും അംഗങ്ങൾക്ക് പങ്കെടുത്തതിലൂടെ കഴിഞ്ഞത് അധികാരത്തിന്റെ ചലനങ്ങൾ ജനമദ്ധ്യത്തിൽ എത്തിക്കുന്നതിന് തുടക്കം കുറിക്കുവാൻ കഴിഞ്ഞു.

നേമം ഗ്രാമപഞ്ചായത്തിന്റെ എല്ലാ വികസന പ്രവർത്തനങ്ങളും ജന പങ്കാളിത്തത്തോടുകൂടി സുതാര്യവും നീതിപൂർവ്വവുമായി നടപ്പിലാക്കുകയാണെങ്കിൽ വികസന രംഗത്ത് അസൂയാർഹമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് നമുക്ക് മുന്നോട്ട് പോകാൻ കഴിയും. മഹിളകളുടെ മഹൽശക്തി ഉയർത്തി കർമ്മ പദത്തിലേക്ക് തിരിച്ചുവിടാനും, യുവചേതനയെ നിസ്സംഗതയിൽ നിന്നുണർത്തി അദ്ധ്വാനശക്തി വിവിധ മേഖലകളിലേയ്ക്ക് സംഭാവന ചെയ്യിപ്പിക്കുവാനും കഴിഞ്ഞാൽ പുതിയ ഭൂമിയിലെ നവശില്പികളായി നമുക്ക് രംഗപ്രവേശം ചെയ്യുവാനും 9-ാം പദ്ധതി നടപ്പിലാക്കുന്ന സുദിനത്തിൽ പരിവർത്തനത്തിന്റെ പുതിയ രാഷ്ട്രീയസംസ്ക്കാരം നടപ്പിലാക്കാനും നമുക്ക് സാധിയ്ക്കുന്നതാണ്.

*

ചരിത്രപശ്ചാത്തലം

നേമം പഞ്ചായത്തിന്റെ ഭരണ ചരിത്രം ആരംഭിക്കുന്നത് 1953 കാലഘട്ടത്തിലാണ്. നെയ്യാറ്റിൻകര താലൂക്കിൽപ്പെട്ടനേമം വില്ലേജായിരുന്നു ഭരണപ്രദേശം. ഇന്നത്തെ പഞ്ചായത്തും, നേമം പഞ്ചായത്തും ഒത്തു ചേർന്ന ഭൂപ്രദേശമായിരുന്നു ഇത്. പഞ്ചായത്തിനാകെ 7266 എക്കർ വിസ്തൃതി ഉണ്ടായിരുന്നു. കരമനയാറ്, ശുദ്ധജല തടാകമായ വെള്ളായണി കായൽ എന്നിവ ഉൾപ്പെട്ടിരുന്നു. വിളപ്പിൽ, പള്ളിച്ചൽ, തിരുവല്ലം, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവ ഈ പഞ്ചായത്തിന് അതിരുകൾ തീർത്തു. വില്ലേജ് ഓഫീസ്, മേൽക്കങ്ങാണം വില്ലേജാഫീസ്, നേമം പോലീസ് സ്റ്റേഷൻ, സബ് രജിസ്ട്രാർ കച്ചേരി, കേരളാ ട്രാൻസ്പോർട്ടിന്റെ സെൻട്രൽ വർക്സ്, ട്രാവൻകൂർ ടെക്സ്റ്റയിൽസ്, തൃക്കുളങ്ങര ദേവസ്വം ഓഫീസ്, നേമം ഡിസ്പെൻസറി തുടങ്ങിയവ ഇക്കാലത്ത് ഇവിടെ പ്രവർത്തിച്ചിരുന്നു. നേമം എൽ.പി.എസ്, പൊന്നുമംഗലം എം.എസ്.സി. എൽ. പി. എസ്, കരുമം എൽ. പി.എസ്,കോലിയക്കോട് ഹരിജൻ വെൽഫയർ സ്കൂൾ,വെള്ളായണി ഗവൺമെന്റ എൽ.പി.എസ്, വെള്ളായണി എം. എസ്. സി. എൽ. പി. എസ്, പുന്നമൂട് ഗവൺമെന്റ് യു.പി.എസ്, കല്ലിയൂർ എം.എസ്.സി. എൽ.പി.എസ്, പൂഴിക്കുന്ന് സെന്റ് ആന്റണീസ് എൽ.പി.എസ്, പാപ്പനംകോട് എൽ.പി.എസ്. തുടങ്ങിയവ വിദ്യാഭ്യാസമേഖലയെ പരിപോഷിപ്പിച്ചിരുന്നു. കേരളത്തിലെ ആദ്യത്തെ കാർഷിക വിദ്യാഭ്യാസ സ്ഥാപനമായ വെള്ളയാണി കാർഷിക കോളേജ് ഉദയം ചെയ്തത് ഇവിടെയായിരുന്നു. 1953 -ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് കക്ഷി രാഷ്ട്രീയാടിസ്ഥാനത്തിൽ ആയിരുന്നില്ല. പൗരമുന്നണിയുടെ പേരിലും, പ്രാദേശിക പ്രമാണിത്വമുള്ളവർ വ്യക്തിപരമായും വിജയിച്ചുവന്നു. ആദ്യത്തെ പഞ്ചായത്തിൽ 12 വാർഡുകളും, ഹരിജൻ പ്രാതിനിധ്യത്തിന് വേണ്ടി ദ്വയാംഗവാർഡും നിലവിലുണ്ടായിരുന്നു. ആദ്യത്തെ ഹരിജൻ പ്രതിനിധിയായി കർഷകത്തൊഴിലാളിയായ ശ്രീ.രാഘവൻ തെരഞ്ഞെടുക്കപ്പെട്ടു. മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടശേഷം അദ്ദേഹത്തെ കാർഷിക ജോലിക്ക് ആരും വിളിക്കാത്ത അവസ്ഥയുണ്ടായിരുന്നു. പട്ടിണിയിൽ കഴിഞ്ഞ അദ്ദേഹത്തിന് ട്രാൻസ്പോർട്ടിൽ ജോലി ലഭിക്കുകയും, തുടർന്ന് കാക്കാമൂല സ്വദേശി ശ്രീ.മാധവൻ മെമ്പറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ആദ്യത്തെ പഞ്ചായത്തിൽ മുകളൂർവട്ടം വാർഡിൽ നിന്നും ശ്രീമാൻ കടിച്ചൽ കേശവപിള്ള എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. നേമം വാർഡിൽ നിന്നും ഒരോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ച ശ്രീ.സുബ്ബയ്യനാശാരിയുടെ തെരഞ്ഞെടുപ്പ് കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും, തുടർന്ന് ശ്രീ. സുബ്ബയ്യനാശാരിക്ക് സ്ഥാനം നഷ്ടപ്പെടുകയും ചെയ്തു.. ഉപതെരഞ്ഞെടുപ്പിലൂടെ ചെല്ലപ്പൻ പിള്ള എന്നറിയപ്പെട്ടിരുന്ന ശ്രീ.കുഞ്ഞുകൃഷ്ണപിള്ള തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

നേമം പഞ്ചായത്തിന്റെ ആദ്യസാരഥികൾ

പഞ്ചായത്ത് പ്രസിഡന്റ് : ഒ. ഷാഹുൽ ഹമീദ്

1953 മുതൽ 1963 വരെ

വാർഡു നമ്പർ	വാർഡിന്റെ പേര്	അംഗത്തിന്റെ പേര്
1	ഇടവിളാകം	ശ്രീ.കൃഷ്ണൻ വൈദ്യൻ
2	പാപ്പനംകോട് വടക്ക്	ശ്രീ.ജി.ബാലകൃഷ്ണൻ
3	പാപ്പനംകോട് തെക്ക്	ശ്രീ.കമലാസനപ്പണിക്കർ
4	കോലിയക്കോട്	ശ്രീ.എൻ.ശങ്കരൻ നായർ
5	നേമം	ശ്രീ.സുബ്ബയ്യൻ ആശാരി
		ശ്രീ.കുഞ്ഞുകൃഷ്ണപിള്ള
6	കുളക്കുടിയൂർക്കോണം	ശ്രീ.പി.കുഞ്ഞുകൃഷ്ണപിള്ള
7	പൊന്നുമംഗലം	ശ്രീ.ഒ.ഷാഹുൽ ഹമീദ്
8	വെള്ളയാണി	ശ്രീ.കെ.ടി.പണിക്കർ
9	മുകളൂർവട്ടം	ശ്രീ.കടിച്ചിൽ കേശവപിള്ള
10	ചെങ്കോട്ട് (ദ്വയാഗം)	ശ്രീ.ശങ്കരപിള്ള
		ശ്രീ.രാഘവൻ
		ശ്രീ.മാധവൻ
11	പാലപ്പൂർ	ശ്രീ.പി.വി.ജോൺസൺ
12	കല്ലിയൂർ	ശ്രീ.ആർ.കുട്ടൻനാടാർ

1956-ൽ കേരളപ്പിറവിയോട് കൂടി നേമം വില്ലേജ് തിരുവനന്തപുരം താലൂക്കിന്റെ ഭാഗമായി. 1963-ൽ നേമം പഞ്ചായത്തിനെ വിഭജിച്ച് നേമം, കല്ലിയൂർ എന്നീ പഞ്ചായത്തുകളാക്കി. വിഭജനത്തിനു ശേഷം നേമത്ത് 2975 ഏക്കർ (12.04 സ്കെയർ കിലോമീറ്റർ) മാത്രം അവശേഷിച്ചു. 1963-ൽ രണ്ടാമത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. ഇതും കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിൽ ആയിരുന്നില്ല.

രണ്ടാമത്തെ പഞ്ചായത്തിലെ അംഗങ്ങൾ

പ്രസിഡന്റ് : ഒ. ഷാഹുൽ ഹമീദ്

ഈ കാലഘട്ടത്തിൽ മാറിമാറിവന്ന വൈസ് പ്രസിഡന്റുമാർ

1. ശ്രീ. നേമം വേലായുധൻ നായർ
2. ശ്രീ. പരമേശ്വരൻ നായർ
3. ശ്രീ. എം.ദേവദാസ്

വാർഡ് നമ്പർ	വാർഡുകളുടെ പേര്	അംഗങ്ങളുടെ പേര്
1	കരുമം	ശ്രീ.പരമേശ്വൻ നായർ
2	ഗ്യാരേജ്	ശ്രീ.നാരായണപിള്ള
3	പാപ്പനംകോട്	ശ്രീ.ഗോപാലകൃഷ്ണൻ
4	എസ്റ്റേറ്റ്	ശ്രീ.എം.ദേവദാസ്
5	നേമം (സ്റ്റുഡിയോ)	ശ്രീ.വി.മാധവൻ നായർ
6	ഓഫീസ്	ശ്രീ.എസ്.എം.കാസിം
7	പൊന്നുമംഗലം	ശ്രീ.ഒ.ഷാഹുൽ ഹമീദ്
8	മേലാംകോട് (ദ്വയാംഗം)	ശ്രീ.കെ.ഗംഗാധരൻ & ശ്രീ.എ.രാഘവൻ
	നോമിനേറ്റഡ് വനിതാ മെമ്പർ	ശ്രീമതി ഭവാനി

രണ്ടാമത്തെ പഞ്ചായത്ത് തുടർച്ചയായി 16 വർഷം അധികാരത്തിൽ തുടർന്നു. 1979-ൽ മൂന്നാമത്തെ തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിൽ നടന്ന ഈ തെരഞ്ഞെടുപ്പിൽ ഗ്രാമവികസന സമിതിയും, ഇടതു മുന്നണിയും തമ്മിലായിരുന്നു മത്സരം. ഭൂരിപക്ഷം കരസ്ഥമാക്കിയ ഗ്രാമവികസന സമിതി അധികാരത്തിൽ എത്തി. ശ്രീ. പുള്ളൂർക്കുടി മാധവൻ നായർ പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡന്റിനെതിരെ അവിശ്വാസപ്രമേയം പാസ്സാക്കിയതിനെ തുടർന്ന് ശ്രീ. **അമ്പി വൈസ് പ്രസിഡന്റായി.**

1979-ലെ തെരഞ്ഞെടുപ്പിൽ വിജയിച്ചവർ

പ്രസിഡന്റ്:
ശ്രീ. പുള്ളൂർക്കുടി മാധവൻ നായർ

വാർഡ് നമ്പർ	വാർഡുകളുടെ പേര്	അംഗങ്ങളുടെ പേര്
1	ആഫീസ്	ശ്രീ.ഒ.ഷാഹുൽ ഹമീദ്
2	പൊന്നുംമംഗലം	ശ്രീ.സി.രാജൻ
3	മേലാംകോട്	ശ്രീ.പി.ബാലകൃഷ്ണൻ
4	പാപ്പനംകോട്	ശ്രീ.ജി.ജയചന്ദ്രൻ നായർ
5	കരുമം	ശ്രീ.എസ്.രവീന്ദ്രൻ
6	കോളേജ് (വനിതാസംവരണം)	ശ്രീമതി റ്റി.സി.ശോശാമ്മ (ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട മഹിളാ പ്രതിനിധി)
7	ഗ്യാരേജ്	ശ്രീ.വി.വി.സുരേന്ദ്രൻ
8	എസ്റ്റേറ്റ്	ശ്രീ.പാപ്പനംകോട് ഉണ്ണി
9	കോലിയക്കോട് (പട്ടികജാതി സംവരണം)	ശ്രീ.കെ.അമ്പി
10	പൂഴിക്കുന്ന്	ശ്രീ.മാധവൻ നാടാർ
11	നേമം	ശ്രീ.പുള്ളൂർക്കുടി മാധവൻ നായർ

1988-ലെ തെരഞ്ഞെടുപ്പൽ വിജയികളയവർ

പ്രസിഡന്റ് : ശ്രീ.എസ്.എം.കാസിം

വൈസ്പ്രസിഡന്റ് : ശ്രീ.പാപ്പനംകോട് ഉണ്ണി

വാർഡ് നമ്പർ	വാർഡുകളുടെ പേര്	അംഗങ്ങളുടെ പേര്
1	ആഫീസ്	അഡ്വ:മോഹൻകുമാർ
2	പൊന്നുമംഗലം	ശ്രീ.എസ്.എം.കാസിം
3	നടുവത്ത്	ശ്രീ.ജി.ജയചന്ദ്രൻ നായർ
4	മേലാംകോട്	ശ്രീ.പി.ബാലകൃഷ്ണൻ
5	കരുമം	ശ്രീ.വേലപ്പൻ
6	കോളേജ് (വനിതാസംവരണം)	ശ്രീമതി ലീല
7	ഇൻ: എസ്റ്റേറ്റ് (")	ശ്രീമതി നിർമ്മലാദേവി
8	ഗ്യാരേജ്	ശ്രീ.കമൽ
9	പാപ്പനംകോട്	ശ്രീ.ശ്രീകുമാരൻ നായർ
10	ഹൈസ്കൂൾ	പാപ്പനംകോട് ഉണ്ണി
11	കോലിയക്കോട്	ശ്രീ.വി.രാമചന്ദ്രൻ
12	പൂഴിക്കുന്ന്	എ.തങ്കപ്പൻ നാടാർ
13	നേമം	ഡോ: രവീന്ദ്രൻ നായർ

30-9-1995-ൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽവന്ന ഇപ്പോഴത്തെ ഭരണസമിതംഗങ്ങൾ

പ്രസിഡന്റ് : ബി.പ്രഭാവതി

വൈസ്പ്രസിഡന്റ്: നേമം വി.കൃഷ്ണൻ നായർ

സ്റ്റാന്റിംഗറ്റി കമ്മിറ്റി ചെയർമാൻ : എം.കെ.അനിൽകുമാർ

വാർഡ് നമ്പർ	വാർഡുകളുടെ പേര്	അംഗത്തിന്റെ പേര്
1	ആഫീസ്	വസന്തകുമാരി
2	പൊന്നുമംഗലം	കമാൽ
3	നടുവത്ത്	ജി.ജയചന്ദ്രൻ നായർ (സ്റ്റാന്റിംഗ് കമ്മിറ്റി അംഗം)
4	മേലാംകോട്	സി.ആർ.തുളസീഭായി (സ്റ്റാന്റിംഗ് കമ്മിറ്റിയംഗം)
5	കരുമം	എസ്.ഗോപകുമാർ
6	ഇടഗ്രാമം	മോഹനകുമാരൻ നായർ
7	കോളേജ്	ആർ.രാജേന്ദ്രൻ (സ്റ്റാന്റിംഗ് കമ്മറ്റിയംഗം)
8	കൈമനം	ബി.പ്രഭാവതി
9	ഗൃരേജ്	എം.കെ.അനിൽകുമാർ
10	പാപ്പനംകോട്	പി.പങ്കജാക്ഷൻ നായർ
11	ഹൈസ്ക്കൂൾ	പാപ്പനംകോട് ഉണ്ണി (സ്റ്റാന്റിംഗ് കമ്മറ്റിയംഗം)
12	കോലിയക്കോട്	വി.റീന
13	എസ്റ്റേറ്റ്	നേമം വി.കൃഷ്ണൻനായർ
14	പൂഴിക്കുന്ന്	മേബൽ ഗ്ലോറി
15	നേമം	ആർ.രവീന്ദ്രൻ നായർ

അതി പുരാതനമായ ഒരു ഗ്രാമപ്രദേശമാണ് നേമം. രാജഭരണകാലത്ത് രാജശാസനങ്ങൾ പെരുമ്പറകൊട്ടി ജനങ്ങളെ അറിയിക്കുകയും, അതിൻപ്രകാരമുള്ള നിയമങ്ങൾ നടപ്പിലാക്കുകയും ചെയ്തിരുന്ന സ്ഥലം എന്ന അർത്ഥത്തിൽ നിയമം ചുരുങ്ങി 'നേമം' എന്ന രൂപാന്തരപ്പെടുകയുമാണ് ഉണ്ടായതെന്ന് പഴമക്കാർ പറയുന്നു. വധശിക്ഷ നടപ്പിലാക്കിയിരുന്ന സ്ഥലം എന്നതിനാലാണ് തൂക്കുവിള ഉണ്ടായത്. മഹാരാജാവിനെ വൃക്ഷ ശിഖരത്തിൽ ഒളിച്ചിരുന്ന് കാണാൻ ശ്രമിച്ച ഒരു തീണ്ടൽ ജാതിക്കാരനെ, ആ പ്രദേശത്ത് വച്ച് രാജശാന പ്രകാരം തലവെട്ടിയതിൽനിന്നും കൊലവിളയും, അതിൽനിന്നു തുലവിളയും ഉണ്ടായി. ഇന്നത്തെ പാപ്പനംകോട് പ്രദേശം നിബിഡമായ വന പ്രദേശമായിരുന്നു. ഈ സ്ഥല ആനപ്പന്തികൾ സ്ഥാപിച്ചിരുന്നു. ആനക മേയ്ക്കാനും, സംരക്ഷിക്കാനുമായി നി ഗിക്കപ്പെട്ടിരുന്ന പാപ്പാന്മാർ ഈ പ്രദേശ കൂട്ടമായി അധിവസിച്ചിരുന്നതിൽ നിന്നുമ 'പാപ്പനംകോട്' എന്ന പേരുണ്ടായത്. വിതാംകൂറിലെ ഏറ്റവും ബലവും, ഗുണ ന്മയുള്ളതുമായ ഇഷ്ടിക നിർമ്മിച്ചിരുന്ന പ്ര ശമാണ് കരുമം. രാജകൊട്ടാരങ്ങൾ നിർ ക്കുവാൻ ഈ പ്രദേശത്തെ ചുടുകല്ല് ഉപ ഗിച്ചിരുന്നു. പ്രവർത്തിക്കുന്നവരുടെ സ്ഥല എന്നും, കരുത്തിന്റെ സ്ഥലം എന്നുമു അർത്ഥത്തിലാണ് കരുമത്തിന് ഇപ്പേരുണ് യത്. കന്യാകുമാരിജില്ലയിലെ കുമാരകോ ലിന് സമീപമുള്ള മേലാംകോട് പ്രദേശത നിന്നും മൺപാത്രനിർമ്മാണവുമായി ബ പ്പെട്ട് ആളുകൾ ഇവിടെ മൺപാത്രനിർമ്മി ചെയ്യുന്നതിനായി വാസമുറപ്പിച്ച സ്ഥല മേലാംകോട് എന്നറിയപ്പെട്ടിരുന്നു. ക ലിക്കൂടുതലിനുവേണ്ടി കർഷകത്തൊഴിലാ കൾ ആദ്യമായി ആവശ്യമുന്നയിച്ച സ്ഥമാണ് കൂലിക്കൂട്. ഈ പേര് കാലക്രമത്തിൽ കോല യക്കോടായി മാറി. ശ്രീ അയ്യൻകാളിയുടെ പ്രചോദനവും ലഭിച്ചതായി അനുമാനിക്കാ നമ്പൂതിരിമാർ ധാരാളമായി അധിവസിച്ചിരുന് കൈമനം ഗ്രാമത്തിനും, തിരുവല്ലം ഗ്രാ ത്തിനും ഇടയ്ക്കുള്ള ഗ്രാമം 'ഇടഗ്രാമം' എന്ന റിയപ്പെട്ടിരുന്നു. മനുകുലാദിച്ച മംഗലംദേശം നേരത്തേ മനുകുലാദിത്യപുരം എന്നായിര ന്നതായും, ഇതിന് മഹാഭാരതത്തിലെ അശ ത്ഥാത്മാവിന്റെ കഥയുമായി ബന്ധമുണ്ടായി രുന്നതായും പഴമക്കാർ പറയുന്നുണ്ട്. തണ്ടാർ സമുദായം ധാരാളമായി താമസിച്ചിരുന്ന ഗ്രാമ പ്രദേശമായിരുന്നു കൈമനം. മരംകയറ്റ ക്കാരെ 'കൈമണി' എന്നി വിളിച്ചു വന്നിരു ന്നു. ഒരുകാലത്ത് കൈമണി മുക്ക് എന്ന് അറി യപ്പെട്ടിരുന്ന ഈ സ്ഥലം 'കൈമനം ജംഗ്ഷ നായി' ഇപ്പോൾ രൂപാന്തരപ്പെട്ടു. ചപ്പുചവറു കൾ നീക്കുന്നതിനു വേണ്ടി ഒരു ചൂള ആഴാം ങ്കൽ പ്രദേശത്ത് സ്ഥാപിച്ചിരുന്നു. ചവറുകൾ നീറ്റുന്ന സ്ഥലം പിൽക്കാലത്ത് 'നീറ്റുമ ണൽകരയും', പിന്നീട് അത് നീറമൺകര എന്നറിയപ്പെടുവാനും തുടങ്ങി.

പത്മനാഭപുരത്തേക്ക് തിരുവനന്തപുരത്ത് നിന്നുമുള്ള രാജപാതയ്ക്ക് ഇരുവശവുമായിട്ട് ഈ പ്രദേശങ്ങൾ സ്ഥിതിചെയ്യുന്നത്. രാജഭരണകാലത്ത് ഈ സ്ഥലം വികസിത

പ്രദേശമായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. പഴയകാരയ്ക്കാമണ്ഡപം ഭാഗത്തു നിന്നും കണ്ടെത്തിയിട്ടുള്ളവിശിഷ്ട രീതിയിലുള്ള കിണറുകളും തുലവിളയ്ക്ക് സമീപവും, കൈമനത്തും കാണുന്ന വഴിയമ്പലങ്ങളും, പാതയോരത്ത് കാണുന്ന ചുമടു താങ്ങികളും ഇതിനെ ശരിവയ്ക്കുന്നു.

ഈ പ്രദേശത്തുള്ള ശുദ്ധജലതടാകമായ വെള്ളായണികായൽ ഒരു കാലത്ത് ഇരുപ്പുക്കൃഷി ചെയ്തിരുന്ന 'വലിയ-കോട്ടൂർ ഏല' എന്നറിയപ്പെട്ടിരുന്നു. വെള്ളായണിക്കായൽ സ്ഥിതിചെയ്തിരുന്ന പ്രദേശം വൻ വനങ്ങൾ ആയിരുന്നു എന്ന് പുരാവസ്തു പഠനംകൊണ്ട് മനസ്സിലാക്കാം. ഭൂചലനമുണ്ടായതിന്റെ ഫലമായി മുക്കുന്നിമല സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ പാറക്കെട്ടുകളുമായി പൊങ്ങിവരികയും, വെള്ളായണി പ്രദേശം കായലും, ഏലാകളുമായി മാറുകയും ചെയ്തു. പ്രസ്തുത ഏലാകളുടെ അടിത്തട്ടിൽ ഇന്ന് വലിയ തടികളും അതിനടിയിലായി മണൽ അടങ്ങിയ സ്ഥലങ്ങളിൽ വൈഡൂര്യങ്ങളും ഉള്ളതായി കാണുവാനും സാധിച്ചിട്ടുണ്ട്. കായലിന്റെ സമീപത്തുള്ള മേലാംകോട് പ്രദേശത്ത് വിലപിടിപ്പുള്ള വൈഡൂര്യങ്ങൾ ഉള്ളതായി നാട്ടുകാർക്ക് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

കരമനയാറിന്റെ ഗതിയും ഇന്നത്തെ രീതിയിൽ ആയിരുന്നില്ല എന്ന് പറയപ്പെടുന്നു. കൊല്ലവർഷം 1066 വരെ പഴയപാലത്തിൽക്കൂടി ഒഴുകി മുട്ടയാറിൽ എത്തി വെള്ളായണിക്കായലിലൂടെ ഇന്നത്തെ മധുപാലത്തിൽ എത്തിയിരുന്നതായി വിശ്വസിക്കപ്പെടുന്നു. 1066-ലെ വെള്ളപ്പൊക്കത്തിലാണ് ഗതിമാറി ഒഴുകി ഇന്നത്തെ രീതിയിൽ കരമനയാർ രൂപപ്പെട്ടത്. കല്ലുവിളക്കോണം ഏലായിൽ പല വയലുകളും, കുഴിച്ചുനോക്കിയ അവസരത്തിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള തടികൾ കണ്ടെത്തിയിട്ടുള്ളതിൽ നിന്നും, കരമനയാറിന്റെ ഗതിമാറ്റം വിശ്വസിക്കപ്പെടുന്നു.

ഈ പ്രദേശത്തെ ഭൂമി കൊല്ലവർഷം 948-ൽ കണ്ടെഴുത്തു നടത്തി കരം ചുമത്തിയിരുന്നു. ആദ്യം നിലങ്ങൾക്ക് കരം ചുമത്തിയിരുന്നില്ല. 974ലും 996ലും വീണ്ടും കണ്ടെഴുത്തുനടത്തി നിലങ്ങൾക്കും കൂടി കരം ചുമത്തിയതായി റവന്യൂരേഖകളിൽ കാണുന്നു. അന്ന് ഭൂമിയുടെ വിസ്തീർണ്ണം കണക്കാക്കിയിരുന്നില്ല. തിരുവിതാംകൂറിൽ കൊല്ലവർഷം 1058-ൽ കൈവശപ്രകാരം സർവേചെയ്ത് വിസ്തീർണ്ണം കണക്കാക്കി കരം നിശ്ചയിച്ചതിന്റെ ഭാഗമായി ഈ പ്രദേശത്തും നടപ്പിൽ വരുത്തിയതായി കാണുന്നു. അന്ന് വസ്തുക്കൾ കൂടുതലും ഊടുകൂർ ആയിരുന്നു. ഇതുമൂലം വസ്തു സംബന്ധമായ തർക്കങ്ങൾ ധാരാളം നിലനിന്നിരുന്നു. അന്ന് സെന്റ് ഒന്നിന് 4 കാശായിരുന്നു നിശ്ചയിച്ചിരുന്ന നികുതി. കുറഞ്ഞ നികുതി 4 ചക്രമായും കണക്കാക്കിയിരുന്നു. 974-ലെ കണ്ടെഴുത്തിനുമുമ്പുതന്നെ നേമം വില്ലേജാഫീസും, പോലീസ്റ്റേഷനും, നിലവിൽവന്നിരുന്നു. ദേവസ്വം വസ്തുക്കളുടെ കരം പിരിക്കുന്നതിന് മേൽക്കം കാണം വില്ലേജാഫീസും നിലവിലുണ്ടായിരുന്നു.

ഈ പ്രദേശത്ത് ധാരാളം തറവാടുകളും അവർക്ക് ധാരാളം ഭൂസ്വത്തുക്കളും ഉണ്ടായിരുന്നു. ഇതുപോലെ എട്ടരയോഗക്കാർക്കും ധാരാളം വസ്തുക്കൾ ചാർത്തിക്കൊടുത്തിരുന്നു. കൂവക്കരമഠം, അത്തിയറമഠം തുടങ്ങി 8 മഠങ്ങളിലെ നമ്പൂതിരിമാരും അരയോഗം മഹാരാജാവും എന്നതായിരുന്നു എട്ടരയോഗങ്ങൾ. അക്കാലത്ത് നിലവിലുണ്ടായിരുന്ന തറവാടുകളിൽ ചാരണത്ത്, കോനിയത്ത്, പനയറത്തല, നടുവത്ത്, മേക്കതിൽ, ചെക്കാലവിള, കൊപ്രാപ്പുര, വലിയവിള, പ്ലാവറത്തല, വരവറ, കുമ്പളത്ത്, ഞാറക്കാട്, എന്നിവ ചിലതുമാത്രം. ഈ തറവാടുകളിൽ പ്രശസ്തിയിലെത്തിയ പലയാളുകളും ജീവിച്ചിരുന്നു. രണ്ടാമത്തെ ഇന്ത്യൻ പാർലമെന്റംഗമായിരുന്ന അഡ്വക്കേറ്റ് എസ്.ഈശ്വരയ്യർ, ജസ്റ്റിസ് കൃഷ്ണമൂർത്തി. ഇൻഡ്യൻ ടൈഗർ പ്രോജക്ടിന്റെ ഡയറക്ടറും, ഉരുളൻതടിയുടെ വ്യാപ്തം കണ്ടുപിടിക്കുന്ന 'വോളിയം ടേബിളിന്റെ' ഉപജ്ഞാതാവുമായിരുന്ന ശ്രീ.രാജേശ്വരൻ നായർ, സ്വതന്ത്ര ഇൻഡ്യയുടെ ആദ്യത്തെ വിദേശകാര്യ സെക്രട്ടറിയായിരുന്ന ശ്രീ. കെ.പി.എസ്.മേനോന്റെ പിതാവ് എന്നിവർ ഇവരിൽ ചിലരാണ്. ശ്രീ.എസ്. ഈശ്വരയ്യരുടെ കുമ്പളത്തുതറവാടും പരിസരവും കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഏറ്റെടുക്കുകയും അദ്ദേഹം താമസിച്ചിരുന്ന വീട് ഇന്ന് ശ്രീ ചിത്രാ എഞ്ചിനീയറിംഗ് കോളേജിന് ആസ്ഥാനമാവുകയും ചെയ്തിട്ടുണ്ട്.

നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ടിരുന്ന നേമം വില്ലേജിൽ അതിപുരാതനമായ ക്ഷേത്രങ്ങൾ ധാരാളം നിലനിന്നിരുന്നു.

വെള്ളായണി ദേവീക്ഷേത്രം, കുളങ്ങര മഹാവിഷ്ണുക്ഷേത്രം, വേവിള മഹാവിഷ്ണുക്ഷേത്രം,ചിറക്കര മഹാവിഷ്ണുക്ഷേത്രം, നേമം ശിവൻകോവിൽ അരകത്ത് ദേവീക്ഷേത്രം, മഠത്തിൽ ഭഗവതീ ക്ഷേത്രം, നീറമൻകര ശിവക്ഷേത്രം, കരുമം വിഷ്ണുക്ഷേത്രം, പട്ടാരത്ത് ചാമുണ്ഡേശ്വരീക്ഷേത്രം, നേമം ഗണപതി കോവിൽ, കല്ലംപറമ്പ് ശ്രീകൃഷ്ണക്ഷേത്രം, തൃക്കണ്ണാപുരം ശ്രീകൃഷ്ണക്ഷേത്രം, മേലാംകോട് മുത്തുമാരി അമ്മൻക്ഷേത്രം എന്നിവ പ്രധാനപ്പെട്ടവയാണ്. അധ:സ്ഥിതവിഭാഗങ്ങളും, അവരുടേതായ ആരാധനാലയങ്ങൾ സ്ഥാപിച്ചിരുന്നു. യക്ഷി, മറുത, മാടൻ, ആയിരവല്ലീ തുടങ്ങിയവരായിരുന്നു ഇവരുടെ ആരാധനാമൂർത്തികൾ. കൂടാതെ ധാരാളം കാവുകളും നിലവിലുണ്ടായിരുന്നു. അതിൽ ഇപ്പോൾ ദേശാടനക്കിളികൾ വിരുന്നുവരാളുള്ള ചാരണത്ത്കാവ് പ്രത്യേകം ശ്രദ്ധേയമാണ്. ക്രിസ്തുമതാനുയായികളുടെ റോമാ പള്ളിയും മുസ്ലീം പള്ളികളും ഇക്കാലഘട്ടത്തിൽ ഇവിടെ ഉദയംചെയ്തതാണ്.

ക്ഷേത്രങ്ങളോടനുബന്ധിച്ച് നടത്താറുള്ള ഉത്സവങ്ങളെ സംബന്ധിച്ചും പല ക്ഷേത്രങ്ങളുടെ സ്ഥാപിക്കലിനെ സംബന്ധിച്ചും നിരവധി ഐതീഹ്യങ്ങൾ നിലവിലുണ്ട്. അരകത്ത് ക്ഷേത്രം വില്ലു മംഗലത്ത് സ്വാമി സ്ഥാപിച്ചതായി പറയപ്പെടുന്നു. അദ്ദേഹം തിരുവല്ലം ഗ്രാമത്തിലേക്ക് വള്ളത്തിൽ മുട്ടാർവഴി സഞ്ചരിക്കുന്ന അവസരത്തിൽ ഇടഗ്രാമം എന്ന പ്രദേശത്ത് ഒരു 'ചൈതന്യം' കാണുകയും അത് അഴക് ഒത്ത ദേവിയാണ് എന്നു മനസ്സിലാക്കുകയും, ഈ പ്രദേശത്ത് പ്രതിഷ്ഠിക്കുകയും ചെയ്തുതു. അതു പിൽക്കാലത്ത് അരകത്തു ദേവീക്ഷേത്രമെന്നറിയപ്പെട്ടു. പത്മനാഭസ്വാമീക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ടിന് ഇവിടെ നിന്നും ദേവീവിഗ്രഹത്തെ എഴുന്നെള്ളിക്കുന്ന ചടങ്ങ് ഇന്നും നടന്നുവരുന്നു. വെള്ളായണി ദേവീക്ഷേത്രത്തിലെ മൂന്നു കൊല്ലത്തിൽ ഒരിക്കൽ നടത്തപ്പെടുന്ന 'പറണേറ്റ്' എടുത്തു പറയേണ്ട ഒരുത്സവമാണ്. വിഷ്ണു ക്ഷേത്രങ്ങളും, ശിവൻ കോവിലുകളും, അതിപുരാതന കാലത്തു തന്നെ വ്യാപകമായി സ്ഥാപിച്ചിരുന്നതിൽ നിന്നും വൈഷ്ണവമതവും, ശൈവമതവും ഒരുകാലത്തിവിടെ ശക്തമായിരുന്നുവെന്ന് കണക്കാക്കുന്നു. പിൽക്കാലത്ത് ഹിന്ദു-മുസ്ലീം, ക്രിസ്തുജനവിഭാഗങ്ങൾ ഉണ്ടായി.

ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുന്ന കാലത്ത് ഹിന്ദുമത്തിൽ നിന്നും പലരും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തതായിഅറിയുന്നുണ്ട്. തിരുവനന്തപുരം രൂപത പുറത്തിറക്കിയ ഒരു സുവനീറിൽ നേമം ഇടവകയുടെ ചരിത്രം തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. നേമം സ്വദേശിയായ ഒരു നീലകണ്ഠപിള്ള ക്രിസ്തുമതം സ്വീകരിക്കുകയും ധാരാളം ആളുകളെ ക്രിസ്തുമതത്തിലേയ്ക്ക മതം മാറ്റുകയും പള്ളികൾ സ്ഥാപിക്കുകയും ചെയ്തിരുന്നതായി പ്രസ്തുത സുവനീറിൽ രേഖപ്പെടുത്തിയിരിക്കുന്നു. യാഥാസ്ഥിതികരുടെ മർദ്ദനമേറ്റ് അദ്ദേഹം കൊല്ലപ്പെടുകയും, അദ്ദേഹത്താൽ നിർമ്മിക്കപ്പെട്ട പള്ളികൾ നശിപ്പിക്കപ്പെടുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതോടെ ഈ പ്രദേശത്തെ ക്രിസ്തുമത വളർച്ചയ്ക്ക് തിരിച്ചടി നേരിട്ടതായി കണക്കാക്കപ്പെടുന്നു.

തിരുവിതാംകൂറിൽ ഉമ്മിണിത്തമ്പി ദളവയുടെ ഭരണകാലത്ത് ഏർപ്പെടുത്തിയ 'ദേശക്കാവൽ' സമ്പ്രദായം ഈ പ്രദേശത്ത് നിലവിലിരുന്നു. ഓരോ പ്രദേശങ്ങൾക്കും ദേശക്കാവൽക്കാർ ഉണ്ടായിരുന്നു. എല്ലാവിധ കേസ്സുകളിലും, തർക്കങ്ങളിലും പോലീസ് ഇവരുടെ അഭിപ്രായം തേടിയിരുന്നു.

1903ൽ രൂപം കൊണ്ട എസ്.എൻ.ഡി.പി., ശ്രീ. അയ്യൻകാളിയുടെ സാമൂഹ്യനവോദ്ധാനപ്രസ്ഥാനവും 1914ലെ എൻ.എസ്.എസ്സിന്റെ ആവിർഭാവവും ഇവിടത്തെ അവർണ്ണസവർണ്ണവിഭാഗങ്ങൾക്ക് നവോത്ഥാനത്തിന്റേതായ ഒരു പുതിയ വെളിച്ചം പകർന്നുകിട്ടാൻ സഹായിച്ചു. ഈ കാലഘട്ടത്തിൽതന്നെ ഉണ്ടായ നായർ റഗുലേഷനും മരുമക്കത്തായ സമ്പ്രദായത്തിന്റെ അന്ത്യവും സാമൂഹിക മാറ്റങ്ങൾക്ക് പുത്തൻ ഉണർവു നൽകി.

സർ സി.പി.രാമസ്വാമി അയ്യരുടെ ഭരണകാലത്ത് 'ലെവിനെല്ലെടുപ്പ്' വന്നതോടുകൂടി ആരംഗത്ത് അഴിമതിയും നാമ്പിട്ടുതുടങ്ങി. വ്യാപകമായി കണക്കിൽപ്പെടാത്ത പിരിവ്കർഷകരെ അലോസരപ്പെടുത്തിയിരുന്നു. അതിനെതിരെയുള്ള രോഷം ആ കാലഘട്ടത്തിൽ പ്രകടമായിരുന്നു. രണ്ടാം ലോകമഹായുദ്ധം ലോകത്തെ പട്ടിണിയിലേക്ക്

തള്ളിനീക്കിയപ്പോൾ സർ സി.പി.'ഗ്രോ മോർ ഫുഡ്' പദ്ധതി കൊണ്ടുവന്നു. കായൽത്തീരങ്ങൾ വറ്റിച്ചുകൃഷിചെയ്യുവാൻ തുടങ്ങി. ഇത്തരം പദ്ധതി തിരുവനന്തപുരം ആക്കുളം കായൽ പാടശേഖരങ്ങളിലും നടപ്പിലാക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ നമ്മുടെ പഞ്ചായത്തിലെ സ്വാതന്ത്ര്യസമരസേനാനിയും വേള്ളായണി വില്ലുമംഗലത്തു വീട്ടിലെ ശ്രീ.കെ.ടി.പണിക്കർ, ശ്രീ.കെ.ജി.ആർ.മേനോൻ നടത്തിവന്നിരുന്ന 'ചിത്രയുഗം' പത്രത്തിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. വെള്ളായണിക്കായലിന്റെ ഉത്പത്തിയും ഏലാ പ്രദേശത്തെ സംബന്ധിച്ച് വിവരങ്ങളുംമടങ്ങുന്നതായിരുന്നു ലേഖനം. കായൽ വറ്റിച്ച് കൃഷി ഇറക്കിയാൽ തിരുവനന്തപുരം പട്ടണത്തിനാവശ്യമായ നെല്ല് ഉല്പാദിപ്പിക്കാനാവുമെന്ന് ലേഖനത്തിൽ പറഞ്ഞിരുന്നു. ലേഖനം പുറത്തുവന്നതോടെ കെ.ജി.ആർ.മേനോനെ വിളിപ്പിച്ച് വിവരങ്ങൾ മനസ്സിലാക്കിയ ദിവാൻ കൃഷിയിറക്കാനുള്ള നടപടികൾ ആരംഭിച്ചു. എന്നാൽ ശ്രീ. പട്ടം താണുപിള്ള സർക്കാരിന്റെ കാലത്താണ് ഇതു നടപ്പിലാക്കാൻ കഴിഞ്ഞത്. വെള്ളായണിക്കായലിൽ 'പള്ളം' മാങ്കിളിക്കരി, നിലമക്കരി, ചിറ്റകത്തുക്കരി, പണ്ടാരക്കരി, താമരക്കരി, പുഞ്ചക്കരി, വലിയവിളാകത്തുകരി, കുളങ്ങരക്കരി, പാലപ്പൂരുകരി, എന്നീ പാടശേഖരങ്ങൾ ഉണ്ടായത് അങ്ങനെയാണ്. ആദ്യം 106 ഏക്കർ നിലം രാജൻ തമ്പുരാന് പാട്ടം കൊടുത്തു. ബാക്കി കൃഷിയിടങ്ങൾ നെൽക്കൃഷിക്കായി ലേലംചെയ്ത് കൊടുക്കുകയാണ് ഉണ്ടായത്. പ്രസ്തുത പാടശ്ശേഖരത്തിൽനിന്നും കാലക്രമത്തിൽ 350 ഏക്കർ നിലം പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് വേണ്ടി ഫാമിംഗ് സൊസൈറ്റി രൂപീകരിച്ച് കൊണ്ട് കൂട്ടുകൃഷിക്കായി നൽകി എങ്കിലും അത് ഒരു വൻ പാരജയത്തിൽ കലാശിക്കുകയാണ് ഉണ്ടായത്.. അദ്ധ്വാന ശക്തി നേരിട്ടുപയോഗിച്ച് പ്രയോജനപ്പെടുത്തുവാൻ അവരവർക്ക് കഴിഞ്ഞില്ല. തൊഴിലാളികളുടെ പേരിൽ ഇടത്തരക്കാർ സംഘം കയ്യേറി ചൂഷണം ചെയ്തതും, സൊസൈറ്റി ഭരണത്തിൽ ഉണ്ടായ കെടുകാര്യസ്ഥതയുമാണ് പരാജയത്തിനു കാരണം. പിൽക്കാലത്ത് സർക്കാർ സംഘം ലിക്വിഡേറ്റ് ചെയ്യുകയും പ്രസ്തുത ഭൂമി വെള്ളായണി കാർഷിക കോളേജിനെ ഏൽപ്പിക്കുകയും ചെയ്തു. വെള്ളായണിക്കായൽ റിക്ലമേഷൻ പദ്ധതി കൃഷിക്കാർക്ക് ഒരനുഗ്രഹമായി മാറിയെങ്കിലും അതിന്റെ ഗുണഫലങ്ങൾ ശാസ്ത്രീയമായ രീതിയിൽ കൃഷിക്കാർക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കായൽ വറ്റിച്ച് കൃഷി ഇറക്കാൻ കഴിഞ്ഞതോടെ ഉപജീവന മാർഗം നഷ്ടപ്പെട്ട കായലോരത്തെ മീൻപിടുത്തക്കാരും, താറാവു വളർത്തലിൽ ഏർപ്പെട്ടിരുന്നവരും അസംഖ്യമാണ്. താറാവു വളർത്തൽ ചിലയിടങ്ങളിലായി ഇന്ന് നിലനിൽക്കുന്നുണ്ട്. നെൽകൃഷി വർദ്ധിച്ചതിനാൽ കാലി വളർത്തൽ പുഷ്ടിപ്പെട്ടു എന്നത് മറ്റൊരു വസ്തുതയാണ്.

രാജഭരണം ശക്തമായിരുന്ന കാലത്തുതന്നെ ഇവിടെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട സമരങ്ങൾക്കും ശക്തിയേറി. നേമം വില്ലേജ് നെയ്യാറ്റിൻകരയുടെ ഭാഗമായിരുന്നതിനാൽ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട സമരങ്ങൾക്ക് ഇവിടത്തെ ധീരദേശാഭിമാനികൾ വേദിയാക്കിയത് നെയ്യാറ്റിൻകരയാണ്. ശ്രീമാൻമാർ പള്ളിച്ചൽ കുഞ്ഞുകൃഷ്ണൻ, കെ.ടി. പണിക്കർ, പി. അപ്പുക്കുട്ടൻ നായർ, പുള്ളൂർ ക്കുടി മാധവൻ നായർ, സുകുമാരൻ നായർ, മേലാം കോടു നാരായണപിള്ള ചിന്നത്തിൽ ശങ്കരൻനായർ, പൊന്നുമംഗലം കേശവപിള്ള, കോനിയത്ത് മാധവൻപിള്ള, ഗംഗാധരപ്പണിക്കർ, ഒ.ഷാഹുൽ ഹമീദ് തുടങ്ങി അസംഖ്യം സമരഭടന്മാർ ബ്രട്ടീഷുകാർക്കും, പ്രത്യേകിച്ച് തിരുവിതാംകൂറിലെ ദിവാൻ സർ.സി.പി രാമസ്വാമി അയ്യർക്കും എതിരായ സമരങ്ങളിൽ നേതൃത്വം കൊടുത്തിരുന്നു. കൊല്ലവർഷം 1114ൽ നെയ്യാറ്റിൻകരയിൽ സ്വാതന്ത്ര്യസമര പോരാളിയായിരുന്ന നെയ്യാറ്റിൻകര നാരായണപിള്ള, എൻ.കെ കൃഷ്ണപിള്ള തുടങ്ങിയവരുടെ അറസ്റ്റിൽ പ്രതിഷേധിക്കാൻ ബസ്റ്റാന്റ് മൈതാനത്ത് കൂടിയ സമ്മേളനത്തിൽ ഇവിടെ നിന്നും ധാരാളം പേർ പങ്കെടുത്തു.അന്നാണ് ശ്രീ നെയ്യാറ്റിൻകര രാഘവൻ രക്തസാക്ഷിയായത്. വട്ടിയൂർക്കാവിൽ സ്റ്റേറ്റ് കോൺഗ്രസിന്റെ സമ്മേളനം നിരോധിച്ചപ്പോൾ, നിരോധനാജ്ഞാ ലംഘിച്ച് ഈ പ്രദേശത്തു നിന്നും മേൽ സൂചിപ്പിച്ച സമരഭടന്മാരുടെ നേതൃത്വത്തിൽ ധാരാളം പേർ പങ്കെടുത്തിരുന്നു. വിദേശ വസ്ത്ര ബഹിഷ്ക്കരണത്തിന്റെ ഭാഗമായി ചാലയിൽ വിദേശ വസ്ത്രങ്ങൾ വില്ക്കുന്ന കടകൾ പിക്കറ്റു ചെയ്ത് അറസ്റ്റ് വരിയ്ക്കാനും ഇവിടെ നിന്നും ധാരാളം സമര ഭടന്മാർ പോയിരുന്നു.

1144ലെ വെടിവയ്പിനോടനുബന്ധിച്ച് കുതിരപ്പട്ടാളത്തിന്റെ പടയോട്ടത്തിൽ നേമം ഭാഗത്തും പ്രാവച്ചമ്പലം ഭാഗത്തും വച്ച് ശ്രീ. നാരായണപിള്ളയുടെ നേതൃത്വത്തിൽ സമരഭടന്മാർ കുതിരകളെ കല്ലെറിഞ്ഞതിനെത്തുടർന്ന് മറിഞ്ഞു വീണ പട്ടാളക്കാരെ ഉപേക്ഷിച്ച് കുതിരകൾ തനിയേ ഓടി കുതിരലായങ്ങളിൽ തിരിച്ചെത്തിയതായി കാരണവന്മാർ ഓർക്കുന്നു. സ്വാതന്ത്ര്യത്തിനായി ജീവിതമുഴിഞ്ഞു വച്ച പലരും ഈ പഞ്ചായത്തിൽ ജീവിച്ചിരുന്നു. ദേശീയ സമര കാലഘട്ടത്തിൽ സ്ഥാപിച്ച നേമത്തെ ആസാദ് ഹിന്ദി വിദ്യാലയവും അതിന്റെ സാരഥിയായ ശ്രീ. കുമാർസാറും കേരള ഹിന്ദി പ്രചാര സഭയുടെ സെക്രട്ടറി ശ്രീ. എം.കെ.വേലായുധൻ നായരും ഈ പ്രദേശത്തിന്റെ അഭിമാനമായി ഇന്നും നിലകൊള്ളുന്നു. 1946ൽ ശ്രീ. കെ.റ്റി. പണിക്കരുടെ നേതൃത്വത്തിൽ കർഷകരെ സംഘടിപ്പിച്ച് വള്ളത്തിൽ ജാഥയായി കാക്കാമൂല പ്രദേശം വരെ പോകുകയും കർഷകരുടെ ഇടയിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. നെയ്യാറ്റിൻകര താലൂക്കിന്റെ സെക്രട്ടറി കൂടിയായി പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തനം വിദ്യാർത്ഥികളേയും നെയ്ത്ത് തൊഴിലാളികളേയും സംഘടിപ്പിച്ച് ദേശീയ സമരത്തിന്റെ രാജപാതയിൽ അവരെ എത്തിക്കുക എന്നതായിരുന്നു. സ്വാതന്ത്ര്യ സമരകാലത്ത് 7ാം ക്ലാസ്സ് വിദ്യാർത്ഥിയായിരുന്ന ശ്രീ എസ്സ്.എം. കാസിം, ഇടയ്ക്കോട് മണിയൻ തുടങ്ങിയവർ സ്ക്കൂളിൽ ഗാന്ധിത്തൊപ്പി ധരിച്ചെത്തിയതിനും കോൺഗ്രസിന് ജയ് വിളിച്ചതിനുമായി സ്ക്കൂളിൽ നിന്നും പുറത്താക്കപ്പെട്ട് വിദ്യാഭ്യാസം നഷ്ടപ്പെട്ടവരാണ്. 1947 ആഗസ്റ്റ് 14 അർദ്ധരാത്രി സ്വാതന്ത്ര്യത്തിന്റെ സന്ദേശം എത്തിക്കുക എന്ന ദൗത്യവുമായി നീങ്ങുമ്പോൾ നേമം ഭാഗത്ത് വച്ച് 5 രൂപാ പോലീസ് ഒറ്റു കൊടുത്തതിന്റെ ഫലമായി ശ്രീ പുള്ളൂർക്കുടി മാധവൻ നായരെ പട്ടാളം പിടകൂടുകയും ക്രൂരമർദ്ദനം ഏല്പിക്കുകയും ചെയ്തു. സ്വാതന്ത്ര്യദിനത്തിന് ആ ധീര ദേശാഭിമാനിക്ക് ലഭിച്ച സമ്മാനമായിരുന്നു ഇത്. സ്വാതന്ത്ര്യ സമരകാലത്തെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളുടെ അംഗീകാരമായി ശ്രീമാൻ പുള്ളൂർക്കുടി മാധവൻ നായർക്ക് താമ്രപത്രം നൽകി സർക്കാർ ആദരിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനികളായ ശ്രീമാന്മാർ ഒ.ഷാഹുൽ ഹമീദ് പുള്ളൂർക്കുടി മാധവൻ നായർ എസ്സ്.എം. കാസ്സിം എന്നിവരായിരുന്നു നേമം പഞ്ചായത്തിലെ 1953ൽ 1995 വരെയുള്ള കാലഘട്ടത്തിലെ പ്രസിഡന്റുമാർ എന്നുള്ളത് നമുക്ക് അഭിമാനിയ്ക്കാവുന്ന വസ്തുതയാണ്.

ഭാരതസ്വാതന്ത്ര്യത്തിന് ശേഷമുണ്ടായ ദേശീയ പ്രസ്ഥാനങ്ങളിൽ സർവ്വോദയ പ്രസ്ഥാനവും ഭൂദാനപ്രസ്ഥാനവും ഇവിടെ ജനഹൃദയങ്ങളിൽ വലിയ സ്വാധീനം ചെലുത്തി. ഭൂദാനപ്രസ്ഥാനത്തിന്റെ സന്ദേശം ഉൾക്കൊള്ളാനും അതനുസരിച്ച് സ്വന്തം ഭൂമിയിൽ നിന്നും ഒരു തുണ്ട് സ്ഥലം വീതം ഈ പ്രസ്ഥാനത്തിന് ദാനം ചെയ്യാനും തയ്യാറായ നിരവധി പേർ ഈ സ്ഥലത്ത് ജീവിച്ചിരുന്നു. വിളയിൽ വീട്ടിൽ ശ്രീമാൻ രാമൻപിള്ള, ചക്കാലവിള വീട്ടിൽ ശ്രീമാൻ നീലകണ്ഠപിള്ള, കൊപ്രാപ്പുര വീട്ടുകാർ തുടങ്ങി പലരും ഭൂദാന പ്രസ്ഥാനത്തിലേയക്ക് ഭൂമിദാനം ചെയ്തവരാണ്. അതുപോലെ സർവ്വോദയ പ്രസ്ഥാനത്തിന് വേണ്ടിയും ധാരാളം ഭൂമി ദാനമായി ലഭിച്ചു. ഉപനിയൂർ എൻ.എസ്സ്.എസ്സ് കരയോഗത്തിന്റെ വകയായിരുന്ന സഭവിളയിലെ സ്ഥലം സർവ്വോദയത്തിന് ദാനമായി നൽകുകയും അവിടെ ആചാര്യ വിനോബാ ഭാവെയുടെ പേരിൽ ആശ്രമം സ്ഥാപിക്കുകയും തുടർന്ന് സർവ്വോദയ പ്രസ്ഥാനത്തിന്റെ ഭാഗമായി നൂൽനൂല്പ്, നെയ്ത്ത്, എണ്ണയാട്ട്, തീപ്പെട്ടി നിർമ്മിതി, തേനീച്ച വളർത്തൽ തുടങ്ങി പലവിധ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി. ഇതിന് ശ്രീമാൻ അപ്പുക്കുട്ടൻ നായർ, ചക്കാലവിള ശ്രീ. നീലകണ്ഠ പിള്ള പ്ലാവറത്തല പരമേശ്വരൻ പിള്ള തുടങ്ങിയവർ നേതൃത്വം നൽകി. പ്രഗൽഭ സംഘാടകനായിരുന്ന ശ്രീ. കിടങ്ങൂർ ഗോപാലകൃഷ്ണ പിള്ള ഇതിന്റെ ഓർഗനൈസർ ആയിരുന്നു. 1956ൽ ജയപ്രകാശ് നാരായണൻ ആയിരുന്നു ഈ സ്ഥാപനം ഉദ്ഘാടനം ചെയ്തത്. വീടുകളിൽ കിസാൻ ചർക്കയും അംബർ-ചർക്കയും ഉപയോഗിച്ച് നൂൽനൂത്ത് ധാരാളമായി സർവ്വോദയ കേന്ദ്രത്തിൽ എത്തിച്ചിരുന്നു. ഇതിന് വിലയായി ഈ കേന്ദ്രത്തിലെ വിവിധ ഉല്പന്നങ്ങളും കാശും ലഭിച്ചിരുന്നു. ധാരാളം ആളുകൾ ഇതൊരു ഉപജീവനമാർഗ്ഗമായി തെരഞ്ഞെടുത്തു. നൂൽ ഉല്പാദനം കൂടി വന്ന അവസരത്തിൽ ഇവ ശേഖരിയ്ക്കുന്നതിനായി ഇന്നത്തെ കല്ലിയൂർ പഞ്ചായത്തിലെ ഊക്കോട് കേന്ദ്രമാക്കി ഒരു ഉപകേന്ദ്രം പ്രവർത്തിച്ചിരുന്നു. ഊക്കോട്ട് തന്നെ

സർവ്വോദയത്തിന്റെ വകയായി തുകൽ സംസ്കരണ ശാലയും എല്ലുപൊടി ഫാക്ടറിയും സ്ഥാപിക്കുകയും അത് നല്ല രീതിയിൽ പ്രവർത്തിച്ച് വരുകയും ചെയ്തിരുന്നു. ചന്തവിളയിൽ തന്നെ രണ്ടു സ്ഥലത്ത് പുതിയ സ്ഥലം കണ്ടെത്തി അംബർ ചർക്കാ സ്ക്കൂളും നെയ്ത്തുശാലയും സ്ഥാപിച്ചു. സർക്കാർ ഈ പ്രവർത്തനങ്ങൾക്കായി 8 ലക്ഷം രൂപാ വായ്പ അനുവദിച്ചിരുന്നു. കെടുകാര്യസ്ഥതമൂലം 1.50 ലക്ഷം രൂപാ കുടിശിഖ വരുകയും ഈ സ്ഥാപനം ജപ്തി ചെയ്യപ്പെടുകയുമാണുണ്ടായത്. ഗാന്ധിജി, ജയപ്രകാശ്, ആചാര്യ വിനോബാഭാവെ എന്നീ ദേശീയ നേതാക്കളെ എന്നെന്നും ആരാധിച്ചിരുന്ന ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ട സാധാരണക്കാരുടെ സ്വപ്നം അഞ്ചാറു കൊല്ലത്തെ പ്രവർത്തനത്തിന് ശേഷം എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടു അംബർ ചർക്കാ വിദ്യാലയം സ്ഥാപിച്ചിരുന്ന നേമം പഞ്ചായത്ത് 10005 രൂപയക്ക് ലേലം പിടിയക്കുകയും ആ സ്ഥലത്ത് നേമം ഗവ:ആശുപത്രി സ്ഥാപിയ്ക്കുകയും ചെയ്തു. കുറുവാണിയിൽ ഉണ്ടായിരുന്ന സർവ്വോദയത്തിന്റെ സ്ഥലം വിലയ്ക്ക് വാങ്ങി കല്ലിയൂർ പഞ്ചായത്ത് പൊതുചന്ത തുടങ്ങി. ഊക്കോട് പ്രദേശത്തുണ്ടായിരുന്ന സ്വത്തുക്കൾ സ്വകാര്യ വ്യക്തികൾ ലേലത്തിൽ പിടിച്ചു. ഉപനിയൂർ എൻ.എസ്സ്.എസ്സ്. ദാനം ചെയ്തിരുന്നതും സർവ്വോദയത്തിന്റെ പ്രധാന ആഫീസും വിനോബാ ഭാവെ ആശ്രമവും നിലനിന്നിരുന്ന സ്ഥലം എൻ.എസ്സ്.എസ്സ്. കോടതി വഴി സ്വന്തമാക്കിസർവ്വോദയ പ്രസ്ഥാനത്തിന്റെ ആകെക്കൂടിയുള്ള പ്രവർത്തനത്തിൽ ഇന്ന് ഓർമ്മിയ്ക്കപ്പെടുന്നത് ആ പ്രദേശത്തിന് ചന്തവിള എന്നതിന് പകരം ശാന്തിവിള എന്ന പേരുമാറ്റമുണ്ടായി എന്നതിലൊതുങ്ങുന്നു.

സർവ്വോദയ പ്രസ്ഥാനത്തിന്റെ തുടർച്ചയായിത്തന്നെയാണ് ഗോരസ വിപണന വ്യവസായ സഹകരണസംഘം നിലവിൽവന്നത്. ശാന്തിവിളയിൽ സ്ഥാപിച്ചിട്ടുള്ള ഗോരസ വിപണന വ്യവസായ സഹകരണ സംഘം ശ്രീമാൻ അപ്പുക്കുട്ടൻ നായർ സെക്രട്ടറിയായും ശ്രീമാൻ വേലായുധൻ പിള്ള പ്രസിഡന്റായും 1950 കളുടെ ആദ്യത്തിൽ പ്രവർത്തനമാരംഭിച്ചു. കർഷകരിൽനിന്നും വൻതോതിൽ പാൽശേഖരണവും വിതരണവും നടത്തി, ക്ഷീര വ്യവസായ മേഖലയിൽ ചരിത്രം സൃഷ്ടിച്ചു. അതിന്റെ കീഴിൽ ധാരാളം സ്ഥലവും അതിൽ ഒരു അപ്പർ പ്രൈമറി സ്ക്കൂളും സ്വന്തമാക്കിക്കൊണ്ട് വളർന്ന വന്ന ഈ സ്ഥാപനം ക്ഷീരോല്പാദന വിപണന രംഗത്ത് പ്രവർത്തനരഹിതമാകുകയും സ്ക്കൂൾ മാത്രം നിലനിൽക്കുകയും ചെയ്യുന്നു. അതുപോലെ കൃഷിക്കാരെ സഹായിക്കുന്നതിന് വേണ്ടി നേമം പഞ്ചായത്തിൽ ആദ്യമായി 1926ൽ സ്ഥാപിതമായ പാപ്പനംകോട് ശക്തിവിലാസം സഹകരണസംഘം ഇന്ന് ബാങ്കായി രൂപാന്തരം പ്രാപിച്ചതാണ്. 1957ന് ശേഷം വ്യവസായ സഹകരണ സംഘങ്ങൾ ധാരാളമായി ഈ പ്രദേശത്ത് രൂപം കൊണ്ടുവെങ്കിലും പ്രവർത്തനത്തിലെ വൈകല്യം മൂലം അവയെല്ലാം ലിക്വിഡേറ്റ് ചെയ്യപ്പെടുകയാണുണ്ടായത്. പട്ടികജാതി/പട്ടികവർഗ്ഗത്തിന് വേണ്ടി രജിസ്റ്റർ ചെയ്യപ്പെട്ട മേലാങ്കോട് ഹരിജൻ സഹകരണ സംഘം നിലവിലുണ്ടെങ്കിലും സ്ഥാപിച്ചതിന്റെ ഉദ്ദേശ്യ ശുദ്ധി പാലിക്കാതെ നോക്കുകുത്തിയായി മാറിയിരിയ്ക്കുന്നു.

വിദ്യാഭ്യാസരംഗത്ത് നിലത്തെഴുത്തായിരുന്നു ആദ്യത്തെ വിദ്യാഭ്യാസരീതി. പനയോലയും നാരായവും പഠനോപകരണങ്ങളായിരുന്നു. അത്തരത്തിലുള്ള ധാരാളം കളരികൾ നിലനിന്നിരുന്നു. പല വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇവിടെ ദേശീയ പ്രസ്ഥാനം രൂപം കൊള്ളുന്നതിന് മുമ്പ് തന്നെ പ്രവർത്തിച്ചിരുന്നു. സാമൂഹിക പരിഷ്ക്കർത്താവായ ശ്രീ. അയ്യങ്കാളി സ്ഥാപിച്ച കോലിയക്കോട് ഹരിജൻ വിദ്യാലയം, പ്രശസ്ത സിനിമാനടനായിരുന്ന അന്തരിച്ച ശ്രീ. സത്യന്റെ പിതാവ് ശ്രീ.കുട്ടി വാദ്ധ്യാർ എന്നറിയപ്പെട്ടിരുന്ന മനുവേൽ സ്ഥാപിച്ച പൂഴിക്കുന്ന് പ്രൈമറി സ്ക്കൂൾ, പട്ടം ബിഷപ്പിന്റെ വകയായിരുന്ന നേമം കണ്ടമത്ത് മിഡിൽ സ്ക്കൂൾ, പാപ്പനംകോട്, കേശവൻ നാടാരുടെ എൽ.പി. സ്ക്കൂൾ, തേരിവിള താണുപിള്ള സാറിന്റെ എൽ.പി.സ്ക്കൂൾ, കരുമത്ത് കുഞ്ഞൻപിള്ള സാറിന്റെ എൽ.പി.സ്ക്കൂൾ പാപ്പനംകോട് നാണു ആശാന്റെ നിലത്തെഴുത്ത് കളരി എന്നിവയും നിലവിലുണ്ടായിരുന്നു. ഇതിൽ താണുപിള്ള സാറിന്റെ സ്ക്കൂൾ പിൽക്കാലത്ത് പൊന്നുമംഗലം എം.എസ്സ്.സി എൽ.പി സ്ക്കൂളായും കുഞ്ഞൻപിള്ള സാറിന്റെ

സ്ക്കൂൾ കരുമം ഗവൺമെന്റ് യു.പി സ്ക്കൂളായും കേശവൻ നാടാരുടെ സ്ക്കൂൾ പാപ്പനംകോട് ഗവ:എൽ.പി. സ്ക്കൂളായും രൂപാന്തരപ്പെട്ടു. വിദ്യാഭ്യാസ രംഗത്തുണ്ടായ പരിഷ്കരണത്തെ നടപ്പാക്കാൻ വിസമ്മതിച്ച മാനേജ്മെന്റിനെതിരേ 1950ൽ കണ്ടമത്ത് സ്ക്കൂളിലെ അദ്ധ്യാപകർ സമരം നടത്തിയതിനെത്തുടർന്ന് സ്ക്കൂൾ പൂട്ടുകയും അത് ഇന്നത്തെ നേമം വിക്ടറി ഹൈസ്ക്കൂളായി പില്ക്കാലത്ത് രൂപപ്പെടുകയും ചെയ്തു. കണ്ടമത്ത് സ്ക്കൂൾ സ്ഥിതി ചെയ്തിരുന്ന സ്ഥലം ശ്രീ.പി. സുബ്രഹ്മണ്യത്തിന്റെ മെരിലാന്റ് സ്റ്റുഡിയോ ആയി രൂപാന്തരപ്പെട്ടു. നേമം സ്ക്കൂളിന് സമീപം തന്നെ ഒരു പെൺപള്ളിക്കൂടവും നിലനിന്നിരുന്നു. അക്കാലത്ത് എസ്സ്.എം.വി സ്ക്കൂൾ കഴിഞ്ഞാൽ നെയ്യാറ്റിൻകര മാത്രമേ ഹൈസ്ക്കൂൾ നിലവിലുണ്ടായിരുന്നുള്ളു. മലയാളം സ്ക്കൂളുകളായി കാഞ്ഞിരം കുളത്തും അട്ടക്കുളങ്ങരയും പ്രവർത്തിച്ചിരുന്ന സ്ക്കൂളുകളിൽ ഇവിടെ നിന്നും വിദ്യാർത്ഥികൾ പഠിക്കാൻ പോയിരുന്നു. രാജഭരണകാലത്ത് പെൺപള്ളിക്കൂടത്തിൽ മുസ്ലീം പെൺകുട്ടികൾ ഒഴിച്ചുള്ള പിന്നോക്കാദി വിഭാഗത്തിൽപ്പെട്ട ബഹുശതം പേർക്ക് അക്ഷരത്തിന്റെ നറു വെളിച്ചം പകർന്ന് കിട്ടിയിട്ടുണ്ട്. പുരാതന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വന്ന മാറ്റങ്ങളുടെ പ്രതിഫലനമായി നേമം പഞ്ചായത്തിൽ പാപ്പനംകോട് ഗവ:ഹൈസ്ക്കൂൾ, സ്വകാര്യമേഖലയിലെ നീറമൺകര എം.എം.ആർ. ഹൈസ്ക്കൂൾ, സ്ത്രീകളുടെ സാങ്കേതിക വിദ്യാഭ്യാസം പരിപോഷിപ്പിക്കാൻ കൈമനം വനിതാ പോളിടെക്നിക്ക് നീറമൺകര ഹെർ ഹൈനസ് മഹാറാണി സേതു പാർവ്വതീഭായി എൻ.എസ്സ്.എസ്സ്. വിമൻസ് കോളേജ് എന്നിവ ഈ പഞ്ചായത്തിന്റെ അഭിമാന സ്തംഭങ്ങളാണ്.

മഴയെ ആശ്രയിച്ചായിരുന്നു കൃഷിപ്പണികൾ നടത്തി വന്നിരുന്നത്. വെള്ളം വറ്റിക്കുന്നതിന് ചക്രവും പെട്ടിയും പറയും, ഓണിയും, ഇറവെട്ടിയും ഉപയോഗിച്ചിരുന്നു. കലപ്പയും നുകവും ഉഴവുമാടുകളും വ്യാപകമായിരുന്നു. നിലമൊരുക്കുവാൻ മരവും ഉപയോഗിച്ചിരുന്ന മഴവെള്ളം നഷ്ടപ്പെട്ടുപോകാതെ കൃഷിയ്ക്കു ഉപയുക്തമാക്കുന്നതിന് വേണ്ടി എല്ലാ ഏലാകളുടെയും മുകൾഭാഗത്ത് തലക്കുളങ്ങൾ ശാസ്ത്രീയമായി നിർമ്മിച്ചിരുന്നു. അതുപോലെ തന്നെ വയലേലകളെ അരഞ്ഞാണം ചുറ്റിയതുപോലുള്ള തോടുകളും മനുഷ്യമനസ്സുകളെ പുളകമണിയിക്കുന്നതാണ്. ഈ പ്രദേശത്തു ജീവിച്ചിരുന്ന കർഷകരുടെ കൃഷിയെ സംബന്ധിച്ച ശാസ്ത്രീയ ദീർഘ വീക്ഷണം ഇന്നും അനുകരണീയം തന്നെ. നെയ്യാർ ഇറിഗേഷൻ ചാനലുകൾ നമ്മുടെ പഞ്ചായത്തു പ്രദേശത്ത് എത്തിച്ചേർന്നെങ്കിലും കാർഷികരംഗത്തു വളരെ അധികം നേട്ടമുണ്ടാക്കുവാൻ നമുക്കു സാധിച്ചിട്ടില്ല.

ഭൂ ഉടമകൾ നൽകിയിരുന്ന ആജ്ഞകൾ അനുസരിച്ച് പണിയെടുക്കുന്ന തൊഴിലാളികളായിരുന്നു ഭൂരിപക്ഷം പേരും. കൂലിയെ സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാകാറില്ല. ജന്മികൾ നിശ്ചയിക്കുന്ന കൂലി തൊഴിലാളികൾ സ്വീകരിച്ചിരുന്നു. വസ്തു ഉടമകളുടെ സൗകര്യാർത്ഥം അന്നു തൊഴിലാളികൾക്കു മാടങ്ങൾ കെട്ടിതാമസിക്കുവാൻ ഭൂഉടമകൾ സ്ഥലങ്ങൾ നൽകിയിരുന്നു.

നെല്ല്, മരിച്ചീനി, മധുരക്കിഴങ്ങ്, വാഴ, ചേന, കാച്ചിൽ, പയർ, ഉഴുന്ന്, എള്ള്, പച്ചക്കറി തുടങ്ങിയ കൃഷികൾ ചെയ്തിരുന്നു. മാവ്, കശുമാവ്, പ്ലാവ് തുടങ്ങിയ വിളകളും ദീർഘകാല വിളകളായ തെങ്ങ്, കമുക്, എന്നിവയും സമൃദ്ധിയായി വളർന്നുവന്ന ഭൂപ്രദേശമായിരുന്നു. അർപ്പണബോധമുള്ള കർഷകതൊഴിലാളികൾ ധാരാളമുണ്ടായിരുന്നു. ഈ പ്രദേശം ജന്മി-കുടിയാൻ സൗഹൃദത്തിന്റെ വിള നിലമായിരുന്നു.

കൊല്ലവർഷം 1122ൽ 111-ാം നമ്പർ ആയി രജിസ്റ്റർ ചെയ്തു. നെയ്യാറ്റിൻകര താലൂക്ക് കേന്ദ്രീകരിച്ച് കർഷകതൊഴിലാളി രംഗത്ത് പ്രവർത്തിച്ചിരുന്ന സംഘം വെട്ടിക്കുഴി, പൊന്നുമംഗലം, തകടി എന്നിവടങ്ങളിൽ പാട്ട കൈവശക്കാരെയും കുടിയൊഴിപ്പിക്കുന്നതിനു എതിരായുള്ള സമരത്തിലും കമ്മ്യൂണ്സ്റ്റ് പാർട്ടി പ്രവർത്തകനായിരുന്ന സഖാവ്.അവണാകുഴി സദാശിവനും, സഖാവ്. തോപ്പിൽ ശിവശങ്കരനും സജീവ നേതൃത്വം നൽകിയിട്ടുണ്ട്.

സ്വാതന്ത്യത്തിനു മുൻപുള്ള കാലഘ

ട്ടത്തിൽ തൊഴിലാളികൾ വളരെ തുച്ഛമായ കൂലി വ്യവസ്ഥയിലാണ് പണിയെടുത്തിരുന്നത്. 1957നു ശേഷം വന്നിട്ടുള്ള ഭൂപരിഷ്ക്കരണ നിയമങ്ങളുടെ ഫലമായി ഭൂഉടമ സമ്പ്രദായങ്ങളിൽ മാറ്റങ്ങൾ വരുകയും കാർഷിക രംഗത്ത് പുതിയൊരദ്ധ്യായം കുറിക്കുകയും ചെയ്തു. എന്നാൽ പാട്ടവും ഒറ്റിയും, പാതിവാരവും നിലനിന്നിരുന്നു.

1972 കാലഘട്ടത്തിൽ നേമം പഞ്ചായത്തിൽ കാർഷികരംഗത്ത് കലപ്പയും നുകവും ഉപയോഗിച്ചുവന്നിരുന്ന സ്ഥലങ്ങളിൽ പവർഡ്രില്ലർ ഉപയോഗിക്കുവാൻ തുടങ്ങി. പുരുഷതൊഴിലാളികൾക്ക് വരമ്പുവെട്ടുന്നതിന് പകുതിശമ്പളവും നടീൽ സ്ത്രീ തൊഴിലാളികൾക്കു 20 രൂപ കൂലിയും നൽകിയിരുന്നു. പകുതി ശമ്പളം നൽകിവന്നിരുന്ന പുരുഷതൊഴിലാളികൾക്കു നിലം കൊയ്യുമ്പോൾ 10ന് ഒരു കെട്ട് കറ്റ എന്ന പതിവും നിലനിന്നിരുന്നു. 1972 മേയ് മാസത്തിൽ സ്ത്രീ തൊഴിലാളിയും നിലവിലുള്ള കൂലിയിൽ നിന്നും 25 പൈസാ വർദ്ധനവിനും, ജോലിസ്ഥിരതയ്ക്കും, പതം വർദ്ധിപ്പിച്ചു കിട്ടുന്നതിനും കർഷകതൊഴിലാളി സംഘടനയുടെ നേതൃത്വത്തിൽ കോലിയക്കോട്ട് നിന്നും സമരം ആരംഭിക്കുകയും പാപ്പനംകോട് ഏലായിലും ആ സമരം വ്യാപിക്കുകയും ചെയ്തു. 1972 മേയ് 22ന് നടപ്പ് ചെറുക്കൽ സമരത്തിൽ മാർക്സിസ്റ്റ് പാർട്ടിപ്രവർത്തകനായിരുന്ന പാപ്പനംകോട് വിശ്വംഭരൻ രക്തസാക്ഷിയായി

ത്യാഗോജ്ജ്വലമായ സമരത്തിലൂടെ തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങൾ ഇന്ന്, സംരക്ഷിക്കുവാൻ താല്പര്യമില്ലാത്തവരാകുകയും അതിന്റെ ഫലമായി നിലങ്ങൾ പലതും ദീർഘകാല വിളകൾക്കും കെട്ടിടങ്ങൾക്കുമായി വഴിമാറി കൊടുക്കുകയും ചെയ്തിട്ടുണ്ട്.

നേമം പഞ്ചായത്തിലെ വ്യവസായം ആരംഭിക്കുന്നത് കുഴിത്തറി നെയ്ത്ത്, മൺപാത്രനിർമ്മിതി, ഇഷ്ടിക നിർമ്മിതി, കൽചെക്കും, മാടുകളും ഉപയോഗിച്ചുള്ള എണ്ണയാട്ടൽ തുടങ്ങിയ മേഖലകളിലൂടെയാണ് 1942 ൽ നേമം ട്രാവൻകൂർ ടെക്സ്റ്റയിൽസ് എന്ന കമ്പനി വസ്ത്ര നിർമ്മിതി രംഗത്ത് ഉദയം ചെയ്തു. കണ്ണൂരും, കോഴിക്കോട്ടുനിന്നും വിദഗ്ദ്ധ തൊഴിലാളികളെ കൊണ്ടുവന്നാണ് ഇതാരംഭിച്ചത്. തമിഴ്നാട് സ്വദേശി തുടങ്ങിയ ആ വ്യവസായത്തിന് നൂലും മറ്റ് അസംസ്കൃതവസ്തുക്കളും മധുരയിൽനിന്നാണ് കൊണ്ടുവന്നത്.കൈത്തറിരംഗത്ത് സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രചോദനം നൽകാൻ ട്രാവൻകൂർ ടെക്സ്റ്റയിൽസ് സഹായിച്ചു. ബ്രിട്ടീഷ് രാജ്ഞിയെ സ്വീകരിക്കുവാൻ ഡൽഹിയിൽ വേദി ഒരുക്കിയപ്പോൾ ഈ സ്ഥാപനത്തിൽ നിന്നുള്ള തുണിത്തരങ്ങളാണ് പരവതാനികളായി ഉപയോഗിക്കുവാൻ കൊണ്ടുപോയത്. ഇവിടെ നിർമ്മിച്ചിരുന്ന ഉല്പന്നങ്ങൾ പലതും പുറം രാജ്യങ്ങളിലേക്ക് കയറ്റി അയച്ച കാലഘട്ടം ഉണ്ടായിരുന്നു. ആധുനികവൽക്കരണത്തിന്റെ ഫലമായി അത്യാകർഷകമായ തുണിത്തരങ്ങൾ നെയ്ത്ത് എടുക്കുന്നതിനുള്ള സംവിധാനം ഇവിടെ ഏർപ്പെടുത്തി. പഞ്ചായത്തിന്റെ മറ്റ് പ്രദേശങ്ങളിൽ കുഴിത്തറിയിൽനിന്നും കൈത്തറിയിലേയ്ക്കുള്ള മാറ്റവും ഈ കാലഘട്ടത്തിലാണ് ഉണ്ടായത്. പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിലവിൽ വന്നതോടെ പവ്വർലൂം സ്ഥാപിച്ച് വസ്ത്രനിർമ്മിതി രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കാന്തിമതി മില്ലിൽ ബനിയൻ തുണിത്തരങ്ങൾ നിർമ്മിച്ചുവന്നിരുന്നു. ബ്ലീച്ചിംഗ്, കലണ്ടറിംഗ് ഫാക്ടറിയും വസ്ത്ര നിർമ്മിതി രംഗത്തെ സഹായിക്കുന്നതിന് പ്രേരകശക്തിയായി ഇന്നും പ്രവർത്തിച്ചുവരുന്നുണ്ട്.

കുടിൽ വ്യവസായ രംഗത്ത് മൺപാത്ര നിർമ്മിതി, ഇഷ്ടിക നിർമ്മിതി, കാർഷികോപകരണ നിർമ്മിതി, തേനീച്ചവളർത്തൽ തുടങ്ങിയ വ്യവസായങ്ങൾ പഞ്ചായത്തിൽ നിലനിന്നിരുന്നു. അലുമിനീയം, സ്റ്റീൽ പാത്രങ്ങൾ കമ്പോളത്തിൽ എത്തിച്ചേർന്നതോടെ പരമ്പരാഗത വ്യവസായം മന്ദീഭവിച്ചു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും തൊഴിൽരംഗത്തുണ്ടായിരുന്ന തൊഴിലാളികൾ വേതനം കൂടുതൽ കിട്ടുന്ന മേഖലകളിലേയ്ക്ക് ചേക്കേറിയതും തകർച്ചയ്ക്ക് ആക്കം കൂട്ടി. ഈ പഞ്ചായത്ത് ഏറ്റവും സജീവമായിരുന്നത് ഇഷ്ടികനിർമ്മിതിയായിരുന്നു. കവടിയാർ കൊട്ടാരവും, കോയിക്കൽ കൊട്ടാരവും നിർമ്മിക്കുന്നതിനാവശ്യമായ ഇഷ്ടികകൾ നിർമ്മിച്ച് കൊടുത്ത കുണ്ടറ വീട്ടിൽ

ശ്രീരാമൻ പത്മനാഭനെ രാജകുടുംബം അനുമോദിക്കുകയും, മാണിക്യം എന്ന സ്ഥാനപ്പേര് നൽകി ബഹുമാനിക്കുകയും ചെയ്തിട്ടുണ്ട്. പിൽക്കാലത്ത് ഇദ്ദേഹം മാണിക്യം കോൺട്രാക്ടർ എന്നറിയപ്പെട്ടിരുന്നു. കരിമരുന്ന് വ്യവസായ രംഗത്ത് പ്രശസ്തിയുടെ കൊടുമുടിയിലെത്തിയ ശ്രീ പൂഴിക്കുന്ന് ഗോവിന്ദനാശാൻ സംസ്ഥാനത്തുടനീളം കമ്പകെട്ടുകൾ നടത്തി വിസ്മയം സൃഷ്ടിച്ചിരുന്നു.

1952ൽ എൻ.ഇ.എസ്. ബ്ലോക്ക് നിലവിൽ വന്നതോട്കൂടി വ്യാപകമായ പ്രവർത്തനങ്ങൾ ആരംഭിച്ചു. 1956ൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം സർക്കാർ വിലയ്ക്കെടുക്കുകയും എസ്റ്റേറ്റിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എസ്റ്റേറ്റിൽ സ്ഥാപിതമായ ആട്ടോഫ്രിക്ഷൻ കമ്പനിയ്ക്ക് ശിലാസ്ഥാപനം നിർവ്വഹിച്ചത് ലോകപ്രസിദ്ധനായ ശ്രീ.വി.കെ. കൃഷ്ണമേനോനായിരുന്നു. ഇവിടെ നിരവധി സ്ഥാപനങ്ങൾ ഉദയം ചെയ്തെങ്കിലും എല്ലാത്തിനും പിടിച്ചുനിൽക്കാൻ കഴിയാതെ പലതും അസ്തമിക്കുകയാണുണ്ടായത്. കേരളത്തിൽ പ്രശസ്തിയിൽ നിൽക്കുന്ന തോഷിബാ ആനന്ദ് കമ്പനിയിലെ ആനന്ദ്, ഈ പഞ്ചായത്തിൽ മുള്ളുകമ്പി നിർമ്മിക്കുന്ന ഒരു വ്യവസായ സംരഭവുമായിട്ടാണ് ആദ്യമായി എത്തിയത്. 1957ൽ വ്യവസായരംഗത്ത് വളർച്ചയ്ക്ക് കമ്മ്യൂണിറ്റി പൈലറ്റ് പ്രോജക്ട് നിലവിൽവരികയും നേമം പഞ്ചായത്തിൽ വീനസ് എൻഞ്ചിനീയറിംഗ് വെൽവർത്ത് എൻഞ്ചിനീയറിംഗ്, സഹകരണമേഖലയിൽ കാർപ്പെന്ററി ആൻഡ് സ്മിത്ത് യൂണിറ്റ് എന്നിവ ആരംഭിച്ചു. വീനസ് ഒഴികെ മറ്റുള്ളവയ്ക്ക് ഈ രംഗത്ത് പിടിച്ചുനിൽക്കാൻ കഴിഞ്ഞിട്ടില്ല.

കൈമനം ഭാഗത്തുള്ള ശ്രീ.എൻ.എച്ച്. രാജകുമാർ എന്ന എഞ്ചിനീയർ ജപ്പാനിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് സംബന്ധിച്ച് ഉപരിപഠനത്തിന് നിയോഗിക്കപ്പെടുകയും, മടങ്ങിവന്ന അദ്ദേഹം രഞ്ചൻ മോട്ടോർ കമ്പനി എന്ന പേരിൽ ഒരു സ്ക്കൂട്ടർ ഫാക്ടറി ആരംഭിക്കുകയും ചെയ്തു. അവിടെ ഗിയർ ഇല്ലാത്ത സ്ക്കൂട്ടർ ഉല്പാദനം തുടങ്ങി. ആകർഷകമായ രൂപഭംഗിയുടെ അഭാവത്തിലും, മൂലധന നിക്ഷേപത്തിന്റെ ശേഷിക്കുറവുമൂലവും, മാർക്കറ്റിംഗ് രംഗത്ത് പിടിച്ചുനിൽക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അക്കാലത്ത് രൂപം കൊണ്ട എൻകോസ് എന്ന എഞ്ചിനീയറിംഗ് സഹകരണ സംഘം ഈ സ്ഥാപനം ഏറ്റെടുത്ത് നടത്തിവരികയും വിദേശകമ്പനിയുമായി കരാർ ഏർപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കുകയും, ഈ സ്ഥാപനം ആലപ്പുഴയിലേയ്ക്ക് മാറ്റുകയും അവിടെ നിന്നും വിജയ സ്ക്കൂട്ടർ രംഗത്തിറക്കുകയും ചെയ്തു. എൻകോസിന്റെ തകർച്ചയ്ക്ക് ശേഷം വിദേശ കമ്പനികളുടെ സഹായത്തോടെ അതിയന്നൂരിൽ കേരളാ ആട്ടോ മൊബൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനം പുനർജനിക്കുകയും വിദേശ കമ്പോളം കണ്ടെത്തുകയും ചെയ്തുവരുന്നു.

കൈമനം കേന്ദ്രീകരിച്ചു കുരുമുളകിന്റെ പച്ചനിറം നിലനിർത്തി കേടുകൂടാതെ സംസ്ക്കരിച്ച് കയറ്റി അയക്കുന്ന സ്ഥാപനം ഇന്ന് നിലനിൽക്കുന്നുണ്ട്.

നേമം പഞ്ചായത്തിൽ സർവ്വീസ് വ്യവസായ മേഖലകളിൽ കെ.എസ്സ്.ആർ.ടി.സിയും, സെൻട്രൽ വർക്സും വാർത്താവിതരണരംഗത്തെ ഇന്ത്യയിലെ രണ്ടാമത്തെ വലിയ കമ്മ്യൂണിക്കേഷൻ ട്രെയിനിംഗ് സെന്ററും, ശാസ്ത്ര സാങ്കേതിക രംഗത്തെ ഗവേഷണ സ്ഥാപനമായ സി.എസ്സ്.ഐ.ആർ ഉം ഈ പഞ്ചായത്തിന്റെ വളർച്ചയുടെ അഭിമാനസ്തംഭങ്ങളായി നിലനിൽക്കുന്നു.

പുരാതനകാലത്ത് നേമം പഞ്ചായത്തിൽ ദാരുശില്പഭംഗിയോടുകൂടിയ വീടുകളും, നാലുകെട്ടും, അപൂർവ്വമായി ഓടിട്ടവീടുകളും നിലവിലുണ്ടായിരുന്നു. തറവാടുകളിൽ കൊട്ടിയമ്പലങ്ങൾ പണിത്തീർത്തിരുന്നു. കുടിലുകൾ തച്ചുശാസ്ത്ര പ്രകാരമുള്ള കെട്ടിടങ്ങളായും കിണറുകൾ ഓടുകൊണ്ടുള്ള ഉറകൾ ഉപയോഗിച്ചും, ഭിത്തികൾ നീളം കരിങ്കല്ലുകളാൽ ചതുരാകൃതിയിലും കാണപ്പെട്ടിരുന്നു. സിമന്റ് കൊണ്ടുള്ള നിർമ്മിതിയും ആരംഭിച്ചതോടെ കോൺക്രീറ്റ് സൗധങ്ങൾ ഉയരാൻ തുടങ്ങി.

വൈദ്യശാസ്ത്ര രംഗത്ത് വളരെ മുന്നിൽ നിന്ന ചരിത്രമായിരുന്നു നമ്മുടേത് ആയുർവേദം, സിദ്ധ വൈദ്യം, നേത്രചികിത്സ, വിഷചികിത്സ, മാട്ടുചികിത്സ, മർമ്മചികിത്സ എന്നീ രംഗങ്ങളിൽ പ്രഗൽഭരായ വൈദ്യന്മാർ പ്രവർത്തിച്ചിരുന്നു. പൊന്നുമംഗലം ചിപ്പൻ വൈദ്യൻ, ചെല്ലപ്പൻ വൈദ്യൻ, പാപ്പനംകോ

ടുവിളയിൽ വിളാകത്തു കൊച്ചുകണ്ണു വൈദ്യൻ, കൈമനം കേശവൻ വൈദ്യൻ, അപ്പാവു വൈദ്യൻ, കരുമം കുട്ടൻ വൈദ്യൻ, കൃഷ്ണൻ വൈദ്യൻ, പണക്കര രാഘവൻ വൈദ്യൻ, പൂഴിക്കുന്ന് കേശവൻ വൈദ്യൻ, പഴയ കാരയ്ക്കാ മണ്ഡപം സുകുമാരൻ വൈദ്യൻ, നാരായണൻ വൈദ്യൻ, ചെല്ലപ്പൻ വൈദ്യൻ, തോട്ടത്തിൽ വേലുപിള്ള ഡോക്ടർ വിഷചികിത്സാ രംഗത്ത് പൂവട പരമുപിള്ള, ഇടഗ്രാമം ശിവശങ്കരൻ വൈദ്യൻ, കണ്ണ് ചികിത്സാ രംഗത്ത് തെറ്റിമുട്ടത്ത് നാരായണൻ നാടാർ പാപ്പനം കോട് ബാലൻ വൈദ്യൻ, മർമ്മ ചികിത്സാരംഗത്ത് കൈമനം കേശവൻ നാടാർ, പൊന്നുമംഗലം ഭഗവതി നാടാർ, ആന ചികിത്സാരംഗത്ത് പഴയ കാരയ്ക്കാ മണ്ഡപം സൈതുപിള്ള തുടങ്ങിയവർ ഈ രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ളവരാണ്. ഇവരിൽ പലരും തിരുവിതാംകൂർ രാജകുടുംബത്തിന്റെ ചികിത്സകരായും കഴിഞ്ഞിട്ടുണ്ട്. വൈദ്യശാസ്ത്ര രംഗത്ത് നാടൻ കളരികളും അതിനോടനുബന്ധിച്ച് കായികാഭ്യാസപ്രവർത്തനങ്ങളും, യോഗാഭ്യാസ പരിശീലന കേന്ദ്രങ്ങളും ഇവിടുത്തെ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സ്വകാര്യമേഖലയിൽ ചിറക്കര കൊട്ടാരത്തിൽ ഹോമിയോ കോളേജ് പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് നേമം കേന്ദ്രീകരിച്ച് മാറ്റുകയും ചെയ്തിട്ടുണ്ട്. ആയുർവേദ രംഗത്തെ പരിപോഷിക്കുന്നതിന് ഒരു സംസ്കൃത പഠന കേന്ദ്രം സുകുമാരൻ വൈദ്യന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്നു. ശ്രീനാരായണഗുരുവിന്റെ പര്യടന വേളയിൽ വെള്ളായണി നാരായണൻ വൈദ്യൻ, സുകുമാരൻ വൈദ്യൻ എന്നിവർക്ക് പല ഉപദേശങ്ങളും നൽകിയിരുന്നതായി പഴമക്കാർ ഓർക്കുന്നു.

റോഡുകളുടെ ചരിത്രം ആരംഭിക്കുന്നത് തിരുവനന്തപുരം നാഗർകോവിൽ രാജപാതയിൽ നിന്നാണ്. ഈ പഞ്ചായത്തിൽ പുരാതനങ്ങളായ രണ്ട് രാജ കൊട്ടാരങ്ങൾ ഉണ്ടായിരുന്നു. കൈമനത്തെ ചിറക്കര കൊട്ടാരം, വെള്ളായണിയിലെ കോയിക്കൽ കൊട്ടാരവുമായിരുന്നു അവ. സർ.സി.പിയുടെ കാലത്ത് തിരുവനന്തപുരം നാഗർകോവിൽ റോഡ് കോൺക്രീറ്റ് ചെയ്ത് ഗതാഗതത്തിന് തുറന്നു കൊടുത്തു. തിരുവനന്തപുരം പട്ടണത്തെയും, നേമം പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന കരമനപാലം നിർമ്മിച്ചത് ഇതിനുമുമ്പാണ്. സിമന്റ് ഉപയോഗിക്കാതെ കുമ്മായം, സുർക്കി, കരുപ്പുകട്ടി മുതലായവ ഉപയോഗിച്ച് നിർമ്മിച്ച കരമനപാലം വാസ്തുശില്പ രംഗത്ത് ഒരത്ഭുതമായി ഇന്നും നിലനിൽക്കുന്നു. പഞ്ചായത്തിൽ നടപ്പാതകളും, ഇടവഴിയും മാത്രമാണ് നിലനിന്നിരുന്നത്. കാലക്രമത്തിൽ ഇ വ റോഡുകളായി രൂപപ്പെടുകയും 1979 നു ശേഷം ടാർനിർമ്മിതമായ റോഡ് ആയിത്തീരുകയും ചെയ്തു. യാത്രയ്ക്കായി കാളവണ്ടി, വില്ലുവണ്ടി, കുതിരവണ്ടി, ജടുക്കവണ്ടി എന്നിവ ജനങ്ങൾ ഉപയോഗിച്ചിരുന്നു. സാധാരണക്കാരന്റെ വാഹനമായ കേരള സൈക്കിൾ നിർമ്മിച്ചത് ഈ പഞ്ചായത്തിലാണ്.

അച്ചടിയും, പത്രമാസികകളും പ്രചരിച്ചതോടുകൂടി പഞ്ചായത്തിൽ വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവ രൂപം കൊണ്ടു. രണ്ടാം ലോകമഹായുദ്ധ വാർത്തകൾ, ദേശീയപ്രസ്ഥാനത്തിന്റെ ആവേശകരമായ സംഭവങ്ങളെ പറ്റിയും ജനങ്ങൾക്ക് വിവരണം നൽകിയത് ഇതിലൂടെയാണ്. കൈരളി കലാമന്ദിരം കേരളാ ആർട്സ് ക്ലബ് എന്നിവ കലാരംഗത്തെ പരിപോഷിപ്പിച്ചിരുന്നു. കലാ സാഹിത്യ രംഗത്ത് പ്രശസ്തരായ ശ്രീ. പാപ്പനംകോട് ലക്ഷ്മണൻ, വെള്ളായണി പലവേശൻ, പാപ്പനംകോട് പ്രഭാകരൻ, വെള്ളായണി അർജ്ജുനൻ എന്നിവർ നമ്മുടെ പഞ്ചായത്തിന്റെ അഭിമാനങ്ങളാണ്. 1951 ൽ ശ്രീ. സുബ്രഹ്മണ്യം കേരളത്തിലെ ആദ്യത്തെ സിനിമാ സ്റ്റുഡിയോ ആയ മെരിലാന്റ് സ്ഥാപിച്ചു. എഡിറ്റിംഗ്, റിക്കോർഡിംഗ്, ഫ്ളോറുകൾ, ലാബ്, എന്നീ സൗകര്യങ്ങളാൽ പൂർണ്ണമായിരുന്നു മെരിലാൻഡ് സ്റ്റുഡിയോ. 1952ൽ ആദ്യസിനിമയായ 'ആത്മസഖി' പുറത്ത് വന്നു. നാടകരംഗത്ത് നിലവിൽ വന്ന ചവിട്ടു നാടകം സിനിമാരംഗത്ത് ചില മാറ്റങ്ങൾക്ക് പ്രചോദനമാവുകയും ഒരു നൂതനാദ്ധ്യായം കുറിയ്ക്കുകയും ചെയ്തു. പി.കെ.എസ്സ്. മുതലാളി നേമത്ത് സ്ഥാപിച്ച് ദേവീ ടാക്കിസ് ആയിരുന്നു ആദ്യത്തെ സിനിമാ പ്രദർശനശാല.

തിരുവനന്തപുരം നഗരത്തിനോട് ചേർന്ന്കിടക്കുന്ന ഈ പുരാതനഗ്രാമം ഇന്ന് നാഗരിക സ്വഭാവത്തിലേക്ക്

മാറിക്കൊണ്ടിരിക്കുന്നു. നഗരവികസനപദ്ധതിയിൽ ഈ പ്രദേശം പൂർണ്ണമായി ഉൾപ്പെട്ടിട്ടുണ്ട് ഇതിനാൽ സമീപഭാവിയിൽ ഇത് തിരുവനന്തപുരം നഗരത്തിന്റെ ഭാഗമായിമാറുകയും ചെയ്യും. നഷ്ടപ്പെടുന്ന ഗ്രാമീണതയും നാഗരികതയുടെ കടന്നാക്രമണവും കഴിഞ്ഞകാല സ്മൃതികൾ ഒരു ഓർമ്മ മാത്രമാക്കിക്കൊണ്ട് 21-ാം നൂറ്റാണ്ടിലേക്ക് അതിവേഗം കുതിക്കുകയാണ് നേമം പഞ്ചായത്ത്.

നേമം ഗ്രാമപഞ്ചായത്ത്
(പൊതുവിവരങ്ങൾ)

1. ആകെ നിയോജകമണ്ഡലങ്ങൾ - 15
2. പഞ്ചായത്ത് ഉൾപ്പെടുന്ന വില്ലേജ് നേമം
3. ബ്ലോക്ക് പഞ്ചായത്ത് - നേമം
4. ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങൾ പാപ്പനംകോട്, നേമം, വെള്ളായണി.
5. താലൂക്ക് - തിരുവനന്തപുരം
6. ജില്ല - തിരുവനന്തപുരം
7. ജില്ലാ പഞ്ചായത്ത് മണ്ഡലങ്ങൾ - നേമം, വെങ്ങാനൂർ.
8. അസംബ്ലി നിയോജകമണ്ഡലം - നേമം
9. പാർലമെന്റ് നിയോജകമണ്ഡലം - തിരുവനന്തപുരം
10. വിസ്തീർണ്ണം - 12.18 സ്കൂ.കി.മി.
11. ജനസംഖ്യ - 41907 (1991ലെ കാനേഷുമാരി കണക്കു പ്രകാരം)
12. അതിരുകൾ കിഴക്ക്: പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്: - കരമനയാർ തിരുവനന്തപുരം കോർപ്പറേഷൻ
വടക്ക്: - കരമനയാർ, വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്
തെക്ക്: -കല്ലിയൂർ, തിരുവല്ലം ഗ്രാമപഞ്ചായത്തുകൾ
13. ജനസാന്ദ്രത - 3441 / സ്കൂ. കി.മി.
14. കാലാവസ്ഥ : മഴ ശരാശരി632 എം.എം.

വർഷം	1981	1986	1990	1991	1992	1993
ശരാശരി മഴ	577	393	601	444	978	846

15. ഭൂപ്രകൃതി
സമുദ്രനിരപ്പിനു മുകളിൽ 7.5 മീറ്ററിനും 75 മീറ്ററിനും ഇടയിൽ - ഇടനാട്
16. ധാതുക്കൾ
വൈഡൂര്യം (അളവ് കണക്കാക്കിയിട്ടില്ല)
17. മൺതരങ്ങൾ
ചരൽ മണ്ണ് 60% 5 മുതൽ 10 മീറ്റർ വരെ
മണൽ - ചെളിമണ്ണ് - 40% 5 മീറ്റർ വരെ

(അവലംബം ലാന്റ് റിസോഴ്സസ് ഓഫ് കേ
18. കുളങ്ങൾ
1. മഠത്തിൽ കുളം
2. നെടുംകു
3. പള്ളിക്കുളം
4. ചെറുകോ കുളം
5. തുരുത്തിക്കുളം
6. കോണ
7. മഠത്തിൽകുളം
8. നന്തൻ കുളം
9. പേരൈകോണംകുളം (അരുവാക്കോട്)
10. തെന്നൂറ കുളം
11. അമിക്കുളം
12. നടുവത്ത കുളം
13. പാറയിൽകുളം (ചെങ്ങാളി)
14. മേപ്പാലിയൂർകോണാകുളം
15. തെങ്ങുവിളകുളം (പ്ലാങ്കോണം)
16. ശിവൻകോവിൽകുളം
17. കാട്ടുകുളം
18. ആലത്ത കുളം
19. ചാലുവിളക്കുളം
20. കരിയിര കുളം
21. പണിക്കരുകോണംകുളം
22. തുണ്ടത്തിൽകുളം
23. പെരുമ്പല്ലിക കുളം
24. മുല്ലശ്ശേരികുളം
25. പുള്ളൂർകുടി കുളം
26. പറക്കോട്ടുകുളം
27. കരുമന്ത്ക കുളം
19. തോടുകൾ
1. മാങ്കിളിക്കരിതോട്
2. അരുവാക്കോട്തോട്
3. പാർക്ക് ശിവൻകോവിൽകുളം തോട്
4. കോവിൽകുളം നേറുത്തുകോണം തോട്
5. പുള്ളൂർകുടികുളം നേമത്തുകോണം തോട്
6. ഇടമൺതോട്
7. മുല്ലശ്ശേരി തോട്
8. പൊന്നുമംഗലം കരതോട്
9. പൊന്നുമംഗലം തകിടിയിൽതോ
10. പൂമുഖം കല്ലക്കോണം തോട്
11. തെങ്ങുവിള വേലിക്കകം വാണിളാകം തോട്
12. നന്തൻകോട് കുളംതോട്
13. കോലിയക്കോട് മായികനിതോട്
14. കോലിയക്കോട് പ്ലാങ്കോണം ഏല
15. മലമേൽകുന്ന തോട്
16. മാവിളഏലാതോട
17. ഇടകരിമൺ കോണത്ത് ഏലാ
18. മേലാങ്കോട് പുഞ്ചക്കരിതോട്
19. ഇടഗ്രാമം ഏലാമൂട്ടാർതോട്
20. മഠത്തികുളംതോട്
21. ആഴാങ്കാർ മരുതൂർ കടവ്തോട്
22. പറക്കോടുകുളം തോട്
23. മുട്ടാർ
24. നിലമക്കരിതോട്
25. മാങ്കുളം തോട്
26. ആലത്തറതോട്
27. കോലിയക്കോട് ഏലാതോട്
28. പാപ്പനംകോട് പളിയറ ഏല
29. പൊന്നുമംഗലം ഏലാതോട്
30. കൈമനം ഏലാതോട്

കൃഷിയും ജലസേചനവും

സമ്പന്നമായൊരു കാർഷിക പൈതൃകമുള്ള ജൈവപ്രകൃതിയാണ് നമ്മുടെ പഞ്ചായത്തിന്റെ ഇന്നലെകളന്വേഷിക്കുന്നവർക്കു കാണാനാവുക. ഈ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ നേമം പഞ്ചായത്ത് പിറക്കുമ്പോഴുണ്ടായിരുന്ന ഭൂവിസ്തൃതി 7266 ഏക്കർ ആയിരുന്നു. ഇന്നത്തെ കല്ലിയൂർ ഗ്രാമപഞ്ചായത്തുകൂടി ഉൾപ്പെടുന്നതായിരുന്നു ഈ പ്രദേശം. വൈവിധ്യമാർന്ന കൃഷിരീതികളാൽ സമൃദ്ധമാക്കപ്പെട്ട ഈ പ്രദേശവാസികളിൽ ഭൂരിപക്ഷവും കർഷകരും കർഷകത്തൊഴിലാളികളുമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഭൂമിയുടെ ഉടമസ്ഥത ജന്മിമാർക്കും വിവിധ ദേവസ്വങ്ങൾക്കുമായിരുന്നു. മണ്ണിൽ പണിയെടുക്കുന്നവരിൽ ഭൂരിപക്ഷവും സ്വന്തമായി കൃഷി ഭൂമിയില്ലാത്തവരും ജന്മിമാരുടെ ആജ്ഞാനുവർത്തികളും അടിയാളന്മാരുമായി കൃഷിയിടത്തുതന്നെ മാടങ്ങൾ കെട്ടികഴിഞ്ഞിരുന്നവരുമാണ്. ജന്മിവ്യവസ്ഥ അവസാനിപ്പിക്കുന്നതിനും, കൃഷി ഭൂമി കർഷകന് ലഭിക്കുന്നതിനും, അദ്ധ്വാനിക്കുന്നവർക്കർഹമായ കൂലി കിട്ടുന്നതിനുമൊക്കെയായി നടത്തിയിട്ടുള്ള ഒട്ടേറെ സാമൂഹ്യ രാഷ്ട്രീയ മുന്നേറ്റങ്ങളിൽ ചോരയും ജീവനും നല്കിപൊരുതിയ ചരിത്രവും നേമത്തിനന്യമല്ല. ഇപ്പോൾ 2975 ഏക്കർ ഭൂവിസ്തൃതിയുള്ള നേമം പഞ്ചായത്തിൽ ഭക്ഷ്യനാണ്യവിളകൾ സമ്മിശ്രമായി കൃഷിചെയ്യുന്നു.

പട്ടിക-1

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം (ഏക്കറിൽ)
നിലം	409
പുരയിടം	2153
പുറമ്പോക്ക്	413
കൃഷിയോഗ്യതരിശ്	-
കൃഷിയോഗ്യമല്ലാത്ത തരിശ്	-
ആകെ	2975

അവലംബം : അടിസ്ഥാന വിവര രജിസ്റ്റർ

ചരൽ മണ്ണ്, പശിമരാശി മണ്ണ്, മണൽ കലർന്നമണ്ണ്, എന്നിവയാണ് പ്രധാന മണൽ തരങ്ങൾ

പട്ടിക-2

ക്രമ നമ്പർ	മൺതരം	വിസ്തീർണ്ണം (ഏക്കർ)	ശതമാനം
1	ചരൽ മണ്ണ്	1725.50	58
2	പശിമരാശി മണ്ണ്	1160.25	39
3	മണൽ കലർന്ന മണ്ണ്	89.25	3
	ആകെ	2975.00	100

മഴയെ ആശ്രയിച്ചുള്ളൊരു കാർഷിക രീതി തന്നെയാണ് ഇന്നും നമ്മുടെ പഞ്ചായത്തിൽ നിലനില്കുന്നത്. ജലസേചന സൗക

കൃങ്ങളുടെ അപര്യാപ്തതയാണ് കാർഷികോല്പാദന രംഗത്ത് തടസ്സം നില്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ടതെന്ന് ഗ്രാമസഭാ ചർച്ചകളിൽ തെളിയുന്നു. ജലസേചനത്തിന് ഇറവട്ടിയും, ചക്രവും, പറയും, ഓണിയുമൊക്കെ ഉപയോഗിച്ചിരുന്ന പഴയ രീതികളിൽ കാലം ഏറെ മാറ്റം വരുത്തിയെങ്കലും കൃഷിയുടെ വ്യാപനത്തിൽ കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല. ഭൂവ്യാപനം, ഉടമസ്ഥത, കൃഷി സങ്കേതങ്ങൾ, വിളകൾ എന്നീ മേഖലകളിൽ ഏറെ മാറ്റം സംഭവിച്ചിരിക്കുന്നു. മുമ്പ് ഉപയോഗിച്ചിരുന്ന ഉ.യർന്ന പ്രതിരോധശേഷിയുള്ള നാടൻ വിത്തിനങ്ങളായ കുറ്റിച്ചേറാടി, ജീരകച്ചമ്പാവ്, തുളുനാടൻ, കുളവാലി, കുനിപ്പൻ, തവളക്കണ്ണൻ, ചെറുമണിയൻ എല്ലാം അപ്രത്യക്ഷമായിരിക്കുന്നു. കൃഷിയിടങ്ങളിൽ വരൾച്ചക്കാലത്തുപോലും നനവെത്തിക്കാൻ എല്ലാ ഏലാകളിലുമുണ്ടായിരുന്ന തലക്കുളങ്ങൾ മിക്കവാറും വരണ്ടുപോകുകയോ നികത്തുകയോ ചെയ്തിരിക്കുന്നു. ഉഴവുമാടും, കലപ്പയും, നുകവുമുപയോഗിച്ചുള്ള പഴഞ്ചൻ രീതിയായിരുന്നെങ്കിലും കർഷകത്തൊഴിലാളിയുടെ സേവന മേന്മയും അദ്ധ്വാന താല്പര്യവും കൂടുതലായിരുന്നു. കൊയ്ത്തു കഴിഞ്ഞ പാടങ്ങളിലും ഇടവിളയായി ഉഴുന്നും, പയറും, മധുരക്കിഴങ്ങും, പച്ചക്കറിയും കൃഷി ചെയ്തിരുന്നു.

1960 - കളോടെ ഈ രീതികൾക്ക് കാര്യമായ മാറ്റം വന്നു. അത്യുല്പാദന ശേഷിയുള്ളതും വളരെയേറെ രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് പരിചരിച്ചാൽ മാത്രം ഉയർന്ന വിളവ് തരുന്നതുമായ വിത്തിനങ്ങളുടെ വരവായിരുന്നു മാറ്റങ്ങളിൽ സുപ്രധാനം. കൃഷി രീതികളിലും വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായി. ഉഴവുമാടുകളുടെ സ്ഥാനത്ത് സാവകാശമെങ്കിലും ട്രാക്ടർ, ടില്ലർ എന്നിവ പ്രത്യക്ഷപ്പെട്ടു. ഭൂവുടമ - തൊഴിലാളി ബന്ധങ്ങളിലും കാതലായ മാറ്റങ്ങൾ ഉണ്ടായി. പാപ്പനംകോട്, കോലിയക്കോട് ഏലാകളിൽ കർഷകരും കർഷകത്തൊഴിലാളികളും തമ്മിലിടയേണ്ടിവന്നു. തൊഴിൽ നിലനിർത്തുന്നതിനും അർഹമായ കൂലിക്കും വേണ്ടിയുള്ള തർക്കങ്ങൾ കർഷകത്തൊഴിലാളി നേതാവിന്റെ കൊലപാതകത്തിൽ വരെ എത്തിച്ചേരുകയുണ്ടായി.

കൃഷി മുഖ്യവരുമാന മാർഗ്ഗമല്ലാത്തതു കൊണ്ട് കൃഷിക്കാരിൽ പലർക്കും ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ വലിയ താല്പര്യമില്ലാതായി. ഉദ്യോഗസ്ഥരായ കൃഷിക്കാർക്കാകട്ടെ കൃഷിചെയ്യുന്നതിനുള്ള സമയമോ താല്പര്യമോ ഇല്ലാതായി. കർഷകത്തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടാണ് കാർഷികരംഗത്തെ മറ്റൊരു പ്രശ്നം. "ആധുനിക" വിദ്യാഭ്യാസം സാർവ്വത്രികമായതോടെ കർഷക കുടുംബങ്ങളിലെ യുവതലമുറക്കാർ പാടത്തെ പണിയിൽ നിന്നു പിൻവാങ്ങി. കാർഷിക മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചതിൽ അശാസ്ത്രീയമായ ആധുനിക വിദ്യാഭ്യാസത്തിന് ചെറുതല്ലാത്ത പങ്കാണുള്ളത്. പുതിയ കൃഷിരീതികളെയും വിത്തിനങ്ങളെയും പ്രശ്നകാരണങ്ങളിൽ നിന്നും മാറ്റിനിർത്താനുമാവില്ല. പഞ്ചായത്തിലെ വിളവിസ്തീർണ്ണവും ഉല്പാദനവും സംബന്ധിത്ത വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 3

വിള വിസ്തീർണ്ണവും ഉൽപ്പാദനവും

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	മൊത്തം ഉത്പാദനം	ഉത്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	98	274400 kg	2800 kg
നെല്ല് (രണ്ടാംവിള)	98	279300 kg	2850 kg
പച്ചക്കറികൾ	20	252 ടൺ	1260 ടൺ
തെങ്ങ്	927	8570115	9245 തേങ്ങ
വാഴ	65	78,000 kg	12000 kg/hc
മരച്ചീനി	80	1440 ടൺ	18 ടൺ
കുരുമുളക്	15	4050 kg	270 kg/ks
പ്ളാവ്	10		
കശുമാവ്	1		
മാവ്	15		
റബ്ബർ	5	5900 kg	780 kg
കവുങ്ങ്	4	497200 അടയ്ക്ക	

അവലംബം : അടിസ്ഥാന വിവര രജിസ്റ്റർ

തെങ്ങ്, നെല്ല്, മരച്ചീനി, വാഴ റബ്ബർ,എന്നിവയാണ് പ്രധാന കൃഷിയിനങ്ങൾ. പയർ, പച്ചക്കറി, കുരുമുളക് എന്നിവ ഇടവിളയായും കൃഷിചെയ്യുന്നു.

ഉല്പാദന ക്ഷമത

വിവിധ കാരഷികോല്പന്നങ്ങളുടെ ഉല്പാദനക്ഷമത പഞ്ചായത്ത് തലത്തിലും സംസ്ഥാനതലത്തിലും താരതമ്യം ചെയ്യാൻ ചുവടെയുള്ള പട്ടിക സഹായകമാകും.

പട്ടിക 4

ഉല്പാദനക്ഷമത 1994 – 95

വിള	പഞ്ചായത്ത് തലം	സംസ്ഥാന തലം
നെല്ല്	2800 kg	1943 kg
തെങ്ങ്	9295 nuts	5888 nuts
മരച്ചീനി	18 kg	19.85 ടൺ
കുരുമുളക്	270 kg	276 kg
റബ്ബർ	2780 kg	999

അവലംബം : സംസ്ഥാന പ്ലാനിംഗ് ബോർഡ്, കൃഷിഭവൻ, നേമം

പഞ്ചായത്തിലെ മുഖ്യ കൃഷിവിളകളായ നെല്ലും തെങ്ങും സംസ്ഥാന തലത്തിൽ കൈവരിച്ച ഉൽപാദനക്ഷമതയെക്കാൾ മുന്നിലാണന്നാണ് കണക്കുകൾ കാണിക്കുന്നതെങ്കിലും വിലയിരുത്തലിലെ ശാസ്ത്രീയതയും കണക്കിലെ കൃത്യതയും പരിശോധിക്കേണ്ടതുണ്ട്. പ്രധാനപ്പെട്ട ഭക്ഷ്യവിഭവമായ മരച്ചീനിയുടേയും സസ്യവിളകളായ കുരുമുളകിന്റെയും റബ്ബറിന്റെയും കാര്യത്തിൽ വളരെ പിന്നിലാണ് നമ്മൾ

1.സാങ്കേതിക ഘടകങ്ങൾ

a) ജലലഭ്യത, വളപ്രയോഗം

ഈ ഘടകങ്ങളും ഉല്പാദനക്ഷമതയും തമ്മിലുള്ള ബന്ധം സുദൃഢമായിരിക്കേണ്ടതുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിലെ സംബന്ധിച്ചിടത്തോളം ഏറെ ദുർബലവുമാണ്.

പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും അതിരുകൾ തീർത്തൊഴുകുന്ന കരമനയാറും പൊതുവായ 3 കിണറുകളും എണ്ണം കണക്കാക്കിയിട്ടില്ലാത്ത സ്വകാര്യ കിയണറുകളും 178 പൊതുവായ വാട്ടർ ടാപ്പുകളും 29 - ൽ പരം വലുതും ചെറുതുമായ സ്വകാര്യ-പൊതുകുളങ്ങളും, മുട്ടാറുമാണ് പ്രധാന ജലസ്രോതസ്സുകൾ. ജലസേചനത്തിനും വിതരണത്തിനുമായി കോലിയക്കോട് തോട്, മുല്ലശ്ശേരിത്തോട്, പാപ്പനംകോട് തോട്, മാകുളം, ഇടഗ്രാമം കരി, മലമേൽകുന്ന് ഏലാകളിൽ നിന്നുത്ഭവിതച്ച് കരമനയാറിൽ പതിക്കുന്ന കൈതോടുകൾ, പൊന്നുമംഗലം തോട്, വെള്ളായണിമധുപാലം തോട്, ഒരേക്കർ തോട്, മുട്ടാർ കല്ലുവിളക്കോണം തോട് എന്നിവ വലപ്പോഴും അവയുടെ ഉദ്ദേശ നിർവ്വഹണത്തിൽ വിജയിക്കുന്നില്ല. കിണറുകളും സ്വകാര്യകുളങ്ങളും പലപ്പോഴും വറ്റി വരളുന്നു. അശാസ്ത്രീയമായ പരിചരണരീതികളാലും സ്വകാര്യ കൈയേറ്റത്താലും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലവും പല ജലസ്രോതസുകളും ജലസേചനത്തോടുകളും ഉപയോഗശൂന്യമായിരിക്കുന്നു. ഇവക്കെല്ലാം പുറമേ പഞ്ചായത്തിനെ രണ്ടായി മുറിച്ചുകൊണ്ട് നെയ്യാർ ഇറിഗേഷൻ ചാനലും കടന്നു പോകുന്നുണ്ട്. കാർഷികാവശ്യത്തിന് വേണ്ടിയാഥാ സമയം തലക്കുളങ്ങള്ല വെള്ളമെത്തിക്കുന്നതിലും ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിലും നെയ്യാൽ ഇറിഗേഷൻ പദ്ധതിക്കാകുന്നില്ല.

ചുരുക്കത്തിൽ വേണ്ട സമയത്ത്, വേണ്ട സ്ഥലത്ത്, വേണ്ട്ത്ര അളവിൽ വെള്ളം എത്തിക്കുന്ന കാര്യത്തിൽ ജലസേചന വ്യൂഹം അമ്പേ പരാജയപ്പെട്ടിരിക്കുന്നു. ഏറെ ജലസേചന സാദ്ധ്യതകളുണ്ടായിട്ടും കാർഷികാവശ്യത്തിന് ജലസേചനം നടത്തുന്നതിൽ പരാജയപ്പെട്ടുവഎന്നു മാത്രമല്ല വേനൽക്കാലങ്ങളിൽ പഞ്ചായത്തിന്റെ പലഭാഗത്തും തീവ്രമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു.

പട്ടിക 5
ജലസേചന സംവിധാനങ്ങൾ

വാർഡ് നമ്പർ	പൊതു ജലസേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ് ബാർ	ആയക്കെട്ട് (ഹെക്ടർ)
1	2	3	4	5	6
1	ഇല്ല	ഇല്ല	3	ഇല്ല	15
2	ഇല്ല	ഇല്ല	1	ഇല്ല	6
3	ഇല്ല	ഇല്ല	2	ഇല്ല	8
4	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
5	ഇല്ല	ഇല്ല	2	ഇല്ല	7
6	ഇല്ല	ഇല്ല	1	ഇല്ല	4
7	ഇല്ല	ഇല്ല	1	ഇല്ല	
8	ഇല്ല	ഇല്ല	-	ഇല്ല	6
9	ഇല്ല	ഇല്ല	1	ഇല്ല	6
10	ഇല്ല	ഇല്ല	2	ഇല്ല	8
11	ഇല്ല	ഇല്ല	3	-	10
12	ഇല്ല	ഇല്ല	3	2	12
13	ഇല്ല	ഇല്ല	2		7
14	ഇല്ല	ഇല്ല	2	-	6
15	ഇല്ല	ഇല്ല	6	2	18
ആകെ			29	4	110.2 ha

അവലംബം സെക്കൻന്ററി ഡേറ്റ

പട്ടിക 5

പറമ്പ് ജലസേചനം വളരെ അപൂർവ്വമായാണ് കാണപ്പെടുന്നത്. സംയോജിത നാളീകേരവികസന പദ്ധതിയുടെ ഭാഗമായി പറമ്പ് ജലസേചനത്തിന് പഞ്ചായത്തിലൊട്ടാകെ 59 കിണർ നിർമ്മിക്കുന്നതിനും 56 പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുമുള്ള തുക വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ നാളീകേരോല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ? പരിശോധിക്കേണ്ടതുണ്ട്. കാർഷിക ജലസേചനരംഗത്ത് പുത്തൻ സാദ്ധ്യതകൾ ഒട്ടേറെയാണ്. കരമനയാറ്റിൽ നിന്നുള്ള വെള്ളം ലിഫ്റ്റ് ഇറിഗേഷൻ വഴി പകുതിയോളം വാർഡുകളിൽ കാർഷികാവശ്യത്തിനുപയോഗിക്കാനാകും. മധുപാലത്തിനു സമീപം വെള്ളായണിക്കായൽ റിക്ലമേഷൻ സ്കീം പ്രദേശത്ത് ലിഫ്റ്റ് പമ്പുപയോഗിച്ച് കരമനയാറിലേക്കൊഴുക്കിക്കളയുന്ന വെള്ളത്തെ കാര്യക്ഷമമായുപയോഗിച്ച് മാങ്കിളിക്കരി നിലമക്കരി, കരുമംപുര, കല്ലുവിളക്കോണം ഏലാകളിൽ എത്തിച്ച് ഇന്നുള്ള ഒരുപ്പുകൃഷിയെ ഇരുപ്പൂവാക്കുനുള്ള സാദ്ധ്യതകൾ ആരായേണ്ടതാണ്.

നെയ്യാർ ഇറിഗേഷൻ ചാനലിൽ അപൂർവ്വമായെങ്കലുമെത്തുന്ന വെള്ളത്തെ ഗ്യാരേജ് വാർഡിലെ പട്ടാരത്ത് കുളത്തിലെത്തിച്ച് വേനൽക്കാല ജലസേചനം സാദ്ധ്യമാക്കാവുന്നതാണ്. അറ്റകുറ്റപ്പണികൾ നടത്തി പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുള്ള കോലിയക്കോട് വാർയിലെ ആലത്തറക്കുളം പത്തുഹെക്ടറോളം പ്രദേശത്തെ ജലസേചന സാദ്ധ്യതകൾക്കു വഴിതുറക്കും.

പൊതുവിൽ അതാതുപ്രദേശത്തെ ജലസ്രോതസ്സുകളെ സംരക്ഷിച്ചുകൊണ്ടും അമൂല്യമായ ജലസമ്പത്തിനെ ശാസ്ത്രീയമായി വിനിയോഗിച്ചുകൊണ്ടും മാത്രമേ ജലസേചന-കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാനാകു. ആയതിലേക്ക് ചില ഇടപെടലുകൾ അടിയന്തിരമായി നടത്തേണ്ടിയിരിക്കുന്നു.

i മഴവെള്ളം സംരക്ഷിക്കുക

il ഓടുന്ന വെള്ളത്തെ നടത്തുക

iii ചരിഞ്ഞ പ്രദേശങ്ങളിൽ കുത്തൊഴുക്കിന് തടസ്സം സൃഷ്ടിക്കുക, സസ്യാവരണം ഉണ്ടാക്കുക

iV മഴക്കുഴികൾ നിർമ്മിക്കുക

V വൃക്ഷ വൽക്കരണം നടത്തുക

വളപ്രയോഗത്തിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. അമിതമായ രാസവള-കീടനാശിനി പ്രയോഗത്തിനെതിരെ കർഷകർക്കിടയിൽ തന്നെ അഭിപ്രായം വരുന്നുണ്ട്. ജൈവവള്ത്തിന്റെ ലഭ്യകതക്കുറവ് പ്രശ്നം തന്നെയാണ്. കർഷകരുടെ കൂട്ടായ്മയിലൂടെ ജൈവവള നിർമ്മിതിക്കും ഉപയോഗത്തിനും പുതിയ മാർഗ്ഗങ്ങൾ തേടേണ്ടതാണ്.

പട്ടിക 6

വളപ്രയോഗം 1994-95

വിള	വിസ്തീർണ്ണം ഹെക്ടറിൽ	രാസവള ഉപയോഗം			ജൈവവളം	ഉല്പാദനക്ഷമത (1 ഹെക്ടറിൽ)
		N	P	K		
നെല്ല്	60	4200	3000	1800	1.5 T	4100 kg
തെങ്ങ്	34	2363	1181	4726	980kg	1249 nuts
വാഴ	40	16000	12800	32000	8T	24T
മരച്ചീനി	26	1800	1800	1200	-	25T
പച്ചക്കറി	12	600	360	300	15T	14T

അവലംബം : സെക്കന്ററി ഡേറ്റ

സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ രണ്ടും സ്വകാര്യ മേഖലയിൽ രണ്ടും രാസ വള-കീടനാശിനി വില്പന ശാലകൾ പഞ്ചായത്തിലുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിൽ പഞ്ചായത്തിൽ വില്പന നടത്തിയ വളം-കീടനാശിനിയുടെ വിവരങ്ങൾ

പട്ടിക 7

രാസവള — കീടനാശിനി പിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993—94			1994—95			1995—96		
		രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം കി.ഗ്രാം	കീടനാശിനി	
			ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
1	പാപ്പനംകോട്	N-1561			N-3489			N-3887		
	സർവ്വീസ് സഹകരണ	P-789	7.500	44.500	P-1759	10.00	83.00	P-2292	10.500	74.00
	ബാങ്ക്	K-988			K-1584			K-2001		
2	F.A.C.T. ഡീലർ	N-5920			N-5180			N-5150		
	നേമം	P-4170	34.500	200.00	P-3530	32.500	200.00	P-3730	35.500	200.00
		K-4840			K-3600			K-4000		
3	F.A.C.T. ഡീലർ	N-13350			N-13980			N-9300		
	കരുമം	P-7120	188	1275	P-7015	127	1388	P-6330	109.5	972
		K-10320			K-11060			K-11880		
4	നേമം സർവ്വീസ്	N-1250			N-1916			N-1250		
	സഹകരണ ബാങ്ക്	P-1000			P-1500					
		K-570			K-825					

അവലംബം: സെക്കൻഡറി ഡേറ്റ

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ രാസവളപ്രയോഗമല്ല ചെയ്യുന്നത്. ഓരോവർഷവും രാസവള ഉപയോഗം കൂടിവരുന്നതായും ജൈവവള ഉപയോഗം കുറഞ്ഞുവരുന്നതായും കാണാം.

b) കീടങ്ങൾ, രോഗം, കീടനാശിനി പ്രയോഗം

ഈ പഞ്ചായത്തിൽ തെങ്ങിന് പൂങ്കുലച്ചാഴി, കൊമ്പൻ ചെല്ലി,ചെമ്പൻ ചെല്ലി എന്നീ കീടങ്ങളുടെ ആക്രമണവും മണ്ടചീയൽ രോഗവും കണ്ടുവരുന്നു. നെല്ലിന് ഓല ചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ, ചാഴി തുടങ്ങി കീടബാധ വ്യാപകമാകുന്നു. കീടാക്രമണം ഏറെ രൂക്ഷമായിട്ടുള്ളത് പച്ചക്കറികൃഷി രംഗത്താണ്. ഇലചുരുട്ടിപ്പുഴു, പച്ചതുള്ളൻ (ജാസ്സിഡ്), മുഞ്ഞ (ഏഫിഡ്) എന്നിവ വെണ്ടയെയും ചിത്രകീടം(അമേരിക്കൻ സർപ്പന്റയിൻ ലീഫ് മൈനർ), പയർപ്പേൻ (പീ ഏഫിഡ്) എന്നിവ വള്ളിപ്പയറിനെയും ആക്രമിക്കുമ്പോൾ പടവലപ്പുഴു, കായീച്ച തുടങ്ങിയ കീടങ്ങളാണ് പാവൽ, പടവലം വിളകൾക്കു ഭീഷണിയായിരിക്കുന്നത്. വാഴകൃഷിക്ക് മാണപ്പുഴുവിന്റെയും തടതുരപ്പൻ പുഴുവിന്റെയും ആക്രമണവും കണ്ടുവരുന്നു. പച്ചക്കറികൃഷിക്ക് സാധാരണ കണ്ടുവരുന്ന രോഗങ്ങൾ താഴെപ്പറയുന്നു.

മൊസൈക്ക് രോഗം, ഇലപ്പുള്ളിരോഗം (വെണ്ട്, ചീര), വാട്ടരോഗം (മുളക്, തക്കാളി, കത്തിരി), കുരുടിപ്പ് രോഗം (പാവൽ, പടവലം), മണ്ടയടപ്പ് അഥവാ കുറുനാമ്പു രോഗം(വാഴ). കൂടാതെ കുരുമുളകിന് ദ്രുതവാട്ടരോഗവും കണ്ടുവരുന്നു.

കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ഫലപ്രാപ്തി ഇനിയും അകലെത്തന്നെയാണ്. കീടനാശിനികളുടെ ഉപയോഗം പലപ്പോഴും അനിയന്ത്രിതവും അശാസ്ത്രീയവും ആകുന്നുമുണ്ട്. രാസപദാർത്ഥങ്ങളുടെ അമിതമായ ഉപയോഗം പരിസരമലിനീകരണത്തിനും കീടങ്ങൾക്ക് പ്രതിരോധശക്തി ആർജ്ജിക്കുന്നതിനും, ഫലങ്ങളിൽ അവശിഷ്ട വിഷം ഉണ്ടാക്കുന്നതിനും മിത്രപ്രാണികളുടെ വംശനാശത്തിനും അതുവഴി ശത്രുകീടങ്ങളുടെ വംശവർദ്ധനവിനും കാരണമാകുന്നു. കീടനാശിനിയുടെ അമിത ഉപയോഗം മൂലമുണ്ടാകുന്ന പാരിസ്ഥിതിക - ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനങ്ങൾ ഈ രംഗത്ത് നടന്നിട്ടില്ല. പ്രത്യാഘാതം വേണ്ടത്ര വിലയിരുത്തപ്പെട്ടിട്ടില്ല.

c) കാർഷിക ഉപകരണങ്ങൾവിത്ത് നടീൽ വസ്തുക്കൾ

കൃഷിരീതിയിൽ ആധുനികവൽക്കരണം അതിന്റെ സമഗ്രമായ അർത്ഥത്തിൽ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. മിക്കവാറും പരമ്പരാഗതരീതിയിലുള്ള കൃഷിരീതികളാണ് ഇപ്പോഴും ഇവിടെ നടപ്പാക്കിവരുന്നത്. വളരെ പരിമിതമായിട്ടുമാത്രമേ ഉഴവുയന്ത്രംപോലും ഉപയോഗിക്കുന്നുള്ളൂ. അസൂത്രിതമായ രീതിയിൽ നീർമറി പ്രദേശ വികസനമോ മണ്ണൊലിപ്പു തടയുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലുകളോ ഇപ്പോഴും ഈ പഞ്ചായത്തിന്റെ അജണ്ടയിൽ വന്നിട്ടില്ല. ഉല്പാദനവർദ്ധനവിനുതകുന്ന തരത്തിൽ ആധുനിക കാർഷികോപകരണങ്ങളെ ആശ്രയിച്ചുള്ള കൃഷിരീതി, ഡ്രിപ്പ് ജലസേചനം തുടങ്ങി നിരവധി രീതികൾ നാം സ്വായത്തമാക്കേണ്ടതുണ്ട്.

പട്ടിക 8

കാർഷിക ഉപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			മെതിയന്ത്രം	തെങ്ങുകയറ്റയന്ത്രം	പോർട്ടബിൾ പമ്പുസെറ്റ്
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രേയർ	നാപ്സ്റ്റാക്ക് സ്പ്രേയർ	മറ്റുള്ളവ			
1	2	3	4	5	6	7	8	9	10
1	ഇല്ല	ഇല്ല	5	3	2+1	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2	"	"	12	ഇല്ല	1	"	"	1	"
3	"	6	13	"	ഇല്ല	"	1	1	"
4	"	5	20	"	5	"	ഇല്ല	ഇല്ല	"
5	"	ഇല്ല	6	2	5	"	"	"	3
6	"	"	4	1	1	"	"	"	1
7	"	"	ഇല്ല	ഇല്ല	ഇല്ല	"	"	"	ഇല്ല
8	"	"	"	"	"	"	"	"	"
9	"	"	2	"	"	"	"	"	"
10	"	"	12	"	1	"	"	"	"
11	"	1	8	"	7	"	1	1	"
12	"	ഇല്ല	12	1	5	"	ഇല്ല	1	"
13	"	"	ഇല്ല	ഇല്ല	ഇല്ല	"	"	ഇല്ല	"
14	"	"	2	"	1	"	"	"	1
15	"	"	5	"	2	"	"	"	ഇല്ല
ആകെ		12	101	7	37	-	2	4	5

അവലംബം : സെക്കന്ററി ഡേറ്റ

അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കാർഷിക രംഗത്തെ യന്ത്രവൽക്കരണത്തിന്റെയും ഭാഗമായി വിതരണം ചെയ്ത മെതിയന്ത്രം ഉദ്ദേശിച്ച ഫലമുണ്ടായിട്ടില്ലെന്നതാണ് അനുഭവം. ശക്തമായ ഗ്രൂപ്പ് ഫാമിംഗ് സംവിധാനം നിലനില്ക്കുന്ന സ്ഥലങ്ങളിലേ ഇത്തിരം യന്ത്രോപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനാകുന്നുവെന്നാണ് കർഷകരുടെ അഭിപ്രായം. നേരത്തെ സൂചിപ്പിച്ചതുപോലെ നാടൻ വിത്തിനങ്ങൽ പോയ്മറഞ്ഞ നേമത്തെ കാർഷിക മേഖലയിൽ അത്യുല്പാദനശേഷിയുള്ള പുതുപുത്തൻ വിത്തിനങ്ങൾ സാർവ്വത്രികമായിത്തീർന്നിരിക്കുന്നു. രണ്ടു പതിറ്റാണ്ടുമുമ്പ് അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ തന്നെ മുൻപന്തിയിൽ നിന്നിരുന്ന IR-8 എന്ന വിത്തുപോലും ഇന്ന് പാടങ്ങളിലില്ല. അതിന്റെ സ്ഥാനത്ത് ജ്യോതി, ഭാരതി, കാഞ്ചന, ആതിര, ചീന, P.T.B-22 എന്നീയിനങ്ങൾ എത്തിക്കഴിഞ്ഞു. ഇവയിൽ

ജ്യോതിക്ക് ഏറ്റവും കൂടുതൽ ഉല്പാദനക്ഷമതയുണ്ടെങ്കിലും പ്രതിരോധശേഷി താരതമ്യേന കുറവാണ്. മെച്ചപ്പെട്ട വിത്തിനങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം പ്രാദേശിക തലത്തിൽ ഇന്നു ലഭ്യമല്ല.

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കൃഷിഭവനിൽ നിന്നു വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിശദമായ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 9

നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993- 94	1994 95	1995 96
തെങ്ങ്	550എണ്ണം	1095എണ്ണം	575എണ്ണം
ഗ്രാമ്പ്	30എണ്ണം	-	50എണ്ണം
വാഴക്കന്ന്	200എണ്ണം	-	1500എണ്ണം
ജാതി	100എണ്ണം	-	20എണ്ണം
കുരുമുളക്	10,000എണ്ണം	5000എണ്ണം	5275എണ്ണം
ഒട്ടുതൈകൾ	205എണ്ണം	330എണ്ണം	367എണ്ണം
നെൽവിത്ത്	3820കിലോ	850കിലോ	1725കിലോ
പയർവിത്ത്	382കിലോ	244കിലോ	116കിലോ
പച്ചക്കറിവിത്ത്	3227കവർ	1716കവർ	514കവർ
എള്ളുവിത്ത്	15കിലോ	12കിലോ	-
ഇഞ്ചി	30കിലോ	-	-
കിഴങ്ങുവർഗ്ഗകിറ്റ്	220കിലോ	20കിലോ	100കിലോ

അവലംബം: സെക്കന്ററി ഡേറ്റ

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തിലെ മുഖ്യവിളയായ തെങ്ങിന്റെ കാര്യത്തിൽ ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ദൗർലഭ്യത്തിനു പുറമേ അശാസ്ത്രീയമായ കാർഷിക മുറകളും തെങ്ങിന്റെ ഉല്പാദനത്തെ ബാധിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട ഘടകമാണ്. തെങ്ങു നടുമ്പോൾ ആവശ്യമായ ഇടയകലം പലപ്പോഴും പാലിക്കാറില്ല. ഒരേക്കറിൽ പരമാവധി 68-70 തെങ്ങുകൾ മാത്രമേ നടാവൂ എന്നിരിക്കെ 100 ഉം 108 - ഉം ഒക്കെയാണ് തെങ്ങുകൃഷി മുഖ്യവിളയായ പുരയിടങ്ങളിൽ കാണുന്നത്. ഇടവിളകൃഷിയും ശാസ്ത്രീയ കാർഷികമുറകളും സ്വീകരിക്കാതെ കൃത്യമായ അകലത്തിൽ നട്ടതുകൊണ്ടുമാത്രം തെങ്ങുകൃഷിക്കാരുടെ മൊത്തം വരുമാനം വർദ്ധിക്കണമെന്നുമില്ല.

നടീൽ രീതികളിലുമുണ്ട് തകരാറുകൾ. നികത്തിയ പാടങ്ങളിലാണ് ഈ പ്രശ്നം കൂടുതലായിട്ടുള്ളത്. നല്ല വായു സഞ്ചാരവും നീർവാർച്ചയുമുള്ള മണ്ണാണ് തെങ്ങു കൃഷിക്കനുയോജ്യം. പാടം നികത്തിയ വെള്ളക്കെട്ടുള്ള സ്ഥങ്ങളിൽ ഉല്പാദനക്ഷമത വളരെ താഴ്ന്നിരിക്കുന്നു. കോളേജുവാർഡിന്റെ പല ഭാഗത്തും ഈ കാഴ്ച കാണാവുന്നതാണ്. ജലസേചനം തെങ്ങിന്റെ ഉല്പാദന ക്ഷമതയും രോഗപ്രതിരോധശേഷിയും വർദ്ധിപ്പിക്കുമെന്ന് ഗവേഷണങ്ങൾ ചൂണ്ടിക്കാണിക്കുമ്പോഴും നാമമാത്രമായെങ്കിലും തെങ്ങിൻ ചുവടുകൾ നനയ്ക്കുന്നതിനുള്ള പരിപാടി നമ്മുടെ പഞ്ചായത്തിലില്ല.

പട്ടിക 10
തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങ് എണ്ണം				രോഗം ബാധിച്ചതെങ്ങ്					
	തെങ്ങ് കൃഷി വിസ്തീർണ്ണം(ഹെക്റ്റ)	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് നോട്ട്	ബഡ്റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	60.12	4617	12420	17037	ഇല്ല	ഇല്ല				
2	21.49	3824	7610	11434	--	--				
3	52.23	7174	9788	16962	--	--				
4	70.70	10288	22872	33160	--	--				
5	119.78	8382	31509	39891	5	--				
6	58.75	7470	5094	12564	ഇല്ല	--				
7	78.44	5934	12972	18906	--	--				
8	23.13	2550	6317	8867	--	--				
9	50.576	3730	9358	13088	--	--				
10	88.132	5877	9204	15081	--	--				
11	59.552	3557	9618	13175	--	--				
12	60.42	5447	8277	13724	--	--				
13	37.57	1960	4706	6666	--	--				
14	99.27	11029	17803	28832	--	--				
15	64.92	5344	12072	17416	--	--				
ആകെ	945.08	87183	179620	266803	5					

അവലംബം: സെക്കൻഡറി ഡേറ്റ

IIകാർഷികോല്പന്നങ്ങളുടെ വിലയും വിപണനവും

കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല എന്ന പരാതി അപൂർവ്വമായെങ്കിലും ഗ്രാമസഭാചർച്ചകളിൽ ഉയർന്നിരുന്നു. ഉല്പാദനചെലവ് കൂടുന്നുവെന്നും അതിനനുസരണമായി വിറ്റുവരവ് വർദ്ധിക്കുന്നില്ലായെന്നും വിവിധ മേഖലകളിലെ കർഷകരുടെ അഭിപ്രായങ്ങളിൽ നിന്നും, ശേഖരിച്ച വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു.

കാർഷികോല്പാന്നങ്ങളുടെ വിപണനത്തിന് ഒരാസൂത്രിത വിപണന ശൃംഗലയുടെ അഭാവം കർഷകർക്ക് ന്യായവില ലഭിക്കുന്നതിന് തടസ്സമാകുന്നു.

വായ്പാ സ്രോതസുകൾ

കർഷകർക്കാശ്രയമായ പ്രധാന വായ്പാ സ്രോതസുകളിൽ മുൻ പന്തിയിൽ നിൽക്കുന്നത് നേമം സർവീസ് സഹകരണ ബാങ്കാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ബാങ്കിൽ നിന്നും 27, 95, 443 രൂപ കാർഷിക വായ്പായിനത്തിൽ നൽകിയിട്ടുണ്ട്. ഇതിനുപുറമെ പാപ്പനംകോട് സർവ്വീസ് സഹകരണ ബാങ്ക് 2,64,995 രൂപയും കാർഷികവായ് പായിനത്തിൽനൽകിയിരിക്കുന്നു. (മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നൽകിയിട്ടുള്ള വായ്പയെ സംബന്ധിച്ച വിവരം ലഭ്യമല്ല) കാർഷികാവശ്യത്തിനായി നൽകുന്ന വായ്പകൾക്ക് മിക്കവാറും മറ്റാവശ്യങ്ങൾക്ക് ചെലവഴിക്കുന്നുവെന്നതാണ് കേരളത്തിലെ പൊതുസ്ഥിതി. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ കാർഷികമേഖലയിൽ സഹകരണസ്ഥാപനങ്ങൾ മാത്രം നടത്തിയ നിക്ഷേപം കോടിയിലേറെ രൂപയുടേതാണ്. എന്നാൽ നിക്ഷേപത്തിനനുസരിച്ച് ഉല്പാദന വർദ്ധനവുണ്ടായിട്ടുണ്ടോ? തൊഴിൽ ദിനങ്ങൾ കൂടിയിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്? ഉല്പാദനാധിഷ്ടിതമല്ലാത്ത ഇന്നത്തെ രീതിയിലുള്ള മുതൽമുടക്ക് ഇനിയും തുടരണമോ?

പട്ടിക - 11

കാർഷിക വായ്പ സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	വർഷം	വിതരണം ചെയ്ത തുക	ഗുണഭോക്താക്കളുടെ എണ്ണം
1	നേമം സർവ്വീസ് സഹകരണ ബാങ്ക്	1993-94	9,57065	160
		1994-95	11,94,901	183
		1995-96	6,43,477	121
2	പാപ്പനംകോട് സർവ്വീസ് സഹകരണ ബാങ്ക്	1993-94	98,657	22
		1994-95	89,828	18
		1995-96	76,600	12

കാർഷികോൽപ്പാദനത്തെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കുന്ന വിവിധയിനം പദ്ധതികളും അവക്ക് നല്കുന്ന സബ്സിഡിയുമൊക്കെ കാർഷിക മേഖലക്കുത്തേജനം തന്നെയാണ്. പ്രകൃതി ക്ഷോഭത്തിൽപെട്ട് വിളനാശം വരുന്ന കർഷകരെ ഒരുകൈ തുണയ്ക്കാൻ സർക്കാൻ ദുരിതാശ്വാസമായി നല്കുന്ന സാമ്പത്തിക സഹായത്തിന് കഴിയും. ഈ ഇനത്തിൽ പഞ്ചായത്തിൽ, കഴിഞ്ഞ മൂന്നു വർഷമായി കൃഷിഭവൻ മുഖാന്തിരം നല്കിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 12

ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണം (ഹെക്ടർ)				ധനസഹായംലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്തതുക (Rs)
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപ്പൊട്ടൽ		
1	2	3	4	5	6	7
1993-94	219.42	-	-	-	905	25149/-
1994-95	101.398	-	-	-	295	1,08817/-
1995-96	189.450	-	-	-	368	1,02865/-

അവലംബം: സെക്കന്ററി ഡേറ്റ

III സംഘാടക ഘടകങ്ങൾ

കാർഷിക മേഖലയുടെ പ്രശ്നങ്ങളെയും സാദ്ധ്യതകളെയും സമഗ്രമായി വിലയിരുത്തുന്ന ഏതൊരന്വേഷണത്തിലും സംഘാടകഘടകങ്ങളും വിശകലനം ചെയ്യേണ്ടതുണ്ട്. കാർഷിക ബന്ധങ്ങൾ, കൂലി വികസന സംരംഭങ്ങൾ എന്നിവ ഇവിടെ പരിശോധിക്കപ്പെടുന്നു.

a) കാഷിക ബന്ധങ്ങൾ

നമ്മുടെ പഞ്ചായത്തിൽ കൃഷി മുഖ്യ വരുമാനമായിട്ടുള്ള കർഷകർ 4% മാത്രമാണ്. സംസ്ഥാനതലത്തിലുള്ള 17% ത്തേക്കാൾ ഏറെ താഴെയാണിത്. കൃഷി മുഖ്യ വരുമാനമായുള്ളവരിൽ തന്നെ സ്വയം പണിയെടുക്കുന്നവരുടെയെണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മുഖ്യവരുമാനം കാർഷികേതരമായിരിക്കുന്ന "ഞായറാഴ്ച കർഷകരാണധികവും" പഞ്ചായത്തിലെ കർഷകരുടെ സ്വഭാവം വ്യക്തമാക്കുന്ന കൈവശ ഭൂമി വിസ്തീർണ്ണത്തെ സംബന്ധിച്ച കണക്ക് താഴത്തെ പട്ടികയിൽ നിന്ന് വ്യക്തമാണ്.

പട്ടിക 13

കൈവശ ഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1–2 ഹെക്ർ)	വൻകിട കർഷകർസ (2 ഹെക്ടറിന് മുകളിൽ
1	716	4	Nil
2	604	2	Nil
3	753	3	Nil
4	703	9	2
5	846	14	4
6	844	4	2
7	715	6	1
8	262	4	Nil
9	436	3	1
10	756	4	2
11	708	2	Nil
12	538	4	Nil
13	593	1	Nil
14	584	8	4
15	635	1	Nil
ആകെ	9713	69	16

അവലംബം: സെക്കന്ററി ഡേറ്റ

സംസ്ഥാനത്തെ കാർഷികോല്പാദന മാന്ദ്യത്തെപ്പറ്റിയുള്ള ചർച്ചകളിൽ ഉയർന്നു കേൾക്കാറുള്ള ഭൂമിയുടെ തുണ്ടവൽക്കരണം നമ്മുടെ പഞ്ചായത്തിലും ബാധകമാണ്. മേൽ പട്ടികയിടെ കണക്കുകൾ പ്രകാരം ആകെയുള്ള 9798 ഭൂവുടമകളിൽ കേവലം 16 പേർ മാത്രമാണ് രണ്ട് ഹെക്ടറിനു മുകളിൽ കൃഷി ഭൂമി കൈവശമുള്ളവർ (വൻകിടകർഷകർ) 1-നും 2-നും ഇടയ്ക്ക് കൈവശഭൂമിയുള്ളവർ 69 പേർ (ചെറുകിട കർഷകർ). ചെറുകിട കർഷകരും വൻകിടകർഷകരുമായി ആകെ 85 പേർ മാത്രമാണ് പഞ്ചായത്തിലുള്ളത്. അതായത് ആകെയുള്ള കർഷകരുടെ എണ്ണത്തിൽ ഒരു ശതമാനത്തിൽ താഴെ. 99.13% പേർക്കും തുണ്ടു കൃഷിയിടങ്ങൾ മാത്രമാണുള്ളത്. തൂവാലത്തുണ്ടുകൾ പോലുള്ള ഭൂമിയിൽ ഏകീകൃത കൃഷിരീതി പ്രോയോഗിക മാണോ? ഈ തുണ്ട വൽക്കരിക്കപ്പെട്ട ഭൂമിയെ ഉല്പാദന വർദ്ധനവിനായി നമുക്കനുകൂലമായി മാറ്റിയെടുക്കാനാകുമോ? കേരളം തുണ്ടു കൃഷിയിടങ്ങളുടെ നാടാണെന്ന വസ്തുത നിലനില്ക്കുമ്പോൾ തന്നെ ഉല്പാദന വർദ്ധനവുണ്ടാക്കാൻ അതൊരു തടസ്സമേ കൂടി വേണ്ടതുണ്ട്.

ഉല്പാദന രംഗത്തുണർവ്വും പ്രവർത്തനങ്ങളിൽ കൂട്ടായ്മയും വളർത്താൻ അഞ്ച് പാടശേഖര കമ്മറ്റികളും ഒരു കേര വികസന സമിതിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ സംഘങ്ങളുടെ പ്രവർത്തനം ഇനിയുമൊട്ടേറെ മുന്നേറേണ്ടതുണ്ട്.

പട്ടിക 14

പാടശേഖര കമ്മിറ്റികൾ

ക്രമനമ്പർ	പാടശേഖരകമ്മിറ്റി	വിസ്തീർണ്ണം(ഹെക്ടർ)	കർഷകരുടെ എണ്ണം
1	നിലമക്കരി	45.618	78
2	മാങ്കിളിക്കരി	13.512	48
3	പാപ്പനംകോട്	8.051	25
4	കോലിയക്കോട്	14.268	52
5	പൊന്നുമംഗലം	5.681	21

അവലംബം: കൃഷിഭവൻ

b)കൂലിസേവന വ്യവസ്ഥകൾ

കൃഷിപ്പണിക്ക് വേണ്ടത്രതൊഴിലാളികളെ കിട്ടാനില്ല. കൂലി വർദ്ധനവിനാനുപാതികമായി സേവനമേന്മ ഉയർന്നിട്ടില്ല തുടങ്ങിയ പരാതികളാണ് ഗ്രാമസഭാ ചർച്ചകളിൽ പൊന്തിവന്നിട്ടുള്ളത്.

മുൻപ് പരാമർശിച്ചപോലെ "ആധുനിക വിദ്യാഭ്യാസം" കർഷകവൃത്തിക്ക് മാന്യതയില്ലാതാക്കിത്തീർത്തതും തൊഴിൽ സ്ഥിരതയില്ലായ്മയുമൊക്കെയാണ് മറ്റു മേഖലകളിലേക്ക് ചേക്കേറുന്നതിന് കർഷകത്തൊഴിലാളിയെ പ്രേരിപ്പിച്ച ഘടകം. സ്ത്രീത്തൊഴിലാളിക്ക് കൂലിയായി കിട്ടിയിരുന്ന ഇരുപത്തുരൂപ ഇരുപതേകാൽ രൂപയായി വർദ്ധിപ്പിക്കുന്നതിനും യന്ത്രവൽക്കരണത്തിനെതിരെയുമായിരുന്നു. പാപ്പനംകോട് കോലിയക്കോട് ഏലാകളിൽ കാൽനൂറ്റാണ്ടിനുമുമ്പ് തൊഴിലാളിസമരം നടന്നതും കൃഷി ഭൂമി തരിശ്ശിട്ടതുമെങ്കിൽ ഇന്ന് ഞാറുനടുന്നതിനും കള പറിക്കുന്നതിനുമൊക്കെ മൂന്നിരട്ടിയായി കൂലിവർദ്ധിച്ചിരിക്കുന്നു എന്നുമാത്രമല്ല ഉഴുന്നതിന് മിക്കവാറും യന്ത്രം ഉപയോഗിക്കുന്നുമുണ്ട്. ഇന്നത്തെ പുരുഷന്മാരുടെ കൂലി 100-125 രൂപയാണ് സ്ത്രീത്തൊഴിലാളികൾക്ക് 60-80 രൂപയും, നിലവിലുള്ള കൂലി കൂടുതലാണെന്നാണ് കർഷകരുടെ വാദം.

നടപ്പുസ്കീമുകളുടെ വിലയിരുത്തൽ

പഞ്ചായത്തിലെ കാർഷിക വികസന പ്രവർത്തനങ്ങളിൽ കൃഷിഭവന് പ്രധാന പങ്കുണ്ട്. കാർഷിക വികസനത്തിന്റെ ഏറ്റവും പ്രധാനമേഘലയായ വിജ്ഞാന വ്യാപനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ താല്പര്യമുണ്ടെങ്കിൽപോലും കൃഷി ഉദ്യോഗസ്ഥനുകഴിയാതെ പോകുന്നു. സ്ഥാപനസംബന്ധിയായ കണക്കു സൂക്ഷിക്കലിനും രേഖ ചമക്കലിനുമൊക്കെ കൂടുതൽ സമയം വേണ്ടിവരുന്നതിനാലാണിത്. "ഫയലിൽ നിന്നും വയലിലേക്ക്" ഇനിയും പൂർത്തീകരിക്കാത്ത സ്വപ്നം തന്നെയാണ്. ഈ രീതി പുന:സംവിധാനം ചെയ്യേ

ണ്ടതുണ്ട്. പരിമിതികൾക്കുള്ളിലും നമ്മുടെ പഞ്ചായത്തിൽ 8-ാം പദ്ധതിക്കാലത്ത് വിവിധ സ്കീമുകൾ നടപ്പിലാക്കിയിരുന്നു.

a) സമഗ്ര നാളികേരവികസന പരിപാടി

നാളീകേരോല്പാദനം പരമാവധി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തിൽനിന്ന് വീട്ടാവശ്യത്തിന് കിണർ നിർമ്മിക്കുകയെന്നത് മാത്രമായി പരിണമിച്ചിരിക്കുന്നു ഈ പദ്ധതി നാളികേരോല്പാദനം ഉദ്ദേശിച്ചതിന്റെ നേരിയൊരംശംപോലും വർദ്ധിപ്പിക്കാനായില്ല. കാരണം ഗുണഭോക്താക്കൾക്ക് തെങ്ങു നനക്കുകയെന്നതിനപ്പുറം കുടിവെള്ളത്തിനു കിണർ നിർമ്മിക്കുകയെന്നതു മാത്രമെയുണ്ടായിരുന്നുള്ളൂ. ഈ പദ്ധതിയുടെ ഭാഗമായി പമ്പുസെറ്റുകളും നല്കിയിരുന്നെങ്കിലും, വൈദ്യുതി ലഭ്യമാകാത്ത സ്ഥിതിയായിരുന്നു അതുകൊണ്ട് തന്നെ ഫലം ശൂന്യം. എന്നാൽ കമ്മ്യൂണിറ്റി ഇറിഗേഷൻ തുടങ്ങിയ പരിപാടികൾ ജന പങ്കാളിത്തത്തോടെ നടപ്പാക്കിയാൽ ഗുണകരമാണ്.

നെൽകൃഷിക്കുള്ള സംയോജിത കീടനിയന്ത്രണ പരിപാടിയുടെ ഭാഗമായി ഇന്ന് വിതരണം ചെയ്യുന്ന ഉപകരണങ്ങളും ചെലവഴിക്കുന്ന തുകയും പാഴായിപോകുന്നതായാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. മെതിയന്ത്രം, തെങ്ങുകയറ്റയന്ത്രം എന്നിവയ്ക്കിന്നു നൽകുന്ന സബ്സിഡി തികച്ചും അശാസ്ത്രീയമാണന്നാണ് ഈ പഞ്ചായത്തിലെ അനുഭവം. ഗ്രൂപ്പ് ഫാമിംഗ് സംരംഭങ്ങൾ ഉള്ളിടങ്ങളിൽ മാത്രമാണ് മെതിയെന്ത്രം ഒരു പരിധിവരെയെങ്കിലും പ്രയോജനപ്പെടുക. പൊതുവിൽ ഓരൊ പ്രദേശത്തിന്റെയും പ്രശ്നങ്ങളും സാധ്യതകളും സമഗ്രമായി കണ്ട് നേട്ടകോട്ടവിശ്ലേഷണത്തിന്റെ അടിസ്ഥാനത്തിലാകണം പരിപാടികളും പ്രവർത്തനങ്ങളും തയ്യാറാക്കേണ്ടത്. ലക്ഷ്യം നിർണ്ണയിച്ച് പഞ്ചായത്തുകളിൽ അടിച്ചേൽപ്പിച്ച് ആനുകൂല്യങ്ങൾ മാത്രം നല്കുന്നു. അതിനുപകരം അതാതുപ്രദേശത്തെ കർഷക സമിതികൾക്കുമാത്രമായി പരിപാടി പരിമിതപ്പെടുത്തി പദ്ധതി പ്രകാരം തന്നെ കാര്യങ്ങൾ ചെയ്യിക്കുക.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ കാർഷിക രംഗത്തെ പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1 നെൽകൃഷി നഷ്ടത്തിലാണ്.

2 ജലസേചന സൗകര്യങ്ങൾ വളരെ പരിമിതമാണ്. കൃഷിമിക്കവാറും മഴയെ ആശ്രയിച്ചാണ് നടക്കുന്നത്. നിലവിലുള്ള കുളങ്ങൾ പലതും ജലസേചനയോഗ്യമല്ല.

3 നെൽവയലുകൾ പാർപ്പിട സൗകര്യങ്ങൾക്കായി മാറ്റപ്പെടുന്നു. വയലുകളുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നു.

4 കർഷകത്തൊഴിലാളികളുടെ കൂലി നിരക്ക് വളരെ കൂടുതലാണ്. കൂലിനിരക്കുയരുന്നതിനനുസരിച്ച് സേവന മേന്മ ഉയരുന്നില്ല.

5 കർഷകത്തൊഴിലാളികളെ ആവശ്യത്തിന് ലഭിക്കുന്നില്ല.

6 ഉല്പാദന ചെലവ് കൂടുന്നു. കാർഷിക ഉല്പന്നങ്ങൾക്ക് ഉല്പാദന ചെലവിന് ആനുപാതികമായി വില ലഭിക്കുന്നില്ല.

7 മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്.

8 നാണ്യവിളകൾക്ക് ലഭിക്കുന്ന സംരക്ഷണം നെൽകൃഷിക്ക് ലഭിക്കുന്നില്ല. പാടശേഖരകമ്മിറ്റികൾ നിലവിലുണ്ടെങ്കിലും പ്രവർത്തനം ഇനിയും കാര്യക്ഷമാകേണ്ടിയിരിക്കുന്നു.

9 പഴഞ്ചൻ കൃഷിരീതിയും ഉപകരണങ്ങളുമാണ് ഇന്നു ഉപയോഗിക്കുന്നത്. കാർഷിക മേഖലയിലെ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ല.

10 വളങ്ങളുടെയും കീടനാശിനികളുടെയും വിലകൂടുതൽ.

11 ശാസ്ത്രീയമായ തെങ്ങു കൃഷിരീതി അവലംബിച്ചിട്ടില്ല. തെങ്ങുകൾ

തമ്മിലുള്ള ഇടയകലം കുറവാണ്.

12 തെങ്ങുകൃഷിക്കും മറ്റും കരകൃഷികൾക്കും ആവശ്യമായ ജലസേചനത്തിന് സൗകര്യങ്ങൾ വളരെ പരിമിതം.

13 കീടബാധ :തെങ്ങിന് പൂങ്കുലച്ചാഴി കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നിവയുടെ ആക്രമണവും മണ്ടചീയൽ രോഗവും, നെല്ലിന് ഓലചുരുട്ടിപ്പുഴു തണ്ടുതുരപ്പൻ, ച്ചാഴി തുടങ്ങിയ കീടബാധയും വ്യാപകമാകുന്നു. പച്ചക്കറി കൃഷിയും രൂക്ഷമായ കീടബാധയിലാണ്.

14 വെള്ളപ്പൊക്കം മൂലമുണ്ടായ കൃഷിനാശം അരുവാക്കോട് കല്ലക്കോണം പ്രദേശത്ത് സാധാരണ സംഭവമായിരിക്കുന്നു.

15 പ്രകൃതി ക്ഷോഭം മൂലം നശിച്ചുപോകുന്ന ഉല്പന്നങ്ങൾക്ക് നല്കുന്ന നഷ്ടപരിഹാരവും യഥാർഥ ചെലവും തമ്മിലുള്ള അന്തരം വളരെ വലുതാണ്.

16 മണ്ണിന്റെ ഉല്പാദന ക്ഷമത കുറഞ്ഞുവരുന്നു. ജൈവ വളങ്ങളുടെ ഉല്പാദനം. നാമമാത്രമാണ് ജൈവവളം കിട്ടാനില്ല.

17 കൃഷി ഭൂമിയുടെ തുണ്ടവൽക്കരണം മുഖ്യ വരുമാനമാർഗ്ഗം കാർഷികേതരമായിരിക്കൽ

18 കൃഷിയിടത്ത് ഇടവിളയായും വീട്ടുവളപ്പിലും പച്ചക്കറികൃഷി വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

19 അപൂർവ്വമായെങ്കിലുമുള്ള കുരു മുളക് കൃഷി ദ്രുതവാട്ട രോഗഭീഷണിയിലാണ്.

20 ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വേണ്ടരീതിയിൽ ധനസഹായം ലഭിക്കുന്നില്ല. സങ്കീർണ്ണമായ ഉപാധികൾ, കൂടിയ പലിശനിരക്ക് എന്നീ ഘടകങ്ങൾ ഉല്പാദന വർദ്ധനവിന് തടസ്സം തന്നെയാണ്.

21. ഉല്പാദനശേഷിയും രോഗ പ്രതിരോധ ശക്തിയുമുള്ള വിത്തിനങ്ങൾ വേണ്ടവിധം ലഭിക്കുന്നില്ല.

22 കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണഫലങ്ങൾ, സേവനങ്ങൾ എന്നിവ ഫലപ്രദമായരീതിയിൽ കർഷകരിലെത്തിക്കുന്നതിനുള്ള സംവിധാനങ്ങളുടെ കുറവ്.

23 കൃഷിഭവന്റെ സേവനം വേണ്ട അളവിൽ ലഭിക്കുന്നില്ല. ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കിക്കൊണ്ടുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങളുടെയും കാർഷിക രംഗത്തെ കൂട്ടായ്മയുടെയും അഭാവം.

പരിഹാരങ്ങൾ, സാദ്ധ്യതകൾ

1 അടിയന്തിരമായി ജലസേചന സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്യുക.

2 കരമനയാറ്റിൽ നിന്നുള്ള വെള്ളം ലിഫ്റ്റ് ഇറിഗേഷൻ വഴി പൂഴിക്കുന്ന് എസ്റ്റേറ്റ്, കൈമനം, കോളേജ്, ഇടഗ്രാമം, കരുമം, പാപ്പനംകോട് എന്നീ വാർഡുകളിൽ കൃഷിക്കുപയുക്തമാക്കുന്നതിന് സാദ്ധ്യതകൾ വളരെയേറെയാണ്. വിശദമായ പഠനം നടത്തണം.

3 മഴക്കാലത്ത് ആഴാങ്കൽ ഭാഗത്തെ വെള്ളപ്പൊക്കവും കൃഷിനാശവും ഒഴിവാക്കുന്നതിനും വേനലിൽ കരകൃഷിയെ സഹായിക്കുന്നതിനുമായി ആ ഭാഗത്ത് ജനപങ്കാളിത്തത്തോടെ ഒരു പമ്പ്ഹൗസ് സ്ഥാപിക്കുക.

4 ഭൂമിക്കടിയിലെ ജലവിതാനം കുറഞ്ഞുവരുന്നു. കുളങ്ങളും ജലസംഭരണികളും വേനൽക്കാലത്ത് വരണ്ടുപോകുന്നു. ജലസേചന പ്രാധാന്യമുള്ള കുളങ്ങൾ എല്ലാം ജനപങ്കാളിത്തത്തോടെ നവീകരിക്കുകയും, സംരക്ഷിക്കാൻ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം. വയലുകളിൽ വെള്ളമെത്തിക്കുന്നതിന് സ്ഥിരം കൈത്തോടുകൾ ഉണ്ടാക്കുകയും, ഇതിന് കർഷകരുടെ സഹകരണം ഉറപ്പുവരുത്തുകയും വേണം.

5 വിവിധയിനം കാർഷികവിളകളെ പ്രതിനിധീകരിച്ചുള്ള കർഷകരെ ഉൾപ്പെടുത്തി വാർഡുതല കർഷക സമിതികൾ രൂപീകരിക്കുക.

6 കാർഷിക രംഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഓരോ പ്രദേശത്തെയും കർഷകരുടെ സമിതികൾ മുഖേന നിർവ്വഹിക്കുക.

7 മണ്ണു പിരിശോധനാ സൗകര്യം ഏർപ്പെടുത്തി ഇതിന്റെയിടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗരീതി നിർദ്ദേശിക്കണം.

8 മണ്ണ്, ജലസംരക്ഷണത്തിന് നീരൊഴുക്ക് സർവ്വേയുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കണം.

9 മുഴുവൻ വീടുകളിലും ആവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് വേണ്ട വിത്തും വളവും വാർഡ് കർഷക സമിതികൾ മുഖേന സൗജന്യമായി നല്കുക.

10 ജലസേചനത്തിന് പ്രധാന ജല സ്രോതസ്സുകൾ കേന്ദ്രീകരിച്ച് പമ്പുസെറ്റുകൾ സ്ഥാപിക്കണം. വൈദ്യുതി കണക്ഷൻ വ്യവസ്ഥകൾ ഉദാരമാക്കുകയും സ്ഥിര വോൾട്ടേജ് ഉറപ്പുവരുത്തുവാൻ നടപടിയുണ്ടാക്കുകയും വേണം.

11 നെല്ല്, തെങ്ങ് എന്നിവയെ ബാധിക്കുന്ന കീടബാധക്ക് പരിഹാരം കണ്ടെത്തുന്നതിനായി സത്വരനടപടിയുണ്ടാകണം. ഇതിനായി കാർഷിക ഗവേഷണസ്ഥാപനങ്ങളുടെ ഗവേഷണ ഫലം കർഷകർക്ക് ലഭ്യമാക്കണം.

12 കാർഷികോപകരണങ്ങൾ നാമമാത്രമായ വാടകക്ക് കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

13 നെൽവയലുകൾ നികത്തുന്നതിനും ദീർഘകാല കൃഷികൾക്കായി മാറ്റുന്നത് നിയന്ത്രിക്കുന്നതിനും ബോധവൽക്കരണവും നിലവുലുള്ള നിയമം കർശനമായി നടപ്പിലാക്കാൻ നടപടികളുമുണ്ടാകണം.

14 നെൽകൃഷിക്കുള്ള ഉല്പാദന ബോണസ് ഹെക്ടറിന് ആയിരം രൂപയായി വർദ്ധിപ്പിക്കണം.

15 രോഗ പ്രതിരോധ ശേഷിയുള്ള അത്യുല്പാദന വിത്തിനങ്ങളുടെ ഗുണങ്ങൾ പ്രചരിപ്പിക്കുകയും അവ ലഭ്യമാക്കുവാനുള്ള സംവിധാനം ശക്തിപ്പെടുത്തുകയും വേണം.

16 കൃഷി ഭവനിലൂടെയും മറ്റുസ്ഥാപനങ്ങളിലൂടെയും നടപ്പിലാക്കുന്ന വിവിധ സ്കീമുകളുടെ ആനുകൂല്യങ്ങൾ കർഷക സമിതികൾ മുഖേന വാർഡുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

17 മാകുളം ഇടഗ്രാമംകരി, മലമേൽകുന്ന് ഏലാകളിൽ നിന്നൊഴുകി കരമനയാറിൽ പതിക്കുന്ന തോടുകളിൽ ചീപ്പ് നിർമ്മിക്കണം. വർഷകാലത്തെ കൃഷിനാശം ഒഴിവാക്കാൻ.

18 കൃഷിഭൂമി തരിശിടുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി കൃഷി ചെയ്യുവാനുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും, സഹായവും കൃഷിക്കാർക്ക് ചെയ്തുകൊടുക്കണം.

19 ജൈവ വളത്തിന്റെ കുറവ് പരിഹരിക്കുന്നതിന് കന്നുകാലിവളർത്തൽ, കമ്പോസ്റ്റു നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കണം. ജൈവവള നിർമ്മാണത്തിന് വേലികളിലും പുറംമ്പോക്കിലും ശീമക്കൊന്ന മുതലായ മരങ്ങൾ വ്യാപകമായി നട്ടുവളർത്താൻ ബോധപൂർവ്വമായ പരിപാടികൾ തയ്യാറാക്കണം.

20 രോഗം മൂലം നശിക്കുന്ന കാർഷിക വിളകൾ ഉൾപ്പെടെ മുഴുവൻ കാർഷിക വിളകളെയും ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണം. സാമ്പത്തിക സഹായങ്ങൾ കാലതാമസം ഇല്ലാതെ കൊടുക്കുവാൻ സംവിധാനം ഉണ്ടാക്കണം.

21 രോഗം പിടിപെട്ടതെങ്ങുകൾ മുറിച്ചുമാറ്റി പകരം ഉല്പാദന ശേഷിയുള്ളവ നട്ട് പിടിപ്പിക്കുവാൻ കൃഷി ഭവൻ മുൻകൈയെടുക്കണം. ശാസ്ത്രീയമായ തെങ്ങു കൃഷി രീതികളെക്കുറിച്ചുള്ള ബോധവൽക്കരണവുമുണ്ടാകണാ.

23 കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങളെയും കാർഷിക വിളകൾക്കുണ്ടാകുന്ന

രോഗകീടബാധയെയും അവയെ നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങളെയും കുറിച്ച് ശാസ്ത്രീയമായ അറിവ് സന്നദ്ധ പ്രവർത്തകർക്ക്നല്കുന്നതിന് കാർഷിക സർവ്വകലാശാലയും പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന റീജിയണൽ റസർച്ച് ലബോറട്ടറിയുമായി സഹകരിച്ച് പരിപാടികൾ ആസൂത്രണം ചെയ്യണം.

മൃഗപരിപാലനത്തെയും സസ്യസംരക്ഷണത്തെയും, സംയോജിത കീടനിയന്ത്രണത്തെയും കുറിച്ചുള്ള അറിവ് ശാസ്ത്രീയമായി സമന്വയിപ്പിച്ചുകൊണ്ടുള്ളതായിരിക്കണം പരിശീലനം. ഏതു സാഹചര്യത്തിലും കർഷകന് ഉപദേശവും സഹായവും നല്കാൻ കഴിവും സന്നദ്ധതയുമുള്ള "കർഷകമിത്ര" ങ്ങളായി പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവർക്ക് ഇതൊരു സ്വയം തൊഴിലുമാകും.

24 വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡിയോടെയുള്ള വായ്പ അനുവദിക്കുക.

25 വായ്പാസൗകര്യങ്ങൾ ഉദാരമാക്കണം, കാർഷിക മേഖലയെ മാത്രം കേന്ദ്രീകരിച്ചുള്ള സഹകരണ സ്ഥാപനങ്ങൾ ഉണ്ടാകണം. ഇതിൽ എല്ലാ കർഷകർക്കും നിർബന്ധമായി അംഗത്വം നല്കണം.

26 വയലിലും പറമ്പിലും പുൽകൃഷി, ഇടവിളയായി കൈതച്ചക്ക (പുറുത്തിച്ചക്ക) പച്ചക്കറി, മധുരക്കിഴങ്ങ് വെറ്റില തുടങ്ങിയവ കൃഷി ചെയ്യുവാനുള്ള പരിപാടികളും സൗകര്യങ്ങളും രൂപപ്പെടുത്തണം.

27 കൂൺകൃഷി, തേനീച്ച വളർത്തൽ, ഔഷധ സസ്യകൃഷി, പുഷ്പകൃഷി തുടങ്ങിയ നൂതന കൃഷി രീതികൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുക.

28 സംസ്കരണ സാദ്ധ്യതകൾ ആരാഞ്ഞുകൊണ്ട് പഴവർഗ്ഗ കൃഷി വ്യാപിപ്പിക്കുകയും വൈവിദ്യവർക്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

29 അപൂർവ്വമായെങ്കിലുമുള്ള കൂരു മുളക് ദ്രുതവാട്ട രോഗംമൂലം വംശനാശഭീഷണിയിലാണ്. മരുന്ന് സ്പ്രെയർ എന്നിവ നല്കി ശരിയായ സമയത്ത് മരുന്ന് തളിക്കാനുള്ള സൗകര്യം ഉണ്ടാകണം.

30 ഭൂവിസ്തൃതി നോക്കാതെ ജലസേചനത്തിന് കിണർ കുഴിക്കുവാൻ വായ്പയും സബ്സിഡിയും ലഭ്യമാക്കുക.

31 കാർഷിക രംഗത്തെ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ട്രാക്ടർ, ടില്ലർ, തുടങ്ങിയ കാർഷികോപകരണങ്ങൾ, ഗ്രാമ പഞ്ചായത്തിന്റെ വകയായോ ജനകീയ വിഭവ സമാഹരണത്തിലൂടെ വാങ്ങുവാനുള്ള സാദ്ധ്യതകൾ ആരായാവുന്നതാണ്.

32 നഴ്സറികളുടെ സാദ്ധ്യതകൾ കണ്ടറിഞ്ഞ് മാതൃകാ നഴ്സറികൾ ആരംഭിക്കണം. ഇതിനെ വനിതകളുടെ തൊഴിൽ സാദ്ധ്യതയുമായി ബന്ധപ്പെടുത്താൻ കഴിയും.

33 സന്നദ്ധ-കലാ-കായിക സംഘടനകൾ, മഹിളാ സംഘടനകൾ എന്നിവയുടെ നിലവിലുള്ള സാമ്പ്രദായിക പ്രവർത്തന പരിപാടികളിൽ നിന്നും ഉല്പാദന രംഗത്തേക്കു കൂട്ടിക്കൊണ്ടുവരേണ്ടതുണ്ട്. അതിനായി സൗജന്യമായി വിത്തും വളവും നല്കിക്കൊണ്ട് പച്ചക്കറി കൃഷി രംഗത്ത് സംഘകൃഷിരീതി മത്സരാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം. പഞ്ചായത്ത് കലാമേളകളുടെ ആവേശത്തോടെ പഞ്ചായത്ത് കാർഷിക മേളകൾ സംഘടിപ്പിക്കാവുന്നതാണ്. ഇത് പുതിയൊരു കാർഷിക സംസ്കാരത്തിനു നാന്ദിയാകണം.

34 കാർഷിക മേഖലയിലേക്ക് കുട്ടികളെ ആകർഷിക്കാൻ സ്കൂളുകൾ കേന്ദ്രീകരിച്ച് കാർഷിക ക്ലബ്ബുകൾ രൂപീകരിക്കാനും കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാനും കഴിയും. കാർഷിക ക്ലബ്ബുകളെ പ്രവർത്തനോന്മുഖമാക്കുന്നതിലേക്കായി മറ്റ് സ്കൂൾ മേളകളുടെ അവേശത്തോടെ സ്കൂൾ കാർഷിക മേളകൾ സംഘടിപ്പിക്കാവുന്നതാണ്. "പുസ്തകത്തിൽ നിന്നും പുരയിടത്തിലേക്ക്" എന്നതാകാം കാമ്പയിൻ.

35 മാതൃകാ കൃഷിത്തോട്ടങ്ങൾക്ക് പഞ്ചായത്തു തലത്തിൽ അർഹമായ അംഗീകാരവും മികച്ച കർഷകർക്കും/കർഷകത്തൊഴിലാളികൾക്കും പ്രോത്സാഹനവും, അംഗീകാരവും നല്കണം. കർഷകർക്കും കർഷകത്തൊഴിലാളികൾക്കും നല്കി ആദരിക്കാൻ പഞ്ചായത്തിന്റെ തനതു സ്വഭാവത്തിലുള്ള പുരസ്കാരം, സ്ഥിരമായി എല്ലാവർഷവും നല്കുവാൻ ഏർപ്പെടുത്തണം.

36. നാനാതരം വിത്തുകൾ കർഷകർക്കു വിതരണം ചെയ്യുന്നതിലേക്കായി സംഭരിച്ചു സൂക്ഷിക്കുവാൻ കൃഷിഭവന്റെ കീഴിൽ "വിത്ത് ബാങ്ക്" രൂപികരിക്കുക.

37. ചുരുക്കത്തിൽ സ്ഥായിയും ദ്രുതഗതിയിലുമുള്ള സാമ്പത്തിക വളർച്ചക്കുന്നൽ നൽകുന്നതും ഉല്പാദന വർദ്ധനവിന് ആക്കം കൂട്ടുന്നതുമായ പുതിയൊരു കാർഷി-ഭക്ഷ്യ-തൊഴിൽ സംസ്കാരം വളർത്താൻ, കാർഷിക മേഖലയിൽ കൂട്ടായ്മയോടെയുള്ള മുന്നേറ്റമാണിന്നാവശ്യം. അതിനായി ദ്വിതീയ ത്രീതീയ മേഖലകളുമായി ബന്ധപ്പെടുത്തി സമഗ്രമായൊരു കാർഷിക പരിപാടി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുക.

നീർമറി പ്രദേശങ്ങളുടെ സംരക്ഷണവും മണ്ണുസംരക്ഷണവും

ജനപങ്കാളിത്തത്തോടുകൂടിയ സംയോജിത നീർമറി വികസനപ്രവർത്തനമാണ് സ്ഥായിയായ വികസനത്തിന്റെ നിർണ്ണായക ഘടകം. മനുഷ്യ-ഭൂ-ജല-ജൈവ വ്യവസ്ഥയുടെ സങ്കീർണ്ണമായ പരസ്പരബന്ധം മനസ്സിലാക്കുകയും ഇതിനു കോട്ടം തട്ടാത്ത തരത്തിൽ സമഗ്ര വികസന പരിപാടികൾ രൂപപ്പെടുത്തുകയും സ്ഥായിയായ വിഭവവിനിയോഗതന്ത്രത്തിലേക്ക് ബോധപൂർവ്വം നീങ്ങണ്ടതുമാണ്.

നേമം പഞ്ചായത്ത് സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ്. ചരിവുകളുള്ള ഭൂപ്രകൃതിയാണ് നേമം പഞ്ചായത്തിന്റെ പ്രത്യേകത. ചരിവു പ്രദേശങ്ങൾ വയലുകളിൽ അവസാനിക്കുന്നു. വൃക്ഷങ്ങൾ മുറിച്ചുമാറ്റിയതും പാരമ്പര്യ ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങളും മണ്ണൊലിച്ച് രൂക്ഷമാക്കിയിരിക്കുന്നു. ഫലഭൂയിഷ്ഠമായ മേൽമണ്ണ് നഷ്ടപ്പെടുകയും മഴവെള്ളം കുത്തിയൊലിച്ചു പോകുകയും ചെയ്യുന്നതിന്റെ ഫലമായി കുളങ്ങളും തോടുകളും നികന്നു പോയിരിക്കുന്നു. ഭൂവിനിയോഗം കാർഷിക മേഖലയ്ക്ക് അനുയോജ്യമായിരിക്കേണ്ടതാണ്. ജലസംരക്ഷണ സംഭരണ പ്രവർത്തനവും മണ്ണുസംരക്ഷണവും ഇതിന്റെ അടിസ്ഥാനഘടകങ്ങളാണ്. കൃഷിഭൂമി ചരിവായി കിടക്കുന്ന പ്രദേശങ്ങളെ നീർമറി അടിസ്ഥാനത്തിൽ തട്ടുകളായി വിഭജിക്കാനും പാരമ്പരാഗത രീതിയിൽ പുല്ല് വച്ചു പിടിപ്പിക്കുകയോ മരങ്ങൾ വച്ചുപിടിപ്പിക്കുകയോ ചെയ്യേണ്ടതാണ് പഞ്ചായത്തിലെ കാർഷിക വിളകളിൽ തെങ്ങ് കരക്കൃഷിയുടെ 75% കൈയടക്കിയിരിക്കുന്നു. പുതിയ മേഖലയായ റബ്ബർ ക്യഷി വ്യാപിച്ചുവരുന്നുണ്ട്. ഇടവിളക്യഷിയും ശാസ്ത്രീയ പരിപാലനമുറകളും പ്രാവർത്തികമാക്കിക്കൊണ്ടുള്ള സമഗ്രമായ ഭൂജലവിനിയോഗത്തിന് രൂപം കൊടുക്കേണ്ടതുണ്ട്. മാവ്, പ്ലാവ്, കമുക് മുതലായ വൃക്ഷങ്ങളും പരിരക്ഷിക്കുകയും വൃക്ഷങ്ങളിൽ കുരുമുളക് വച്ച് പിടിപ്പിച്ച് കാർഷിക വരുമാനവും വർദ്ധിപ്പിക്കാവുന്നതാണ്. തരിശുപ്രദേശങ്ങൾ പഞ്ചായത്തിൽ പൊതുവെ കുറവാണ്.

ജലസ്ത്രോതസ്സുകൾ പരിരക്ഷിക്കുന്നതിനും മലിനമാകാതിരിക്കുന്നതിനും പഞ്ചായത്തുതലത്തിൽ ബോധവൽക്കരണം ആവശ്യമാണ്. എല്ലാവാർഡിലും വാട്ടർ ഷെഡ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുണ്ടാകുകയും നീർമറിപ്രദേശങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. കമ്മിറ്റിയിൽ വാർഡ് മെമ്പർ കൃഷിക്കാരുടെ പ്രതിനിധികൾ ഭൂരഹിതകർഷകത്തൊഴിലാളികൾ സന്നദ്ധപ്രവർത്തകർ എന്നിവർ ഉൾപ്പെടേണ്ടതാണ്. നീർമറി പദ്ധതിയോടുള്ള സമീപനം പ്രധാനമായി ഭൂമി മണ്ണ് ജലം എന്നിവയുടെ പാരിസ്ഥിതിക വിശകലനവും ഹ്രസ്വകാലനേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി കൂടുതൽ വിഭവങ്ങൾ ഉപയോഗപ്പെടുത്താനുള്ള പദ്ധതികൾ നിർദ്ദേശിക്കലുമാണ്.

പരിസ്ഥിതി സംരക്ഷണവും ജൈവ വൈവിധ്യ സംരക്ഷണവും

നമുക്കുചുറ്റും കാണുന്ന സചേതനങ്ങളായ എല്ലാ ജീവജാലങ്ങളിലും കാണുന്ന 'വിവിധതയുടെ വൈവിധ്യം ശ്രദ്ധേയമാണ് ജൈവ വൈവിധ്യം. പ്രകൃതിയെ ആരാധിക്കുന്നതിലൂടെയും അചേതനവസ്തുക്കളെ പരിരക്ഷിക്കുന്നതിലൂടെയും നമ്മുടെ പൂർവികർ ജൈവവൈവിധ്യം സംരക്ഷിക്കുകയും ജീവസന്ധാരണ പ്രക്രിയയ്ക്ക് പ്രയോജനപ്പെടുത്തുകയും ചെയ്തിരുന്നു. കാവുകൾ സംരക്ഷിക്കപ്പെടുന്നതിലൂടെ ജൈവസമ്പത്തിന്റെ വലിയൊരു ഭാഗത്തെ നിലനിർത്താൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള കാവുകളൊക്കേത്തന്നെ നാശത്തിന്റെ വക്കിലാണ്. ഇവയൊക്കെത്തന്നെ സ്വകാര്യ വ്യക്തികളുടെ വകയിലാണ്. കുളങ്ങളുടെയും തോടുകളുടെയും സംരക്ഷണത്തിലൂടെ നമ്മുടെ ജലസമ്പത്ത് നിലനിറുത്താനും കാർഷിക വൃത്തിക്ക് പ്രയോജനപ്പെടുത്താനും കഴിഞ്ഞ തലമുറശ്രദ്ധിച്ചിരുന്നു. ലോകമാകെ ഇന്ന് കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് മൂന്നാം ലോകത്തിലെ ജൈവവൈവിധ്യ സംരക്ഷണം. ജനിതക എഞ്ചിനീയറിംഗ് രംഗത്ത് ഇന്ന് ശാസ്ത്രലോകം കൈവരിച്ച നേട്ടങ്ങൾ കാർഷിക വ്യാവസായിക ചികിത്സാ രംഗങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന റീജിയണൽ റിസർച്ച് ലബോറട്ടറിക്ക് പഞ്ചാ

യത്തിലെ ജൈവവൈവിധ്യത്തെക്കുറിച്ച് ഒരു പഠനം നടത്താനും വേണ്ട നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനും കഴിയും. പഞ്ചായത്തിൽ മുപ്പത് വർഷം മുമ്പുവരെ ഔഷധ സസ്യങ്ങളും വൈവിധ്യമാർന്ന മരങ്ങളും സുലഭമായിരുന്നു. കാവുകളിലും പുറമ്പോക്കുകളിലും സ്വകാര്യ ഭൂമിയിലും ഉണ്ടായിരിക്കുന്ന കുറ്റിക്കാടുകളും നശിപ്പിക്കപ്പെട്ടതോടെ ഇവ വംശനാശത്തിന്റെ വക്കിലാണ്. വേലിപ്പരുത്തി, കുറുന്തോട്ടി, ചെറിയനങ്ക, കരുംകുറിഞ്ഞി, മൈമത്ത്, കുരുമിഞ്ഞി,അഞ്ചിലത്തൊറ്റി,കാര, മൂടില്ലാത്താളി, നന്ത്യാർവട്ടം, നിഴൽതീണ്ടാപച്ച, കുറിഞ്ഞി, മുട്ടപ്പായൽ, ചങ്ങലംപരണ്ട, നൊച്ചി, ആടലോടകം, നീലഉമ്മം, മലാന്നി, ശതാവലി, മുത്തങ്ങ, കൈതോന്നി, യശങ്ക്, കിരിയാത്ത്, ചുണ്ട. ഞെരുഞ്ഞിൽ കറ്റാർ വാഴ, കീഴാർനെല്ലി, ഒടിയൻ കുരുന്നു, ശതാപ്പു, ആനച്ചുവടി, വിഷ്ണുക്രാന്തി, ഞവര (പനികൂർക്ക), കടലാടി, നിലപ്പന, ഉഴിഞ്ഞ, തഴുതാമ, മുറിവൊട്ടി, ആടുതീണ്ടാപ്പാല, പൂവൻകുരുന്ന്, കല്ലുരിക്കി എന്നീ ഔഷധ സസ്യങ്ങൾ സുലഭമായിരുന്നു. അതുപോലെ വ്ലാത്തി, വാക, കൂവളം, കുമ്പിൾ, ആഴാന്ത, വയ്യാഴാന്ത, മുഞ്ഞ, പുന്ന, പാതിരി, കാഞ്ഞിരം, കശുമാവ്, മുരുക്ക്, താഴ, ഉലട്ടി, കുടപ്പന, പന എന്നീ മരങ്ങളും സുലഭമായിരുന്നു. മേല്പറഞ്ഞ ഔഷധസസ്യങ്ങളും മരങ്ങളും ഏതാണ്ട് പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായിരുന്നു.

വയലുകളിൽ കണ്ടിരുന്ന പച്ചത്തവള, നത്ത, വയൽ ഞണ്ട് അതുപോലെ കുളങ്ങളിലും തോട്ടിലും കണ്ടിരുന്ന മത്സ്യങ്ങളായ കാരി,ബ്രാൽ, മാനത്തുകണ്ണി, നെടുമീൻ, നിലംപതുങ്ങി എന്നിവയും കുളത്തിൽ കണ്ടിരുന്ന ചെറിയ ആമകളും വംശനാശത്തിന്റെ വക്കിലാണ്.

മാവിനങ്ങളിൽ വെള്ളരി, കിളിച്ചുണ്ടൻ, പുളിച്ചി, ഒഴിച്ചുകൂട്ടാൻ, കല്ലുവരിക്ക എന്നിവയും സംരക്ഷിക്കപ്പെടേണ്ട വൃക്ഷങ്ങളുടെ കൂട്ടത്തിൽപ്പെടുന്നു.

പഞ്ചായത്തിലെ കാവുകളിൽ ചാരണത്തുകാവിന് ശ്രദ്ധേയമായ പ്രത്യേകതകൾ ഉണ്ട്. ദേശാനടപ്പക്ഷികൾ കൂടുകെട്ടുന്ന ഈ കാവിലെ പക്ഷികളെക്കുറിച്ച് 1990 മുതൽബേഡേഴ്സ് ആന്റ് വാർ ബ്ലേഴ്സ് എന്ന പ്രകൃതി സംരക്ഷണ സംഘടന പഠനം നടത്തിവരുന്നു. കാവിലെ മരങ്ങളിൽ കൂടുവയ്ക്കുന്ന പക്ഷികൾ ഇവയാണ്.

1 **പാതിരാകൊക്ക് (Night Heron)**

ഇവിടെ ഇരുന്നുറോളം കൂടുകൾ ഒരു സീസണിൽ കണ്ടെത്തിയിട്ടുണ്ട്. തെക്കൻ കേരളത്തിലെ വലിയ കോളനിയാണിത്. വംശനാശഭീഷണി നേരിടുന്ന ഈ കൊക്കുകളുടെ കേരളത്തിലെ മറ്റു കൂടുവയ്ക്കൽ കേന്ദ്രങ്ങൾ കുമരകം (കോട്ടയം) നൂറനാട് (ആലപ്പുഴ) പനമരം(വയനാട്) എന്നിവിടങ്ങളിലാണ്.

2 **കുളക്കൊക്ക് (Pond Cormorant)**

3 **നീർക്കാക്ക(Little Cormorant)**

4 **ചിന്നമുണ്ടി (Little Egret)**

കാവിനടുത്തുള്ള ആഴാങ്കൽ ചതുപ്പിലെത്തുന്ന (Azhankal Marsh) ദേശാനടപ്പറവകൾ

1 **നീർക്കാട (Common Sand piper)**

2 **കരിമ്പൻകാടകൊക്ക് (Green sand piper)**

3 **പുള്ളിക്കാടകൊക്ക് (Spotted sand piper)**

ഈ പക്ഷികൾ സൈബീരിയായിൽ നിന്നും എത്തുന്നവയാണ്. ചാരണത്തുകാവിലെ പക്ഷികളെക്കുറിച്ചുള്ള വിവരങ്ങൾ ലോകമാകെയുള്ള കാനേഷുമാരി (Water fowl census) എടുക്കുന്ന മലേഷ്യ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന International wetland Research Bureaue (IWRB) യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും അവരുടെ വർഷംതോറുമുള്ള റിപ്പോർട്ടിൽ ചാരണത്തുകാവിലെ പക്ഷികളുടെ എണ്ണം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കാവിലെ ചുറ്റുപാടുമുള്ള ചതുപ്പുകളും വയലുകളും നികത്തപ്പെടുന്നത് ഇവയുടെ ഭക്ഷ്യമേഖലയെ ഏതാണ്ട് പൂർണ്ണമായിതന്നെ തകർത്തിരിക്കുന്നു. പഞ്ചായത്ത് ഗൗരവപൂർവ്വം പരിഗണിക്കേണ്ട പാരിസ്ഥിതിക പ്രശ്നം ഇതുതന്നെയാണ്.

വ്യാവസായിക മലിനീകരണപ്രശ്നത്തിൽ KSRTC വർക്ക്ഷോപ്പിൽ നിന്നും മലി

നജലം ഓടവഴി കരമനയാറ്റിലേക്ക് ഒഴുക്കി വിടുന്നു. ഇതു ആറ്റിലെ ജലം മലിനമാക്കുന്നതിനോടൊപ്പം ഓടയ്ക്കു സമീപമുള്ള കിണറുകളുടെ വെള്ളവും മലിനീകരിക്കപ്പെടുന്നു. പഞ്ചായത്ത് ഇക്കാര്യത്തിൽ ശ്രദ്ധിക്കുകയും വർക്ക്ഷോപ്പിൽ തന്നെ ഓയിൽ ജലം ട്രീറ്റുചെയ്തിരിക്കേണ്ടതുമാണ്.

ജൈവവൈവിധ്യം സംരക്ഷിക്കുന്നതിൽ വ്യാവസായികവും അല്ലാതെയുമുള്ള മലിനീകരണം നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. വീടുകളിൽ നിന്നുള്ള മാലിന്യങ്ങളും ഇറച്ചിക്കോഴിവളർത്തൽ കേന്ദ്രങ്ങളിൽ നിന്നുള്ള കോഴിവേസ്റ്റ്, മാർക്കറ്റുകളിൽ നിന്നുള്ള മാലിന്യം ഇവ ശാസ്ത്രീയമായി സംരക്ഷിക്കുവാൻ പഞ്ചായത്തിൽ ഒരു ട്രീറ്റിമെന്റ് പ്ലാന്റ് ആവശ്യമാണ്. ഈ മാലിന്യങ്ങൾ കമ്പോസ്റ്റാക്കിമാറ്റാനുള്ള സാങ്കേതിക വൈദഗ്ദ്യം ആരായേണ്ടതാണ്. അതുപോലെതന്നെ പ്ലാസ്റ്റിക് കുപ്പി, തകരം, കട്ടിപ്പേപ്പർ എന്നിവ ശേഖരിച്ച് പുന:ചംക്രമണം നടത്താൻ പഞ്ചായത്തിൽ തന്നെ യൂണിയറ്റുകൾ തുടങ്ങാവുന്നതാണ്. പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്ന വസ്തുക്കളേയും പ്രവർത്തനങ്ങളേയും ചെറുക്കുവാൻ ജനങ്ങളെ ബോധവത്കരിക്കേണ്ടതായിട്ടുണ്ട്.

മൃഗസംരക്ഷണം

മൃഗ പരിപാലന രംഗത്ത് കേരളം രൂപീകരിക്കപ്പെട്ടതിനുശേഷം പാലിന്റെ ഉത്പാദനത്തിലും ഉപഭോഗത്തിലും വലിയ വർധനവ് ഉണ്ടായിട്ടുണ്ട് 60 കളുടെ മധ്യത്തിൽ ഏതാണ്ട് 2 ലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ 12 ലക്ഷം ടണ്ണിലേറെ വർദ്ധിച്ചിരിക്കുന്നു. ആളോഹരി ഉപഭോഗം 50 ഗ്രാം ആയിരുന്നത് ഇന്ന് 155 ഗ്രാം ആയിത്തീർന്നിരിക്കുന്നു. ഈ നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞത് ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാഹായം കർഷകർക്കിടയിൽ വ്യാപിച്ചതു കൊണ്ടാണ്. ആധുനിക മൃഗപരിപാലന നിലവാരത്തിലെത്താൻ ഇനിയും വളരെയേറെ മുന്നോട്ടു പോകാനുണ്ട്.

ശ്രദ്ധേയമായ ഈ രംഗത്തുണ്ടായ ഒരു മാറ്റം നാടൻ പശുക്കളിൽ നിന്നും ഉല്പാദനക്ഷമത കൂടുതലുള്ള സങ്കരയിനം പശുക്കളിലേക്കുള്ള മാറ്റമാണ്. ഉയർന്നജനിതക ഗുണങ്ങളുള്ള സങ്കരയിനം കന്നുകാലികൾക്ക് ശാസ്ത്രീയമായ പരിപാലനവും പോഷക സമൃദ്ധമായ തീറ്റയും ആവശ്യമാണ്. ഇവയ്ക്ക് പാരമ്പര്യമായി നൽകിവന്ന വൈയ്ക്കോലും ഭക്ഷ്യവസ്തുക്കളുടെ അവശിഷ്ടവും മാത്രം നൽകിയാൽ മതിയാവില്ല. പോഷക സമൃദ്ധമായ കാലിത്തീറ്റ വളരെ ചിലവേറിയത്. സാധാരണ കർഷകർക്ക് ഈ ചെലവ് താങ്ങാനാകുന്നതല്ല.

സങ്കേതിക രംഗത്തുണ്ടായ മാറ്റങ്ങൾ ഉല്പാദനരംഗത്തും ഉണ്ടാകണമെങ്കിൽ ഉയർന്നഉല്പാദനക്ഷമതയുള്ള മൃഗങ്ങളെ ഉൽപ്പാദിപ്പിച്ചാൽ മാത്രം പോരാ, ഇതിനുബന്ധമായി വരുന്ന കാലിത്തീറ്റ ശരിയായ ചികിത്സ, ശാസ്തീയമായ പരിപാലനം എന്നിവയും ശ്രദ്ധിക്കേണ്ടതായുണ്ട്. നമ്മുടെ കാലാവസ്ഥയ്ക്ക് കൂടുതൽ അനുയോജ്യമായ സുനന്ദിനി ഇനത്തിൽപ്പെട്ട പശു പ്രചരിപ്പിക്കേണ്ടതാണ്. ഇടവിളയായും പുറംമ്പോക്കുകളിലും വേലികളിലും തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് ബോധവത്കരണവും പ്രചരണവും നടത്തേണ്ടതുണ്ട്. ഇതിനായി പുൽവിത്ത് വിതരണം നടത്തണം ലഭ്യമായ തദ്ദേശീയ വിഭവങ്ങൾ സമൃത്തമായി ഉപയോഗിച്ച് കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നത് ശ്രമിക്കേണ്ടതാണ്. ഇതിന് മരച്ചീനി ഉത്പാദനം വർദ്ധിപ്പിക്കുക. വെളിച്ചണ്ണയുടെ ഉപോല്പന്നമായ പിണ്ണാക്ക്, പ്രാദേശികമായി ലഭ്യമായ പുളിങ്കുരു, ചക്കക്കുരു എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്. നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ വയ്ക്കോൽ ലഭ്യത വർദ്ധിപ്പിക്കാൻ കഴിയും.

മാംസാവശ്യത്തിനായി 80% കന്നുകാലികളെ തമിഴ്നാട്ടിൽ നിന്നും ഇവിടെ കൊണ്ടുവരുന്നു. ഇവയിൽ പലതും രോഗം പിടിപെട്ടവയാണ്. പഞ്ചായത്തിൽ കശാപ്പുശാല ഇല്ലാത്തത് അനാരോഗ്യകരമായ മാംസ വിതരണത്തിന് കാരണമായിത്തീരുന്നു. മൃഗാവശിഷ്ടങ്ങളും അതുപോലെ കോഴിയുടെ അവശിഷ്ടങ്ങളും മറവു ചെയ്യാൻ പഞ്ചായത്തിൽ ഏത്രയും പെട്ടെന്ന് സ്ഥലം കണ്ടെത്തേണ്ടതുണ്ട്. മാംസോല്പാദനത്തിനായി കാളക്കുട്ടി പരിപാലനം, പന്നി, മുയൽ, ആട്, കാട എന്നിവ വളർത്തൽ വ്യപകമാക്കണം ബ്രോയിലർ കോഴികൾ വ്യാപകമായി വളർത്തുവാൻ തുടങ്ങിയതോടെ കോഴിയിറച്ചിക്കുവേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയ്ക്ക് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ടെങ്കിലും മുട്ടയുടെ കാര്യത്തിൽ ആവശ്യത്തിന്റെ 50% മാത്രമേ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നുള്ളു.

തുകൽ, എല്ല്, മൃഗ കൊഴുപ്പ് എന്നിവയുമായി ബന്ധപ്പെട്ട വ്യസായങ്ങൾ മാംസോല്പാദനത്തിന്റെ അനുബന്ധ വ്യവസായങ്ങളായി വളർത്തിയെടുക്കേണ്ടതാണ്.

പേവിഷബാധനിയന്ത്രണം, മൃഗങ്ങൾക്കുള്ള പ്രതിരോധ വാക്സിനേഷൻ എന്നീ പ്രശ്നങ്ങൾ മൃഗ സംരക്ഷണ വകുപ്പ് കൈകാര്യം ചെയ്യുന്നു എങ്കിലും ഫണ്ടിന്റെ അപര്യാപ്തതയും ജനങ്ങളുക്ക് ഇക്കാര്യത്തിലുള്ള അജ്ഞതയും കാരണം പ്രതീക്ഷയ്ക്കൊത്തു ഉയരുന്നില്ല.

തിരുവനന്തപുരം നഗരത്തിന്റെ പ്രാന്തപ്രദേശമായതിനാൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നഗരച്ചുവയുള്ള ഒരു പ്രദേശമാണ്

നേമം പഞ്ചായത്ത്. കാലികൾക്ക് മേച്ചിൽ സ്ഥലമില്ലാത്തതും നെൽകൃഷി കുറഞ്ഞുവരുന്നതും വയ്ക്കോലിന്റെ ദൗർലഭ്യവും കാലിത്തീറ്റയുടെ വിലവർദ്ധനവും കാലിവളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 1987 ലെ സെൻസസ് പ്രകാരം ഇവടെ-കാളകൾ 239, പശുക്കൾ-2632, ഏരുമ്-545, പോത്ത് 138 ആട്-1544, പട്ടികൾ-3373, കോഴി-24587, താറാവ് - 616, എന്നീ മൃഗങ്ങളും പക്ഷികളുമാണ് ഉള്ളത്. പാൽ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട ഒരു ക്ഷീരസഹകരണസംഘം മാത്രമാണ് ഈ പഞ്ചായത്തിൽ ഉള്ളത്.അത് പ്രവർത്തനരഹിതമായതിനായർ കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ കുറഞ്ഞവിലയിൽ സമീപസ്ഥർക്ക് വിൽക്കുന്നു. മാത്രമല്ല മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പത്യേക കന്നുകുട്ടിപരിപാലന പദ്ധതി പോലുള്ളവ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു.

ഈ പഞ്ചായത്തിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് 2-1CDP സബ് സെന്ററുകളും, 1995 ഏപ്രൽ മുതൽ ഒരു മൃഗാശുപത്രിയും പ്രവർത്തിച്ചുവരുന്നു. മൃഗാശുപത്രിയിൽ ബീജാധാരക്കുത്തിവയ്പ്പിനുള്ള സൗകര്യമോ, ശീതികരണ ഉപകരണങ്ങൾ, ഉപകരണ രോഗാണുവിമുക്തമാക്കാനുള്ള സൗകര്യം, ലബോറട്ടറിസൗകര്യം, മൈക്രോസ്ക്കോപ് എന്നിവയോ ഇല്ലാത്തതും ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലം ഉള്ളിലായതിനാലും പ്രവർത്തനം തൃപ്തികരമായി നടത്താൻ കഴിയുന്നില്ല ഈ ആശുപത്രിയിൽ വേണ്ടത്ര സ്റ്റാഫോ, ഫർണിച്ചറോ, ഉപകരണങ്ങളോ ഇപ്പോൾ ഇല്ല. അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി ഇല്ല. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ അടിയന്തരശ്രദ്ധ പതിയേണ്ടതുണ്ട്.

മാംസോൽപാദനം വർദ്ധിപ്പിക്കാൻ പന്നിവളർത്തൽ, വേഗത്തിൽ വളരുന്ന ആടുകളെ വളർത്തൽ, മുയൽ വളർത്തൽ എന്നിവ നടപ്പിലാക്കേണ്ടതാണ്. അതുപോലെ തന്നെ ടർക്കി, ഗിനി ക്കോഴി, കാടപ്പക്ഷി എന്നിവ വളർത്തലും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

മറ്റൊരു പ്രശ്നം നല്ലയിനം കാലിത്തീറ്റയുടെ ആഭാവമാണ്. ഗുണമേന്മഇല്ലാതാണെങ്കിൽ കൂടി കാലിത്തീറ്റ എന്ന പേരിലുള്ള തീറ്റകൾ വിപണിയിൽ ലഭ്യമാണ്. എന്നാൽ ആടിനുള്ള തീറ്റ, പന്നിത്തീറ്റ, കന്നുക്കുട്ടികൾക്കുള്ള കാഫ്സ്റ്റാർട്ടർ, മുയൽത്തീറ്റ മുട്ടക്കോഴിത്തീറ്റ എന്നിവ മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ ഈ മൃഗങ്ങളെ നല്ല രീതിയിൽ വളർത്താൻ സാധ്യമല്ലാതെ വരുന്നു. ആടുകളുടെ വളർച്ചയിലുള്ള മുരടിപ്പ് പ്രധാനമായും തീറ്റയുടെ അഭാവമാണ്.

അടുത്ത കാലത്തായി വകസിച്ചുവരുന്ന മേഖലയാണ് ഇറച്ചിക്കോഴി വളർത്തൽ. നേമം പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ ഏഴ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കോഴി വിപണനത്തിന് ധാരാളം ഏജൻസികൾ ഉണ്ടെങ്കിലും അതിനനുസരണമായി കോഴിവളർത്തൽ കുറവാണ്. കോഴിക്കുഞ്ഞുകളെ സമയത്തിന് കിട്ടാതെവരുക, വിലയിലുള്ള വലിയ ഏറ്റക്കുറച്ചിൽ, കോഴിത്തീറ്റ കിട്ടുവാനുള്ള പ്രയാസം എന്നിവയാണ് ഇ മേഖലനേരിടുന്ന കാതലായ പശ്നങ്ങൾ മുട്ടക്കോഴിയെ അപേക്ഷിച്ച് ബ്രോയിലറിന്റെ പ്രത്യേകത മുടക്കുന്ന മുതൽ ലാഭത്തോടെപ്പം രണ്ടു മാസത്തിനകം തിരിച്ചുകിട്ടും എന്നുള്ളതാണ്. ഇറച്ചിക്കോഴികൾ വളർന്നുവലുതാകാൻ 6-8 ആഴ്ചകൾ മതിയായതിനാൽ രോഗങ്ങൾ മുഖേന ചത്തുപോകാനുള്ള സാധ്യതകൾ കുറവാണ്.

മുട്ടയുല്പാദന രംഗത്തുള്ള മുരടിപ്പിന് പ്രധാനകാരണം ഉല്പാദനച്ചെലവിലും മുട്ടയുടെ വിലയിലുമുള്ള അന്തരമാണ്. കോഴിത്തീറ്റയ്ക്കുവേണ്ടി ആന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിനാലും കൂലിക്കുടുതൽ ആയതിനാലും നാം ഉല്പാദിപ്പിക്കുന്ന കോഴിമുട്ടകൾക്ക് തമിഴ്നാട്ടിൽ നിന്നു ഇറക്കുമതി ചെയ്യുന്ന മുട്ടയുമായി മത്സരിക്കാനാവുന്നില്ല. സ്ഥല ലഭ്യതയുള്ളതിനാൽ നമ്മുടെ നാട്ടിൽ വലിയ ഫാമുകളെക്കാൾ അഭികമ്യം അടുക്കളമുറ്റത്തെ കോഴിവളർത്തലാണ്. ഇങ്ങനെ വളർത്തുന്ന കോഴികൾക്ക് കുറച്ചു കോഴിത്തീറ്റയേ ആവശ്യമായുള്ളു മുട്ട ഉല്പാദനവുമായി ബന്ധപ്പെടുത്തി താറാവ്, ഗിനിക്കോഴി, ടർക്കി, കാട എന്നിവ ഈ പഞ്ചായത്തിൽ വളരെ വിരളമായി മാത്രമേ വളർത്തിക്കാണുന്നുള്ളു. ഇവയുടെ കുഞ്ഞുങ്ങളെ കിട്ടുവാനുള്ള പ്രയാസം, വളർത്തുന്നതിനെക്കുറിച്ചുള്ള അറിവില്ലായ്മ, അവയ്ക്കുവേണ്ടത്ര പ്രത്യേക തീറ്റയുടെ അപര്യാപ്തത എന്നിവയാണ് അതിനുള്ള കാര

ണങ്ങൾ. പാടങ്ങളുമായി ബന്ധപ്പെടുത്തി താറാവുകൃഷി വ്യാപകമാക്കാൻ യാതൊരു ബുദ്ധിമുട്ടും ഇല്ല.

കന്നുകാലികളിൽ നിന്നുള്ള ചാണകം വളമായി ഉപയോഗിക്കുന്നു. എന്നാൽ പാചകവാതകങ്ങളെ നല്ല ഉറവിടമായി ഇതിനെ ഉപയോഗിക്കപ്പെടുപ്പെടുത്തുന്നില്ല. 2- 3 പശുക്കൾ ഉള്ള വീട്ടിൽ കുറഞ്ഞ ചെലവിൽ പാചകവാതകം ചാണകത്തിൽ നിന്നു നിർമ്മിക്കാൻ കഴിയും. ഇതിന് പല ഏജൻസികളും സബ്സിഡിയും വേണ്ട ഉപദേശങ്ങളും നൽകിവരുന്നു. ബോധവത്കരണവും പ്രചരണവും ഈ രംഗത്ത് പഞ്ചായത്തിൽ ഉണ്ടാകേണ്ടതാണ്.

മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെടുത്തി വിവിധ വിഷയങ്ങൾ പ്രത്യേകിച്ച് കന്നുകാലി, പന്നി, മുയൽ, താറാവ്, കോഴി, കാടപ്പക്ഷി, എന്നിവയുടെ പരിപാലന രീതികളെക്കുറിച്ചും ശാസ്ത്രീയ വശങ്ങളെ സംബന്ധിച്ചും മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ലൈവ്സ്റ്റോക് മാനേജ്മെന്റ് സെന്ററിൽ നിന്നും (കുടപ്പനക്കുന്ന്) വിദഗ്ദ്ധരെ വരുത്തി പഞ്ചായത്തിൽ താൽപര്യമുള്ള കർഷകർക്ക് പരിശീലനം നൽകേണ്ടതാണ്. വന്ധ്യതാ നിവാരണ ക്യാമ്പുകൾ, പ്രതിരോധകുത്തിവയ്പ്പുകൾ കന്നുകാലികൾക്ക് വരുന്ന രോഗങ്ങൾ അവയുടെ നിവാരണം എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം മൃഗാശുപത്രിയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി കുറഞ്ഞത് മൂന്ന് വാർഡുകൾക്ക് ഒരു ക്ഷീരസഹകരണസംഘം എന്ന നിലയിൽ സംഘടിപ്പിക്കുകയും അവ മൃഗാശുപത്രിയുമായി സഹകരിച്ച് പ്രവർത്തിക്കുകയും വേണം.

കന്നുകാലികളുടെ ആകസ്മികമരണം കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടങ്ങൾ ഉണ്ടാക്കാറുണ്ട്. മൃഗങ്ങളെ ഇൻഷ്വർ ചെയ്യിക്കുകയാണെങ്കിൽ ഈ നഷ്ടത്തിൽ നിന്നും മോചനം ലഭിക്കുന്നതാണ്. എന്നാൽ ഇതിന്റെ മുഴുവൻ ഭാരവും കർഷകരുടെ മേൽ വരാതെ കാർഷിക വിളകൾക്ക് സൗജന്യ ഇൻഷുറൻസ് ഏർപ്പെടുത്തുന്നതു പോലെ ചെയ്യേണ്ടതാണ്.

പേവിഷബാധയുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. അലഞ്ഞ് തിരിയുന്ന നായ്ക്കളെ മുഴുവൻ നശിപ്പിക്കാനും, വീട്ടിൽ വളർത്തുന്ന നായ്ക്കളെ മുഴുവൻ വാക്സിനേഷൻ നടത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വീട്ടിൽ വളത്തുന്ന നായ്ക്കൾക്ക് ലൈസൻസിംഗ് ഏർപ്പെടുത്തിയാൽ ഒരു പരിധിവരെ അലഞ്ഞു തിരിയുന്ന നായ്ക്കളെ നിയന്ത്രക്കുന്നതിനും പ്രതിരോധകുത്തിവയ്പ്പ് നടത്തുന്നതിനും സാധിക്കും കൂടാതെ ലൈസൻസ് ഫീ ഏർപ്പെടുത്തൽ പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവുമാണ്.

ചിങ്ങമാസത്തിൽ കാർഷിക മേഖലയിലുള്ള കർഷകരെ ആദരിക്കുന്നതുപോലെ മൃഗസംരക്ഷണ മേഖലയുലുള്ള കർഷകരെയും ആദരിക്കേണ്ടതാണ്.

മൃഗസംരക്ഷണ മേഖലയിലും പഞ്ചായത്ത്, ജില്ലാ സംസ്ഥാനത്തിലും അവാർഡുകൾ ഏർപ്പെടുത്തി കർഷകരെ ആദരിക്കേണ്ടതാണ്.

തൊഴിൽ മേഖലയിൽ കാള, പോത്ത്, മതലായ മൃഗങ്ങളെ പഞ്ചായത്തിൽ കഴിഞ്ഞ ദശകങ്ങളിൽ ഉപയോഗിച്ചിരുന്നു. കാർഷിക മേഖലയിൽ നിലം ഉഴുവാനും മറ്റും പോത്തിനെയാണ് ഉപയോഗിച്ചിരുന്നത്. നെൽകൃഷി കുറഞ്ഞതും ട്രാക്ടറുകൾ നിലവിൽ വന്നതും ഈ രംഗത്തുനിന്നും പോത്തുകൾ ഒഴിവാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ചരക്കു ഗതാഗതവുമായി ബന്ധപ്പെട്ട കാളവണ്ടികളും ഏതാണ്ട് പൂർണ്ണമായിത്തന്നെ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായി കഴിഞ്ഞു.

ഗ്രാമസഭയിൽ വന്ന പൊതു നിർദ്ദേശങ്ങൾ

1. മേലാങ്കോട് പ്രവർത്തിക്കുന്ന ആശുപത്രിയിൽ ബീജധാരണത്തിനുള്ള സൗകര്യം നടപ്പിലാക്കുക. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭ്യമാക്കുക.

2. പാൽ ഉല്പാദനവിപണനത്തിനായി ക്ഷീരസഹകരണ സംഘങ്ങൾ രൂപീകരിക്കുക. ഈ സഹകരണസംഘങ്ങൾ വഴി കന്നുകാലിത്തീറ്റ, മറ്റുതീറ്റകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക. പാലിൽ നിന്നും

മറ്റ് ഉല്പന്നങ്ങൾ ഉണ്ടാക്കുക തീറ്റ മിശ്രിതങ്ങൾ ഉണ്ടാക്കുക.

3. മാംസ പ്രശനം പരിഹരിക്കുന്നതിന് കാളക്കുട്ടി, പോത്തിൽ കുട്ടി എന്നിവയെ പരിപാലിക്കുന്ന പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കണം.

4. പന്നി വളർത്തൽ, മുയൽ വളർത്തൽ, താറാവ്, ടർക്കി എന്നിവയുടെ വളർത്തൽ പഞ്ചായത്തിൽ പ്രോത്സാഹിപ്പിക്കുക.

5. ബ്രോയിലർ കോഴികൾ, മുട്ടക്കോഴികൾ എന്നിവ വളർത്താൻ സഹായം ബാങ്കിൽ നിന്നും ലഭ്യമാക്കുകയും അവയുടെ വിപണനം സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും വേണം.

6. രുചിയായ മാംസോല്പാദനത്തിനായി സാശ്ത്രീയമായ അറവുശാലകൾ നിർമ്മിക്കുക.

7. പേവിഷബാധ നിയന്ത്രണം പഞ്ചായത്തിൽ സമയ ബന്ധിതമായി നടപ്പിലാക്കുക. നായ്ക്കൾക്ക ലൈസെൻസിംഗ് ഏർപ്പെടുത്തുക.

8. കന്നുകാലികൾക്കുള്ള പ്രതിരോധകുത്തിവയപ്പ് വ്യാപകമാക്കുക. അതിന് പഞ്ചായത്തിൽ നിന്നുള്ള സഹകരണം ഉറപ്പാക്കുക.

9. ബയോഗ്യാസ് പ്രചരിപ്പിക്കുക അതിന് ബാങ്കുകളിൽ നിന്നും ഏജൻസികളിൽനിന്നും ധനസഹായം ഉറപ്പാക്കുക.

10. കന്നുകാലികൾക്ക് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ഈ പഞ്ചായത്തിലും നടപ്പിലാക്കുക.

11. കന്നുകാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക

12. മൃഗസംരക്ഷണ മേഖലയിലുള്ള കർഷകരെ എല്ലാവർഷവും പഞ്ചായത്ത് ജില്ല, സംസ്ഥാന തലങ്ങളിൽ ആദരിക്കുക

13. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പരിശീലനം ആവശ്യമുള്ളവർക്ക് അത് ലഭ്യമാക്കുക.

14. നിലവിലുള്ള ഗോരസ വ്യവസായ സഹകരണസംഘം പുന: സംവിധാനം ചെയ്ത് കാലിത്തീറ്റ ഉല്പാദന വിതരണ കേന്ദ്രം തുറന്ന് ക്ഷീര കർഷകരെ സഹായിക്കുക.

15. കോഴിവളർത്തൽ വിപുലപ്പെടുത്തുന്നതിന് ഹാച്ചറിയും കോഴിത്തീറ്റ ഫാക്ടറിയും സ്ഥാപിക്കുക.

നേമം ഗ്രാമപഞ്ചായത്ത്

വളർത്തുമൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാളസങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
മുഴുവൻ വാർഡും	133		106		1111		1521		545		138	1544	3373	

രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1.	ദഹനസംബന്ധമായവ	175	13	82	-	6	-	-	-	-	-
2.	ശ്വസകോശസംബന്ധം	5	-	2	-	1	-	-	-	-	-
3.	ഉപാപചയ സംബന്ധം	10	-	6	-	-	-	-	-	-	-
4.	ത്വക് രോഗങ്ങൾ	48	1	22	-	1	-	-	-	-	-
5.	ധാതുലവണങ്ങളുടെ അഭാവം	1	-	-	-	-	-	-	-	-	-
6.	പരാദരോഗങ്ങൾ	132	1	58	-	-	21	-	-	-	-
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	14	1	6	-	-	-	-	-	-	-
8.	വന്ധ്യത	8	-	-	-	-	-	-	-	-	-
9.	അകിടുവീക്കം	26	-	9	-	-	-	-	-	-	-
10.	മുടന്തൻ പനി	4	-	2	-	-	-	-	-	-	-
11.	പകർച്ച വ്യാധികൾ	-	-	-	-	-	-	-	-	-	-
	RD	-	-	-	-	-	762				
	FP						476				
	FMD	110									

നേമം ഗ്രാമപഞ്ചായത്ത്

പേ വിഷബാധ - പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധകുത്തിവയ്പ് നൽകിയവയുടെ എണ്ണം	-	-	-	110	-	-
കടിയേറ്റതിനുശേഷം കുത്തിവയ്പ് നൽകിയവയുടെ എണ്ണം	12	-	2	4	-	-

മത്സ്യബന്ധനം

മത്സ്യബന്ധനം ജീവിതമാർഗ്ഗമായി തിരഞ്ഞെടുത്തആളുകൾ നേമംപഞ്ചായത്തിൽ ഇല്ല. എന്നാൽ 22 കുളങ്ങളും ചതുപ്പുപ്രദേശങ്ങളും വെള്ളക്കെട്ടുകളും ഉള്ള ഈ പഞ്ചായത്ത് ജല സമ്പത്തിന്റെ കാര്യത്തിൽ സമ്പന്നമാണ്. ശുദ്ധ ജലകൃഷി, ഓരുജലകൃഷി എന്നിവ മത്സ്യകൃഷിയുമായിബന്ധപ്പെട്ട് പഞ്ചായത്തിൽ നടപ്പിലാക്കാവുന്നതാണ്. അതുപോലെതന്നെ മത്സ്യകാർഷിക മേഖലയുമായി ബന്ധപ്പെടുത്തി വികസിപ്പിച്ചെടുക്കാവുന്ന അക്വേറിയം ഫിഷറീസ്,അലങ്കാരമത്സ്യകൃഷി എന്നിവയ്ക്ക് വേണ്ട പ്രചാരണവും പ്രോത്സാഹനവും നടത്തേണ്ടതാണ്.

പഞ്ചായത്തിലെ കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കുകയും പാർശ്വമതിലുകൾ തകർന്നിട്ടുള്ളത് കെട്ടുകയും ചെയ്താൽ എല്ലാ കുളങ്ങളും മത്സ്യകൃഷിക്ക് ഉപയുക്തമാണ്. കുളങ്ങൾക്കു ചുറ്റും താമസിക്കുന്നവരെ കൂട്ടിയോജിപ്പിച്ച് പി.സി. (Pond Club) രൂപീകരിക്കുകയും അവർക്ക് മത്സ്യകുഞ്ഞുങ്ങൾ വിതരണം ചെയ്യുകയും ചെയ്താൽ ഇത് വിജയകരമായ ഒരു സംരംഭമാക്കി മാറ്റാൻ കഴിയും. ഇതിന്റെ ഗുണഭോക്താക്കൾ ക്ലബ്ബിലെ അംഗങ്ങൾതന്നെയായിരിക്കും. കുളങ്ങളുടെ സംരക്ഷണവും ഇതിലൂടെ ഉറപ്പുവരുത്താനാവും. പഞ്ചായത്തിലെ ചൂളകൾക്ക് മണ്ണെടുത്തകുഴികൾ കെട്ടിയടച്ച് വെള്ളം സംഭരിച്ച് നിറുത്തിയാൽ മത്സ്യകൃഷി നന്നായി നടത്താൻ സാധിക്കും. മത്സ്യവിപണികൾ പഞ്ചായത്തിൽ എല്ലാ ഭാഗങ്ങളിലുമുള്ളതിനാൽ മത്സ്യകൃഷിക്ക് വിപണനസൗകര്യവും ഉറപ്പാണ്.

വിദ്യാഭ്യാസം

ഒരു വ്യക്തി എപ്രകാരമായിരിക്കണം എന്ന് സമൂഹത്തിന് ഒരു സങ്കല്പമുണ്ട്. ആ സങ്കല്പം യാഥാർഥ്യവത്കരിക്കുന്നവിഷയത്തിൽ പ്രധാനപങ്കുവഹികക്കുന്നത് വിദ്യാലയമാണ്. സാമൂഹികബോധവും സദാചാരനിഷ്ഠയുമുള്ള പൗരനെ വാർത്തെടുക്കുകയാണ് വിദ്യാലയത്തിന്റെ ഭൗത്യം. ഈ ദൗത്യനിർവഹണത്തിനുവേണ്ടിയുള്ള വിദ്യാലയപ്രവർത്തകരുടെ ശ്രമത്തിന്റെ ജയാപജയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്, സമൂഹത്തിന്റെ അഭ്യുദയാപകർഷങ്ങൾ.

അതിദ്രുതമായ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. വൈരുദ്ധ്യങ്ങളുടെ നടുവിലാണ് നാം. വേണ്ടതും വേണ്ടാത്തതും നിറഞ്ഞതാണ് നമ്മുടെ ചുറ്റുപാട്. ചുറ്റുപാടിൽ നിന്ന് വേണ്ടവയെ കൊള്ളാനും, വേണ്ടാത്തവയെ തള്ളാനും വേണ്ടുന്ന വിവേചനക്ഷമത വിദ്യാഭ്യാസത്തിൽ നിന്നാണ് ലഭിക്കേണ്ടത്. വിദ്യാഭ്യാസത്തിന് വിധേയരാക്കുന്നതിലൂടെ വിദ്യാർഥികളെ ഉത്തമപൗരന്മാരാക്കുവാൻ സജ്ജരാക്കുകയാണ്.

നമ്മുടെ നാട്ടിൽ വിദ്യാലയങ്ങൾ ഏറെയുണ്ടെങ്കിലും, വിദ്യാഭ്യാസപ്രവർത്തനങ്ങൾ അഭംഗുരം തുടരുന്നുണ്ടെങ്കിലും വിദ്യാർഥിവർഗത്തിന്റെ സ്വഭാവരൂപീകരണം ആശിക്കുംവിധം സാധിതമാകുന്നില്ലെന്നാണ് പല പഠനങ്ങളും തെളിയിക്കുന്നത്. വിദ്യാർഥികളിൽ ധാർമ്മികമൂല്യങ്ങൾ പ്രതിഷ്ഠിക്കുന്നതിൽ വിദ്യാഭ്യാസപ്രവർത്തകർ പരാജയപ്പെടുന്നതിന്റെ ഫലമായിട്ടാണ് മേൽപറഞ്ഞ വിധം സംഭവിക്കുന്നത്. ധാർമ്മികമൂല്യങ്ങൾ വിദ്യാർഥികളിൽ എങ്ങനെ പ്രതിഷ്ഠിക്കാം? ധാർമ്മികമൂല്യങ്ങൾ എന്തൊക്കെയാണെന്ന് അക്കമിട്ട് അവരെ പഠിപ്പിക്കണം. സത്യസന്ധതയുടേയും, ധീരതയുടേയും പരസ്പരസ്നേഹത്തിന്റേയും, സാമൂഹികബോധത്തിന്റേയും, നിസ്സ്വാർഥതയുടേയും മഹത്ത്വങ്ങൾ അവരെ ബോധ്യപ്പെടുത്താം. ലോകത്തെ ഒന്നായിക്കാണാനുള്ള ആർജ്ജവം കൈവരിക്കണമെന്ന് ഉദ്ബോധിപ്പിക്കാം.

ഇന്നത്തെ വിദ്യാർഥികൾ മൂല്യബോധമുള്ളവരായാലേ, നാളത്തെ സമൂഹം നന്മനിറഞ്ഞതാവുകയുള്ളു എന്നതുപോലെ തന്നെ ഇന്നത്തെസമൂഹം മൂല്യബോധമുള്ളതായാലേ നാളത്തെ പൗരന്മാരെ - ഇന്നത്തെ കുട്ടികളെ മൂല്യബോധമുള്ളവരാക്കുവാനും കഴിയുകയുള്ളു. ആകയാൽ മുതിർന്നവരായ നാം, നമ്മിൽ കുടികൊള്ളുന്ന മൂല്യച്യുതികളെ തിരിച്ചറിയുകയും, അവയെ പരമാവധി ഇല്ലായ്മചെയ്ത് കുട്ടികൾക്ക് മാതൃകയാവുകയും വേണ്ടതാണ്.

വിദ്യാർഥികളിലെ ലക്ഷ്യബോധമില്ലായ്മയാണ് വിദ്യാലയങ്ങളിലെ അസ്വസ്ഥതക്ക് പ്രധാനകാരണം. വിദ്യാർഥികളെ ലക്ഷ്യബോധമുള്ളവരാക്കുകയാണ് പരിഹാരം. ഇതിന് കരിക്കുലത്തിന്റെ പരിവർത്തനം അനിവാര്യമാണ്. കരിക്കുലത്തിൽ രണ്ടു വിഭാഗങ്ങൾ ഉണ്ടായിരിക്കണം. ഒന്ന് തൊഴിൽപരം, മറ്റൊന്ന് സദാചാരപരം. തൊഴിൽപരവിഭാഗത്തിന്റെ ലക്ഷ്യം, പതിനഞ്ചാം വയസിൽ സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വ്യക്തിക്ക് ഏതെങ്കിലും തൊഴിൽ ചെയ്ത് ധനം ആർജിക്കുവാനുള്ള വിരുത് (SKILL) സ്വയാത്തമായിരിക്കും എന്ന് ഉറപ്പുവരുത്തുകയാണ്. പള്ളിക്കൂടത്തിൽ നടക്കേണ്ടത് ജീവിക്കുവാനുള്ള പഠനമാണ്. തൊഴിൽ ചെയ്യാനും, ധനം ആർജിക്കാനും പരിശീലിപ്പിക്കപ്പെടുന്ന വ്യക്തിക്ക് സ്വാഭാവികമായും ഗൗരവബുദ്ധികൈവരും. ഗൗരവസ്വഭാവം പേറുന്ന വിദ്യാർഥി ഉപരിപ്ലമായ കുസൃതികൾക്കോ, അച്ചടക്കവിരുദ്ധവ്യാപരങ്ങൾക്കോ തയ്യാറാവുകയില്ല. ഗൗരവബോധമില്ലാത്ത വിദ്യാർഥിസമൂഹമാണ് ഇന്നത്തെ വിദ്യാലയ

ങ്ങളിൽ കാണപ്പെടുന്നത് അത് മാറണം എന്തിനുവേണ്ടി പഠിക്കുന്നുവെന്ന് അവനറിയണം.

വിദ്യാലയങ്ങളിലെ അസ്വസ്ഥതകൾക്കും, വിദ്യാഭ്യാസം പ്രയോജനരഹിതമാകുന്നതിനും ഏകപരിഹാരം, തൊഴിലധിഷ്ഠിതപാഠ്യപദ്ധതിതന്നെയാണ്. പൊതുവിദ്യാഭ്യാസഘട്ടത്തിൽ അതായത് അഞ്ചുമുതൽ പതിനഞ്ചുവരെ വയസിൽ മാനവവിഭവവികസനം സാധ്യമാകണം. പതിനഞ്ചു വയസുമുതൽ തന്റെ വികസിതമായ മാനവവിഭവം ക്രിയാത്മകയായി വിനിയോഗിച്ച് ഉത്പന്നങ്ങളോ, സേവനങ്ങളോ സൃഷ്ടിച്ച് രാജ്യത്തിന് മുതൽക്കൂട്ടാനും, അതിലൂടെ ധനം ആർജിച്ച് തന്റെ ജീവിതം കരുപ്പിടിപ്പിക്കുവാനും ഓരോ കുട്ടിക്കും പ്രാപ്തിയുണ്ടാകണം. അതാണ് യഥാർഥവിദ്യാഭ്യാസം. ഈ വിധ വിദ്യാഭ്യാസത്തിന്റെ പര്യായം മാനവശേഷിവികസനമെന്നാണ്.

തൊഴിൽ ത്തുറകളിലെല്ലാം തൊഴിൽ ചെയ്യാനുള്ള വിരുത് നമ്മുടെ യുവതീ യുവാക്കൾക്ക് ഉണ്ട്; ഇല്ലെങ്കിൽ ഉണ്ടാക്കാം. ഈ വിരുതിനെ പ്രയോജനപ്പെടുത്തണമെങ്കിൽ നമ്മുടെ വിദ്യാഭ്യാസ രംഗത്തെ പരിഷ്കരിച്ചേ മതിയാകൂ. സെക്കന്ററി തലത്തിൽ ത്തന്നെ പലതരം തൊഴിലുകളിൽ ഇടപെടുവാൻ കുട്ടികൾക്ക് അവസരം കൊടുക്കണം. കാർഷിക പശ്ചാത്തലമുള്ള ഗ്രാമങ്ങളിൽ പ്രായോഗിക കൃഷിപരിചയം നിർബന്ധമായും എല്ലാകുട്ടികൾക്കും പകരണം. പത്താം ക്ലാസ്സിൽ തൊഴിൽ പരമായ വിഷയങ്ങൾ ഐച്ഛികമായി എടുക്കുവാൻ താൽപര്യമുള്ള വിദ്യാർത്ഥികളെ അതിനനുവദിക്കണം. പ്ലസ്ടു സ്കൂളുകളെയും വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളെയും ബന്ധപ്പെടുത്തി തൊഴിൽപരിചയത്തിനുള്ള അവസരം വർദ്ധിപ്പിക്കണം.

തൊഴിൽ പരിചയ കോഴ്സുകൾക്ക് പ്രായോഗിക പരിചയം ഉറപ്പുവരുത്തുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് വലിയ പങ്ക് വഹിക്കുവാനാകും. ഏത് പഞ്ചായത്തിലും എന്നപോലെ നമ്മുടെ പഞ്ചായത്തിലും ചിലതൊഴിൽ സ്ഥാപനങ്ങൾ ഉണ്ട്. മോട്ടോർ വർക്ക്ഷോപ്പുകൾ, സിനിമാശാലകൾ, നെയ്ത്തുശാലകൾ, ഫോട്ടോസ്റ്റുഡിയോകൾ, ഫർണിച്ചർ വർക്ക് ഷോപ്പുകൾ, വെൽഡിംഗ് ഷോപ്പുകൾ മുതലായവ. ഈ സ്ഥാപനങ്ങളെ സ്കൂളുകളിലെ തൊഴിൽ പരിശീലന കോഴ്സുമായി ബന്ധിപ്പിക്കുന്നതാണ്. ഇവിടങ്ങളിലെ വിദഗ്ദധരെ സ്ക്കൂളിൽ ക്ഷണിച്ച് വരുത്തുക, കുട്ടികളെ പണിസ്ഥലത്ത് കൊണ്ടുപോയി പ്രായോഗികപരിശീലനം കൊടുക്കുക, അപ്രന്റിസുകളായി നിർത്തുക തുടങ്ങിയവ. കുട്ടികളിൽ തൊഴിൽസംസ്കാരം അങ്കുരിപ്പിക്കുവാനും, അവരെ ആത്മവിശ്വാസം ഉള്ളവരാക്കി മാറ്റുവാനും പര്യാപ്തമാണ്. ഇക്കാര്യത്തിൽ സ്ക്കൂൾ അധികൃതർക്ക് സഹായസഹകരണങ്ങൾ നൽകുവാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

നാളിതുവരെ ഭാരതത്തിൽ നിലവിൽവന്ന എല്ലാ വിദ്യാഭ്യാസകമ്മീഷനുകളുടേയും, വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഏവരുടേയും ഏകാഭിപ്രായം വിദ്യാഭ്യാസത്തിനുള്ള വിഭവസമാഹരണത്തിന് ഏറ്റവും പ്രധാപ്പെട്ട സ്ത്രോതസ് സമൂഹമാണെന്നു തന്നെയാണ്. സമൂഹത്തിന്റെ സഹകരണം പരമാവധി ഉപയോഗപ്പെടുത്തിയെങ്കിൽ മാത്രമേ വിദ്യാഭ്യാസപുരോഗതി ഉണ്ടാവുകയുള്ളു. സമൂഹവും, വിദ്യാലയവും, ഭരണകൂടവും തമ്മിൽ ദൃഢബന്ധം നിലവിൽ വരണം. ഭരണകൂടത്തിന്റെ സാമ്പത്തികഭാരം ലഘൂകരിക്കുന്നതിലുപരി, ഇത് സമൂഹത്തിന്റെ ഉത്തരവാദിത്വമോ, ചുമതലയോ ബാധ്യതയോ ആയി മാറ്റണം. അധികാരവികേന്ദ്രീകരണവും ബാധ്യതാവികേന്ദ്രീകരണവും സമാന്തരമായി നീങ്ങേണ്ട ഘടകങ്ങളാണ്. വരും കൊല്ലത്തേക്ക് ആവശ്യമായി വരുന്ന വിഭവങ്ങൾ എന്തെല്ലാമെന്ന് മുൻകൂട്ടിക്കാണുകയും അത് സമാഹരിക്കുവാൻ കഴിയുകയും വേണം. സമൂഹത്തിന് സമൂഹത്തോട് തന്നെ ഒരു പ്രതിബന്ധതയുണ്ടാക്കണം. സർക്കാർ ചെലവഴിക്കുന്ന തുകയുടെ എഴുപത്തിയഞ്ചുശതമാനവും, അല്പം കൂടി താഴ്ന്ന വരുമാനക്കാരിൽ നിന്ന് ഇരുപത്തിയഞ്ചു ശതമാനവും ഈടാക്കണമെന്നും, തീരെ താഴ്ന്നവരുമാനക്കാരിൽ നിന്ന് ഫീസ് ഈടാക്കുകയും വേണം' എന്നാണ് രാമമൂർത്തിക്കമ്മിഷന്റെ അഭിപ്രായം.

സ്വാതന്ത്ര്യത്തിനു മുമ്പ് തന്നെ നേമം സാക്ഷരതയിലും, വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിലും മറ്റ് പ്രദേശങ്ങളേക്കാൾ മുൻപിലായിരുന്നു. സാമൂഹികപരിഷ്കർത്താക്കളും, മിഷണറിമാരും, സ്വകാര്യ സംരംഭകരും വിദ്യാഭ്യാസം വ്യാപകമാക്കി. ഐക്യ കേരള രൂപീകരണത്തിനുശേഷം വിദ്യാഭ്യാസം ഒരു സാമൂഹിക ബാദ്ധ്യതയായി സർക്കാർ ഏറ്റെടുത്തു. സർക്കാർ മേഖലയിലും, സ്വകാര്യമേഖലയിലും ധാരാളം വിദ്യാലയങ്ങൾ സ്ഥാപിതങ്ങളായി. വിദ്യാലയങ്ങൾ സംസ്ഥാനത്തിന്റെ സാമൂഹിക സാംസ്കാരിക വളർച്ചയ്ക്ക് കളമൊരുക്കി. സ്വകാര്യമേഖലയിലും പണം മുടക്കുന്നത് സർക്കാർ തന്നെ. ഉന്നത വിദ്യാഭ്യാസരംഗത്തും വളർച്ച ദൃഢമായി. കൂടുതൽ കോളേജുകൾ; കൂടുതൽ സൗകര്യങ്ങൾ; കൂടുതൽ ആനുകൂല്യങ്ങൾ; കൂടുതൽ ബിരുദധാരികൾ. എന്നാൽ സംഖ്യാപരമായ ഈ വർധനയനുസരിച്ച് ഗുണപരമായ വർദ്ധന ഉണ്ടായില്ല. ബഡ്ജറ്റിന്റെ 31% വിദ്യാഭ്യാസത്തിന് വേണ്ടി ചെലവഴിക്കുന്ന സംസ്ഥാന സർക്കാരിന് വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കു പോലും പണം നൽകാൻ ഇന്ന് കഴിയുന്നില്ല. അസൗകര്യങ്ങളും, ഇല്ലായ്മകളും അദ്ധ്യയന നിലവാരത്തകർച്ചയ്ക്ക് കാരണമായി. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആർക്കും വേണ്ടാത്തതായിരിക്കുന്നു. നല്ല റിസൾട്ടുള്ള അൺഎയിഡഡ് വിദ്യാലയങ്ങൾ തേടുന്ന തിരക്കിലാണ് എല്ലാവരും. കുട്ടികളുടെ നിലവാരം താരതമ്യേന കുറഞ്ഞു വരുന്നു എന്നതും പ്രസ്താവ്യമാണ്. ആങ്ഗല മാധ്യമം കൊണ്ടും, അൺഎയിഡഡ് വിദ്യാലയം കൊണ്ടും തീരുന്നതല്ല ഈ പ്രശ്നം.

വിദ്യാലയങ്ങളിൽ നല്ല അധ്യയന അന്തരീക്ഷം ഉണ്ടാക്കുകയാണ് ആദ്യം വേണ്ടത് സമൂഹം വിദ്യാലയത്തെ ഏറ്റെടുക്കുന്നതുകൊണ്ടേ ഇത് സാദ്ധ്യമാവുകയുള്ളു. ജനകീയ വിദ്യാഭ്യാസ സമിതികൾക്ക് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിയുമെന്നതിന് എത്രയോ ഉദാഹരണങ്ങൾ ഉണ്ട്. കേരള സംസ്ഥാനത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം പ്രശസ്തങ്ങളായ വിദ്യാലയങ്ങളുടേയും, പ്രശസ്തരായ നിരവധി വിദ്യാസമ്പന്നരുടേയും നാടാണ്. കേരള ജനസാമാന്യത്തെ വിദ്യാഭ്യാസത്തിന്റെ വീഥിയിലേക്ക് ആനയിച്ച സമാദരണീയരായ ശ്രീ അയ്യൻ കാളിയുടേയും. ശ്രീ നാരായണഗുരുദേവന്റേയും ജന്മം കൊണ്ട് പരിപാവനമാണ് തിരുവനന്തപുരം.

തിരുവനന്തപുരം നഗരത്തോടു ചേർന്നു കിടക്കുന്ന പഞ്ചായത്താണ് നേമം. തിരുവനന്തപുരം നഗരത്തിലെ വിവിധതലങ്ങളിലുള്ള വിദ്യാലയങ്ങളെ പ്രയോജനപ്പെടുത്തുവാനുള്ള അവസരമുണ്ടെന്നത് നേമം നിവാസികൾക്ക് ഒരനുഗ്രഹമാണ്. നേമം പ്രദേശത്തിന്റെ വിദ്യാഭ്യാസപുരോഗതിക്ക് തിരുവനന്തപുരം നഗരത്തിലെ വിദ്യാലയങ്ങൾ നൽകിയിട്ടുള്ള സംഭാവനകൾ വിലപ്പെട്ടതാണ്. വിദ്യാഭ്യാസ -സാംസ്കാരിക രംഗങ്ങളിൽ അദ്വിതീയമായ സ്ഥാനം അലങ്കരിക്കുന്ന തിരുവനന്തപുരം നഗരത്തിന്റെ പ്രാന്ത പഞ്ചായത്തായ നേമം, അതിവിദൂരകാലം മുതൽ വിദ്യാഭ്യാസ കാര്യങ്ങളിൽ സജീവമായി ശ്രദ്ധപതിപ്പിക്കുന്ന ഒരു പ്രദേശമാണ്. ഗുരുകുലമാതൃകയിൽ നാട്ടാശാന്മാരുടെ കീഴിലുള്ള അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഈ പ്രദേശത്തെ വിദ്യാവിതരണരംഗത്തെ സജീവമാക്കിയിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ സ്ഥാപിക്കപ്പെട്ട ഒരു മിഷണറി വിദ്യാലയമാണ് നേമത്തെ ആദ്യത്തെ ഔപചാരിക വിദ്യാലയം. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിൽ വെള്ളായാണി മുക്കിൽ പ്രശസ്തമാം വണ്ണം പ്രവർത്തിച്ചിരുന്ന സംസ്കൃത വിദ്യാലയവും ഇത്തരുണത്തിൽ സ്മരണീയമാണ്.

3.സ്ഥിതി വിവരം

ഇന്ന് നമ്മുടെ പഞ്ചായത്തതിർത്തിയിൽ ഏഴ് പ്രീപ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. (പട്ടികഒന്ന് കാണുക) സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള അംഗനവാടികൾ, പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള ശിശുവിഹാറുകൾ എന്നിവ വേറെയും കെട്ടിടം. ക്രീഡാങ്കണം, ഫർണിച്ചറുകൾ, കളിക്കോപ്പുകൾ, എന്നിവയുടെ കാര്യത്തിൽ നിരവധി പരിമിതികൾ എടുത്തുപറയേണ്ടവയായിട്ടുണ്ടെങ്കിലും, ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം പൊതുവിൽ ശ്ലാഘനീയമാണ്.

പ്രൈമറി രംഗത്ത് പത്ത് വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. അഞ്ചെണ്ണം മലയാള മാധ്യമങ്ങളും, മൂന്നെണ്ണം ആങ്ഗല മാധ്യമങ്ങളും രണ്ടെണ്ണം രണ്ടു മാധ്യമങ്ങൾക്കും സൗകര്യമുള്ളവയുമാണ്. ഹൈസ്ക്കൂളുകളുടെ എണ്ണം രണ്ടാണ്. ഒരെണ്ണം അൺ എയിഡഡും, ഒരെണ്ണം സർക്കാരും. ആദ്യത്തേത് രണ്ടായിരത്തോളം വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ പഠിക്കുന്നതും എസ്. എസ്.എൽ. സിക്ക് നൂറു ശതമാനം വിജയം നേടുന്നതുമായ വിദ്യാലയങ്ങളുടെ പട്ടികയിൽപ്പെടുന്ന ഒന്നാണ്. രണ്ടാമത്തേത് സർക്കാർ ഉടമസ്ഥതയിലുള്ള പാപ്പനംകോട് ഹൈസ്ക്കൂൾ ആണ്. സംസ്ഥാനത്തെ ഏറിയ കൂറും സർക്കാർ സ്ക്കൂളുകളെ ബാധിച്ചിരിക്കുന്ന പരാധീനതകൾ ഇവിടെയുമുണ്ട്. കളിസ്ഥല ദാരിദ്രം, കെട്ടിടക്കുറവ്, മൂത്രപ്പുര, കക്കൂസ്, ലൈബ്രറി, ലബോറട്ടറി, ഫർണിച്ചർ, പഠനോപകരണങ്ങൾ എന്നിവയുടെ ഇല്ലായ്മ, ഇവകളാൽ ദുർബലമായ ഈ വിദ്യാലയം നിസ്സഹായരായ ഇവിടത്തെ അദ്ധ്യപകരാൽ അത്യവശവുമാണ്. ചുറ്റു മതിലിന്റെ അഭാവം സമൂഹ വിരുദ്ധരുടെ അഴിഞ്ഞാട്ടത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു.

നമ്മുടെ പഞ്ചായത്തിൽ ഒരു ഫസ്റ്റ് ഗ്രേഡ് വനിതാ കോളേജ് പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിലുള്ള പ്രസ്തുത കോളേജിൽ നാലായിരത്തി ഒരുനൂറ്റി അൻപത് വിദ്യാർത്ഥിനികൾ പഠിക്കുന്നു. അധ്യയന അധ്യയനേതര രംഗങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്ന സ്ഥാപനമാണ് ഈ കലാലയം. സർവ്വ കലാശാലയുവജനോത്സവങ്ങളിൽ കലാതിലക പട്ടം അണിഞ്ഞ പലകലാകാരികളും ഈ വനിതാ കോളേജിന്റെ സന്താനങ്ങളാണെന്നത് അഭിമാനാർഹമാണ്. നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന വിഷയങ്ങളിൽ എൻ.എസ്സ്.എസ്സ് വിമൻസ് കോളേജ് വഹിക്കുന്ന പങ്ക് പ്രശംസനീയമാണ്. കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു എഞ്ചീനിയറിംഗ് കോളേജ്, ഒരു സർക്കാർ വനിതാ പോളിടെക്നിക്, ബിരുദാനന്തര ബിരുദ കോഴ്സുകൾ വരെ കൈകാര്യം ചെയ്യുന്ന നാലു പാരലൽ കോളേജുകൾ, പതിനാറ് എസ്.എസ്.എൽ.സി.തല ട്യൂഷൻ സെന്ററുകൾ, പന്ത്രണ്ട് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, സ്വകാര്യ മേഖലയിലെ രണ്ട് ചെറുകിട സംഗീത വിദ്യാലയങ്ങൾ എന്നിവയാണ് മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

മാനവവിഭവ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഒരു കമ്യൂണിറ്റി പോളിടെക്നിക്ക് നേമം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നിർധനരായ യുവതീയുവാക്കൾക്ക് വിവിധയിനം തൊഴിൽ വൈദഗ്ധ്യം നേടിക്കൊടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. തുന്നൽ, മെഷീൻ എംബ്രോയിഡറി, ടൈപ്പ്റൈറ്റിംഗ് മെക്കാനിസം, ഇലക്ട്രോണിക് ടൈപ്പ്റൈറ്റിംഗ്, റേഡിയോമെക്കാനിസം, ബ്ലാക് ആന്റ് വൈറ്റ് ടി.വി. അസംബ്ലിങ്, റിപ്പയറിങ്, കളർ ടി.വി. മെയിന്റ്നൻസ്, ഗൃഹോപകരണ മെയിന്റനൻസ്, വെൽഡിങ്, മോട്ടോർ വൈന്റിങ്, സ്പ്രേ പെയിന്റിങ്, ഫേബ്രിക്ക് പെയിന്റിങ്, സ്ക്രീൻ പ്രിന്റിങ്, ഹോം നഴ്സിങ് (ആയുർവേദം), ഫ്രൂട്ട് പ്രിസർവേഷൻ, മഷ്രൂം കൾട്ടിവേഷൻ, കമ്പോസിങ്, ബുക്ക് ബൈന്റിങ്, കൈത്തറി നെയ്ത്ത്, പ്ലമ്പിങ്, അലൂമിനിയം ഫാബ്രിക്കേഷൻ എന്നീ വിഷയങ്ങളിൽ ഇവിടെ പരിശീലനം നൽകുന്നു. നേമം പഞ്ചായത്തിൽപ്പെട്ട യുവതീയുവാക്കന്മാർക്ക് ഇവിടെ പ്രവേശനകാര്യത്തിൽ മുൻഗണനയുണ്ടെന്നത് പ്രസ്താവ്യമാണ്.

എസ്റ്റേറ്റ്വാർഡിലും,നേമം വാർഡിലും, ഒരോ ഇൻഡസ്ട്രിയൽ ട്രെയിനിങ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. നിറ്റിവ്, ചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് തൊഴിൽ പരിശീലനകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ട്.

4. പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ

1. പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു
2. മിക്കവിദ്യാലയങ്ങളിലും ഭൗതികസാഹചര്യങ്ങൾ അപര്യാപ്തമാണ്.
3. ആശാവഹമായ PTA പ്രവർത്തനം ഒരിടത്തും നിലവിലില്ല.

4. തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിന് സൗകര്യം അപര്യാപ്തമാണ്.

5. അൺ എയിഡഡ് വിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികൾ ആകർഷിക്കപ്പെടുന്നു.

6. പാപ്പനംകോട് ഹൈസ്ക്കൂളിലെ SSLC റിസൾട്ട് താരതമ്യേന മോശമാണ്.

5. സാധ്യതകൾ

1. PTA കളെ പ്രവർത്തനക്ഷമമാക്കണം

2. വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.

3. തൊഴിലുകളിൽ ഇടപടുവാനുള്ള അവസരം കുട്ടികൾക്ക് ലഭ്യമാക്കണം.

4. പത്താം ക്ലാസ്സിൽ തൊഴിൽവിഷയങ്ങൾ ഐച്ഛികമായി സ്വീകരിക്കുവാൻ അവസരമുണ്ടാക്കണം.

5. അയൽ പക്കവിദ്യാലയസമ്പ്രദായം നടപ്പിലാക്കപ്പെടണം.

6. ലോവർ പ്രൈമറി വിദ്യാഭ്യാസം മാതൃഭാഷാമാധ്യമത്തിലാക്കണം.

7. പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലക്സ് നടപ്പിലാക്കപ്പെടണം.

ഭൗതിക സാഹചര്യങ്ങളും, സേവനവ്യവസ്ഥയും, മെച്ചപ്പെടുത്തുന്നതിനുള്ള യത്നത്തോടൊപ്പം, അക്കാദമിക്നിലവാരം മെച്ചപ്പെടുത്തുവാനുള്ള യത്നങ്ങൾക്കും പ്രാധാന്യം നൽകണം. പ്രാഥമിക വിദ്യാലയങ്ങളുടെ നിയന്ത്രണാധികാരം ഗ്രാമപഞ്ചായത്തുകൾക്കും മറ്റുള്ളവയുടേത് ജില്ലാ പഞ്ചായത്തുകൾക്കും കൈവന്ന സാഹചര്യത്തിൽ പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലക്സ് പരിപാടി കൂടുതൽ പ്രസക്തവും, പ്രായോഗികവും ആയിത്തീർന്നിട്ടുണ്ട്.

പഞ്ചായത്തിന്റെ നേതൃത്വത്തിൽ, പഞ്ചായത്ത് പരിധിയിലെ മുഴുവൻ വിദ്യാലയങ്ങളുടേയും പങ്കാളിത്തത്തോടുകൂടി ഇവിടത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാനുള്ള പൊതു സമ്മതമായ ഒരു പരിപാടി രൂപപ്പെടുത്തുകയും, നടപ്പാക്കുകയും ചെയ്യുക. ഇതിനായി പഞ്ചായത്ത് തലത്തിൽ കോംപ്ലക്സ് സമിതി, അക്കാദമിക് സമിതി എന്നിവയും, സ്കൂൾ തല കോംപ്ലക്സ് സമിതി, ക്ലാസ്സ്തലംവരെയുള്ള മാതൃസംഘങ്ങൾ എന്നിവയും രൂപീകരിച്ച് പ്രവർത്തിക്കുക. അതാത് പഞ്ചായത്തിലെ അധ്യാപകരും, വിദ്യാഭ്യാസപ്രവർത്തകരും ചേർന്ന് പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലക്സിൽ വാർഷിക പ്രവർത്തനപരിപാടികൾ രൂപപ്പെടുത്തണം. എന്തൊക്കെ പരിശീലനങ്ങൾ, എന്തൊക്കെ ക്ലാസ്സുകൾ, എന്തൊക്കെ ക്യാമ്പുകൾ, എന്തൊക്കെ ദിനാചരണങ്ങൾ, തുടങ്ങിയ വിശദാംശങ്ങൾ അതാതിടത്തെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കപ്പെടണം. അടുത്ത വിദ്യാഭ്യാസവർഷത്തിൽ തന്നെ കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും മുനിസിപാലിറ്റികളിലും വിദ്യാഭ്യാസ കോംപ്ലക്സുകൾ നടപ്പിലാക്കപ്പെടാൻ വേണ്ട തയ്യാറെടുപ്പ് ഇപ്പോൾ തന്നെ ഉണ്ടാകണം.

6. വികസന പ്രവർത്തനങ്ങൾ

1. പാപ്പനംകോട് ഹൈസ്ക്കൂളിൽ പെൺകുട്ടികൾക്ക് മൂത്രപ്പുര പണിയുക.

2. കരുമം അപ്പർപ്രൈമറി സ്കൂളിന്റെ പടിഞ്ഞാറും തെക്കും വശങ്ങളിൽ കരിങ്കൽ ഭിത്തി നിർമ്മിച്ച് മണ്ണിടിച്ചിൽ തടയുക.

3. കരുമം അപ്പർ പ്രൈമറി സ്കൂളിന് പര്യാപ്തമായ അളവിൽ ഫർണിച്ചർ ലഭ്യമാക്കുക.

4. പാപ്പനംകോട് ഹൈസ്ക്കൂളിന് ചുറ്റുമതിൽ നിർമ്മിക്കുക

5. പാപ്പനംകോട് ഹൈസ്ക്കൂളിന് പര്യാപ്തമായ അളവിൽ ഫർണിച്ചർ ലഭ്യമാക്കുക.

6. പൊന്നുമംഗലം മാർത്തോമാസിറിയൻ കാത്തലിക് ലോവർ പ്രൈമറി സ്ക്കൂളിലെ കിണർ വൃത്തിയാക്കി ശുദ്ധജലവിതരണം ആരംഭിക്കുക.

7. കോലിയക്കോട് വെൽഫയർ ലോവർ പ്രൈമറി സ്കൂളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുക.

8. പാപ്പനംകോട് ലോവർ പ്രൈമറി സ്കൂളിന്റെ പടിഞ്ഞാറ് വടക്ക് വശങ്ങ

ളിൽ മതിൽ പണിയുക.

9. പാപ്പനംകോട് ഹൈസ്ക്കൂളിൽ കളി സ്ഥലം ലഭ്യമാക്കുക

10. ജില്ലാതലശാസ്ത്ര പ്രദർശനത്തിൽ ഒന്നാം സ്ഥാനം നേടിയ കരുമം അപ്പർ പ്രൈമറിസ്കൂളിൽ സയൻസ് കോർണർ സജ്ജമാക്കുക.

11. പാപ്പനംകോട് ഹൈസ്ക്കൂളിലെ പ്രവർത്തനരഹിതമായ സഹകരണ സംഘത്തെ പുനരുജ്ജീവിപ്പിക്കുക.

12. പാപ്പനംകോട് സെന്റ് മേരീസ് സ്ക്കൂളിൽ 5,6,7 സ്റ്റാൻഡേർഡുകൾക്ക് അനുവാദം നൽകുക.

13. പാപ്പനംകോട് ഹൈസ്ക്കൂളിൽ ലൈബ്രറിയും ലാബ്രട്ടെറിയും സ്ഥാപിക്കുക.

14. പാപ്പനംകോട് ഹൈസ്ക്കൂളിന് സുസജ്ജവും സ്ഥിരവുമായ ഒരു കെട്ടിടം പണിയുക.

15. കോലിയക്കോട് വെൽഫയർ LPS ന് ചുറ്റുമതിൽ നിർമ്മിക്കുക.

16. എല്ലാസ്ക്കൂളിലും പമ്പുസെറ്റുസ്ഥാപിച്ച് ജലസേചനസൗകര്യം ഉറപ്പാക്കുകയും തുടർന്ന് സ്ക്കൂൾ തല കാർഷികപരിപാടി ഊർജ്ജിതമാക്കുകയും വേണം.

17. അംഗനവാടികളെ പ്രീ. പ്രൈമറിസ്ക്കൂളുകളായി പരിവർത്തനപ്പെടുത്തണം.

18. ഉച്ചഭക്ഷണ പരിപാടി ഊർജിതമാക്കണം.

19. കരുമം U.P.S ന്പെർമനന്റ് ബിൽഡിങ് നിർമ്മിക്കണം.

20. പൊന്നുമംഗലം വാർഡിൽ പ്രവർത്തിക്കുന്ന ശിശുവിഹാറിന്റെ അപര്യാപ്തതകൾ പരിഹരിക്കുക.

21. പൊന്നുമംഗലം ശിശുവിഹാറിനെ പ്രീ പ്രൈമറി സ്കൂളുകളായി ഉയർത്തുക.

നേമം ഗ്രാമ പഞ്ചായത്ത്

എസ്സ്.എസ്സ്.എൽ.സി. വിജയശതമാനം.

വർഷം	മൊത്തം വിദ്യാർത്ഥികൾ	വിജയിച്ചവർ	ശതമാനം
1992-93	355	223	62.8%
1993-94	353	242	69%
1994-95	358	256	71%
1995-96	395	276	70%

പട്ടിക 1

പ്രീപ്രൈമറി വിദ്യാലയങ്ങൾ

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	മാനേജ് മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
			ആൺ	പെൺ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
1	സെന്റ് ആന്റണീസ് LPS പ്രീപ്രൈമറി, കാരയ്ക്കാമണ്ഡപം	അൺ എയിഡഡ്	113	108	221	-	4	4
2.	പാപ്പനംകോട് LPS പ്രീപ്രൈമറി	ഗവ പി.ടി.എ	22	27	49	0	2	2
3.	കോലിയക്കോട് വെൽഫെയർ LPS പ്രീപ്രൈമറി	ഗവ പി.ടി.എ	41	37	78	-	2	2
4.	അമൃതാവിദ്യാലയം പ്രീപ്രൈമറി	അൺ എയിഡഡ്	52	27	79	0	3	3
5.	M.M.R.L.P.S. പ്രീപ്രൈമറി	അൺ എയിഡഡ്	339	249	588	0	16	16
6.	സെന്റ് മേരീസ് LPS പ്രീപ്രൈമറി പാപ്പനംകോട്	അൺ എയിഡഡ്	133	115	248	0	6	6
7.	S.V.M.U.P.S. പ്രീപ്രൈമറി കോലിയക്കോട്	അൺ എയിഡഡ്	24	26	50	0	2	2

പട്ടിക 2

വിദ്യാലയ വിവരങ്ങൾ

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	മാനേജ് മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			വിസ്തീർണ്ണം
			ആൺ	പെൺ	ആകെ	പുരു	സ്ത്രീ	ആകെ	
1	M.S.C.L.P.S. പൊന്നുമംഗലം	എയിഡഡ്	51	61	112	0	4	4	92 Cent
2.	സെന്റ് ആന്റണീസ് LPS, കാരയ്ക്കാമണ്ഡപം	അൺ എയിഡഡ്	215	204	419	0	17	17	-----
3.	പാപ്പനംകോട് HSLP വിഭാഗം	ഗവ പി.ടി.എ	117	135	252	0	11	11	54 cent
4.	പാപ്പനംകോട് HS	ഗവ	283	269	552	1	24	25	180 cent
	UP വിഭാഗം	പി.ടി.എ	249	219	468	3	12	15	
5.	കോലിയക്കോട് W.L.P.S	ഗവ പി.ടി.എ	54	58	112	1	2	3	61 cent
6.	സെന്റ് ആന്റണീസ് LPS, പൂഴിക്കുന്ന്	അൺ എയിഡഡ്	167	142	309	1	9	10	150 cent
7.	അമൃതാ വിദ്യാലയം C.B.S.C.	അൺ എയിഡഡ്	74	62	136	0	7	7	86 cent
8.	M.M.R.L.P.S	അൺ എയിഡഡ്	712	459	1171	3	35	38	----
9.	M.M.R.H.S. H.S. വിഭാഗം	അൺ	478	256	734	2	26	28	600 cent
	M.M.R.H.S. U.P. വിഭാഗം	എയിഡഡ്	635	344	979	6	26	32	
10.	സെന്റ് മേരീസ് LPS പാപ്പനംകോട്	അൺ എയിഡഡ്	207	205	412	0	13	13	100 cent
11.	കരുമം U.P.S.	ഗവ പി.ടി.എ	269	283	552	1	18	19	90 cent
12.	S.V.M. UPS കോലിയക്കോട്	അൺ എയിഡഡ്	131	100	231	0	7	7	300 cent

പട്ടിക 3,
ഉപരി പഠന വിദ്യാലയങ്ങൾ

ക്രമനമ്പർ	വിദ്യാലയത്തിന്റെ പേര്	മാനേജ് മെന്റ്	വിസ്തീർണ്ണം	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			കോഴ്സുകൾ
				ആൺ	പെൺ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	
1	N.S.S. വിമൻസ് കോളേജ് നീറമൺകര	എയിഡഡ്	22 എക്കർ	-	4150	4150	0	110	110	P.D.C, BA B.Sc, B.Com M.A (Economics)
2	വനിതാ പോളിടെക്നിക്ക് നീറമൺകര	ഗവ:	6 ഏക്കർ	0	388	388	15	13	28	D.C.P ഇലക്ട്രോണിക്സ് ഡിപ്ലമോ DIT
3.	കമ്മ്യൂണിറ്റി പോളിടെക്നിക് നീറമൺകര	M.H.R.D	---	85	475	560	10	13	23	വിവിധ തൊഴിൽ പരിശീലനങ്ങൾ
4	ശ്രീ ചിത്തിര തിരുനാൾ കോളജ് ഓഫ് എഞ്ചിനിയറിംഗ്, പാപ്പനംകോട്	KSRTC	12.5 ഏക്കർ	182	57	289	31	0.5	36	ആട്ടോ മൊബൈൽ എഞ്ചിനീയറിംഗ്

ക്രമ നമ്പർ	വിദ്യാലയ നാമം	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലാബറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളി സ്ഥലം	കിണർ/ വാട്ടർടാപ്പ്
1	എം.എസ്.സി. എൽ.പി.എസ് പൊന്നുമംഗലം	92 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	ഇല്ല	ഇല്ല	ഉപയോഗ ശൂന്യം
2	സെന്റ് ആന്റണീസ് എൽ. പി. എസ്. കാരയ്ക്കാമണ്ഡപം	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
3	പാപ്പനംകോട് ഗവ:എച്ച്. എസ്. എൽ. പി. എസ്.	54സെന്റ്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉപയോഗ ശൂന്യം
4	പാപ്പനം കോട് ഗവ:എച്ച്. എസ്.	1.8 എക്കർ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	കിണർ ഉപയോഗ ശൂന്യം
5	കോലിയക്കോട് ഗവ: വെൽഫെയർ എൽ. പി. എസ്.	61 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
6	സെന്റ് ആന്റണീസ് എൽ.പി.എസ് പുഴിക്കുന്ന്	ഒന്നര എക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
7	അമൃത വിദ്യാലയം കൈമനം	86സെന്റ്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
8	എം.എം.ആർ. എൽ.പി.എസ് നീറമൺകര	-	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
9	എം.എം.ആർ.എച്ച്.എസ്, നീറമൺകര	അരഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല്	ഉണ്ട്	ഉണ്ട്	ഉണ്ട്
10	സെന്റ് മേരിസ് എൽ.പി.എസ്, കൈമനം	ഒരേക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
11	ഗവ: യു.പി.എസ്, കരുമം	90സെന്റ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്

കുടിവെള്ളം

പഞ്ചായത്തിൽ ജലവിതരണത്തിനുള്ള പദ്ധതി 1960-ൽ തന്നെ നിലവിൽവന്നു. വെള്ളായണി ക്ഷേത്രത്തിന്റെ തെക്കു വശത്ത് ഒരു റിസർവോയറിന് സമീപം കിണറ് കുഴിച്ച് പമ്പ്ചെയ്ത് ശാന്തിവിളയിൽ ജലസംഭരണി കെട്ടി ജലവിതരണം നടത്തിയിരുന്നു. കൂടാതെ തിരുവനന്തപുരം നഗരത്തിൽനിന്നും ജലവിതരണം നടത്താൻ ഒരു ബൂസ്റ്റിംഗ് സ്റ്റേഷൻ നീറമൺകരയിൽ സ്ഥാപിച്ചു. 6 സെന്റ് സ്ഥലം പഞ്ചായത്ത് വിലയ്ക്കെടുത്ത് വാട്ടർ അതോറിറ്റിക്ക് കൊടുത്തു. വെള്ളായണിയിൽ നിന്ന് പമ്പ് ചെയ്തിരുന്നത് ഉപഭോഗം കൂടിയതിനാലും ഓരുവെള്ളമായതിനാലും തൃക്കണ്ണാപുരം വാട്ടർ സപ്ലേ സ്കീം ലോകബാങ്കിന്റെ സഹായത്തോടെ 1989-ൽ വാട്ടർ അതോറിറ്റി നടപ്പിലാക്കി. പഞ്ചായത്ത് അതിനാവശ്യമായ 35 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങി നൽകി. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലാണ് ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ചിരിക്കുന്നത്. തൃക്കണ്ണാപുരം പമ്പ് ഹൗസിൽ നിന്ന് എസ്റ്റേറ്റ് ടാങ്കിലേക്കും, വെള്ളായണി ടാങ്കിലേക്കും വെള്ളം പമ്പ് ചെയ്യുന്നുണ്ട്. എന്നാലും വർദ്ധിച്ച് വരുന്ന ഉപഭോഗത്തിന്റെ 50% പോലും നിറവേറ്റാൻ ഈ പദ്ധതിക്ക് കഴിയുന്നില്ല. അതുപോലെ തന്നെ വിതരണം ചെയ്യുന്ന ജലം ശുദ്ധീകരിച്ചതല്ല. ജലം ശുദ്ധീകരിക്കാൻ ട്രീറ്റിംഗ് പ്ലാന്റ് നിർമ്മിക്കുകയും, കൂടുതൽ സംഭരണ ശേഷിയുള്ള ടാങ്കുകൾ നിർമ്മിച്ച് നിലവിലുള്ള വിതരണ കുഴലുകൾ മാറ്റി ഉപഭോഗത്തിന്റെ ആവശ്യകതയ്ക്ക് അനുയോജ്യമായ കുഴലുകൾ സ്ഥാപിക്കുകയും വേണം. ശുദ്ധജല വിതരണം പഞ്ചായത്തിന്റെ നേതൃത്വത്തിൽ വികേന്ദ്രീകരിച്ച്, ജലലഭ്യതയുള്ള സ്ഥലങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് വിതരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയും.

എഴുപത്തഞ്ച് ശതമാനം വീടുകളിലാണ് കിണറുള്ളത്. പൊതുകിണറുകൾ പഞ്ചായത്തിൽ കുറവാണ്. ഉള്ളതുതന്നെ വൃത്തിയായി സൂക്ഷിക്കുന്നില്ല. സ്വകാര്യ കിണറുകൾ ഉൾപ്പെടെയുള്ള എല്ലാ കിണറുകളും ശുദ്ധീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ട ബോധവത്കരണ പ്രവർത്തനം നടത്തേണ്ടതുണ്ട്. സത്യൻ നഗർ, മേലാംകോട്, അരുവാക്കോട്, പൂഴിക്കുന്ന്, പാപ്പനംകോട്, നേമം ഭാഗങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഒരു പ്രദേശത്തെ ആളുകൾക്ക് പൊതുവായി ഉപയോഗിക്കാൻ വേണ്ടിയുള്ള കിണറുകൾ നിർമ്മിക്കപ്പെടുകയാണെങ്കിൽ സാമ്പത്തിക ലാഭവും, ജലക്ഷാമത്തിന് പരിഹാരവും കണ്ടെത്തുവാൻ കഴിയും. കൊടത്തറവിളയിൽ നിലവിലുള്ള കുഴൽക്കിണറിന്റെ അറ്റകുറ്റപ്പണി നടത്തി പമ്പ്സെറ്റ് സ്ഥാപിക്കുകയും, ടാങ്ക് നിർമ്മിച്ച് കുടിവെള്ള വിതരണം നടത്തുകയും ചെയ്യുക. പൈപ്പ്ലൈൻ എത്തിച്ചേരാത്ത പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും പൈപ്പ്ലൈൻ നീട്ടി പബ്ലിക്ക് ടാപ്പ് സ്ഥാപിക്കുക.

നേമം ഗ്രാമ പഞ്ചായത്ത്

ശുചീകരണത്തിനുവേണ്ടിയുള്ള ജീവനക്കാർ	മൃഗാശുപത്രി/കേന്ദ്രം	പൈപ്പുവെള്ളം		പൊതുകുഴൽക്കിണർ	പൊതു കിണർ	കുളിക്കടവുകൾ	ശ്മശാനങ്ങൾ	ശ്മശാനകടവുകൾ	മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലം
		പൊതു ടാപ്പുകൾ	ഹൗസ് കണക്ഷനുകൾ						
4	ഇല്ല	184	2250	4	17	18	ഇല്ല	ഇല്ല	ഇല്ല

ആരോഗ്യം

സമൂഹത്തിന്റെ പുരോഗതിയുടെ മാന ദണ്ഡങ്ങളിൽ ഏറ്റവും പ്രധാനമായത് ജനങ്ങ ളുടെ ആരോഗ്യമാണ്. പൊതു ആരോഗ്യ സ്ഥിതി കണക്കാക്കാനുള്ള സൂചികകളിൽ ഉയർന്ന പ്രതിശീർഷ ആയുസ്, കുറഞ്ഞ ശിശു മരണനിരക്ക്, കുറഞ്ഞ ജനനനിരക്ക്, കുറഞ്ഞ രോഗാതുരത, കുറഞ്ഞ മരണനിരക്ക് എന്നിവ യുടെ കാര്യത്തിൽ സംസ്ഥാന ശരാശരിയെ ക്കാൾ ഉയർന്ന തലത്തിലാണ് നേമം പഞ്ചാ യത്ത്. നേമം സർക്കാർ ആശുപത്രിയുടെ വിക സനത്തിൽ ഫലപ്രദമായി ഇടപെടാൻ നേമം പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത്, സർക്കാർ ആശുപത്രിക്കുവേണ്ടി സ്ഥലം വാങ്ങിക്കൊടുക്കുകയും, JRY ഫണ്ടിൽ നിന്നും കെട്ടിടം നിർമ്മിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ഉയർന്ന വിദ്യാഭ്യാസവും - പ്രത്യേകിച്ച് സ്ത്രീകളുടെ ഇടയിൽ - ഉയർന്ന ബോധ നില വാരവും, ശുചിത്വവും ആരോഗ്യ നിലവാരം ഉയ രാൻ കാരണമായിട്ടുണ്ട്. എന്നിരുന്നാലും രോഗാതുരതയുടെ തോതു കുറയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. പൊതുജനാരോഗ്യം നിലനിർ ത്തുവാൻ അവശ്യം വേണ്ടഘടകങ്ങളായ പോഷകാഹാരം, ശുദ്ധജലം, വൃത്തിയായ പരി സരം മതിയായ രോഗ പ്രതിരോധപ്രവർത്തന ങ്ങൾ, രോഗചികിത്സാസൗകര്യങ്ങൾ എന്നിവ ആസൂത്രിതമായി നടപ്പാക്കപ്പെടേണ്ടതുണ്ട്. ആളുകൾ തിങ്ങിപ്പാർക്കുന്ന കോളനികളിലും പുറമ്പോക്കുകളിലും പരിസരശുചിത്വം, ശുദ്ധ ജലലഭ്യത എന്നിവ ഉറപ്പാക്കേണ്ടതുണ്ട്. മലിന ജലം റോഡിലേയ്ക്ക് ഒഴിക്കിവിടുന്നതും, മലി നജലം കെട്ടികിടക്കാൻ അനുവദിക്കുന്നതും ആശാസ്യമല്ല. രോഗാതുരതയിൽ 70 % വും പരിസരജന്യ രോഗങ്ങളാൽ ആണെന്നത് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. പൊതുസ്ഥല ങ്ങളിൽ മല മൂത്ര വിസർജനം ചെയ്യുന്നതും തടയപ്പെടേണ്ട സംഗതിയാണ്. വേണ്ടുന്ന സ്ഥലങ്ങളിൽ പൊതുകക്കൂസുകൾ നിർമ്മി ക്കുവാൻ പഞ്ചായത്ത് തയ്യാറാകേണ്ടതാണ്.

വയറിളക്കരോഗങ്ങളും, വിരരോഗങ്ങ ളും, ത്വക്രോഗങ്ങളും, നേത്രരോഗങ്ങളും നിയ ന്ത്രണാധീനമാക്കുവാൻ ശുചിത്വ പരിപാലനം ഏറെ ഉപകരിക്കും. കൊതുക്, ഈച്ച എന്നി വയെ നിയന്ത്രിക്കുവാൻ പരിസരശുചിത്വം, മലിനജലനിർമാർജ്ജനം എന്നിവ അനിവാര്യ ങ്ങളാണ്. രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിലെത്തിച്ചേരുവാൻ രോഗികളെ കേന്ദ്രീകരിച്ചുള്ള നടപടികളാണ് അഭിലഷണീയം.

പഞ്ചായത്തിൽ സർക്കാർ വക ഒരു അലോപ്പതി ആശുപത്രി ശാന്തിവിളയിലും, ഒരു ആയൂർവേദഡിസ്പെൻസറി നേമത്തും പ്രവ ർത്തിക്കുന്നു. കൈമനം കേന്ദ്രമായി കേശവ വിലാസം ആയൂർവ്വേദ - മർമ്മചികിൽസാ കേന്ദ്രം പഞ്ചായത്ത് ഗ്രാന്റിലും, വിവിധഭാഗങ്ങ ളിലായി ക്ലിനിക്കുകൾ ഹോമിയോ ആശുപത്രി കൾ എന്നിവ സ്വകാര്യ ഉടമസ്ഥതയിലും പ്രവ ർത്തിക്കുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ രണ്ടു ഉപകേ ന്ദ്രങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അവ യുടെ പ്രവർത്തനം തൃപ്തികരവുമല്ല. കുടുംബ ക്ഷേമകേന്ദ്രങ്ങളിൽ ജീവനക്കാർ കുറവാണ്. ആരോഗ്യ ക്ലാസുകൾ, ഡോക്ടർമാരുടെ ഗൃഹ സന്ദർശനം, എന്നിവ നടക്കുന്നില്ല. പ്രതിരോ ധകുത്തിവയ്പുകൾ നടക്കുന്നുണ്ട് കിടത്തിചി കിൽസക്ക് ഈ പഞ്ചായത്തിൽ സൗകര്യമുള്ള ആശുപത്രി ശാന്തിവിളയിൽ മാത്രമേയുള്ളൂ.

നേമം ഗവ. ആശുപത്രിയിലെ ജീവനക്കാരുടെ എണ്ണം

ഡോക്ടർ	6
ഡെന്റൽ ഹൈജീനിസ്റ്റ്	1
ഫാർമസിസ്റ്റ്	3
ലാബ്. ടെക്നീഷ്യൻ	3
ഹെഡ് നേഴ്സ്	1
സ്റ്റാഫ് നേഴ്സ്	6
നഴ്സിങ് അസിസ്റ്റന്റ്	8
അറ്റന്റർ	7
ഹെൽത്ത് ഇൻസ്പെക്ടർ	2
പബ്ലിക് ഹെൽത്ത് നഴ്സ്	1
പാർട്ട് ടൈം സ്വീപ്പർ	2
ഹോസ്പിറ്റൽ അറ്റന്റർ	2
ലെപ്രസി ഇൻസ്പെക്ടർ	3
ക്ലാർക്ക്	3
ടൈപ്പിസ്റ്റ്	1
പ്യൂൺ	1
ആകെ അനുവദിച്ചിട്ടുള്ള കിടക്ക	61

ആയുർവ്വേദ ആശുപത്രിയിലെ ജീവനക്കാർ

മെഡിക്കൽ ഓഫീസർ	1
ഫാർമസിസ്റ്റ്	1
അറ്റന്റർ	1
പി ടി എസ്	1

പരിഹാരം

1.ശാന്തിവിള ആശുപത്രിയിൽ:

- അത്യാഹിത വിഭാഗം ആരംഭിക്കുക
- കിടക്കകളുടെ എണ്ണം നൂറായി വർദ്ധിപ്പിക്കുക
- പര്യാപ്തമായ ഉപകരണങ്ങൾ ലഭ്യമാക്കുക

2.ആയുർവേദ ആശുപത്രിയിൽ:

- ഇതുപത് കിടക്കകൾ അനുവദിക്കുക
- വേണ്ടുന്ന ഉപകരണങ്ങൾ ലഭ്യമാക്കുക

3. പുകയില്ലാത്ത അടുപ്പിന്റെ പ്രാധാന്യം വീട്ടമ്മമാരെ ബോധ്യപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുക.
4. ആശുപത്രി ജീവനക്കാരുടെ സേവനം കൃത്യവും, കാര്യക്ഷമവുമാണെന്ന് ഉറപ്പു വരുത്തുക.
5. തെരുവുനായ്ക്കളുടെ പെരുപ്പം തടയുക.
6. വളർത്തു നായ്ക്കളെ പേവിഷബാധക്കെതിരെ കുത്തിവയ്പിക്കുവാൻ ഉടമസ്ഥരെ പ്രേരിപ്പിക്കുക . അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടികൂടി നശിപ്പിക്കുക.
7. കുടുംബക്ഷേമ പ്രവർത്തകർ ഭവനസന്ദർശനം നടത്തുക.
8. പഞ്ചായത്ത് വകയായി പൊതുജനങ്ങൾക്ക് മലമൂത്രവിസർജ്ജന കേന്ദ്രങ്ങൾ അനുവദിക്കുക.
9. അംഗനവാടികൾക്ക് സ്വന്തമായി കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, വാർഡുകൾതോറും പൊതുജനാരോഗ്യ കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക.
10. പഞ്ചായത്തിൽ പൊതു ശ്മശാനം സ്ഥാപിക്കുക.
11. നിലവിലുള്ള ഹോമിയോ കോളേജ് വിപുലമാക്കുന്നതിന് വിദ്യാധിരാജ മാനേജ്മെന്റിനോട് ആവശ്യപ്പെടുക. അല്ലാത്തപക്ഷം ഒരു ഹോമിയോ കോളേജ് ഗവൺമെന്റ് തലത്തിൽ സ്ഥാപിക്കുക.
12. മലിനജലം പൊതുവഴിയിൽ വിടുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക.
13. കാരയ്ക്കാമണ്ഡപം, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നീ ഭാഗങ്ങളിൽ നിന്നും ഡ്രൈനേജ് സംവിധാനം ആരംഭിച്ച് തളിയൽ പമ്പുസ്റ്റേഷനുമായി ബന്ധിപ്പിക്കുക.
14. ചപ്പുചവറുകൾ ശേഖരിച്ചു സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

പട്ടിക -1

നേമം ഗ്രാമ പഞ്ചായത്ത്
ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993-94	448	164	-
1994-95	469	135	-
1995-96	483	103	-

(അവലംബം : ഗ്രാമ പഞ്ചായത്താഫീസിലെ ജനന മരണ രജിസ്റ്റർ)

പട്ടിക -2

നേമം ഗ്രാമ പഞ്ചായത്ത്
രോഗികളുടേയും രോഗങ്ങളുടേയും വിവരങ്ങൾ

വർഷം	ഇൻപേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം					
			ത്വക്ക് രോഗം	വാതരോഗം (എല്ലാ വിഭാഗവും)	പകർച്ച വ്യാധികൾ	വിഷചികിത്സ (പാമ്പുകടി etc.)	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93	2920	292000	-	-	-	-	-	
1993-94	2371	91683						
1994-95			5045	315	511	-	129855	-
1995-96	4206	65503	446	2246	277	-	79779	-

പട്ടിക -3

നേമം ഗ്രാമ പഞ്ചായത്ത്

കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ	ബി. സി. ജി.	ഡി.പി.ടി.				പോളിയോ				ഡി.ടി.				മീസിൽസ്
		1-ാം ഡോസ്	2-ാം ഡോസ്	3-ാം ഡോസ്	ബൂസ്റ്റർ	1-ാം ഡോസ്	2-ാം ഡോസ്	3-ാം ഡോസ്	ബൂസ്റ്റർ ഡോസ്	ഡോസ്	ഡോസ്			
ഒരു വയസ്സിൽതാഴെ	777	694				707				219				655
1-3 വയസ്സ്		763				779				195				-
3-6 വയസ്സ്		914				595				504				-

പട്ടിക -4

നേമം ഗ്രാമ പഞ്ചായത്ത്

കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
ഒരു വയസ്സിൽ താഴെ	124	102	48	52	-	-	-	-
1-3 വയസ്സ്	206	210	123	163	24	13	-	-
3-6 വയസ്സ്	246	236	231	189	18	18	-	-

പട്ടിക -5

നേമം ഗ്രാമ പഞ്ചായത്ത്
ടെറ്റനസ് ടോക്സോയിസ് (TT)

	1-ാം ഡോസ്	2-ാം ഡോസ്	ബൂസ്റ്റർ ഡോസ്
ഗർഭിണികൾ	1126	703	

- ☐ ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം : 1940
- ☐ ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം : 1943
- ☐ വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം : 786
- ☐ ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : 698
- ☐ വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം :

വ്യവസായം

ആധുനിക-ചെറുകിട വ്യവസായ സംരംഭങ്ങൾ നേമം ഗ്രാമ പഞ്ചായത്തിലെ ഗണനീയമായ ഒരു തോഴിൽ മേഖലയാണ്. ഇവിടത്തെ വ്യവസായ സംരംഭങ്ങളുടെ ചരിത്രത്തിന് ആറ് ദശകത്തിന്റെ പഴക്കമുണ്ട്. രാജഭരണകാലത്ത് പ്രമുഖമായ രണ്ട് വ്യവസായ യൂണിറ്റുകൾ രൂപം കൊള്ളുന്നത്. കുടിൽ വ്യവസായ മെന്ന നിലയിൽ നിലനിന്നിരുന്ന കുഴിത്തറി നെയ്ത്ത് രംഗത്താണ് മീനാ ടെക്സ്റ്റയിൽസ് (ഇന്നത്തെ ട്രാവൻകൂർ ടെക്സ്റ്റയിൽസ്) 1942 ൽ കൈത്തറി നെയ്ത്തു പ്രവർത്തനവുമായി കടന്ന വന്നത്. പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി പ്രവർത്തനമാരംഭിച്ച സ്ഥാപനം കൈത്തറി നെയ്ത്ത് പരിശീലനം നൽകി ഈ രംഗത്ത് പുതിയ തുടക്കം കുറിക്കുകയായിരുന്നു. കുഴിത്തറി നെയ്ത്ത് മാത്രം പരിചയിച്ചിരുന്നവർക്ക് കൈത്തറി നെയ്ത്തിൽ പരിശീലനം നൽകുന്നതിന് കണ്ണൂർ - കോഴിക്കോട് ഭാഗത്തു നിന്ന് വിദഗ്ദ തൊഴിലാളികളെ കൊണ്ടുവരികയാണ് ചെയ്തത്.

1950 കളിൽ ട്രേഡ് യൂണിയൻ പ്രവർത്തനം ഈ സ്ഥാപനത്തിൽ ആരംഭിച്ചു. 1954 ൽ മത്തായി മാഞ്ഞൂരാൻ നേതൃത്വം നൽകിയ തൊഴിൽ സമരവും ഈ പ്രദേശത്തെ ട്രേഡ് യൂണിയൻചരിത്രത്തിന്റെ ദിനമാണ്. 1979 ൽ ഈ സഥാപനം വ്യവസായ സഹകരണ സംഘമായി മാറി. തുടക്കത്തിൽ ഉണ്ടായിരുന്നതിൽ നിന്നും വളർന്ന് കളർ ഡൈയിംഗ് എബ്രോയിഡറി തുടങ്ങിയവ ഉൾപ്പെടുത്തി ടെക്സ്റ്റയിൽ മേഖലയിൽ ശ്രദ്ധേയമായ സ്ഥാനം നേടിയിരിക്കുന്നു.
1940 കളിൽ ആദ്യം രൂപം കൊണ്ട അശോക് ഫൗണ്ടറി, ഇന്ന് KSRTC സെട്രൽ വർക്സ് ഉള്ള സ്ഥലത്താണ് ഉണ്ടായിരുന്നത് അശോക് ഫൗണ്ടറി പിന്നീട് സംസ്ഥാന ട്രാൻസ്പോർട്ട് കമ്പനിയിൽ ചേർക്കപ്പെട്ടു.

സംസ്ഥാന ട്രാൻസ്പോർട്ട് കമ്പനിയുടെ സെട്രൽ വർക്സും ഇൻഡസ്ട്രിയൽ എസ്റ്റേറ്റും 1950 കളിൽ ആരംഭിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ വ്യവസായ പൈലറ്റ് പ്രോജക്ട് പ്രകാരം വെൽവർത്ത് (എഞ്ചിനിയറിംഗ് സ്ഥാപനം) വീനസ് എഞ്ചിനിയറിംഗ് വർക്സ്, കാർപ്പന്ററി ആന്റ് സ്മിത്ത് വ്യവസായ സഹകരണസംഘം എന്നിവയുടെ പ്രവർത്തനവും ആരംഭിച്ചു.

പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

1958 ൽ ആരംഭിച്ച ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കേരളത്തിലെ പ്രമുഖമായ 18 വ്യവസായ കേന്ദ്രങ്ങളിൽ ഒന്നാണ്. ചെറുകിടവും ആധുനികവും പരമ്പരാഗതവുമായ വ്യവസായങ്ങളാണ് ഇവിടുള്ളത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആരംഭിച്ച വ്യവസായങ്ങളിൽ പലതും സ്ഥിരവും തുടർച്ചയുമായ വളർച്ച രേഖപ്പെടുത്തി കാണുന്നില്ല. പല വ്യവസായങ്ങളും അടച്ചുപൂട്ടപെട്ടു. അതുപോലെ വ്യവസായ സംരഭങ്ങൾ ഇടക്കിടെ മാറുകയും ചെയ്തിട്ടുണ്ട്. ഇപ്പോ ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുന്നു.
കേരളത്തിലെ വ്യവസായ ഭൂപടത്തിൽ ശ്രദ്ധേയമായ ഈ എസ്റ്റേറ്റിൽ സ്വകാര്യ മേഖലയിൽ 52 ഉം സഹകരണ മേഖലയിൽ 42 ഉം പൊതുമേഖലയിൽ 3ഉം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇന്ന് അവയിൽ 21 എണ്ണം പ്രവർത്തനരഹിതമായിരിക്കുകയാണ്. ഇപ്പോൾ പ്രവർത്തന ക്ഷമമായിരിക്കുന്ന

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വ്യവസായങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പൊതുമേഖല

	പേര്	ഉല്പാദനം	തൊഴിലാളികളുടെ എണ്ണം
1.	ഗവ. വുഡ് വർക്ക്ഷാപ്പ്	സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫർണിച്ചറുകൾ നിർമ്മിക്കുന്നു.	35
2.	ഗവ.ഇൻഡസ്ട്രിയൽ	സർവ്വേ ഉപകരണങ്ങൾ സ്റ്റീൽ വർക്ക്ഷാപ്പ് ഫർണിച്ചറുകൾ എന്നിവയുടെ നിർമ്മാണം.	35
3.	ഡൈ കാസ്റ്റിംഗ് യൂണിറ്റ്	കേരളാ ആട്ടോമൊബൈൽസിനാവശ്യമുള്ള അലൂമിനിയത്തിലും നാകത്തിലുമുള്ള യന്ത്രഭാഗങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളുടെ യന്ത്രഭാഗങ്ങളും	28

സഹകരണമേഖല

4.	തിരു. താലൂക്ക് വ്യവസായ	പെയിന്റുൽപ്പാദനത്തിനാവശ്യമായ പെയിന്റ് നിർമ്മാണ വ്യവസായ പൗഡർ നിരമമിക്കുന്നു. സഹകരണ സംഘം	30
5.	തിരുവനന്തപുരം ജില്ലാ വികലാംഗ ക്ഷേമ പ്രിന്റിംഗ് & ബയന്റിംഗ് കോ-ഓപ്പ്, സൊസൈറ്റി	പ്രിന്റിംഗ് & ബയന്റിംഗ്	10
6.	തിരുവനന്തപുരം പവ്വർലും വീവേഴ്സ് ഇൻഡസ്ട്രിയൽ വർക്ക്ഷോപ്പ് കോ-ഓപ്. സൊസൈറ്റി	കോറതുണി ഉൽപാദനം	5

സഹകാര്യമേഖല

7.	റിയൽ ആന്റ് ജുപ്പീറ്റർ ഇൻഡസ്ട്രീസ്	സ്റ്റീൽ അലമാര ഫർണിച്ചർ	25
8.	ലക്ഷ്മി ശങ്കർ എഞ്ചിനിയറിംഗ്വർക്സ്	ആശുപത്രിക്കാവശ്യമായ സ്റ്റീൽ ഫർണിച്ചറുകളും മറ്റ് ഉപകരണങ്ങളും	10
9.	മെറ്റൽ ഗ്രിപ്സ്	ആണി	5
10	ഫെയ്സ്-ഐടി-ടൈയിൽസ്	തറയോടുകൾ	5
11.	ശാന്താ മെറ്റൽസ്	ഇരുമ്പ് ആംഗ്ളയർ സ്റ്റീൽ അലമാര	4
12.	ടി.സി. ഫാർമ	അലോപ്പതി ഗുളികകളും ടോണിക്കുകളും	8
13.	ട്രയോ ടെക് എഞ്ചിനിയറിംഗ് വർക്സ്	മോട്ടോർ വൈൻഡിംഗ്	3
14.	ജി.കെ. റബ്ബർ ഇൻഡസ്ട്രീസ്	ചെരുപ്പിനുള്ള റെബ്ബർ ഷീറ്റ്	5

ചെറുകിട വ്യവസായ യൂണിറ്റുകൾ		എണ്ണം
1,	കളിമൺ	1
2.	ഇഷ്ടിക നിർമ്മാണം	9
3.	2 വീലർ വർക്ഷാപ്പ്	10
4.	അച്ചടിയും ബൈൻഡിംഗ്	13
5.	എഞ്ചിനിയറിംഗ് വർക്സ്	17
6.	സിനിമാ തിയേറ്ററുകൾ	3
7.	സിനിമാ സ്റ്റുഡിയോ	1
8.	പെട്രോൾ പമ്പ്	1
9.	ഫർണിച്ചർ നിർമ്മാണം (സഹകരണ മേഖലയിൽ)	1
10.	തടിമില്ലുകൾ	3
11.	ഓയിൽ മില്ലുകൾ	3
12.	മറ്റ് മില്ലുകൾ (റൈസ്& ഫ്ലവർ)	13

സ്വയം തൊഴിൽ കണ്ടെത്തൽ

നേമം പഞ്ചായത്തിൽ ഉദ്ദേശം 60% ലധികം അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർ ഉണ്ട്. ഇത് കൂടാതെ വിദ്യാഭ്യാസമില്ലാത്ത ധാരാളം പേർ ഏതൊരുവിധ സ്ഥിരം തൊഴിൽ ഇല്ലാത്തവരും ഉണ്ടെന്നാണ് കണക്ക്. പലരും സർക്കാർ തൊഴിലിനായിട്ടാണ് ശ്രമിച്ചു വരുന്നത്. എന്നാൽ വളരെ കുറച്ച് പേർ വിവിധയിനം സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്.

കാലാകാലങ്ങളിൽ സർക്കാർ വിവിധയിനം സ്വയം തൊഴിൽ വായ്പകൾ പ്രഖ്യാപിക്കാറുണ്ട് എംപ്ലോയിമന്റ് എക്സേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ യുവതീ-യുവാക്കൾക്ക് വിവിധ സ്വയം തൊഴിൽ പദ്ധതികൾ, PRMY പദ്ധതി പ്രകാരം 1 ലക്ഷം രൂപാവരെയുള്ള പദ്ധതി, IRDP പദ്ധതി, ഒരു ലക്ഷം ജനങ്ങൾക്ക് കാർഷിക മേഖലയിൽ സ്വയം തൊഴിൽ പദ്ധതി, തുടങ്ങിയ നിരവധി സ്വയം തൊഴിൽ പദ്ധതികൾ, ഉണ്ടെങ്കിലും അവയെല്ലാം അനുവദിച്ച് കിട്ടുന്നതിനുള്ള കാലതാമസവും, ബേങ്കുകളുടെ നിസ്സഹകരണ മനോഭാവവും തൊഴിൽ രഹിത യുവാക്കൾക്ക് പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിലെ തൊഴിൽരഹിതരെ സഹായിക്കുവാൻ ഉദാരമായ വ്യവസ്ഥകളിലൂടെ സ്വയം തൊഴിൽ ഭവന പദ്ധതികൾ ആരംഭിക്കാനുള്ള വായ്പകൾ ലഭിക്കുന്നതിനുള്ള സഹായം പഞ്ചായത്ത് തലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

തൊഴിൽ പരിചയം

ഈ പഞ്ചായത്തിലെ തൊഴിൽ രഹിതരായ ജനങ്ങൾക്ക് തൊഴിൽ മേഖലയിലാണ് പരിചയം നേടിയിരിക്കുന്നതെന്ന വിശദമായ പഠനം നടന്നിട്ടില്ല. അത്തരമൊരു പഠനത്തിന്റെയും പരിശോധനയുടേയും അഭാവം ഉണ്ടെന്നിരിക്കലും ലഭ്യമായ പ്രാഥമിക വിവരങ്ങളുടെയടിസ്ഥാനത്തിൽ ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്.

ഗാർഹിക വ്യവസായ രംഗത്ത് താഴെ പറയുന്ന ഇനങ്ങളിൽ പരിചയമുള്ള വരുടെ വൻനിരയൊരു നിരതന്നെ പഞ്ചായതത്തിലുണ്ട്.

ഗാർമെന്റ് മേക്കിംഗ്, കരകൗശല വസ്തു നിർമ്മാണം (വുഡൻ, മെറ്റൽ, ക്ലേ, പ്ലാസ്റ്റർ ഓഫ് പാരീസ്) മെഴുകുതിരി, സോപ്പ്, അഗർ ബത്തി, രസപ്പൊടി-അച്ചാർപൊടി തുടങ്ങി, അച്ചാറുകൾ, സ്ക്വാഷ്, ജാം, ഫിനോയിൽ നിർമ്മാണം, കളിമൺ, ഇഷ്ടിക നിൽമ്മാണ രംഗത്ത് പരിചയം സിദ്ധിച്ചവരും ഇപ്പോൾ ഈ തൊഴിൽമേഖലയിലെ മുരടിപ്പ് കാരണം തൊഴിൽ രഹിതരായവർ, കുറച്ച് വർഷങ്ങളായി കാർഷികമേഖലയിൽ നിന്നും പുറംതള്ളപ്പെട്ടവർ, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെയും ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും റിപ്പയർ, നിർമ്മാണജോലികൾ അറിയാവുന്നവർ, പ്ലമ്പിംഗ്, വയറിംഗ്, വെൽഡിംഗ്, കാർപ്പെന്റിംഗ്, ബ്ലാക്ക്സ്മിത്ത്, പെയിന്റിംഗ് ,തുടങ്ങിയവയിലാണ്.

പ്രകൃതി വിഭവങ്ങളും സാധ്യതയും

വ്യാവസായികാവശ്യത്തിന് വലിയ അളവിൽ ഭൂമി ലഭ്യമാക്കാൻ നേമം പഞ്ചായത്തിൽ ഇന്ന് സാധ്യമല്ല.

ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ അലഭ്യത മതിയായത്രയുണ്ട്.

ഇതര വിഭവ - പശ്ചാത്തല സൗകര്യങ്ങൾ പരിശോദിച്ചാൽ കനത്ത തോതിൽ വൈദ്യുതി ഉപഭോഗം ചെയ്യുന്നതിനുള്ള സാധ്യതയില്ല.

ഗതാഗതം

നേമം പഞ്ചായത്തിൽ മൊത്തത്തിൽ സാമാന്യം നല്ല ഗതാഗത സൗകര്യമാണുള്ളത്. പഞ്ചായത്തിലെ പ്രധാന ഗതാഗത മാർഗ്ഗം റോഡുകളാണ്. 137 km ദൈർഘ്യമുള്ള റോഡുകളാണ് പഞ്ചായത്തിലുള്ളത് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് പഞ്ചായത്തിനെ നെടുകെ വിഭജിക്കുന്ന, 5Km ദൈർഘ്യമുള്ള NH-47 ആണ്. NH ആണെങ്കിലും ഈ പാതയ്ക്ക് വേണ്ടത്ര വീതി പല സ്ഥലങ്ങളിലും ഇല്ല. തിരുവനന്തപും സിറ്റിയുമായി ജില്ലയിലെ കിഴക്കൻ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന ഈ റോഡ് ജില്ലയിലെ ഏറ്റവും കൂടുതൽ ട്രാഫിക്ക് ഉള്ള ഒന്നാണെന്ന് NATPAC സർവ്വേയിലൂടെ തെളിഞ്ഞിട്ടുണ്ട്. വീതി കുറവായ NH-47 -ൽ ഗതാഗതക്കുരുക്ക് ഒരു നിത്യ സംഭവമാണ്. പാപ്പനംകോട് മുതൽ കരമനപാലം വരെ കാലത്തും വൈകുന്നേരവും മണിക്കൂറുകളോളം ഗതാഗതകുരുക്ക് കാണാം. ഇതു കൂടാതെ കൈമനം-തിരുവല്ലം, പാപ്പനംകോട് - മലയിൻകീഴ്, വെള്ളായണിമുക്ക്-കാക്കാമൂല, വെള്ളയാണിമുക്ക് മലയിൻകീഴ റാർ റോഡുകൾ NH മായി പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളെ ബന്ധിപ്പിക്കുന്നു. മേൽപ്പറഞ്ഞ റോഡുകളിൽ നിന്ന് നിരവധി ഉപറോഡുകൾ ബാക്കി പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നു എന്നാൽ ഇവയിൽ ഏകദേശം 60Km റോഡുകളും "കച്ച" ഇനത്തിൽ പ്പെടുന്നവയാണ്. ഇവയ്ക്ക് 10-12 വരെ വീതിയാണുള്ളത്. വളരെച്ചുരുക്കം സ്ഥലങ്ങളിൽ ഒഴിച്ച് ബഹുഭൂരിപക്ഷം റോഡുകളുടേയും വശങ്ങളിൽ നടപ്പാതയും ഓടയും ഇല്ല. ഇത് മഴക്കാലത്ത് റോഡുകളെ തോടുകളാക്കുകയും പല അപകടമരണങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു ഇപ്പറഞ്ഞ അവസ്ഥ ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് പഞ്ചായത്തിൽ അങ്ങിങ്ങായി ദ്രുതഗതിയിൽ വളർന്നു വരുന്ന കോളനി റോഡുകളെയാണ്. ദേശീയ പാതയുൾപ്പെടെ വർഷം തോറും അറ്റകുറ്റപ്പണികൾ നടത്തുന്നില്ല.

ജലഗതാഗതത്തിന് നല്ല സാദ്ധ്യതയുണ്ടെങ്കിലും അതിനെ തികച്ചും അവഗണിച്ച നിലയിലാണ് കാണുന്നത്. കരമനയാറിന് കുറുകെ രണ്ട് മൂന്ന് സ്ഥലങ്ങളിൽ (മരുതൂർക്കടവ്, പാപ്പനംകോട്) കടത്തുള്ളത് ഇതിനൊരപവാദമാണ്.

1971 നവ: 1 ന് തുടങ്ങിയ KSRTC യുടെ പാപ്പനംകോട് സബ് ഡിപ്പോ, പഞ്ചായത്തിലെ ഗതാഗതത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. ഇവിടെ നിന്ന് സിറ്റിയിലേക്കും മറ്റു ഭാഗങ്ങളിലേക്കുമായി ദിവസേന 131 ഷെഡ്യൂളുകൾ നടത്തുന്നു. എന്നാൽ പലപ്പോഴും സ്റ്റാഫിന്റെയും ബസ്സിന്റേയും അഭാവം നിമിത്തം പല ട്രിപ്പുകളും റദ്ദാക്കപ്പെടുന്ന അവസ്ഥയാണ് കാണുന്നത്.

ഈ ഡിപ്പോ പഞ്ചായത്തിലെ ഏക ബസ് സ്റ്റേഷനാണ്. എന്നാൽ ഇവിടെ പ്രാഥമിക സൗകര്യങ്ങൾ എല്ലാം കുറവാണ്. പഞ്ചായത്തിൽ നല്ലൊരു ശതമാനവും ഗവൺമെന്റ് ജോലിക്കാരാണ്. അവർക്ക് സിറ്റിയിലേക്കുള്ള യാത്രയ്ക്ക് ശരിയായ വിധമുള്ള പ്രയോജനം ലഭിക്കുന്നില്ല.

പഞ്ചായത്തിലുള്ള ബസ് സ്റ്റോപ്പുകളിൽ 90% ഷെൽട്ടറില്ലാത്തത് പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. അതുപോലെത്തന്നെ പഞ്ചായത്തിന് ടാക്സി, ആട്ടോറിക്ഷാ എന്നീ വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സ്റ്റാൻഡ് ഇല്ല. ഇതുമൂലം കാറുകൾ ദേശീയ പാതയുടെ വശങ്ങളിൽ പാർക്ക് ചെയ്യപ്പെടുന്നു.

തിരുവനന്തപുരം-കന്യാകുമാരി ബ്രോഡ്ഗേജ് റയിൽപ്പാത, 3 കി.മീറ്റർ നീളത്തിൽ, പഞ്ചായത്തിലൂടെ കടന്നു പോകുന്നു. റീജിയനൽ റിസർച്ച് സെന്ററിന്റെയും, ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റേയും വികസനത്തിന് പാപ്പനംകോട് ഭാഗത്ത് ഒരു റെയിൽവേ സ്റ്റേഷൻ ആവശ്യമുണ്ട്.

പരിഹാരമാർഗ്ഗങ്ങൾ

തിരുവനന്തപുരം സിറ്റിയെ ബന്ധിപ്പിക്കുന്ന കരമനപ്പാലം ഇപ്പോൾത്തന്നെ കാലപ്പഴക്കം വന്നതും താങ്ങാവുന്നതിലേറെ ഭാരം പേറുന്നതുമാണ്. ഈ പാലത്തിന് ബദലായി 6-ലൈൻ ട്രാഫിക്കിന് യോജിച്ച തരത്തിലുള്ള പാലം അത്യാവശ്യമാണ്. ഇത് ഗതാഗതകുരുക്ക് ഒഴിവാക്കാൻ സഹായിക്കും.

കരമനപ്പാലം മുതൽ ആഴാംകാൽ വരെയുള്ള ബണ്ട് റോഡാക്കി മാറ്റണം.

പ്രധാന റോടുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തിയാൽ വലിയൊരുസംഖ്യ ലാഭിക്കുവാനും പൊതുജനങ്ങൾക്കുള്ള ബുധ്ധിമുട്ട് ഒഴിവാക്കുവാനും സാധിക്കും. ഇവ ശരിയായി നടപ്പാക്കുന്നതിന് പഞ്ചായത്തിലേക്ക് പ്രത്യേക ഫണ്ട് അനുവധിക്കണം

പുതിയ റോഡുകൾ ടാർചെയ്യുന്നതിനും വീതി കൂട്ടുന്നതിനും സന്നദ്ധ പ്രവർത്തനവും , സാമ്പത്തിക സഹായവും പല ഭാഗഗത്തുനിന്നും ഉണ്ടായിട്ടുണ്ട്.

ഗ്യാരേജ്, കോളേജ് വാർഡ് ഭാഗത്തുള്ള ഉപറോഡുകൾ ടാർ ചെയ്യുമ്പോൾ ചാലുകൾ നിർമ്മിക്കുകയും അവയിൽ കെട്ടി നിൽക്കുന്ന മഴവെള്ളം പമ്പു ചെയ്തുമാറ്റുവാനുള്ള സംവിധാനം അത്യാവശ്യമാണ്. ഇത് റോഡുകളെ സംരക്ഷിക്കുകയും വെള്ള പ്പൊക്കത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുകയും ചെയ്യും.

ഉപറോഡുകൾ ടാർചെയ്യുന്നത് അവയുടെ പഴക്കവും ജനങ്ങളുടെ ഉപയോഗവും അനുസരിച്ചായിരിക്കണം. ഇപ്പോൾത്തന്നെ ടാർ ചെയ്ത റോടുകൾ സംരക്ഷിക്കാൻ ജനകീയ സമിതികൾ ഉണ്ടാക്കിയാൽ കൂടുതൽ ഫലപ്രദമാകും.

കരമനയാറ്റിനു കുറുകെ രണ്ടു ചെറിയ പാലങ്ങൾ (കാറുകൾ, ഇരുചക്രവാഹനങ്ങൾ എന്നിവ പോകാൻ തക്കത്) നിർമ്മിക്കുകയാണെങ്കിൽ യാത്രാദൂരം കുറയ്ക്കുവാനും ഗതാഗതകുരുക്ക് ഒഴിവാക്കുവാനും സാധിക്കും

പാപ്പനംകോട് സബ്ഡിപ്പോ ഉയർത്തി, ഇവിടെ നിന്ന് കിഴക്കൻ ഭാഗങ്ങലിലേക്കുള്ള പ്രധാന സർവ്വീസുകളും, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിക്കുകയും വേണം. അതുപോലെതന്നെ മരുതൂർക്കടവ് പാലം പൂർത്തിയാകുമ്പോൾ, അതുവഴി സിറ്റിയിലേക്കുള്ള ബസ് സർവ്വീസ് ആരംഭിക്കണം. ഇതിലേക്കാവശ്യമായ സ്റ്റാഫും ബസ്സും സബ്ഡിപ്പോയ്ക്ക് ലഭ്യമാക്കണം.

ജലഗതാഗതം പ്രോത്സാഹിപ്പിക്കാൻ കുണ്ടമൻകടവ് മുതൽ തിരുവല്ലം വരെ ബോട്ട് സർവ്വീസ് നടപ്പിലാക്കണം. ഇതിനാവശ്യമായ ജെട്ടികൾ നിർമ്മിക്കുമ്പോൾ കടത്തുവള്ള സർവ്വീസ് ആരംഭിക്കാം. അതു കൂടാതെ ചരക്കു ഗതാഗതം ആരംഭിക്കുകയും ചെയ്യാം.

പഞ്ചായത്തിലെ റോഡുകൾ നിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും വേണ്ട യന്ത്രങ്ങളും മറ്റ് ഉപകരണങ്ങളും പഞ്ചായത്ത് സ്വന്തമായി വാങ്ങേണ്ടതാണ്.

നേമം പോലീസ് സ്റ്റേഷൻ ഭാഗത്തു നിന്നു തുടങ്ങി ശാന്തിവിള, കുരുമി, മേലാങ്കോട്, കരുമം, ഭാഗത്തു കൂടിയുള്ള റോഡുകൾ കൂട്ടിയോജിപ്പിച്ച് മരുതൂർക്കടവ് പാലത്തിൽ എത്തുന്ന പഞ്ചായത്ത് റോഡ് MLA റോഡായി വികസിപ്പിച്ച് നേമം മുതൽ കരുമം വരെയുള്ള ഗതാഗതകുരുക്ക് പരിഹരിക്കണം. അതിനായി സൗജന്യമായും പഞ്ചായത്ത് ഭൂമി വിലയ്ക്കെടുത്തും റോഡ് വികസിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം. ഇടറോഡുകളിലും നാഷണൽ ഹൈവേയിലും തടസ്സമായി നില്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.

ഇടറോഡുകളിലെ ഹെയർപിൻ വളവുകൾ നിവർത്തണം. യാത്രാ ദൂരിതം കുറയ്കുവാൻ കൂടുതൽ KSRTC ബസ്സുകൾ അനുവദിക്കുകയോ പ്രൈവറ്റ് ബസ്സു സർവ്വീസ് പ്രാവച്ചമ്പലം വരെ നീട്ടുകയോ ചെയ്യണം.

ഊർജ്ജം

നേമം പഞ്ചായത്തിൽ നടത്തിയ വിശദമായ സർവ്വേയിൽ നിന്നും ഊർജ്ജത്തെക്കുറിച്ചുള്ള താഴെപ്പറയുന്ന വിവരങ്ങൾ ലഭിച്ചു. ഈ പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ വൈദുതി, പ്രകൃതി വാതകം മണ്ണെണ്ണ, വിറക് എന്നിവയാണ്.

പഞ്ചായത്തിലെ വൈദ്യുതി വിതരണച്ചുമതല തിരുവനന്തപുരം സിറ്റിയിലുള്ള പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷനും നേമം ഇലക്ട്രിക്കൽ സെക്ഷനുമാണ്. ഈ പഞ്ചായത്തിലെ 41.5 km നീളത്തിൽ 11 kv ലൈനും 196 km നീളത്തിൽ LT ലൈനും കടന്നുപോകുന്നു. നിലവിലുള്ള 9760 ഉപഭോക്താക്കളിൽ 80% ഗാർഹിക മേഖലയിലും 12% വ്യാപാരമേഖലയിലുമാണ്. വ്യവസായത്തിനു കൃഷിക്കുമായി 3% താഴെ ഉപഭോക്താക്കളാണുള്ളത്. ഈ പഞ്ചായത്തിൽ മൊത്തം 6 H.T ഉപഭോക്താക്കൾ മാത്രമാണുള്ളത് പഞ്ചായത്തിലുള്ള 80% ത്തിൽ കൂടുതൽ വീടുകളിലും വൈദ്യുതി എത്തിക്കഴിഞ്ഞു. ഇവയിൽ ഭൂരിപക്ഷം വീടുകളിലും ഒന്നിൽ കൂടുതൽ ട്യൂബ് ലൈറ്റുകൾ ഉണ്ട്. എന്നാൽ പട്ടികജാതി കോളനികളിലുള്ള പല വീടുകളിലും വൈദ്യുതി ഏത്തിയിട്ട

പുതിയതായി രൂപപ്പെട്ട കോളനികളിൽ ഒഴികെ മിക്കവാറും എല്ലാ പ്രധാന കവലകളിലും സാധാരണ ബൾബുള്ള തെരുവുവിളക്കുകൾ ഉണ്ട്. ഇത്രയും വലിയ ഒരു പഞ്ചായത്തിൽ മൊത്തം 20 മെർക്കുറി വേപ്പർ വിളക്കുകൾ മാത്രമേയുള്ളു.

നേമം പഞ്ചായത്തിലെ വൈദ്യുതി വിതരണക്രമീകരണം നടത്തുന്നത് 37 LT ട്രാൻസ്ഫോർമറുകളാണ്. ഈ ട്രാൻസ്ഫോർമറുകൾ ഇപ്പോൾത്തന്നെ അധിക ഭാരം ചുമക്കുന്നവയാണ്.

വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് നേമം. പീക്ലോഡ് സമയത്ത് (വൈകിട്ട് 6.30 മുതൽ 9.30 വരെ) വോൾട്ടേജ് 40 -ൽ താഴെയാകുന്നു. ഇതുമൂലം തെരുവ്വിളക്കുകളൊ, വീടുവിളക്കുകളൊശരിയായി പ്രകാശിക്കുന്നില്ല.

നേമം പഞ്ചായത്ത് പ്രദേശത്ത് ഏകദേശം 2000 പാചകവാതക ഉപഭോക്തക്കളുണ്ട്. ഇവയിൽ ഭൂരിഭാഗവും ഹൗസിംഗ് കോളനികളിൽ താമസിക്കുന്നവരാണ്. ഇതിൽ മിക്കവാറും ഉപഭോക്താക്കൾ പഞ്ചായത്തിലെ ഏക പാചകവാതക ഗ്യാസ് വിതരണ ഏജൻസിയെ ആശ്രയിക്കുന്നു. ഇതുമൂലം വാതക സിലിണ്ടർ ലഭ്യതയിൽ കാലതാമസം നേരിടുന്നു.

വിരലിൽ ഏണ്ണാവുന്ന വിറകുകടകൾ പോലും അന്യ പഞ്ചായത്തുകളിൽ നിന്ന് വിറകിനെ ആശ്രയിച്ചു കഴിയുന്നു. അമിതമായ വിലയും വിറക് സ്ഥലത്ത് എത്തിക്കാനുള്ള കൂലി വർദ്ധനയും കാരണം പല ഗാർഹിക ഉപഭോക്താക്കളും ഈ മേഖലയിൽ നിന്ന് മാറിക്കൊണ്ടിരിക്കന്നു. തെങ്ങുല്പന്നങ്ങൾ വ്യപകമായി ഗാർഹികാവശ്യത്തിനായി ഉപയോഗിക്കുന്നത് കാണാൻ കഴിയും.

പാചകാവശ്യത്തിനായി സമൂഹത്തിലെ പാവപ്പെട്ടവരും സാധാരണക്കാരും ഒരു പരിധിവരെ റേഷൻകടകളിൽ നിന്നുള്ള മണ്ണെണ്ണ വിതരണത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഇതിലുള്ള വിതരണം ഒട്ടുംതന്നെ തൃപ്തികരമല്ല.

പരിഹാരമാർഗ്ഗങ്ങൾ

ഈ പ്രദേശത്തുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായിപുതിയ ട്രാൻസ്ഫോർമറുകൾ അത്യാവശ്യമായി സ്ഥാപിക്കേണ്ടതുണ്ട്. ഈ ട്രാൻസ്ഫോമറുകൾ പഞ്ചായത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ ആയാൽ കുടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടും. ഇതിലേക്കുള്ള സ്ഥലം സൗജന്യമായി വിട്ടുതരാൻ പലസ്ഥങ്ങളിലെ ജനങ്ങളും, അസ്സോസിയേഷനുകളും മുന്നോട്ടു വന്നിട്ടുള്ളത് ഫലപ്രദമായി ഉപയോഗപ്പെടുത്തണം തെരുവുവിളക്കുകൾ കത്തുന്നുണ്ടോ,

റപ്പയർ ആവശ്യമാണോ എന്നിവ കണ്ടുപിടിക്കുന്നതിന് KSEB ഫലപ്രദമായ സംവിധാനം ഉണ്ടാക്കണം പുതിയ തെരുവുവിളക്കുകൾ അത്യാവശ്യമായി സ്ഥാപിക്കേണ്ടിയിരിക്കുന്നു.

പാചകവാതകവിതരണത്തിന് പഞ്ചായത്തിൽ നേമം ആസ്ഥാനമാക്കി പുതിയ ഒരു വിതരണ ഏജൻസി അത്യാവശ്യമാണ്.

കരമനയാറ്റിന്റെ വശത്തുള്ള ബണ്ടിൽ മരങ്ങൾ വച്ചുപിടിപ്പിച്ചാൽ വിറകിന്റെ ആവശ്യവും മണ്ണൊലിപ്പും ഫലപ്രദമായി തടയാൻ കഴിയും.

പട്ടികജാതി കോളനികളിൽ സൗജന്യ വൈദ്യുതിവിതരണത്തിനുള്ള ലൈനുകൾ അടിയന്തിരമായി നടപ്പിലാക്കുന്നത് നന്നായിരിക്കും.

പാരമ്പര്യേതര ഊർജ്ജ ഉപയോഗത്തിനായി പഞ്ചായത്തുകൾ വഴി ഗോബർ ഗ്യാസ് പ്ലാന്റിനുള്ള സാധനങ്ങളും പുകയില്ലാത്ത അടുപ്പുകളും സബ്സിഡി ഇനത്തിൽ നൽകുകയാണെങ്കിൽ ഫലപ്രദമായിരിക്കും ഈ മേഖലയിലേക്ക് ജനങ്ങളുടെ ശ്രദ്ധയാകർഷിക്കാൻ പഞ്ചായത്തുവഴി വൻതോതിലുള്ള പ്രചരണം അത്യന്താപേക്ഷിതമാണ്. സൗരോർജ്ജം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ പഞ്ചായത്ത് നടപടിയെടുക്കണം പാപ്പനംകോട് കേന്ദ്രീകരിച്ച്, ഒരു സാറ്റ ലൈസ്ഡ് സ്റ്റേഷൻ സ്ഥാപിക്കണം

ഇലക്ട്രിക് ലൈനിൽ തട്ടിനിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റി, അതുവഴിയുള്ള ഊർജ്ജനഷ്ടം ഒഴിവാക്കുന്നതിനും പഞ്ചായത്ത് നേതൃത്വം നൽകണം.

വൈദ്യുതി ചെലവുകുറഞ്ഞ ട്യൂബ് ലൈറ്റുകളും CF ലൈറ്റുകളും പ്രചരിപ്പിക്കണം. ഇതിന് താല്പര്യമുള്ള ആളുകൾക്ക് പഞ്ചായത്ത് സഹായധനം നൽകുന്നത് പ്രോത്സാഹജനകമായിരിക്കും.

ഊർജ്ജം കൂടുതൽ ചെലവാകുന്ന വൈകുന്നേരം 6.30 മുതൽ 9.30 വരെയുള്ള സമയത്ത് വൈദ്യുതി ഉപയോഗം കുറയ്ക്കുവാൻ ജനങ്ങളെ ബോധവത്കരിക്കണം.

നേമം ഗ്രാമ പഞ്ചായത്ത്
വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ
(പൂജപ്പുര സെക്ഷനിൽ നിന്ന് ലഭിച്ചത്)

1. നിലവിലുള്ള ഉപഭോക്താക്കൾ

a)	ഗാർഹികം	4370
b)	വ്യാപാരം	570
c)	വ്യാവസായികം	129
d)	കാർഷികം	42
e)	Dewatering	4

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

a)	Ordinary	60		
b)	OTP	2		
c)	OYEC	28	Normal OH	30.9.92
			Normal W/p.	30.9.94
			OYEC . OH	27.6.96
			OYEC.W/P	22.10.96

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

a)	ബൾബ്	301
b)	ട്യൂബ്	285
C)	മെർക്കുറി വേപ്പർ	9

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ:- ഇല്ല

5. തൻ വർഷത്തെ കണക്ഷൻ

From 3/96 to 14.11.96	ഓർഡിനറി	16 Nos
	OTP	6 Nos
	OYEC	113Nos

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ.

1. Vinayaka Nagar
2. Neeramankara
3. Sankar Nagar
4. K.S.R.T.C
5. Canteen (KSRTC)
6. Morden Workshop
7. Naripil
8. Azhamkal
9. Edagramam
10. Madhu Bridge No.I & II
11. Anagam
12. Melamcode
13. Manglikari
14. Inchipulluvila
15. C.G.S Nagar
16. B & C
17. CSIR
18. Estate
19. Auto Friction
20. kaveri
21. G.K Rubber
22. Kelpunch
23. Sathyan Nagar

നേമം ഗ്രാമ പഞ്ചായത്ത്

തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

(പൂജപ്പുര സെക്ഷൻ)

വാർഡ്		വിളക്കുകളുടെ എണ്ണം			ആകെ
		ഫ്ലൂ.റ്റുബ്	ബൾബ്	മറ്റുള്ളവ	
1	2	3	4	5	6
5	കരുമം		42	36	78
6	ഇടഗ്രാമം		50	32	82
7	നീരമൺകര കോളേജ്	1	28	28	52
8	കൈമനം	1	35	40	76
9	ഗാരേജ്	3	40	60	103
10	പാപ്പനംകോട്	3	43	61	107
13	എസ്റ്റേറ്റ്	1	48	20	69
14	പൂഴിക്കുന്നു		15	8	23
ആകെ		9	301	285	595

1 ആകെ വൈദ്യുത ലൈനിന്റെ നീളം 11 KV Line - 29.5 Km

LT Line - 145.656 Km

നേമം ഗ്രാമ പഞ്ചായത്ത്

വൈദ്യുതിസംബന്ധിച്ച വിവരങ്ങൾ

(നേമം സെക്ഷനിൽ നിന്ന് ലഭിച്ചത്)

1. നിലവിലുള്ള ഉപഭോക്താക്കൾ:

a)	ഗാർഹികം	3580
b)	വ്യാപാരം	645
c)	വ്യവസായികം	62
d)	കാർഷികം	88

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ ഏണ്ണം

അവസാനം നൽകിയന്ന കണക്ഷന്റെ അപേക്ഷാ തീയതി 15 11 96

a)	ഗാർഹികം	3580
a)	Ordinary	305
b)	OTP	21
c)	OYEC	13

3. സ്ട്രീറ്റ് ലൈറ്റുകളുടെ ഏണ്ണം

a)	ബൾബ	344
b)	ട്യൂബ്	171
c)	മെർക്കുറി വേപ്പർ	11

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ:

ഓർഡിനറി	6
OTP	13
OYEC	125

6 പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ.

1.	Estate	7.	Sivan coil	13.	Melam code
2.	Karaikkamandapam	8.	Seafood	14.	Mangara thoppu
3.	Poozhikunnu	9.	Ponnumangalam	15.	
4.	Studio No.I	10.	Kulakudiyoorkaram	16.	
5.	Studio No II	11.	Pappanam code	17.	
6.	Thrikkannapuram	12.	Naduvett	18.	

7. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക

Rs. 22,800/-

നേമം ഗ്രാമ പഞ്ചായത്ത്

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ്	ഹരിജൻ കോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ	സൗജന്യ സ്ലാബിൽ വൈദ്യു. ഉപ.എണ്ണം	പണം നൽകി വൈദ്യുതി കണ.ലഭിക്കുന്ന കൂടും എണ്ണം
1	2	3	4	5
2	പൊന്നുമംഗലം	15	6	9
12	കോലിയക്കോട്	28	11	17
	ആകെ	43	17	26

നേമം ഗ്രാമ പഞ്ചായത്ത്

തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

(നേമം സെക്ഷൻ)

വാർഡ്	വിളക്കകളുടെ എണ്ണം				ആകെ
	മെർക്കുറി വേപ്പർ	ഫ്ലൂ.റ്റുബ്	ബൾബ്	മറ്റുള്ളവ	
1	2	3	4	5	6
1	2	20	41	-	63
2	4	14	35	-	53
3	-	35	61	-	96
4	1	22	47	-	70
11	2	27	51	-	80
12	1	13	32	-	46
14	-	28	45	-	73
15	1	12	32	-	45
ആകെ	11	171	344	-	526

1 ആകെ വൈദ്യുത ലൈനിന്റെ നീളം 11KV-12Km, LT - 51 Km

2 തേരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ Rs- 2,57940/-
95-96 വർഷം ചെലവഴിച്ച തുക.

3 വരുമാനത്തിന്റെ എത്ര ശതമാനം 9%

പാർപ്പിടം

നേമം പഞ്ചായത്തിൽ ഉദ്ദേശം പതിമൂവായിരത്തോളം കുടുംബങ്ങൾ ഉണ്ട്. ഇതിൽ പട്ടികജാതി വിഭാഗത്തിൽ 362 കുടുംബങ്ങളും, ദാരിദ്ര രേഖയുടെ താഴെ 5000 ത്തോളം കുടുംബങ്ങളും പെടുന്നു.

പഞ്ചായത്തിലെ ആകെ കെട്ടിടങ്ങളുടെ എണ്ണം 12262 ആണ്. ഇതിൽ 3587 കോൺക്രീറ്റ് കെട്ടിടങ്ങളും, 4399 ഓടിട്ട കെട്ടിടങ്ങളും, 3559 ഓലമേഞ്ഞ കെട്ടിടങ്ങളും, മറ്റു വിഭാഗങ്ങളിൽ 717 കെട്ടിടങ്ങളും ഉണ്ട്. നഗരത്തിന്റെ പ്രാന്തപ്രദേശമായതിനാൽ പുതുതായി ധാരാളം ആളുകൾ ഇവിടേക്ക് കുടിയേറുന്നു. അതിന്റെ ഫലമായി ധാരാളം കെട്ടിടങ്ങൾ നിർമ്മിക്കപ്പെടുന്നു. പൊതുവേ ചെലവ് കൂടിയ കോൺക്രീറ്റ് മന്ദിരങ്ങളാണ് ഇവർ നിർമ്മിക്കുന്നത്. ധാരാളം ഹൗസിംഗ് കോളനികളും സ്ഥലമെടുത്ത് കെട്ടിടനിർമ്മാണം തുടങ്ങിയിട്ടുണ്ട്. വയലുകൾ നികത്തി കെട്ടിടം പണിയുന്നത് ഒരു പരിസ്ഥിതി പ്രശ്നമായി മാറിയിട്ടുണ്ട്.

കനാൽ ബണ്ടിന്റെയും തോടിന്റെ പുറമ്പോക്കിലും താമസിക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ട 200 ഓളം കുടുംബങ്ങൾ ഉണ്ട്. ഇതിനു പുറമേ വാടകയ്ക്ക താമസിക്കുന്ന കൂലിപ്പണിക്കാർക്കും ഇടത്തരക്കാർക്കും പാർപ്പിടം ഒരു വിദൂരസ്വപ്നം മാത്രമാണ്. അതുപോലെ ദുർബലവിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന 7 ഹരിജൻ കോളനികളും 7 ലക്ഷം വീട് കോളനികളും ഈ പഞ്ചായത്തിലുണ്ട്. ഇവിടെ വൈദ്യുതി, വെള്ളം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഇവ വളരെ കുറവാണ്. ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ രീതികൾ പ്രേരിപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികൾ, ഹോളോ ബ്രിക്സ്, കോൺക്രീറ്റ് കട്ടിളകൾ എന്നിവയുടെ ഉത്പാദനം നടത്തുന്ന പഞ്ചായത്തിലെ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവ പ്രചരിപ്പിക്കുവാൻ നടപടി സ്വീകരിക്കുകയും വേണം. മതിലുകൾക്ക് പകരം ജൈവ വേലികൾ പ്രചരിപ്പിക്കണം.

പുറംമ്പോക്കിൽ താമസിക്കുന്ന ദുർബല വിഭാഗങ്ങളുടെയും ദരിദ്ര വിഭാഗങ്ങളുടെയും പുനരധിവാസത്തിന് പഞ്ചായത്ത് പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു. ഇതിനായി പഞ്ചായത്തിന് തനതായ ഒരു പദ്ധതി ഉണ്ടാകണം. പഞ്ചായത്തിൽ ഇതിനായി സ്ഥലം കണ്ടെത്തണം. പഞ്ചായത്തിലെ പുറമ്പോക്കുകൾ ഇതിനായി നീക്കിയവച്ചാൽ ഇത് പരിഹരിക്കാവുന്നതാണ്. അൺടൈഡ് ഫണ്ട്, JRY ഫണ്ട്, സാമൂഹ്യക്ഷേമവകുപ്പിന്റെ

ഫണ്ട് ഇവ ഉപയോഗപ്പെടുത്തണം. വീട് നിർമ്മിക്കുന്നതിൽ സ്ഥലപരിമിതി കണക്കിലെടുത്ത് ഫ്ലാറ്റു സിസ്റ്റത്തിൽ നിർമ്മിച്ചാൽ ചെലവ് വളരെ കുറയ്ക്കാൻ കഴിയും. ഈ ഇനത്തിൽ ചെലവായ തുക വാടകയിനത്തിൽ ക്രയശേഷി അനുസരിച്ച് പഞ്ചായത്തിന് ഒരു നിശ്ചിത കാലയളവ് തീരുമാനിച്ച് ഈടാക്കാവുന്നതാണ്. ചെലവിനത്തിൽ പിരിക്കുന്ന തുകയുടെ കാലയളവ് അവസാനിക്കുന്നതു വരെ കെമാറ്റം ചെയ്യാതിരിക്കാനുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിട നിർമ്മിതി തൊഴിലാളികൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവർ മറ്റു പ്രദേശങ്ങളിൽ പോയി പണിയെടുക്കുന്നതിനാൽ അവരുടെ ദൗർലഭ്യം നേരിടുന്നു.

തൊഴിലാളികളുടെ നിലവിലുള്ള കൂലിനിരക്ക്

	1986	1996
മരപ്പണി -	50 രൂപ	- 140 രൂപ
കൽപ്പണി -	45 രൂപ	- 125 രൂപ
കയ്യാൾ- പുരുഷൻ -	35 രൂപ	- 100 രൂപ
" സ്ത്രീ -	35 രൂപ	- 100 രൂപ

ഗ്രാമസഭയിൽ വന്ന നിർദ്ദേശങ്ങൾ

1. ഭവന നിർമ്മിതി സഹകരണ സംഘങ്ങൾ കൂടുതലായി ആരംഭിക്കണം
2. വയോജന ക്ഷേമ മന്ദിരങ്ങൾ നിർമ്മിക്കണം.
3. മിച്ചഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് ദരിദ്രവിഭാഗത്തെ പുനരധിവസിപ്പിക്കണം.
4. ഓലമേയാൻ സാമ്പത്തിക സ്ഥിതിയില്ലാത്തവർക്ക് ധനസഹായംനൽകുക.
5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾ താമസിക്കുന്ന കോളനികളിൽ പൊതുകക്കൂസുകൾ നിർമ്മിച്ചുനൽകുക.
6. കെട്ടിട നിർമ്മിതിത്തൊഴിലാളി സഹകരണസംഘം രൂപീകരിക്കുക.
7. കെട്ടിട നിർമ്മിതി നിയമങ്ങൾ സുതാര്യമാക്കുക. അപേക്ഷകളിൽ വേഗം തീരുമാനം എടുക്കുക.
8. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി പട്ടിഗക വർഗ്ഗ വിഭാഗക്കാർക്ക് വീട് വയ്ക്കാനുള്ള സഹായം നൽകുക.
9. പൊതു ശ്മശാനം സ്ഥാപിക്കുക.

സാമൂഹ്യക്ഷേമം

സമൂഹത്തിലെ അവശത അനുഭവിക്കുന്ന വികലാംഗർ, മന്ദബുദ്ധികൾ, സ്ത്രീകൾ, വൃദ്ധ ജനങ്ങൾ, ജയിൽ വിമുക്തർ, മിശ്രവിവാഹിതർ, എന്നിവരുടെ ഉന്നമനത്തെ ലക്ഷ്യമാക്കി അവ രുടെ സംരക്ഷണത്തിനും തൊഴിൽ സാധ്യത വർ ദ്ധിപ്പിക്കുന്നതിനുമായി വിവിധ പരിപാടികൾ ആവിഷ്ക്കരിച്ച് സാമൂഹ്യക്ഷേമവകുപ്പ് 1975 മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

1984 -ൽ നേമം ബ്ലോക്കിൽ സംയോജി തശിശുക്ഷേമപദ്ധതി ആരംഭിച്ചതിന്റെ ഭാഗമായി നേമം ഗ്രാമ പഞ്ചായത്തിൽ 15 അംഗൻവാടികൾ അനുവദിക്കുകയും പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. പ്രസ്തുത അംഗൻവാടികളിലായി 500 രൂപ ഹോണറേറിയം വാങ്ങുന്ന 15 അംഗൻവാടി വർക്കർമാരും 300 രൂപ ഹോണറേറിയം വാങ്ങുന്ന 15 ഹെൽപർമാരും പ്രവർത്തിക്കുന്നു.

നേമം ഗ്രാമപഞ്ചായത്തിലെ അംഗൻവാടി കളുടെ സർവേയിൽ 43,100 ജനസംഖ്യയെ യാണ് 15 അംഗൻവാടികൾ പ്രതിനിധീകരിക്കു ന്നത്. അതിൽ 21,295 പുരുഷൻമാരും 21,805 സ്ത്രീകളും ഉൾപ്പെടുന്നു. 4,226 പട്ടികജാതി ക്കാരും ഉൾപ്പെടുന്നു. ഒരു വയസ്സിൽ താഴെ പ്രായം വരുന്ന 398 കുട്ടികളും 1 മുതൽ 2 വരെ വയസ്സ് പ്രായമുള്ള 527 കുട്ടികളും 2 മുതൽ 3 വരെ വയസ്സ് പ്രായമുള്ള 629 കുട്ടികളും 3 മുതൽ 5 വരെ വയസ്സ് പ്രായമുള്ള 1572 കുട്ടി കളും ഉണ്ട്. പഞ്ചായത്തിൽ ആകെ 183 ഗർഭി ണികളും 173 പാലൂട്ടുന്ന അമ്മമാരും നിലവിൽ ഗുണഭോക്താക്കളായിട്ടുണ്ട്.

സാമൂഹ്യക്ഷേമവകുപ്പിലൂടെ നേമം ഗ്രാമ പഞ്ചായത്തിൽ 15 അംഗൻവാടികളിൽ വനിതാ ശിശുക്ഷേമപ്രവർത്തനം 13 വാർഡുകളിലായി നടത്തിവരുന്നു. ജനസംഖ്യാനുപാതത്തിൽ അംഗ ൻവാടി പ്രവർത്തനം നടക്കുന്നില്ല.

5 വയസ്സിനു താഴെയുള്ള 675 കുട്ടി കൾക്കും 75 ഗർഭിണികൾക്കും 82 മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരവിതരണം നടത്തു ന്നുണ്ട്. ഒരു വയസ്സിന് താഴെ 3126 കുട്ടികൾ ഗ്രാമപ്രദേശത്ത് ഉണ്ടെങ്കിലും 675 പേർക്ക് മാത്രമേ പോഷകാഹാരം അംഗൻവാടികളിലൂടെ ലഭ്യമാകുന്നുള്ളൂ. 21,805സ്ത്രീകളുടെ ക്ഷേമ പ്രവർത്തനത്തിനുവേണ്ടി 15 അംഗൻവാടികളി ലൂടെ മഹിളാസമാജപ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നു. 2 അംഗൻവാടികളിൽ മാത്രമേ സ്ത്രീകൾക്കു വേണ്ടിയുള്ള തൊഴിൽ പരിശീലനത്തിനുള്ള ശ്രമം ആരംഭിച്ചിട്ടുള്ളൂ.

അംഗൻവാടികളിലൂടെ മഹിളാസമാജ പ്രവർത്തനം ആരംഭിച്ചതു വഴി അംഗൻവാടി പ്രവർത്തനങ്ങൾക്കും സ്ത്രീകളുടെ ഉന്നമന ത്തിനും മാറ്റം വന്നിട്ടുണ്ട്. കെട്ടിടമുള്ള അംഗൻ വാടികളുടെ വനിതാ ശിശുക്ഷേമപ്രവർത്തനം മെച്ചപ്പെട്ടതായി കാണുന്നു. പട്ടികജാതി പട്ടിക വർഗ്ഗ സ്ത്രീകൾ ഉൾപ്പെടെ 20 സ്ത്രീകൾ പ്രസ്തുത രണ്ട് അംഗൻവാടികൾ വഴി 1995-ൽ തയ്യൽ പരിശീലനം നേടി കഴിഞ്ഞു.

വികലാംഗരായി 316 പേർ ഗ്രാമ പഞ്ചാ യത്ത് പ്രദേശത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. മന്ദബുദ്ധികൾക്കായി സാമൂഹ്യക്ഷേ വകുപ്പിലെ ധനസഹായത്തോടു കൂടി ഒരു കേന്ദ്രം പ്രവർ ത്തിക്കുന്നുണ്ട്. വികലാംഗർ, അഗതികൾ, സ്ത്രീ

കൾ, വൃദ്ധജനങ്ങൾ, ജയിൽ വിമുക്തർ, മിശ്രവിവാഹിതർ എന്നിവർക്കു വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ പഞ്ചായത്ത് ഏരിയായിൽ കേന്ദ്രീകരിച്ചിട്ടില്ല.

സമൂഹത്തിലെ അവശത അനുഭവിക്കുന്ന വിഭാഗക്കാർക്ക് താങ്ങും തണലും ആത്മവിശ്വാസവും നൽകുന്നതിനു വേണ്ടി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലേയ്ക്കും വ്യാപിപ്പിക്കണം. അംഗൻവാടികൾ ഇല്ലാത്ത 2 വാർഡുകളിൽ അംഗൻവാടി പുതുതായി ആരംഭിക്കണം. അംഗൻവാടികളിലൂടെയും സ്പോർട്സ് ക്ലബ്ബ്, ആർട്സ് ക്ലബ്ബ്, ലൈബ്രറി എന്നീ സന്നദ്ധ മേഖലകളിലൂടേയും മഹിളാ സമാജപ്രവർത്തനം രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം. മിക്കവാറും വാർഡുകളിൽ സ്ത്രീകൾക്കനുഭവപ്പെടുന്ന സ്ത്രീ പീഢനങ്ങൾ, മദ്യപാനശല്യം, സാമൂഹ്യ വിരുദ്ധശല്യം ഇവ ഒഴിവാക്കുന്നതിന് വനിതാക്ഷേമകേന്ദ്രങ്ങളിലൂടെ ബോധവത്ക്കരണം നടത്തണം.

എല്ലാ അംഗൻവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലവും കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ടും, അതിനോടനുബന്ധിച്ച് മഹിളാസമാജപ്രവർത്തനത്തിനു ഹാൾ, കക്കൂസ്, ചുറ്റുമതിൽ, കുട്ടികൾക്കു കളിക്കുന്നതിനുള്ള സ്ഥലം, കളികോപ്പുകൾ, കുട്ടികൾക്ക് പഠിക്കുന്നതിന് പഠനോപകരണങ്ങൾ, ഫർണിച്ചർ എന്നിവ ഉണ്ടായാൽ വനിതാ ശിശുക്ഷേമ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കും.

മഹിളാ സമാജങ്ങളിൽ സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനവും തൊഴിൽ ഉത്പാദനവും വിപണനവുമായുള്ള കേന്ദ്രങ്ങൾ ആരംഭിക്കുകയും പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തനം ഏകോപിപ്പിച്ച് നടത്തിയാൽ സ്ത്രീകളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. മഹിളാസമാജം വഴി കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് (11 വയസ്സ് മുതൽ 18 വരെ) ആരോഗ്യ കുടുംബ പരിശീലനവും നേതൃത്വ പരിശീലനവും നൽകുന്നപക്ഷം സ്ത്രീകൾക്ക് സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിക്കും.

ഓരോ മഹിളാസമാജത്തിനും നേതൃത്വം നൽകുന്ന സാമൂഹ്യ പ്രവർത്തകരായ സ്ത്രീകൾക്ക് 50/- രൂപ തോതിലെങ്കിലും പഞ്ചായത്ത് മുഖേന വേതനം നൽകിയാൽ മഹിളാസമാജ പ്രവർത്തനം ഊർജ്ജിതമാക്കാം.

കൂലിപ്പണിക്കാരും തൊഴിലാളികളുമായ സ്ത്രീകളുടെ 3 വയസ്സിന് താഴെയുള്ള കുട്ടികളെ സംരക്ഷിക്കുന്നതിന് പഞ്ചായത്ത് പ്രദേശങ്ങളിൽ ക്രഷുകൾ നിലവിലില്ല. എല്ലാ അംഗൻവാടികളിലും മഹിളാസമാജത്തിലെ സന്നദ്ധസേവകരുടെ സേവനം പ്രയോജനപ്പെടുത്തി ക്രഷ് രൂപീകരിക്കുകയാണെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സാധിക്കും.

പോഷകാഹാരക്കെടുതി അനുഭവിക്കുന്ന ഗർഭിണികൾ, പാലൂട്ടുന്ന അമ്മ, 5 വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്കെല്ലാം അംഗൻവാടി വഴി പോഷകാഹാരം എത്തിക്കുന്നതിന് സാധിക്കുന്നില്ല. ആയത് ഗുണഭോക്താക്കൾക്ക് വന്നെത്താൻ കഴിയുന്ന പ്രദേശങ്ങൾ തിരഞ്ഞെടുത്ത് പോഷകാഹാരം നൽകുന്നതിനായി മിനി അംഗൻവാടി പ്രവർത്തനം ആരംഭിക്കുകയാണെങ്കിൽ പ്രസ്തുതപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും.

സംസ്കാരം-കായികസംസ്കാരം

ഭാഷാടിസ്ഥാനത്തിൽ നാട്ടുരാജ്യങ്ങൾ പുന: സംഘടിപ്പിക്കപ്പെട്ടതോടെ 1956 നവം. 1ന് കേരള സംസ്ഥാനം രൂപം കൊണ്ടു. ഭരണ രംഗത്ത് വിപ്ലവകരമായമാറ്റങ്ങൾക്ക് നാന്ദികു റിച്ചുകൊണ്ടുള്ള നടപടികൾ, ജനാധിപത്യ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികൾ, പരീക്ഷണങ്ങൾ എന്നിവയെല്ലാം അനുസ്യൂതം തുടർന്നുവന്നു. അധികാരവികേന്ദ്രീകരണ പ്രക്രിയയുടെ തുടർച്ചയായ പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വരുകയും ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്ക് അനുസ്യൂതമായി പ്രാദേശിക സാധ്യതകളെ മുൻനിർത്തി ജനപ ങ്കാളിത്തത്തോടെയുള്ള വികസനപ്രക്രിയ യ്ക്ക് തുടക്കം കുറിക്കുന്നതിനും കഴിഞ്ഞിരി ക്കുന്നു.

ഉന്നതമായ ആത്മാവിഷ്കാരത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകവഴി സാംസ്കാരികരംഗത്ത് ഒരു നവോത്ഥാനം ഉള വാക്കുക എന്നതാണ് നമ്മുടെ സാംസ്കാരിക നയത്തിന്റെ ആത്യന്തിക ലക്ഷ്യം. വിഭാഗീയ മായ പരിഗണനകളോ വേർതിരിവുകളോ സാംസ്കാരികരംഗത്തെ വികലമാക്കിക്കൂടാ.

അഭിലഷണീയമായ സാംസ്കാരികമൂ ല്യങ്ങൾക്ക് പ്രോത്സാഹനവും സംരക്ഷണവും നൽകുകവഴി അനഭിലഷണീയപ്രവണതകളെ തിരസ്കരിക്കാനുള്ള ചുറ്റുപാടുകൾ ഉണ്ടാകു വാൻ കഴിയണം. കലയുടേയോ അഭിരുചി യുടേയോ കാര്യത്തിൽ പ്രത്യയശാസ്ത്രപ രമോ രാഷ്ട്രീയമോ ആയ ഒരു പരിഗണ നയ്ക്കും സ്ഥാനമില്ല. ഒരു പ്രദേശത്തിന്റെ അടിസ്ഥാനപരമായ വൈവിധ്യവും മതനിരപേ ക്ഷതയും ഉറപ്പുവരുത്താൻ സാംസ്കാരികരം ഗത്തെ പ്രവർത്തനങ്ങൾ ശക്തിപകരും. സാം സ്കാരികമായ ഉണർവിനും ഉൽസാഹത്തിനും ഉതകുന്ന പ്രവർത്തനങ്ങൾ ജനപങ്കാളിത്ത ത്തോടെ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കാ നുള്ള ചുമതല പഞ്ചായത്തുരാജ് നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

സംസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല, മനുഷ്യരുടെ മാനസികസം സ്കാരവും ഭൗതികസംസ്കാരവും വിശ്വാസ ങ്ങളും മൂല്യബോധവും ആചാരാനാചാര ങ്ങളും എല്ലാം ഉൾപ്പെട്ടതാണ്. സമൂഹത്തെ. കർമ്മോന്മുഖമാക്കി നിർത്തുന്നത് സംസ്കാര ത്തിന്റെ കണ്ണികളാണ്.

നൂറ്റാണ്ടുകളായി സാമൂഹ്യവും സാമ്പ ത്തികവും സാംസ്കാരികവുമായ വിവിധ സ്വാ ധീനശക്തികളുടെ സമ്മർദ്ദത്താൽ രൂപപ്പെട്ടു വളർന്നുവന്ന ഒരു തനിമയാണ് കേരള സമൂ ഹത്തിനുള്ളത്. ഔപചാരികവും അനൗപചാ രികവുമായ വിദ്യാഭ്യാസപ്രവർത്തനങ്ങൾ, സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ആചാരാനുഷ്ഠാ നങ്ങൾ, ഗ്രന്ഥശാലകൾ, സാഹിത്യകലാപ്രവ ർത്തനസംഘടനകൾ, കലാസമതികൾ തുട ങ്ങിയവയിലൂടെ വളർന്നുവികസിച്ച സാംസ് കാരിക അടിത്തറയിലാണ് നമ്മുടെ ഗ്രാമങ്ങ ളിലെ വികസനപ്രക്രിയയക്ക് പുതിയ തുടക്കം കുറിക്കുന്നത്.

അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് നേമം ഗ്രാമപഞ്ചായത്ത്. നഗരത്തിന്റെ സാമീപ്യം ഈ ഭൂവിഭാഗത്തെ നഗരവത്കരിക്കുന്നതിന്റെ ആക്കം കൂട്ടുന്നു. ഇവിടെ അധിവസിക്കുന്നവരിൽ പ്രധാന മായും ഹിന്ദുക്കൾ, മുസ്ലീങ്ങൾ, ക്രിസ്തൃൻ മതവിഭാഗങ്ങളിൽ പ്പെട്ടവരാണ്. യഥാക്രമം ഈ വിഭാഗത്തിൽപ്പെട്ടവരാണ്. കേരളീയ ജാതി സമൂഹത്തിന്റെ ഒരു ചെറിയ പതിപ്പ് ഈ ഗ്രാമത്തിലുമുണ്ട്. പ്രധാനമായും നായർ, മുസ്ലീം, ക്രിസ്തൃൻ , നാടാർ, ഈഴവ, ആശാ രി, അരയ, തണ്ടാൻ, കണിയാൻ, പുലയ, പറ യ, കാക്കാല, ബ്രാഹ്മണർ, നമ്പൂതിരി, ചെട്ടി യാർ, തട്ടാൻ എന്നിങ്ങനെയാണ് ജാതിവ്യ വസ്ഥ.

പഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങളിൽ എടുത്തുപറയേണ്ടവ ചിറക്കര മഹാവിഷ്ണു ക്ഷേത്രം, നേമത്തുള്ള ഗണപതികോവിൽ, ശിവക്ഷേത്രം, വെള്ളായണി ജംഗ്ഷനിലും കാരയ്ക്കാമണ്ഡപത്തും പാപ്പനംകോട് ട്രാൻസ്പോർട്ട് സെൻട്രൽ വർക്സിനും സമീപത്തുള്ള മസ്ജിദുകൾ, കാരയ്ക്കാമണ്ഡപത്തുള്ള സെന്റ് ആന്റണീസ്, വെട്ടിക്കുഴിയിലുള്ള ആർ. സി., സി. എസ്.ഐ പള്ളികൾ, നടുവത്തുള്ള മാർത്തോമ്മ പള്ളി, കാരയ്ക്കാമണ്ഡപത്തുള്ള ലാറ്റിൻകത്തോലിക്കാ പള്ളി എന്നിവയാണ്. ഓരോ മതവിഭാഗവും ഈ ആരാധനാലയങ്ങളിൽ അതതു മതത്തെ അടിസ്ഥാനമാക്കിയുള്ള ഉത്സവാഘോഷങ്ങൾ നടത്തുന്നുണ്ട്. പഞ്ചായത്തിലെ കോലിയക്കോട്, നേമം, പാപ്പനംകോട്, പൊന്നുമംഗലം എന്നീ പ്രദേശങ്ങളിൽ വെള്ളായണിക്ഷേത്ര ഉത്സവത്തോടനുബന്ധിച്ച് മൂന്നു വർഷത്തിലൊരിക്കൽ ദിക്കുബലി മഹോത്സവം നടത്തുന്നുണ്ട്.

പാപ്പനംകോട് കേന്ദ്രമായി 1950 കാലഘട്ടത്തിൽ 'കൈരളീകലാമന്ദിരം' എന്ന സാംസ്കാരിക സംഘടന പ്രവർത്തിച്ചിരുന്നു. കലാമാധ്യമത്തിലൂടെ പുരോഗമനാശയങ്ങൾ ജനഹൃദയങ്ങളിൽ എത്തിക്കുന്നതിനും പുരോഗമനാശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പുരോഗമനപ്രസ്ഥാനങ്ങൾക്ക് ശക്തിപകരുന്നതിനും ഈ സാംസ്കാരിക സംഘടന യ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം കലാസാംസ്കാരിക രംഗത്ത് രൂപീകൃതമായ പാപ്പനംകോട് കേരളാ ആർട്സ് ക്ലബ് എന്ന സംഘടന കേരളസംഗീത നാടക അക്കാഡമിയുടെ അംഗീകാരത്തോടുകൂടി ഇന്നും പ്രവർത്തിച്ചുവരുന്നു.

കാക്കാരികളി (കാക്കാരശ്ശി), ചെണ്ടമേളം, പുലികളി തുടങ്ങിയവ ഈ പഞ്ചായത്തു പ്രദേശത്ത് നിലനിന്നിരുന്ന സവിശേഷ കലാരൂപങ്ങളാണ്.

മതസൗഹാർദ്ദം കാത്തുസൂക്ഷിക്കാൻ ഓരോ വിഭാഗത്തിലുള്ളവരും ബദ്ധശ്രദ്ധരാണ്. ഇതിനെതിരായ ഛിദ്രശക്തികളുടെ പ്രവർത്തനം തടയാൻ കക്ഷിരാഷ്ട്രീയ പരിഗണനകളില്ലാതെ യോജിച്ച് പ്രവർത്തിക്കുന്നവരാണ് ഇവിടുള്ളത് എന്നത് എടുത്തു പറയേണ്ടകാര്യമാണ്.

സാമ്പത്തിക അസന്തുലിതാവസ്ഥ ഏറെ കാണപ്പെടുന്നില്ല എന്നത് ശ്രദ്ധേയമാണ്. ഭൂപരിഷ്കരണ പ്രവർത്തനങ്ങൾ, ക്ഷേമപദ്ധതികൾ എന്നിവയുടെ പ്രയോജനം ഇതിനു കാരണങ്ങളായി ചൂണ്ടിക്കാണിക്കാം.

സംസ്ഥാനതലസ്ഥാനത്തോട് ഏറെ അടുത്തുകിടക്കുന്ന ഒരു പ്രദേശമാകയാൽ ഉദ്യോഗാർത്ഥമായും മറ്റും തിരുവനന്തപുരവുമായും ബന്ധപ്പെടുന്ന ഇതരപ്രദേശങ്ങളിലുള്ള നിരവധി പേർ ഈ പഞ്ചായത്തിൽ സ്ഥിരതാമസമാക്കിയിട്ടുണ്ട്. ജനസംഖ്യാ വർദ്ധനവിനും ജനസാന്ദ്രതയ്ക്കും ക്രയവിക്രയരംഗത്തും ഉപഭോക്തൃരംഗത്തുമുള്ള വികസനത്തിന് ഇത് കാരണമായിട്ടുണ്ട്. പഞ്ചായത്തിന് സാമ്പത്തികനേട്ടങ്ങൾ കൈവരിക്കുന്നതിനും സാമൂഹ്യ-സാംസ്കാരിക രംഗത്തും ഇതരമേഖലകളിലും ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും ഇത് സഹായിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലെ പൗരസമിതികൾ, റസിഡന്റ് അസോസിയേഷനുകൾ, കലാസംഘടനകൾ, മഹിളാ സംഘടനകൾ, യുവജന കലാ-കായിക സംഘടനകൾ, ഗ്രന്ഥശാലാ പ്രവർത്തകർ, സാക്ഷരതാ പ്രവർത്തകർ, ശാസ്ത്ര സാഹിത്യ-പരിഷത്ത് പ്രവർത്തകർ, ഒക്കെ പഞ്ചായത്തിലെ സാമൂഹിക-സാംസ്കാരിക രംഗത്തെ പരിപോഷിപ്പിക്കുന്നതിന് ഗണ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

വിദ്യാഭ്യാസമേഖലയെ പ്രത്യേകം കണക്കാക്കിയാൽ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായിത്തീരേണ്ടത് ഗ്രന്ഥശാലകളാണ്. കേരളത്തിന്റെ സാമൂഹിക വികസനത്തിലും സാംസ്കാരിക നവോത്ഥാനത്തിലും ഏറ്റവും വലിയ പങ്കുവഹിച്ച പ്രസ്ഥാനമാണ് ഗ്രന്ഥശാലാസംഘം. തിരുവിതാംകൂർ മഹാരാജാവ് 1829 ൽ സ്ഥാപിച്ച തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിയോടുകൂടി സ്ഥാപിച്ച കേരളത്തിലെ ഇന്നത്തെ ഗ്രന്ഥശാലാ പ്രസ്ഥാനം ഇന്ന് നാലായിരത്തിലധികം അംഗ ഗ്രന്ഥശാലകളുള്ള ഒരു ജനകീയ പ്രസ്ഥാനമായി വളർന്നുകഴിഞ്ഞു. നമ്മുടെ പഞ്ചായത്തിൽ ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും എണ്ണം ഏറെയുണ്ടെങ്കിലും അവയുടെ പ്രവർത്തനം ഫലപ്രദമല്ല. പല ഗ്രന്ഥശാലകളും പ്രവർത്തിക്കാതെയാ

യിട്ടുണ്ട്. ചിലവ ഭാഗികമായി മാത്രം പ്രവർത്തിക്കുന്നു. പഞ്ചായത്ത് നേരിട്ട് നടത്തുന്ന ഒരു ഗ്രന്ഥശാല കാരയ്ക്കാമണ്ഡപത്തിൽ ഉണ്ട്.

ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ അമിതമായ സ്വാധീനം, വായനശീലം ചെറുപ്രായത്തിൽ തന്നെ ഇളം തലമുറയിൽ വളർത്തുന്നതിൽ കാണിക്കുന്ന അലംഭാവം, വായിക്കുന്ന ശീലം മുതിർന്നവരിൽ നിന്നന്യമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലം തുടങ്ങിയവയൊക്കെ ഗ്രന്ഥശാലകളെ ജനങ്ങളിൽ നിന്നകറ്റാൻ കാരണമായിട്ടുണ്ട് .

വായനശീലം വളർത്താനുള്ള പ്രവർത്തന പരിപാടികൾ ഗ്രന്ഥശാലാസംഘവുമായും സന്നദ്ധ-സാംസ്കാരിക-കലാസംഘടനകളുമായും ചേർന്ന് നടത്തേണ്ടതാണ്.

ഹൈസ്ക്കൂൾ വാർഡിൽ കാരയ്ക്കാമണ്ഡപത്തിലുള്ള പഞ്ചായത്ത് ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. ഇതിന്റെ പ്രയോജനം ജനങ്ങളിൽ എത്തിക്കുന്നതിനുള്ള ജനകീയകമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇതിന് സമീപത്തുള്ള ഗവഃ ഹൈസ്ക്കൂൾ, എൽ. പി. സ്ക്കൂൾ, എം. എസ്. സി. എൽ. പി. എസ്., സെന്റ് ആന്റണീസ് എൽ. പി. എസ്., എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ വായനശീലം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തണം. നിശ്ചിത കാലയളവിൽ കൂടുതൽ പുസ്തകങ്ങൾ വായിച്ച് കുറിപ്പു തയ്യാറാക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകണം. വനിതാ വായന ക്ലബ് ഗ്രന്ഥശാലയോടനുബന്ധിച്ച് തുടങ്ങണം. നേമം, പൂഴിക്കുന്ന്, കോലിയക്കോട് ഓഫീസ്, പൊന്നുമംഗലം, മേലാംകോട് വാർഡുകളീൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തനക്ഷമമല്ലാത്ത ഇപ്പോഴുള്ള ഗ്രന്ഥശാലകൾ/ വായനശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഒരു കേന്ദ്രഗ്രന്ഥശാലയായി ഇത് ഉയരണം. പഞ്ചായത്തിന്റെ ഒരു വിവരവിനിമയ കേന്ദ്ര (information centre) മായി ഉയർത്തത്തക്കനിലയിൽ പ്രവർത്തനപരിപാടികൾ രൂപപ്പെടുത്തണം.

എസ്റ്റേറ്റ് വാർഡിൽ ഇപ്പോഴുള്ള വിശ്വപ്രഭാ ഗ്രന്ഥശാല ആന്റ് വായനശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇത് പഞ്ചായത്ത് ഏറ്റെടുക്കുകയും ജനകീയകമ്മിറ്റിയുടെ നിയന്ത്രണത്തിൽ ഫലപ്രദമായി നടത്താൻ ക്രമീകരണങ്ങൾ ചെയ്യുകയും വേണം. കെട്ടിടം പുനർനിർമ്മാണം നടത്തി കമ്മ്യൂണിറ്റി ഹാൾ, പഞ്ചായത്ത് സാംസ്കാരിക നിലയം എന്നിവയ്ക്ക് സൗകര്യമുണ്ടാക്കണം. ഗ്രന്ഥശാലയ്ക്ക് മുന്നിൽ ടാക്സി, മറ്റു വാഹനങ്ങൾ പാർക്കു ചെയ്യുന്നതു നിരോധിക്കണം. കോളേജ്. കൈമനം, ശ്യാരേജ്, പാപ്പനംകോട് എന്നീ വാർഡുകളിൽ പ്രവർത്തനക്ഷമമല്ലാത്ത ഇപ്പോഴുള്ള ഗ്രന്ഥശാലകൾ, വായനശാലകൾ കാര്യക്ഷമാക്കനുള്ള പ്രവർത്തനങ്ങൾ വിശ്വപ്രഭാ ഗ്രന്ഥശാല കേന്ദ്രമാക്കി ഏകോപിപ്പിക്കണം. ഇതും പഞ്ചായത്തിന്റെ ഒരു വിവര വിനിമയ കേന്ദ്രമായി പ്രഖ്യാപിക്കുകയും കാര്യക്ഷമമാക്കാനുള്ള പ്രവർത്തനം നടത്തുകയും വേണം.

കരുമത്തുള്ള യുവജനസംഘം ഗ്രന്ഥശാലയുടെ നേതൃത്വത്തിൽ മേലാംകോട്, ഇടഗ്രാമം, കോളേജ് വാർഡുകളിൽ ഗ്രന്ഥശാലയുടെ പ്രയോജനം ലഭിക്കത്തക്കവണ്ണം പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യണം. പഞ്ചായത്ത് മെമ്പറുടെ അദ്ധ്യക്ഷതയിൽ ജനകീയ കമ്മിറ്റികൾക്ക് രൂപം നൽകണം. സ്ഥല സൗകര്യവും, കെട്ടിടം നിർമ്മിക്കാനുള്ള സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി നേതൃത്വം നൽകണം. ഈ ഗ്രന്ഥശാലയും പഞ്ചായത്തിന്റെ വിവര വിനിമയ കേന്ദ്രമായി പ്രഖ്യാപിക്കുകയും കാര്യക്ഷമമാക്കാനുള്ള സംവിധാനം രൂപപ്പെടുത്തുകയും വേണം.

പഞ്ചായത്തിലെ ജനങ്ങളിൽ അറിവും വായനശീലവും നേടിക്കൊടുക്കുന്നതിനുള്ള പ്രവർത്തനപരിപാടികൾ ജനപങ്കാളിത്തത്തോടെ നടത്തേണ്ടതാണ്.

1. മഹിളാസംഘടനകളെ ഗന്ഥശാലാ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തണം

2. സ്ക്കൂൾ പി.റ്റി.എ.കൾ, മാതൃസംഗമങ്ങൾ എന്നിവയിലൂടെ വായിച്ചു വളരാനുള്ള ഉദ്ബോധനം സമയബന്ധിതമായി നടത്തണം.

3. ഗ്രന്ഥശാലകളും വാർഡുകളിൽ പ്രവർത്തിക്കുന്ന സാംസ്കാരിക പ്രസ്ഥാനങ്ങളും ഏകോപിപ്പിച്ച് കുട്ടികൾ, യുവജനങ്ങൾ, മഹിളകൾഎന്നിവർക്ക് നിർദ്ദിഷ്ട കാലയളവിൽ വായിച്ച പുസ്തകങ്ങളെയും എണ്ണത്തെയും വിലയിരുത്തി പ്രോൽസാഹനസമ്മാനം നല്കണം.

4. പഞ്ചായത്തുതലത്തിൽ ഈ തരത്തിൽ വർഷംതോറും വായന മത്സരം സംഘടിപ്പിക്കണം.

5. നല്ല പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള റീഡേഴ്സ് ഫോറങ്ങൾ ഗ്രന്ഥശാലയോടു ചേർന്നും വിദ്യാഭ്യാസസ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നതിന് നേതൃത്വം നൽകണം.

6. പഞ്ചായത്തിലെ സാംസ്കാരിക സമിതികളുടെ കൂട്ടായ പ്രവർത്തനത്തിൽ വർഷത്തിലൊരിക്കൽ പുസ്തക പ്രദർശനം നടത്തണം.

7. ടി. വി., കേബിൾ ടി. വി., പരിപാടികളുടെ സ്വാധീനംസാമൂഹിക-സാംസ്കാരിക അപജയത്തിന് കാരണമാകുന്ന സാഹചര്യം തുറന്നുകാണിക്കുന്ന പ്രചരണ, ബോധ വല്കരണ പ്രവർത്തനങ്ങൾ നടത്തണം.

8. കേരളാ സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ നേമം യൂണിറ്റിന്റെ സഹകരണത്തോടെ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾ കൂടാതെ മുതിർന്നവരിൽ വായനാശീലം തിരികെ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയവ ഈ രംഗത്ത് നടത്താൻ കഴിയുന്ന പ്രവർത്തന പരിപാടികളാണ്.

പഞ്ചായത്തിലെ സർവ്വതോമുഖമായ സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ഇവിടെ പ്രവർത്തിക്കുന്ന കലാ-കായിക-സാംസ്കാരിക സംഘടനകൾ, ശാസ്ത്ര സാഹിത്യ-പരിഷത്ത് യൂണിറ്റുകൾ, മഹിളാ സംഘടനകൾ, ഗ്രന്ഥശാലകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, പൗരസമിതികൾ, പെൻഷനേഴ്സ് യൂണിയൻ തുടങ്ങിയവയുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങളിലൂടെ ജനപങ്കാളിത്തത്തോടെ നടത്തേണ്ടതുണ്ട്.

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സിനിമാ പ്രദർശനശാലകളിൽ ലൈംഗിക സിനിമകളുടെ പ്രദർശനവും അവയുടെ പോസ്റ്ററുകളും നിരോധിക്കണം.

2. വ്യാജവാറ്റ്-വില്പന തടയുന്നതിനുള്ള പ്രവർത്തനങ്ങൾ മദ്യവർജ്ജന ബോധവല്കരണ കാംപെയിനുകൾ എന്നിവ നടത്തണം.

ഒരു വാർഡിൽ ഒന്നു വീതമോ അടുത്തുള്ള രണ്ട് വാർഡുകൾക്ക് ഒന്ന് എന്ന കണക്കിലോ കമ്മ്യൂണിറ്റിഹാളുകൾ/ഓപ്പൺ എയർ തിയേറ്ററുകൾ നിർമ്മിക്കാൻ പഞ്ചായത്തിന് കഴിയണം. തദ്ദേശിയരിൽ നിന്നുള്ള ധനസമാഹരണം, സന്നദ്ധസേവനം എന്നിവ സംയോജിപ്പിക്കാനായാൽ ഇത് നടപ്പാക്കാൻ കഴിയും. ഗ്രാമസഭകൾ ചേരുന്നതിന് വാർഡ് തലത്തിലുള്ള സാംസ്കാരിക പ്രവർത്തനങ്ങളുടെ വേദിയായും ഏറെ പ്രയോജനപ്പെടുത്താവുന്നതായിരിക്കും ഇത്. ഇവ പരിപാലിക്കുന്നതിനുള്ള ചുമതല ജനകീയകമ്മറ്റികൾക്ക് നല്കണം.

പഞ്ചായത്തിൽ നടക്കുന്ന വിവിധ കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവയുടെ ഒരു വാർഷിക കലണ്ടർ തയ്യാറാക്കാൻ കർമ്മസമതി (Task Force) ശ്രദ്ധിക്കണം.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാം തന്നെ പ്രാവർത്തികമാക്കുന്നതിനുള്ള ജനകീയ കമ്മറ്റികൾ രൂപപ്പെടുത്തേണ്ടതുണ്ട്. നാടിന്റെ സാംസ്കാരികമായ വളർച്ചക്ക് സഹായിക്കുന്ന ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സന്നദ്ധ സേവനത്തിലൂടെയും സാമ്പത്തികമായും ഉള്ള സർവ്വവിധ സഹകരണവും ഉണ്ടാകുമെന്നതിൽ രണ്ടു പക്ഷമില്ല.

ഗ്രന്ഥശാലകൾ സമ്പുഷ്ടമാക്കുന്നതിന് പുസ്തകശേഖരണ പ്രവർത്തനം സഹായിക്കും.

പത്രമാസികകൾ മാസ/വാർഷിക സംഖ്യ സംഭാവനയായി സ്വീകരിച്ച് വരുത്താൻ കഴിയും. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ വിധത്തിലുമുള്ള പ്രോൽസാഹനപരമായ നേതൃത്വം ഇവ ഫലപ്രദമായി നടത്തുന്നതിന് ഉറപ്പുവരുത്തണം.

കൂടുതൽ വേഗത്തിലേക്ക്

കൂടുതൽ ഉയരത്തിലേക്ക്

കൂടുതൽ ശക്തിയിലേക്ക്

വായിച്ച് വളരുകയും ചിന്തിച്ച് പ്രബുദ്ധരാവുകയും ചെയ്യുന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് കായിക പരിശീലനത്തിലൂടെയും പ്രവർത്തനത്തിലൂടെയും സമഗ്ര വികസനം ആർജ്ജിക്കുക എന്നത്. കായിക പരിശീലനം ജനങ്ങളുടെ ആരോഗ്യം നിലനിർത്താനും മെച്ചപ്പെടുത്താനും ഉതകുകയും അവരെ കായികശേഷിയും ചുറുചുറുക്കും ഉള്ളവരാക്കുകയും അവരുടെ ഒഴിവുസമയത്തെ സമ്പുഷ്ടമാക്കുകയും ചെയ്യുന്നു.

ഒരു സമൂഹത്തിൽ നടത്തുന്ന വിവിധ കായിക പ്രവർത്തനങ്ങളുടെ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തിയെടുക്കാൻ കഴിയുന്ന സ്വഭാവവിശേഷങ്ങളുടെ ആകെ തുകയെയാണ് കായിക സംസ്കാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. കായികസംസ്കാര വികസനത്തിന് ഒരു ബഹുജന പ്രസ്ഥാനം രൂപം കൊള്ളേണ്ടിയിരിക്കുന്നു. കേരളാ പഞ്ചായത്ത്രാജ് നിയമം 1994ൽ

i. സ്കൂളുകളിൽ കായിക-അധ്വാന സംസ്കാരം അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ii. സ്റ്റേഡിയവും കളിസ്ഥലങ്ങളും നിർമ്മിക്കുകയും പരിപാലിക്കുകയും കായിക വിനോദങ്ങളും കളികളും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

iii. പൊതുജനാരോഗ്യം സംരക്ഷിക്കാനും മെച്ചപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകളായി കൊടുത്തിട്ടുണ്ട്.

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാ-കായിക സംഘടനകൾ രജിസ്റ്റർ ചെയ്യണം.

2. ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു സ്പോർട്സ് കൗൺസിലിന് രൂപം നല്കണം

3. കായിക സംസ്കാരത്തിന്റെ മഹത്വത്തെ കുറിച്ചു ബോധവൽക്കരണം നടത്തണം വിവിധ റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂളുകൾ, സാംസ്കാരിക പ്രസ്ഥാനങ്ങൾ എന്നിവയുടെ സഹകരണത്തോടെനടത്തുന്ന ഒരു തുടർ പ്രവർത്തനം ആകണം ഇത് .

4. പഞ്ചായത്തിലുള്ളഎല്ലാ സ്കൂളുകളിലുംകായിക പ്രവർത്തനങ്ങൾ നിർബന്ധമാക്കാൻ നടപടിയുണ്ടാകണം.

സ്കൂൾ സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിക്കുക പി.റ്റി. ഏ. കൾ പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ എന്നിവയുടെ സഹായത്തോടെ ഈ രംഗത്തുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം. മാസ്ഡ്രിൽ, ലഘുകായിക വിനോദങ്ങൾ എന്നിവയിൽ എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും പങ്കെടുക്കണം. അധ്യാപകരും വിദ്യാർത്ഥികളോടൊപ്പം ഒരു നിശ്ചിത സമയം ഇതിൽ പങ്കെടുക്കേണ്ടതാണ്.

5. വിദ്യാലയങ്ങളിൽ ഇന്ന്ഉപയോഗശൂന്യമായികിടക്കുന്ന സ്ഥലങ്ങൾ ഇതിനായിനന്നാക്കിയെടുക്കണം. വിദ്യാർത്ഥികളുടെയും സമീപത്തെ സംഘടനകളുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തണം.

6. ഗ്രാമീണ കായിക വിനോദങ്ങളായിരുന്നവയും ക്രമേണ ക്ഷയിച്ചുപോയതുമായ നാടൻ കളികൾ പുനരുജ്ജീവിപ്പിക്കാനും യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് മത്സരം നടത്തുന്നതിനും പഞ്ചായത്ത്സ്പോർട്സ് കൗൺസിൽ നേതൃത്വം നൽകണം.

7. ഗ്രാമീണകായിക വിനോദങ്ങൾ സംബന്ധിച്ചവിവരങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്തണം.

8. പഞ്ചായത്ത് കലാ-കായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും മറ്റും ജനകീയ കമ്മറ്റികളെ ചുമതലപ്പെടുത്തണം.

9. പഞ്ചായത്തിന്റെ വകയായി വെട്ടിക്കുഴി (സത്യൻ നഗർ) യിലുള്ള കളിസ്ഥലം ഉപയോഗപ്രദമായി സംരക്ഷിക്കാൻ ജനകീയകമ്മറ്റിയെ ചുമതലപ്പെടുത്തണം. ജനപങ്കാളിത്തത്തോടെ ഉപയോഗയോഗ്യമാക്കുന്നതിന് കഴിയണം.

10. പഞ്ചായത്തിലുള്ള സ്കൂളുകൾ, കോളേജ്എന്നിവയോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങൾ/ഗ്രൗണ്ടുകൾ പഞ്ചായത്തിൽ ഈ രംഗത്ത് താത്പര്യമുള്ളവർക്ക് പരിശീലിക്കുന്നതിന് വേണ്ടി സൗകര്യപ്പെടുത്തണം.

11. കളിസ്ഥലങ്ങൾ ഇല്ലാത്തവാർഡുകളിൽ സ്ഥലം ലഭ്യമാണെങ്കിൽ പൊതുകളിസ്ഥലങ്ങൾ ജനപങ്കാളിത്തത്തോടെ നിർമ്മിക്കുകയും അവയെ സംരക്ഷിക്കാൻ ജനകീയ കമ്മറ്റികളെ ചുമതലപ്പെടുത്തുകയും വേണം.

12. സമൂഹത്തിൽ കുറേക്കൂടി ആത്മവിശ്വാസത്തോടെ സഞ്ചരിക്കാനും വിവിധ രംഗങ്ങളിൽ പ്രവർത്തിക്കാനും പ്രാപ്തരാക്കുന്നതിനായി പെൺകുട്ടികളേയും താത്പര്യമുള്ളസ്ത്രീകളേയും സൈക്കിൾ സവാരി പരിശീലിപ്പിക്കന്നതിന് മഹിളാ സമിതികളെ ചുമതലപ്പെടുത്തണം.

13. വനിതകളുടെ ആരോഗ്യ സംരക്ഷണത്തിന്ആവശ്യമായ കായികപ്രവർത്തനങ്ങൾ നടത്തുന്നതിന് വനിതാസമിതികൾ നേതൃത്വം നൽകണം.

14. വർഷം തോറും പഞ്ചായത്തു തലത്തിൽകായികമത്സരങ്ങൾ നടത്തുന്നുണ്ട് അതുപോലെ 4 വർഷത്തിലൊരിക്കൽ കുട്ടികൾക്കായി കുട്ടികളുടെ ഒളിമ്പിക്സ് സംഘടിപ്പിക്കണം.

15. കൂട്ടായ്മയുടെ സംസ്കാരം വളർത്താൻ സഹായിക്കുന്ന തരത്തിൽ പുതുവത്സര ദിനം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ദിനം, കേരളപ്പിറവി എന്നിവയോടനുബന്ധിച്ച് ഓട്ടമത്സരം, സൈക്കിൾ റൈസ് എന്നിവ നടത്തണം.

16. ഉപയോഗശൂന്യമായികിടക്കുന്ന നിരവധി കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവ നന്നാക്കി ജനപങ്കാളിത്തത്തോടെ ഉപയോഗയോഗ്യമാക്കാനും നീന്തൽ പരിശീലനം നല്കി കായികരംഗത്ത് ഒരു പുതിയ മേഖല നമ്മുടെ പഞ്ചായത്തിൽ രൂപപ്പെടുത്താനും കഴിയണം.

17. കായിക രംഗത്ത് പ്രാഗത്ഭ്യം പ്രകടിപ്പിക്കുന്ന ആളുകളെ ആദരിക്കുവാനും അംഗീകരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

വിനോദത്തോടൊപ്പം വികസനത്തെയും വിദ്യാഭ്യാസത്തെയും സമ്പന്നമാക്കുന്ന ഒരു നിക്ഷേപഘടകമാണ് കലാകായിക സംസ്കാരം. നിരവധി റസിഡൻസ് അസോസിയേഷനുകൾ, യുവജന കലാ-കായിക-സാംസ്കാരിക സംഘടനകൾ, ഗ്രന്ഥശാലകൾ, കേരളാ ശാസ്ത്ര സാഹിത്യ-പരിഷത്ത് യൂണിറ്റുകൾ, മഹിളാ സംഘടനകൾ, എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങൾ കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു പുത്തൻ ഉണർവ്വ് പ്രദാനം ചെയ്ത് സമഗ്രവികസനത്തിനുള്ള ശക്തിസ്രോതസ്സായി മാറ്റാൻ കഴിയണം.

"കൂതിരകൊള്ളുക ശക്തിയിലേക്ക് നമ്മൾ"

*

ഗ്രന്ഥശാലകൾ, വായനശാലകൾ

	വാർഡ് പേര്	സ്ഥാപനത്തിന്റെ പേര്
1.	ഓഫീസ്	സ്വരാജ് ഗ്രന്ഥശാല, വായനശാല
2.	പൊന്നുമംഗലം	
3	നടുവത്ത്	
4.	മേലാംകോട്	ദേശസേവിനി വായനശാല
5.	കരുമം	യുവജനസംഘം ഗ്രന്ഥശാല
6.	ഇടഗ്രാമം	
7.	കോളേജ്	ഗാന്ധിസ്മാരക വായനശാല
8.	കൈമനം	
9.	ഗ്യാരേജ്	
10.	പാപ്പനംകോട്	
11.	ഹൈസ്കൂൾ	പഞ്ചായത്ത് ലൈബ്രറി& വായനശാല, ആരതി സാംസ്കാരിക കേന്ദ്രം
12.	കോലിയക്കോട്	വിജയാ ഗ്രന്ഥശാല,
13.	എസ്റ്റേറ്റ്	വിശ്വപ്രഭ ഗ്രന്ഥശാല
14.	പൂഴിക്കുന്ന്	ആനന്ദോദയം ഗ്രന്ഥശാല
15.	നേമം	

റസിഡൻസ് അസ്സോസിയേഷൻ, പൗരസമതി

	വാർഡിന്റെ പേര്	സംഘടന
1.	ഓഫീസ്	
2.	പൊന്നുമംഗലം	
3	നടുവത്ത്.	
4.	മേലാംകോട്	
5.	കരുമം	
6.	ഇടഗ്രാമം	കൃഷ്ണനഗർ അസോസിയേഷൻ
7.	കോളേജ്	1) ശങ്കർനഗർ 2) ശിവനഗർ 3) അക്ഷയനഗർ 4) ആനന്ദനഗർ 5) യമുനാനഗർ 6) ആറ്റിശ്ശേരി ഗാർഡൻസ് 7) ഗായത്രീ ഗാർഡൻസ് 8) റിവർ ഗാർഡൻസ്
8.	കൈമനം	1) വിനായകനഗർ 2) അമൃതനഗർ 3) അമൃതനഗർ വെൽഫയർ അസോസിയേഷൻ 4) വിഷ്ണുനഗർ 5) അൽ-കാസിം ഗാർഡൻസ്
9.	ഗ്യാരേജ്	1) പാപ്പനംകോട് ഗ്രാമീണ പൗരസമിതി 2) വിവേക്നഗർ 3) കൽപ്പകാഗാർഡൻസ്
10.	പാപ്പനംകോട്	1) സി.ജി.എസ്. നഗർ 2) കൈരളീഗാർഡൻസ് 3) സ്വാതിനഗർ
11.	ഹൈസ്കൂൾ	
12.	കോലിയക്കോട്	
13.	എസ്റ്റേറ്റ്	1) ഗ്രാമീണ പൗരസമിതി 2) നന്ദൻകോട് റസിഡന്റ്സ് അസോസിയേഷൻ 3)ലാൽലെയിൻ റസിഡൻസ് അസോസിയേഷൻ 4) ബാങ്ക് കോളനി
14.	പൂഴിക്കുന്ന്	പൗരസമിതി, സത്യൻ നഗർ
15.	നേമം	

യുവജന കലാ-കായിക-സാംസ്കാരിക-ശാസ്ത്ര സംഘടനകൾ

	വാർഡ്	പേര്
1.	ഓഫീസ്സ്	1. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് യൂണിറ്റ് 2. ഫിനീക്സ് കലാസംഘടന
2.	പൊന്നുമംഗലം	1. പ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബ് 2. ബ്രദേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ് 3. ലതാ മെമ്മോറിയൽ ആർട്സ് & സ്പോർട്സ് ക്ലബ്
3	നടുവത്ത്	1. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് യൂണിറ്റ്
4.	മേലാംകോട്	1. സ്വാഗത് കലാസാംസ്കാരിക സമിതി 2. വ്യാസാ കലാസാംസ്കാരിക സമിതി 3. ഈഗിൾ ആർട്സ് & സ്പോർട്സ് ക്ലബ്
5.	കരുമം	1. പൗർണ്ണമി ആർട്സ് & സ്പോർട്സ് ക്ലബ്
6.	ഇടഗ്രാമം	1. ശ്രീ ചിത്തിര തിരുനാൾ സാംസ്കാരിക സമതി 2. പ്രണവം ആർട്സ് & സ്പോർട്സ് ക്ലബ് 3. വൈ. എം. ഏ 4. സെഞ്ചറി ആർട്സ് & സ്പോർട്സ് ക്ലബ് 5. സുഹൃത്സംഘം 6. നാദബ്രഹ്മം
7.	കോളേജ്	1. ഒരുമാ ആർട്സ് & സ്പോർട്സ് ക്ലബ് 2. മോഡൽ ആർട്സ് & സ്പോർട്സ് ക്ലബ് 3. പുരോഗമന കലാ സാഹിത്യസംഘം 4. കളരിപ്പയറ്റ് സംഘം
8.	കൈമനം	1. മാതൃമൻദ്രം 2. ഹോളി ബുദ്ധ കൾച്ചറൽ സെന്റർ
9.	ഗ്യാരേജ്	1. യംഗ്സ്റ്റേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്
10.	പാപ്പനംകോട്	1. സ്വരാജ് കലാസാംസ്കാരിക സംഘടന 2. ലക്ഷ്മി മെമ്മോറിയൽ വനിതാസമാജം 3. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് യൂണിറ്റ്
11.	ഹൈസ്കൂൾ	1. ആരതി ആർട്സ് ക്ലബ് 2. പ്രതിഭാ സാംസ്കാരികകേന്ദ്രം
12.	കോലിയക്കോട്	
13.	എസ്റ്റേറ്റ്	1. കേരളാ ആർട്സ് ക്ലബ്
14.	പൂഴിക്കുന്ന്	1. സമസ്യ ആർട്സ് & സ്പോർട്സ് ക്ലബ് 2. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് യൂണിറ്റ്
15.	നേമം	

പഞ്ചായത്ത് പ്രദേശത്തെ പ്രധാന ആരാധനാലയങ്ങൾ

ചിറക്കര മഹാവിഷ്ണു ക്ഷേത്രം	-	കൈമനം
ഗണപതികോവിൽ	-	നേമം
ശിവക്ഷേത്രം	-	നേമം
അരകത്ത് ദേവീക്ഷേത്രം	-	ഇടഗ്രാമം
പട്ടാരത്ത് ദേവീക്ഷേത്രം	-	ഇടഗ്രാമം
ശ്രീ മുത്തുമാരിയമ്മൻ ദേവീക്ഷേത്രം	-	മേലാംകോട്
ചാരണത്തുകാവ്	-	ഇടഗ്രാമം
മംഗളവിനായകർ ക്ഷേത്രം	-	കൈമനം
അമൃതാനന്ദമയീ നവഗ്രഹക്ഷേത്രം	-	കൈമനം
തൃക്കണ്ണാപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രം		
തൃക്കണ്ണാപുരം ചാമുണ്ടേശ്വരീക്ഷേത്രം		
വാറുവിളാകം നാഗരാൽത്തറക്ഷേത്രം	-	പൊന്നുമംഗലം
കല്ലുംപറമ്പത്ത് ശ്രീകൃഷ്ണക്ഷേത്രം	-	കരുമം
മഹാവിഷ്ണുക്ഷേത്രം	-	കരുമം
ചെറുകര ആയിരവല്ലിക്ഷേത്രം	-	കരുമം
ആയില്യം കാവ്ക്ഷേത്രം	-	കരുമം
ശിവക്ഷേത്രം	-	നീറമൺകര
ഗണപതിക്ഷേത്രം	-	വിനായകനഗർ
മഠത്തിൽക്ഷേത്രം	-	പാപ്പനംകോട്
ഇലിപ്പിക്കൽ ഭഗവതീക്ഷേത്രം		
നാഗരാൽത്തറ	-	തൂക്കുവിള

മസ്ജിദുകൾ

വെള്ളായണിജംഗ്ഷൻ
കാരയ്ക്കാമണ്ഡപം (തൈയ്ക്കാപള്ളി)
പാപ്പനംകോട് ട്രാൻസ്പോർട്ട് ഗ്യാരേജിന് സമീപം (തൈയ്ക്കാപള്ളി)
ഹോമിയോ കോളേജിന് സമീപം (തൈയ്ക്കാപള്ളി)
പൊന്നുമംഗലത്തുള്ള മദ്രസ്സ

ക്രിസ്ത്യൻ പള്ളികൾ

സെന്റ് ആന്റണീസ്	-	കാരയ്ക്കാമണ്ഡപം
സെന്റ് മേരീസ് ചർച്ച് (R.C.)	-	പൂഴിക്കുന്ന്.
എൽ. എം. എസ്.	-	പൂഴിക്കുന്ന്.
എൽ. എം. എസ്. ചർച്ച്	-	പാപ്പനംകോട്
സെന്റ് ആന്റണീസ് ചർച്ച്	-	പൊന്നുമംഗലം
മാർത്തോമ്മാ ചർച്ച്	-	പൊന്നുമംഗലം
ക്രിസ്ത്യൻ ചർച്ച് അമ്പനാട്	-	കോളേജ് വാർഡ്
സെന്റ് മേരീസ് ചർച്ച്	-	ഇടഗ്രാമം വാർഡ്

വനിതാക്ഷേമം

ആമുഖം

വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും കാര്യത്തിൽ നമ്മുടെ സംസ്ഥാനം വളരെ മുന്നിലാണെങ്കിലും സ്ത്രീകൾ ഇന്നും പിന്നോക്കാവസ്ഥയിൽ തന്നെയാണ്. അവർ വീട്ടുകാര്യങ്ങളിൽ വ്യാപൃതരായിരിക്കാൻ കൂടുതലും നിർബന്ധിക്കപ്പെടുന്ന യാഥാസ്ഥിതിക മനോഭാവമാണ് സമൂഹത്തിൽ നിലനിൽക്കുന്നത്. നമ്മുടെ പഞ്ചായത്തിന്റെയും സ്ഥിതി ഇതിൽനിന്നും ഒട്ടും വ്യത്യസ്തമല്ല. പല സാമുദായിക സംഘടനകളും വളരെ ശക്തമായ നിലയിൽ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്നത് വ്യക്തമാണ്. ഇതിന്റെ പിൻതുടർച്ചയാലെന്നപോലെ രാഷ്ട്രീയ, സാംസ്കാരിക, മണ്ഡലങ്ങളിലും സ്ത്രീകൾ പിന്നോക്കം നിൽക്കുന്നു. സ്ത്രീകളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ശാസ്ത്രീയമായ ഒരു കാഴ്ചപ്പാട് രൂപപ്പെടുത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ഈ സാഹചര്യത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഉള്ള സ്കൂളുകൾ, അങ്കണവാടികൾ, സഹകരണസ്ഥാപനങ്ങൾ, കൈത്തറി തുടങ്ങിയ മേഖലകളിൽ മാത്രമാണ് സ്ത്രീകൾ അധികവും തൊഴിലെടുക്കുന്നത്. മറ്റു മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ജാത്യാധിഷ്ഠിതമായ പരമ്പരാഗത സാമൂഹ്യവ്യവസ്ഥകളും സ്ത്രീപീഡനങ്ങളും, സ്ത്രീകളെ സംബന്ധിക്കുന്ന അനാചാരങ്ങളും ശാശ്വതീകരിക്കുന്ന പാരമ്പര്യമതിൽക്കെട്ടുകളെ തകർത്തെറിയേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ഈ പ്രശ്നങ്ങളെയെല്ലാം ഉടച്ചുവാർക്കാൻ ഒരു ശാസ്ത്രീയ സമീപനം അത്യാവശ്യമാണ്. ഈ വകകാര്യങ്ങളെക്കുറിച്ച് ഗ്രാമസഭകളിൽ കൂടി ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളുമാണ് ചുവടെ ചേർത്തിരിക്കുന്നത്.

സാമൂഹ്യരംഗം.

നേമം പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിലേറെ സ്ത്രീകളാണ്. 1991 - ലെ സെൻസസ് പ്രകാരം മൊത്തജനസംഖ്യയിൽ 1000 പുരുഷൻമാർക്ക് 1050 സ്ത്രീകൾ എന്നതാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ജനസംഖ്യയുടെ കാര്യത്തിലൊഴികെ മറ്റെല്ലാരംഗത്തും സ്ത്രീപുരുഷ അന്തരം വളരെ വലുതാണെന്നുകാണാം. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ അവർ സാമ്പത്തികമായും സാമുദായികമായും വളരെ പിന്നിലാണ്. അവരുടെ ഉന്നമനത്തിനായുള്ള ക്ഷേമപരിപാടികൾ കണ്ടത്തുന്നതിലുടെ അവരുടെ ആത്മവിശ്വാസം വളർത്താൻ കഴിയും, സാമൂഹ്യപദവിയുടെ കാര്യത്തിൽ ഈ പഞ്ചായത്തിലെ വനിതകൾ കേരളത്തിലെ മറ്റ് സ്ത്രീകളിൽ നിന്ന് ഒട്ടും വ്യത്യസ്തരല്ല. പ്രസ്ഥാനങ്ങളിൽ ജനസംഖ്യാനുപാതികമായി സ്ത്രീനേതൃത്വം ഇല്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലായാലും സഹകരണമേഖലയിലായാലും സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങൾ ഒഴികെ, സ്ത്രീകൾക്ക് പ്രാതിനിധ്യം ലഭിക്കുന്നില്ല.

വനിതകൾ കൂടുതലായി പൊതുരംഗത്ത് വരാൻ മടിക്കുന്നതിന്റെ പ്രധാനകാരണം സമൂഹത്തിന്റെ യാഥാസ്ഥിതിക മനസ്സാണ്. മറ്റൊന്ന് വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർന്നിട്ടുണ്ടെങ്കിലും കുടുംബചുമതലകൾ പൂർണ്ണമായും സ്ത്രീയുടെ ചുമലിലായതാണ്. ഈ അവസ്ഥ സ്ഥിരവും സ്വാഭാവികവുമ്മെന്ന ബോധമാണ് സ്ത്രീകളടക്കം ഭൂരിഭാഗം ആളുകളും ഉൾക്കൊള്ളുന്നത്. പുരോഗമന ആശയങ്ങൾ വച്ചുപുലർത്തുന്ന പലരും തന്റെ വീട്ടിനുള്ളിൽ മാമൂലുകളെ മുറുകെ പിടിക്കുന്നവരാണ് എന്നത് പരസ്യമായ രഹസ്യം മാത്രമാണ്. സ്ത്രീയും പുരുഷനും ഒരുമിച്ച് കുടുംബകാര്യങ്ങളും വീട്ടുജോലികളും പങ്കിടുന്ന സംസ്കാരം വളർത്തിയെടുക്കണം. പുരോഗ

മന സ്വഭാവമുള്ള രാഷ്ട്രീയ പാർട്ടികളിൽ പോലും സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നില്ല. സർക്കാർ - അർദ്ധ സർക്കാർ ഏജൻസികളിലൂടെയുള്ള പൊതുപരിപാടികൾക്കു പുരമെ സ്ത്രീകൾക്കായി പ്രത്യേക പരിശീലനപരിപാടികൾ ആരംഭിക്കേണ്ടതുണ്ട്. ഇതിൽ പഞ്ചായത്ത് നിയമങ്ങൾക്കും, ചട്ടങ്ങൾക്കും പുറമെ പദവിയെക്കുറിച്ചും നേതൃത്വത്തെക്കുറിച്ചും മറ്റ് പ്രശ്നങ്ങളെക്കുറിച്ചുമുള്ള വിഷയങ്ങൾ പഠനവിധേയമാക്കണം. സ്ത്രീപ്രശ്നങ്ങളെക്കുറിച്ച് സ്ത്രീകളെമാത്രമല്ല, പുരുഷൻമാരെയും ബോധവൽക്കരിക്കണം. പുരുഷമേധാവിത്വത്തിന്റെ ദുഷ്പ്രവണതകൾക്കെതിരെ ആശയപരവും പ്രായോഗികവുമായ പ്രചാരണം ബോധപൂർവ്വവും തുടർച്ചയായും നടത്തേണ്ടതാണ്.

വിദ്യാഭ്യാസം

നേമം പഞ്ചായത്തിൽ വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് കൂടുതലാണെങ്കിലും ചെറിയ ശതമാനം സ്ത്രീകൾ ഇന്നും നിരക്ഷരതയുടെ അന്ധകാരത്തിലാണ്. വിദ്യാഭ്യാസനിലവാരത്തിൽ മുന്നിൽ നിൽക്കുന്ന സ്ത്രീകൾ സാമൂഹികമായ കാര്യങ്ങളിൽ പിന്നിൽ തന്നെയാണ്. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം സ്ത്രകളെക്കുറിച്ചുള്ള മാമൂൽ സങ്കൽപങ്ങളെ അരക്കിട്ടുറപ്പിക്കുന്നതിനുതകുന്നതാണ്. സാക്ഷരതാ ശതമാനം ഉയർന്നതുകൊണ്ടുമാത്രം സ്ത്രീകൾ തന്റേടമുള്ളവരും പൊതുപ്രണ്നങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരും ആകണമെന്നില്ല. സ്ത്രീയുടെ ഉന്നമനത്തിനായുള്ള പരിശ്രമങ്ങൾ ഫലവത്താകണമെങ്കിൽ അടിസ്ഥാനപരമായ ഘടനാമാറ്റങ്ങൾ സമൂഹത്തിലുണ്ടാകണം. നമ്മുടെ പഞ്ചായത്തിലെ നിരക്ഷരത പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാനുള്ള യജ്ഞത്തിൽ സ്ത്രീകൾ പ്രത്യേകപങ്ക് വഹിക്കേണ്ടതാണ്.

തൊഴിൽ പങ്കാളിത്തം

സ്ത്രീകളുടം തൊഴിൽ പങ്കാളിത്തം കൂടിയിട്ടുണ്ടെങ്കലും പുരുഷൻമാരെ അപേക്ഷിച്ച് ഇത് വളരെകുറവാണ്. അനായാസം വ്യവസായ മേഖലകളിലേക്ക് റിക്രൂട്ട് ചേയ്യുവാനും പുറന്തള്ളുവാനും കഴിയുന്ന ഒരു വ്യവസായ കരുതൽ മേനയായിട്ടാണ് സ്ത്രീകളിൽ നല്ലൊരു പങ്കും പരിഗണിക്കപ്പെടുന്നത്. തൊഴിലിന്റെ സ്വഭാവത്തിലും വേതന സേവന വ്യവസ്ഥകളിലും എല്ലാം വിവേചനം നിലനിൽക്കുന്നു. സ്ത്രീകൾ ചില പ്രത്യേകതരം തൊഴിലുകളിൽ കേന്ദ്രീകരിക്കപ്പെടുന്നതും അവരുടെ വരുമാനം കുടുംബവരുമാനമാണെന്നുമുള്ള തെറ്റായ ധാരണയും സ്ത്രീയുടെ കൂലികുറയ്ക്കുന്നു. വീടിനു പുറത്ത് പണിയെടുക്കുന്ന സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. കൂലിയിലും സേവനവ്യവസ്ഥകളിലുമുള്ള വിവേചനങ്ങൾ, പ്രസവാനുകൂല്യങ്ങളുടെ അപര്യാപ്തത, ക്രഷുകളുടെ അഭാവം, കാർഷിക മേഖലയിലെയും കുടിൽ വ്യവസായ മേഖലയിലെയും സ്ത്രീ തൊഴിലാളികൾ പ്രവർത്തിയെടുക്കേണ്ടിവരുന്ന അതിശോചനീയമായ സാഹച ര്യങ്ങൾ, തൊഴിൽ സ്ഥലത്ത് നേരിടേണ്ടിവരുന്ന ലൈംഗിക പീഢനങ്ങൾ - എന്നിങ്ങനെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. വീടുനു പുറത്ത് തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അവരുടെ കുട്ടികളെ അയയ്ക്കാൻ കഴിയുന്ന സ്ഥാപനമാണ് അങ്കണവാടികൾ. നമ്മുടെ പഞ്ചായത്തിൽ 15 അങ്കണവാടികൾ ഉണ്ടെങ്കിലും പലതിനും സ്വന്തമായി കെട്ടിടമില്ല. കൊച്ചുകുട്ടികൾ വരുന്ന ഈ സ്ഥാപനങ്ങളിൽ ശുചിത്വം തീരെയില്ല. കുട്ടികൾക്ക് ആവശ്യമായ ഉപകരണങ്ങൾ പോലും ഇവിടെ ലഭ്യമല്ല. ഇത്തരം പ്രശ്നങ്ങൾ സ്ത്രീകളെ പുറത്ത് തൊഴിലെടുക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുകയും വീട്ടിലിരുന്ന് കുട്ടികളെ നോക്കാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നു. തൊഴിൽ മേഖലയിലെ വേതന വ്യവസ്ഥകളിൽ ഉള്ള വിവേചനത്തിനുദാഹരണമാണ് ഞാറുനടുന്ന സ്ത്രീയ്ക്ക് കിട്ടുന്ന 60 രൂപയും പുരുഷന് കിട്ടുന്ന 100 രൂപയും. പുരുഷന് 125 രൂപയുമാണ്. അതുപോലെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട സ്ത്രീക്ക് 100 രൂപയും പുരുഷന് 125 രൂപയുമാണ്ദിവസക്കൂലി. ഇങ്ങനെ പലമേഖലകളിലും വേതന വ്യത്യാസം സ്പഷ്ടമാണ്.

പഞ്ചായത്തിൽ വനിതകൾക്കായി രണ്ട് DWCRA യും രണ്ട് വനിതാ സഹകരണ

സംഘാങ്ങളും ഉണ്ടെങ്കിലും ഇതിൽ ഒരു DWCRA യും ഒരു വനിതാ സഹകരണസംഘവും മാത്രമാണ് കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. മറ്റ് രണ്ടെണ്ണവും പൂട്ടിക്കിടക്കുകയാണ്. വിനായക നഗറിൽ മാതൃമണ്ഡ്രം എന്ന ഒരു മഹിളാസമാജം പ്രവർത്തിക്കുന്നു. ഇവിടെ അച്ചാർ, ജാം തുടങ്ങിയ ഉൽപ്പന്നങ്ങൾ വനിതകൾതന്നെ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു. കൂടാതെ മൃഗസംരക്ഷണം, പച്ചക്കറികൃഷി, മെഴുകുതിരി നിർമ്മാണം, അച്ചാർ നിർമ്മാണം, കരകൗശലവസ്തുക്കളുടെ നിർമ്മാണം, തയ്യൽ എന്നിങ്ങനെ അനവധി തൊഴിലുകൾ സ്ത്രീകൾ വീടുകളിൽ ഇരുന്ന് ചെയ്തുവരുന്നു. അസംഘടിത മേഖയിൽ ഉള്ള ഈ തൊളിലുകൾക്ക് അനുയോജ്യമായ സാങ്കേതിക വിദ്യകൾ രൂപകല്പനചെയ്ത് സംഘടിതമേഖലയിലേക്ക് കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്.

ആരോഗ്യം

നമ്മുടെ പഞ്ചായത്തിലെ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ ദിനംപ്രതിവരുന്ന രോഗികളിൽ സ്ത്രീകളാണ് കൂടുതൽ. ഇതിനു പ്രധാനകാരണം ആരോഗ്യസംരക്ഷണത്തെക്കുറിച്ചുള്ള അഞ്ജതയും ഭാരിച്ച അധ്വാനവും ആണ്. നമ്മുടെ ആരോഗ്യവ്യവസ്ഥ പൊതുവെ സ്ത്രീകളെ അവഗണിക്കുന്നതാണെന്നുള്ള കാര്യം പറയാതെവയ്യ. സ്ത്രീകൾക്കും പുരുഷൻമാർക്കുമായി വീതിച്ചിട്ടുള്ള കിടക്കകളുടെ അനുപാതം, സ്ത്രീകൾക്ക് മാത്രമുള്ള ഗൈനക്കോളജി വിഭാഗത്തിൽ രോഗികൾ അനുഭവിക്കേണ്ടിവരുന്ന അസൗകര്യങ്ങൾ, അബോർഷന് വിധേയരാക്കുന്ന സ്ത്രീകളോട് കാണിക്കുന്ന അവജ്ഞ, ഇവയൊക്കെ ഇക്കാര്യം വെളിപ്പെടുത്തുന്നു. പോഷകാഹാരക്കുറവിനോടൊപ്പം വൈദ്യസഹായം കിട്ടാതെ വരുന്നത്, പ്രായപൂർത്തിയാകാതെ വിവാഹം കഴിപ്പിച്ചയയ്ക്കുന്നത്, പ്രസവബാഹുല്യം, സെപ്റ്റിക്, അബോർഷൻ, ഗർഭസംബന്ധമായ അസുഖങ്ങൾ, തുടങ്ങിയവയെല്ലാം സ്ത്രീകളുടെ ആരോഗ്യത്തെ ബാധിക്കുന്നു. സ്ത്രീകളുടെ ആരോഗ്യത്തെബാധിക്കുന്ന മറ്റൊരു പ്രധാനകാര്യമാണ് ഗർഭനിരോധന ഗുളികകളുടെയും, അമേരിക്കയിൽ വികസിപ്പിച്ചടുക്കുകയും ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങളിൽ ഉപയോഗിച്ചുവരുന്നതുമായ നെറ്റ്-എൻ, ഡി-പ്രോവെരെ തുടങ്ങിയ ഹോർമോൺ ഇഞ്ചക്ഷനുകളുടെ ഉപയോഗം. അംനിയോസെന്റസിസ് വഴി ഭ്രൂണവൈകല്യങ്ങൾ നിർണ്ണയിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നതിനുപകരം ചില സംസ്ഥാനങ്ങളിൽ ഇത് ലിംഗനിർണ്ണയിത്തിനും ഭ്രൂണാവസ്ഥയിൽ തന്നെ പെൺശിശുക്കളെ നശിപ്പിക്കാനുമാണ് ഉപയോഗിക്കുന്നത്. ഗർഭിണികൾക്ക് ആവശ്യമായ പോഷകാഹാരവും ആരോഗ്യവിദ്യാഭ്യാസവും നല്കേണ്ടത് അത്യാവശ്യമാണ്. വിറകടുപ്പിൽ നിന്നുണ്ടാകുന്ന പുകമൂലം കണ്ണിനും ശ്വാസകോശങ്ങൾക്കും അസ്വാസ്ഥ്യങ്ങൾ ഉണ്ടാകുക എന്നത് അടുക്കളയിൽ പണിയെടുക്കുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം സാധാരണമാണ്. അടുക്കളപ്പുകയുടെ ആരോഗ്യവിരോധ പ്രത്യാഘാതങ്ങൾ സംബന്ധിച്ച് ഒട്ടേറേ വിവരങ്ങൾ ഇന്ന് ലഭ്യമാണ്. ഇതിൽ നിന്നുള്ള രക്ഷ നേടാൻ പുകയില്ലാത്ത് അടുപ്പുകൾ വളരെ ഉപകാരപ്രദമാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ഉള്ള ശുചിത്വമില്ലായ്മയും പാർപ്പിടങ്ങളുടെ അസൗകര്യവും ഏറ്റവുമധികം ബാധിക്കുന്നത് സ്ത്രീകളെയും കുട്ടികളെയുമാണ്.

സ്ത്രീപീഡനം - സ്ത്രീധനം

ഭർത്താവിന്റെ മദ്യപാനം സ്ത്രീപീഡനത്തിന് മിക്കപ്പോഴും കാരണമായിത്തീരാറുണ്ട്. ഇതുമൂലമുണ്ടാകുന്ന സാമ്പത്തികഞെരുക്കം വഴിതെളിക്കുന്ന കുടുംബ സംഘർഷങ്ങളുടെ വൈകാരികഭാരം പലപ്പോഴും സ്ത്രീയുടെ മേലാണ് പതിക്കുക. ചാരായനിരോധനം മൂലം വളരെ കുറച്ച് വീടുകളിൽ മാത്രമാണ് നേട്ടമുണ്ടായിട്ടുള്ളത്. മദ്യപിക്കുന്ന മറ്റ് പുരുഷൻമാരിൽ കൂടുതലും വിലകൂടിയ വിദേശമദ്യങ്ങളും വ്യാജചാരായവും അതുപോലെതന്നെ മറ്റ് ലഹരിവസ്തുക്കളും ഉപയോഗിക്കാൻ തുടങ്ങിയതോടെ ഈ കുടുംബങ്ങളിൽ മുൻപത്തെക്കാളേറെ സാമ്പത്തികഞെരുക്കം ഉണ്ടാകുകയും ഇത് കുടുംബത്തിൽ കൂടുതൽ സംഘർഷങ്ങൾക്ക് ഇടയാക്കുകയും ചെയ്യുന്നു. ഇതിനൊരേയൊരു പരിഹാരം സമ്പൂർണ്ണമായ ലഹരി വസ്തുക്കളുടെ നിരോധാനമാണ്. അതിനായി ആരോഗ്യചർച്ച ക്ലാസ്സുകളും ബോധവൽക്കരണവും നടത്തേണ്ടതാവശ്യമാണ്. ഈ സാമൂഹ്യപ്രശ്നം പരി

ഹരിക്കുന്നതിനായുള്ള പ്രവർത്തിപഥത്തിൽ സ്ത്രീകൾ അവരുടെ ഇച്ഛാശക്തി പ്രകടമാക്കുന്ന തരത്തിൽ മുന്നോട്ടുവരേണ്ടതാണ്. സ്ത്രീസംഘടനകളുടെയും മറ്റ് സ്ത്രീകളുടെയും കൂട്ടായ പ്രവർത്തനത്തോടെ സമ്പൂർണ്ണമദ്യനിരോധനം പടിപടിയായി പ്രാവർത്തികമാക്കാൻ കഴിയും.

സ്ത്രീകൾക്കെതിരായുള്ള അക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്നു. സമൂഹത്തിന്റെ എല്ലാതലങ്ങളിലും, കുടുംബമേഖലയിലും, സാമ്പത്തികരംഗത്തും, സാംസ്ക്കാരിക തലങ്ങളിലുമെല്ലാം സ്ത്രീകൾ അനുഭവിക്കുന്ന വിവേചനവും അവർ നേരിടുന്ന പീഡനങ്ങളും ഇന്ന് കൂടുതൽ കൂടുതൽ വെളിച്ചത്തു വന്നുകൊണ്ടിരിക്കുന്നു. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ ചെറുതും വലുതുമായ തോതിൽ ഉണ്ടാകുന്നുണ്ട്. ജയിലുകളിലും ലോക്കപ്പുകളിലും സ്ത്രീപീഡനം ലൈംഗിക പീഡനമായി മാറുന്നു. പൊതു സ്ഥലങ്ങളിലും യാത്രാവാഹനങ്ങളിലുമെല്ലാം ലൈംഗിക അവഹേളനത്തിന്റെയും ബലപ്രയോഗത്തിന്റെയും ഭീഷണിയുണ്ട്.

വിവാഹക്കമ്പോളത്തിലെ വിലകുറഞ്ഞ ഒരു വസ്തു മാത്രമാണ് യുവതി. സ്ത്രീധന സമ്പ്രദായം വീട്ടിനുള്ളിലെ സ്ത്രീപീഡനത്തിന് ഒരു പ്രധാന കാരണമായി തീരുന്നു. സ്ത്രീപീഡനമരണങ്ങൾ വരെ നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. സ്ത്രീധന നിരോധനനിയമങ്ങൾ കൂടുതൽ ശക്തമാക്കുകയും യുവാക്കളെയും യുവതികളെയും മാതാപിതാക്കളെയും ബോധവൽക്കരിക്കുകയും മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കമ്പോള മത്സരവ്യവസ്ഥ സ്ത്രീയെ ഒരു വില്പന ചരക്കാക്കുന്നു. അവൾ ലൈംഗികഉപഭോകവസ്തുവായി അധഃപതിക്കുന്നു. ലൈംഗിക വികാരങ്ങളെ ഉണർത്തുന്ന ചരക്കുകൾ വില്ക്കുന്നതിനുള്ള ഒരു പരസ്യഫോർമുലയായി സ്ത്രീ തരംതാഴുന്നു. അശ്ലീല പോസ്റ്ററുകൾക്കും, പുസ്തകങ്ങൾക്കും, സിനിമകൾക്കുമെതിരായ പ്രാദേശിക പ്രക്ഷോഭങ്ങൾ പലതും നടന്നിട്ടുണ്ടെങ്കിലും ഒന്നുംതന്നെ ഫലപ്രാപ്തിനേടിയില്ല. 100% സാക്ഷരത നേടിയ കേരളത്തിൽ പത്രമാസികകളുടേയും റേഡിയോയുടെ പോലും സ്ഥാനം ഇന്ന് ടി.വി.കൈയടക്കിയിരിക്കുകയാണ്. "മ' പ്രസിദ്ധീകരണങ്ങളാണ് ഏറ്റവും അധികം വിറ്റഴിയുന്നത്. അബലയായ സ്ത്രീത്വത്തെക്കുറിച്ചും നന്മനിറഞ്ഞ പുരുഷ സ്വേച്ഛാധിപത്യത്തെക്കുറിച്ചും ഉള്ള സങ്കല്പങ്ങളുടെ ഏറ്റവും ശക്തമായ പ്രചരണോപാധികളാണിവ. സ്ത്രീകളെ യഥാർത്ഥ സാമൂഹ്യപ്രശ്നങ്ങളിൽ നിന്ന് പിന്തിരിപ്പിക്കുകയും തങ്ങളുടെ കഥകളിലും നോവലുകളിലും സൃഷ്ടിക്കുന്ന വ്യാമോഹപൂരിതമായ ലോകത്തിൽ അവരെ ഒതുക്കി നിർത്തുകയാണ് ഇവ ചെയ്യുന്നത്.

"കുടുംബ' സിനിമകൾ, സ്ത്രീ അവഹേളന രതിരംഗങ്ങൾ എന്നിവയിലൂടെ സ്ത്രീ എന്ന പദത്തെതന്നെ വ്യർത്ഥമാക്കുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ സ്ത്രീയെ ഒരു ഉപഭോഗവസ്തുവായി പ്രദർശിപ്പിക്കുക മാത്രമല്ല, വികൃതമായ ഒരു ഉപഭോക്തൃസംസ്ക്കാരം വളർത്തിയെടുക്കുന്നതിനും ഇത് കാരണമാകുന്നു. നിലവിലുള്ള മാധ്യമ ജീർണ്ണതയ്ക്കെതിരെ പുതിയൊരു മാധ്യമസംസ്ക്കാരം വളർത്തുകയും വാണിജ്യവൽക്കരണത്തിനെതിരായി ശബ്ദമുയർത്തുകയും ചെയ്യുന്ന മാധ്യമരൂപങ്ങൾ ഉയർത്തിക്കൊണ്ടുവരേണ്ടതാവശ്യമാണ്.

ഇതിലെല്ലാമുപരി നിലവിലുള്ള നിയമങ്ങളെക്കുറിച്ച് സ്ത്രീകളെ ബോധവതികളാക്കേണ്ടതാണ്. സ്ത്രീധനനിരോധന നിയമം, ബലാൽസംഗത്തിനെതിരെയുള്ള നിയമം, സ്ത്രീകളെ അപമര്യാദയായി ചിത്രീകരിക്കുന്നതിനെതിരെയുള്ള നിയമം, തുല്യവേതനനിയമം തുടങ്ങിയ ഒട്ടേറെ നിയമങ്ങൾ നിലവിൽ ഉണ്ടെങ്കിലും ഇവയൊന്നും പാലിക്കപ്പെടുന്നില്ല. ഈ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിൽ സർക്കാർ അലംഭാവം കാണിക്കുകയും ചെയ്യുന്നു. ഇന്നത്തെ സാമുദായിക അടിസ്ഥാനത്തിലുള്ള വ്യക്തി നിയമങ്ങൾ പൊളിച്ചെഴുതുകയും ഭരണഘടനയുടെ നാലാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏകീകൃത സിവിൽ നിയമം നടപ്പിലാക്കേണ്ടതും നമ്മുടെ പ്രഥമകടമകളിലൊന്നായിരിക്കുന്നു.

സ്ത്രീകൾ കൂടുതൽ പണിയെടുക്കുന്ന സാങ്കേതിക മേഖലയിൽ വികസനത്തിന്റെ പേരിൽ നടക്കുന്ന അനിയന്ത്രിതമായ നവീകരണം കൂടുതൽ പ്രതികൂലമായി ബാധിക്കു

ന്നത് സ്ത്രീകളെയാണ്. വികസനം സംബന്ധിച്ച ചർച്ചകളിൽ വികസനപ്രവർത്തനങ്ങൾ സ്ത്രീകളുടെ നിലയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ പ്രത്യേകം പരിഗണിക്കേണ്ടതാണ്. പുരുഷനാണ് സമൂഹത്തിൽ പ്രഥമസ്ഥാനം എന്നത് സാമൂഹ്യവ്യവസ്ഥകൾക്ക് അതീതമായി, സ്വന്തമായ ഒരു പ്രതിഭാസമാണ് എന്നാണ് പലരും വാദിക്കുന്നത്. നൂറ്റാണ്ടുകളായി മനുഷ്യന്റെ ഉപബോധമനസ്സിൽ ആഴത്തിൽ പതിഞ്ഞുകിടക്കുന്ന പുരുഷമേധാവിത്വാശയങ്ങളെ ഇല്ലാതാക്കാൻ നാം ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടതായുണ്ട്.

മുൻകാലങ്ങളിൽ വിദ്യാഭ്യാസപരമായും മറ്റ് എല്ലാമേഖലയിലും വളരെ പിന്നിലായിരുന്ന അബലയായിരുന്ന നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ ഇന്ന് മിക്കവാറും എല്ലാ മേഖലകളിലും എത്തിപ്പെട്ടിരിക്കുന്നു എന്നുള്ള വസ്തുത നാം കാണേണ്ടതാണ്. എങ്കിൽകൂടിയും. ഒട്ടുമുക്കാൽ സ്ത്രീകളുടെ ഉള്ളിലും പഴഞ്ചൻ മനോഭാവവും, പുറത്ത്പ്പണിയെടുത്ത് സമ്പാദ്യശീലം വളർത്തുന്നത് മോശമാണ് എന്ന വിചാരവുമാണുള്ളത്. ഇതിന് സമൂലമായ മാറ്റം അനിവാര്യമാണ്. വനിതകൾക്കായുള്ള ക്ഷേമപരിപാടികളിൽ ഈ വക കാര്യങ്ങൾ വളരെ ആഴത്തിൽ പഠിക്കുകയും ചർച്ചചെയ്ത് ഇവയെ പൂർണ്ണതയിൽ എത്തിക്കേണ്ടതായിട്ടുമുണ്ട്. സ്വാശ്രയശീലം വളർത്തിയാൽ മാത്രമേ സ്ത്രീയ്ക്ക് സമൂഹത്തിൽ തുല്യ പങ്കാളിത്തം ഉണ്ടാകൂ. എല്ലാ തലങ്ങളിലും മേഖലകളിലും ഇങ്ങനെയുള്ള സ്ത്രീകൾക്കു മാത്രമേ സ്ഥാനമുണ്ടാകൂ. നമ്മുടെ പുരാണങ്ങളിലും സംസ്ക്കാരിക ചരിത്രങ്ങളിലുമെല്ലാം സ്ത്രീ എന്നും ശക്തിയുടെ പ്രതീകമായാണ് നാം കണ്ടിട്ടുള്ളത്. അഭിപ്രായസ്വാതന്ത്ര്യം നേടിയെടുക്കുകയും ആവശ്യങ്ങൾക്കായി ശബ്ദമുയർത്തുകയും ചെയ്താലേ അർഹതയുള്ളവ എന്തായാലും നമുക്ക് നേടാനാവൂ.

ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞുവന്ന റിപ്പോർട്ടിൻപ്രകാരം നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. നിരക്ഷത
2. സാമൂഹ്യ പ്രശ്നങ്ങളിലുള്ള കുറഞ്ഞ പങ്കാളിത്തം
3. സ്ത്രീകൾക്കെതിരെയുള്ള യഥാസ്ഥിതിക മനോഭാവം
4. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തകുറവ്
5. വനിതാ സഹകരണസംഘങ്ങളുടെ അപര്യാപ്തത
6. ആരോഗ്യപരമായ പിന്നോക്കാവസ്ഥ
7. സ്ത്രീപീഢനം
8. സ്ത്രീധനപ്രശ്നം
9. മാധ്യമങ്ങളിലൂടെയുള്ള സ്ത്രീകൾക്കെതിരായുള്ള ചൂഷണം

ഈ പ്രശ്നങ്ങൾക്കുള്ള നിർദ്ദേശങ്ങളും പരിഹാരങ്ങളും:

1. അയൽകൂട്ടങ്ങളും മാതൃസംഗമങ്ങളും വഴി നിരക്ഷരതാ നിർമ്മാർജ്ജനം നടത്തുകയും പുസ്തകവിതരണസംഘങ്ങൾ രൂപീകരിച്ച് വായനാശീലം വളർത്തുകയും ചെയ്യുക.
2. കുടുംബകാര്യങ്ങളിൽ സ്ത്രീയും പുരുഷനും തുല്യപങ്കാളിത്തം വളർത്തുകയും പൊതുപ്രശ്നങ്ങളിൽ സ്ത്രീകളെ പങ്കാളികളാക്കുകയും ചെയ്യുക.
3. സ്ത്രീയുടെ വ്യക്തിത്വവികസനം നടത്തുകയും സ്ത്രീയ്ക്കും പുരുഷനും സമൂഹത്തിലുള്ള തുല്യസ്ഥാനത്തെക്കുറിച്ച് ഇരുകൂട്ടരെയും ബോധവൽക്കരിക്കുകയും വേണം. സ്ത്രീകൾക്കായി നേതൃത്വപരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക. സ്ത്രീകളുടെ ബോധവൽക്കരണകാമ്പുകൾ സാമൂഹ്യക്ഷേമ ഉപദേശക ബോർഡിന്റെ കീഴിൽ സംഘടനകൾ വഴി നടപ്പിലാക്കാം.
4. വിധവാ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കിട്ടുന്നതിനുള്ള കാലതാമസം പരിഹരിക്കുക.
5. സ്ത്രീകൾക്ക് തൊഴിൽ പരിശീലനം പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പി

ക്കുക. ഗ്രാമവികസനവകുപ്പിന്റെ കീഴിലുള്ള ട്രൈസം പദ്ധതി ഇതിനായുള്ളതാണ്.

6. ആരോഗ്യചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുകയും, വൈദ്യസഹായം ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്യുക. മാതൃ-ശിശുക്ഷേമ പരിപാടികൾ കൂടുതൽ ഊർജ്ജിതമാക്കുക.

7. സ്ത്രീകൾ സംഘടിതരാകുകയും അക്രമങ്ങൾക്കും സ്ത്രീപീഡനങ്ങൾക്കെതിരായും പ്രതികരിക്കുക. കൂടാതെ പുരുഷന്മാരെ ബോധവത്ക്കരിക്കുകയും വേണം.

8. സ്ത്രീധന നിരോധന നിയമം കർശനമാക്കുകയും മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

9. സ്ത്രീയുടെ സാമ്പത്തിക ശേഷി ഉയർത്തുന്നതിനാവശ്യമായ തൊഴിലുകൾ കണ്ടെത്തുകയും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ചെയ്യുക. ഇതിനായി D.W.C.R.A.യുടെപ്രവർത്തനം കാര്യക്ഷമമാക്കുയം വ്യാപിപ്പിക്കുകയും ചെയ്യുക.

10. നിർദ്ധനരായ സ്ത്രീകൾക്കായി വനിതാ വെൽഫെയർ ഫണ്ട്രൂപീകരിക്കുകയും അതിന്റെ പലിശ അർഹതയുള്ള സ്ത്രീകൾക്ക് നൽകുകയും ചെയ്യുക

11. വനിതാ വിസനകോർപ്പറേഷൻ നിർദ്ധനരായ വനിതകൾക്ക് വ്യവസായം തുടങ്ങതിനുള്ള ധനസഹായം, സ്ത്രീജ്യോതി പദ്ധതി, തൊഴിൽ പരിശീലന പരിപാടികൾ, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി എന്നിവയിലൂടെ ധനസഹായവും പരിശീലനവും നൽകുന്നു. ഇത് നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ ഉന്നമനത്തിനായി പരമാവധി പ്രയോജനപ്പെടുത്തണം.

12. റവന്യൂ വകുപ്പിന്റെ കീഴിലുള്ള അഗതികൾക്കുള്ള പെൻഷൻ പദ്ധതി, സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം, അംഗവൈകല്യവും മാനസികവൈകല്യവും സംഭവിച്ചവർക്ക് വേണ്ടിയുള്ള പെൻഷൻ എന്നിവ കാലതാമസം കൂടാതെയും നിയമാനുസൃതമായും ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണം

ക്രമനമ്പർ	വിദ്യാലയത്തിന്റെ പേര്	ആൺ	പെൺ	ആകെ
1	സെന്റ് ആന്റണീസ് L.P.S കാരയ്ക്കാമണ്ഡപം	328	312	640
2.	പാപ്പനംകോട് H.S. L.P.S	671	650	1321
3.	കോലിയക്കോട് വെൽഫയർ L.P.S	54	58	112
4.	അമൃത വിദ്യാലയം,കൈമനം	126	89	215
5.	എം. എം. ആർ H.S.നീറമൺകര	2164	1308	3472
6.	സെന്റ് മേരീസ് L.P.S, കൈമനം	340	320	660
7.	എസ്. വി. എം. U.P.S,കോലിയക്കോട്	155	126	281
8.	എം. എസ്.സി. എൽ. പി. എസ്. പൊന്നുമംഗലം	51	61	112
9.	സെന്റ് ആന്റണീസ് L.P.S പൂഴിക്കുന്ന്	167	142	309
10.	കരുമം U.P.S	269	283	552
11.	N.S.S. വിമൻസ് കോളേജ് നീറമൺകര		4150	4150
12.	വനിതാ പോളിടെക്നിക് നീറമൺകര		388	388
13.	കമ്മ്യൂണിറ്റി പോളിടെക്നിക് നീറമൺകര	85	475	560

സഹകരണ സംഘങ്ങൾ

ഇൻഡ്യയിൽ ആദ്യത്തെ സഹകരണനിയമം 1904-ൽ നിലവിൽ വന്നതോടു കൂടി സഹകരണമേഖലയുടെ പ്രവർത്തനം വ്യാപകമായി.

1969-ൽ സഹകരണ സംഘ നിയമം നിലവിൽവന്നു. അതിനു മുൻപ് തന്നെ ഇന്നത്തെ നേമം ഗ്രാമപഞ്ചായത്ത് പ്രദേശമായപാപ്പനംകോട്ട്1926-ൽ "ശക്തിവിലാസം സർവ്വീസ് സഹകരണ സംഘം " എന്ന പേരിൽ ഒരു സഹകരണ സംഘത്തിന് ഏതാനും സഹകാരികൾ ചേർന്ന് രൂപം നൽകി. ആ സംഘം ഇന്ന് പാപ്പനംകോട് പ്രദേശത്ത് നേമം ഗ്രാമ പഞ്ചായത്തിന് തന്നെ അഭിമാനകരമാം വിധം വളർന്ന് വലുതായി " പാപ്പനംകോട് സർവ്വീസ് സഹകരണ ബാങ്കായി" പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിലെ ഏറ്റവും അധികം അംഗങ്ങളുള്ള ഈ ബാങ്ക് 10 ലക്ഷം രൂപ മൂലധനവും ലക്ഷക്കണക്കിന് രൂപ ഡെപ്പോസിറ്റും, വിവിധ ചിട്ടികൾക്കും പുറമേ സ്വന്തം ഫണ്ടിൽനിന്ന് മറ്റ് ഏജൻസികൾ മുഖാന്തിരവുമുള്ള വിവിധയിനം വായ്പകളും സഹകാരികൾക്ക് പ്രയോജനമാം വിധം നൽകിവരുന്നു. ബങ്കിന്റെ വകയായി വിവാഹങ്ങൾ കലാപരിപാടികൾ എന്നിവ നടത്തുന്നതിന് ഒരു ആഡിറ്റോറിയവും പാപ്പനംകോടിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നു.

പാപ്പനംകോട് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം ആരംഭിച്ചശേഷം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പല സഹകരണ സ്ഥാപനങ്ങളും ഉണ്ടായി. 22 സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതായി കാണുന്നു. ഇവയിൽ പകുതിയിലേറെയും പ്രവർത്തനമല്ലാത്തവയും , പേപ്പർ സംഘങ്ങളുമാണ്. എല്ലാ സംഘങ്ങളും പരിശോധിക്കുമ്പോൾ പഞ്ചായത്തിലെ ജനസംഖ്യയുടെ ഏകദേശം 20% ജനങ്ങൾ അംഗങ്ങളാണ്. ഇതിൽ ചില സംഘങ്ങൾ പഞ്ചായത്ത് അതിർത്തിവിട്ട് പ്രവർത്തിക്കുന്നവയാണ്. ജില്ല, താലൂക്ക് നിലവാരത്തിലുള്ള ചില സഹകരണസംഘങ്ങളുടെ ആസ്ഥാനവും നമ്മുടെ പഞ്ചായത്തിലാണ്. അത്തരം സംഘങ്ങൾ ഉൾപ്പെടെയുള്ളവയുടെ വിവരണം പട്ടികയായി ചുവടെചേർക്കുന്നു.

സഹകരണ മേഖല - 1996 -97

[ലഭിച്ച വിവരങ്ങളിൽ നിന്നു മാത്രം]

സഹകരണസ്ഥാപനങ്ങളുടെ പേര്	സ്ഥാപിത വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	ലാഭം/നഷ്ടം
1. പാപ്പനംകോട് സർവ്വീസ് സഹകരണ ബാങ്ക് - LTD NO . 1108	1926	4145	12	10ലക്ഷം	ലാഭം
2. നേമംസർവ്വീസ് സഹകരണ ബാങ്ക് - LTD NO . 3150	1958	3380	4	15ലക്ഷം	ലാഭം
3. പാപ്പനംകോട് ഹൗസിംഗ് സഹകരണ സംഘം - NO. T . 748	1980	456	2	25ലക്ഷം	ലാഭം
4. നേമം-മേലാംങ്കോട് ഹരിജൻ സഹകരണ സംഘം - T .811	1988	626	1	20,000/-	നഷ്ടം
5. നേമം ജോയിന്റ് ഫാമിംഗ് സഹകരണ സംഘം					
6. ട്രാവൻകൂർ ടെക്സ്റ്റയിൽസ് HWISC-LTD. NO. T. 315 നേമം	1979	417	279	5ലക്ഷം	നഷ്ടം
7. ഗോരസ വ്യവസായ സഹകരണ സംഘം - LTD . 2982 ശാന്തിവിള- നേമം	1949	523	നിലവിലില്ല	1ലക്ഷം	നഷ്ടം

സഹകരണസ്ഥാപനങ്ങളുടെ പേര്	സ്ഥാപിത വർഷം എണ്ണം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ മൂലധനം	ഓഹരി	ലാഭം/നഷ്ടം
8. നേമം കൺസ്യൂമർ സഹകരണ സംഘം - T . 443	1974	815	2	1ലക്ഷം	നഷ്ടം
9. വിനായക നഗർ റസിഡൻസ് വെൽഫെയർ കൺസ്യൂമർ സഹകരണ സംഘം - LTD. NO. 947	1987	152	1	1ലക്ഷം	ലാഭം
10. പാപ്പനംകോട് ഹൈസ്ക്കൂൾ ഗ്രൂപ്പ് സഹകരണ സംഘം -NO. T .565	1976	202	ഇല്ല		നഷ്ടം
11. ശ്രീ വരാഹം കൈത്തറി നെയ്ത്ത് സഹകരണ സംഘം LTD. NO. 3466, പാപ്പനംകോട്	1955	110	23	6ലക്ഷം	ലാഭം
12. തിരുവനന്തപുരം ജില്ലാ വികലാംഗ ക്ഷേമ പ്രിന്റിംഗ് & ബയന്റിംഗ് സഹകരണ സംഘം T 947 , ഇൻ. എസ്റ്റേറ്റ്	1981	17	16	50,000/-	ലാഭം
13. തിരുവനന്തപുരം ജില്ലാ വനിതാ പെയിന്റ് നിർമ്മാണ സഹകരണ സംഘംNO - IND. T. 431	1990	25	26	1,38,000/-	നഷ്ടം

സഹകരണസ്ഥാപനങ്ങളുടെ പേര്	സ്ഥാപിത വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	ലാഭം/നഷ്ടം
14.പാപ്പനംകോട് വനിതാ ടെയിലറിംഗ് ആന്റ് ഗാർമെന്റ്സ് മേക്കിംഗ് ഇൻഡസ്ട്രിയൽ സഹകരണ സംഘംLTD.NO .S. IND.(T). 403			ഇല്ല		പ്രവർത്തനം നിറുത്തി നഷ്ടം
15.തിരുവനന്തപുരം താലൂക്ക് സിഡ്കോ വർക്കേഴ്സ് സഹകരണ സംഘം, ഇൻ. എസ്റ്റേറ്റ്					
16.സ്വാതി വ്യവസായ സഹകരണ സംഘം, LTD.NO .S. IND.(T). 661	1996	12	13	1,64,447/-	ലാഭം
17.തിരുവനന്തപുരം പുവർലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്)സഹകരണ സംഘം, LTD.NO .S. IND.(P). 273					നഷ്ടം
18.കളിമൺ വ്യവസായ സഹകരണ സംഘം, നേമം					

സഹകരണസ്ഥാപനങ്ങളുടെ പേര്	സ്ഥാപിത വർഷം എണ്ണം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ മൂലധനം	ഓഹരി	ലാഭം/നഷ്ടം
19. തിരുവനന്തപുരം താലൂക്ക് ITI സർട്ടിഫിക്കേറ്റ് ഹോൾഡേഴ്സ് സഹകരണ സംഘം, NO. 980 മേലാംങ്കോട്	1988	154	2	3,50,000/-	ലാഭം
20. ബിൽഡിംഗ് മെറ്റീരിയൽസ് സഹകരണ സംഘം					
21. അഗ്രികൾച്ചറൽ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സഹകരണ സംഘം, കരുമം					
22. ജോയിന്റ് ഫാമിംഗ് സഹകരണ സംഘം, കൈമനം					

പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന സഹകരണസംഘങ്ങളിൽ പാപ്പനംകോട് സർവ്വീസ് സഹകരണ ബാങ്കും, നേമം സർവ്വീ സഹകരണബാങ്കും വായ്പകൾ നൽകി അംഗ ങ്ങളെ സഹായിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നു. പാപ്പനംകോട് ഹൗസിംഗ് സഹ കരണസംഘം ഹൗസിംഗ് ലോൺ നൽകി സഹകാരികളായ അംഗങ്ങളെ പാർപ്പിട നിർ മ്മിതിക്ക് സഹായിക്കുന്നു. എന്നാൽ നേമം പഞ്ചായത്തിന്റെ ജനസംഖ്യയിൽ 8% വരുന്ന പട്ടികജാതിക്കാരായ സഹകാരികൾക്ക് വേണ്ടി പ്രവർത്തിക്കേണ്ട " നേമം മേലാംങ്കോട് ഹരിജൻ സർവ്വീസ് സഹകരണ സംഘ "ത്തിന് സ്വന്തമായി ആസ്ഥാനവും ഇല്ല ജീവനക്കാരും ഇല്ല.

പഞ്ചായത്തിലെ കർഷകർക്ക് ഏറെ പ്രയോജനപ്പെടുത്തേണ്ട നേമം ജോയിന്റ് ഫാമിംഗ് സഹകരണ സംഘം ഒരു പേപ്പർ സംഘമായാണ് നിലകൊള്ളുന്നത്. മൃഗസംര ക്ഷണമേഖലയ്ക്ക് ഏറെ ഗുണം ചെയ്യുന്നതി നുവേണ്ടി ശാന്തിവിള കേന്ദ്രീകരിച്ച് പ്രവർത്തി ക്കുവാൻ തുടങ്ങിയ ഗോരസ വ്യവസായ സഹ കരണസംഘത്തിന് സ്വന്തമായി 90 സെന്റ് സ്ഥലവും ഒരു U P സ്കൂളും, നഴ്സറി സ്കൂ ളും., ഒരു ഗ്രന്ഥശാലയും ശാന്തിവിളയിൽ ഉണ്ടായിരുന്നിട്ട്പോലും അതിന്റെ പ്രവർത്തനം തൃപ്തികരമല്ല. വ്യവസായ മേഖലയിൽ പ്രവ ർത്തിക്കുന്ന സഹകരണസംഘങ്ങളുടെ പ്രവ ർത്തനം തദ്ദേശവാസികൾക്കുപോലും പ്രയോ ജനകരമല്ലാത്ത അവസ്ഥയിലാണ്. താലൂക്ക്, ജില്ലാ നിലവാരത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ വികലാംഗക്ഷേമ പ്രിന്റിംഗ് സഹകരണ സംഘവും, 1996 - ൽ തന്നെ ആരംഭിച്ച സ്വാതി വ്യവസായ സഹകരണ സംഘവും ഒരു വിധം മെച്ചപ്പെട്ടുവരുന്നതായി തോന്നുന്നു. കൺസ്യൂമർ മേഖലയിൽ പഞ്ചാ യത്തടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന നേമം സർവ്വീസ് സഹകരണസംഘം വൻ നഷ്ട ത്തിലാണ്. സ്വന്തമായി കെട്ടിടമില്ലാത്തതി നാൽ ഒരു വാടകകെട്ടിടത്തിലാണ് സംഘം തുട ങ്ങിയനാൾമുതൽ പ്രവർത്തിച്ചു വരുന്നത്. എന്നാൽ വിനായക നഗർ പ്രദേശത്തു മാത്ര മായി ഒതുങ്ങിനിന്ന് പ്രവർത്തിച്ചു വരുന്ന വിനായകനഗർ റസിഡൻസിയൽ വെൽഫ യർ കൺസ്യൂമർ സംഘം വാടകകെട്ടിടത്തി ലാണ് പ്രവർത്തിക്കുന്നതെങ്കിലും അംഗങ്ങ ളുടെ കൂട്ടായ ഉത്തരവാദിത്വത്തിൽ നഷ്ടമില്ലാ ത്തവിധം പ്രവർത്തിച്ചു വരുന്നു. തിരുവനന്ത പുരം പുവ്വർലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം, കുന്നുകാട് കളിമൺ വ്യവ സായ സഹകരണ സംഘം, ജില്ലാ വനിതാ ടെയിലറിംഗ്ആന്റ് ഗാർമെന്റ്സ് മേക്കിംഗ് ഇൻ ഡസ്ട്രിയൽ സഹകരണ സംഘം എന്നിവ പൂർണമായും നിലച്ചതായാണ് കാണുന്നത്.

നിർദ്ദേശങ്ങൾ

നിലവിൽ നേമം പഞ്ചായത്ത് പ്രദേ ശത്ത് വിവിധ സ്വഭാവത്തോടു കൂടി രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സ്ഥാപനങ്ങളിൽ പ്രവർത്തനം നിലച്ചുപോയവയെ സംബന്ധിച്ച് ഒരു വിശകലനപഠനം ആവശ്യമാണ്.

കാർഷികമേഖലക്ക് ഏറെ പ്രയോജനം ചെയ്യുവാൻവേണ്ടി രൂപീകരിച്ച നേമം ജോയിന്റ് ഫാമിംഗ് സഹകരണസംഘം പഞ്ചാ യത്തിലെ മുഴുവൻ കർഷകർക്കും പ്രയോജ നമാം വിധം പ്രവർത്തനക്ഷമമാക്കുക.

കൺസ്യൂമർ മേഖലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന നേമത്തെ ആദ്യത്തെ കൺസ്യൂമർ സഹകരണസംഘത്തിന് പഞ്ചാ യത്തിൽ നിന്ന് സ്വന്തമായി ഭൂമിയും കെട്ടിടവും അനുവദിച്ച്കൊണ്ട് അതിന്റെ പ്രൂർത്തനം സജീവമാക്കുകയും കൺസ്യൂമർ മേഖലയി ലൂടെ നിത്യോപയോഗ സാധനങ്ങൾ പഞ്ചായ ത്തിന്റെ എല്ലാ ഭാഗത്തും എത്തിച്ച് വിൽപ്പന നടത്തുവാൻ ഒരു മൊബൈൽ കൺസ്യൂമർ സംഘം ആരംഭിക്കുകയുമാവാം.

സ്വന്തമായി കെട്ടിടമില്ലാത്ത പഞ്ചായ ത്തിലെഏക ഹരിജൻ സഹകരണസംഘമായ മേലാംകോട് ഹരിജൻ സഹകരണസംഘ ത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് പുറംപോക്കിൽ നിന്ന് സ്ഥലം അനുവദിക്കേണ്ടതാണ്.

തൊഴിൽ രഹിതരായ യുവതീയുവാക്ക ൾക്ക് തൊഴിൽ സാദ്ധ്യത ഉണ്ടാക്കുന്നതിലേ ക്കായി വ്യവസായ സഹകരണ സംഘങ്ങൾ (വനിതകൾക്ക് മാത്രം പങ്കാളിത്തമുള്ളതുമാ കാം) എല്ലാ വാർഡുകൾക്കുമായോ ചില

വാർഡുകൾ സംയോജിപ്പിച്ചുകൊണ്ടോ രൂപീകരിക്കാവുന്നതാണ്. ഇഷ്ടികനിർമ്മാണം കൂടുതലായിട്ടുള്ള കോലിയക്കോട് വാർഡ് കേന്ദ്രീകരിച്ച് ഒരു ഇഷ്ടികനിർമ്മാണ സഹകരണ സംഘം അത്യാവശ്യമാണ്. അതൊടൊപ്പം കെട്ടിടനിർമ്മിതി തൊഴിലാളികൾ കൂടുതലായുള്ള പഞ്ചായത്തിൽ ഒരു കെട്ടിടനിർമ്മിതി തൊഴിലാളി ക്ഷേമ സഹകരണസംഘം രൂപീകരിക്കാൻ ശ്രമിക്കേണ്ടതാണ്.

കോഴിവളർത്തൽ ധാരാളമുള്ള പഞ്ചായത്തായതിനാൽ അത്തരം മേഖലയ്ക്ക് ഒരു സഹകരണസംഘം അത്യാവശ്യമായിരിക്കുന്നു. നിലവിലുള്ള ഗോരസ സഹകരണസംഘത്തിന്റെ പരിധി കൂടാതെ മറ്റ് പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഒരു ക്ഷീര സഹകരണസംഘവും വളരെ അത്യാവശ്യമാണ്. ഇങ്ങനെ വിവിധ സ്വഭാവത്തിലുള്ള സഹകരണസംഘങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യങ്ങൾ മിക്കവാറും വാർഡുകളിലെ ഗ്രാമസഭകളിൽ ഉയർന്നിരുന്നു.

ഈ സംഘങ്ങൾ രൂപീകരിക്കുന്നതു മുഖാന്തിരം പുതിയ തൊഴിൽ മേഖലകൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാല്ലയ്മയ്ക്ക് ഒരാശ്വാസവുമാകും. സഹകരണസംഘങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന വായ്പകൾക്കുള്ള പലിശ അമിതമാണെന്ന് ആക്ഷേപം പരെക്കെയുണ്ട്. ഇതിനും പരിഹാരമുണ്ടാകണം.

സംഘങ്ങളിലെ നിക്ഷേപം വർദ്ധിച്ചുകൊണ്ടല്ലാതെ വിവിധ ഉൽപാദനമേഖലകളിൽ കൂടുതൽ തുക മുതൽമുടക്കാൻ, തൊഴിലവസരങ്ങളുണ്ടാക്കാൻ കഴിയില്ല. ഇന്നത്തെ നിക്ഷേപ സമാഹരണരീതി കൂടുതൽ വിപുലീകരിക്കേണ്ടത് പഞ്ചായത്തിന്റെ സഹായത്തോടെ അതാതു പ്രദേശത്തുനിന്നും പുറം നാടുകളിൽ പണിയെടുക്കുന്നവരിൽനിന്നും നിക്ഷേപങ്ങൾ സമാഹരിക്കാനുള്ള ശ്രമം ഗ്രാമപഞ്ചായത്തിന്റെ അജണ്ടയിൽ വണ്ടേതുണ്ട്. റിസർവ്വ് ബാങ്ക് രാഷ്ട്രത്തിന്റെ ബാങ്കെന്നതുപോലെ അതുപ്രദേശത്തെ സഹകരണ ബാങ്ക് പ്രാദേശിക ഗവൺമെന്റായ പഞ്ചായത്തിന്റെ ബാങ്കായി പരിണമിക്കേണ്ടതാണ്.

പൊതു വിതരണ മേഖല

പൊതു വിതരണ രംഗത്ത് റേഷൻകടകളാണ് നാട്ടിൻ പുറങ്ങളിൽ ജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുന്ന പ്രധാനഘടകം. കേരളത്തിൽ റേഷൻ ഷോപ്പുകളുടെ പ്രവർത്തനം ആരംഭിച്ച കാലഘട്ടം മുതൽതന്നെ നേമം ഗ്രാമ പഞ്ചായത്ത് പ്രദേശത്തും അവയുടെ പ്രവർത്തനം ആരംഭിച്ചിരുന്നു. ഏകദേശം 3 വർഷങ്ങൾക്ക് മുൻപ് 'റേഷൻ ഡിപ്പോ' എന്ന പേരിൽ പ്രവർത്തിച്ചിരുന്നവ ഇന്ന് 'പൊതു വിതരണ കേന്ദ്ര'ങ്ങളായിട്ടാണ് അറിയപ്പെടുന്നത്.

നമ്മുടെ പഞ്ചായത്തിൽ 28 പൊതു വിതരണ കേന്ദ്രങ്ങൾ വിവിധ ഭാഗങ്ങളിലായിപ്രവർത്തിക്കുന്നു. അവയുടെ നടത്തിപ്പുകാർ പകുതിയിലേറെ പേരും മറ്റ് തൊഴിലുകളോ വേറെ, വരുമാനമാർഗ്ഗങ്ങളോ ഇല്ലാത്തവരാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 97% ത്തിലധികം പേരും പൊതു വിതരണകേന്ദ്രം വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടേയും മറ്റും ഗുണഭോക്താക്കളാണ്. ഏകദേശം ഒൻപതിനായിരത്തിലധികം റേഷൻ കാർഡുകൾ ഉണ്ട്. കാർഡുകളിലൂടെ അരി, ഗോതമ്പ്, റവ, മൈദ, പഞ്ചസാര, തുടങ്ങിയ ഭക്ഷ്യവസ്തുക്കളും മണ്ണെണ്ണയും വിതരണം ചെയ്തു വരുന്നു. മുമ്പു പാംഓയിൽ, പയറുവർഗ്ഗങ്ങൾ എന്നിവ വിതരണം ചെയ്തിരുന്നു. നേമം പഞ്ചായത്തിൽ.

നിലവിലെ പൊതു വിതരണകേന്ദ്രങ്ങളെക്കുറിച്ചുള്ള ഒരു ലഘുവിവരത്തിന്റെ ടേബിൾ താഴെ കൊടുക്കുന്നു.

കേന്ദ്രങ്ങളിൽ നിന്നും ലഭിച്ച വിവരത്തിനടിസ്ഥാനമാക്കി നേമം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൊതു വിതരണ കേന്ദ്രങ്ങൾ കൂടാതെ സ്വാകര്യ നിലയിൽ ധാരാളം പ്രൊവിഷൻ സ്റ്റോറുകളും മറ്റ് പലതരം ഭക്ഷ്യ വിതരണ കേന്ദ്രങ്ങളും ഉണ്ട്. പഞ്ചായത്തിൽ രണ്ട് കൺസ്യൂമർ സഹകരണ സംഘങ്ങൾ നേമം, നീറമൺകര, എന്നീ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. മുൻമ്പ് സിവിൽ സപ്ലൈ മൊബൈയിൽ മാവേലിസ്റ്റോർവഴി ഉപഭോക്താക്കൾക്ക് സാധനങ്ങൾ വിതരണം ചെയ്തിരുന്നു ഇപ്പോൾ അവ പ്രവർത്തിക്കുന്നില്ല.

പച്ചക്കറി വിതരണ രംഗത്തു സ്വകാര്യ വ്യക്തികൾ നടത്തി വരുന്ന ചില കേന്ദ്രങ്ങൾ ഉണ്ട്. അവയിലൂടെ അമിത വില നൽകി വാങ്ങേണ്ട അവസ്ഥയാണ് ഉള്ളത്. മൽസ്യം, ഇറച്ചി തുടങ്ങിയ ഭക്ഷ്യയിനങ്ങൾ വില്പന നടത്തുന്ന പ്രധാനപ്പെട്ട രണ്ട് കേന്ദ്രങ്ങൾ പാപ്പനംകോട്, കാരയ്ക്കാമണ്ഡപം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ വില്പന കേന്ദ്രങ്ങൾ യാതൊന്നും നിലവിൽ ഇല്ല

നിർദ്ദേശങ്ങൾ

നേമം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ പൊതുവിതരണ കേന്ദ്രങ്ങളും പഞ്ചായത്ത് നിയന്ത്രണത്തിലാക്കുക. ഓരോ വാർഡിലും കുറഞ്ഞത് രണ്ട് കേന്ദ്രം വീതം അനുവദിക്കുക.

ഗുണഭോക്താക്കൾക്ക് അത്യാവശ്യമുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും പൊതുവിതരണ കേന്ദ്രത്തിലൂടെ തന്നെ വിതരണം ചെയ്യുക.

പഞ്ചായത്ത് തലത്തിൽ കുറഞ്ഞതും ഒരു മാവേലിസ്റ്റോറെങ്കിലും സ്ഥാപിക്കുക.

മുൻപ് ഇൻ:എസ്റ്റേറ്റ് വരെ വന്നുകൊണ്ടിരുന്ന മൊബൈൽ മാവേലിസ്റ്റോർ പുനസ്ഥാപിക്കുകയും, അവ പഞ്ചായത്തിലൊട്ടാകെ സഞ്ചരിക്കുവാൻ വേണ്ട നടപടിയും സ്വീകരിക്കണം.

പാപ്പനംകോട് പ്രദേശത്ത് ഒരു പൊതുചന്ത അത്യാവശ്യമാണ്.നത്തിൽ തുറക്കുന്നതിനുള്ള സഹായം നൽകുക.

പഞ്ചായത്ത് കേന്ദ്രീകരിച്ച് എല്ലാവിധ ഉല്പന്നങ്ങളും വിതരണം ചെയ്യുന്നതിന് ഒരു ഷോപ്പിംഗ് കോംപ്ലക്സ് അനുവദിക്കണം.

പൊതുവിതരണ സംവിധാനം – 1995–96

പൊതു വിതരണ കേന്ദ്രം. നമ്പർ		കാർഡുടമകൾ			ഗുണഭോക്താക്കളുടെ എണ്ണം	വിതരണംചെയ്ത ഭക്ഷ്യവസ്തുക്കൾ[ക്വിന്റൽ]						വിതരണംചെയ്ത മണ്ണെണ്ണ		
		NE	E	ആകെ		അരി	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	ആകെ	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റ് വഴി വിതരണം ചെയ്ത ലിറ്റർ	കാർഡ് വഴി വിതരണം ചെയ്ത ലിറ്റർ
TRL	42	103	359	462	3625	320	240	12	30	47	719	85	1105	1338
TRL	45	102	280	382	1653	448	467	36	11	766	1728	70	1068	5100
TRL	256	51	334	385	1602	317	183	3	10	41	554	143	14400	5490
TRL	47	73	239	312	1516	316	206	3	20	41	586	58	2900	10612
TRL	43	59	272	331	1415	1970	835	6	20	40	2871	117	4034	6270
TRL	282	77	165	242	1024	516	195	6	24	48	789	63	7692	8580
TRL	235	26	495	521	2143	150	120	00	00	85	355	194	2977	1120

പൊതു വിതരണ കേന്ദ്രം. നമ്പർ		കാർഡുടമകൾ			ഗുണഭോക്താക്കളുടെ എണ്ണം	വിതരണംചെയ്ത ഭക്ഷ്യവസ്തുക്കൾ[കിന്റൽ]						വിതരണംചെയ്ത മണ്ണെണ്ണ		
		NE	E	ആകെ		അരി	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	ആകെ	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റ് വഴി വിതരണം ചെയ്ത ലിറ്റർ	കാർഡ് വഴി വിതരണം ചെയ്ത ലിറ്റർ
TRL	250	35	228	263	1052	367	58	-	-	273	698	72	1520	7424
TRL	58	98	131	229	979	128	80	-	4	26	238	54	6000	4170
TRL	280	111	152	263	1144	384	109	3	16	34	646	32	2314	6081
TRL	53	74	334	408	1647	344	151	-	-	380	875	93	6767	3506
TRL	49	70	261	331	1409	720	288	6	32	101	1147	47	63142	20222
TRL	57	118	405	523	2631	772	308	6	17	77	1180	115	11202	10644
TRL	54	123	332	455	1948	530	380	6	24	93	1033	79	11640	15240

പൊതു വിതരണ കേന്ദ്രം. നമ്പർ		കാർഡുടമകൾ			ഗുണഭോക്താക്കളുടെ എണ്ണം	വിതരണംചെയ്ത ഭക്ഷ്യവസ്തുക്കൾ[കിന്റൽ]						വിതരണംചെയ്ത മണ്ണെണ്ണ		
		NE	E	ആകെ		അരി	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	ആകെ	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റ് വഴി വിതരണം ചെയ്ത ലിറ്റർ	കാർഡ് വഴി വിതരണം ചെയ്ത ലിറ്റർ
TRL	279	80	200	280	1187	310	190	6	24	56	586	92	14820	9600
TRL	354	107	138	245	1893	360	120	10	30	40	560	60	760	8400
TRL	236	83	327	410	1792	720	310	6	24	86	1146	97	15960	12828
TRL	251	120	187	307	1512	450	150	-	-	38	638	38	531	974
TRL	51	69	318	387	1725	510	322	10	112	104	1058	182	30924	13518
TRL	44	69	327	396	1759	165	130	11	55	75	436	191	28996	10989
TRL	281	73	181	254	1305	50	91	3	15	35	194	37	3587	4717

പൊതു വിതരണ കേന്ദ്രം. നമ്പർ		കാർഡ്യുടമകൾ			ഗുണഭോക്താക്കളുടെ എണ്ണം	വിതരണംചെയ്ത ഭക്ഷ്യവസ്തുക്കൾ[കിന്റൽ]						വിതരണംചെയ്ത മണ്ണെണ്ണ		
		NE	E	ആകെ		അരി	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	ആകെ	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റ് വഴി വിതരണം ചെയ്ത ലിറ്റർ	കാർഡ് വഴി വിതരണം ചെയ്ത ലിറ്റർ
TRL	313	105	188	293	1415	720	288	9	21	66	1104	41	2304	2704
TRL	56	84	289	373	1635	860	350	12	48	700	1970	127	15500	1060
TRL	55	94	263	357	1513	343	248	7	32	46	676	121	10141	6049
TRL	32	78	343	421	1778	720	200	30	50	84	1084	93	15960	12140
		2082	6748											
Total		2082	6748	8830	41302	12560	6119	785	3787	3793	27044	2301	290544	188776

പട്ടികജാതി പട്ടികവർഗ്ഗ വികസനം

കേരളത്തിനെ "ഭ്രാന്താലയം " എന്ന് സ്വാമീ വിവേകാനന്ദൻ വിശേഷിപ്പിക്കാൻ ഇടയായ സാമൂഹ്യ അസമത്വങ്ങളുടെ എല്ലാ രൂക്ഷതയും നിലനിന്നിരുന്ന ഒരു പ്രദേശമായിരുന്നു ഒരു കാലത്ത് നേമം പഞ്ചായത്ത്. തൊട്ടുകൂടായ്മയുടേയും - തീണ്ടിക്കൂടായ്മയുടേയും തിക്ത അനുഭവങ്ങൾ ഉള്ള പഴയ തലമുറയിലെ ചിലരെങ്കിലും ഇപ്പോഴും ജീവിച്ചിരിക്കുന്നു. പട്ടികജാതി വിഭാഗങ്ങൾക്കെതിരായി നടന്ന ക്രൂരമായ അടിച്ചമർത്തലുകളുടെ ഓർമ്മകൾപോലും അവരെ വിറകൊള്ളിക്കുന്നു. സ്വാതന്ത്യലബ്ദിക്ക് ശേഷവും ഈ ക്രൂരതകൾ ഇവിടെ നടമാടിയിരുന്നു. ചായക്കടകളിൽ കയറി ചായകുടിക്കാൻ ഈ വിഭാഗത്തിന് തൊള്ളായിരത്തി അമ്പതുകളിൽപോലും അവകാശമുണ്ടായിരുന്നില്ല. ഇതിനെതിരായി പഞ്ചായത്തിൽ ശക്തമായ സമരങ്ങളും സംഘട്ടനങ്ങളും നടന്നിട്ടുണ്ട്. പുരോഗമന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ചായക്കടകളിൽ പട്ടികജാതിവിഭാഗങ്ങളെ കയറ്റുന്നതിന് വേണ്ടിയുള്ള പോരാട്ടങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. അതിനെല്ലാം സവർണ്ണ സമുദായങ്ങളിൽ നിന്നും വളർന്നുവന്ന പുരോഗമന ചിന്താഗതിക്കാരുടെ നേതൃത്വവും സഹായവും ഉണ്ടായിരുന്നു എന്നത് പ്രത്യേകം പരാമർശിക്കേണ്ടതാണ്.

പുരോഗമന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ നടന്ന സമരങ്ങളുടെയും ചെറുത്ത് നിൽപ്പിന്റേയും ഫലമായി ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. പഴയ കാലത്തെ അസമത്വങ്ങൾക്ക് അവസാനം കുറിയ്ക്കാൻ കഴിഞ്ഞത് 1957 ലെ ഭൂപരിഷ്കരണ നിയമങ്ങൾ ആണ്. കാരണം പഞ്ചായത്തിലെ പലഭാഗങ്ങളിലും സ്വന്തമായി ഭൂമി നേടുവാൻ ഹരിജനങ്ങളെ സഹായിച്ചു.

ധീരമായ ചെറുത്ത് നിൽപ്പുകളിലൂടെയും ഐതിഹാസികമായ സമരങ്ങളിലൂടെയും തനതായ വ്യക്തിത്വം നേടിയെടുക്കുവാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. മറ്റ് വിഭാഗങ്ങളുമായി സൗഹാർദ്ദത്തോടും സമഭാവനയോടും ഇടപഴകുന്നതിന് ഇന്ന് കഴിയുന്നുണ്ട്. ജാതിപരമായ ഉച്ചനീചത്വങ്ങൾക്ക് പൊതുവേ ദൃശ്യമല്ല. എന്നാൽ ചുരുക്കം ചില പ്രദേശങ്ങളിൽ ഈ വിഭാഗങ്ങൾ ബോധപൂർവ്വം അവഗണിക്കപ്പെടുന്നു. ഈ വിഭാഗക്കാരുടെ വിവാഹം, മറ്റു ചടങ്ങുകൾ എന്നിവയിൽ ഇതര സമുദായക്കാർ പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്യുന്നുണ്ട്. ഇവരുടെ കുടുംബങ്ങളിൽ നിന്നും മറ്റ് സമുദായ അംഗങ്ങൾ ആഹാരംകഴിയ്ക്കുകയും അവരുടെ വീടുകളിൽ നിന്ന് ആഹാരം നല്കുകയും ചെയ്യുന്നു. ജാതിപറഞ്ഞ് വിളിക്കുന്ന രീതി നമ്മുടെ പഞ്ചായത്തിൽ പൊതുവേ നിലവിൽ ഇല്ല.

വിദ്യാഭ്യാസപരമായി ബഹുഭൂരിപക്ഷവും ഇന്നും വളരെ പിന്നിലാണ്. നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം 469 വിദ്യാർത്ഥികൾ ഈ പഞ്ചായത്തിലെ വിവിധ ഔപചാരിക വിദ്യാഭ്യസകേന്ദ്രങ്ങളിൽ വിദ്യാഭ്യാസം നേടുന്നു. 269 ആൺകുട്ടികളും 200 പെൺകുട്ടികളും. ഒരു ചെറിയശതമാനം കുട്ടികൾ പഞ്ചായത്തിന് പുറത്തുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ട്. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ഈ വിഭാഗത്തിൽ നിന്നും വളരെക്കുറച്ച് വിദ്യാർത്ഥികൾക്ക് മാത്രമാണ് സൗകര്യം ലഭിക്കുന്നത്. L.P.S., U.P.S., H.S തുടങ്ങിയ ക്ലാസ്സുകൾ പരിശോധിക്കുകയാണെങ്കിൽ ഒരോഘട്ടത്തിലും കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് വളരെ കൂടുതലാണെന്ന് വ്യക്തമാകും. ഹൈസ്കൂൾ വിദ്യാഭ്യസത്തിന് ശേഷം ഉന്നതവിദ്യാഭ്യാസത്തിന് പലർക്കും സൗകര്യം ലഭിക്കുന്നില്ല എന്ന് കാണാൻ കഴിയും. പ്രൊഫഷണൽ സാങ്കേതിക കോഴ്സുകളിൽ പഠനം നടത്തുന്നവരുടെ സംഖ്യ വളരെകുറവാണ്. വിരലിൽ എണ്ണാവുന്ന ചില ഗവേഷണ വിദ്യാർത്ഥികൾ നമ്മുടെ പഞ്ചായത്തിൽ ഈ വിഭാഗത്തിലുണ്ട്. സാക്ഷരതാനിലവാരം ഉയർത്തുന്നതിന് വേണ്ട ശ്രമങ്ങൾ തുടരേണ്ടതുണ്ട്.

ബഹുഭൂരിപക്ഷംപേരും തൊഴിൽ രഹിതരാണ്. പാരമ്പര്യതൊഴിലുകൾ പിൻതുടരാൻ പറ്റാത്ത ഒരു സാഹചര്യം ആണ് നിലനിൽക്കുന്നത്. നെൽകൃഷിയുടെ തകർച്ചയും, നിലം നികത്തുന്നതും കാർഷിക രംഗത്ത് ജോലിയെടുക്കുന്നവരുടെ എണ്ണം വളരെ കുറച്ചിട്ടുണ്ട്. അതു പോലെതന്നെ ജനസാന്ദ്രത കൂടിയതിനാൽ റസിഡൻഷ്യൽ പ്രദേശങ്ങൾ വർദ്ധിച്ചുവരുന്നു. ഇത് കൃഷിഭൂമി ഇല്ലാതാകുന്നതിന് കാരണമായിട്ടുണ്ട്. കെട്ടിട നിർമ്മാണരംഗത്തും, അലക്ക്, തെങ്ങുകയറ്റം, മറ്റ് കൂലിപ്പണികൾ തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ ഉണ്ട് സർക്കാർ സർവ്വീസിൽ ജോലി ചേയ്യുന്നവർ 2% താഴെമാത്രമെ വരികയുള്ളൂ.

ദാരിദ്ര്യം അനുഭവിക്കുന്നവർ ഈ മേഖലയിലുണ്ട്. ദാരിദ്ര്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ സ്വീകരിക്കുന്ന സഹായങ്ങൾ വേണ്ട വിധത്തിൽ ഈ മേഖലയിൽ ഉപയോഗിക്കപ്പെടുന്നില്ല. IRDP പോലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്താൻ ഈ രംഗത്ത് കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

ചാനൽ പുറമ്പോക്കുകളിൽ താമസിക്കുന്നവരെപുനരധിവസിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം. കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. സാനിട്ടറി സൗകര്യങ്ങൾ ഇപ്പോഴും പല കോളനികളിലും കുറവാണ്. സംസ്കാരിക പ്രവർത്തനങ്ങൾക്കും മറ്റുള്ള സൗകര്യങ്ങൾ കോളനികളിൽ ഇല്ല.

നിലവിലുള്ള പദ്ധതികളുടെ അവലോകനം

I പരിപാടിയുടെ പേര്: പട്ടികജാതി സങ്കേതങ്ങളുടെ തീവ്രവികസനം

ലക്ഷ്യം:

ഏറ്റവും പിന്നോക്കം നില്ക്കുന്ന പട്ടികജാതി അധിവാസ സങ്കേതങ്ങളെ വിവിധ വികസന വകുപ്പുകളുടെ പദ്ധതി ഏകോപിപ്പിച്ചു നടപ്പാക്കുകയെന്നതാണ് ലക്ഷ്യം.

ഗുണഭോക്താവ്: തെരെഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി അധിവാസ കേന്ദ്രങ്ങളിലെ താമസക്കാർ

ലഭിക്കുന്ന സഹായം: ഗുണഭോക്താക്കളുടെ ആവശ്യം കണക്കിലെടുത്ത് ആനുകൂല്യങ്ങൾ ബന്ധപ്പെട്ട എല്ലാവകുപ്പുകളും ചേർന്ന് തയ്യാറാക്കുന്ന ആക്ഷൻ പ്ലാൻ പ്രകാരം ലഭ്യമാക്കും.

മറ്റു വിവരങ്ങൾ : തെരഞ്ഞെടുക്കപ്പെടുന്ന സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വികസന പരിപാടികൾ ആണ് നടപ്പാക്കുന്നത്. കൃഷി, ഗ്രാമവികസനം, മൃഗസംരക്ഷണം ക്ഷീരവികസനം തുടങ്ങളിയ സാമ്പത്തിക പരിപാടികൾക്ക് പുറമേ കുടിവെള്ളം, ഭവന നിർമ്മാണം, വൈദ്യുതീ

പട്ടികജാതി കോളനികൾ

ക്രമനമ്പർ	പേര്	കുടുംബങ്ങളുടെ എണ്ണം
1	കരുമം	16
2	കോലിയക്കോട്	21
3	നീറമൺകര (1993-94)	16
4	പൊന്നുമംഗലം	20
5	കല്ലുവിളക്കോണം	32
6	വയലിൽ-മണ്ണാംവിള- കോലിയക്കോട്	14
7	കുളക്കുടിയൂർക്കോണം	15

കരണം റോഡു നിർമ്മാണം തുടങ്ങിയ പരിപാടികളും ആക്ഷൻ പ്ലാൻ അനുസരിച്ച് നടപ്പാക്കും.

1991 ലെ കനേഷുമാരി കണക്കനുസരിച്ചുള്ള പട്ടികജാതികോളനികളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. നീറമൺകര 44-ാം കോളനി ഐ. എച്ച്. ഡി.പി. പട്ടികജാതി കോളനികളായി അംഗീകരിച്ചിട്ടുണ്ട്. ഇനിയും പലപ്രദേശങ്ങൾ പട്ടികജാതി കോളനികളായി അംഗീകരിക്കേണ്ടതായിട്ടുണ്ട് . ആ പ്രദേശങ്ങളിൽ അടിസ്ഥാനപ്രശ്നങ്ങൾക്ക് ഗ്രാമപഞ്ചായത്ത് മുൻകൈയെടുത്ത് പദ്ധതികൾ തയ്യാർ ചെയ്യേണ്ടതാണ്.

II ഭവനനിർമ്മാണം: സംയോജിത ഭവന നിർമ്മാണ പദ്ധതി ഏജൻസി/തലം - ബ്ലോക്ക് പഞ്ചായത്ത്

ലക്ഷ്യം : ഭവനരഹിതരായവരും സ്വന്തമായി ഭൂമി കൈവശം ഉള്ളവരുമായ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിന് സൗജന്യമായി ധനസഹായം നൽകുക.

ഗുണഭോക്താവ്: 8000/- രൂപയിൽ കൂടാതെ വാർഷിക വരുമാനമുള്ള പട്ടകജാതിയിൽപ്പെട്ട കുടുംബം ലഭിക്കുന്ന സഹായം:
15000/- രൂപ ഭവന നിർമ്മാണത്തിനും മറ്റ് അനുബന്ധസൗകര്യങ്ങൾക്കും

മറ്റുവിവരങ്ങൾ: ഭവനനിർമ്മാണത്തിനോടൊപ്പം കക്കൂസ് പണി നിർബന്ധമാക്കിയിട്ടുണ്ട്. ധനസഹായം 3 ഗഡുക്കളായി നൽകുന്നു.

നിലവിലുള്ള ഈ പദ്ധതിയുടെ നടത്തിപ്പ് വളരെ ശ്രദ്ധയോടുകൂടി പരിശോധിക്കപ്പെടണം. ഈ സഹായം അർഹതയുള്ളവർക്ക് ലഭ്യമാക്കുന്നതിന് ഗ്രാമസഭകൾ ശ്രദ്ധിക്കണം. സഹായത്തുക ഇപ്പോൾ 22000/- രൂപയായി വർദ്ധിപിപിച്ചിട്ടുണ്ട്. ഈ തുകയും പരിമിതമാണ് എന്ന അഭിപ്രായമുണ്ട്. ഈ പദ്ധതിക്കുവേണ്ടിയുള്ള സാധനസാമഗ്രികൾ പഞ്ചായത്ത് നേരിട്ട് കുറഞ്ഞ വിലയ്ക്ക് ഗുണഭോക്താവിന് എത്തിച്ച് നൽകിയാൽ നിലവിലുള്ള പരാതികൾക്ക് അറുതിവരുത്താം. ഇതിന്റെ പണി നടത്തിക്കുന്നതിന് സന്നദ്ധസേവനങ്ങൾ നൽകുന്നതിന് വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഇപ്പോൾ പണി നടത്തികഴിഞ്ഞാണ് ഓരോ ഘട്ടത്തിലും തുക നൽകുന്നത്. ഇത് ഗുണഭോക്താവിന് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. പലപ്പോഴും പലിശയ്ക്ക് പണമെടുത്താണ് പണി ആരംഭിക്കുന്നത്. അതിനാൽ സഹായ തുക മുൻകൂറായി നൽകുന്നതിന് വേണ്ട നടപടികൾ ഉണ്ടാക്കണം. അങ്ങനെ നൽകുന്ന തുക ഉപയോഗിച്ചില്ലെങ്കിൽ അത് ഈടാക്കുന്നതിന് കർക്കശമായ നടപടികൾ സ്വീകരിക്കണം.

IAY, JRY, MWS തുടങ്ങിയവ പ്രകാരം

IAY പദ്ധതി പ്രകാരം നല്കിയ വീടുകൾ

വാർഡിന്റെ നമ്പർ	വാർഡിന്റെപേര്	1989-90	1990-91	1991-92	1992-93	1993-94	1994-95	1995-96
1	ഓഫീസ്					1		
2	പൊന്നുമംഗലം	1	1		1	2		
3	നടുവത്ത്							
4	മേലാങ്കോട്			1		1		
5	കരുമം							1
6	ഇടഗ്രാമം							2
7	കോളേജ്	1	1	1		1		1
9	ഗ്യാരേജ്	1				1		
10	പാപ്പനംകോട്	1				1		
11	ഹൈസ്കൂൾ							2
12	കോലിയക്കോട്	3	1					
13	എസ്റ്റേറ്റ്		2			1		1
14	പൂഴിക്കുന്ന്		2		2			
15	നേമം		1		1	1		1

JRY വീടുകൾ
പഞ്ചായത്ത് മുഖേന നൽകിയവ

ക്രമ നമ്പർ	വാർഡു നമ്പർ	വാർഡിന്റെപേര്	1989-90	1990-91	1991-92	1992-93	1993-94	1994-95	1995-96
1	I	ആഫീസ്				2			
2	II	പൊന്നുമംഗലം	1	1			2		
3	III	നടുവത്ത്	1				1		
4	IV	മോങ്കോട്	1		1		4	1	
5	V	കരുമം		1			1	1	
6	VI	ഇടഗ്രാമം				1			
7	VII	കോളേജ്	2			1			
8	VIII	കൈമനം							
9	IX	ഗ്യാരേജ്		1			1		
10	X	പാപ്പനംകോട്	1			1			
11	XI	ഹൈസ്ക്കൾ	2			1			
12	XII	കോലിയക്കോട്	4	1		1			2
13	XIII	എസ്റ്റേറ്റ്				1	1		
14	XIV	പൂഴിക്കുന്ന്	5			1	1		
15	XV	നേമം	2	1					

MWS പദ്ധതിപ്രകാരം നൽകിയ വീടുകൾ

വാർഡു നമ്പർ	വാർഡിന്റെപേര്	1990-91	1992-93	1994-95
1	ഓഫീസ്	1		
2	പൊന്നുമംഗലം	3		1
3	നടുവത്ത്			
4	മേലാങ്കോട്	1		3
5	കരുമം			
6	ഇടഗ്രാമം			
7	കോളേജ്			1
8	കൈമനം			
9	ഗ്യാരേജ്		1	
10	പാപ്പനംകോട്			
11	ഹൈസ്ക്കൂൾ			1
12	കോലിയക്കോട്	1		
13	എസ്റ്റേറ്റ്	3	2	4
14	പൂഴിക്കുന്നു		1	
15	നേമം			1

പഞ്ചായത്ത് മുഖേനയും., ബ്ലോക്ക് മുഖേനയും മുൻ വർഷങ്ങളിൽ നൽകിയിട്ടുള്ള വീടുകളുടെ പട്ടികകൾ ചേർക്കുന്നു.

ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി

ഏജൻസി/തലം - ബ്ലോക്ക് പഞ്ചായത്ത്

ലക്ഷ്യം: ഭൂരഹിതരും, ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് നാല് സെന്റ് സ്ഥലവും ഭവന നിർമ്മാണ ധനസഹായവും

ഗുണഭോക്താവ്: 8000/- രൂപയിൽ കൂടാതെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബം

ലഭിക്കുന്ന സഹായം:

1 1000/-രൂപ 4 സെന്റ് സ്ഥലം

2. 15000/- രൂപ ഭവനനിർമ്മാണ ധനസഹായം

മറ്റുവിവരങ്ങൾ: സ്വന്തമായി ഭൂമിയുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പടുത്തുന്നതല്ല.

ധന സഹായം മൂന്ന് ഗഡുക്കളായി നൽകുന്നു.

ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഭൂരഹീതരായ പട്ടികജാതി വിഭാഗക്കാരെ വ്യക്തമായി മനസ്സിലാക്കണം. കാരണം ഭൂമിയുള്ളവർ പോലും ഈ സഹായം നേടിയിട്ടുണ്ട്. അതിനാൽ തെരഞ്ഞടുപ്പ് കർശനമാക്കണം. അതുപോലെ സഹായധനം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഭൂമിയുടെ വിലവർദ്ധനവും, കെട്ടിടനിർമ്മാണസാധനങ്ങളുടെ വിലവർദ്ധനവും കാരണം നൽകുന്ന തുക പര്യാപ്തമല്ല.

ചാനൽകരയലും, റോഡരികിലും താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഈ പദ്ധതി ഗ്രാമപഞ്ചായത്ത് തന്നെ ഭൂമി വാങ്ങുന്നതിനും, ഭവനം നിർമ്മിക്കുന്നതിനുമുള്ള മേൽനോട്ടം വഹിക്കേണ്ടതാണ്. ഈ രംഗത്ത് സന്നദ്ധ സംഘടനകളുടേയും ബഹുജനസംഘടനകളുടേയും സേവനങ്ങൾ ഉപയോഗപ്പെടുത്തിയാൽ നിർമ്മാണപ്രവർത്തനങ്ങളിലുള്ള ചെലവ് കുറയ്ക്കാൻ സാധിക്കും.

ഭവനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ഏജൻസി/തലം- ബ്ലോക്ക് പഞ്ചായത്ത്

ലക്ഷ്യം: ഈ പദ്ധതി പ്രകാരം കുളിമുറി, കക്കൂസ്, അഴുക്ക് ചാനലുകൾ എന്നിവയുടെ നിർമ്മാണത്തിനും വൈദ്യുതീകരണത്തിനും കൂടാതെ വെള്ളകെട്ട് പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതിക്കാരുടെ വീടും ഭൂമിയും സംരക്ഷിക്കുന്നതിനും ധനസഹായം ലഭിക്കുന്നതാണ്.

ഗുണഭോക്താവ് : പട്ടികജാതിക്കാർ

പ്രാഥമികമായ ഈ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള സഹായം വേണ്ടവരുടെ എണ്ണം വളരെ കൂടുതലാണ്. പലപ്പോഴും ഈ പദ്ധതി വേണ്ടവണ്ണം ഉപയോഗപ്പെടുന്നില്ല. സാനിട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള ഈ സഹായം ഗ്രാമസഭകളിൽ ചർച്ചചെയ്യുകയും ആവശ്യക്കാരെ കണ്ടെത്തുകയും വേണം. വൈദ്യുതീകരണത്തിന് നൽകുന്ന സഹായം വർദ്ധിപ്പിക്കേണ്ടതാണ്.

നിർദ്ധനരായ പട്ടികജാതിക്കാർക്ക് ചികിത്സക്കും വിവാഹത്തിനും ധനസഹായം

ഏജൻസി/തലം - ഗ്രാമപഞ്ചായത്ത്

ലക്ഷ്യം : പട്ടികജാതിയിൽപ്പെട്ട ദരിദ്രരായ പെൺകുട്ടികളുടെ വിവാഹസംബന്ധമായ ചെലവ്കൾക്ക് 2000/- രൂപ നിരക്കിൽ മാതാപിതാക്കൾക്കോ രക്ഷിതാക്കൾക്കോ ധനസഹായം നൽകുന്നതാണ്. പാവപ്പെട്ട പട്ടികജാതിക്കാർക്ക് ഓപ്പറേഷൻ ഉൾപ്പെടെ ചെലവേറിയ ചികിത്സാസൗകര്യങ്ങൾ നൽകുന്നതിനും സഹായം നൽകുന്നുണ്ട്.

ഗുണഭോക്താവ് : പാവപ്പെട്ട പട്ടികജാതിക്കാർ

ഇത്തരത്തിലുള്ള ധനസഹായങ്ങളെക്കുറിച്ച് പട്ടികജാതി വിഭാഗക്കാർക്ക് വേണ്ടത്ര അറിവില്ല. സഹായം അർഹമായി ലഭിക്കേണ്ട പലർക്കും ലഭിക്കുന്നില്ല. വില്ലേജ് ഓഫീസു

കളിൽ നിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾക്കുള്ള ബുദ്ധിമുട്ട്. പട്ടികജാതി വികസന ഓഫീസുകളിൽ ഉണ്ടാകുന്ന കാലതാമസം, എന്നീ പ്രശ്നങ്ങൾ കാരണം പലരും ഇത്തരം സഹായങ്ങൾക്ക് അപേക്ഷിക്കാറില്ല. അപേക്ഷയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതായിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രീപ്രൈമറി വിദ്യാഭ്യാസം (നഴ്സറിസ്കൂൾ)

ഏജൻസി:ഗ്രാമപഞ്ചായത്ത്

ലക്ഷ്യം:പട്ടികജാതി വികസന വകുപ്പ് നടത്തുന്ന ബാലവാടികളും നഴ്സറിസ്കൂളുകളും വഴി L.K.G, U.K.G ക്ലാസ്സുകൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രീ: പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനുള്ള പരിപാടി.

ഗുണഭോക്താവ്:പട്ടികജാതിവിദ്യാർത്ഥികൾ

പ്രീപ്രൈമറി വിദ്യാഭ്യാസരംഗത്ത് പട്ടികജാതിക്കാരുടെ കുട്ടികൾ വളരെ കുറച്ച് പേരേ പഠിക്കുന്നുള്ളൂ. പ്രീ-പ്രൈമറി സ്കൂളുകളിൽ വിരലിൽ എണ്ണാവുന്ന കുട്ടികളാണ് പഠിക്കുന്നത്. കരുമം U.P.S ലും, പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിക്കണം. മാത്രമല്ല പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെകുറിച്ച് രക്ഷകർത്താക്കൾക്ക് ബോധവർക്കരണം നടത്തണം.

പട്ടികജാതിയിൽപ്പെട്ട വ്യവസായ സംരഭകർക്ക് ഗ്രാന്റ്

വിഷയം:പട്ടികജാതിയിൽപ്പെട്ടവർ സ്വയം തൊഴിൽ കണ്ടെത്താന് പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നത് പ്രോത്സാഹിപ്പിക്കൽ

ഗുണഭോക്താവ്: പട്ടികജാതിയിൽപ്പെട്ട വ്യവസായസംരഭകർക്കുള്ള വായ്പ ലഭിച്ചവർ

ലഭിക്കുന്ന സഹായം: മൂലധന നിക്ഷേപത്തിന്റെ 1/3പരമാവധി 5000/- ഗ്രന്റ്

ഏജൻസി/ബ്ലോക്ക് പഞ്ചായത്ത്.

പട്ടികജാതി വികസനത്തിനുള്ള പദ്ധതി

വിഷയം: ഗ്രാന്റ്

ലക്ഷ്യം: പട്ടികജാതിക്കാരെ സഹകരണരംഗത്തേക്ക് ആകർഷിച്ച് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തൽ

ഗുണഭോക്താവ് : പട്ടികജാതി സഹകരണ സംഘങ്ങൾ

ലഭിക്കുന്ന സഹായം: ഓഹരി മൂലധനത്തിന് വേണ്ടിയുള്ള ഗ്രാന്റ്

ഏജൻസി: ജില്ലാപഞ്ചായത്ത്

ഇത്തരം പദ്ധതികളുടെ സഹായങ്ങൾ പലപ്പോഴും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ ഒരു ഹരിജൻ സൊസൈറ്റി പ്രവർത്തിക്കുന്നു. വിവിധ മേഖലകളിൽ പട്ടികജാതിക്കാരുടെ സഹകരണസംഘങ്ങൾക്ക് രൂപം നല്കാൻ സാധ്യതകൾ ഉണ്ട്.

സംയോജിത ഗ്രാമവികസന പരിപാടി (ഐ. ആർ. ഡി. പി)

ഏജൻസി/തലം; തെരഞ്ഞെടുപ്പ്-ഗ്രാമസഭ/ഗ്രാമപഞ്ചായത്ത്

നിർവഹണം - ബ്ലോക്ക് പഞ്ചായത്ത്.

ലക്ഷ്യം: ദാരിദ്ര രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായിക്കുക

ഗുണഭോക്താവ്:11,000 രൂപ വരെ വരുമാനമുള്ള കുടുംബങ്ങളാണ് ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഗ്രാമവികസനവകുപ്പിന്റെ കുടുംബസർവേകളിലൂടെയാണ് ഇത്തരം ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. എന്നാൽ 8500 രൂപയ്ക്ക് താഴെ വരുമാനമുള്ള കുടുംബങ്ങളെ ഈ പദ്ധതിയിൽ ആദ്യമായി തെരഞ്ഞടുക്കുന്നു.

പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് മുൻഗണന നൽകുന്ന പദ്ധതിയാണ്.

മറ്റുവിവരങ്ങൾ:ഇത് ബാങ്കുമായി ബന്ധപ്പെട്ട വികസനപദ്ധതിയാണ്.

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക മുൻഗണന നൽകുന്ന ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ ചിലർ മാത്രമാണ് ഈ സഹായം ഉപയോഗിച്ചിട്ടുള്ളത്. ബാങ്കുകളുടെ സമീപനത്തിൽ മാറ്റം വരണം. ചെറിയ തോതിലുള്ള കച്ചവടം, മറ്റു തൊഴിലുകൾ എന്നിവയുടെ മൂലധനചെലവ് വളരെ കൂടുതൽ ആണ്.

അതിനാൽ പലരും ലഭിക്കുന്ന തുക ഈ ആവശ്യത്തിലേയ്ക്ക് ഉപയോഗിക്കുന്നില്ല.

ബാങ്കുകളുടെ നിബന്ധനകൾ ലഘൂകരിക്കണം. ലഭിക്കുന്ന തുക പറഞ്ഞിട്ടുള്ള ആവശ്യത്തിനാണോ ഉപയോഗിക്കുന്നത് എന്ന് പരിശോധിക്കണം. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾസംഘടിപ്പിക്കുക.,ഐ.ആർ.ഡി.പി. ഉൽപ്പന്നങ്ങൾക്ക് പ്രാദേശികമായി വിപണന സാധ്യത ഉണ്ടാക്കുക.

പട്ടികജാതി/പട്ടികവർഗ്ഗ

IRDP ഗുണഭോക്താക്കളുടെ വാർഡു തിരിച്ചുള്ള എണ്ണം.

	1	2	3	4	5	6	7	8	9	10	11	12	13	14	15	ആകെ
92-93	3	2	3	2	1	1	1	2	2	1		1	1	1	1	23
93-94	3	2	2	2	1	1	2	1	2	4	1	1	1	1	3	27
94-95	3	3	3	2	3	2	1	1	1	1	1	1	2	1	1	26
95-96	3	1	1	7	1	1	4	1	1	2	1	1	2	2	1	29

പ്രശ്നങ്ങൾ

1 നിരക്ഷരത നിലനിൽക്കുന്നു.

2 നിരവധികുടുംബങ്ങൾക്ക് സ്വന്തമായി വീടുകളും ഭൂമിയുമില്ല

3 വീടുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തരവുണ്ട്. (കക്കൂസ്, കുളിമുറി, വൈദ്യുതി, കുടിവെള്ളം)

4 സാംസ്കാരിക വളർച്ചയ്ക്ക് ആവശ്യമായ വേദികളില്ല.

5 വിദ്യാഭ്യാസ പിന്നോക്കാവസ്ഥ

6 സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ചുള്ള അറിവ് ഇല്ലായ്മ

7 ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം

8 സ്വയം തൊഴിൽ കണ്ടെത്തുവാൻ നൽകുന്ന വായ്പകൾക്ക് ബാങ്കുകളുടെ നിബന്ധനങ്ങൾ തടസ്സമാകുന്നു.

9 ബഹുജനസംഘടനകളുടെ നേതൃനിരയിൽ പങ്കാളിത്തം കുറവാണ്.

10 പട്ടികജാതിക്കാർ തിങ്ങി പാർക്കുന്ന പ്രദേശങ്ങൾ ഇപ്പോഴും കോളനികളായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. അത്തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

11 സ്ത്രീകൾക്കും, കുട്ടികൾക്കും ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹാരം കാണാനുള്ള സംവിധാനമില്ല.

നിർദ്ദേശങ്ങൾ

1 സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കണം

2 സ്വന്തമായി വീടുകളില്ലാത്തവരുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കണം

3 കോളനികളിൽ ടി. വി. സെന്ററുകൾ കൊണ്ടുവരണം. കോളനി നിവാസികൾക്ക് വേണ്ടിയുള്ള കലാ, സംസ്കാരിക മത്സരങ്ങൾ സംഘടിപ്പിക്കണം. പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുക.

4 നഴ്സറി വിദ്യാഭ്യാസം കാര്യക്ഷമമായി നടത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുക. രക്ഷാകർത്താക്കളെ ബോധവൽക്കരിക്കുക.

5 പട്ടികജാതി വികസനം വകുപ്പിൽ നിന്നും, മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന സഹായങ്ങളെകുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനുവേണ്ടി ശിൽപ്പശാലകൾ സംഘടിപ്പിക്കുക.

6 ആനുകൂല്യങ്ങൾക്ക് ഉണ്ടാകുന്ന അനാവശ്യമായ കാലതാമസങ്ങൾക്ക് തടയിടുക.

7 സ്വയം തൊഴിൽ സംരംഭകർക്ക് വേണ്ടി നടത്തുന്ന പരിശീലന ക്ലാസ്സുകൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.

8 ബഹുജന സംഘടനകളിൽ പ്രവർത്തിക്കുന്ന ഈ വിഭാഗത്തിലെ ആളുകളുടെ പട്ടിക തയ്യാറാക്കുക. നേതൃത്വനിരയിൽ ഉയർത്തികൊണ്ടുവരുന്നതിന് ബഹുജന സംഘടനകളേ പ്രേരിപ്പിക്കുക.

9 പുതിയതായി പ്രഖ്യാപിക്കേണ്ട കോളനികൾ കണ്ടെത്തുക. ധൃതഗതിയിലുള്ള വികസന പ്രവർത്തനങ്ങളിൽ ഈ വിഭാഗത്തിന്റെ പങ്കാളിത്വം ഉറപ്പ് വരുത്തുക.

10 കോളനികളിലെ അനധികൃതകൈയേറ്റം അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുക.

11 കോളനിപ്രദേശങ്ങളിലും, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

12 നിലവിലുള്ള ഹരിജന സഹകരണസംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക

13 പുതിയ സഹകരണ സംഘങ്ങൾക്ക് രൂപം കൊടുക്കുക. വ്യാവസായ സഹകരണ സംഘം ആരംഭിക്കുക.

വിഭവ സമാഹരണം

വികസനത്തിന്റെ മുൻ ഉപാധിയാണല്ലോ വിഭവം. വിഭവം കൂടാതെ വികസനം സാധ്യമല്ല. ഒരു പ്രദേശത്തിന്റെ വികസനത്തിന്, അഥവാ അവിടെ നിവസിക്കുന്നവരുടെ ജീവിത നിലവാരത്തിന്റെ നീതിപൂർവ്വകവും, സ്ഥായിയുമായ ഉന്നമനത്തിന് വേണ്ടുന്ന വിഭവം സമാഹരിക്കേണ്ടത് ഇപ്പോൾ ഗ്രാമപഞ്ചായത്തിന്റെ ചുമതലയായി തീർന്നിരിക്കുന്നു.

മനുഷ്യന്റെ കായികവും, ബൗദ്ധികവുമായ വിഭവമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ചുറ്റുപാടുകളിൽ നിന്നും, അതായത് പ്രകൃതിയിൽ നിന്ന് ജീവനോപാധികളെ ഉരുത്തിരിക്കുന്നത് മാനവ വൈഭവമാണ്. പഴുത്ത് നിലം പതിക്കുന്ന ഒരു മാമ്പഴത്തെ എടുത്ത് ഭക്ഷിക്കുവാൻ വിശേഷപ്പെട്ട മാനവ വൈഭവത്തിന്റെ ആവശ്യമില്ലെങ്കിലും, രോഗപ്രതിരോധശേഷിയും, അത്യുൽപ്പാദന ക്ഷമതയും ഉള്ള വിത്തിനം രൂപപ്പെടുത്തി, മുളപ്പിച്ച്, ആയിരക്കണക്കിന് മൈലുകൾ അകലെ പെയ്തുവീഴുന്ന മഴവെള്ളത്തെ സംഭരിച്ച് കനാലുകൾ വഴി നിമ്നോന്നതങ്ങളിലൂടെ ഒഴുക്കിക്കൊണ്ടുവന്ന്, നനച്ച് വളർത്തി വിളവെടുത്ത് ഭക്ഷിക്കുവാൻ അതി വിശിഷ്ടമായ മാനവ വൈഭവം അത്യന്താപേക്ഷിതമാണ്. മാനവ വിഭവത്തെ വർദ്ധിച്ച അളവിൽ ഉപയോഗപ്പെടുത്തുക വഴി മാത്രമേ മാനവ ജീവിതം വികസിതമാവുകയുള്ളൂ. മാനവ ശേഷിയുടെ പ്രയോജന പ്രദമായ ഉപയോഗിക്കലിന് ചില അടിസ്ഥാന ഘടകങ്ങൾ ആവശ്യമാണ്. അതിൽ ഏറ്റവും പ്രധാനം-അത് ഉപയോഗിച്ച് ജീവനോപാധികളെ സൃഷ്ടിക്കുവാനുള്ള അവസരം ലഭ്യമാക്കുകയാണ്. കളിമണ്ണ് പരുവപ്പെടുത്തി കലം മെനയുന്ന കുലാലന് കലം ഭക്ഷിച്ച് വിശപ്പടക്കാൻ കഴിയില്ലല്ലോ. അതുപോലെ പാടം പൂട്ടി, വിതച്ച്. കൊയ്ത് മെതിക്കുന്ന കർഷകന് നെല്ല് ഭക്ഷിച്ച് വിശപ്പടക്കാനും ആവുകയില്ല; അഥവാ നെല്ലു ഭക്ഷിച്ച് മാത്രം ജീവിക്കാൻ കഴിയുകയില്ല.

മനുഷ്യൻ തന്റെ ശേഷിയെ പ്രകൃതിയിൽ പ്രയോഗിച്ച് ഉണ്ടാക്കിയെടുക്കുന്ന വസ്തുക്കളെ സംഭരിച്ച്. പ്രയോജനപ്രദമാം വണ്ണം വിതരണം ചെയ്യുവാനുള്ള സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്തുകൾ പോലുള്ളവ. സംഭരണ വിതരണങ്ങളിലുണ്ടാകുന്ന കെടുകാര്യസ്ഥതയോ, സ്വാർത്ഥപരതയോ ആണ് മാനവ ജീവിത നിലവാരത്തിൽ കാണപ്പെടുന്ന അജഗജാന്തരത്തിനു നിദാനം. ഒരേ അളവിൽ അദ്ധ്വാനിക്കുന്ന രണ്ടു പേരിൽ ഒരുവൻ ഉയർന്ന ജീവിത സാഹചര്യങ്ങൾ ഭുജിക്കുകയും, അപരൻ അർധപട്ടിണിയിൽ മുഴുവുകയും ചെയ്യുന്ന സാഹചര്യം അഭിലക്ഷണീയമല്ല. ഈ അവസ്ഥ മാനവന്റെ അദ്ധ്വാന തത്പരതയെ തളർത്തുന്നു: തളയ്ക്കുന്നു. അദ്ധ്വാന തത്പരരല്ലാത്ത മനുഷ്യർ മാനവ സമൂഹത്തിന് ശാപമാണ്. അത്തരക്കാരുടെ സംഖ്യ നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചു വരുന്നു എന്നത് ഉത്കണ്ഠാജനകമാണ്.

വിഭവങ്ങളുടെ നീതിപൂർവ്വകമായ സംഭരണ വിതരണങ്ങൾ ഉറപ്പാക്കുന്നതിലൂടെ മാത്രമേ, മനുഷ്യനെ തളർച്ച മാറ്റി ഊർജ്ജസ്വലനും, സമൂഹത്തിന് ഉപകാരിയും ആക്കി മാറ്റുവാൻ സാധിക്കുകയുള്ളൂ. ഈ വഴിക്കുള്ള ഒരു കാൽ വയ്പ്പാണ് ജനകീയാസൂത്രണ പദ്ധതിയിലൂടെ അതിന്റെ വിധാതാക്കൾ ലക്ഷ്യം വച്ചിരിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ പതിനഞ്ച് വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ, വികസന പ്രവർത്തനങ്ങൾക്ക് മാനവ ശേഷി സംഭാവന ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത് ശുഭോദർക്കമായ കാര്യമാണ്. ഈ സന്നദ്ധതയെ സമാഹരിച്ച് നാടിന്റെ വികസനത്തിന് ഉതകുന്ന വിധം ഉപയോഗിക്കുവാൻ പര്യാപ്തമായ കർമ്മപദ്ധതികൾ ആവിഷ്കരിക്കുവാൻ ബാദ്ധ്യതപ്പെട്ടവരാണ് പഞ്ചായത്ത് അധികാരികൾ.

മേൽപ്പറഞ്ഞ അപരിമേയവും, അപ്രതിരോധ്യവുമായ വിഭവത്തിന് പുറമേ നമ്മുടെ പഞ്ചായത്തിനെ ചുറ്റി ഒഴുകുന്ന കരമനയാറ്, അളവറ്റ നീർ സമ്പത്തുമായി ഹെക്ടറുകളിൽ വിരാജിക്കുന്ന വെള്ളായണികായൽ, മേൽത്തരം മണ്ണിനെ വഹിക്കുന്ന മാങ്കിളി-പുഞ്ചക്കരികൾ, ദാഹശമനികളായ മഠത്തിൽ - പള്ളി - നന്തൻകോട് തെന്നുവിളാകം - കോണത്ത് - ശിവക്ഷേത്ര - N.S.S. കോളേജ് - കുളക്കുടിയൂർ കോണംമഠത്തിൽ കുളങ്ങൾ, കോലിയക്കോട് പാപ്പനംകോട് ഏലാകൾ തെങ്ങ്, പ്ലാവ്, കപ്പ, കുരുമുളക് തുടങ്ങിയവയെ പരിപാലിക്കുവാൻ സജ്ജമായ സഹ്യന്റെ ചരുവിലെ മണ്ണ് ഇവയൊക്കെ നേമം പഞ്ചായത്തിന്റെ വിഭവങ്ങളാണ്.

കൂടാതെ വിവിധ നികുതികളായി നേമം ഗ്രാമപഞ്ചായത്തിന് പ്രതിവർഷം 70 ലക്ഷത്തോളം രൂപ വരുമാനമുണ്ടാക്കാവുന്നതാണ്. സർക്കാർ ഗ്രാന്റുകൾ വേറെയും. (വരവ് ചെലവ് പട്ടിക കാണുക) ഈ വിധം വിപുലമായി വിഭവങ്ങളെ സമാഹരിച്ച് ആസൂത്രിതമായി വിനിയോഗിക്കാവുന്നതാണ്.

കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദനികുതി, ലൈസൻസ് ഫീസ് എന്നിങ്ങനെ വിവിധ ഇനങ്ങളിൽ ആയി ദശലക്ഷക്കണക്കിന് രൂപ സ്വരൂപിക്കുവാൻ സാധ്യതയുള്ള പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിന്ഇത് പൂർണ്ണമായും പിരിച്ചെടുക്കുവാൻ കഴിയുന്നില്ല

പ്രശ്നങ്ങൾ

1 മാനവശേഷി വേണ്ടും വിധം വിനിയോഗിക്കപ്പെടുന്നില്ല

2 പഞ്ചായത്തിനുള്ളിലുള്ള ധനകാര്യസ്ഥാപനങ്ങൾ പ്രദേശത്തിന്റെ വികസനത്തിനായി ധനം വിനിയോഗിക്കുന്നില്ല.

3 നികുതികൾ, ലൈസൻസു ഫീസുകൾ എന്നിവ പിരിച്ചെടുക്കുന്ന കാര്യത്തിൽ പഞ്ചായത്തിന് വീഴ്ച വന്നിട്ടുണ്ട്.

4 പഞ്ചായത്തിന്റെ തനത് സ്വത്തുകളായ പുറമ്പോക്കുകൾ കുളങ്ങൾഎ ന്നി വ അന്യാധീനപ്പെട്ടുപോകുന്നു

സാദ്ധ്യതകൾ

1 നികുതികൾ, ലൈസൻസ് ഫീസുകൾ എന്നിവയുടെ പിരിവ് സത്വരവും, സമ്പൂർണ്ണവുമാക്കുക

2 സന്നദ്ധരായ ജനങ്ങളുടെ അദ്ധ്വാനം കൂടി ഉപയോഗപ്പെടുത്തുമാറ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

3 ധനശേഷിയുള്ളവരിൽ നിന്നും, സംഭാവനകൾ സ്വരൂപിക്കുക.

4 ഇവിടെ നിന്നും സമാഹരിക്കുന്ന നിക്ഷേപത്തിന്റെ ഒരു നിശ്ചിത ശതമാനം ഇവിടത്തെ വികസന പ്രവർത്തനത്തിന് വിനിയോഗിക്കുവാൻ ധനകാര്യ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുക.

5 പുറമ്പോക്കുകൾ സമയബന്ധിതമായി പഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടുവരിക.

6 പര്യാപ്തമായ അളവിൽ ജീവനക്കാരെ പഞ്ചായത്തിൽ നിയമിക്കുക.

7 സങ്കീർണ്ണമായ സാങ്കേതിക വിദ്യ ആവശ്യമില്ലാത്ത നിർമ്മാണപ്രവർത്തനങ്ങൾ, കരാറുകാരെ ഏല്പിക്കാതെ, ജനകീയ സമിതികൾ മുഖേന സന്നദ്ധമാനവശേഷികൂടി പ്രയോജനപ്പെടുത്തി നടപ്പിലാക്കുക.

8 അറവുശാലനിർമ്മിച്ച്, ലൈസൻസ്ഫീസ് ഏർപ്പെടുത്തി, വരുമാനം ഉണ്ടാക്കുക.

9 പഞ്ചായത്ത് കാല്യാണമണ്ഡപത്തിൽ കൂടുതൽ സൗകര്യങ്ങൾ ചെയ്ത് വാടക വർദ്ധിപ്പിക്കുക.

വരവു ചെലവുകൾ 1995-96

വരവുകൾ	രൂപ	പൈസ	ചെലവുകൾ	രൂപ	പൈസ
1994 - 1995 നീക്കിയിരിപ്പ്	913477	68	ഭരണം	863225	75
കെട്ടിട നികുതി	604363	75	പൊതുമരാമത്ത്	1302314	00
തൊഴിൽ നികുതി	574228	00	വിദ്യാഭ്യാസം	7064	00
വിനോദ നികുതി	52822	00	ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	116880	75
പ്രദർശനനികുതി	8062	50	തെരുവുവിളക്കുകൾ കത്തിക്കുന്നത്	306057	00
പന്തവരവ്	1300	00	മറ്റുള്ളവ	434040	88
ലൈസൻസ് ഫീസ്	4880	50	നീക്കിയിരിപ്പ്	748529	75
വസ്തുകൈമാറ്റനികുതി	574267	00			
ഗ്രാന്റുകൾ, മറ്റുവരവുകൾ	304547	85			
ഡെപ്പോസിറ്റ്	48625	00			
മറ്റുള്ളവ	691537	85			
ആകെ	3778112	13	ആകെ	3778112	13

95-96 പിരിച്ചെടുത്ത ലൈസൻസ് ഫീസ്

വ്യവസായം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ ഫീസ്
7	7	83	19	4880-50

നികുതി കുടിശ്ശിക 1995-96

നികുതി ഇനം	പിരിച്ചെടുക്കേണ്ടത്	പിരിച്ചടുത്തത്	ബാക്കി
കെട്ടിട നികുതി	1463666 - 00	604363 - 00	859303 - 00
തൊഴിൽ നികുതി	3295015 - 00	574228 - 00	2720787 - 00
ആകെ	4758681 - 00	1178591- 00	3580090 - 00